സമകാലിക മലയാള ചെറുകഥ

ആദാൻ പ്രദാൻ

സമകാലിക മലയാള ചെറുകഥ

സമാഹരണവും പഠനവും

വി.സി. ഹാരിസ്

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-2481-0

1998 *(ശക 1920)*

ഈ സമാഹാരം © വി.സി. ഹാരിസ്, 1998

കഥകളുടെ പകർപ്പവകാശം അതാത് കഥാകൃത്തുക്കൾക്ക്

Samakalika Malayala Cherukatha *(Malayalam)*

രൂ. 55.00

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

എ-5, ഗ്രീൻപാർക്ക്, ന്യൂ ഡൽഹി-110 016

ഉള്ളടക്കം

	ഡോ. വി.സി. ഹാരിസ്	*അറിവധികാരത്തിന്റെ പാഠങ്ങൾ*	vii
1	ടി. പത്മനാഭൻ	ശവദാഹം	1
2	ഒ.വി. വിജയൻ	ചെങ്ങന്നൂർ വണ്ടി	11
3	മാധവിക്കുട്ടി	നപുംസകം	20
4	വി.കെ. എൻ	അക്ഷരം	26
5	എം.ടി.വാസുദേവൻ നായർ	കഡുഗണ്ണാവ: ഒരു യാത്രക്കുറിപ്പ്	29
6	ആനന്ദ്	ത്രിശങ്കു	50
7	പുനത്തിൽ കുഞ്ഞബ്ദുള്ള	ഒരു വയറ്റാട്ടിയുടെ ജീവ ചരിത്ര പ്രശ്നങ്ങൾ	60
8	എം. മുകുന്ദൻ	ദൽഹി 1981	69
9	സേതു	ദൂത്	75
10	സക്കറിയ	ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും	84
11	വി.പി.ശിവകുമാർ	ഭാരതമാതാവ്	97
12	എൻ എസ്.മാധവൻ	വിലാപങ്ങൾ	103
13	സാറാ ജോസഫ്	മുടിത്തെയ്യമുറയുന്നു	112
14	മേതിൽ രാധാകൃഷ്ണൻ	തൂങ്ങിക്കിടക്കുന്ന റിസീവർ	118
15	എൻ. പ്രഭാകരൻ	നാട്ടുവിദ്യ	127
16	അയ്മനം ജോൺ	ഈസ്റ്റിന്ത്യാ കമ്പനിയുടെ കട ബാദ്ധ്യതകൾ	130
17	ചന്ദ്രമതി	ജ്യോതി വിശ്വനാഥിന്റെ (പോസ്റ്റ് മോഡേൺ) കഥ	138
18	ടി.വി. കൊച്ചുബാവ	അന്നയും ഭർത്താവും	146
19	ഗ്രേസി	ഗൗളിജന്മം	156
20	പി. സുരേന്ദ്രൻ	ലോഹച്ചിറകുള്ള ശലഭം	161
21	ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്	പരിണാമ ദശയിലെ ഒരേട്	169
	കഥാകൃത്തുക്കളെപ്പറ്റി		177

ഡോ. വി.സി. ഹാരിസ്

അറിവധികാരത്തിന്റെ പാഠങ്ങൾ

ഇക്കഴിഞ്ഞ രണ്ടു ദശകങ്ങളിൽ മലയാളത്തിൽ എഴുതപ്പെട്ട ഇരുപത്തിയൊന്നു കഥകൾ. ടി. പത്മനാഭൻ തൊട്ട് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് വരെയുള്ള മുതിർന്ന തലമുറയിലെയും ഇളം തലമുറയിലെയും എഴുത്തുകാർ രചിച്ച ഈ കഥകളിലൂടെ സമകാലീന മലയാള കഥാ സാഹിത്യത്തിന്റെ ആഴവും പരപ്പും നമുക്ക് കണ്ടെത്താം.

ആധുനികപൂർവം, ആധുനികം, ആധുനികോത്തരം തുടങ്ങിയ സംജ്ഞകളിലൂടെ വ്യവഹരിക്കപ്പെടുന്ന വ്യത്യസ്ത ഭാവതലങ്ങൾ, ശൈലീവിശേഷങ്ങൾ, ചരിത്ര സന്ധികൾ എന്നിവ ഈ എഴുത്തുകാരിൽ സമ്മേളിക്കുന്നത് നാം കാണുന്നു. അതുകൊണ്ടുതന്നെ ഈ കഥകളെ മുൻനിർത്തിക്കൊണ്ട് വൈവിധ്യമാർന്ന അനേകം വിഷയങ്ങളെക്കുറിച്ച് നമുക്ക് സംസാരിക്കാൻ കഴിയും. എന്നാൽ, ഈ ആമുഖക്കുറിപ്പിൽ, ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ള കഥകൾ തിരഞ്ഞെടുത്തതിന്റെ പിന്നിലെ പ്രധാന മാനദണ്ഡമായി വർത്തിച്ച ഒരു ആശയമണ്ഡലത്തെപ്പറ്റി, അഥവാ പ്രശ്നപരിസരത്തെപ്പറ്റി, മാത്രമേ വിശകലനം ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ- മറ്റു വിഷയങ്ങളും സമസ്യകളും വായനക്കാർ യഥേഷ്ടം ചർച്ച ചെയ്തുകൊള്ളുമെന്ന വിശ്വാസത്തോടെ.

ഈ സമാഹാരത്തിലെ ഏറ്റവും 'ചെറിയ' കഥയായ എൻ. പ്രഭാകരന്റെ 'നാട്ടുവിദ്യ'(1991) മേൽപ്പറഞ്ഞ ആശയ മണ്ഡലത്തിലേക്ക് ഒരു വഴി തുറന്നിടുന്നു. കുനിയൻകുന്ന് കാവിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചു പഠിക്കാൻ കാനഡയിൽ നിന്നെത്തുന്ന രണ്ടു സായിപ്പന്മാരെ സ്ഥാനിജനങ്ങളിൽ മുമ്പന്മാരായ അമ്പുത്തണ്ടയാനും അപ്പത്തണ്ടയാനും ചേർന്ന് 'ചൂഷണം' ചെയ്യുന്ന കഥയാണ് 'നാട്ടുവിദ്യ'യിലൂടെ ചുരുളഴിയുന്നത്. ആഗോളവത്ക്കരണം പ്രതിനിധാനം ചെയ്യുന്ന അധികാര രാഷ്ട്രീയത്തിന്റെ മറവിൽ നാട്ടറിവുകൾ കൊള്ളയടിക്കപ്പെടുന്ന സമകാലീനാവസ്ഥയെ വിദഗ്ധമായി തലതിരിച്ചിടുന്ന ഈ കഥയിൽ ഇംഗ്ലീഷ് സംസാരിക്കുന്ന അമ്പുത്തണ്ടയാൻ പറയുന്നു :'ഡീവാലേഷൻ

വെരി ഹെൽപ്പ്ഫുൾ. എക്സ്ചേഞ്ച് വാല്യു ഇൻക്രീസ്ഡ്. വി ഗെറ്റ് മോർ മണി.' ഇതു പറയുന്ന അമ്പുത്തണ്ടയാനും അപ്പത്തണ്ടയാനും വിദേശ മദ്യത്തിന്റെ ലഹരിയിൽ വീണുപോകുന്നുണ്ടെന്ന കാര്യം കഥയുടെ വ്യവഹാര മണ്ഡലം തീർത്തും ഏകശിലാത്മകമായ (Monolithic) ഒന്നല്ലെന്നും, മറിച്ച് നിരവധി അന്തർഭിന്നതകളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഒന്നാണെന്നും സൂചിപ്പിക്കുന്നു. എന്നാൽ, അമ്പുത്തണ്ടയാനെപ്പോലൊരു കഥാപാത്രത്തെക്കൊണ്ട് ഇതു പറയിക്കാൻ കഴിയുന്നുവെന്നത് ഇന്നത്തെ മലയാള കഥയുടെ കരുത്തിനെയാണ് സൂചിപ്പിക്കുന്നത്. ഈ കരുത്ത് കഥയ്ക്ക് ലഭിക്കുന്നത് അറിവും അധികാരവും തമ്മിലുള്ള ബന്ധത്തിന്റെ പതിവ് രീതികളെക്കുറിച്ചും അവയുടെ വിവക്ഷകളെക്കുറിച്ചുമുള്ള സാംസ്കാരികമായ തിരിച്ചറിവിലൂടെയാണുതാനും. മുകളിൽ നിന്നു താഴോട്ടൊഴുകുന്ന ഒരു 'ടോപ്പ്-ഡൗൺ' മോഡലിൽ നിന്നു വ്യത്യസ്തമായി, അറിവിന്റെ പ്രാദേശിക മാതൃകകളുടെ രൂപീകരണവും വ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ട് സുസാധ്യമായിത്തീരുന്ന ഒരു പ്രക്രിയയായി അധികാരം മാറുന്നത് നാം ഇവിടെ കാണുന്നു ഇവിടെ ഒരു പാരഡിസ്റ്റിന്റെ – അല്ലെങ്കിൽ ഒരുത്തരാധുനികന്റെ – ചിരിയുണ്ട്, തീർച്ച; അതുകൊണ്ടുതന്നെ നേരിട്ടുള്ള യാഥാർത്ഥ്യ പ്രതിഫലനം എന്ന നിലയ്ക്കല്ല, മറിച്ച് നിലവിലുള്ള അറിവധികാര വ്യവസ്ഥകളിൽ നിന്നുള്ള പരിവർത്തന സാദ്ധ്യതകളിലേക്ക് പ്രത്യയശാസ്ത്ര ബന്ധിതമല്ലാത്ത ഒരെത്തിനോട്ടം എന്ന നിലയ്ക്ക് ഈ കഥയെ സ്വീകരിക്കാമെന്നു തോന്നുന്നു. അതായത്, അമ്പുത്തണ്ടയാനെപ്പോലുള്ളവർ ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുണ്ടോയെന്നത് ഒരു പ്രശ്നമേയല്ല എന്നർത്ഥം. അമ്പുത്തണ്ടയാന് പാത്രാവിഷ്കാരത്തിലൂടെ ആഖ്യാന സാധ്യത നൽകുവാൻ കെൽപ്പുള്ള വ്യവഹാര മണ്ഡലം ഇവിടെ നിലനിൽപുണ്ടെന്നതാണ് പ്രധാനവും പ്രസക്തവുമായ കാര്യം.

ഈ സാധ്യതയുടെ മറ്റൊരറ്റത്ത് നമുക്ക് ലഭിക്കുന്ന കഥയാണ് വി.കെ.എൻ. എഴുതിയ 'അക്ഷരം' (1983). അറിവധികാരത്തിന്റെ പ്രാദേശികവും ദേശീയവുമായ തലങ്ങളെ ഒരു പ്രത്യേകതരം ആഖ്യാന മാതൃകയിലൂടെ കോർത്തിണക്കുന്ന 'അക്ഷരം' മറ്റു വി.കെ.എൻ. രചനകളെപ്പോലെതന്നെ, പരാവർത്തനക്ഷമമല്ല എന്ന വസ്തുത സവിശേഷ ശ്രദ്ധയർഹിക്കുന്നു. ദിവസത്തെ കല്പനകൾ ചാക്കിലാക്കി തലയിലേറ്റി പാടലീപുത്രത്തിലേക്കു തിരിക്കുന്ന ചാണക്യൻ, പെട്ടെന്നൊരു നാൾ ചരിത്രത്തിൽ നിന്നു കളവു പോകുന്ന ചക്രവർത്തിനി തിരുമനസ്സ്, അക്ഷരത്തിന്റെ പേരിൽ കേന്ദ്രന്റെ വീരശൃംഖല പിടിച്ചു പറിക്കുന്ന വിദ്വാൻ, ടിയാന് ഫിറ്റാകുന്ന സ്വീകരണത്തിൽ 'ഒരു പത്രം മംഗളം' വായിക്കുന്ന ദേശത്തെ ഒരു 'പാത്രം കഥ' – ഇവരെയൊക്കെ മുൻനിർത്തിക്കൊണ്ട് 'അധൃഷ്യനായ നേതാവേ, ധീരതയോടെ ഭരിപ്പോവേ, ലോക്കൽ ആന്ത്രോപ്പോവേ, പൂവേ പൊലി പൂവേ' എന്ന മട്ടിൽ ചിഹ്നകങ്ങളിൽ

നിന്നു വിസ്മയ ചിഹ്നകങ്ങളിലേക്ക് ആർത്തുല്ലസിച്ചു ചാടുന്ന ആഖ്യാനം അറിവധികാരത്തിന്റെ അദൃശ്യ സീമകളിലേക്കുള്ള കടന്നു കയറ്റമായി മാറുന്നത് നാം കാണുന്നു. അഭേദ്യമാംവിധം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന അറിവ്, അധികാരം എന്നീ സംഗതികൾ വ്യവഹാരരൂപങ്ങളുടെ പ്രവർത്തനഫലമായി എങ്ങനെ സാധ്യമായിത്തീരുന്നുവെന്ന് അന്വേഷിക്കുന്ന മിഷേൽ ഫൂക്കോയെ നാം ഓർക്കുക. ഒരു വിധത്തിൽ നോക്കിയാൽ, അധികാര പ്രവർത്തനത്തെ സാധ്യമാക്കിത്തീർക്കുകയെന്ന ധർമ്മം നിർവഹിക്കുന്ന അറിവുകളാണ് വ്യവഹാരരൂപങ്ങൾ എന്നുവരെ ഫൂക്കോ പറയും. പ്രാഥമികമായും അധികാര ബന്ധങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഒന്നാണ് വ്യവഹാരമണ്ഡലമെന്നും, അറിവിന്റെ പ്രാഥമികമായ ഇഫക്റ്റ് ഈ ബന്ധങ്ങളെ പ്രയോഗക്ഷമമാക്കുകയെന്നതാണെന്നും ഒരേ സമയം ഫൂക്കോ വാദിക്കുന്നു. അറിവധികാരത്തിന്റെ സങ്കീർണമായ ഈ ഡൈനാമിക്സ് ചാണക്യരൂപ(ക)ത്തിലൂടെ, അക്ഷരത്തിന്റെ പേരിൽ വീരേങ്ങല പിടിച്ചു പറിക്കുന്നവനിലൂടെ, കഥയുടെ വ്യവഹാര സീമകളെ ഭേദിക്കുന്ന ആഖ്യാന–ശൈലീ തന്ത്രങ്ങളിലൂടെ പാഠവത്ക്കരിക്കപ്പെടുകയാണ് 'അക്ഷരം' എന്ന വി.കെ.എൻ. കഥയിൽ.

ഇതിൽ നിന്നു വ്യത്യസ്തമായി, രാഷ്ട്രവ്യവഹാരത്തിന്റെ കൊളോണിയൽ ചരിത്രം ബാല്യത്തിന്റെ സ്മൃതി രേഖകളായി പാഠവത്ക്കരിക്കപ്പെടുന്ന കാഴ്ചയാണ് അയ്മനം ജോണിന്റെ 'ഈസ്റ്റിന്ത്യാ കമ്പനിയുടെ കടബാദ്ധ്യതകൾ' എന്ന കഥയിൽ നാം കാണുന്നത്. ഈ സ്മൃതി രേഖകളിലൂടെ കിനിഞ്ഞിറങ്ങുന്ന അറിവിന്റെ അപകോളനീകരണം കഥയെ കേവല ഗൃഹാതുരത്വത്തിന്റെ ശോകമധുരിമയിൽ നിന്നുയർത്തി നമ്മുടെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിന്റെ അധികമാരും ശ്രദ്ധിച്ചിട്ടില്ലാത്ത ചില സൂക്ഷ്മ ഭാവങ്ങളിലേക്ക് എത്തിക്കുന്നുണ്ട്. ആഖ്യാനത്തിന്റെ സ്മൃതി ചിഹ്നസമ്പന്നതയിൽ വിലയം കൊള്ളുന്ന അറിവധികാരത്തിന്റെ വിവക്ഷകളാണ് ഈ സൂക്ഷ്മ ഭാവതലങ്ങളിൽ തെളിഞ്ഞു വരുന്നത്. 'ആ സ്മൃതിവിസ്മൃതികൾക്കിടയിൽ, ഞങ്ങൾക്കു ശേഷം സ്കൂളിൽ പഠിക്കാനെത്തിയ കുട്ടികളുടെ വിസ്മയം നിറഞ്ഞ കണ്ണുകളിൽ, ചുവരിലെ സായിപ്പിന്റെ ക്ലോക്കിലെ കൂകാനൊരുങ്ങി നിൽക്കുന്ന പൂവൻ കോഴിയായി, അവർക്കു മുന്നിലെ കാലം...' എന്നവസാനിക്കുന്ന അയ്മനം ജോണിന്റെ കഥയിൽ നിന്ന്, 'ഒരു നൂറ്റാണ്ട് പഴക്കമുള്ള തന്റെ കൃഷ്ണമണികളിൽ പതിയുന്ന തിളക്കം കടലാണെന്ന് ഊഹിക്കാതെ തന്നെ പെരുമാളിന് അറിയാമായിരുന്നു' എന്നാരംഭിക്കുന്ന എൻ.എസ്. മാധവന്റെ 'വിലാപങ്ങൾ'(1993) എന്ന കഥയിലേക്ക് കടക്കുമ്പോൾ, ഈ അറിവാണ് പെരുമാളിന്റെ സാമ്രാജ്യത്തിന്റെ അസ്തിവാരവും പിന്നെപ്പിന്നെ പരാജയവുമാകുന്നതെന്ന് തിരിച്ചറിയുമ്പോൾ, അറിവധികാരത്തിന്റെ മറ്റൊരു 'അലിഗറി' (Allegory) നമുക്ക് മുമ്പിൽ ചുരുളഴിയുന്നു.

കൊളോണിയലിസം, ലൈംഗികത, ഭ്രാന്ത്, ഫാഷിസം കടന്നുവരുന്ന വഴിയും ഈ വഴിയുടെ പരിധികളും, 'പുരോഗമന'ത്തിന്റെ ചിഹ്നങ്ങളും ചിഹ്നങ്ങളുടെ അപോദ്ഗ്രഥനവും – 'അയ്യോ, ജനപൂർണ്ണയായിരുന്ന നഗരം ഏകാന്തയായിരിക്കുന്നതെങ്ങനെ?... സംസ്ഥാനങ്ങളുടെ നായകിയായിരുന്നവൾ ഊഴിയ വേലക്കാരത്തിയായതെങ്ങിനെ?' എന്ന ബിബ്ളിക്കൽ ചോദ്യങ്ങളുടെ ചിറകിലേറിയെത്തുന്ന വിലാപ പാഠത്തിനകത്ത് ഈദൃശസമസ്യകളെല്ലാം ആഖ്യാനക്ഷമങ്ങളായിത്തീരുന്നു വിലാപങ്ങളുടെ ആധുനികോത്തര ഭാവ വൈചിത്ര്യങ്ങളും വൈകാരികാവസ്ഥകളുടെ വിസ്മയ നൈർമല്യങ്ങളും തൊട്ടുതെറിച്ചിട്ടില്ലാത്ത അറിവിന്റെ ഗുണകോഷ്ഠവും അധികാരത്തിന്റെ താളക്രമവും പാഠവത്കൃതമാകുന്ന മറ്റൊരു അലിഗറിയാണ് ഒ വി വിജയന്റെ 'ചെങ്ങന്നൂർ വണ്ടി' (1988). എന്നാൽ, ദയാരഹിതമായ സമയക്രമണിക എറിഞ്ഞുടയ്ക്കുന്ന മരയാശാരിയിലൂടെ 'അലസവും പ്രസാദമധുരവുമായ' മുക്തിയിലേക്ക് നീങ്ങുന്ന ഈ കഥ അറിവധികാരത്തിന്റെ പ്രത്യയ ശാസ്ത്രധാരകളെ വിജയന്റെ സമീപകാലകൃതികളിൽ പലപ്പോഴും പ്രവർത്തനക്ഷമമാകുന്ന ഒരു പ്രത്യേകതരം ആത്മീയ പ്രത്യയശാസ്ത്രത്തിലേക്ക് ആദേശം ചെയ്യുന്ന കാഴ്ചയാണ് നാമിവിടെ കാണുന്നത്.

'ആത്മീയത'യുടെ ചില സൂക്ഷ്മതലങ്ങൾ അനാവരണം ചെയ്യാൻ ശ്രമിക്കുന്ന കഥകളാണ് ടി. പത്മനാഭന്റെ 'ശവദാഹം' (1993), എം ടി വാസുദേവൻ നായരുടെ 'കഡുഗണ്ണാവ ഒരു യാത്രക്കുറിപ്പ്' (1995), സേതുവിന്റെ 'ദൂത്' (1986) എന്നിവ. ദൂത കർമ്മത്തിന്റെ ആത്മീയാധികാര വിവക്ഷകൾ ധ്വനിപ്പിക്കുന്ന സേതുവിന്റെ കഥയിൽ സംവാദത്തിന്റെ അധികാര തലങ്ങൾ അറിവിന്റെ (അതായത് വിശ്വാസത്തിന്റെയും അനുഷ്ഠാനത്തിന്റെയും അയാഥാർത്ഥ്യത്തിന്റെയും) വ്യത്യസ്ത തലങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നത് നമുക്ക് കാണാം. 'ഈ പ്രായത്തില് യാത്ര പോകുന്നവരോട് എങ്ങോട്ടെന്ന് ചോയ്ക്കണത് വെറും ഭോഷ്കല്ലേ ചങ്ങാതീ. ഒരു നീണ്ടയാത്രയാന്നന്നെ നിരീച്ചോളൂ' എന്ന് കഥാന്ത്യത്തിൽ. ഇതുപോലൊരു യാത്രയാണ് പത്മനാഭന്റെ 'ശവദാഹ'ത്തിലും. പക്ഷേ, ഇവിടെ, യാത്രക്കാരന് തന്റെ യാത്രയെപ്പറ്റി എന്തെങ്കിലും അറിയാൻ കഴിയുന്നത് കഥയുടെ അവസാന വരികളിൽ മാത്രമാണ്. ഇടയ്ക്ക് അയാളെ ശ്മശാനത്തിലെത്തിക്കുന്ന ഓട്ടോറിക്ഷാ ഡ്രൈവറുമായും നേരത്തേ തന്റെ ഭാര്യയുമായുള്ള അയാളുടെ സംഭാഷണങ്ങളിൽ ഈ അറിവിന്റെ തീക്ഷ്ണമായ അസാന്നിദ്ധ്യം പ്രകടമാകുന്നുണ്ട്. എം.ടി.യുടെ കഥയിലാവട്ടെ മറ്റൊരുതരം യാത്ര, മറ്റൊരുതരം അന്വേഷണം ഒരു വശത്ത് ശ്രീലങ്കയുടെ ചരിത്രവും ഈ ചരിത്രത്തിലുടനീളം ശ്രദ്ധേയമാവുന്ന അറിവധികാരത്തിന്റെ രാഷ്ട്രീയവും. മറുവശത്ത്, ഇതിന്റെ പശ്ചാത്തലത്തിൽ, ഒരു കുടുംബചരിത്രത്തിന്റെ കാണാപ്പുറങ്ങൾ വായിച്ചെടുക്കാനുള്ള ശ്രമം. ഒരർത്ഥത്തിൽ, അറിവിന്റെ

'ആത്മീയ' തലങ്ങൾ ചരിത്രത്തെയും അതിലടങ്ങിയിരിക്കുന്ന അധികാര ശ്രേണീ വിശേഷങ്ങളെയും വീണ്ടെടുക്കാൻ ശ്രമിക്കുമ്പോൾ അനിവാര്യമായി വന്നുചേരുന്ന വൈയക്തിക ദുരന്തങ്ങൾക്ക് സാക്ഷിയാവുകയാണ് ഈ കഥ.

മിത്തോളജിയിലും ഭക്തിയിലും അധിഷ്ഠിതമായ ആത്മീയ പ്രത്യയശാസ്ത്രത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുകയാണ് 'ത്രിശങ്കു' (1992) എന്ന കഥയിലൂടെ ആനന്ദ്. ഗോസംരക്ഷണം ആദായകരമായ ഒരു പ്രവൃത്തിയാക്കിമാറ്റുന്ന നമ്മുടെ സമകാലീനരിലൂടെ, വസിഷ്ഠന്റെയും വിശ്വാമിത്രന്റെയും ഒപ്പം സത്യവ്രതന്റെയും കഥ പറയുന്ന 'ത്രിശങ്കു', ആനന്ദിന്റെ മറ്റു പല രചനകളും പോലെ, ജ്ഞാനത്തിന്റെയും അധികാരത്തിന്റെയും സമവാക്യങ്ങൾക്കിടയിൽ വ്യവഹാരക്ഷമമാകുന്ന ആത്മീയ പ്രത്യയ ശാസ്ത്രത്തെ നിശിതമായ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ആനന്ദ് മിത്തോളജിയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ശിഹാബുദ്ദീൻ പൊയ്ത്തും കടവ് മനുഷ്യന്റെ 'പരിണാമ ദശയിലെ ഒരേട്' നിവർത്തിക്കൊണ്ട് അറിയുന്ന ഉത്തരത്തിൽ വിഡ്ഢിയെപ്പോലെ മുഖം താഴ്ത്തുന്നവന്റെ കഥയാണ് പറയുന്നത് (1991). ഉള്ളിലിരിക്കുന്ന മൃഗത്തെ അറിയുന്നവൻ ഒടുവിൽ സർക്കസുകാർ ഒഴിച്ചിട്ട 'മൈതാനിയുടെ നടുവിൽ ഒരു കുറ്റിപോലെ വികാരമറ്റ ഭാഷയായി, ഭാഷയറ്റ വികാരമായി' നിലകൊള്ളുന്നു

ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി, അറിവ് പ്രത്യയശാസ്ത്രവും പ്രത്യയശാസ്ത്രം മിടുക്കരെ പിടിക്കുന്ന പല്ലിയുമാകുന്നു എന്നാണ് സക്കറിയ പറയുക (മാർക്സിസത്തിന്റെ പഴഞ്ചൻ അവതാരത്തിൽ പ്രസ്ഥാനത്തെ നയിക്കുന്ന ആശയ സംഹിത എന്ന മട്ടിൽ വ്യാഖ്യാനം ചെയ്യപ്പെട്ട പദമാണ് 'പ്രത്യയശാസ്ത്രം' ഇവിടെ. ഇന്നത്തെ സൈദ്ധാന്തിക ചർച്ചകളിൽ ഈ പദം ഉപയോഗിക്കപ്പെടുന്നത് വളരെ വ്യത്യസ്തമായ രീതിയിലാണെന്നത് ഓർക്കുക) അറിവിന്റെ അധികാര പ്രത്യയശാസ്ത്രത്തിലേക്കുള്ള ഒരു സക്കറിയൻ കടന്നുകയറ്റമാണ് 'ഒരു നസ്രാണിയുവാവും ഗൗളി ശാസ്ത്രവും'. കഥ മാത്രമല്ല, കഥയുടെ വ്യാഖ്യാനവും കൂടിയാണിത്. എന്നാൽ, അറിവ് പ്രത്യയശാസ്ത്രമെങ്കിൽ പിന്നെ വ്യാഖ്യാനം എന്തെന്ന പ്രശ്നം ഇവിടെ ഉയർന്നുവരുന്നു. ഒപ്പം എല്ലാ പ്രത്യയശാസ്ത്രങ്ങൾക്കും മുകളിൽ പന്തലിച്ചു നിൽക്കുന്ന 'മഹാകഥ' (Grand Narrative) യായ ആഖ്യായികയുടെ പ്രശ്നവും. പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ'യുടെ അവസാന ഭാഗത്ത് ഉത്തരത്തിലിരുന്ന് ചിലയ്ക്കുന്ന പല്ലിയിൽ നിന്നു തുടങ്ങി, സക്കറിയ പരാമർശിക്കുന്ന മുകുന്ദന്റെ കഥയിലെ പല്ലിയിലൂടെ കടന്ന്, അങ്ങനെയങ്ങനെ സക്കറിയയിൽ എത്തിച്ചേരുന്നതോടെ മലയാള കഥയുടെ ഗൗളി ശാസ്ത്രപരമ്പര പൂർണ്ണമായ അർത്ഥത്തിൽ സജീവമാകുന്നു. ഇതിന്

ഒരു ഫെമിനിസ്റ്റ് അനുബന്ധം എഴുതിച്ചേർക്കുന്ന കഥയാണ് ഗ്രേസിയുടെ 'ഗൗളിജന്മം' (1995).

സ്ത്രീവാദ രാഷ്ട്രീയത്തിന്റെ അറിവധികാര വിവക്ഷകൾ സമൂഹമനസ്സിൽ സൃഷ്ടിക്കുന്ന പ്രകമ്പനങ്ങളെ ആൺമൊഴിയിലൂടെ ആഖ്യാനം ചെയ്യുന്ന കഥയാണ് പി. സുരേന്ദ്രന്റെ 'ലോഹച്ചിറകുള്ള ശലഭം' (1993). സഹദേവന്റെ 'ശ്ലോകപ്രിയത്വം' ജ്യോതിപ്രകാശിന്റെ 'ആണത്തമില്ലായ്മ', നന്ദിനിയുടെ 'സ്ത്രീത്വമില്ലായ്മ' എന്നീ സ്റ്റീരിയോടിപ്പിക്കൽ എന്നു വിളിക്കാവുന്ന ഘടകങ്ങൾ ചേർത്തുവച്ചുകൊണ്ട്, ഫെമിനിസത്തിന്റെ പുത്തനറിവുകൾ മണ്ണിനോട് ബന്ധമില്ലാത്ത വെറും ഗവേഷണ വിഷയങ്ങൾ മാത്രമായിത്തീരുന്നതെങ്ങനെയെന്ന് അന്വേഷിക്കുകയാണിവിടെ. ഇതിൽ നിന്നു വ്യത്യസ്തമായി, കിടക്കറയിൽ വികസിതമാകുന്ന അറിവധികാര ചിഹ്നങ്ങളിലൂടെ ഭർത്താവ് ചെഖോവിന്റെ 'ഒരു ക്ലാർക്കിന്റെ മരണം' എന്ന കഥയിലെ ക്ലാർക്കും ഭാര്യ മേലധികാരിയുമായി മാറുന്നതിന്റെ സൂക്ഷ്മഭാവങ്ങൾ അന്നയെന്ന ഭാര്യാകഥാപാത്രത്തിന്റെ വീക്ഷണ കോണിലൂടെ അവതരിപ്പിക്കുന്ന കഥയാണ് ടി.വി. കൊച്ചുബാവയുടെ 'അന്നയും ഭർത്താവും' (1991). നേരേചൊവ്വേ കഥ പറയുന്ന രീതിയാണിവിടെയെങ്കിലും സവിശേഷമായൊരു ഭാവതലം സൃഷ്ടിക്കുക വഴി, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ, ഭ്രാന്ത്, ഒളിച്ചോട്ടം, മരണം എന്നിവയ്ക്കിടയിൽ ആഖ്യാനം ചെയ്യപ്പെടുന്ന സ്ത്രീയുടെ സ്വത്വരൂപീകരണ പ്രക്രിയയുടെ സങ്കീർണതകളിലേക്ക് വെളിച്ചം വീശുന്നുണ്ട് 'അന്നയും ഭർത്താവും'. വി.പി. ശിവകുമാറിന്റെ 'ഭാരത മാതാവ്' എന്ന കഥയാവട്ടെ അമ്മ രൂപത്തിലും അതിലടങ്ങിയിരിക്കുന്ന അറിവിന്റെ വിവക്ഷകളിലും തുടങ്ങി രാഷ്ട്ര വ്യവഹാരത്തിന്റെ സൂക്ഷ്മ മൗഢ്യങ്ങളിലേക്ക് നീങ്ങുന്ന കഥാകഥന രീതിയാണ് കാഴ്ചവയ്ക്കുന്നത്.

തമ്പ്രാൻ/തമ്പ്രാട്ടി, പരവൻ/പരത്തി, സൃഷ്ടിയുടെ ജ്ഞാനം/ജ്ഞാനത്തിന്റെ ഇര തുടങ്ങിയ ഒരു കൂട്ടം ദ്വന്ദ്വങ്ങളിലൂടെ മുന്നോട്ടു നീങ്ങുന്ന കഥയാണ് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'ഒരു വയറ്റാട്ടിയുടെ ജീവ ചരിത്ര പ്രശ്നങ്ങൾ' (1988). ജ്ഞാനത്തിന്റെ അധികാര പ്രയോഗത്തിലൂടെ തമ്പ്രാൻ പരത്തിപ്പെണ്ണിനെ കീഴടക്കുമ്പോൾ നമുക്ക് മുമ്പിൽ തെളിയുന്നത് ആഖ്യാനത്തിന്റെ പുല്ലിംഗവും പുല്ലിംഗത്തിന്റെ ലാവണ്യ ശാസ്ത്രപരമായ സാധ്യതകളും പരിധികളുമാണ്. ബലാൽസംഗം ചെയ്യപ്പെടുന്ന പരത്തിപ്പെണ്ണിന്റെ നിലവിളിയോടെയാണ് കഥ അവസാനിക്കുന്നത്. ഇതിനെപ്പറ്റി ആഖ്യാതാവ് പറയുന്നത് ശ്രദ്ധിക്കുക: 'ആദിരോദനം എന്തായിരുന്നു എന്നത് മാലോകർ അറിയുന്നതിൽ എനിക്കു വിരോധമില്ല, നാണവുമില്ല. ആ രോദനം ഇത്രമാത്രമേ ഉണ്ടായിരുന്നുള്ളൂ. 'തമ്പ്രാനേ, ഹെന്നെ കൊല്ലല്ലേ!' ഈ 'നാണമില്ലാത്ത' ആഖ്യാതാവിനെ ഇരട്ടിപ്പിച്ചാൽ എം. മുകുന്ദന്റെ 'ദൽഹി 1981' (1981) എന്ന കഥയിൽ ഒരു

ബലാൽസംഗത്തിന് സാക്ഷ്യം വഹിക്കുകയും അതിന്റെ ആവേശകരമായ ഒരു 'റണ്ണിങ്ങ് കമന്ററി' നമുക്ക് നൽകുകയും ചെയ്യുന്ന രാജീന്ദർ പാണ്ഡെ, കിശോർലാൽ എന്നീ കഥാപാത്രങ്ങളെ കിട്ടും. സാക്ഷിയായ മൂന്നാമന്റെ നിലപാടിൽ നിന്നുകൊണ്ടു കഥപറയുന്ന ആഖ്യാതാവിനെന്നപോലെ, ഈ രണ്ടു കഥാപാത്രങ്ങൾക്കും എല്ലാം കാണാം, എല്ലാം അറിയാം. ഈ അറിവിന്റെ പ്രത്യയശാസ്ത്രപരമായ വിവക്ഷകളെ വിപുലീകരിക്കുകയും ദൃഢീകരിക്കുകയും ചെയ്യുന്ന ധർമ്മമാണ് കഥാന്ത്യത്തിലെ സ്ഥൂലീകരണം നിർവഹിക്കുന്നത്.

ആഖ്യാനത്തിന്റെ പുല്ലിംഗം സാധ്യമാക്കുന്ന അറിവധികാരത്തിന്റെ 'അലിഗറി'കളെ പൊളിച്ചെഴുതുന്ന സ്ത്രീപക്ഷരചനകളുമുണ്ട്. എല്ലാമറിയുന്ന സാക്ഷിയായ മൂന്നാമന്റെ നിലപാടിൽനിന്ന് തുടങ്ങി, പിന്നെപ്പിന്നെ വേണ്ടത്ര തെളിവുകളോ ദൃഷ്ടാന്തങ്ങളോ ഇല്ലാത്തവണ്ണം ബോംബെക്കാരുടെ 'വിശ്വാസ'മാണിതൊക്കെയെന്നു പറഞ്ഞുവയ്ക്കുന്ന മാധവിക്കുട്ടിയുടെ 'നപുംസകം' (1983) എന്ന കഥയിൽ ആഖ്യാനം സ്വയം അനിശ്ചിതത്വത്തിലേക്കും അവിശ്വാസത്തിലേക്കും നീങ്ങുന്നത് നാം കാണുന്നു. ആഖ്യാനത്തിന്റെ അറിവ് പ്രശ്നവത്കൃതമാകുന്നതോടൊപ്പം, കാണാതായ മകളെത്തേടി ഹിജ്ഡകളുടെ കോളനിയിലെത്തുന്ന ഗുജറാത്തി സോണിയുടെ അറിവും വിശ്വാസവും മനോനിലതന്നെയും പ്രശ്നവത്കൃതമാകുന്നു. ഇങ്ങനെ, രാം കിങ്കരി എന്ന 'ഏകാധിപതി' നയിക്കുന്ന നപുംസക ലോകത്തിന്റെ അതിരുകൾക്കുള്ളിൽ വ്യവഹാരക്ഷമമാകുന്ന അറിവധികാരത്തിന്റെ സവിശേഷ രാഷ്ട്രീയം മാധവിക്കുട്ടിയുടെ രചനയ്ക്ക് അസാമാന്യമായ കരുത്തും തീവ്രതയും നൽകുന്നു. ഇത്രയും തന്നെ കരുത്തും തീവ്രതയുമുള്ള, എന്നാൽ വളരെ വ്യത്യസ്തമായ, ഒരു രചനയാണ് സാറാ ജോസഫിന്റെ 'മുടിത്തെയ്യമുറയുന്നു' (1988). സ്ത്രീ സ്വത്വത്തെയും സ്ത്രീയുടെ 'വ്യത്യാസ'ത്തെയും ആൺകോയ്മയ്ക്ക് ഭീഷണമായിത്തീരുന്ന രീതിയിൽ ആലേഖനം ചെയ്യാൻ തലമുടിയുടെ 'രാഷ്ട്രീയ'ത്തെ കേന്ദ്രചിഹ്നകമായി ഉപയോഗിക്കുകയും അതിന്റെ സർവമാനങ്ങളും വിവക്ഷകളും തോറ്റംപാട്ടുകളുടെയും മറ്റും ഊർജ്ജം വഹിക്കുന്ന 'ധ്വനിസാന്ദ്രമായ' ഭാഷയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന കഥയാണിത്. സ്ത്രീരചനയുടെ മറ്റൊരു മുഖം ചന്ദ്രമതിയുടെ 'ജ്യോതി വിശ്വനാഥിന്റെ (പോസ്റ്റ് മോഡേൺ) കഥ' (1994)യിൽ കാണാം. കുടുംബത്തിനകത്തെ അധികാര ബന്ധങ്ങൾക്കിടയിൽ 'അറിയുന്ന' സ്ത്രീയുടെ സമകാലീനാവസ്ഥയെന്തെന്ന് ആധുനികോത്തര രൂപഭാവ വൈചിത്ര്യങ്ങളോടെ അന്വേഷിക്കുന്ന ഈ കഥയിൽ 'സാക്ഷാൽ പരബ്രഹ്മത്തിനെപ്പോലെ കഥാപാത്രങ്ങളുടെ മുഴുവൻ ജീവനും കയ്യിലിട്ട് പന്താടാനുള്ള അധികാരം' കയ്യാളുന്ന കഥാകൃത്തിനെയും നമുക്ക് കാണാം.

ചന്ദ്രമതിയുടെ (പോസ്റ്റ്മോഡേൺ) കഥയിൽനിന്ന് 'തൂങ്ങിക്കിടക്കുന്ന

റിസീവർ' (1994) എന്ന രചനയിലേക്ക് കടക്കുമ്പോൾ അറിവധികാരത്തിന്റെ വിചിത്രമാനങ്ങൾക്ക് ഒരു മേതിലീയൻ (പോസ്റ്റ്മോഡേൺ) ആഖ്യാനമാണ് നമുക്ക് ലഭിക്കുന്നത്. യൂറി ഗഗാറിൻ, ഷിറിനോവ്സ്കി, ശകലിതവിനിമയം, പെൺകുട്ടികളെ കരയിക്കുന്ന രാഷ്ട്രീയം എന്നിങ്ങനെ നിരവധി വ്യത്യസ്ത ഘടകങ്ങൾ ഒത്തുചേരുന്ന ഈ കഥയിൽ ഓരോ സംഭാഷണവും ഒരു വിചാരണയായി മാറുന്നത് നാം കാണുന്നു. ആശയ വിനിമയത്തിന്റെ രാഷ്ട്രീയത്തിൽ അടങ്ങിയിരിക്കുന്ന ഭീകരതയെ ഇപ്രകാരം പാഠവത്ക്കരിക്കുന്ന അപൂർവ്വം രചനകളേ മലയാളത്തിലുള്ളൂ.

1981 മുതൽ മലയാളത്തിൽ എഴുതപ്പെട്ട കഥകളുടെ ഒരു പരിഛേദമാണിത്. എന്നാൽ, തലമുറക്കണക്കനുസരിച്ച് അമ്പതുകൾ തൊട്ട് എഴുതപ്പെട്ട കഥകളുടെ ഒരേകദേശ സ്വഭാവം നമുക്കിവിടെ കാണാൻ കഴിയും. ടി. പത്മനാഭൻ, എം.ടി. വാസുദേവൻ നായർ, സേതു എന്നിവരുടെ കഥകളിൽ അറിവ്, അധികാരം തുടങ്ങിയ വിഷയങ്ങൾ നേരിട്ടു ചർച്ചചെയ്യപ്പെടുന്നില്ല രൂപപരമായ പരീക്ഷണങ്ങൾ പൊതുവേ വർജ്ജിച്ചുകൊണ്ട് വ്യക്തിമനസ്സിന്റെ ചില നിഗൂഢഭാവങ്ങളെ സാന്ദ്രമായ ഭാഷയിൽ ആവാഹിച്ചെടുക്കാൻ ശ്രമിക്കുന്ന കഥകളാണിവരുടേത്. എങ്കിലും സൂക്ഷ്മവായനയിൽ അറിവധികാരത്തിന്റെ പ്രത്യയശാസ്ത്ര വിവക്ഷകൾ അറിഞ്ഞോ അറിയാതെയോ ഈ കഥകളിൽ അന്തർലീനമായിരിക്കുന്നത് നാം കാണുന്നു. മാധവിക്കുട്ടിയിൽ എത്തുമ്പോൾ സ്ത്രീരചനയുടെ അനിവാര്യഘടകമെന്ന നിലയിൽ അധികാരത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾ പാഠവത്ക്കരിക്കപ്പെട്ടു തുടങ്ങുന്നു ഒ. വി. വിജയൻ, എം. മുകുന്ദൻ തുടങ്ങിയവർ ഈ ചോദ്യങ്ങളെ പലപ്പോഴും അന്യാപദേശ കഥകളാക്കി അവതരിപ്പിക്കുമ്പോൾ, പുനത്തിൽ കുഞ്ഞബ്ദുള്ള ആൺകോയ്മയുടെ ലാവണ്യശാസ്ത്രപരമായ സാദ്ധ്യതകളും പരിധികളും അന്വേഷിക്കുന്ന കഥകളുമായി മുന്നോട്ടുവരുന്നു. തുടർച്ചയായ അന്വേഷണങ്ങളിലൂടെ അറിവധികാരത്തിന്റെ വ്യത്യസ്ത തലങ്ങൾക്ക് ആഖ്യാനപാഠങ്ങൾ നൽകുന്ന എഴുത്തുകാരനാണ് ആനന്ദ്. ചരിത്രത്തെയും അറിവധികാരത്തിന്റെ മറ്റു സമസ്ത വ്യവഹാര മണ്ഡലങ്ങളെയും 'ആധുനികോത്തര'മെന്നു വിശേഷിപ്പിക്കാവുന്ന ആഖ്യാനതന്ത്രങ്ങളാൽ അടിക്കടി പൊളിച്ചെഴുത്തിനു വിധേയമാക്കിക്കൊണ്ടിരിക്കുന്ന വി.കെ എൻ തന്റെ തലമുറയിലെ തികച്ചും വ്യത്യസ്തനായ കഥാകൃത്താണെന്നതിൽ സംശയമില്ല. വി കെ.എൻ കൃതികളുടെ ആഖ്യാനവിശേഷങ്ങളിൽ നിന്ന് ഊർജ്ജം വലിച്ചെടുക്കുന്ന പാഠങ്ങളാണ് സക്കറിയയിൽ നിന്നു ലഭിക്കുന്നത് ഇതോടെ മലയാള കഥയുടെ ഭാവ മണ്ഡലമാകെ മാറിത്തുടങ്ങുന്നു ഈ സമാഹാരത്തിൽ സക്കറിയ തൊട്ടുള്ള കഥാകൃത്തുക്കളുടെ രചനകൾ പരിശോധിച്ചാൽ അവയെങ്ങനെ മുൻതലമുറയുടെ രചനകളിൽനിന്ന് രൂപപരമായും ഭാഷാപരമായും മാറി

നിൽക്കുന്നു എന്നു ബോധ്യമാകും. ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കാതെ ഒരു കാര്യം മാത്രം സൂചിപ്പിക്കാം. അറിവധികാരത്തിന്റെ പ്രത്യയശാസ്ത്രതലങ്ങൾ വ്യത്യസ്ത വീക്ഷണ കോണുകളിലൂടെ ആയാസരഹിതമായി ആഖ്യാനം ചെയ്യപ്പെടുന്നു; ഒപ്പം ആഖ്യാനം സ്വയം പ്രതിബിംബന ശേഷിയുള്ള (self reflexive) പാഠ പ്രക്രിയയായി മാറുകയും ചെയ്യുന്നു.

ഈ സമാഹാരത്തിൽ ഉൾപ്പെടുത്താൻ കഴിയാതെപോയ കോവിലനും കാക്കനാടനും തൊട്ട് പ്രിയ എ.എസ്സും, സുഭാഷ് ചന്ദ്രനും വരെയുള്ള ഒട്ടനവധി കഥാകൃത്തുക്കൾ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ അത്യന്തം ശ്രദ്ധയർഹിക്കുന്ന രചനകൾ കാഴ്ചവച്ചുകൊണ്ട് മലയാള ചെറുകഥാസാഹിത്യത്തെ സമ്പന്നമാക്കിയിട്ടുണ്ട്. ഈ സമാഹാരത്തിലെ ഓരോ കഥ വായിക്കുമ്പോഴും ഇവിടെ ഉൾപ്പെടുത്തിയിട്ടില്ലാത്ത മറ്റു മൂന്നുനാലു കഥകൾ ഓർമ്മയിൽ ഓടിയെത്തുമെങ്കിൽ അതുതന്നെയായിരിക്കും ഈ പുസ്തകത്തിന്റെ ശക്തിയും ദൗർബല്യവും. സാഹിത്യത്തിന്റെ സ്ഥാപനവത്ക്കരണത്തിൽ ഇത്തരം സമാഹാരങ്ങൾ വഹിക്കുന്ന പങ്കിനെപ്പറ്റിയും ഇതുവഴി സൃഷ്ടിക്കപ്പെടുന്ന 'കാനോനിക' പാഠങ്ങളെപ്പറ്റിയും സാഹിത്യചരിത്ര നിർമ്മാണത്തെ പൊതുവെ പ്രശ്നവത്ക്കരിക്കുന്ന ഒഴിച്ചുനിർത്തൽ തന്ത്രങ്ങളെപ്പറ്റിയും ഇവയുമായി ബന്ധപ്പെട്ടു വികസിതമാകുന്ന അറിവധികാരത്തിന്റെ രാഷ്ട്രീയ സാംസ്കാരിക വിവക്ഷകളെപ്പറ്റിയുമൊക്കെ ഓർത്തുകൊണ്ടുതന്നെ ഈ പുസ്തകം വായനക്കാർക്കു മുമ്പിൽ സമർപ്പിച്ചുകൊള്ളട്ടെ.

ടി. പത്മനാഭൻ

ശവദാഹം

ഒടുവിൽ, ഫോൺ താഴെവെച്ചപ്പോൾ - അല്ല, എന്റെ കൈയിൽനിന്ന് പതുക്കെ വീഴുകയോ? ഭാര്യ ചോദിച്ചു:

"ആരാ?"

എനിക്ക് ആളെ മനസ്സിലായിരുന്നില്ലല്ലോ! അത് ഞാൻ സൂചിപ്പിച്ചപ്പോൾ ഭാര്യ പറഞ്ഞു.

"എന്നിട്ടാണോ ഇത്രയും നേരം സംസാരിച്ചത്?"

അതും ശരിയായിരുന്നു. എങ്കിലും ഞാൻ പറഞ്ഞു.

"ഞാനല്ലല്ലോ സംസാരിച്ചത്; അയാളല്ലേ?"

ഭാര്യ അപ്പോൾ എന്റെ നേരെ സൂക്ഷിച്ചു നോക്കി

"എനിക്ക് മനസ്സിലാകുന്നില്ല! ഈയിടെയായി നിങ്ങളുടെ പെരുമാറ്റം കാണുമ്പോൾ. ഒരു നല്ല ഡോക്ടറെ കാണാൻ പറഞ്ഞിട്ട് നിങ്ങൾ..."

അവളുടെ സ്വരത്തിൽ എന്തെന്നില്ലാത്ത പരിഭ്രമമുണ്ടായിരുന്നു. എനിക്കാകട്ടെ ഒന്നും പറയാൻ കഴിഞ്ഞതുമില്ല.

കർക്കിടകത്തിലെ ഇരുണ്ട ആകാശത്തിലേക്ക് നോക്കി ഞാൻ മൗനമായിരുന്നു

എന്തോ എവിടെയോ സംഭവിച്ചിട്ടുണ്ടെന്ന് എനിക്കും ചിലപ്പോൾ തോന്നാറുണ്ടായിരുന്നു ഇതുതന്നെ ഒരുദാഹരണം. എന്റെ അടുത്ത് ഒരു പ്രിയപ്പെട്ട സുഹൃത്തിനെപ്പോലെയായിരുന്നല്ലോ ഇത്രനേരവും അയാൾ ഫോണിൽ സംസാരിച്ചത്. എനിക്കാണെങ്കിൽ അയാളാരാണെന്ന് തീരെ മനസ്സിലായതുമില്ല. അയാൾ അയാളുടെ പേരും വിവരങ്ങളുമൊക്കെ വിസ്തരിച്ച് പറഞ്ഞുവെങ്കിലും... എന്റെ ഏറ്റവും അടുത്ത കൂട്ടുകാർ - അങ്ങനെയും ചിലർ പണ്ട് എനിക്ക് ഉണ്ടായിരുന്നല്ലോ - വിളിക്കുന്നതുപോലെയാണ് അയാൾ എന്നെ സംബോധനചെയ്തത്. ഞാൻ മൂന്നുകൊല്ലങ്ങൾക്കുമുമ്പേ ജോലിയിൽ നിന്ന് റിട്ടയർ ചെയ്തത്, ടൗണിൽ നിന്നൊക്കെ അകന്ന്, ഇവിടെ, ആർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയാത്ത ഈ മൂലയിൽ, ഒരു വീടുവെച്ച് താമസിക്കാൻ

തുടങ്ങിയത്, പുറത്തൊന്നും അങ്ങനെ പോകാത്തത്, – എല്ലാം അയാൾക്കറിയാം! അടുത്തുതന്നെ ഒരു ദിവസം എന്നെ കാണാൻ വരുന്നുണ്ടെന്നും അയാൾ പറഞ്ഞു.

ഇടയ്ക്കൊക്കെ, "ഓർക്കുന്നില്ലേ?" "മനസ്സിലായില്ലേ?" എന്നൊക്കെ അയാൾ ചോദിക്കുന്നുണ്ടായിരുന്നു. ഒന്നും നിഷേധിച്ചു പറയാനുള്ള ധൈര്യമില്ലാതെ ഞാൻ പരുങ്ങി നിന്നപ്പോഴൊക്കെ "എങ്ങനെ മറക്കാനാണ്!" എന്നും അയാൾ പറഞ്ഞുകൊണ്ടിരുന്നു.

അയാൾ വിളിച്ചത് അയാളുടെ അമ്മയുടെ മരണത്തെക്കുറിച്ച് പറയാനായിരുന്നു. അമ്മ ഒരു മണിക്കൂർ മുമ്പെ മരിച്ചു അമ്മയ്ക്ക് എന്നും എന്നോടുണ്ടായിരുന്ന സ്നേഹത്തെക്കുറിച്ച് സൂചിപ്പിച്ചതിനുശേഷം അയാൾ പറഞ്ഞു "മരിക്കുന്നതിന് തൊട്ടുമുമ്പ് കൂടി നിങ്ങളെക്കുറിച്ചന്വേഷിച്ചിരുന്നു' അതുകൊണ്ട് നിങ്ങൾ ഒരിക്കലും വരാതിരിക്കരുത്. നിങ്ങൾ വന്നില്ലെങ്കിൽ. "

പോകേണ്ടവഴിയും അയാൾ പറഞ്ഞു തന്നു

"പഴയ വഴിതന്നെ, ഞാൻ ഇപ്പോഴും പണ്ടത്തെ വീട്ടിൽ തന്നെയാണ് താമസിക്കുന്നത്. നിങ്ങൾ എത്രതവണ വന്നിട്ടുള്ളതാണ്.. !"

.. ശവദാഹം നാളെകാലത്ത് പത്തുമണിക്ക് കടൽക്കരയിലെ നമ്മുടെ പഴയ ശ്മശാനത്തിൽത്തന്നെ. ഇപ്പോഴും ഇവിടെ ആ ഒരൊറ്റ ശ്മശാനമേയുള്ളുവെന്ന് അറിയാമല്ലോ നിങ്ങൾ നാളെയും തീർച്ചയായും....

"ഞാൻ പറയേണ്ടല്ലോ, നിങ്ങൾ വന്നില്ലെങ്കിൽ അമ്മയുടെ ആത്മാവിന്...."

"നിങ്ങൾക്ക് തെറ്റിപ്പോയി, ഞാൻ നിങ്ങളുദ്ദേശിക്കുന്ന ആളല്ല. എനിക്ക് നിങ്ങളെയോ നിങ്ങളുടെ അമ്മയെയോ അറിയില്ല – ഭാസ്കരൻ എന്ന ഒരു സ്നേഹിതനേ എനിക്കില്ല–" എന്നൊക്കെപറയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, എന്തുകൊണ്ടോ, എനിക്കതിന് കഴിഞ്ഞില്ല. എന്നുമാത്രമല്ല, ചിലപ്പോഴെങ്കിലും ഞാൻ അനുകൂല ഭാവത്തിൽ നില്ക്കുകയും ചെയ്തു! ഇനിയിപ്പോൾ.... എന്തുചെയ്യും?

ഭാര്യയോട് ഇതൊന്നും ഞാൻ പറഞ്ഞില്ല പറഞ്ഞാൽ കൂടുതൽ കുഴപ്പങ്ങളുണ്ടാകുമെന്ന് എനിക്കറിയാമായിരുന്നു. ഒന്നിനുപിറകെ മറ്റൊന്നായി ചോദ്യങ്ങൾ വന്നുകൊണ്ടിരിക്കും. എനിക്കുതന്നെ അറിയാത്ത കാര്യങ്ങൾ. അവയെക്കുറിച്ച് ഞാൻ എന്താണ് അവളോട് പറയുക?

ഭാര്യ അടുക്കളയിലേക്ക് പോയപ്പോൾ ഞാൻ വരാന്തയിലേക്ക് ചെന്നു. ആകാശത്ത് വലിയ ഒരു മഴയുടെ വട്ടങ്ങളുണ്ടായിരുന്നു. വൈകുന്നേരമായിട്ടേ ഉണ്ടായിരുന്നുള്ളുവെങ്കിലും ആകാശം മാത്രമല്ല ഭൂമിയും ഇരുണ്ടു കാണപ്പെട്ടു. സന്ധ്യയായതുപോലെ തോന്നി.

ഓരോന്ന് ആലോചിച്ചുകൊണ്ട് നിന്നപ്പോൾ ഫോണെടുത്തതേ അബദ്ധമായെന്ന് എനിക്കു തോന്നി. അത് വളരെനേരം അടിച്ചതിനുശേഷം തനിയെ നില്ക്കുന്നതായിരുന്നു നല്ലത്. അങ്ങിനെയായിരുന്നുവെങ്കിൽ

ഈ കുഴപ്പമൊന്നും.... പക്ഷേ, ഫോണെടുക്കാതിരിക്കാനും കഴിയില്ല ല്ലോ. ചിലപ്പോൾ, വിളിക്കുന്നത് വേണ്ടപ്പെട്ട ആരെങ്കിലുമാണെങ്കിലോ? വിളിക്കുന്നത് എന്തെങ്കിലും ഉപകാരം ചെയ്യാനാണെങ്കിലോ? അങ്ങ നെയും വരാമല്ലോ. . അപ്പോൾ ഫോണെടുക്കാതിരിക്കുന്നതും അബദ്ധ മാകും.

പക്ഷേ, എനിക്ക് വേണ്ടപ്പെട്ട ആരെങ്കിലും എന്നെ എപ്പോഴെങ്കിലും അങ്ങനെ വിളിച്ചിട്ടുണ്ടോ എന്നും പിന്നീട് ഞാനോർത്തു ഇല്ലല്ലോ, ആരും അങ്ങനെ എന്നെ ഫോൺ വെച്ച ഈ ഒരു കൊല്ലത്തിനിടയിൽ വിളിച്ചിട്ടില്ലല്ലോ? എനിക്കെന്തെങ്കിലും ഉപകാരം ചെയ്യാനോ, ശ്വാസം മുട്ടിക്കുന്ന ഈ ഏകാന്തതയിൽ ചിലപ്പോൾ എനിക്കനുഭവപ്പെടുന്ന വിര സതയെയും ഭയത്തെയും അകറ്റാനോ, ഒരു രണ്ടുമിനിറ്റ് നേരത്തേക്കെ ങ്കിലും സ്നേഹത്തോടെ എന്നോടെന്തെങ്കിലും പറയാനോ .

ഇതിനൊക്കെ വേണ്ടിയാണല്ലോ ഏറെ പണം ചെലവ് ചെയ്ത് ഞാൻ ഫോൺ വെച്ചത്. പക്ഷെ, എന്നിട്ടും, ആരും വിളിച്ചില്ലല്ലോ!

ആദ്യമൊക്കെ ആരെങ്കിലും വിളിക്കുന്നതും കാത്ത് എത്രതവണ ഞാൻ ഫോണിനരികിൽ ആകാംക്ഷയോടെ ഇരുന്നിട്ടില്ല' ഒന്ന് അതിന്റെ ശബ്ദം കേൾക്കാൻ പ്രാർത്ഥിച്ചുകൊണ്ട് .

പക്ഷെ, ആരും വിളിച്ചില്ലല്ലോ'

ലോകത്തിന്റെ അറ്റത്തുള്ള ഈ വീട്ടിൽ താമസമാരംഭിച്ചപ്പോൾ ഭാര്യ പറഞ്ഞു "ഞാൻ എത്ര എതിർത്തിട്ടും നിങ്ങൾ ഇവിടെത്തന്നെ വീട് വെച്ചല്ലോ' ഇവിടെ നമുക്ക് എന്തെങ്കിലും സംഭവിച്ചാൽ ആരാണ് നമുക്കുള്ളത്? നിങ്ങളുടെ തറവാട് ഒരു കാലത്ത് ഇവിടെയായിരുന്നെന്ന് ഇപ്പോൾ പറഞ്ഞിട്ട് പ്രയോജനമില്ലല്ലോ' ആരാണ് ഇപ്പോൾ നിങ്ങളെ അറിയുന്നവരായി ഇവിടെയുള്ളത്? നിങ്ങളടക്കം എല്ലാവരും വളരെ മുമ്പ് തന്നെ... അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇവിടെ ഒരു ഫോണെ ങ്കിലും വേണമെന്ന് എന്തെങ്കിലും വന്നുപോയാൽ . ഇനി, അങ്ങനെ യൊന്നുമല്ലെങ്കിലും ഇടയ്ക്ക് ആരെയെങ്കിലും വിളിച്ച് എന്തെങ്കിലും അതുപോലെ മറ്റുള്ളവർക്കും ഇങ്ങോട്ട് വിളിച്ച് .

. നിങ്ങൾക്ക് ജോലിയുണ്ടായിരുന്നപ്പോൾ ആരുമായും ബന്ധപ്പെ ടാതെ കഴിച്ചുകൂട്ടി പക്ഷെ കാണാതിരിക്കാനോ അത്യാവശ്യം എന്തെ ങ്കിലും സംസാരിക്കാതിരിക്കാനോ കഴിയുമായിരുന്നില്ല അത് ജോലി നിമിത്തമായിരുന്നുതാനും. എങ്കിലും എപ്പോഴും ബന്ധപ്പെടാതെ അക ന്നുതന്നെ നിന്നു. ഞാൻ അന്നേ പറയാറുണ്ടായിരുന്നു" ഇതു ശരിയല്ല, ശരിയല്ല പക്ഷെ നിങ്ങൾ ആരുപറയുന്നതും കേൾക്കില്ലല്ലോ!. ."

എല്ലാം കേട്ടുനിന്നതിനുശേഷവും ഫോണിന്റെ ആവശ്യമില്ല എന്നു തന്നെ ഞാൻ പറഞ്ഞു. പണം ചെലവാക്കുന്നതു കൊണ്ടായിരുന്നില്ല പണത്തിന് അത്ര മുട്ടുണ്ടായിരുന്നതുമില്ലല്ലോ.

എന്നിട്ട്, ഒടുവിൽ ഫോൺ വെച്ചപ്പോൾ, ഭാര്യ ചോദിച്ചു: "ഇപ്പോഴെ

ത്തിനാണ് ഫോൺ? ഇവിടെ താമസിക്കാൻ തുടങ്ങിയപ്പോൾ തന്നെ ഞാൻ പറഞ്ഞതല്ലേ? അന്നൊക്കെ 'വേണ്ട, അതിന്റെ ആവശ്യമൊന്നു മില്ല' എന്നു പറഞ്ഞിട്ട് ഇപ്പോൾ....."

ഞാൻ ഭാര്യയോട് അതുമിതും പറഞ്ഞ് ഒഴിഞ്ഞുമാറി 'എനിക്ക് ഭയ മുണ്ട്; ആരെയും കാണാതെ, ആരോടും ഒന്നും സംസാരിക്കാൻ കഴി യാതെ... ഏതോ വലിയ ഒരു തെറ്റിന് ജീവിതകാലംമുഴുവൻ ഒറ്റയ്ക്ക് കഴിയാൻ വിധിക്കപ്പെട്ട ഒരു തടവുകാരനാണ് ഞാനെന്ന് ഈയിടെയായി ചിലപ്പോഴെങ്കിലും....'

ഇല്ല, അങ്ങനെയൊന്നും ഞാൻ ഭാര്യയോട് പറഞ്ഞില്ല.

വെറുതെ ഓരോന്നാലോചിച്ചുകൊണ്ട് വരാന്തയിൽ തന്നെ നിന്നു. അപ്പോൾ പൊടുന്നനെ... കൂരിരുട്ടിൽ, ഒരിഞ്ചുപോലും മുന്നോട്ടുകാണാൻ കഴിയാതെ വിഷമിച്ചു നില്ക്കുമ്പോൾ, വളരെ, വളരെ അകലെ ഒരു ചെറിയ തിരി പ്രത്യക്ഷപ്പെട്ടതുപോലെയായിരുന്നു. അതുവരെ ആരാണ് ഈ ഭാസ്ക്കരൻ എന്നു മനസ്സിലാകാതെ, അങ്ങനെയൊരാൾ തന്നെ യുണ്ടോ എന്ന് സംശയിച്ച എനിക്ക് പതുക്കെ മനസ്സിലാകാൻ തുടങ്ങി, ഭാസ്ക്കരൻ എന്റെ സ്നേഹിതനല്ലേ! വളരെ മുമ്പ് എന്റെ ചെറുപ്പത്തിൽ ഒന്നിച്ച കളിച്ചുനടന്ന.. എത്രതവണ അവന്റെ വീട്ടിൽ ചെന്ന് അവന്റെ അമ്മ വിളമ്പിത്തന്ന ഭക്ഷണം കഴിച്ചിട്ട്... അതൊക്കെ വിസ്തരിച്ച് പറ ഞ്ഞുതന്നിട്ടും മനസ്സിലായില്ലല്ലോ എന്നോർത്തപ്പോൾ.. സത്യത്തിൽ എനിക്ക് വലിയ തമാശതോന്നി. ഞാൻ എന്നോടു തന്നെ പറയുകയും ചെയ്തു. 'ഒരു തകരാറ് എവിടെയോ പറ്റിയിട്ടുണ്ട്'.

പക്ഷെ എത്ര ചികഞ്ഞാലോചിച്ചിട്ടും എവിടെയാണ് തകരാറുപറ്റി യതെന്ന് മനസ്സിലായതുമില്ല.

ഭാസ്ക്കരന്റെ രൂപം എന്റെ മനസ്സിൽ, അഴുക്കെല്ലാം മാറ്റിയ ഒരു കണ്ണാ ടിയിൽ വ്യക്തമാകുന്നതുപോലെ പ്രത്യക്ഷപ്പെടാനും തുടങ്ങി... വെളു ത്ത്, തടിച്ച്, കുറുതായി, വട്ടമുഖത്തോടുകൂടിയ ധാരാളം മുടിയുള്ള... പക്ഷെ ഇതൊക്കെ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തെ സ്ഥിതി യാണല്ലോ. ഇപ്പോൾ... ഇല്ല ഇപ്പോൾ കണ്ടാലും മനസ്സിലാകും. കാലം എന്തു വ്യത്യാസം വരുത്തിയിട്ടുണ്ടെങ്കിലും.

ഭാസ്ക്കരന്റെ വീട്ടിലേക്ക്, ഭാസ്ക്കരന്റെ അമ്മയുടെ ശവശരീരം ഒരു നോക്ക് കാണുന്നതിനുവേണ്ടി പോകാൻ തന്നെ തീരുമാനിച്ചു. സമയം അപ്പോൾ ആറുമണിയാകാറായിരുന്നു.

ഞാൻ ഭാര്യയോട് പറഞ്ഞു:

"ഞാനൊന്ന് നിരത്ത് വരെ പോയിവരുന്നു..."

ഭാര്യ എന്റെ നേരെ സംശയത്തോടെ നോക്കി. ഞാൻ പറയാതെ തന്നെ എന്റെ മനസ്സിലുള്ളതൊക്കെ അവൾക്ക് മനസ്സിലായിട്ടുണ്ടെന്ന് എനിക്ക് തോന്നി.

ഭാര്യ ചോദിച്ചു:

“ഈ സന്ധ്യയ്ക്ക് എന്തിനാണ്...”

ഞാൻ പറഞ്ഞു:

“സന്ധ്യയായിട്ടില്ലല്ലോ. ആറുമണിയാകാൻ ഇനിയും...”

ഭാര്യ പറഞ്ഞു:

“സന്ധ്യയായിട്ടില്ലത്രേ! നിങ്ങൾ പുറത്തേക്ക് നോക്കിയാട്ടെ! എന്തെങ്കിലും കാണാൻ കഴിയുന്നുണ്ടോ ഇരുട്ടുകൊണ്ട്–”

ഞാൻ ഒന്നും പറയാതെ നിന്നു.

അപ്പോൾ ഭാര്യ വീണ്ടും പറഞ്ഞു :

“സാധാരണ എന്തൊരാവശ്യം വന്നാലും വീട്ടിൽ നിന്ന് പുറത്തിറങ്ങാത്ത നിങ്ങൾ ഈ കർക്കിടക സന്ധ്യയ്ക്ക്... എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങളുടെ ഒരു പ്രവൃത്തിക്കും ഇപ്പോൾ എനിക്ക്.. ”

ഞാൻ അപ്പോൾ അവിടെ നിൽക്കാതെ വെളിയിലേക്കിറങ്ങി ഭാര്യ പിറകിൽ നിന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു.

“എന്തായാലും വേഗം വരണം എനിക്കിവിടെ ഒറ്റയ്ക്ക്.....”

ഞാൻ ഒന്നുംപറഞ്ഞില്ല. കഴിയുന്നവേഗത്തിൽ നടക്കുകമാത്രം ചെയ്തു.

പക്ഷെ ഹൈവേയിൽ നാലും കൂടിയ മുക്കിലെത്തിയപ്പോൾ ഞാൻ സംശയിച്ചുനിന്നു ഇനി എങ്ങോട്ടാണ്? പടിഞ്ഞാറോട്ട് ഒരു വഴി കാണുന്നുണ്ട് അതിലൂടെ തന്നെയല്ലേ പോകേണ്ടത്? പണ്ട് എന്റെ കുട്ടിക്കാലത്ത് ഇവിടെയുണ്ടായിരുന്നത് സാമാന്യം വീതിയുള്ള ഒരിടവഴിമാത്രമായിരുന്നു. ഇപ്പോൾ കാണുന്ന ഈ പഞ്ചായത്ത് റോഡ് വന്നത് അടുത്തകാലത്തായിരിക്കും ഞാൻ ഇപ്പോഴൊന്നും ഇതിലൂടെ പോയിട്ടില്ലല്ലോ. .

പടിഞ്ഞാറോട്ടുപോകുന്ന റോഡിന്റെ തുടക്കത്തിലെ വലിയ വീടുകൾ. വീടുകളിൽ വെളിച്ചവും ശബ്ദവുമൊക്കെ വേണ്ടതിലധികമുണ്ടായിരുന്നു ആളുകളുമുണ്ടായിരുന്നു. അവിശ്വസനീയമായ ഒരു കാഴ്ച കാണുന്നതുപോലെ അതും നോക്കി ഞാൻ റോഡിൽ നിന്നു പിന്നീട് ഭാസ്ക്കരന്റെ അമ്മ മരിച്ചു കിടക്കുകയാണല്ലോ എന്ന ഓർമ്മ വന്നപ്പോൾ വീടുകളിലേക്ക് നോക്കിനിൽക്കുന്നത് മതിയാക്കി ഞാൻ ബദ്ധപ്പെട്ടു നടന്നു.

അങ്ങനെ കുറച്ചുദൂരം ചെന്നപ്പോൾ എനിക്കുതോന്നി വഴിതെറ്റിയോ? വീടുകൾ വളരെ വിട്ടുവിട്ടായിരുന്നു. ഒന്നിലും ഏറെ വെളിച്ചമോ ശബ്ദമോ ഉണ്ടായിരുന്നില്ല. ചില വീടുകളിൽ ആൾപ്പാർപ്പേ ഇല്ല എന്നും തോന്നി റോഡിലാണെങ്കിൽ നിറയെ കൂർത്ത കരിങ്കൽ കഷണങ്ങളുമായിരുന്നു.

എവിടെയും വെളിച്ചം കുറവായിരുന്നു.

ഒടുവിൽ, ഇത്തിരിവെളിച്ചം കണ്ട ഒരു വീട്ടിൽ കയറി ഞാൻ വാതിലിൽ മുട്ടിവിളിച്ചു.

പ്രായമായ ഒരാൾ വാതിൽ തുറന്നപ്പോൾ ഞാൻ പറഞ്ഞു:

"ഭാസ്ക്കരന്റെ വീട്..."

അയാൾ സംശയത്തോടെ എന്നെ അടിമുടി നോക്കി. എന്നിട്ട് ധൃതിയിൽ പറഞ്ഞു:

"ഇത് ഭാസ്ക്കരന്റെ വീടല്ല"

അയാൾ വാതിലടയ്ക്കാൻ നോക്കിയപ്പോൾ ഞാൻ വീണ്ടും പറഞ്ഞു:

"ഇത് ഭാസ്ക്കരന്റെ വീടല്ല എന്നറിയാം. പക്ഷെ ഇതിനടുത്തോമറ്റോ അല്ലേ..."

അയാൾ നിഷേധഭാവത്തിൽ തലയാട്ടി.

"ഞാൻ ഇവിടെ താമസമാക്കിയിട്ട് അമ്പതുകൊല്ലമായി. അങ്ങനെയൊരാളെ ഇതുവരെ കേട്ടിട്ടേയില്ല. അങ്ങനെയൊരാൾ ഇവിടെയുണ്ടെങ്കിൽ തീർച്ചയായും ഞാൻ..."

ഞാൻ പാരവശ്യത്തോടെ പറഞ്ഞു·

"ഭാസ്ക്കരന്റെ അമ്മ ഇന്ന് വൈകുന്നേരമാണ് മരിച്ചത് ." അയാൾ അപ്പോൾ മടുപ്പോടെ പറഞ്ഞു:

"ഇല്ല, ഇല്ല, ഇവിടെ അടുത്തൊന്നും ഇന്ന് ഒരു മരണം നിങ്ങൾക്ക് തെറ്റിപ്പോയതായിരിക്കണം."

ഞാൻ ഒന്നും പറയാതെ അവിടെ നിന്നിറങ്ങിയപ്പോൾ അയാൾ ചോദിക്കുന്നുണ്ടായിരുന്നു.

"നിങ്ങൾ എവിടെ നിന്നാണ് വരുന്നത്?"

അതുകേട്ടപ്പോൾ എനിക്ക് എന്തുകൊണ്ടോ ഭയം തോന്നുകയും ഇളകിക്കിടക്കുന്ന കൂർത്ത കല്ലുകളുടെ മുകളിലൂടെ ഇരുട്ടിൽ ആഞ്ഞു നടക്കുകയും ചെയ്തു.

ഞാൻ അപ്പോൾ മനസ്സിൽ പറയുന്നുണ്ടായിരുന്നു എനിക്കോർമ്മയുണ്ട് .. ഇവിടെ എവിടെയോ ആണ് വയൽക്കരയിൽ വീട്ടിന്ന് മുമ്പിലായി ചെറിയ ഒരു കുളവുമുണ്ട് നല്ലതുപോലെ കെട്ടിപ്പടുത്ത ഒരു ഞാനും ഭാസ്ക്കരനും എത്ര തവണ അതിൽ നീന്തിത്തുടിച്ച്.

മഴപെയ്യുവാൻ തുടങ്ങിയിരുന്നു ആദ്യം ഞാൻ അത് അറിഞ്ഞതേയില്ല ഭാസ്ക്കരന്റെ കൂടെ കുളത്തിലെ തണുത്ത വെള്ളത്തിൽ ചാടിമദിച്ചിരുന്നതിന്റെ ഓർമ്മയിലായിരുന്നു. പിന്നീട് മഴ ശക്തമായപ്പോൾ ഞാൻ ഞെട്ടി അടുത്തുകണ്ട ഒരു പീടികയുടെ വരാന്തയിൽ കയറിനിന്നു

പീടികക്കാരൻ കടപൂട്ടി വീട്ടിലേക്ക് പോകാൻ ഒരുങ്ങുകയായിരുന്നു

ഞാൻ അയാളോട് പറഞ്ഞു.

"ഭാസ്ക്കരൻ എന്നൊരാളുടെ അമ്മ ഇന്ന് മരിച്ചിട്ടുണ്ട്. ഇതിനടുത്ത് എവിടെയോ ആണ്. പക്ഷെ എനിക്ക് കൃത്യമായി "

പീടികക്കാരൻ പറഞ്ഞു:

"ഇവിടെ അടുത്ത് ആരും മരിച്ചിട്ടില്ലല്ലോ. പിന്നെ.. ഭാസ്ക്കരനോ? അങ്ങനെയൊരാളേ ഇവിടെയില്ല നിങ്ങൾ.. എവിടെനിന്നാണ് വരുന്നത്?

നിങ്ങളുടെ പേരെന്താണ്?"

പീടികക്കാരന്റെ സ്വരവും നോട്ടവും എന്നെ ഭയപ്പെടുത്തി. ഞാൻ പരിഭ്രമത്തോടെ വിചാരിച്ചു. എന്തിനാണ് അയാൾ ഇങ്ങനെയൊക്കെ ചോദിക്കുന്നത്? ഇതൊക്കെ അറിഞ്ഞിട്ട് അയാൾക്ക് എന്താണ്...

ഞാൻ ആലോചിച്ചു നില്ക്കേ പീടികക്കാരൻ ഉറപ്പിച്ചു പറഞ്ഞു:

"നിങ്ങൾ മടങ്ങുന്നതാണ് നല്ലത്. ഇവിടെയെങ്ങും നിങ്ങൾ പറയുന്നതുപോലെ ഒരു ഭാസ്ക്കരനില്ല"

അയാളുടെ മുഖത്തേക്ക് നോക്കാൻ പിന്നീട് എനിക്ക് കഴിഞ്ഞില്ല ഞാൻ ഭയത്തോടെ മടങ്ങിനടന്നു.

മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു.

എങ്ങനെയാണ് രാത്രി വീട്ടിലെത്തിയത് എന്നതിനെക്കുറിച്ച് എനിക്ക് ഒന്നുംപറയാൻ കഴിയില്ല. വഴിക്കുള്ള വീടുകളും പീടികകളുമൊക്കെ അടഞ്ഞുകഴിഞ്ഞിരുന്നു എങ്ങും വെളിച്ചവുമുണ്ടായിരുന്നില്ല പക്ഷെ, അത്ഭുതമെന്ന് പറയട്ടെ പീടികക്കോലായിൽ നിന്ന് ഇറങ്ങുമ്പോൾ തോന്നിയ ഭയം പിന്നീടില്ലായിരുന്നു

വീട്ടിലെത്തിയപ്പോൾ തീർച്ചയായും രാത്രി ഏറെയായിട്ടുണ്ടാകും. എങ്കിലും ഭാര്യ വിളക്കണയ്ക്കാതെ കാത്തുനില്ക്കുന്നുണ്ടായിരുന്നു മഴയിൽ കുളിച്ചുവരുന്ന എന്നെ കണ്ടപ്പോൾ ആദ്യം അവൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. പിന്നീട് വിഷമത്തോടെ ചോദിച്ചു:

"ഇതെന്താ? എവിടെയായിരുന്നു ഇതുവരെ?"

ഞാൻ പറഞ്ഞു :

"വെറുതെ നടക്കാൻ പോയതായിരുന്നു. അപ്പോൾ മഴപെയ്തു..."

"നടക്കാൻ പോവുകയോ?" ഭാര്യ മടുപ്പോടും ദേഷ്യത്തോടും കൂടെ പറഞ്ഞു "കർക്കിടകത്തിലെ ഈ രാത്രി...! ഇപ്പോൾ സമയമെത്രയായെന്നറിയാമോ? ഞാൻ പൊലീസിനെ വിളിച്ച് പറയണമോ എന്നാലോചിക്കുകയായിരുന്നു. ഇത്തിരിക്കൂടി കഴിഞ്ഞിരുന്നുവെങ്കിൽ..."

ഭാര്യ അകത്തുപോയി അലക്കിയ ഒരു ബാത്ത്ടവൽ കൊണ്ടുവന്ന് ശക്തിയോടെ എന്റെ കൈയിൽ പിടിപ്പിച്ച്..

"തോർത്ത്, തലതോർത്ത്, വെറുതേ പനിപിടിപ്പിച്ച്........."

ഞാൻ തലതോർത്തുന്നതിനിടയിൽ അവൾ പറഞ്ഞുകൊണ്ടിരുന്നു. "ഒരു നടക്കാൻ പോക്ക്! അതും രാത്രി പെരുമഴയത്ത്! ഒരു ടോർച്ചു പോലുമില്ലാതെ! കുടയില്ലാതെ! പിന്നെ, ഇവിടെ വന്നിട്ടും കുറച്ചായല്ലോ. ഇതുവരെയും ഇത് കണ്ടില്ലല്ലോ! ഞാനെത്രയോ തവണ നിർബ്ബന്ധിച്ചിട്ടും നിങ്ങൾ പുറത്തിറങ്ങിയിട്ടുണ്ടോ? ഇവിടെ അടുത്തുള്ള വീടുകളിൽ പോലും! നമ്മളെ കാണാൻ വന്നിരുന്നവരുടെ വീടുകളിൽ പോലും! എന്നിട്ട് ഇപ്പോൾ.... എനിക്ക് മനസ്സിലാകുന്നില്ല... ഇല്ല. ഇല്ല..."

എല്ലാം കേട്ടുനിന്നതല്ലാതെ ഞാൻ ഒന്നും പറഞ്ഞില്ല.

രാത്രി, കിടന്നതിനുശേഷവും ഭാര്യ പറയുന്നുണ്ടായിരുന്നു. ചില

പ്പോൾ എന്നോടും ചിലപ്പോൾ തന്നോടുതന്നെയും. പക്ഷെ ഒന്നിനും ഉത്തരം പറയാതെ ഞാൻ കിടന്നു.

അപ്പോഴും മനസ്സിൽ ഭാസ്ക്കരനും ഭാസ്ക്കരന്റെ മരിച്ചുകിടക്കുന്ന അമ്മയുമുണ്ടായിരുന്നു. അമ്മ വെളുത്ത തുണികൊണ്ട് ശരീരം മുഴുവൻ മൂടി ചലനമില്ലാതെ കിടന്നു. ഭാസ്ക്കരനും ഞാനും കുളത്തിലെ തണുത്ത വെള്ളത്തിൽ മതിയാവോളം... അപ്പോഴൊന്നും 'അരുത്' എന്നുപറഞ്ഞ് ഞങ്ങളെ വിലക്കാൻ ആരുമില്ലായിരുന്നു...

രാവിലെ എഴുന്നേറ്റപ്പോൾ ശവദാഹത്തിന്റെ ചിന്തയായിരുന്നു മനസ്സിൽ. ആദ്യം പോകേണ്ട എന്നു കരുതി. ഇന്നലെ രാത്രി മഴയത്ത് നടന്നതുപോലെ ഇന്നും... പക്ഷെ സമയം നീങ്ങുന്തോറും പറഞ്ഞറിയിക്കാൻ കഴിയാത്ത ഉൽകണ്ഠയും ഭയവും എന്നെ ഗ്രസിക്കാൻ തുടങ്ങി. 'വരാതിരിക്കരുത്. പത്തുമണിക്കാണ്. നിങ്ങൾ വന്നാലേ...' എന്നൊക്കെ ഇന്നലെ എന്നോട് ഫോണിൽ പറഞ്ഞമാതിരി... പക്ഷെ! ഒരാളല്ല, ഒട്ടേറെപേർ പലഭാഗങ്ങളിൽ നിന്നുമായി എന്നോട് പറഞ്ഞുകൊണ്ടേയിരിക്കുന്നുണ്ടായിരുന്നു. അവരെ കാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ശബ്ദം വളരെ വ്യക്തമായി...

ഒടുവിൽ, ഒമ്പതുമണിയായപ്പോൾ പോകാൻ തീരുമാനിച്ചു. അപ്പോഴും എവിടെയാണ് പോകുന്നത് എന്ന് ഭാര്യയോട് പറയാനുള്ള ധൈര്യം എനിക്കില്ലായിരുന്നു. 'എവിടേക്കാണ് പോകുന്നത്' എന്ന് നിർബന്ധിച്ച് ചോദിച്ചപ്പോൾ 'ഒരാളെ കാണാൻ' എന്നു മാത്രം പറഞ്ഞ് ഞാനൊഴിഞ്ഞു മാറി. ഞാൻ വീട്ടിൽ നിന്നിറങ്ങി ഗേറ്റിലെത്തിയപ്പോഴും അവൾ എന്തൊക്കെയോ പിറകിൽ നിന്ന് വിളിച്ചു ചോദിക്കുന്നുണ്ടായിരുന്നു..

കടൽക്കരയിലെ പൊതുശ്മശാനം കണ്ടിട്ട് കാലമേറെയായിരുന്നു.

ബസ് സ്റ്റാൻഡിൽ നിന്ന് രണ്ടു കിലോമീറ്റർ അകലെയുള്ള ശ്മശാനംവരെ ബസ്സിൽ പോകാമായിരുന്നു. പക്ഷെ എപ്പോഴെങ്കിലുമായുള്ള ബസ്സിനുവേണ്ടി കാത്തുനിൽക്കാനുള്ള ക്ഷമയോ സമയമോ എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട് ബസ് സ്റ്റാൻഡിൽ ഇറങ്ങിയ ഉടനെ ആദ്യം കണ്ട ഓട്ടോറിക്ഷയിൽ കയറി...

എനിക്ക് പോകേണ്ടുന്ന സ്ഥലത്തിന്റെ പേരുപറയുന്നതിനുമുമ്പ് തന്നെ ഡ്രൈവർ ഓട്ടോവിട്ടു. ശ്മശാനത്തിന്റെ പേര് ഞാൻ പറഞ്ഞപ്പോൾ 'എനിക്കറിയാം' എന്ന മട്ടിൽ അയാൾ തലയാട്ടി അപ്പോൾ എനിക്ക് പരിഭ്രമവുമായി. ശ്മശാനത്തിലേക്കാണ് ഞാൻ പോകുന്നതെന്ന് ഈ ഓട്ടോഡ്രൈവർ എങ്ങിനെ അറിഞ്ഞു? അതല്ല, ശ്മശാനത്തിലേക്കുള്ള വഴി തനിക്കറിയാം എന്നു മാത്രമാണോ അയാൾ...

ഡ്രൈവറുടെ മുഖത്തിന്റെ ഒരുവശത്തേക്ക് – പിന്നിലിരിക്കുന്ന എനിക്ക് അത്രയ്ക്കല്ലേ കഴിയൂ – സൂക്ഷിച്ചുനോക്കിയപ്പോൾ അയാൾ ചിരിക്കുന്നുണ്ടെന്ന് തോന്നി. എന്തിനാണ് അയാൾ ചിരിക്കുന്നത് എന്നായി പിന്നീടുള്ള എന്റെ ചിന്ത. ഒന്നുരണ്ടു തവണ ചോദിക്കാൻ

തുനിഞ്ഞുവെങ്കിലും ചോദിച്ചില്ല.

ഡ്രൈവർ വളരെ വേഗത്തിലായിരുന്നു റിക്ഷ ഓടിച്ചിരുന്നത്. വഴിയാണെങ്കിൽ എനിക്ക് തീരെ അപരിചിതവുമായിരുന്നു. ഒരു ഘട്ടത്തിൽ ഞാൻ ഉറക്കെ അയാളോടു പറഞ്ഞു:

"ഇതല്ലല്ലോ വഴി! നിങ്ങൾ എങ്ങോട്ടേക്കാണ്..."

അയാൾ ആദ്യം എന്റെ ചോദ്യം കേട്ടതായി നടിച്ചില്ല. പിന്നീട് വീണ്ടും ചോദിച്ചപ്പോൾ ഒരു രഹസ്യം പറയുന്നമാതിരി വളരെ പതുക്കെ പറഞ്ഞു:

"വഴിയേക്കുറിച്ചോർത്ത് നിങ്ങൾ ഇപ്പോൾ വിഷമിക്കേണ്ട. ശ്മശാനത്തിലേക്കു തന്നെയാണ് പോകുന്നത്."

വളഞ്ഞും പുളഞ്ഞും പോയിരുന്ന നിരത്തിലൂടെ അതിശീഘ്രം ഓടിച്ചുപോയിരുന്ന വണ്ടിയിൽ നിന്ന് ഇടയ്ക്ക് ഒരു തിരിവിലെത്തുമ്പോൾ ഞാൻ പഴയ റോഡുകാണുന്നുണ്ടായിരുന്നു. 'അതാണല്ലോ ശരിയായ വഴി; അതിലൂടെയാണല്ലോ പോകേണ്ടത്' എന്നൊക്കെ ഞാൻ അപ്പോഴൊക്കെ പറയുന്നുമുണ്ടായിരുന്നു പക്ഷെ ഡ്രൈവർ ഒരിക്കലും എന്നോട് ഒന്നും പറഞ്ഞില്ല..

ഇതിനെക്കുറിച്ചൊക്കെ ആലോചിച്ചുകൊണ്ടിരിക്കേ റിക്ഷ ശ്മശാനത്തിലെ കാവൽ പുരയുടെ മുമ്പിലെത്തി

അപ്പോൾ ഞാനോർത്തത് 'ഇത്രവേഗം ഇവിടെയെത്തിയോ' എന്നായിരുന്നു.

ഒരു നിമിഷനേരം ചുറ്റും നോക്കിനിന്നശേഷം ഞാൻ പേഴ്സെടുത്ത് റിക്ഷാ ഡ്രൈവറുടെ കാശ് കൊടുത്തു കാശുകിട്ടിയ ഉടനെ ഒരു ചെറിയ ചിരിയോടെ അയാൾ സ്ഥലം വിടുകയും ചെയ്തു.

പിന്നീടാണ് ഓർത്തത്, എത്രയാണ് കൊടുത്തതെന്ന് നോക്കിയില്ലല്ലോ!

പക്ഷെ അതിലും അതിശയകരമായ കാര്യം അയാളും നോക്കിയില്ല എന്നതായിരുന്നു. കിട്ടിയതുക അങ്ങനെതന്നെ കീശയിലിട്ടു..

ശ്മശാനം സൂക്ഷിപ്പുകാരൻ എന്റെയടുത്തേക്കുവന്നു.

അയാളുടെ മുഖം കണ്ടപ്പോൾ പെട്ടെന്ന് ഞാൻ.. ഒരു നടുക്കത്തോടെ. ഓർത്തു ഇയാളെ പലദിക്കിൽ വെച്ചു കണ്ടിട്ടുണ്ടല്ലോ! ഇവിടെ താമസമാക്കുന്നതിന് മുമ്പും...

പക്ഷെ കഴിയുന്നതും എന്റെ ഭാവം മറച്ചുപിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു:

"ഇവിടെ ഇന്ന് പത്തുമണിക്ക് ഭാസ്ക്കരൻ എന്നൊരാളുടെ അമ്മയുടെ ശവദാഹത്തിന് ഏർപ്പാട് ചെയ്തിട്ടില്ലേ? അവരാരെങ്കിലും..."

ഞാൻ പൂർത്തിയാക്കുന്നതിനുമുമ്പായി അയാൾ പറഞ്ഞു:

"ഭാസ്ക്കരനോ? അയാളുടെ അമ്മയുടെ ശവദാഹമോ? ഇല്ലല്ലോ, അങ്ങനെയൊന്നുമില്ലല്ലോ!"

ഞാൻ അമ്പരപ്പോടെ പറഞ്ഞു:

"പക്ഷെ ഇന്നലെ വൈകുന്നേരം എന്നോട്...."

അയാൾ ചിരിക്കാൻ തുടങ്ങി. എന്നിട്ട് എന്നെ സാന്ത്വനിപ്പിക്കാനെ ന്നോണം പറഞ്ഞു:

"ഇല്ല, ഇല്ല"

പിന്നീട് എന്നോട് അയാൾ ദൃഢസ്വരത്തിൽ പറഞ്ഞു: "വരൂ-"

എവിടേക്കാണ് എന്നെ വിളിക്കുന്നതെന്നോർത്തപ്പോൾ ഭയം തോന്നി.

അപ്പോൾ ഭാസ്ക്കരനും അയാളുടെ അമ്മയുമുണ്ടായിരുന്നില്ല. ഞാനും അയാളും മാത്രമായിരുന്നു.

ശ്മശാനം തീർത്തും വിജനമായിരുന്നു...

കാവൽപ്പുരയുടെ അരികിലായി ഒരു ചിത ഒരുക്കിവെച്ചിട്ടുണ്ടായി രുന്നു. ചാൽ കീറി, വിറകും ചിരട്ടയും അട്ടിവെച്ച്... മഴവെള്ളം വീഴാതി രിക്കാൻ പോളിത്തീൻ ഷീറ്റുകൊണ്ടു മൂടി....

ചിതയിലേക്ക് നോക്കിനിന്നപ്പോൾ എന്റെ മനസ്സിൽ നിന്ന് സംശയവും പരിഭ്രമവുമൊക്കെ അകന്നുപോയി. ശ്മശാനം സൂക്ഷിപ്പുകാരൻ അപ്പോൾ പതുക്കെ, ഒരു മന്ത്രം ഉരുവിടുന്നതുപോലെ പറയുന്നുമുണ്ടാ യിരുന്നു:

"ഇല്ല, ഭയപ്പെടാനൊന്നുമില്ല. എല്ലാം വേഗത്തിൽ കഴിയും വേണ മെങ്കിൽ, ഇതൊക്കെ ഒരു സ്വപ്നമാണെന്ന് കരുതി..."

അയാൾ എന്നെ സഹായിക്കുകയാണെന്ന് എനിക്ക് അപ്പോൾ മന സ്സിലായി.

ഒ.വി. വിജയൻ

ചെങ്ങന്നൂർ വണ്ടി

അന്ന് എന്തുകൊണ്ടോ തീവണ്ടി അഞ്ചു മിനിട്ടു താമസിച്ചു പോയി. തീവണ്ടികളുടെ സമയതാമസം നിരോധിച്ച മഹാപരിഷ്കരണത്തിനു ശേഷം ഇങ്ങനെ സംഭവിക്കുന്നത് ആദ്യമായാണ്. സഞ്ചാരി അരിശം കൊണ്ടു. ഒന്ന് ഇരുപത്തിയഞ്ചിന് വീട്ടിൽ തിരിച്ചെത്താമെന്നായിരുന്നു കരാറ്. ആരോടും ചെയ്ത കരാറല്ല. മറ്റ് അന്യരാരെക്കാളും പ്രധാന മായ സ്വന്തം അന്തഃകരണത്തോട് ഏറ്റുപറഞ്ഞ നിശ്ചയം. തീവണ്ടി യുടെ താമസം കാരണം വീട് എത്തുമ്പോൾ ഒന്നരമണിയാകും. കാടും മലയും വെളിമ്പുറവും താണ്ടി ആവിയും നീരും കലർന്ന ചാരനിറമുള്ള പുകയൂതി ചൂളം വിളിച്ച് പാളങ്ങളിലൂടെ ഉരുണ്ട തീവണ്ടി പരസഹസ്രം മനുഷ്യരുടെ ജീവിതചക്രങ്ങളുമായി ഇണങ്ങിയാണു സഞ്ചരിച്ചത്. മഹാ പരിഷ്കരണത്തിന്റെ താളക്രമം. കായംകുളത്ത് ഇറങ്ങേണ്ടവർ, ചോറ്റാ നിക്കര ഇറങ്ങേണ്ടവർ, ഗുരുവായൂരിലും കാൽവരിക്കുന്നിൻചുവട്ടിലും ഇറങ്ങേണ്ടവർ, ഒരുമണിക്കും ഒന്നരയ്ക്കും ഒന്നേമുക്കാലിനും രണ്ടു മുപ്പ ത്തിയേഴിനും ഒക്കെ വേറെ വേറെ ഇറങ്ങേണ്ടവർ, ഇങ്ങനെ വിവിധ ലക്ഷ്യങ്ങളും സമയങ്ങളുമുള്ള മനുഷ്യരോടത്രയും മഹാപരിഷ്കരണ ത്തിന്റെ അച്ചടക്കത്തിൽ തീവണ്ടി ഒത്തു സഞ്ചരിച്ചു. അതുകൊണ്ടാണ് അഞ്ചു മിനിട്ടിന്റെ താമസം സഞ്ചാരിയെ അസ്വസ്ഥനാക്കിയത്. യാത്രാ മദ്ധ്യേ അയാൾ തീവണ്ടിമുറിയിലെ കൺഡക്ടറോടു പറഞ്ഞു: “നമുക്ക് ഒരാളെയെങ്കിലും കൊല്ലേണ്ടിവരുമല്ലോ.”

“നിശ്ചയമായും.” കൺഡക്ടർ പറഞ്ഞു.

“ഇത്രയുമധികം മനുഷ്യരുടെ താളക്രമം തെറ്റുകയാണ് ഈ താമ സത്തിലൂടെ സംഭവിച്ചത്.”

“ഞാൻ അതിൽ ഖേദിക്കുന്നു. പക്ഷേ, കൃത്യവിലോപം സംഭവിച്ചത് എന്റെ ഭാഗത്തുനിന്നല്ല.”

സഞ്ചാരി തെല്ലുനേരം ചിന്താവിഷ്ടനായി.

“ഈ കൃത്യവിലോപം ആരുടെ ഭാഗത്തുനിന്നാണ് സംഭവിച്ചതെന്നു

നമുക്ക് ആരാഞ്ഞുപിടിക്കണം." അയാൾ പറഞ്ഞു.

"ശരിയാണ്. ആരായുകതന്നെ വേണം." കൺഡക്ടറും പറഞ്ഞു.

"അതിനു സമയം പിടിക്കും. എനിക്കാണെങ്കിൽ ഇറങ്ങാറുമായി. അപ്പോൾ കൊല്ലപ്പെടേണ്ട ആൾ ശിക്ഷ അനുഭവിക്കാതെ കടന്നുകളയും."

കൺഡക്ടർ തന്റെ നെഞ്ചത്ത് കൈ വച്ചു ചിരിച്ചു കൊണ്ടു പറഞ്ഞു: "നിങ്ങൾക്ക് ആവിയന്ത്രത്തിലും തണ്ടുപാളത്തിലും വിശ്വാസമില്ലേ? ഞങ്ങളിൽ ഒരാൾ കൊല്ലപ്പെടേണ്ടവനാണെന്നു തെളിഞ്ഞാൽ അയാൾ സ്വയം ജീവനെ നശിപ്പിക്കുകയേ ഉണ്ടാവൂ കഴിഞ്ഞ കൊല്ലം അഞ്ഞൂറ്റിയേഴു പേർ ഇങ്ങനെ മരണം വരിച്ചു. ടിക്കറ്റ് വാങ്ങിയവർക്ക് കമ്മിചില്ലറ കൊടുത്തവരാണ് ഇവരിൽ മിക്കവരും. പതിമ്മൂന്നു പേർ ചായയിൽ മൂന്നു തുടം പഞ്ചസാരയിടുന്നതിനു പകരം രണ്ടു തുടം മാത്രമിട്ട് കൃത്യവിലോപം കാണിച്ചവരുമായിരുന്നു."

സഞ്ചാരിയുടെ മുഖത്ത് അക്ഷമ സ്ഫുരിച്ചു: "റെയിൽവേ വകുപ്പിനു വഴി തെറ്റുന്നു." അയാൾ പറഞ്ഞു. "തെറ്റു തിരുത്താൻ സ്വജീവൻ അപഹരിക്കുന്നത് താളക്രമത്തോടുള്ള പ്രതിബദ്ധതയാണെന്നു ഞാൻ സമ്മതിക്കാം. പക്ഷേ, ശിക്ഷിക്കപ്പെടുന്നവന്റെയും ശിക്ഷിക്കുന്നവന്റെയും സംയുക്തപരിശ്രമമായിട്ടാണല്ലോ മരണം സംഭവിക്കേണ്ടത് ആത്മഹത്യ ഏകപക്ഷീയമാണ്. പോരെങ്കിൽ അതിനു സ്വകാര്യയത്നത്തിന്റേതായ ഒരനാശാസ്യവശവുമുണ്ട്. കൊല്ലാവസാനത്തിൽ നിങ്ങളുടെ ആഡിറ്റർമാർ ഇതു ചൂണ്ടിക്കാണിക്കുമെന്നതിൽ സംശയമില്ല."

കൺഡക്ടർ വിളറി: "ഞാൻ അത്രയ്ക്ക് ആലോചിച്ചില്ല. പക്ഷേ, അങ്ങ് സമാധാനത്തോടെ ഇറങ്ങുക. തീവണ്ടി അതിന്റെ അവസാനത്തെ ഘട്ടം എത്തുന്നതിനുമുമ്പ് ഈ കാലവിളംബത്തിന് ഇടയാക്കിയ ജീവനക്കാരനെ മറ്റു യാത്രക്കാർ ആരെങ്കിലും കൊല്ലുമെന്ന് താങ്കൾക്ക് ആശ്വസിക്കാം."

"മൂഢാത്മാവേ, അങ്ങനെ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. എനിക്ക് ഇറങ്ങാനുള്ളത് ചെങ്ങന്നൂരാണ്. ചെങ്ങന്നൂരിൽ അഞ്ചു നിമിഷം താമസിച്ച് എത്തുന്നു. ചെങ്ങന്നൂരിൽ ഞാൻ മാത്രമേ ഇറങ്ങുന്നുള്ളു. ഇതുപറയാൻ പ്രത്യേക കാരണവുമുണ്ട്. പിന്നത്തെ സ്റ്റേഷൻ കാൽവരിക്കുന്നാണ്."

"അവിടെ എത്തുമ്പോഴേക്കാകട്ടെ, ഈ അഞ്ചു നിമിഷത്തെ അമാന്തം നികത്തപ്പെടുകയും ചെയ്യും. അപ്പോൾ അവിടെ ഇറങ്ങുന്നവരോ അതിനുശേഷം ഇറങ്ങുന്നവരോ ആയ യാത്രക്കാർക്കാർക്കും തന്നെ ശിക്ഷാർഹനായ ജീവനക്കാരനെ കൊല്ലാൻ അർഹതയില്ലാതായിത്തീരും."

"ക്ഷമിക്കണം, ഇത്രയുമധികം സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകുമെന്നു ഞാൻ കരുതിയതല്ല. താമസം വരുത്തിയത് ഡ്രൈവറുടെ സഹാ

യിയായ ഫയർമാൻ ആവണമെന്നു പ്രാഥമിക അന്വേഷണങ്ങൾ തെളിയിച്ചിരിക്കയായിരുന്നു. ചെറുപ്പക്കാരനും ഉത്സാഹിയുമായ ആ മനുഷ്യനോടു ഞാൻ ഈ വിവരം പറയുകയും യാത്രക്കാർ തന്റെ തല വെട്ടുന്നതിനു വേണ്ട സഹകരണം അയാൾതന്നെ വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു."

സഞ്ചാരിയുടെ ക്ഷോഭം പൂർവ്വാധികം വർദ്ധിച്ചു:"നിങ്ങൾ റെയിൽവേക്കാർക്ക് എന്താണു സംഭവിക്കുന്നത്? ഫയർമാന്റെ മാത്രം കുറ്റമല്ല ഈ താമസം. ഈ തീവണ്ടിയെഞ്ചിൻ നിർമ്മിച്ച കമ്പനിക്കാർ, വഴിനീളെയുള്ള സിഗ്നലിങ് സംവിധാനത്തെ നോക്കി നടത്തുന്നവർ – ഇങ്ങനെ പലരും കുറ്റവാളികളായിരിക്കാൻ ന്യായമുണ്ട്. ഈ വിവരം കമ്പിയില്ലാക്കമ്പി മുഖേനയും അതീന്ദ്രിയജ്ഞാനത്തിലൂടെയും നേടി നിങ്ങൾ എന്നെ അറിയിക്കണമായിരുന്നു. ഇപ്പോൾ എന്റെ താളക്രമം പാടേ തകരാറിലായിരിക്കുന്നു."

"റെയിൽവേ സ്ഥാപനത്തിനുവേണ്ടി ഞാൻ താങ്കളോട് മാപ്പു ചോദിക്കുന്നു താങ്കളുടെ താളക്രമം തകരാറിലായതിന് ഞങ്ങളുടെ മേലുദ്യോഗസ്ഥന്മാർ താങ്കൾക്കു നഷ്ടപരിഹാരവും തരും "

"ഹേ, മനുഷ്യാ! നഷ്ടപരിഹാരം വരവുചെലവു കണക്കുകളുടെ താളക്രമത്തെ അപകടപ്പെടുത്തുകയാണെന്ന് താങ്കൾക്കറിയില്ലേ?"

"അപ്പോൾ," കണ്ടക്ടർ വിഷാദം പൂണ്ടു. "തെറ്റിനു തിരുത്ത് സാദ്ധ്യമല്ല എന്നുവരില്ലേ?"

"അതിനെന്തു സംശയം? തെറ്റിനു തിരുത്തില്ല തെറ്റിനു പകരം മരണം മാത്രമാണ് അതിരിക്കട്ടെ, ചെങ്ങന്നൂരെത്താറായി. ഞാൻ ഇറങ്ങാൻ ഒരുങ്ങുന്നു."

"നല്ലത് ഈ കാലവിളംബമൊഴിച്ചാൽ യാത്ര സുഖകരമായിരുന്നോ?"

"ആയിരുന്നു. നന്ദി "

സഞ്ചാരി അങ്ങനെ, അഞ്ചു മിനിട്ട് വൈകി വീട്ടിലെത്തി അഞ്ചാം ക്ലാസ്സിലും ഏഴാം ക്ലാസ്സിലും പഠിക്കുന്ന തന്റെ മക്കൾ ഇരുന്ന് ഹോംവർക്ക് ചെയ്യുന്നു; ഇപ്പോൾ സ്കൂളുകൾ വിദ്യാർത്ഥികൾക്കു ഭാരിച്ച വീട്ടുപണിയാണ് ഏല്പിക്കുന്നത്.

"നിങ്ങൾ എന്തൊക്കെ ചെയ്യുന്നു?" അയാൾ അവരോടു ചോദിച്ചു.

"കണക്ക്, ക്ഷേത്രഫലം." മൂത്തവൾ പറഞ്ഞു.

"ചരിത്രം, അശോകന്റെ കലിംഗയുദ്ധം." ഇളയവൻ പറഞ്ഞു.

സഞ്ചാരി വീട്ടിനകത്തേക്കു നോക്കി·

"ആ കിടക്കുന്ന തല ആരുടേതാണ്?" അയാൾ ചോദിച്ചു.

കുട്ടികൾ രണ്ടുപേരും ഒരുമിച്ച് ഉത്തരം പറഞ്ഞു: "പി കെ വിശാലാക്ഷി, റോൾ നമ്പർ മുപ്പത്തിമൂന്ന്, ഏഴാംക്ലാസ്സിലെ ബി. ഡിവിഷൻ."

"ഓഹോ, നല്ലതുതന്നെ. വിശാലാക്ഷി നമ്മുടെ അയൽവാസിയായിരുന്നില്ലേ?"

"അതെ."

"എങ്ങനെയാണ് വിശാലാക്ഷി താളക്രമം തെറ്റിച്ചത്?"

കുട്ടികൾ രണ്ടുപേരും ഒരുമിച്ച് ഉത്തരം പറഞ്ഞു: "വിശാലാക്ഷി അസമയത്ത് വീട്ടിൽ വന്നു ഞങ്ങളെ പല്ലാംകുഴി കളിക്കാൻ ക്ഷണിച്ചു ഞങ്ങൾ ക്ഷണം സ്വീകരിച്ചിരുന്നുവെങ്കിൽ ഈ കണക്കും ചരിത്രവും ഞങ്ങൾക്ക് കൃത്യസമയത്തിനു ചെയ്തുതീർക്കാൻ കഴിയുമായിരുന്നില്ല. അതും പോരാഞ്ഞ് വിശാലാക്ഷി ഞങ്ങളുടെ ഹോംവർക്ക് കളവായി പകർത്തിയെടുത്തു."

"വിശാലാക്ഷിയുടെ തല വീരാളിപ്പട്ടിൽ പൊതിഞ്ഞുവയ്ക്കണം. വീരാളിപ്പട്ട് മിച്ചമുണ്ടോ?"

"ഇനിയും ഉപയോഗിച്ചിട്ടില്ലാത്ത ഒന്നേമുക്കാൽ മീറ്റർ ബാക്കിയുണ്ട് "

"അതു മതിയാവും."

വസ്ത്രങ്ങൾ മാറ്റി അയാൾ കുളിമുറിയിലേക്കു കടന്നു കുട്ടികൾ കണക്കിലും ചരിത്രത്തിലും മുഴുകി അവരുടെ ജോലികൾ കൃത്യസമയത്തു തീർക്കാനായി പരിശ്രമിച്ചു. കുളി കഴിഞ്ഞു പുറത്തുവന്ന അയാൾ അവരോടു ചോദിച്ചു "അമ്മയെവിടെ?"

"മിനിയാന്ന്, അച്ഛൻ സഞ്ചാരത്തിലായിരുന്നപ്പോൾ, പാമ്പുകടിച്ചു മരിച്ചു."

"ഓഹോ, അങ്ങനെയോ? എന്തു പാമ്പായിരുന്നു?"

"മൂർഖൻ രാജവെമ്പാല "

"മരിക്കാൻ എത്ര സമയമെടുത്തു?"

"നാല്പത്തിയഞ്ചു മിനിട്ട്."

"എന്നിട്ട് ശവശരീരത്തെ നിങ്ങൾ എന്തുചെയ്തു?"

"ഞങ്ങൾ ഒന്നും ചെയ്തില്ല. ഞങ്ങൾ നഗരസഭയെ അറിയിച്ചു. അവർ വേണ്ടതു ചെയ്തിരിക്കുമെന്ന് ഞങ്ങൾ കരുതുന്നു."

"ശരി, നല്ലതുതന്നെ പക്ഷേ, നിങ്ങൾ സംസാരിച്ച് സമയം നഷ്ടപ്പെടുത്തരുത്. ഹോംവർക്ക് കൃത്യസമയത്തിനു ചെയ്തുതീർക്കേണ്ടേ?"

"സാരമില്ല. അച്ഛന്റെ വരവു പ്രതീക്ഷിച്ച് ഞങ്ങൾ പത്തുമിനിട്ട് ലാഭിച്ചുവച്ചിരുന്നു. അതിൽ അഞ്ചു മിനിട്ട് വിശാലാക്ഷിയെ കൊല്ലാൻ ചെലവിട്ടു. പിന്നെ അഞ്ചു മിനിട്ട് അച്ഛനോടു സംസാരിക്കാനും."

അയാളുടെ മുഖം സംഭ്രമം പൂണ്ട് വിവർണമായി. അറിയാതെ അയാൾ കത്തി നിവർത്തിപ്പിടിച്ചു. "ഞാനുമായി സംഭാഷണം നടത്തിയില്ലായിരുന്നുവെങ്കിൽ, അഞ്ചു മിനിട്ടു മുമ്പോ, അല്ലെങ്കിൽ ഒരുപക്ഷേ, പത്തു മിനിട്ടുമുമ്പുതന്നെയോ നിങ്ങൾ നിങ്ങളുടെ ഹോംവർക്ക് ചെയ്തുതീർത്തിരിക്കും. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ അതു താളക്രമത്തെ

തെറ്റിച്ചിരിക്കും. ഭൗതികനിയമങ്ങളെ തകിടംമറിച്ചിരിക്കും. അങ്ങനെ തകിടം മറിക്കുന്നതിനുള്ള ശിക്ഷ എന്തെന്നറിയാമല്ലോ?"

ശിക്ഷ ഒഴിവായതിലുള്ള നിരാശയിൽ അയാൾ കത്തി മടക്കി ഉറയിലിട്ടു.

"ശരിയാണ് " കുട്ടികൾ പറഞ്ഞു.

അയാൾ തന്റെ ഭാര്യയുടെ മരണത്തെക്കുറിച്ച് ഓർത്തു:

"പാമ്പിന് എത്ര നീളമുണ്ടായിരുന്നു?"

"മൂന്നടി ഏഴേമുക്കാലംഗുലം." കുട്ടികൾ ഒരുമിച്ചു മറുപടി പറഞ്ഞു

"തൂക്കമോ?"

"തൂക്കി നോക്കിയില്ല "

"ഈ കൃത്യവിലോപത്തിനു കാരണമെന്ത്?"

ഒരു നിമിഷത്തെ നിശബ്ദതയ്ക്കുശേഷം മൂത്ത കുട്ടി അനുജനെ ഒറ്റിക്കൊടുത്തു "ഇവനാണ് തൂക്കിനോക്കേണ്ടെന്നു പറഞ്ഞത്."

"അങ്ങനെയോ?"

ഇളയവൻ തന്റെ തെറ്റു സമ്മതിച്ചു കുപ്പായക്കുടുക്കഴിച്ച് ഒരാമ അതിന്റെ തോടിനകത്തുനിന്ന് എന്നപോലെ കഴുത്ത് നീട്ടിപ്പിടിച്ചു.

"മിടുക്കൻ, സാമൂഹ്യബോധമുള്ളവൻ" എന്നുപറഞ്ഞുകൊണ്ട് അയാൾ അവന്റെ കഴുത്ത് തലോടി എന്നിട്ട് ഒരു ഗണിതശാസ്ത്രസൂചികയെടുത്ത് ക്ഷണത്തിൽ മറിച്ചുനോക്കി.

"ഈ കൃത്യവിലോപത്തിന് തലയെടുക്കേണ്ട ആവശ്യമില്ല. വലതു കൈപ്പടം അരിഞ്ഞാൽ മാത്രം മതി "

കുട്ടി, ചെറുപ്പക്കാരുടെ പരിഷ്ക്കാരമുറയനുസരിച്ച്, വലതുകൈയിൽ കെട്ടിയിരുന്ന റിസ്റ്റ് വാച്ച് ഇടതുകൈയിലേക്കു മാറ്റി, വലതുകൈ അച്ഛന്റെ നേർക്ക് നീട്ടിപ്പിടിച്ചു അയാൾ അതു വൃത്തിയായി അരിഞ്ഞെടുത്ത് മുറിവായിൽ മരുന്നു വച്ച് തുണികൊണ്ടു കെട്ടി. "ഇതും പൊതിഞ്ഞ് വിശാലാക്ഷിയുടെ തലയുടെ കൂടെ വയ്ക്കുക "

ആ സമയത്തു വ്യോമസേനയുടെ പോർവിമാനങ്ങൾ വലിയ ഹുങ്കാരത്തോടെ താഴോട്ട് ഊളിയിട്ടു വെടി തുടങ്ങി അയാൾ ജനാലയിലൂടെ തെരുവിലേക്കു നോക്കി

"ഉചിതമായി " അയാൾ പറഞ്ഞു: "തെരുവിൽ മൂത്രമൊഴിക്കുന്നവരെ വ്യോമസേന വെടിവച്ചു വീഴ്ത്തുകയാണ്. ആഴ്ചയിലൊരു ദിവസം നമുക്കു വിധിച്ച ഉല്ലാസയാത്രയ്ക്കായി നാം നാളെ തെരുവിലിറങ്ങുമ്പോൾ തെരുവു ശുദ്ധമായിരിക്കും. മൂത്രമൊഴിക്കുന്ന രാജ്യദ്രോഹികളുടെ ശല്യം അവസാനിച്ചിരിക്കും. നാളെ വെള്ളിയാഴ്ച."

"അതെ " മകൾ പറഞ്ഞു, "നാളെ വെള്ളിയാഴ്ച."

"താളക്രമം നമുക്ക് അനുവദിച്ചുതന്ന ഉല്ലാസയാത്രയുടെയും വിശ്രമത്തിന്റെയും ദിവസം "

ചാരനെ പിടികൂടുന്ന ദേശസ്നേഹിയുടെ വ്യഗ്രതകൊണ്ട് മകളുടെ

കണ്ണുകൾ കനച്ചു. മുഷ്ടി ചുരുട്ടി അവൾ അച്ഛനോടടുത്തു.

"രാജ്യദ്രോഹീ!"

"എന്താണു പിഴച്ചത്. മകളേ?" പരിഭ്രാന്തനായി അയാൾ ചോദിച്ചു.

ഇപ്പോൾ മകളുടെ രോഷം തെല്ലൊന്നടങ്ങി.

"നാളെ വെള്ളിയാഴ്ച കാൽവരിക്കുന്നിൽ കുരിശേറ്റമാണ്." അവൾ പറഞ്ഞു: "അച്ഛൻ അതു മറന്നു."

അയാൾ തലതല്ലി നിലവിളിച്ചു. "ഞാൻ അതു മറന്നേ പോയി താള ക്രമം എന്നെ ശിക്ഷിക്കട്ടെ."

"അച്ഛൻ ശാന്തനാകൂ. പഞ്ചായത്തു പ്രസിഡണ്ടിന്റെ എഴുത്ത് അച്ഛനു വന്നിരുന്നു താളക്രമത്തിന്റെ കേന്ദ്രസമിതി അംഗീകരിച്ച ലിഖിതം. അതിൻപടി നാളെ ഉച്ചയ്ക്ക് എറണാകുളത്തെ ഒരു മരയാശാരിയായ കോച്ചയെ* കാൽവരിക്കുന്നിൽ കുരിശേറ്റുന്നു. കാൽവരി പഞ്ചായത്ത തിർത്തിയിൽ താമസിക്കുന്നവരുടെ മാത്രമല്ല, ചെങ്ങന്നൂരുവരെയുള്ള താളക്രമവിശ്വാസികളുടെയത്രയും പാപം കഴുകിക്കളയാനായി സ്വന്തം ചോരയൊഴുക്കാൻ അനുവദിക്കണമെന്ന് ഈ കോച്ച പഞ്ചായത്തു ബോർഡിനോട് അപേക്ഷിച്ചതനുസരിച്ചാണു കുരിശേറ്റം. താളക്രമവി ശ്വാസികൾക്കു പാപമുണ്ടെന്നതല്ല ഇതിന്റെ അർത്ഥം നേതൃത്വം പുതി യതായി അംഗീകരിച്ച 'തുറന്ന താളക്രമസിദ്ധാന്ത'ത്തെ തെളിയിക്കാൻ വേണ്ടി മാത്രം കുരിശേറ്റത്തിൽ അച്ഛന്റെ ചുമതല എന്തെന്ന് പഞ്ചാ യത്തു ബോർഡ് പ്രസിഡന്റ് എഴുതിയറിയിച്ചിരുന്നു· 'കുരിശേറ്റത്തിനു ശേഷം കുരിശിനെ മരപ്പീടികക്കാർക്ക് തിരിച്ചു വിൽക്കുക.'

ഒരു മുക്കാൽ മിനിട്ടുനേരത്തേക്ക് അയാൾ നിശ്ശബ്ദനായി എന്നിട്ടു പറഞ്ഞു, "താളക്രമം എനിക്കു മാപ്പുതന്നാൽ പോലും, ഞാൻ എനി ക്കുതന്നെ മാപ്പുകൊടുക്കില്ല." അയാൾ മകന്റെ ശിഷ്ടമുള്ള കൈയി ലേക്കു സൂക്ഷിച്ചുനോക്കി "നിന്റെ ഇടതുകൈ പ്രയോഗിക്കാൻ നിനക്കു പറ്റുമോ, മകനേ?"

"താളക്രമത്തെ സംരക്ഷിക്കാനാവശ്യമെങ്കിൽ എന്റെ ശേഷിച്ച കൈയും ഉപയോഗിക്കാൻ ഞാനൊരുക്കമാണ്."

"എന്റെ കുറ്റം വലിയതാണ്, മകനേ."പറയുന്നതിനിടയ്ക്ക് കൈയിലെ ഘടികാരത്തിൽ കൺപായിച്ചുകൊണ്ട് സഞ്ചാരി തുടർന്നു "അതിനെ ക്കുറിച്ച് ഇങ്ങനെ സംസാരിച്ചുകൊണ്ടുതന്നെ അനുവദിച്ച സമയത്തേ ക്കാൾ ഒന്നേമുക്കാൽ മിനിട്ടു ഞാൻ വ്യയം ചെയ്തു. ഇപ്പോൾത്തന്നെ അക്ഷരക്കൂടുതലുള്ള വാക്കുകൾ ഉപയോഗിക്കുകയും വാചക ഘടന നീട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നതിലൂടെ ഞാൻ വീണ്ടും സമയ നഷ്ടം വരുത്തുന്നു. അവസാനത്തെ കുറ്റത്തിനുള്ള ശിക്ഷ നാവ് അരി ഞ്ഞുകളയലും, ആദ്യത്തെ കുറ്റത്തിനുള്ള ശിക്ഷ തലയറുക്കലുമാണ്.

---

* യഹൂദനെ

അതിനാണ് നിന്റെ ശേഷിച്ച കൈയിനു സ്വാധീനമുണ്ടോ എന്നു ഞാൻ ചോദിച്ചത്."

പെൺകുട്ടി ഇടയ്ക്കു കയറിപ്പറഞ്ഞു. "എനിക്ക് ഒരു മിനിട്ടു ബാക്കിയുണ്ട് അതിൽ ഞാൻ പറഞ്ഞുതീർക്കാം അച്ഛൻ തലയരിയിച്ചുകളഞ്ഞാൽ കാൽവരിക്കുന്നിലെ പഞ്ചായത്തു ബോർഡിനോടുള്ള ചുമതല അച്ഛനു നിർവഹിക്കാനാവാതെ പോവും മാത്രമല്ല, കുറ്റത്തിന് ആരെയും നേരിട്ടു ശിക്ഷിക്ക വയ്യാത്ത ഒരവസ്ഥയും ഉണ്ടായിത്തീരും."

"പകരം മറ്റാരെങ്കിലും ശിക്ഷിക്കപ്പെടണമല്ലോ. അതാരായിരിക്കും?"

"തദ്ദേശസ്വയംഭരണ മന്ത്രി "

"അയ്യോ, നമ്മുടെ അവറാച്ചനോ? അവറാച്ചന്റെ തലയറുത്താൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രവർത്തനങ്ങൾക്കു താളപ്പിഴ വരുമല്ലോ. പിന്നെയും അക്കാരണത്താൽ പലരും ശിക്ഷിക്കപ്പെടേണ്ടിവരുമല്ലോ "

"അതുകൊണ്ട്. അച്ഛൻ തലയറുക്കുന്നതു തല്ക്കാലം നീട്ടിവയ്ക്കണം" മകന്റെ ഇടതുകൈയിൽ കെട്ടിയിരുന്ന വാച്ചു നോക്കി "ഇനി ഒന്നും ചോദിക്കരുത്, എന്റെ സമയം കഴിഞ്ഞു. ഓവർ."

അയാൾ മക്കളെ വിട്ടുകൊണ്ട് തന്റെ അറയിലേക്കു വലിഞ്ഞ് പിറ്റേന്നേക്കുള്ള പരിപാടികൾ പഠിച്ചു ഇപ്പോൾ മുപ്പത്തേഴര മിനിട്ട് ഒഴിവാണ് വിശാലാക്ഷിയുടെ തലകരണ്ടുതിന്നാൻ ശ്രമിച്ച കാടൻ പൂച്ചയെ ശിക്ഷിച്ചശേഷം, ശിഷ്ടമുള്ള മുപ്പത്തിയഞ്ചര മിനിട്ടു (പൂച്ചയുടെമേൽ ശിക്ഷാവിധി രണ്ടു മിനിട്ടെടുത്തു) മനസ്സമാധാനത്തിനായി ചെലവിടാൻ അയാൾ തീരുമാനിച്ചു അയാൾ പത്മാസനത്തിലിരുന്നുകൊണ്ട് ചൊല്ലിത്തുടങ്ങി

2 X1 = 2, 2 X2 = 4, 2 X3 = 6, 2 X4 = 8

ഗുണകോഷ്ഠം മനുഷ്യവർഗത്തിന്റെ പുരോഗതിയേയും സാമൂഹികഭദ്രതയേയും വളർച്ചയുടെ പ്രകൃതിനിയമങ്ങളേയും നിയന്ത്രിക്കുന്നതും ദുർബലവികാരങ്ങൾ തീണ്ടാത്തതുമായ ഒരേയൊരു സൂത്രസംഹിത ഏകാഗ്രതയോടെ അയാൾ രണ്ടിന്റെയും നാലിന്റെയും മനഃപാഠമാല ചൊല്ലിത്തീർത്തു എന്നിട്ടു ശിഷ്ടമുണ്ടായിരുന്ന നിമിഷങ്ങളിൽ കലവറമുറിയിൽ ചെന്നു നോക്കി. പാമ്പുകടിച്ചു ചത്ത ഭാര്യയുടെ ശവശരീരം നഗരസഭക്കാർ നീക്കം ചെയ്തിട്ടില്ല നാല്പതു മണിക്കൂർ നീണ്ടു നിന്ന താളപ്പിഴ അതിനു പലരേയും ശിക്ഷിക്കേണ്ടിവരും. നാല്പതു മണിക്കൂറെന്നത് ഭീമമായ ഒരു കാലയളവായിരുന്നു; അത് അയാളിൽ ആശങ്കകൾ നിറച്ചു. രാഷ്ട്രത്തിന്റെ അടിത്തറ ഇളകുന്ന ഏതോ വിപത്തിന്റെ ആസന്നത അയാൾ അറിഞ്ഞു. മിച്ചമുണ്ടായിരുന്ന പന്ത്രണ്ടു മിനിട്ടിൽ തന്റെ ഭാര്യയുടെ ദേഹത്തിൻപുറത്തു കണ്ട പുഴുക്കളെ നുള്ളിയെടുത്തു കണക്കു വച്ചു നാല്പത്തിയെട്ടു പുഴുക്കളും, വലിച്ചെടുത്തപ്പോൾ പൊട്ടിപ്പോയ ഒരരപ്പുഴുവും ഒന്നരപ്പുഴുകൂടിയുണ്ടായിരുന്നെങ്കിൽ അമ്പതു പുഴു തികയുമായിരുന്നു; അമ്പത് എന്ന സംഖ്യ നാല്പത്തി

യെട്ടര എന്നതിനെക്കാൾ ഓർമവയ്ക്കാൻ എളുപ്പം, അത്രയും സമയ ലാഭം.

നിശ്ചിതമായ അവരുടെ ഭക്ഷണം അളന്നുകഴിച്ച് അച്ഛനും മക്കളും കൃത്യസമയത്ത് ഉറങ്ങാൻ കിടന്നു, കൃത്യസമയത്ത് ഉറങ്ങി. നിർദ്ദിഷ്ട മായ മണിക്കൂറുകൾ ഉറങ്ങിത്തീർത്തശേഷം അവർ കൃത്യസമയത്ത് ഉണർന്നു. എഴുന്നേറ്റു കാപ്പിയുണ്ടാക്കി കുടിച്ചു. അച്ഛനും മക്കളും കാൽവരിക്കുന്നിലേക്കു യാത്രപുറപ്പെടാൻ തയ്യാറെടുക്കുകയായി

കാൽവരിക്കുന്നിൽ പഞ്ചായത്തു ബോർഡിന്റെ ക്ഷണമനുസരിച്ച് പൗരമുഖ്യന്മാർ തങ്ങൾക്കായി നിരത്തിയ കസേരകളിൽ ഇരുന്നു. മുമ്പിൽ മൂന്നു കുരിശുകൾ നാട്ടിയിരുന്നു വലതുവശത്തു നാട്ടിയ കുരിശിൽ ആദായനികുതിയിൽ ബാക്കി വരുത്തിയ ഒരു ഗുമസ്തനും ഇടതുവശത്തിൽ വൈദ്യവിധിയെ മാനിക്കാതെ ജിലേബി കട്ടുതിന്ന ഒരു പ്രമേഹരോഗിയും ആണിയടിച്ചു തൂങ്ങിക്കിടന്നു നടുവിലെ കുരിശിൽ കാൽവരിയിലെയും ചെങ്ങന്നൂരിലെയും ആളുകളുടെ പാപങ്ങൾ കഴുകിക്കളയാനായി സ്വയം കുരിശേറാൻ സന്നദ്ധനായ മരയാശാരിയും നടുവിലെ കുരിശിനു മുമ്പിൽ ഒരു കൊച്ചു മേശയിൽ വച്ച ഘടികാരം പരിപാടികൾക്കു സമയം കുറിച്ചു കൃത്യം പന്ത്രണ്ടുമണിക്കു പതാകവന്ദനം, പന്ത്രണ്ടു പതിനേഴിന് പെൺകുട്ടികളുടെ ദേശസ്നേഹനൃത്തം, പന്ത്രണ്ടേമുക്കാലിന് ദേശീയ പദ്ധതികളോട് കൂറു പ്രഖ്യാപിക്കുന്ന സത്യവാചകം ചൊല്ലൽ നടുവിലെ കുരിശിൽ തൂങ്ങിക്കിടന്ന മരയാശാരി മരിച്ചിട്ടില്ല അയാൾ കുരിശിൽ നിന്ന് സദസ്സിനോടു സംസാരിച്ചു "ചടങ്ങുകൾ ഇത്രയും നീട്ടിക്കൊണ്ടുപോകരുതായിരുന്നു "

പഞ്ചായത്തു പ്രസിഡണ്ട് മരയാശാരിയെ നേരിട്ടു "മരയാശാരി, പരിപാടികൾ ഈ ഘടികാരം നോക്കിയാണ് ക്രമീകരിച്ചത്. നീ ഇപ്പോൾ പ്രകടിപ്പിക്കുന്നത്, താളക്രമത്തെ ഖണ്ഡിക്കുന്ന അഭിപ്രായമാണ് അതിന് നിന്നെ ശിക്ഷിക്കേണ്ടിവരും എന്നാൽ, കുരിശേറിക്കഴിഞ്ഞിരിക്കയാൽ ശിക്ഷയേല്ക്കാൻ നീ ഇവിടെ ഉണ്ടാവില്ലെന്നതുകൊണ്ട് തദ്ദേശ ഭരണ വകുപ്പിലെ മന്ത്രിതന്നെ ശിക്ഷയെ പൊതുമേഖലയിലേക്കു മാറ്റി സ്വയം ഏറ്റെടുക്കേണ്ടിവരും ഈ വരുന്ന ഒന്നേകാൽ മിനിട്ടിനകം നീ നിന്റെ വിമർശനം പിൻവലിച്ചാൽ പ്രതിസന്ധി ഒഴിവാക്കാം."

മരയാശാരി ഇപ്പോൾ അപ്രതീക്ഷിതമായ ഒരു കാര്യം ചെയ്തു. അയാൾ ആകാശത്തിലേക്കു മുഖമുയർത്തി വിളിച്ചു പറഞ്ഞു. "താളക്രമം നശിക്കട്ടെ! മണിക്കൂറുകളുടെയും മിനിട്ടുകളുടെയും ഭീകരവാഴ്ചയിൽ നിന്നു മനുഷ്യൻ അലസവും സനാതനവുമായ സമയത്തിൽ മുക്തി പ്രാപിക്കട്ടെ!"

പഞ്ചായത്തു പ്രസിഡണ്ടും ക്ഷണിക്കപ്പെട്ട സദസ്സും കുരിശിനെ മരക്കടയിൽ തൂക്കിവിൽക്കാൻ നിയുക്തനായ സഞ്ചാരിയും സംഭ്രമിച്ചുഴലവേ, പഞ്ചായത്താപ്പീസിലെ വാതിൽപ്പടുത നടുകെ പിളർന്നുകീറു

കയും ആകാശത്തിൽ സൂര്യൻ ഇരുളുകയും ചെയ്തു അപ്പോൾ വീണ്ടും ഒരത്ഭുതമുണ്ടായി. മരയാശാരി കുരിശിൽ നിന്ന് ഇറങ്ങിവന്നു. ഗുമസ്തനും പ്രമേഹരോഗിയും ഇറങ്ങിവന്നു. മരയാശാരി സദസ്സിനെ നേരിട്ടു.

"അയ്യോ," പഞ്ചായത്തു പ്രസിഡണ്ട് നിലവിളിച്ചു "നാലുമണിക്ക് മരണം, ഏഴുമണിക്ക് ശവസംസ്കാരം, മൂന്നാം ദിവസം ഉയിർത്തെഴുന്നേല്പ് എന്ന പദ്ധതി നീ തന്നെ സമ്മതിച്ചതായിരുന്നില്ലേ മരയാശാരീ? നീ താളക്രമത്തെ പാടേ തകിടംമറിച്ചുവല്ലോ ഉല്പാദനത്തേയും രാഷ്ട്രീയഭദ്രതയെയും ഇത് അപകടപ്പെടുത്തുമെന്ന് നിനക്കറിഞ്ഞുകൂടെ?"

"എനിക്കൊന്നും അറിയേണ്ടതില്ല.' മരയാശാരി പറഞ്ഞു "നിങ്ങളുടെയൊക്കെ പാപങ്ങൾ കഴുകിക്കളയാനാണു ഞാൻ വന്നിട്ടുള്ളത് അത് ഞാൻ ചെയ്യും. അതിനു യാതൊരു സമയപ്പട്ടികയുടെയും ആവശ്യമില്ല"

ദൃഢമായ കാൽവയ്പോടെ അയാൾ ആ കൊച്ചുമേശയുടെ നേർക്ക് നടന്നടുത്തു. അയാൾ ഘടികാരമെടുത്ത് നിലത്തെറിഞ്ഞുടച്ചു. സദസ്സ് മുറവിളി കൂട്ടി സൂര്യൻ വീണ്ടും തെളിഞ്ഞു വെയിൽ പരത്തി.

"നിങ്ങളുടെ സമയക്രമണിക ഞാൻ തകർത്തു". മരയാശാരി പറഞ്ഞു "അതോടെ നിങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു."

മുറവിളി ഇപ്പോൾ പരിണമിച്ചു അവരന്നേവരെയറിഞ്ഞിട്ടില്ലാത്ത ഒരലിവിന്റെ കരച്ചിലായി അതിപ്പോൾ അലച്ചുപരന്നു തകർന്നുടഞ്ഞ ഘടികാരത്തിന്റെ അസ്ഥിശകലങ്ങളെ മരയാശാരി പെറുക്കി വലിച്ചെറിഞ്ഞു

"ഉയിർത്തെഴുന്നേല്ക്കാൻ മൂന്നാം ദിവസം വരെ ഞാൻ കാത്തുനില്ക്കുന്നില്ല" മരയാശാരി പറഞ്ഞു "എനിക്കു ചെയ്തുതീർക്കാൻ ഒരുപാടു കാര്യങ്ങളുണ്ട് വലതുകൈ മുറിഞ്ഞ ഈ കുട്ടിയുടെ കൈപ്പടം തിരിച്ചുവളർത്തണം. തല വേറിട്ടുകിടക്കുന്ന വിശാലാക്ഷിയേയും പാമ്പിൻവിഷമേറ്റു മരിച്ച കാർത്ത്യായനിയമ്മയേയും പുനർജീവിപ്പിക്കണം"

പെൺകുട്ടി മരയാശാരിയുടെ വസ്ത്രത്തിന്റെ തുമ്പിൽ പിടിച്ച് കരഞ്ഞു "മരയാശാരീ, അങ്ങ് ഉയിർത്തെണീറ്റുവോ?"

"മകളേ, നിന്റെ വിശ്വാസം എന്നെ രക്ഷിച്ചു."

സഞ്ചാരിയായ അച്ഛൻ മകന്റെ കൈമുടന്തിലേക്കു നോക്കിയും, മകൻ അച്ഛന്റെ ശിരസ്സിലേക്കു നോക്കിയും കരഞ്ഞു

"വരൂ," മരയാശാരി പറഞ്ഞു "ചെങ്ങന്നൂരിൽ വിശാലാക്ഷി നമ്മെ വിളിക്കുന്നു."

മരയാശാരി തീവണ്ടിയാപ്പീസിലേക്കു നടന്നു. അച്ഛനും മക്കളും അവന്റെ പിറകെ നടന്നു. പുരുഷാരം അവനെ പിൻപറ്റി. തീവണ്ടിയാപ്പീസിൽ ആ പഴയ തീവണ്ടി അവരെ കാത്തുകിടന്നു അവരെയുംകൊണ്ട് അത് ചെങ്ങന്നൂരിലേക്കു യാത്ര പുറപ്പെട്ടു. കിടുങ്ങിയും കളിച്ചും ആവിയും നനവുംകൊണ്ട് അലിവുചേർന്ന പുകയൂതിയും അലസവും പ്രസാദമധുരവുമായ ശീലുകളിൽ ചൂളംവിളിച്ചും.

മാധവിക്കുട്ടി

നപുംസകം

ബോംബെയിൽ സയോൺ കോളിവാഡ എന്ന ചേരിപ്രദേശത്ത് നപുംസകങ്ങൾ മാത്രം താമസിക്കുന്ന ഒരു കോളനിയുണ്ട്. തുത്തനാകപ്പലകകൾകൊണ്ടു നിർമ്മിച്ച കുടിലുകളും കയറ്റുകട്ടിലുകളും മലക്കറിത്തൊലികൾ ചീഞ്ഞളിഞ്ഞതുകൊണ്ടു ദുർഗന്ധം വമിക്കുന്ന കുപ്പക്കൂമ്പാരങ്ങളും സ്ത്രീവേഷം ധരിച്ചവരെങ്കിലും മുഖക്ഷൗരം ദിവസേന ചെയ്യേണ്ടിവരുന്ന മനുഷ്യജീവികളും നിറഞ്ഞൊഴുകുന്ന ഒരു ഗ്രാമം. ഏതെങ്കിലും വീട്ടിൽ ഉണ്ണി പിറന്നാൽ ചെണ്ടയും ചിലമ്പൊലിയുമായി നപുംസകങ്ങൾ അവിടെ ഓടിയെത്തും. കുട്ടിക്ക് ആയുരാരോഗ്യങ്ങൾ നേരുവാനാണ് അവർ നൃത്തം ചെയ്യുന്നത് ആ നൃത്തത്തിനു പ്രതിഫലമായി കുടുംബനാഥ ഉടനെ ഗോതമ്പും ശർക്കരയും നാളികേരവും അവർക്ക് സമ്മാനിക്കാറുണ്ട്. ആ പദാർത്ഥങ്ങളെല്ലാം നപുംസകങ്ങളുടെ അവകാശമാണ്. കൊടുക്കുന്നതിൽ പിശുക്കു കാണിക്കുന്നവരെ അവർ അസഭ്യവാക്കുകൾ കൊണ്ട് എതിർക്കാറുണ്ട്. കണക്കിലേറെ കോപിച്ചാൽ നപുംസകം തന്റെ പാവാട പൊക്കി സാധാരണയായി മറച്ചുവയ്ക്കാറുള്ള തന്റെ ശാപത്തെ വെളിപ്പെടുത്തും ആ കാഴ്ച ഭയങ്കരമായ ഒരു ശിക്ഷയായിട്ടാണു മിക്കവരും കരുതുന്നത്. എല്ലാ വെള്ളിയാഴ്ചയും അവർ പുള്ളിപ്പാവടകളണിഞ്ഞും സാരികൾ ഞൊറിഞ്ഞുടുത്തും ചിലങ്കകളണിഞ്ഞും ചെണ്ടകൾ പേറിയും നഗരത്തിലേക്ക് ഇറങ്ങാറുണ്ട്. ഭയചകിതരായ സ്ത്രീകൾ ധൃതിയിൽ നാണയങ്ങൾ അവരുടെ നേർക്ക് എറിഞ്ഞുകൊണ്ടു നടന്നുകളയും. ആ ഭയം നപുംസകങ്ങളെ പൊട്ടിച്ചിരിപ്പിക്കുന്നു. അവർ അശ്ലീലവാക്കുകളാൽ ആ മാന്യസ്ത്രീകളുടെ അവയവഭംഗിയെ വർണിക്കുന്നു. . നപുംസകങ്ങൾ ചെറിയ ശിശുക്കളെ മോഷ്ടിച്ചുകൊണ്ടുപോയി അവരുടെ ഗുഹ്യാവയവങ്ങളെ കത്തികൊണ്ടു മുറിച്ചു രൂപാന്തരപ്പെടുത്തുന്നുവെന്ന് ബോംബെക്കാർ വിശ്വസിക്കുന്നു. പക്ഷേ, മോഷണത്തിനു ദൃക്സാക്ഷികളില്ല. അഥവാ ദൃക്സാക്ഷികളുണ്ടായാലോ, അവർ അതിനെപ്പറ്റി പറയാൻ ധൈര്യപ്പെടുകയു

മില്ല. ശിശുക്കളെ കട്ടെടുക്കുന്നുണ്ടാവണം, അല്ലെങ്കിൽ ആ കുപ്രസിദ്ധമായ ഹിജ്ഡാ കോളനിയിൽ വീണ്ടും വീണ്ടും പുതുമുഖങ്ങൾ ആവിർഭവിക്കുന്നതെങ്ങനെ? അവിടം എത്രയോ അനവധി ഹിജ്ഡകളുടെ പാർപ്പിടമാണ്. അലസമായി ചെണ്ടമേൽ തട്ടിമുട്ടിക്കൊണ്ടും ചിലങ്കകൾ കിലുക്കിക്കൊണ്ടും കാകസ്വരത്തിൽ പാട്ടുപാടിക്കൊണ്ടും അവർ അവിടെ വിശ്രമിക്കുന്നു – പകൽ മുഴുവനും എവിടെയോ അലഞ്ഞുനടക്കുന്നു – അവിടെയുമുണ്ട് സംഘടിതമായ ഒരു ഭരണകൂടം; ഒരു ഭരണകർത്താവും അത് രാംകിങ്കരി എന്ന നപുംസകമായിരുന്നു. രാമുഭാവു എന്നു വിളിക്കപ്പെടുന്ന കറുത്ത സത്വം ആറടിയോളം പൊക്കം വരുന്ന രാമുഭാവു എന്നും വെള്ളസാരികളാണു ധരിച്ചിരുന്നത്. മുറുക്കിച്ചുവപ്പിച്ച ചുണ്ടുകൾക്കിടയിലൂടെ ശ്മശാനക്കല്ലുപോലെയുള്ള പല്ലുകൾ എല്ലായ്പ്പോഴും കാണാം. അശ്ലീലവാക്കുകളുടെ പണ്ഡിത.

സന്ധ്യനേരത്ത് രാംകിങ്കരിക്ക് ഒരു എണ്ണതേച്ചു കുളി പതിവാണ്. അതിനു നാലൗൺസ് ബ്രഹ്മിയെണ്ണയും സഹായിയായി തന്റെ പ്രിയസഖി ശക്കുഭായിയും അത്യാവശ്യമാണ്. കയറ്റുകട്ടിലിൽ മലർന്നുകിടന്നുകൊണ്ടാണ് രാംകിങ്കരി ശക്കുഭായിയുടെ പേലവഹസ്തങ്ങളുടെ ലാളന അനുഭവിക്കാറുള്ളത് എണ്ണ തിരുമ്മിപ്പിടിച്ചുകഴിഞ്ഞാൽ എഴുന്നേറ്റ് അരമണിക്കൂർനേരം പൂനിലാവിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തും ആ ഹിജ്ഡോ നേതാവ് ആ ഉലാത്തലിൽ അവിടെയുള്ളവരുടെയൊക്കെ ക്ഷേമവിവരങ്ങൾ അന്വേഷിച്ചു മനസ്സിലാക്കുകയും ചെയ്യും

ഒരു സന്ധ്യയ്ക്കു കയറ്റുകട്ടിലിൽ കിടക്കുമ്പോഴാണ് ആ വൃദ്ധ അവിടേക്കു വന്നത്. ഗുജറാത്തിരീതിയിൽ സാരിയുടുത്ത സോണി. കഴുത്തിലും കാതിലും ആഭരണങ്ങളില്ല കണ്ണുകളിൽ അസാമാന്യമായ ഒരു തിളക്കം. രാംകിങ്കരിക്ക് ഉടൻ മനസ്സിലായി അവർ ഒരു ഭ്രാന്തിയാണെന്ന്.

"ഒരു തള്ള വന്നിരിക്കുന്നു " ശക്കു പറഞ്ഞു· "ഒരു ഗുജറാത്തി സോണി."

രാംകിങ്കരി കിടന്നകിടപ്പിൽനിന്ന് എഴുന്നേല്ക്കാൻ ശ്രമിക്കാതെ തന്റെ കർക്കശസ്വരത്തിൽ ചോദിച്ചു.

"എന്താ വേണ്ടതു തള്ളേ? ഇതു ഞങ്ങൾ ഹിജ്ഡകളുടെ കോളനിയാണെന്നു നിങ്ങൾക്കറിയില്ലേ? ഇവിടെ നിങ്ങൾക്കാർക്കും പ്രവേശനമില്ല."

വൃദ്ധ മണ്ണിൽ ഇരുന്നു. തന്റെ കാലുകൾ നീട്ടിവച്ചു.

"ഞാൻ ഉച്ചയ്ക്കു തുടങ്ങിയതാണു നടത്തം " അവർ പറഞ്ഞു. "എന്റെ സുന്ദരിക്കുട്ടിയെ കണ്ടെത്താതെ ഞാനിനി വീട്ടിലേക്കു മടങ്ങുകയില്ല എന്നു ഞാൻ ശപഥം ചെയ്തുകഴിഞ്ഞു."

"നിങ്ങളുടെ സുന്ദരിക്കുട്ടിയോ?" രാംകിങ്കരി ചോദിച്ചു: "അവളെ നിങ്ങൾ ഇവിടെവന്ന് അന്വേഷിച്ചിട്ടെന്തു ഫലം? ഇവിടെ നപുംസകങ്ങൾ മാത്രമല്ലേയുള്ളൂ?"

"അവൾ നപുംസകമായിട്ടാണു ജനിച്ചത്." വൃദ്ധ പറഞ്ഞു· "വിവാഹത്തിനുശേഷം പതിനേഴു വർഷങ്ങൾ കാത്ത്, പല നേർച്ചകളും കഴിച്ച് ഉണ്ടായ കുട്ടിയാണ് ഉദിച്ചുയരുന്ന പൗർണമിച്ചന്ദ്രനെപ്പോലുള്ള മുഖം ചുണ്ടിനുമേലെ ഒരോമന മറുകും അവളെ തൊട്ടിലിൽ നിന്നു ക്ടെടുത്തു പോയതു നിങ്ങളുടെ കൂട്ടരാവണം. അവളെ കിട്ടാതെ ഞാൻ മടങ്ങിപ്പോവില്ല. ... ..."

"ഞങ്ങൾ കുട്ടികളെ കക്കുന്നവരല്ല തള്ളേ" രാംകിങ്കരി പറഞ്ഞു "കുട്ടികളെ കുടുംബക്കാർ ഞങ്ങൾക്കു വിൽക്കാറുണ്ട്. നല്ല സംഖ്യയ്ക്കു വാങ്ങുകയല്ലാതെ കട്ടെടുക്കുന്ന സമ്പ്രദായം ഞങ്ങൾക്കില്ല നപുംസകങ്ങൾക്ക് നിങ്ങളുടെ കൂട്ടരെക്കാൾ നേരും നെറിയുമുണ്ട്. ഞങ്ങൾ ഭൂമീദേവിയുടെ മക്കളാണ് "

"എന്നാണു നിങ്ങളുടെ കുട്ടിയെ കാണാതായത്?" ശക്കു ചോദിച്ചു

"ഇനിയത്തെ ദീപാവലിക്കു പത്തൊമ്പതുവർഷം തികയും ദീപാവലിദിവസമാണ് അവളെ കാണാതായത് ഞാൻ അതിരാവിലെ കുളിക്കാൻ പോയപ്പോഴാണ് കള്ളൻ വന്ന് അവളെ മോഷ്ടിച്ചത് ഞാൻ വേലക്കാരിയുടെ മുറിയിലായിരുന്നു കിടന്നിരുന്നത് എന്റെ ഭർത്താവിനും അദ്ദേഹത്തിന്റെ അമ്മയ്ക്കും തീരെ രസിച്ചില്ല, ഞാൻ ഒരു നപുംസകത്തെ പ്രസവിച്ചത് അവർ കുട്ടിയെ കഴുത്തു ഞെരിച്ചുകൊല്ലുവാൻ ഒരുങ്ങിയതാണ് എന്റെ മുറവിളി കേട്ട് കുട്ടിയെ ജീവനോടെ വിട്ടതാണ് പക്ഷേ, കുട്ടിയെ വേലക്കാരിയുടെ മുറിയിൽ സ്വകാര്യമായി വളർത്തണമെന്ന് അവർ എന്നോടു പറഞ്ഞു. ബന്ധുക്കളോടും മിത്രങ്ങളോടും അവർ പറഞ്ഞു, കുട്ടി മരിച്ചുപോയി അനസൂയയാവട്ടെ, പ്രസവാനന്തര ശുശ്രൂഷയ്ക്കുവേണ്ടി ഡോക്ടറായ സഹോദരന്റെ വീട്ടിലേക്കു പോയിരിക്കുന്നു" രാംകിങ്കരി എഴുന്നേറ്റിരുന്നു. വൃദ്ധയുടെ കണ്ണുകൾ ഇരുട്ടിലും പരതിക്കൊണ്ടിരുന്നു

"അപ്പോൾ നിങ്ങളുടെ കുട്ടിക്ക് ഇപ്പോൾ പതിനെട്ടു വയസ്സു പ്രായമായിരിക്കും" രാംകിങ്കരി പറഞ്ഞു "പൂർണചന്ദ്രനെപ്പോലെ മുഖമുള്ള ഒരു സുന്ദരി ഞങ്ങളുടെയിടയിൽ അത്തരത്തിലൊരുത്തിയില്ലല്ലോ"

"ഞാനെന്റെ കുട്ടിയെയും കൊണ്ടല്ലാതെ വീട്ടിലേക്കു മടങ്ങുകയില്ല" വൃദ്ധ പറഞ്ഞു.

"ഇവിടെ നിങ്ങൾക്കു പ്രവേശനമില്ല ഇത് ഞങ്ങളുടെ മാത്രം കോളനിയാണ്." ശക്കു പറഞ്ഞു

ചെണ്ടകളും പേറിക്കൊണ്ട് ഒരു സംഘം നപുംസകറാണികൾ അപ്പോൾ അവിടെ വന്നെത്തി അവരിൽ ചിലർ വൃദ്ധയെ നോക്കി. അവരിൽ പല തരക്കാരുമുണ്ടായിരുന്നു താടിയിൽ കുറ്റിരോമങ്ങളുള്ള പുരുഷമുഖങ്ങളുള്ളവർ, സൗന്ദര്യവും സ്ത്രൈണചലനങ്ങളുമുള്ളവർ, സാരിയുടുത്തവർ, ചുവന്ന പുള്ളിപ്പാവാടയുടുത്തവർ, നെറ്റിയിലും കൈത്തണ്ടയിലും പച്ചകുത്തിയവർ, വൈരൂപ്യമുള്ളവർ .

“ഇവരാരാണ്?” ഒരു നപുംസകം ചോദിച്ചു. രാംകിങ്കരി ചിരിച്ചു “അവരുടെ സുന്ദരിക്കുട്ടി ഇവിടെയുണ്ടെന്നു പറയുന്നു തള്ള. പത്തൊൻപതുകൊല്ലം മുമ്പു കളവുപോയ കുട്ടി ചന്ദ്രനെപ്പോലെയുള്ള മുഖവും ചുണ്ടിനുമേൽ മറുകുമുള്ള കുട്ടി ”

“അതു നമ്മുടെ രുഗ്മയാവുമോ?” ഒരാൾ ചോദിച്ചു.

“അവൾ സുന്ദരിയാണല്ലോ - അവൾക്കു ചുണ്ടിനുമേൽ മറുകുമുണ്ടല്ലോ.”

“വിഡ്ഢിത്തം പറയാതിരിക്കൂ.” രാമു വിളിച്ചുപറഞ്ഞു

“ഇവിടെ അത്തരത്തിലാരുമില്ല രുഗ്മയ്ക്കു മറുകില്ല ”

നപുംസകങ്ങൾ നീരസത്തോടെ പിറുപിറുത്തുകൊണ്ടിരുന്നു

“ഇന്ന് ദാദറിലെ നൃത്തത്തിന് എന്തു പിരിവു കിട്ടി? കുട്ടിയുടെ അമ്മ ശർക്കരയും ഗോതമ്പും തന്നില്ലേ?”

രാംകിങ്കരി അവരുടെ ഭാണ്ഡങ്ങൾ അഴിച്ചു പരിശോധിച്ചു “ഗാട്ക്കോപ്പറിൽ ഞായറാഴ്ച പിറന്നത് ആൺകുട്ടിയാണ് ” ഒരാൾ പറഞ്ഞു· “നമുക്ക് ഇനിയത്തെ തിങ്കളാഴ്ച അവിടെപ്പോയി നൃത്തം ചവിട്ടാം പണക്കാരാണ് ബിസ്സിനസ്സുകാർ . ”

“എണീക്കൂ തള്ളേ, നിങ്ങൾ വേഗം വീട്ടിലേക്കു മടങ്ങിക്കൊള്ളൂ ” ശക്കുഭായി പറഞ്ഞു “നേരം ഇരുട്ടിയതു കണ്ടില്ലേ' നിങ്ങളെത്തേടി വീട്ടുകാരും പോലീസുകാരും വരുന്നത് ഞങ്ങൾക്കിഷ്ടമില്ല ഇതു ഞങ്ങൾക്കു മാത്രമുള്ള കോളനിയാണ് ”

“എന്റെ മകളെക്കൂടാതെ ഞാനിനി വീട്ടിലേക്കു മടങ്ങുകയില്ല ” വൃദ്ധ പറഞ്ഞു അവർ മണ്ണിൽ ചെരിഞ്ഞു കിടന്നു കണ്ണുകളടച്ചു

“ഉറങ്ങാനാണോ ഭാവം?” രാമു ചോദിച്ചു. “ഞങ്ങൾ നിങ്ങളെ തൂക്കിയെടുത്ത് റെയിൽവേ സ്റ്റേഷനിൽ കൊണ്ടുപോയാക്കും ഇവിടെ നിങ്ങൾക്കു പ്രവേശനമില്ല ”

“ഇവിടെ എന്റെ മകൾക്കു ജീവിക്കാമെങ്കിൽ എനിക്കും ജീവിക്കാം ” വൃദ്ധ പറഞ്ഞു “ഞാൻ നിങ്ങൾക്കു വേണ്ടി പാചകംചെയ്യാം നല്ല ‘ധോക്‌ല’യും കാണ്ഡ്വിയും ഞാനുണ്ടാക്കിത്തരാം എന്നെ ഇവിടെനിന്നു മടക്കി അയയ്ക്കരുത് ”

“നിങ്ങൾ വലിയവീട്ടിലെ സേഠാണി ” ശക്കു പറഞ്ഞു “ഞങ്ങൾ പാവങ്ങൾ ഞങ്ങൾക്കുവേണ്ടി നിങ്ങൾ പലഹാരങ്ങൾ ഉണ്ടാക്കുന്നുവെന്നറിഞ്ഞാൽ നിങ്ങളുടെ വീട്ടുകാർ കോപിക്കും.”

“അവർക്കാർക്കും എന്നെ ആവശ്യമില്ല ” വൃദ്ധ പറഞ്ഞു. “എന്നെ ഭ്രാന്തിയെന്നാണ് അവരൊക്കെ വിളിക്കുന്നത് ധൂമകേതുവെന്നും എന്നെ കണികണ്ടാലുടനെ അമ്മായിയമ്മ വീണ്ടും കുളിക്കാൻ കുളിമുറിയിൽ കടക്കും.”

“രാമുഭാവൂ, ഇവരാരാണ്?” ചുവന്ന പാവാടയുടുത്ത ഒരു സൗന്ദര്യധാമം വൃദ്ധയെ ചൂണ്ടിക്കൊണ്ടു ചോദിച്ചു· “ഞാനിപ്പോഴാണ് അകത്തു

നിന്ന് സുലു പറഞ്ഞറിഞ്ഞത് ഒരു ഗുജറാത്തിസ്ത്രീ ഇവിടെ കിടപ്പുണ്ടെന്ന്."

"രുഗ്മാ നീ അകത്തേക്കു പോവൂ." രാമു അട്ടഹസിച്ചു: "ഈ നിമിഷത്തിൽ അകത്തേക്കു പോവൂ."

നിലാവിൽ രുഗ്മയുടെ മൂക്കുത്തി വെട്ടിത്തിളങ്ങി. അവളുടെ ചുണ്ടിനുമേൽ ഒരോമന മറുക് വ്യക്തമായി എല്ലാവർക്കും കാണാമായിരുന്നു വൃദ്ധ അവളെ നോക്കിക്കൊണ്ടിരുന്നു

"ഞാൻ അഞ്ചുമിനിട്ടുസമയം ഈ നിലാവിൽ വിശ്രമിക്കട്ടെ" രുഗ്മ പറഞ്ഞു: "എന്റെ കാലടികൾ നോവുന്നു എത്ര മണിക്കൂറുകളാണ് ഞാൻ ചൂടുപിടിച്ച കോൺക്രീറ്റ് നിലത്തു നൃത്തം ചെയ്തത് ഇതുപോലെ വിശ്രമമില്ലാതെ നൃത്തം ചെയ്തുകൊണ്ടിരുന്നാൽ ഞാൻ ഇനിയത്തെ ദീപാവലിക്കുമുമ്പു മരിച്ചുപോവും."

"അശുഭവാക്കുകൾ പറയരുത് ഓമനേ." രാമു പറഞ്ഞു "നീ മരിച്ചാൽ ഞാനെങ്ങനെ ജീവിക്കും നീ എന്റെ പച്ചക്കിളിയല്ലേ?"

വൃദ്ധ എഴുന്നേറ്റ് കയറ്റുകട്ടിലിനടുത്തുനിന്നു അവർ രുഗ്മയുടെ മുഖം ഉറ്റുനോക്കിക്കൊണ്ടു ചോദിച്ചു

"എത്ര വയസ്സായി കുട്ടിക്ക്?"

"അവൾക്ക് ഇരുപത്തിനാലു വയസ്സായി" ശക്കു പറഞ്ഞു· "അവൾ മൈസൂർക്കാരിയാണ്. ഇവടെയെത്തിയിട്ടു നാലുവർഷമേ ആയിട്ടുള്ളു അവൾ നിങ്ങളുടെ സുന്ദരിമകളല്ല"

"ആ മറുക്......."വൃദ്ധ പിറുപിറുത്തു

"ഹാ, അതു മറുകല്ല, നെറ്റിയിൽ പൊട്ടിടുമ്പോൾ ചാന്തു വീണതാണ്" രാമു പറഞ്ഞു "രുഗ്മയ്ക്കു മറുകില്ലല്ലോ"

"കാണാൻ വയ്യാത്ത സ്ഥാനത്തു മാത്രമേ എനിക്കു മറുകുള്ളൂ" രുഗ്മ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു "അല്ലേ രാമുഭാവു?"

"സത്യം" - രാമു തന്റെ അടിവയറ്റിൽ മുറുക്കിപ്പിടിച്ചുകൊണ്ടു പൊട്ടിച്ചിരിച്ചു: "ഹോ ഹോ ഹോ ആ ഓമനമറുകു നിങ്ങളെ കാണിക്കാനുള്ളതല്ല തള്ളേ"

കട്ടിലിന്റെ വക്കത്തു വലത്തേ കാൽ വിറപ്പിച്ചും കണങ്കാലിന്റെ അഴകു വെളിപ്പെടുത്തിയും മഹാരാജ്ഞിയെപ്പോലെ ഇരിക്കുന്ന രുഗ്മയുടെ മുഖം രണ്ടു കൈകൾകൊണ്ടും പൊത്തിക്കൊണ്ട് വൃദ്ധ ചോദിച്ചു

"പറയൂ മകളേ, നീ എന്റെ സുന്ദരിക്കുട്ടിയല്ലേ? എന്റെ മുലകുടിച്ച് എന്റെ ശരീരത്തോട് പറ്റിക്കിടന്നുകൊണ്ട് ഉറങ്ങിയിരുന്ന ശിശു നീയായിരുന്നില്ലേ? നിന്റെ പെറ്റമ്മ ഞാനല്ലേ?"

"അല്ല" രുഗ്മ തന്റെ ചുരുളൻമുടി വാരിക്കെട്ടിക്കൊണ്ട് നീരസത്തോടെ പറഞ്ഞു: "അല്ല, എന്റെ അമ്മ ഭൂമീദേവിയാണ്"

അവൾ ധൃതിയിൽ എഴുന്നേറ്റ് തന്റെ ചുവന്ന പാവാടയുടെ ചുരുളുകൾ ഇളക്കിക്കൊണ്ടു നൃത്തം ചെയ്തുതുടങ്ങി അവളുടെ പാവാടയുടെ

വക്കത്തുണ്ടായിരുന്ന വെള്ളിക്കസവ് നിലാവിൽ മദിക്കുന്ന തിരമാലകൾ പോലെയാണെന്നു വൃദ്ധയ്ക്കു തോന്നി. അവൾ ഏതോ ആനന്ദദായക മായ രഹസ്യം ഓർക്കുമ്പോളെന്നപോലെ പുഞ്ചിരി തൂകിക്കൊണ്ടിരു ന്നു. അവളുടെ കൈത്തലങ്ങൾ ചിറകിട്ടടിക്കുന്ന വെള്ളപ്രാവുകളായി മാറി. അവളുടെ പാദസരങ്ങൾ കിലുങ്ങി.

രാമുഭാവു ചെണ്ടയെടുത്തു മടിയിൽ വച്ചു. നേർത്ത തലവേദന പോലെ ആ ചെണ്ടകൊട്ടൽ വൃദ്ധയെ അലട്ടുവാൻ തുടങ്ങി. നിലാവിന്റെ നിറം കൂടിക്കൂടി വന്നു. പിച്ചള സ്വർണമായി മരച്ചില്ലകളിൽ മരതകപ്പത ക്കങ്ങൾ തൂങ്ങുന്നുവെന്ന് അവർക്കു തോന്നി.

“ഓ ഭഗവതീ, യെല്ലമ്മാ, എന്നെ കാക്കൂ.....” രുഗ്മ പാടി: “എന്റെ ശരീരം ചുട്ടുകത്തുന്നു. എന്റെ കാലുകൾക്കിടയിൽ ആരാണു രണ്ടു കല്ലിട്ട് ഒരടുപ്പു കത്തിച്ചത്. എന്റെ രക്തത്തിന്റെ പുഴകളിൽ ആരാണ് അണക്കെട്ടുകൾ നിർമ്മിച്ചത്....? ഓ ദേവീ യെല്ലമ്മാ എന്നെ രക്ഷിക്കൂ.....”

തുത്തനാകപ്പലകകൊണ്ടു മേഞ്ഞ കുടിലുകളിൽനിന്ന് അനവധി നപുംസകങ്ങൾ കരിനിഴലുകൾപോലെ മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നു. അവരിൽ ഒരു വരൾച്ചയുണ്ടായിരുന്നു കൺമഷികൊണ്ടു കറുപ്പിച്ച ആ കണ്ണുകളിൽ നിന്ന് ആ വരൾച്ച ലോകത്തെ ഉറ്റുനോക്കി. നൃത്തം വയ്ക്കുന്ന കാലടികൾക്കു ചുറ്റും ചുവന്ന മൺപൊടിപടലങ്ങളായി ഉയർന്നു. പെട്ടെന്ന് ഒരു മഴ ചെയ്തു. ഒന്നോ രണ്ടോ നിമിഷങ്ങൾ മാത്രം നീണ്ടുനിന്ന ഒരു നേർത്ത മഴ. ആ മഴയ്ക്ക് എലിയുടെ മൂത്രത്തിന്റെ മണമുണ്ടായിരുന്നുവെന്ന് വൃദ്ധയ്ക്കു തോന്നി. അവർ തല കുലുക്കി:

“ശരിയാണ്, നീ എന്റെ കുഞ്ഞല്ല എന്റെ കുഞ്ഞ് ഒരു വെളുത്ത കുഞ്ഞായിരുന്നു.” അവർ പറഞ്ഞു.

“നിന്റെ തൊലിക്കു മണ്ണിന്റെ ചുവപ്പാണു നിറം. നീ തീർച്ചയായും ഭൂമിയുടെ മകളാവണം.”

ചെണ്ടയുടെ ശബ്ദം കനത്തുതുടങ്ങിയപ്പോൾ വൃദ്ധ ആ കോളനി വിട്ടു തീവണ്ടിസ്റ്റേഷനിലേക്കു നടന്നുതുടങ്ങി. ഇരുട്ടിലും, സ്റ്റേഷന്റെ ചുവന്ന വിളക്കുകൾ നല്ലപോലെ അവർക്കു കാണാൻ കഴിഞ്ഞു. നപും സകങ്ങളുടെ ചെണ്ടമേളം അവരെ പിൻതുടർന്നു.

വി.കെ.എൻ

അക്ഷരം

ദിവസത്തെ കല്പനകൾ ചാക്കിലാക്കി തലയിലേറ്റി ചാണക്യൻ പാട ലീപുത്രത്തിലേക്കു തിരിക്കുമ്പോൾ നാം വിളിച്ചു:

രുദ്രൻ!

തടിയൻ തിരിഞ്ഞുനിന്നു,

മാഡം........സോറി, സർ.

സാമ്രാജ്യത്തെ ഖജനാവിൽ നിന്നു നാലു പവന്റെ ഏതോ വീരങ്ങ ലയോ വീരശൃംഖലയോ തരാക്കിയ ഒരുവനില്ലേ?

ഉവ്വ്.

അനായാസേന മരണം എന്ന മുദ്രാവാക്യവും വിളിച്ച് അവൻ ആശു പത്രിയിലാണെന്നു കേൾക്കുന്നല്ലോ.

പലരും കേട്ടിരിക്കുന്നു.

എന്തിന്റെ കേടാണവന്?

അടിയുടെ.

ആർ പ്രഹരിച്ചു?

ഞാനല്ല.

പിന്നെ?

അവനെ വച്ചുപൊറുപ്പിക്കുന്ന ദേശത്തെ ഒരു കഥാപാത്രം അഥവാ ഒരു പാത്രംകഥ.

അയാൾ എന്തുചെയ്തു?

അക്ഷരത്തിന്റെ പേരിൽ വീരങ്ങല മോഷ്ടിച്ച ടിയാന് ഫിറ്റാക്കിയ ഒരു സ്വീകരണത്തിൽ അയാൾ ഒരു പത്രം മംഗളം വായിച്ചു.

എന്നിട്ട്?

അതു കേട്ടപാതി, കേൾക്കാത്തമുഴുവൻ, നിലമുയർന്നു സാഹിത്യ കാരന്റെ മൂർദ്ധാവിനു താഡിച്ചു. ഹെമിങ്‌വേയുടെ പ്രയോഗമാണ് ദി എർത്ത് റോസ് ആൻഡ് ഹിറ്റ് ഹിം.

അത്രയധികം വധിക്കുംവിധമായിരുന്നോ മംഗളകർമം?

ഏതാണ്ട്.

പത്രിക തോന്നുമോ നിനക്ക്?

രുദ്രചാണക്യൻ ചാക്കു നിലത്തിറക്കി. കാക്കി ട്രൗസറിന്റെ പോക്കറ്റിൽ നിന്ന് ഒരു കീറക്കടലാസെടുത്ത് നിവർത്തി വായിച്ചു.

കേന്ദ്രന്റെ വീരേങ്ങല പിടിച്ചുപറിച്ച ടി ദേശ്ത്തെ ഇന്നവന്

നമോവാകം, വാകത്താനം, വാകച്ചാർത്ത്.

പാരമ്പര്യത്തിന്റെ പരിരക്ഷക·

സകലകലാവല്ലഭനായറിയപ്പെടുന്ന പൂതത്താന്റെ തട്ടകത്തിന്, തത്തൻ കലാവല്ലഭന്മാർ തനതായ വ്യക്തിപ്രഭാവത്താൽ കേരളത്തിനകത്തും പുറത്തും, മോളും കീഴും കേൾവിപ്പെടുക എന്നൊരു പാരമ്പര്യമുണ്ട്. ഭരണത്തിലും രാഷ്ട്രീയത്തിലും സംഗീതത്തിലും അഭിനയത്തിലും പഞ്ചവാദ്യത്തിലും പാണ്ടിമേളത്തിലും പുറാട്ടുകളിയിലും മുടിയേറ്റിലും സ്വന്തം വ്യക്തിത്വം സ്ഥാപിച്ചെടുത്ത ആ പാരമ്പര്യത്തിൽ താങ്കൾ ഇതാ അക്ഷരവിദ്യയിൽ തന്റെ നാമം സ്വർണവും ഈയവും ചേർത്തു കാച്ചിയെടുത്ത ലിപികളാൽ രേഖപ്പെടുത്തിയിരിക്കുന്നു.

പുത്തൻ പുതുമയുടെ പിതാവേ,

സവിതാവേ,

വിധാതാവേ,

ശ്ശ്ലടാ ഊവേ,

പഴക്കവും തഴക്കവും സിദ്ധിച്ച പണ്ഡിതവരേണ്യന്മാരുടെ പരിലാളനയിൽ പരിപുഷ്ടമായ നൊമ്മടെ സാഹിത്യത്തെ, പുത്തൻ പ്രസ്ഥാനത്തിലൂടെ പരിഷ്ക്കരിച്ചെടുക്കാനും, വിളികൊള്ളുന്ന ശൈലീഭംഗത്തിലൂടെ വളർത്തിയെടുക്കാനും കഴിഞ്ഞ അങ്ങയെ പതുമയുടെ പിതാവായിത്തന്നെ പാരെന്നും പാടും പാട്ടുപെട്ടും പാട്

അതികായനായ മഹാനുഭാവ, ഹനുവേ,

ആ കൃതികൊണ്ടും ഈ കൃതികൊണ്ടും പ്രകൃതികൊണ്ടും തലയെടുപ്പുള്ളവരെപ്പോലുംമൊട്ടയടിച്ചു വിടുന്ന താങ്കൾ വെട്ടിത്തുറന്നതും ടാറിട്ടതുമായ ഈ പുതിയ നിരത്തിൽ താങ്കൾതന്നെ ഒരു വിലക്കായി നിൽക്കുന്നത് ആശ്ചാശ്ചര്യം തന്നെ.

അനശ്വരനായ നശ്വരനേ,

ഈശ്വരനേ,

ശ്വശുരനേ,

കലകൾക്ക് ഈറ്റില്ലമെന്നറിയപ്പെടുന്ന അയൽനാടായ മങ്കര – പറളിയെയും തദ്വാരാ അമ്മായി പഞ്ചതന്ത്രത്തിലെ അഞ്ചാംപുരയെയും വര, കുറി, കുറുക്കുവഴികളിലൂടെ നശ്വരമാക്കിത്തീർത്ത തത്രഭവാന്റെ കത്തി, ചരിത്രത്തെ ഒരു പാഠം പഠിപ്പിച്ചു എന്നു പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

യതിവര്യ,

ഹിമാലയത്തെ വാര്യത്തെ കാലടിപ്പാടേ,

അവിദ്യയുടെയും അസ്തംഗതമായ പ്രതാപത്തിന്റെയും സമീചീനമായ സാമഞ്ജസ്യം ഉടലെടുത്ത് കുറ്റനായി പിറന്ന്, മൂർഖനായി വളർന്ന്, തനിക്കും തന്റെ താന്തോന്നിത്തത്തിനും അഹിതമെന്നു തോന്നിയ എല്ലാ

പീനൽകോഡുകളെയും തൂത്തെറിഞ്ഞ്, ജീവിതത്തിന്റെ ലഹരിമോന്തി, അനുപമാനന്ദമണയുന്ന അങ്ങയുടെ ജീവിതത്തെ അടിയുടെ അഭാവം ഹേതുവായി, ആത്മാവിന്റെ സ്വാതന്ത്ര്യദാഹമായി കാണുന്നവനാണു ഞാൻ.

അധൃഷ്യനായ നേതാവേ,
ധീരതയോടെ ഭരിപ്പോവേ,
ലോക്കൽ ആന്ത്രോപോവേ,
പൂവേ, പൊലി പൂവേ,

പറളി – ഒലവക്കോടിന്റെ ദുഃഖങ്ങളിൽ മുഴുകി അതിന്റെ മുക്കും മൂലയും അരിച്ചെടുത്ത്, അധുനാതന ആയുർവേദ സാഹിത്യരസായന മാക്കി, പാരെങ്ങും കോൾമയിർകൊള്ളിച്ച ധീരസാഹസികനും ടാർസ നുമായ നേതാവേ, അങ്ങയ്ക്ക് നമോവാകം, നാഗാനന്ദം, ഗോകർണം. എന്തും സഹിച്ചുയിരണച്ചുയരുന്ന ശീർഷം സ്വാന്തം തുളച്ചുകയറാനു തകുന്ന നോട്ടം ബന്ധം തകർത്തുയരുമാറൊരധൃഷ്യഭാവമേന്തുന്ന പൂംപ യനു മംഗളമോതിടട്ടെ.

നാം പൊട്ടിച്ചിരിച്ചു.

ഗംഭീരൻ പത്രം! അവനതു വേണം – രുദ്രൻ പറഞ്ഞു.

എന്തുവേണമെന്നാവോ കല്പനയാവുന്നത്?

പതനം, വീഴ്ച, പരുക്ക്, പര്യവസാനം. അങ്ങനെ കല്പിക്കുന്നതു കഷ്ടമാണ്.

ഇഷ്ടമാണു നമുക്ക്.

കല്പിച്ച്.....

അവൻ നമ്മെക്കുറിച്ചും കെട്ടുകഥകൾ പ്രചരിപ്പിക്കുന്നുണ്ടല്ലോ?

ഏതാണ്ട്.

കുലദ്രോഹി ജീവിക്കുമോ?

അപകടമേഖല തരണം ചെയ്തെന്നാണു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂ ട്ടിലെ മൂസേന്മാർ പറയുന്നത്.

എന്റെ മാങ്ങോട്ടുഭഗവതി!

തിരുമനസ്സിലേക്ക്.......

നാം ചോദിച്ചു:

രുദ്രൻ, നിനക്കവനെ മൃദുവായി വക രണ്ടിൽ വരുത്തിക്കൂടേ?

എന്തിന്?

നമ്മെ കടദാസിൽ തോല്പിക്കുന്നതു നിർത്താൻ.

പ്രയാസമാണ്.

അതെന്താ?

കല്പിച്ചു പണ്ടൊരു ചക്രവർത്തിനി തിരുമനസ്സുകൊണ്ട് യഥാസ മയം കാലംകൂടി. തൊപ്പിക്കാരും ബന്ധുമിത്രാദികളും പതിനാറാംനാൾ ഭംഗിയായി ആഘോഷിച്ചു. അടുത്ത നിമിഷം സാർവഭൗമ ചരിത്രത്തിൽ നിന്നു കളവുപോയി. പക്ഷേ, അക്ഷരം പിന്നെയും നിലനിന്നു.

വാട്ട്?

അവനത്രേ അമരൻ.

എം.ടി. വാസുദേവൻ നായർ

കഡുഗണ്ണാവ: ഒരു യാത്രക്കുറിപ്പ്

രണ്ടു ജോഡി ഉടുപ്പുകളും ഒരു ക്യാമറയും തിരുകിയ സഞ്ചി ചുമലിൽ തൂക്കി ഹിമാലയത്തിന്റെ താഴ്‌വാരത്തിൽ അലഞ്ഞു നടന്നിരുന്ന കാലത്ത് പ്രായം അയാൾക്ക് ഇരുപത്തിരണ്ടായിരുന്നു. ഇജാത്ത് നഗ റിൽ നിന്ന് അൽമോറയിലേക്ക് ഒറ്റയടിപ്പാതയിലൂടെ കുതിരപ്പുറത്ത് സഞ്ചരിച്ചിട്ടുണ്ട് ഓട്ടുഗ്ലാസിൽ ഭാംഗുകലർന്ന പാലുകുടിച്ച് ബോധം വന്നപ്പോൾ കിഴുക്കാംതൂക്കായ കൊല്ലിയുടെ മുകളിലെ കരിങ്കൽക്കെ ട്ടിൽ കിടക്കുകയായിരുന്നു അതൊക്കെ പണ്ട്. ഇപ്പോൾ യാത്രകൾ ഒഴി വാക്കുകയാണ് പതിവ്. മറ്റൊരു സ്ഥലത്ത് അയാൾ അന്തിയുറങ്ങുന്നതു തന്നെ അപൂർവമായിരുന്നു ചെറിയ കോണിപ്പടികൾ കയറിയാൽക്കൂടി ശ്വാസം നേരെയായികിട്ടാൻ മൂന്നു നാലു മിനിട്ട് നിൽക്കണം ബ്ലഡ് പ്രെഷറിന്റെ ഗുളികകളും കുത്തിവെയ്ക്കാനുള്ള ഇൻസുലിൻ ട്യൂബു കളും കൊണ്ടുനടക്കുന്നത് ശല്യമാണ് എന്നിട്ടും ശ്രീലങ്കയിൽ നിന്നുള്ള ക്ഷണം സ്വീകരിച്ചു തെക്കുകിഴക്കേഷ്യയിലെ വികസനത്തിൽ പത്രങ്ങൾ വഹിക്കേണ്ട പങ്കിനെപ്പറ്റി അത്ഭുതകരമായ അറിവുകളോ ഉപദേശ ങ്ങളോ ഒന്നും പറയാനുണ്ടായിട്ടല്ല.

ക്ഷണം വന്നത് ശ്രീലങ്കയിൽ നിന്നായതുകൊണ്ട്. അവിടെ എന്നും കാണാനാഗ്രഹിച്ച ഒരു സ്ഥലമുണ്ട് - കഡുഗണ്ണാവ.

രണ്ടുമണിക്കൂർമുമ്പ് എയർപോർട്ടിലെത്തിയാൽ മതിയെന്നും മദ്രാസ് ഓഫീസിലെ സഹപ്രവർത്തകർ പറഞ്ഞു. വിദേശയാത്രക്കാർ മൂന്നുമ ണിക്കൂർ മുമ്പേ റിപ്പോർട്ട് ചെയ്യണമെന്ന നിയമം ആരും പാലിക്കാറില്ല പക്ഷേ നേരത്തെ എത്തി. ആളുകളെല്ലാം ചെക്ക് - ഇൻ ചെയ്തു കഴിഞ്ഞ് തന്റെ പേര് അനൗൺസ് ചെയ്യുന്നത് കേട്ടുകൊണ്ട് ഓടി യെത്തി. കോണി നീക്കുംമുമ്പ് വിമാനത്തിൽ ഓടിക്കയറിയിരുന്ന കാല മുണ്ടായിരുന്നു. ഇപ്പോൾ ധൃതിപിടിച്ച് എന്തുചെയ്യുമ്പോഴും നെഞ്ചിൻകൂ ട്ടിൽ പടപടപ്പ് ഉച്ചത്തിലാവുന്നു.

ഡിപ്പാർച്ചർ ലൗഞ്ച് മിക്കവാറും ഒഴിഞ്ഞുകിടക്കുകയായിരുന്നു. വിമാനം സമയത്തിനു തന്നെ. പെട്ടെന്നാണ് യാത്രക്കാർ നിറഞ്ഞത്. കെട്ടുകളും ഭാണ്ഡങ്ങളും ബഹളവുമായി വന്ന ഒരു സംഘം ശ്രീലങ്കക്കാർ.

പുതിയ റിക്രൂട്ടുകൾക്ക് പത്രപ്രവർത്തനത്തെപ്പറ്റി ക്ലാസെടുക്കുമ്പോൾ പറയാറുണ്ട്: എപ്പോഴും കണ്ണും കാതും തുറന്ന് വയ്ക്കുക. റിപ്പോർട്ട് ചെയ്യാൻ പറ്റിയ ഒരു കഥ ഏതു നിമിഷവും പരിസരത്തിലെവിടെയോ ഉണ്ടായിരിക്കും.

ഇവർ അഭയാർത്ഥികളാണോ? അല്ല, അഭയാർത്ഥികളെ കപ്പലിലാണ് തിരിച്ചയക്കുന്നത്. മദ്രാസ് മാർക്കറ്റിൽ നിന്ന് മിക്സിയും ഗ്രൈൻഡറും മാത്രമല്ല പച്ചക്കറികൾകൂടി ഇവർ കൊണ്ടുപോകുന്നുവല്ലോ. വേണമെങ്കിൽ ഇവരിൽ ഒന്നുരണ്ടുപേരെ പിടികൂടി ലോഹ്യം സ്ഥാപിച്ച് സംസാരിക്കാം. സാധനങ്ങളുടെ താരതമ്യ വിലയെപ്പറ്റി, പുതിയ പ്രസിഡന്റിനെപ്പറ്റി, ഞങ്ങളുടെ പ്രധാനമന്ത്രി വധിക്കപ്പെട്ട വാർത്തയറിഞ്ഞപ്പോൾ നിങ്ങൾക്കെന്തു തോന്നി എന്ന ഒരു വൈകിയ പ്രതികരണം കൂടിയാവാം. ഇല്ല, ഒരു റിപ്പോർട്ടും എഴുതാൻ പോകുന്നില്ല.

ശ്രീലങ്കക്കാരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. അയാൾ അമ്മയെപ്പറ്റി ഓർത്തുപോയി. അമ്മ പറയാറുള്ളത് ശിങ്കളത്തികൾ എന്നായിരുന്നു. ശിങ്കളരുടെയും ശിങ്കളത്തികളുടെയും നാട്.

അവരുടെ കൂട്ടത്തിലേക്ക് അവസാനം കയറി വന്നത് രണ്ടു ബുദ്ധഭിക്ഷുക്കളാണ്. അവർ അയാളിരിക്കുന്നതിനടുത്ത് എത്തി ഒഴിഞ്ഞ രണ്ടു സീറ്റുകളിൽ ഭാണ്ഡങ്ങളിറക്കിയപ്പോഴാണ് ശ്രദ്ധിച്ചത് – ഒന്ന് സ്ത്രീയാണ്, ഭിക്ഷുണി.

എൺപത്തിയൊന്നിൽ ഈ യാത്രയ്ക്കൊരുങ്ങിയതായിരുന്നു പത്രപ്രവർത്തകനായ ഒരു ഗോവൻ സുഹൃത്ത് സിലോൺ ഒബ്സർവറിൽ ജോലി ചെയ്തിരുന്നു. അയാൾ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താമെന്നുപറഞ്ഞു വേണ്ട സ്ഥലങ്ങളിലൊക്കെ കൊണ്ടുപോകുന്ന കാര്യവും അയാൾ ഏറ്റിരുന്നു. 'ഒരിന്ത്യൻ പത്രപ്രവർത്തകന്റെ അന്വേഷണത്തിന്റെ കഥ' അയാൾ എഴുതാൻ തയ്യാറായിരുന്നു ആഭ്യന്തര യുദ്ധം തുടങ്ങി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് യാത്രയ്ക്ക് മൂന്നു ദിവസം മുമ്പാണ്. പെരേര വിളിച്ചു പറഞ്ഞു, യാത്ര നീട്ടിവയ്ക്കുക. അടുത്ത നാടല്ലേ, എന്നു വേണമെങ്കിലും പോകാമല്ലോ എന്നുവച്ച് അതുവരെ യാത്ര നീട്ടിക്കൊണ്ടുപോയത് തെറ്റായിപ്പോയി

ശ്രീലങ്കയിലേക്കുള്ള വിമാനം ബോർഡിങ് അനൗൺസ് ചെയ്തു ടൂറിസ്റ്റുകളുടെ സംഘം ക്യൂ പാലിക്കാതെ ഇടിച്ചുകയറുന്നു. മഞ്ഞവസ്ത്രം ധരിച്ച ഭിക്ഷുണിയും ബലപ്രയോഗത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല.

അടുത്ത് നിന്ന ചെറുപ്പക്കാരൻ ചിരിച്ചു:

"ലുക്കെറ്റ് ദാറ്റ്"

അയാളും ചിരിച്ചു.

"ടു കളംബോ?"

"യെസ്"

"അവിടെ ഇപ്പോൾ കാലാവസ്ഥ എങ്ങനെയുണ്ട്?"

ഏതു കാലാവസ്ഥയെപ്പറ്റിയാണ് ചോദിക്കുന്നത്? കലാപങ്ങളെപ്പറ്റിയോ മഴക്കാലത്തെപ്പറ്റിയോ?

"അറിയില്ല"

മനസ്സിൽ കുറിച്ചിട്ടു – കൊളംബോ എന്നല്ല പറയേണ്ടത്, കളംബോ!

വിൻഡോ സീറ്റായിരുന്നെങ്കിലും പുറത്തെ കാഴ്ച മറച്ചുകൊണ്ട് വിമാനത്തിന്റെ ചിറക് ഉയർന്നുനിന്നു. സാരമില്ല. ഒരു യാത്രാവിവരണം എഴുതാനുദ്ദേശിച്ചിട്ടില്ല ഓൺ ഡ്യൂട്ടി സാധൂകരിക്കാൻ വേണ്ടി പോയ ചില നാടുകളെപ്പറ്റി എന്തൊക്കെയോ മുമ്പ് എഴുതിയിട്ടുണ്ട്. വിമാനത്താവളത്തിലേക്ക് ഇറങ്ങുമ്പോൾ കാണുന്ന ആദ്യത്തെ മുഖദർശനത്തിൽ നിന്ന് ചിലപ്പോൾ തുടങ്ങിയിട്ടുമുണ്ട്.

വാച്ചിൽ നോക്കി കണക്കു കൂട്ടി. ഇനിയും പത്തു മിനിട്ട് വേണ്ടിവരുമെന്ന് വിചാരിച്ചിരിക്കേ ആദ്യത്തെ അനൗൺസുമെന്റ് വന്നു. അയാൾ ധൃതിയിൽ ഇമിഗ്രേഷനുള്ള ഫോറം പൂരിപ്പിച്ചു ഹാൻഡ് ബാഗ് ഒരിക്കൽകൂടി തുറന്നുനോക്കി. പാസ്പോർട്ടും ടിക്കറ്റും സെമിനാർ നടത്തുന്ന ഇൻഫർമേഷൻ വകുപ്പിന്റെ കത്തുകളും ഫാക്സ് സന്ദേശങ്ങളും എല്ലാം ഭദ്രമാണ്. ശരീരം പൂതലിച്ച് തുടങ്ങുമ്പോൾ ആവശ്യമില്ലാത്ത ഉൽക്കണ്ഠകളും ഭയങ്ങളും വരുന്നു. രാത്രി വാതിൽ കുറ്റിയിട്ടു എന്ന് മകൾ പറഞ്ഞാലും സ്വകാര്യമായി ഒന്നുകൂടി ഉറപ്പുവരുത്തണമെന്തിന്?

ഡോക്ടർ രാമചന്ദ്രൻ പറഞ്ഞു:

"മി. വേണുഗോപാലൻ, പ്രായമായാൽ ചിലർക്ക് അങ്ങനെയാണ്."

എയർ ഇന്ത്യക്കാർ തീയതി അറിയിച്ചതിലെ തെറ്റ്. ടോക്കിയോ വിമാനത്താവളത്തിൽ നിന്ന് പുറത്തുകടന്നപ്പോൾ സ്വീകരിക്കാൻ ആരുമില്ല. ഏഷ്യാ സെന്ററിലേക്ക് ടാക്സിയിൽ പോയി. മണിക്കൂറുകൾക്കകം പിറ്റേന്ന് വരുമെന്നു കരുതിയിരിക്കുന്ന സുഹൃത്തിന്റെ വാതിൽക്കൽ ചെന്ന് മുട്ടി. വീട്ടുകാരിയെ അമ്പരപ്പിച്ചു. സാഹസികത അന്നൊക്കെ സഹയാത്രികനായി എന്നും കൂടെയുണ്ട്.

സെമിനാറിന്റെ ആൾക്കാർ കാത്തുനിൽക്കുന്നുണ്ടാവില്ലേ? അമ്പരപ്പ് തോന്നാൻ തുടങ്ങി.

വിമാനത്താവളത്തിൽ പെട്ടി വരാൻ കാത്തു നിൽക്കുമ്പോൾ ഓർമിച്ചു. ഇവിടെ എന്നോ ഒരു ബോംബ് പൊട്ടി വളരെ പേർ മരിച്ചല്ലോ? എന്നായിരുന്നു? മാസങ്ങൾക്കു മുമ്പാണ് പ്രസിഡന്റ് പ്രേമദാസ മരിച്ച

ത്. നഗരമധ്യത്തിൽ ഒരു ബോംബ്. കൊല്ലും കൊലയും നടത്തി അസുരന്മാരും രാക്ഷസരും വാണ ഈ ദ്വീപിൽ ആദ്യം ബുദ്ധൻ വന്ന കഥ ഓർമ്മിച്ചു.

– ക്രൂരന്മാരുടെ സംഘം വളഞ്ഞപ്പോൾ ബുദ്ധൻ മന്ദഹസിച്ചു. അപ്പോൾ കൊടുങ്കാറ്റുയർന്നു. മിന്നൽപ്പിണരുകൾ ചീറി. രാക്ഷസർ ഭയന്നു വിറച്ചു.

“എനിക്ക് ഇരിക്കാനൊരു ഇടം തരൂ” ബുദ്ധൻ പറഞ്ഞു.

“ഞങ്ങൾക്ക് ഭയത്തിൽ നിന്ന് മോചനം തരൂ. ഈ ദ്വീപ് മുഴുവൻ ബുദ്ധാത്മാവേ, അങ്ങേക്കു തരുന്നു.”

“നിങ്ങൾക്കിനി ഭയമുണ്ടാവില്ല.”

ഭയപ്പെടരുത്. അയാൾ സ്വയം ശാസിച്ചു. മരണവുമായി സന്ധി പറഞ്ഞ ഇടവേള മാത്രമാണല്ലോ ജീവിതം. ബെർഗ്മാന്റെ ‘സെവൻത് സീലി’ലെ ചതുരംഗക്കളി ഓർത്തുപോയി ഭയത്തിൽ നിന്ന് സ്വാതന്ത്ര്യം കിട്ടാൻ ഇപ്പോൾ വേദാന്തവും ബുദ്ധിസവും വായിക്കുന്നു.

ഇവിടെ ആപത്തുകൾ എപ്പോഴും പതിയിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പുറം നാടുകളിലേക്കുള്ള ക്ഷണം ഒന്നും ഒഴിവാക്കാത്ത ചീഫ് എഡിറ്റർ ഈ സെമിനാറിൽ തന്നെ നിയോഗിച്ചത് അതുകൊണ്ടായിരിക്കണം. കഡുഗണ്ണാവയുടെ രഹസ്യം അദ്ദേഹത്തിനോട് പറഞ്ഞതുമില്ല. എന്തൊരാശ്വാസം. പേരെഴുതിയ ഒരു ബോർഡ് പിടിച്ച ഒരു ചെറുപ്പക്കാരൻ കാത്തു നിൽക്കുന്നു അയാളുടെ അടുത്തേക്ക് പെട്ടി വലിച്ചുകൊണ്ട് എത്തി.

“ഞാൻ തന്നെ പി.കെ. വേണുഗോപാൽ” പെട്ടിയുടെ ഉത്തരവാദിത്വം അയാൾ ഏറ്റെടുത്തു പുറത്തു കടന്നു.

– അവസാനം, ഒരിക്കലും വരാനിടയില്ല എന്നു കരുതിയ നാട്ടിൽ ഇതാ ഞാനെത്തിയിരിക്കുന്നു. ശ്രീലങ്ക വൈകിയാണെങ്കിലും ക്ഷണിച്ചിരിക്കുന്നു.

ടാക്സി പുറപ്പെട്ടു പെട്ടിക്കടകളും ചെറിയ വർക്ക്ഷോപ്പുകളുമുള്ള നിരത്തുവക്കിലേക്ക് നോക്കിയപ്പോൾ വിചാരിച്ചു ചങ്ങരംകുളം അങ്ങാടി പോലെയുണ്ടല്ലോ. വിമാനത്താവളം ഇത്ര ദൂരെയാവുമെന്നു വിചാരിച്ചില്ല. നഗരത്തിലേക്ക് മുപ്പത്തഞ്ചു മിനുട്ട്. ഹോട്ടലിൽ റജിസ്റ്ററിൽ ഒപ്പിടുമ്പോൾ–

“വെൽക്കം മി. വേണുഗോപാൽ! ഞാനാണ് ആഷ്‌ലി ഗുണതിലകെ ”

രണ്ടുതവണ ഫോണിൽ സംസാരിച്ചിട്ടുണ്ട് ഉണ്ടക്കണ്ണുകൾ താടിയെല്ലിൽ അബദ്ധത്തിൽ ബാക്കിയായ പോലെ ചെറിയൊരു താടിയുടെ സൂചന. പഴയ ഏതോ ഒരു നീഗ്രോ ഗായകന്റെ ഛായയുണ്ടെന്ന് തോന്നി. പേരോർമ്മയില്ല.

കറുത്ത സൂട്ടിനകത്ത് അയാൾ ആകെ വിയർത്തുകുളിക്കുന്നുണ്ട്

എന്നുതോന്നി.

നാലാം നിലയിലെ മുറിയിൽ നിന്നു നോക്കിയാൽ കടലിന്റെ ഒരംശം കാണാം. മുകളിൽ കൊടിപാറുന്ന കെട്ടിടം. അതിന്റെ മുകളിൽ ഒരു ഹെലികോപ്റ്റർ പറക്കുന്നത് നോക്കിനിൽക്കേ ഗുണതിലകെ പറഞ്ഞു: "സെക്യൂരിറ്റി. പ്രസിഡന്റിന്റെ ഓഫീസാണ്."

അയാൾ ജനാലയിലെ കർട്ടൻ നീക്കി.

"നോക്കൂ. നാവൽ ബോട്ടുകൾ മുന്നിൽ ഗാർഡ് ഡ്യൂട്ടിയുണ്ട്"

ശ്രീലങ്കയിൽ ആദ്യം വരികയാണെന്നു പറഞ്ഞു. മുമ്പ് വരാനുദ്ദേശിച്ചതാണ് എന്തുകൊണ്ടോ കഴിഞ്ഞില്ല. പൂർവകഥകൾ ഇപ്പോഴേ വിസ്തരിക്കേണ്ടെന്ന് വച്ചു.

"ഭയങ്കര തിരക്കുള്ള ദിവസമായിരുന്നു. അതുകൊണ്ട് എയർപോർട്ടിൽ എത്താൻ പറ്റിയില്ല"

"സാരമില്ല ഇവിടെ വന്നല്ലോ. മി ഗുണതിലക"

"സൗകര്യത്തിൽ എന്നെ ആഷ്‌ലി എന്നു വിളിക്കാം. നമുക്കെന്തെങ്കിലും കുടിക്കാം"

മുറിയിലെ ചെറിയ ഫ്രിഡ്ജിൽനിന്ന് അയാൾ രണ്ടു ടിൻ ബിയറുകൾ പുറത്തെടുത്തു.

വേണു വേണ്ടെന്നു പറഞ്ഞു

"ഓറഞ്ച് ജൂസ്? കോക്ക്?"

ഒന്നും വേണ്ട ദിവസം നാൽപതുയൂണിറ്റ് ഇൻസുലിൻ കുത്തിവെയ്ക്കുന്നു പരാധീനതകളുടെ ചരിത്രം കേൾപ്പിക്കണ്ട

"വിത്ത് യുവർ പെർമിഷൻ"

ആഷ്‌ലി ആദ്യത്തെ ബിയർ, ടിന്നിൽ നിന്നു തന്നെ കുടിച്ചു, ഒരു മിനുട്ടുകൊണ്ട് രണ്ടാമത്തേത് പൊട്ടിച്ച് ഗ്ലാസ്സിൽ ഒഴിച്ച് ഒരു സിഗരറ്റു കത്തിച്ചു

"ഇപ്പോൾ ഒരാശ്വാസം. എന്തൊരു ദിവസം!"

"ഇപ്പോൾ സ്ഥിതിഗതികൾ എങ്ങനെയുണ്ട്? പൊതുവേ ശാന്തമാണോ?"

"എന്നും ശാന്തമാണ്. എന്നും അപകടമുണ്ടാവുകയും ചെയ്യാം അതാ, ആ മേൽപ്പുര കാണുന്നില്ലേ? ഗോപുരം പോലത്തെ മേൽപ്പുര അതിനു താഴെയാണ് പ്രേമദാസയെ കൊല്ലാൻ ബോംബ് പൊട്ടിയത് കെന്നഡി പറഞ്ഞതാണ് ശരി. ആർക്കെങ്കിലും എന്നെ കൊല്ലണമെങ്കിൽ എത്ര സുരക്ഷാസന്നാഹത്തിനും തടയാനാവില്ല. എന്റെ ജീവനുപകരം സ്വന്തം ജീവൻ കൊടുക്കാനുള്ള സന്നദ്ധത മാത്രം മതി ഒരുത്തന്."

ആഷ്‌ലി ഗുണതിലകെ ഇൻഫർമേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനാണ് മുപ്പത്തഞ്ചിലേറെ പ്രായം വരില്ല. പ്രായമേറിയ ഒരു ഭരണാധികാരിയുടെ പക്വമായ സ്വരത്തിലാണ് അയാൾ സംസാരിക്കുന്നതെന്ന് വേണു

ഗോപാലൻ ശ്രദ്ധിച്ചു.

"പന്ത്രണ്ടു വയസ്സുകാരെയാണ് ഇപ്പോൾ എൽ.ടി.ടി.ഇ. റിക്രൂട്ട് ചെയ്യുന്നത്. പട്ടാള ക്യാമ്പിലെ കൂട്ടക്കൊല കഴിഞ്ഞപ്പോൾ പകരം വീട്ടാൻ പതിനഞ്ചു വയസ്സുകാർ ഞങ്ങളുടെ റിക്രൂട്ടിങ് ഓഫീസുകളിൽ ദിവസവും ക്യൂനിൽക്കുന്നു. ഷെല്ലി പറഞ്ഞത് കേട്ടിട്ടുണ്ടോ?"

"ആര്?"

"ഷെല്ലി. പി.ബി ഷെല്ലി, ഇംഗ്ലീഷ് കവി. യുദ്ധം ഭരണാധികാരികൾക്ക് വിനോദമാണ്, പുരോഹിതർക്ക് ആനന്ദമാണ്, അഭിഭാഷകർക്ക് ഫലിതമാണ്, വാടകക്കൊലയാളിക്ക് വ്യാപാരവുമാണ്."

അഞ്ചു മിനുട്ടിനിടയ്ക്ക് അയാൾ കെന്നഡിയേയും ഷെല്ലിയേയും ഉദ്ധരിച്ചു. ആതിഥേയനായി ആഷ്‌ലിയെ കിട്ടിയതിന് ആരോടോ നന്ദി പറയാതെ വയ്യ.

"മി. ആഷ്‌ലി, ഞാനെഴുതിയിരുന്നു. എനിക്ക് ചില സ്ഥലങ്ങൾ കാണാൻ–"

"നാളത്തെ സെമിനാർ കഴിഞ്ഞാൽ സാറ്റർഡേ, സൺഡേ – ഞങ്ങൾ സൈറ്റ് സീയിങ്ങിന് നീക്കി വച്ചിട്ടുണ്ട്. കാണാൻ പലതുണ്ട് ഈ രാജ്യത്ത്. ടൂറിസം വകുപ്പിൽ നിന്ന് ഒരാളുണ്ടാവും."

"പ്ലീസ് മി. ആഷ്‌ലി. താങ്കൾ വരൂ "

"നോക്കട്ടെ. ചരിത്രസ്മാരകങ്ങൾ എത്ര കണ്ടാലും എനിക്ക് മടുക്കില്ല. നോക്കട്ടെ. പ്രത്യേകിച്ച് വല്ല സ്ഥലങ്ങളും?"

"കാൻഡി"

"അത് എല്ലാവരും കാണും. പതിനാലാം നൂറ്റാണ്ടിന്റെ തലസ്ഥാനം. മൂന്നു മണിക്കൂർ ദൂരം. പിന്നെ–?"

സംശയിച്ചുകൊണ്ട് പറഞ്ഞു:

"അതിനടുത്താണെന്ന് തോന്നുന്നു കഡുഗണ്ണാവ"

"ഓ, കഡുഗണ്ണാവ. നമ്മളാ വഴി പോകും. എനിക്കറിയാം, എനിക്കാറിയാം."

ആഷ്‌ലിയുടെ ഭാര്യയുടെ അച്ഛൻ അവിടത്തുകാരനാണ്. കൊളംബോയിലേക്ക് അവർ താമസം മാറ്റിയത് എട്ടുപത്ത് കൊല്ലം മുമ്പാണ്.

"അദ്ദേഹം ഇപ്പോൾ"

"മരിച്ചു. കഴിഞ്ഞ ഡിസംബറിൽ"

കഡുഗണ്ണാവയുടെ പ്രാധാന്യമെന്ത് കേരളത്തിൽ നിന്ന് വരുന്ന ഒരു വയസ്സൻ പത്രപ്രവർത്തകന് എന്ന് അയാൾ ചോദിക്കുമെന്നു പ്രതീക്ഷിച്ചു. ചില കുടുംബക്കാർ പണ്ടവിടെ ഉണ്ടായിരുന്നു എന്നു മാത്രം മറുപടി പറയാം.

ആഷ്‌ലി സമയം നോക്കി. എഴുന്നേറ്റു.

"നാളെ അഞ്ചിന് സെമിനാർ. നാലിന് തയാറായി വന്നാൽ മതി"

അയാൾ വിസിറ്റിങ് കാർഡ് തന്ന് പറഞ്ഞു:

"അതിനിടയ്ക്ക് എന്താവശ്യമുണ്ടെങ്കിലും വിളിക്കാം. ഹാവ് എ നൈസ് റെസ്റ്റ്."

അയാൾ ഒഴിഞ്ഞ ബിയർ ടിന്നുകൾ ഫ്രിഡ്ജിനു മുകളിൽ വച്ച് പുറത്തു കടന്നു.

"ബൈ!"

അൽപം കഴിഞ്ഞ് താഴെയിറങ്ങി ഹോട്ടലിന്റെ ലോബിയിൽ ചുറ്റിനടന്നു. പുസ്തകങ്ങളും സ്റ്റേഷനറിയും വിൽക്കുന്ന ഫ്ളോറിൽ കയറി എല്ലാറ്റിനും ഇന്ത്യയെ അപേക്ഷിച്ച് വില കൂടുതലാണെന്നു കണ്ടു.

ഹോട്ടലിനു പുറത്ത് കുറച്ചുനേരം നിന്നു. കടൽക്കരയിലൂടെ നീണ്ടു പോകുന്ന റോഡിലെ വിളക്കുകൾ പെട്ടെന്ന് തെളിഞ്ഞു. മുന്നിൽ ഒരു മിലിട്ടറി ചെക്ക് പോസ്റ്റ്. അയാൾ തിരികെ നടന്ന് മുറിയിലെത്തി ഏഴു മണിക്ക് റൂം സർവ്വീസിൽ ഭക്ഷണത്തിന് ഓർഡർ ചെയ്തു. ഉടുപ്പു മാറ്റി കള്ളിമുണ്ടുടുത്ത് സോഫയിൽ സ്വാതന്ത്ര്യത്തോടെ കാൽ മടക്കിവച്ച് കിടന്നു.

താക്കോൽ കൂട്ടം ചുഴറ്റിക്കൊണ്ട് ചെറിയ ഇരുമ്പു പെട്ടിമേൽ ഇരുന്ന കുട്ടിയുടെ മുഖം എങ്ങിനെയായിരുന്നു? ശിങ്കളത്തിക്കുട്ടിയുടെ മുഖം? അന്ന് വീട്ടിൽ രണ്ടു കലണ്ടറുകൾ ഉണ്ടായിരുന്നു ഒന്ന് ബേബി സരോജ ആയിരുന്നോ? അതോ അശ്വത്ഥമ്മയോ? സിനിമയിലെ ആരോ ആയിരുന്നു മറ്റൊന്ന് ശ്രീകൃഷ്ണന്റെ. അമ്മയുടെ കാൽപ്പെട്ടിയിൽ പരിശോധന നടത്തുമ്പോഴൊക്കെ ശ്രീകൃഷ്ണന്റെ ചുവപ്പുരാശിയുള്ള കണ്ണുകൾ ശാസനയോടെ നോക്കും. സിനിമാ കലണ്ടറിലെ മുഖത്തേക്കാൾ ഭംഗിയുണ്ടായിരുന്നു സിലോണിൽ നിന്നും വന്ന കുട്ടിക്ക് എന്നതുറപ്പായിരുന്നു. ചതുരമുഖമായിരുന്നു. കഴുത്തിൽവച്ച് വെട്ടിയ മുടി. ... ചിത്രം ഇപ്പോൾ വളരെ അവ്യക്തമാണ്, മനസ്സിൽ

ഈ യാത്ര നിശ്ചയിച്ച ശേഷമാണ് വേണുഗോപാലൻ ദേവിയോപ്പുവിന്റെ വീട്ടിൽ പോയത്. അച്ഛന്റെ മരുമകളാണ് ദേവിയോപ്പു. ഏറ്റവും താഴെയുള്ള മകളുടെ വിവാഹത്തിന് പങ്കെടുക്കാൻ പറ്റില്ല എന്നറിയിക്കാൻ.

"ഇതും കൂടി കഴിഞ്ഞാൽ ഒരു സമാധാനായി. എന്തോ, നല്ലകാലത്തിന് ഇങ്ങനെ ഒരാലോചന വന്നു "

കല്യാണത്തിന് വരുന്ന കാര്യം സംശയമാണ് എന്നു പറഞ്ഞു.

"കുട്ടികള് വരും. ഞാൻ. ഞാനപ്പോൾ സിലോണിലായിരിക്കും"

ദേവിയോപ്പുവിന് വിഷമം തോന്നി.

"ആപ്പീസുകാര്യമാണ്. ഒരു മീറ്റിങ്. പത്രക്കാരുടെ പിന്നെ, സിലോണായതുകൊണ്ട്..."

"സിലോണിൽ വേണു പോയിട്ടില്ലേ മുമ്പ്"

"ഇല്ല. പോകാൻ പലപ്പോഴും പ്ലാനിട്ടു. നടന്നില്ല"

ദേവിയോപ്പുവിന് ഓർമ്മവന്നു. കുട്ടേട്ടനും രാജേട്ടനും ചെറുപ്പത്തിലുണ്ടായിരുന്നു. അപ്പുവിന്റെ പ്രസവത്തിനാണ് വലിയമ്മായി സിലോണിൽ നിന്നുവന്നത്.

അപ്പോൾ കല്യാണത്തിന്റെ ഒരുക്കങ്ങളെപ്പറ്റി അന്വേഷിക്കാൻ ചില ബന്ധുക്കൾ വന്നു.

"ആ വേണുവിനെ കണ്ടിട്ട് ഇശ്ശ്യായി."

ദേവിയോപ്പു അവരോടായി പറഞ്ഞു: "വേണു സിലോണിൽ പോവ്വാ. കല്യാണത്തിന് വരാൻ പറ്റില്ല. വല്ല്യമ്മാമടെ സ്ഥലത്തൊക്കെ പോവാം. വേണൂന്, ഇല്ലേ?"

അയാൾ ചിരിച്ചു: "പോയി നോക്കാം. ഒരു പക്ഷേ."

"എന്താ വല്യമ്മാമടെ സ്ഥലത്തിന്റെ പേര് – എനിക്കോർമ്മ വരണില്ല. ഒരു .."

"കഡുഗണ്ണാവ"

ആ പേര് മറക്കില്ല. ജ്യേഷ്ഠന്മാർ അമ്മയ്ക്ക് വിലാസമെഴുതിക്കൊടുക്കുന്ന കത്തുകൾ തപാലിലിട്ടിരുന്നത് വേണുവായിരുന്നു.

അയൽവക്കത്തെ വിശാലാക്ഷിയമ്മ ചോദിച്ചു·

"അവ്ട്ന്നു പണ്ടൊരു കുട്ടി വന്നില്ലേ ദേവി?"

ദേവിയോപ്പു പറഞ്ഞു: "അവരൊക്കെ ഉണ്ടോ എന്ന് ആർക്കറിയാം! കാലമെത്ര കഴിഞ്ഞു! ലീലാന്നായിരുന്നു പേര് "

വേണുഗോപാലൻ നേരത്തെ കണക്കുകൂട്ടിയിരുന്നു അച്ഛന് അവിടെ ബന്ധമുണ്ടായിരുന്നു എന്നു കേട്ട ശിങ്കളത്തി ജീവിച്ചിരിക്കാൻ ഇടയില്ല. ഉണ്ടെങ്കിൽത്തന്നെ തൊണ്ണൂറ് വയസ്സെങ്കിലും ആയിരിക്കണം.

'ലീലയ്ക്ക് എന്റെ പ്രായാ. അപ്പോ, ഉണ്ടായീന്ന് വരാം.' വേണുഗോപാലൻ അത്ഭുതപ്പെട്ടു. അവളെപ്പറ്റി മുമ്പ് പലരോടും പറഞ്ഞിട്ടുണ്ട്. പറയാൻ രസമുള്ള കഥ. ഒരമ്മയ്ക്ക് നാലാൺമക്കൾ. പെൺകുട്ടിയുണ്ടാവാൻ വളരെ മോഹിച്ചു. വിദേശത്തു നിന്ന് ഭർത്താവ് വർഷങ്ങൾക്കു ശേഷം വന്നപ്പോൾ കൂടെ ഒരു പെൺകുട്ടി. അത് അച്ഛന്റെ സന്തതി തന്നെ എന്ന് അപവാദം പരന്നപ്പോൾ ആ വീട്ടിൽ കലഹം, കലാപം.

വേണുഗോപാലന്റെ ഓർമ്മയിൽ, എന്തു കൊണ്ടോ ആ കുട്ടി തന്റെ താഴെയായിരുന്നു എന്നായിരുന്നു ധാരണ.

"ദേവിയോപ്പു, അവര്... ആ കുട്ടി എന്റെ താഴെയല്ലേ?"

"ഹേയ്. നിനക്കന്ന് ഒമ്പതാ. ഞങ്ങള് മാരാത്താട്ടിലെ മുറ്റത്ത് കളിക്കുമ്പഴാ അത് വയസ്സറീച്ചത്. എനിക്ക് നല്ലോർമ്മണ്ട്."

കുട്ടി അച്ഛന്റെ വീട്ടിലെത്തിയ ശേഷമുള്ള കഥകൾ അന്നു കേട്ടിരുന്നു. തെക്കെ തളത്തിൽ അരിപ്പത്തായത്തിനു താഴെ ഒറ്റ ഇരിപ്പായിരുന്നു. രണ്ടു ദിവസം. കുളിമുറിയിലും കക്കൂസിലും കൂടി പോയില്ല. ഒറ്റ

ഇരിപ്പ്. ദേവിയോപ്പുവും അമ്മയും ചെറിയമ്മയും ഒക്കെ ശ്രമിച്ചു നോക്കി അവസാനം സ്ത്രീകൾ സംശയിച്ചു സംശയിച്ച് അച്ഛന്റെ അടുത്ത് ചെന്നു; വിവരം പറഞ്ഞു. പിന്നീട് അവിടത്തെ പെൺകുട്ടികളുടെ കൂടെ പുറത്തിറങ്ങാൻ തുടങ്ങിയത്രേ.

"അന്നതിന് ഒരു പന്ത്രണ്ട് പതിമൂന്ന് വയസ്സുണ്ടാവും ഓപ്പാ. ശരീരം നല്ല പുഷ്ടിയുണ്ടായിരുന്നു."

സിലോണിൽ നിന്ന് വന്ന പെൺകുട്ടി വയസ്സറിയിച്ച സംഭവം ഇതു വരെ അറിഞ്ഞിട്ടില്ല അപ്പോൾ വേണുഗോപാലൻ കണക്കുകൂട്ടി അറുപത്തിരണ്ടോ അറുപത്തിമൂന്നോ വയസ്സുണ്ടായിരിക്കണം

അച്ഛൻ വന്ന രാത്രിയിലെ ആഘോഷത്തെപ്പറ്റി ഓർമ്മയുണ്ട് വടക്കെ മുറ്റത്ത് രണ്ടു കോഴിയെ അറുത്തു മൂത്ത ജ്യേഷ്ഠൻ അച്ഛൻ കൊണ്ടു വന്ന ഗ്രാമഫോണിൽ റിക്കോർഡുകൾ വച്ചു. മുകളിലെ തെക്കെ മുറിയിൽ അച്ഛൻ അമ്മാവന്മാരേയും അധികാരികളേയും സൽക്കരിച്ചു. രാത്രി വളരെ കഴിയുന്നതുവരെ തമിഴു പാട്ടുകൾ പത്തായപ്പുരയുടെ മുകളിൽ നിന്നും കേട്ടു ആ രാത്രിയിൽ എപ്പോഴോ വിരുന്നുകാർ പോയശേഷം അച്ഛനും അമ്മയും തമ്മിൽ കലഹിച്ചു പുറത്തെ മുറിയിൽ ഉറക്കം ഞെട്ടിയപ്പോൾ കേൾക്കുന്നത് അമ്മയുടെ ഉച്ചത്തിലുള്ള സംസാരമാണ് ശിങ്കളത്തിയുടെ കാര്യം കൂടെ വന്ന അമ്മാവൻ പറഞ്ഞതാണത്രെ

പിറ്റേന്ന് പെൺകുട്ടിയേയുംകൊണ്ട് അച്ഛൻ സ്വന്തം നാടായ വന്നേരിയിലേക്ക് പോയി മൂന്നു മാസം അവിടെ താമസിച്ച ശേഷം തിരിച്ചു പോയെന്നും കേട്ടു

മക്കളാരും വന്നേരിയിലേക്കു പോയില്ല. പോകാൻ എല്ലാവർക്കും താൽപര്യമാണ് ഇളയ കുട്ടിയായ വേണുഗോപാലനു പ്രത്യേകിച്ചും. കാരണം അച്ഛന്റെ വീട്ടിൽ വൈകുന്നേരത്തെ ചായയ്ക്ക് പലഹാരമുണ്ടാവും. ഈന്തിൻ പൊടികൊണ്ടും രായിപ്പുല്ലുകൊണ്ടുമുള്ള ഓട്ടട അവിടത്തെ വിശേഷമാണ് മത്തോക്ക് പൊടി കൊണ്ട് പായസം വെയ്ക്കുന്ന ഒരത്ഭുതവിദ്യയും അടുക്കള ഭരണം നടത്തിയിരുന്ന അമ്മുവോപ്പുവിനറിയാം അവർ ഇടയ്ക്ക് അയിനിക്കുരു വറുത്തു തരും. ഓപ്പയുടെ ചെറിയ കുട്ടി.

പക്ഷേ അമ്മ പറഞ്ഞു, എല്ലാവരോടുമായി. "ഉള്ള കഞ്ഞീം ചോറും കഴിച്ച് ഇവിടെ ഇരുന്നാൽ മതി. ആരും പോണ്ട എവടേയ്ക്കും "

ബെയറർ ഭക്ഷണം കഴിച്ച പാത്രങ്ങൾ നീക്കം ചെയ്തു ജനാലയുടെ കർട്ടൻ നീക്കി കണ്ണാടിച്ചില്ലിലൂടെ പുറത്തേക്ക് നോക്കിനിന്നു ഹെലികോപ്റ്ററിന്റെ ശബ്ദം അപ്പോഴും കേൾക്കാം. ഗൺബോട്ടുകൾ ഇപ്പോൾ കാണുന്നില്ല താഴെ റോഡുവക്കിൽ പട്ടാളം കാവൽ നിൽക്കുന്ന ബൂത്തിൽ തീക്കണ്ണുപോലെ ഇടയ്ക്കിടെ ഒരു സിഗരറ്റ് എരിയുന്നു

വാഹനഗതാഗതം മിക്കവാറും നിലച്ചിരിക്കുന്നു. പക്ഷേ നഗരം ഉറ

ങ്ങുന്നില്ല. പ്രഭാതത്തിന്റെ വെളിച്ചം അറിയാൻ വേണ്ടി ഒരു വിടവിട്ട് കർട്ടൻ നീക്കി അയാൾ കിടന്നു.

രാവിലെ ആഷ്‌ലി ഗുണതിലകയെ വിളിച്ചു. ആരും എടുക്കുന്നില്ല. മൂന്നാമത്തെ തവണ ശ്രമിച്ചപ്പോൾ കിട്ടി.

"ഡിഡ് യൂ സ്ലീപ്പ് വെൽ?"

"യെസ്. ഫൈൻ"

"സെമിനാറിന്റെ പേപ്പർ നേരത്തെ കോപ്പിയെടുത്ത് വിതരണം ചെയ്യണോ? വേണ്ട. ബംഗ്ലാദേശുകാരൻ എത്തിയിട്ടില്ല. ബോംബെയിൽ നിന്നും പട്ടേൽ വന്നിട്ടുണ്ട്...."

"ആഷ്‌ലീ, നാടു കാണുന്ന പരിപാടി."

"ശരിയാക്കാം. ശരിയാക്കാം, ഡോൺട് വറി. നാലുമണിക്ക് കാറു വരും ബി. റെഡി"

സാർക്ക് രാജ്യങ്ങളുടെ പത്രക്കാരുടെ സെമിനാറിൽ ഒരു പി.കെ വേണുഗോപാലൻ നായർ കൂടിയുണ്ട് എന്നു കേൾക്കുമ്പോൾ – അവശേഷിച്ച മലയാളികളിൽ ആരെങ്കിലും വന്നുകൂടെന്നില്ല. പ്രായംചെന്നവരിൽ ആർക്കെങ്കിലും ഒരു പക്ഷേ അച്ഛനെ പരിചയമുണ്ടായിരുന്നെങ്കിൽ

സിലോൺ മലയാളികൾക്കിടയിൽ അച്ഛൻ കുറച്ചൊക്കെ പ്രസിദ്ധനായിരുന്നു എന്നാണ് മൂത്ത ജ്യേഷ്ഠൻ പറയുന്നത്. മലയാളി ഹൈക്കമ്മീഷണർക്കു കൊടുത്ത സ്വീകരണത്തിന്റെ ഫോട്ടോ ഒരിക്കൽ ജ്യേഷ്ഠൻ അച്ഛന്റെ പെട്ടിയിൽ കണ്ടിട്ടുണ്ട് അതിൽ പിൻനിരയിൽ നിൽക്കുന്നവരുടെ കൂട്ടത്തിൽ അച്ഛനുണ്ടായിരുന്നു എന്ന് ജ്യേഷ്ഠന് ഉറപ്പാണ്.

രാജേട്ടന് എന്തിലും സംശയമായിരുന്നു. "അച്ഛന്റെ വിലാസം തന്നെ അതിന് തെളിവല്ലേ? കെ എം. നായർ, കഡുഗണ്ണാവ, സിലോൺ എന്നു മാത്രമായിരുന്നല്ലോ വിലാസം!" ജ്യേഷ്ഠൻ തർക്കിച്ചു

പ്രായം ചെന്ന മലയാളികൾ ആരെങ്കിലും കാണുമെന്ന നേർത്ത പ്രതീക്ഷയുണ്ടായിരുന്നു.

മൂന്നു ദിവസം മിനക്കെട്ടിരുന്ന് എഴുതിയുണ്ടാക്കിയ പ്രബന്ധവും കൊണ്ട് സെമിനാർ ഹാളിൽ ചെന്നപ്പോൾ ആകെ പത്തുപതിനഞ്ചുപേരുണ്ട്. അഞ്ചു മണിയായപ്പോൾ പത്തുപതിനഞ്ചുപേർ കൂടി വന്നെത്തി ഹാളിന്റെ പുറത്ത് നിന്നു. ഇല്ല, മലയാളിയുടെ പേരുകണ്ട് ആരും വന്നിട്ടില്ല. സ്റ്റെയ്ജിൽ ആറുപേർ. പഴയ വ്യവസ്ഥാപിത ശക്തികളും പുതിയ ഉയിർത്തെഴുന്നേൽക്കുന്ന ശക്തികളും തമ്മിലുള്ള സംഘർഷത്തെപ്പറ്റിയൊക്കെ ഉദ്ഘാടനം ചെയ്ത ശ്രീലങ്കൻ ഉദ്യോഗസ്ഥൻ പറയുമ്പോൾ എല്ലാം കേൾക്കുന്നു, ശ്രദ്ധിക്കുന്നു എന്ന ഭാവത്തിലിരുന്നു

വിചാരിച്ചതിലും നേരത്തെ കഴിഞ്ഞു സമ്മേളനം

ആഷ്‌ലി സദസ്സിന്റെ കൂട്ടത്തിലായിരുന്നു. രാവിലെ എട്ടു മണിക്ക്

പുറപ്പെടാം. രാത്രി അനുരാധപുരത്ത് താമസം ടൂറിസം വകുപ്പിന്റെ അതിഥിയായിട്ടാണ് സഞ്ചരിക്കുക അവരുടെ വാഹനം.

"ആഷ്‌ലി, താങ്കൾ വരണം"

"നോക്കട്ടെ "

"അതു പറഞ്ഞാൽ പറ്റില്ല "

നേരത്തെ ഫോണിലും കത്തിലും ബന്ധപ്പെട്ടതുകൊണ്ടാവാം, അയാൾ ഒരടുത്ത സുഹൃത്താണെന്ന തോന്നലുണ്ടായി.

രാത്രി മഴ പെയ്തു. പക്ഷേ രാവിലെ ആകാശം പ്രസന്നമായിരുന്നു.

രാവിലെ എട്ടരയ്ക്ക് ആഷ്‌ലി ടൂറിസം വകുപ്പിന്റെ കാറിൽ വന്നു

യാത്രയിൽ ആഷ്‌ലിയുടെ കുടുംബകാര്യങ്ങളന്വേഷിച്ചു രണ്ടു മക്കൾ. പെൺകുട്ടികളാണ് ഭാര്യ ഒരു ബാങ്കിൽ ജോലി ചെയ്യുന്നു. ആഷ്‌ലി പഠിച്ചത് ലണ്ടനിലാണ് ലണ്ടനിലെ സിലോൺ എംബസിയിൽ രണ്ടു വർഷം ജോലി ചെയ്തിട്ടുണ്ട്

ആഷ്‌ലിക്ക് സിലോണിന്റെ ചരിത്രവും ഇതിഹാസവുമൊക്കെ കൃത്യമായറിയാം വർഷങ്ങളും കണക്കുകളും കൂടി കൃത്യം. ദേവാനാംപ്രിയ തിസ്സയുടെ കാലഘട്ടത്തെപ്പറ്റി ചരിത്രസ്മാരകങ്ങളുടെ ഇടയ്ക്ക് നടന്നുകൊണ്ട് അയാൾ പറഞ്ഞു. മിഹിന്ദലെ ആദ്യത്തെ ബുദ്ധവിഹാരം. അശോകന്റെ മകൻ മഹേന്ദ്രനാണ് ഇവിടെ ബുദ്ധമതത്തിന്റെ സന്ദേശവാഹകനായി വന്നത് മഹേന്ദ്രന്റെ പേരിൽ നിന്ന് മിഹിന്ദലെ. മകൾ സംഗമിത്രകൊണ്ടുവന്ന ബോധിവൃക്ഷക്കമ്പാണ് ഇവിടെ സ്ഥാപിച്ചത്. "വേണമെങ്കിൽ കുറിച്ചെടുത്തോളു. സംഗമിത്ര ബി.സി മൂന്നാം നൂറ്റാണ്ട്. ചുറ്റും ഈ മതിൽ കെട്ടിയത് വിക്രമരാജ സിംഹൻ "

അയാൾ ആഷ്‌ലിയെ തൃപ്തിപ്പെടുത്താൻ കുറിപ്പുകളെഴുതി ആവശ്യമുണ്ടായിട്ടല്ല.

മതിൽക്കെട്ടിന് ചുറ്റും പട്ടാളം താവളമടിച്ചിരുന്നു. ഒരിക്കൽ തീർത്ഥാടകരെയും കൊണ്ട് ഒരു ടൂറിസ്റ്റ് ബസ്സ് വന്നു നിന്നു പുറത്തിറങ്ങിയ ഭക്തർ മഞ്ഞവസ്ത്രം നീക്കിയപ്പോൾ എ കെ.47 റൈഫിളുകളുമായി തമിഴ് വിപ്ലവകാരികളായിരുന്നു. വെടിവയ്പിൽ മരിച്ചത് അറുപത്തേഴു പേർ പ്രാർത്ഥിക്കുന്നവരും വഴിവക്കിൽ അർച്ചനയ്ക്കുള്ള പൂക്കൾ വിറ്റിരുന്നവരും അതിൽപെടും. അതിന്റെ ശേഷമാണ് പട്ടാളം കാവൽ നിൽക്കാൻ തുടങ്ങിയത്

ബോധിവൃക്ഷത്തിന്റെ മുമ്പിലുള്ള മണ്ഡപത്തിൽ, ഒരു പൂത്തട്ടം വാങ്ങി, അഞ്ചു വെള്ളപ്പൂക്കൾ വച്ച് ആഷ്‌ലി ഗുണതിലകെ പ്രാർത്ഥിച്ചുകൊണ്ട് ഒരു മിനുട്ട് നിന്നു

"ആഷ്‌ലി, നിങ്ങൾ "

"ഞാൻ ബുദ്ധിസ്റ്റാണ്."

ബ്രിട്ടീഷ് ഭരണകാലത്ത് സ്കൂൾ അഡ്മിഷനുവേണ്ടി പലരും

ക്രിസ്ത്യൻ പേരുകൾ സ്വീകരിച്ചു. തലമുറകളായി ആ പേരുകൾ പകർന്നുവെന്നു മാത്രം. എന്റെ മുത്തച്ഛനും ആഷ്‌ലിയായിരുന്നു.

സമാധി ബുദ്ധപ്രതിമയും ചെമ്പു കൊട്ടാരവും കണ്ടുനടക്കുമ്പോൾ ആഷ്‌ലി പറഞ്ഞു:

ബുദ്ധമതം സ്വീകരിച്ച രാജാവ് പട്ടാളത്തെ പിരിച്ചുവിട്ടു. പട്ടാളക്കാർ കുളങ്ങളും നദികളും ഉണ്ടാക്കി. കൃഷി ചെയ്തു. കുതിരക്കച്ചവടം ചെയ്യാൻ തമിഴ്നാട്ടിൽ നിന്ന് വന്ന രണ്ടുപേർ പട്ടാളമില്ലാത്ത ഒരു നാടു കണ്ട് കണക്കുകൂട്ടി. മടങ്ങിപ്പോയി ആറുതോണികളിൽ കുറച്ച് പട്ടാള ക്കാരുമായി വന്ന് രാജ്യം പിടിച്ചടക്കി. അതാണ് ആദ്യത്തെ ആക്രമണ ത്തിന്റെ കഥ

"എന്നും ആക്രമണത്തിന് തരം നോക്കിയവർ നിങ്ങളാണ് "

ആഷ്‌ലി ചിരിച്ചുകൊണ്ടു പറഞ്ഞു.

പഴയ വിഹാരങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ നടന്നു നടന്ന് അയാൾ തളർന്നുപോയിരുന്നു.

നുവാര മേവാ തടാകത്തിന്റെ കരയിലെ റെസ്റ്റ് ഹൗസിലാണ് താമ സത്തിന് ഏർപ്പാടു ചെയ്തിരുന്നത്.

'ഓൾഡ് ആരക്കി'ന്റെ കുപ്പി പുറത്തെടുത്ത് ആഷ്‌ലി പറഞ്ഞു:

"ഫോറിൻ വിസ്കിയേക്കാൾ എനിക്കിഷ്ടം ഇതാണ് "

കൂട്ടുചേരാൻ പറ്റാത്ത രോഗാവസ്ഥകളെപ്പറ്റി പറഞ്ഞ്, ഒഴിഞ്ഞുമാറി. പുറത്ത് ഇരുട്ടായിരുന്നു.

"നാളെ കറുത്ത വാവാണ്."

പിറ്റേന്നത്തെ പരിപാടികളെപ്പറ്റി അറിയാനായിരുന്നു ഉൽക്കണ്ഠ.

"ഞാൻ പറഞ്ഞത് ഓർമ്മയുണ്ടല്ലോ ആഷ്‌ലി..."

"ഓ .യെസ്സ്. കഡുഗണ്ണാവ. നമ്മളാവഴി പോവും. കഡുഗണ്ണാവയിൽ – നല്ല സുഖം. ചുരത്തിൽ നിന്നുള്ള കാഴ്ച ഭംഗിയുണ്ട്. പക്ഷേ മറ്റൊ ന്നുമില്ല."

സംശയിച്ച് സംശയിച്ച് വേണു പറഞ്ഞു·

"എന്റെ അച്ഛൻ മുമ്പ് അവിടെ കുറച്ചുകാലം ജോലി ചെയ്തിരുന്നു എന്ന് കേട്ടിട്ടുണ്ട് വേറെയും ചില നാട്ടുകാർ. ഒരമ്മാവൻ..."

"ദാറ്റീസ് ഇൻക്രെഡിബിൾ! നമുക്ക് പോവാം"

കോളേജു വിട്ട ശേഷമാണ് അച്ഛൻ തിരിച്ചെത്തിയത്. ആഷ്‌ലി ചരി ത്രാതീത കാലത്തിന്റെ കഥകൾ പറയുമ്പോൾ അയാൾ താൽപര്യപൂർവ്വം കേൾക്കുന്നതായി ഭാവിച്ചു.

മുപ്പത്തൊന്നു വർഷം സിലോണിൽ കഴിഞ്ഞ് മടങ്ങുമ്പോൾ ഒരുപാട് പണം കൊണ്ടുവരുമെന്ന് വീട്ടുകാരും നാട്ടുകാരും കണക്കുകൂട്ടിയിരു ന്നു. അമ്മ മരിച്ചിരുന്നു.

അമ്മയുള്ള കാലത്ത് രണ്ട് തവണ കൂടി അച്ഛൻ നാട്ടിൽ വന്നു.

വീട്ടിൽ രാവിലെ വരും, വൈകുന്നേരം വന്നേരിക്കു മടങ്ങും. അടുക്കളയിൽ പ്രത്യേകമായി രണ്ടുപ്പേരിയുണ്ടാക്കാനും മുട്ട വറുക്കാനും അമ്മ ഏൽപ്പിക്കും. പക്ഷേ അച്ഛന്റെ മുമ്പിൽ വന്നില്ല ഊണിന്റെ സമയമാവുമ്പോൾ പറയും: "ഇല വെച്ചിരിക്ക്ണൂ അച്ഛനെ വിളിച്ചോ "

അമ്മയെ സഹായിക്കാൻ നിന്നിരുന്ന മീനാക്ഷിയേടത്തിയാണ് വിളമ്പിയിരുന്നത്.

ദേവിയോപ്പുവിന്റെ ജ്യേഷ്ഠൻ, അച്ഛന്റെ മൂത്ത മരുമകൻ അച്ഛന്റെ കെട്ടിയിരുപ്പിന്റെ കാര്യം സ്വകാര്യമായി അന്വേഷണം നടത്തി നേരിട്ട് ബാങ്കിലേയ്ക്കയച്ചിരിക്കുമെന്ന് സ്വകാര്യമായി പറഞ്ഞു

നാട്ടു പ്രമാണിമാർ ദിവസവും വിരുന്നിന് വന്നു പത്തായപ്പുരയ്ക്കു മുമ്പിൽ ബ്രാണ്ടിക്കുപ്പികൾ തുറക്കും സന്ധ്യയാവുമ്പോൾ ചിക്കി വറുത്ത മുട്ടയും പപ്പടവും മുകളിലേക്ക് എത്തിച്ചിരുന്നത് വിജയേട്ടനായിരുന്നു സിലോണിൽ നിന്ന് കൊണ്ടുവന്ന കുപ്പികൾ തീർന്നപ്പോൾ തൃശൂരിൽ നിന്ന് വാങ്ങാൻ പോയിരുന്നതും വിജയേട്ടൻ തന്നെ പത്തു ദിവസം കഴിഞ്ഞപ്പോൾ അച്ഛൻ ഉണ്ണീരി വാറ്റിയ റാക്കു കുപ്പി നാട്ടുപ്രമാണിമാരുടെ മുമ്പിൽ വച്ച് പറഞ്ഞു

"ഉണ്ണീരിയില്ലേ? നമ്മുടെ പുറം പറമ്പിലെ ഉണ്ണീരി അവന്റെ റാക്കിന്റടുത്ത് ഒരു ഫോറിൻ ബ്രാണ്ടിയും നിൽക്കില്ല " പ്രമാണിമാർ സമ്മതിച്ചു പിറ്റേന്നു മുതൽ വൈകുന്നേരം അച്ഛൻ തനിച്ചായി

ഓൾഡ് ആരക്ക് പകുതിയായപ്പോൾ ആഷ്‌ലി എഴുന്നേറ്റു അയാളുടെ നെറ്റിയിൽ നിന്ന് വിയർപ്പൊഴുകിയിരുന്നു ലണ്ടൻ വാസക്കാലത്തെ ഒരനുരാഗത്തിന്റെ കഥ പറയണമെന്നുണ്ടായിരുന്നു ആഷ്‌ലിക്ക് അത് പിറ്റേന്നാവട്ടെ എന്ന് വച്ചു

ഡൈനിങ് ഹാളിൽ ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ആഷ്‌ലി നിശ്ശബ്ദനായിരുന്നു തിരിച്ച് കോണി കയറുമ്പോൾ അയാളുടെ കാലിടറി. പിടിച്ചപ്പോൾ അയാൾ ചിരിച്ചു

"സാരമില്ല ഓൾഡ് ആരക്ക് ശരിക്കും ചവിട്ടുന്നുണ്ട് "

അയാളുടെ വാതിൽ തുറക്കാൻ സഹായിക്കേണ്ടിവന്നു

"ഗുഡ്നൈറ്റ്"

"ഗുഡ്നൈറ്റ്"

എതിർവശത്തെ സ്വന്തം മുറിയിൽ തനിച്ചായപ്പോൾ ഷൂസ് അഴിച്ചു കാലുകൾക്ക് മോക്ഷം, നിർവൃതി ദീർഘയാത്രകൾ തനിക്കു പറ്റിയതല്ല എന്നുറപ്പായിരിക്കുന്നു

ഡിറ്റക്ടീവ് നോവലുകൾ രാപ്പകൽ വായിച്ചിരുന്ന വിജയേട്ടൻ വീട്ടിലെ സ്ത്രീകളുടെ അനുഗ്രഹാശിസ്സുകളോടെ ശരിയായ അപസർപ്പക വിദ്യ തുടങ്ങിയത്രേ അച്ഛന് വരുന്ന കത്തുകൾ വഴിക്കു വെച്ചു തന്നെ തപാൽ ശിപായിയിൽ നിന്നും കൈക്കലാക്കും അടുക്കളയിൽ

ആവിയിൽ പിടിച്ച് തുറന്നു വായിച്ച ശേഷം ഉണക്കി പത്തായപ്പുരയിൽ എത്തിക്കും. പുതിയ അറിവുകളൊന്നും കിട്ടിയില്ല. താക്കോൽ കൂട്ടം എപ്പോഴും അച്ഛന്റെ കൈവശമായിരുന്നു. പഴയ താക്കോലുകൾ തിരഞ്ഞുപിടിച്ച് പലവട്ടം ശ്രമിച്ച് ഒരിക്കൽ വിജയേട്ടൻ പെട്ടി തുറന്നു. പെട്ടിയിൽ രേഖകളില്ല, ആധാരങ്ങളില്ല ഇടപാടും അവസാനിപ്പിച്ച് ക്യാൻസൽ ചെയ്ത കോഴിക്കോട് ഇമ്പീരിയൽ ബാങ്കിന്റെ ഒരു പഴയ പാസ് ബുക്ക് മാത്രമേ ഉള്ളൂ. മാധവമാമയുടെ വിലാസമെങ്കിലും കിട്ടുമെന്ന് കരുതിയത് വെറുതേ.

വിജയേട്ടൻ മരിച്ചപ്പോൾ ജോലി പത്രത്തിന്റെ ദൽഹി ഓഫീസിലായിരുന്നു. അടുത്ത വരവിന് വന്നേരിയിൽ പോയി. പെങ്ങമ്മാർ ചെറുപ്പകാലത്തെ കഥകൾ പറഞ്ഞ് വിജയേട്ടനെ ഓർത്ത് കരഞ്ഞു അതിനിടയ്ക്ക് അപസർപ്പകവീരനായ കാലവും ഓർമ്മിച്ച് ഇടയ്ക്ക് ചിരിച്ചു

"അച്ഛൻ പണ്ടൊന്നും കൊണ്ടുവരാത്തത് എന്താന്നറിയ്യോ വേണൂന്?"

അച്ഛന് നാട്ടിലെത്തിയ മുതൽ പണത്തിന് വിഷമമായിരുന്നു തേങ്ങാക്കുറ്റിക്കാരനിൽ നിന്ന് പണം വാങ്ങാൻ തുടങ്ങിയപ്പോൾ അതുവരെ ഗൃഹഭരണം നടത്തിയിരുന്ന അനുജൻ പറഞ്ഞു 'ഇനി ഏട്ടനുണ്ടല്ലോ ഏട്ടൻ കാര്യം നോക്കിയാൽ മതി ' എന്നിട്ട് അകലത്തെ ഭാര്യവീട്ടിലേക്ക് താമസം മാറ്റി തോട്ടത്തിൽ നിന്നുള്ള വരുമാനം കൊണ്ട് ഒതുങ്ങി ജീവിച്ചു.

വിജയേട്ടൻ അവസാനം കണ്ടെത്തിയത്രേ. കുറെ വർഷങ്ങൾക്കു ശേഷം എങ്ങനെ എന്നറിയില്ല പോരുമ്പോൾ സ്വത്തുണ്ടായിരുന്നു ഒരു റബ്ബർ തോട്ടം എല്ലാം ശിങ്കളത്തിയുടെ മകൾക്കു കൊടുത്ത് കല്യാണവും നടത്തിയിട്ടാണ് അച്ഛൻ സിലോൺ വിട്ടത്.

അത് വേണുവിനും ഒരു പുതിയ അറിവായിരുന്നു

"എങ്ങനെ അറിഞ്ഞു?"

"സിലോണിലെ പല അഡ്രസ്സിലും വിജയൻ കത്തെഴുതിയിരുന്നു അങ്ങനെ അറിഞ്ഞതാവും "

താഴെയുള്ള അച്ഛൻപെങ്ങൾ പറഞ്ഞു.

"അത് കഷ്ടപ്പെടാണ്ടെ കിടക്കട്ടെ നമ്മടെ ചോരേലുള്ളതായാലും അല്ലെങ്കിലും ഒരു പെങ്കുട്ട്യല്ലേ?"

അപ്പോൾ വേണുവിന് അസ്വാസ്ഥ്യം തോന്നി. മുന്നൂറ് ഉറുപ്പിക ശമ്പളം പറ്റുമ്പോഴും നൂറുറുപ്പിക അച്ഛനയച്ചിരുന്നു. മക്കളാരും ശ്രദ്ധിക്കുന്നില്ല, അന്വേഷിക്കുന്നില്ല എന്ന പരാതി കാണുന്നവരോടൊക്കെ പറയും. അവിടെ കൊടുത്തത് റബ്ബർ തോട്ടം. സംഖ്യയുടെ കണക്ക് അറിയില്ല. അതു വേറെ അസ്വാസ്ഥ്യം രോഷമായി

പിറ്റേന്ന് കടും ചുവപ്പു നിറമുള്ള ഒരു ടി ഷർട്ടും ജീൻസുമിട്ട് രാവിലെ

തന്നെ ആഷ്ലി വാതിൽക്കൽ മുട്ടി

"റെഡി മിസ്റ്റർ വേണു?"

അയാൾ റെഡിയായിരുന്നില്ല

പൊളനരുവയിലേക്ക്. പരാക്രമസാഗരം നിർമ്മിച്ച രാജാവ് പരാക്രമ ബാഹു പാതിരാത്രിക്ക് ജോലിക്കാരെ വിളിച്ച് കരിങ്കല്ലിൽ തന്റെ അപ ദാനങ്ങൾ കൊത്തിവച്ചിരുന്ന നിശ്ശാങ്കമല്ലൻ

"നമ്മളെപ്പോൾ കഡുഗണ്ണാവയിലെത്തും?"

"അടുത്ത സ്റ്റോപ്പ് കാൻഡി. കാൻഡിയിലാണ് ഉച്ചഭക്ഷണം അതി നടുത്തു തന്നെ കഡുഗണ്ണാവ. സിഗിരിയ കാണണ്ടേ?"

വലിയ താൽപര്യം കാണിച്ചില്ല... അഞ്ചാം നൂറ്റാണ്ടിലെ രാജാവായ ദത്ത സേനന്റെ കഥ ആഷ്ലി പറഞ്ഞു. പതിനെട്ടു വട്ടം തമിഴ് പടകളു മായി യുദ്ധം ചെയ്ത രാജാവ്. മരുമകനും വെപ്പാട്ടിയിലെ മകനും ചേർന്ന് രാജാവിനെ തടവിലാക്കി പട്ടമഹിഷിയിലെ മകൻ ഇന്ത്യയിലേക്ക് ഓടി പ്പോയി

ഭരണം പിടിച്ചുപറ്റിയതോടെ കൊട്ടാരത്തിൽ സ്വർണ്ണവും രത്നവും സമ്പത്തും കാണാതെ കാശ്യപൻ അസ്വസ്ഥനായി. ഇടയ്ക്കിടെ അച്ഛനെ ചോദ്യം ചെയ്തു നിക്ഷേപങ്ങൾ എവിടെ?

ദത്തസേനന്റെ കഥയിൽ പൊടുന്നനെ വേണുവിന് താൽപര്യം തോന്നി അച്ഛന്റെ നിക്ഷേപം കാണാതെ രോഷം കൊണ്ട മക്കളും പല കാലത്തുമുണ്ടായിരുന്നു

"എന്നിട്ട്?"

"താനുണ്ടാക്കിയ വിശാലമായ കുളം വരെ പോകാൻ അനുവദിച്ചാൽ നിക്ഷേപം കാണിച്ചുതരാമെന്ന് രാജാവ് പറഞ്ഞു തേരിലേറ്റി രാജാ വിനെ അയച്ചു കുളത്തിലെത്തിയ രാജാവ് ഉല്ലാസഭരിതനായി കുള ത്തിലിറങ്ങി വെള്ളം കുടിച്ചു നീന്തിക്കുളിച്ചു കുളത്തിൽ കൂത്താടി ക്കൊണ്ടു പറഞ്ഞു, ദാ ഇതു തന്നെ എന്റെ നിധി" കാശ്യപൻ രാജാ വിനെ ഉടൻ ജീവനോടെ കല്ലറയിൽ അടക്കം ചെയ്തുവെന്നാണ് കഥ.

അപ്പോൾ, സിഗിരിയ കാണാമെന്ന് അയാൾ നിശ്ചയിച്ചു കാട്ടിനു നടുവിൽ ഒറ്റപ്പെട്ട ഒരു പാറക്കുന്നായിരുന്നു സിഗിരിയ ചുറ്റും പഴയ കിടങ്ങുകളുടെയും മതിൽക്കെട്ടുകളുടെയും അവശിഷ്ടങ്ങളുണ്ട്. ഇന്ത്യ യിലേക്കു പോയ കിരീടാവകാശിയെ ഭയന്നുകൊണ്ട് കാശ്യപൻ കുന്നി ന്മുകളിൽ ഒരു കൊട്ടാരം പണിചെയ്തു ഒറ്റവഴിയേയുള്ളു. അത് സിംഹ ത്തിന്റെ വായിലൂടെയാണ്. ഒരാൾക്കുമാത്രം കയറിപ്പോകാവുന്ന വഴി യുണ്ടാക്കി മുകളിൽ ഇരുന്ന് രാജ്യം ഭരിച്ചു

"മൊഗല്ലനൻ മൊഗല്ലനൻ തിരിച്ചുവന്നു. സൈന്യങ്ങളുമായി വന്ന് വെല്ലുവിളിച്ചപ്പോൾ കാശ്യപൻ മലമുകളിലെ കൊട്ടാരത്തിൽ നിന്ന് ഇറ ങ്ങിവന്നു യുദ്ധത്തിൽ തോറ്റപ്പോൾ ഉടവാൾ കഴുത്തിലിറക്കി ആത്മ

ഹത്യ ചെയ്തു."

സിംഹകവാടത്തിന്റെ ഒതുക്കുകൾക്കു മുമ്പിൽ നിന്നു. കൂറ്റൻ സിംഹ പ്രതിമയുടെ ഇടത്തെ മുൻകാൽ ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്. മൂന്നു നഖങ്ങൾ. അവയ്ക്കിടയിൽ കയറി നിന്ന് തടവിക്കൊണ്ട് ആഷ്‌ലി പറഞ്ഞു:

"നോക്കൂ, നഖം എന്റെ മുട്ടിനുള്ളിൽ! സിംഹത്തിന്റെ വലിപ്പം നിങ്ങൾക്കൂഹിക്കാം."

മുകളിലേക്കുള്ള ഒതുക്കുകളുടെ പാർശ്വത്തിൽ പത്ത് സുന്ദരിമാരുടെ ചിത്രങ്ങളുണ്ടായിരുന്നു. എതിർവശത്ത് കണ്ണാടിപോലെ മിനുപ്പിച്ച ഭിത്തിയിൽ സഞ്ചാരികൾ ഓരോ കാലത്ത് എഴുതിവച്ചത് സൂക്ഷിച്ചിട്ടുണ്ട്.

"വരൂ"

അയാൾ പ്രയാസപ്പെട്ടു കയറി

ആഷ്‌ലി ചില എഴുത്തുകൾ വായിച്ചുകൊടുത്തു

"താഴെ സിംഹരാജാവിനെ കണ്ടു. മുകളിലെ രാജാവിന്റെ സ്ഥലം കാണണമെന്നില്ല," ഒരാൾ എഴുതിയിരിക്കുന്നു

ആഷ്‌ലി വളരെനേരം ചുവരിനു മുമ്പിൽ വായിച്ചും രസിച്ചും നിന്നു

"നോക്കൂ. ഇത് ഒമ്പതാം നൂറ്റാണ്ട് ഇയാൾ കവിയായിരിക്കണം ഈ വരി നോക്കൂ· എനിക്കിവിടെ സ്വപ്നത്തിലൊരാകാശം കിട്ടി" താഴെ കരിങ്കൽകെട്ടുകൾ ചിതറിക്കിടക്കുന്ന ഈ സ്ഥലത്താണ് മൊഗല്ലനന്റെ സൈന്യം നിരന്നിരിക്കുക

"ഇത്ര അടുത്തെത്തും വരെ കാശ്യപന്റെ പട്ടാളക്കാർ എന്തു ചെയ്തു?"

കറുത്തവാവിന്റെ രാത്രിയിലാണ് സൈന്യം എത്തിയത് ആഷ്‌ലി വിശദീകരിച്ചു

ഉച്ചയ്ക്ക് കാൻഡിയിലെത്തി ബുദ്ധന്റെ ദന്തം സൂക്ഷിച്ച മഹാക്ഷേത്രത്തിൽ ആഷ്‌ലി അഞ്ചു വെള്ളപ്പൂക്കൾ അർപ്പിച്ച് പ്രാർത്ഥന നടത്തി

തടാകത്തിന്റെ കരയിൽ താഴത്തെ ഉദ്യാനങ്ങളും കാൻഡിയൻ രാജ്ഞിമാരുടെ സ്നാനഗൃഹങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് നിൽക്കെ ആഷ്‌ലി പറഞ്ഞു: "ഇവിടെ ലോറൻസ് വന്നിരുന്നു ഡി എച്ച് ലോറൻസ്. 1922–ൽ "

പ്രിൻസ് ഓഫ് വെയിൽസിനു വേണ്ടി നൃത്തം ചെയ്തവരെ കണ്ട് ലോറൻസിന് രോഷം തോന്നി. ഒരു താൽപര്യവുമില്ലാതെ ഇരിക്കുന്ന ഇംഗ്ലീഷ് രാജകുമാരൻ. കഷ്ടപ്പെട്ട് നൃത്തം ചെയ്യുന്ന കാൻഡിയൻ കലാകാരന്മാർ

"1922. നോക്കൂ ആഷ്‌ലി 1922–ലാണ് എന്റെ അച്ഛൻ സിലോണിൽ വന്നത്."

"ധാരാളം പണമുണ്ടാക്കിയിരിക്കും."

അയാൾ ചിരിച്ച് വേണുവിന്റെ ചുമലിൽ തട്ടി.

അപ്പോൾ, കേട്ട കഥ പറഞ്ഞു. അച്ഛന് എന്തൊക്കെയോ സ്വത്തുണ്ടായിരുന്നുവത്രേ. ഒരു തോട്ടം. രണ്ടു പീടികകൾ. അതെല്ലാം ഇവിടെ ഒരു പെൺകുട്ടിക്കു കൊടുത്തു എന്നാണ് നാട്ടിൽ സംസാരം. കഡുഗണ്ണാവയിലെ പെൺകുട്ടി.

"നിങ്ങളുടെ അച്ഛന്റെ – മകൾ?"

"അങ്ങനേയും ഒരു കേൾവിയുണ്ട്. അവളുടെ അമ്മ കുറെക്കാലം അച്ഛന്റെ കൂടെയായിരുന്നു, ഏതായാലും."

"റൈറ്റ്! നമ്മൾ കണ്ടുപിടിക്കുന്നു. കയ്യടക്കിവെച്ച മുതൽ എനിക്കും അവകാശപ്പെട്ടതാണെന്ന് പറഞ്ഞ് മുറ്റത്തുനിന്ന് മൊഗല്ലനൻ യുദ്ധത്തിനു വിളിക്കുന്നു ഹേയ്, ഇന്ന് കറുത്ത വാവാണ്!"

ഉല്ലാസത്തോടെ അയാൾ തോൾസഞ്ചിയിൽ നിന്ന് ഒരു ടിൻ ബിയർ എടുത്ത് പൊട്ടിച്ചു.

"മാർച്ച് ടു കഡുഗണ്ണാവ! മിസ്റ്റർ മൊഗല്ലനൻ, ഗെറ്റ് റെഡി!" അയാളുടെ ചിരിയിൽ വേണുവിന് പങ്കുകൊള്ളാൻ കഴിഞ്ഞില്ല പഴയ കഥകൾഎന്തിനു പറഞ്ഞുവെന്ന് തോന്നിപ്പോയി വെറുതെ സ്ഥലം കണ്ട് –

ബൊട്ടാണിക്കൽ ഗാർഡനും ഓർക്കിഡുകളും കാണാൻ ആഷ്‌ലിക്കായിരുന്നു താല്പര്യം.

നഗരംവിട്ട് മലമ്പാതയിലൂടെ സഞ്ചരിച്ച് ചെറിയ രണ്ട് ചുരങ്ങൾ കയറി മുകളിലെത്തിയപ്പോൾ ആഷ്‌ലി കാറു നിർത്താൻ പറഞ്ഞു

കഡുഗണ്ണാവ എന്ന വാക്കിനർത്ഥം അറിയാമോ? വഴിയമ്പലം എന്നാണ്. അവിടെ നിന്നാൽ കാൻഡിയിലെ നഗരാതിർത്തിയിലെ ഓടുമേഞ്ഞ മേൽക്കൂരകൾ പച്ചപ്പടർപ്പിനിടയ്ക്കും ചിതറിക്കിടക്കുന്നു നഗരത്തെ വലംവെച്ചുപോകുന്ന മഹാബലിപ്പുഴയുടെ ഒരു വളവും അവിടെ നിന്ന് കാണാം

ചെറിയ ഒരങ്ങാടിയുടെ നടുവിൽ കാർ നിർത്തി ആഷ്‌ലി പറഞ്ഞു:
"ഇതാണ് കഡുഗണ്ണാവ."

അയാൾ പതുക്കെ കാറിൽ നിന്നിറങ്ങി ഏറിയാൽ മുപ്പത് പീടികകൾ മാത്രം വരുന്ന ചെറിയ ഒരങ്ങാടി രണ്ടു കെട്ടിടങ്ങൾ മാത്രം കോൺക്രീറ്റിലാണ്. ബാക്കിയെല്ലാം ഓടുമേഞ്ഞ മേൽക്കൂരകൾ

"ഇതോ?"

"ഇതുതന്നെ."

അകലെ കുന്നിൻചെരുവുകളിൽ ചായത്തോട്ടങ്ങളാണ് അതിനുമപ്പുറം കാടുകളും

"അച്ഛന്റെ പേര്?"

"കെ എം നായർ."

മൂന്നു ടാക്സികൾ ആലിൻചുവട്ടിൽ കിടക്കുന്നുണ്ട്. ആഷ്‌ലി ആ

ഡ്രൈവർമാരുമായി സംസാരിച്ചു. എന്നിട്ട് പീടികകളുടെ നേർക്ക് നടന്നു.

വേണു അത്ഭുതപ്പെട്ടു. അച്ഛൻ പ്രതാപിയായി വാണു എന്നു കേട്ട നഗരം ഇതോ? നാട്ടിലെ പഴയ പടിഞ്ഞാറങ്ങാടി ഇതിലും വലുതാണല്ലോ.

താഴെ രണ്ടു കടകൾ. അതിനു മുകളിൽ നാട്ടിൽ നിന്നു കൊണ്ടു പോയ ജോലിക്കാർ താമസിച്ചിരുന്നുവത്രേ. അയാൾ അസ്വസ്ഥനായി ചുറ്റും നോക്കിക്കൊണ്ടുനിന്നു മുകൾത്തട്ടുള്ള കെട്ടിടങ്ങൾ ആകെ രണ്ടേയുള്ളൂ. കറുത്ത ഓടുകൾക്കു താഴെ ചെറിയ കുത്തഴികൾ കാണാം.

ആഷ്‌ലി തിരിച്ചുവരാൻ കുറച്ചധികം സമയമെടുത്തു കോളറില്ലാത്ത ഷർട്ടും കള്ളിമുണ്ടും ധരിച്ച ഒരു വയസ്സൻ കൂടെയുണ്ട് നരച്ച വലിയ കൊമ്പൻമീശ. പക്ഷേ അയാളുടെ കണ്ണുകൾ സൗമ്യമായിരുന്നു.

ആഷ്‌ലി പറഞ്ഞു· "എന്റെ ഫാദറിൻലോവിനെ അയാൾക്കറിയാം. ചോദിച്ചോളൂ, ഞാൻ നിങ്ങളുടെ ദ്വിഭാഷിയാവാം"

അയാൾ സംശയിച്ചു.

"പണ്ടിവിടെ ചില മലയാളികൾ ഉണ്ടായിരുന്നില്ലേ എന്നു ചോദിക്കൂ ഇപ്പോൾ വല്ലവരും –"

ആഷ്‌ലി ദീർഘമായി സംസാരിച്ചു അയാൾ ഉത്കണ്ഠയോടെ നിന്നു. എന്നിട്ടും ആഷ്‌ലി പറഞ്ഞു

"വേണൂ, ഇയാൾ പറയുന്നത് ഇപ്പോൾ കൊച്ചിയാന്മാർ ആരുമില്ല എന്നാണ് കൊച്ചിയാൻ എന്നാണ് നാട്ടുകാർ നിങ്ങളെപ്പറ്റിപ്പറയുന്നത്"

"മുമ്പ് വളരെ മുമ്പ് ഒരു നാൽപതു കൊല്ലം മുമ്പ്?"

വീണ്ടും അവർ തമ്മിൽ സംസാരിച്ചു

"പണ്ട് ഒരു കച്ചവടക്കാരനുണ്ടായിരുന്നു പിന്നെ ഒരു കറ്റാഡിയാ എന്നു വച്ചാൽ മന്ത്രവാദി." അയാൾ കാണിച്ച കെട്ടിടത്തിന് മേൽത്തട്ടില്ല. ഓടിട്ട ഒരു മൂന്നുമുറി കെട്ടിടം

കൊമ്പൻ മീശക്കാരന്റെ കൂടെ ആഷ്‌ലി വീണ്ടും അന്വേഷിക്കാൻ ഇറങ്ങിയപ്പോൾ വേണു പറഞ്ഞു: "വേണ്ട മിസ്റ്റർ ആഷ്‌ലി, നമുക്ക് മടങ്ങാം."

"എല്ലാ മന്ത്രവാദികളും നിങ്ങളുടെ നാട്ടുകാരായിരുന്നു"

ഒരുപക്ഷേ. ..

അമ്മയുടെ ഒരാങ്ങള കുറച്ചുകാലം അച്ഛന്റെ കൂടെ ജോലി ചെയ്യാൻ പോയി പിന്നീട് തെറ്റിപ്പിരിഞ്ഞു വിധവയായ ഒരു ശിങ്കളത്തിയുടെ കാര്യസ്ഥനായിരുന്നുവെന്ന് കേട്ടിട്ടുണ്ട് അയാൾ കുറച്ചുകാലം മന്ത്രവാദിയായും നടന്നുവത്രേ. അയാൾ തിരിച്ചുവന്നില്ല.

ആഷ്‌ലി ഇപ്പോൾ മറ്റൊരാളെ കൂട്ടിയാണ് വന്നത്. ജീൻസിട്ട ചെറുപ്പക്കാരൻ. ചുണ്ടിൽനിന്ന് സിഗരറ്റെടുക്കാതെ ചെരുപ്പ് നിലത്തുരച്ചു കൊണ്ട് അയാൾ ആഷ്‌ലി പറയുന്നതിനെല്ലാം തലയാട്ടിക്കൊണ്ട്

പിന്നാലെ വന്നു. അയാൾ വേണുവിനെ ഒന്ന് നോക്കി. അവന്റെ ചിരിയിൽ അൽപം പരിഹാസമുണ്ടെന്നു തോന്നി. ആഷ്‌ലിയുടെ നിർദ്ദേശമനുസരിച്ച് അയാൾ കാറിനു മുന്നിൽ കയറി. സിഗരറ്റ് കുറ്റി വലിച്ചെറിഞ്ഞ് മറ്റൊന്നെടുത്ത് കത്തിച്ചു. ഡ്രൈവർക്കും ഒന്നു നീട്ടി. ഡ്രൈവർ അത് നിരസിച്ചു

"എങ്ങോട്ടാണ് ഇനി?"

അമ്പരപ്പോടെ വേണു ചോദിച്ചു.

"അന്വേഷിക്കാതെ മിസ്റ്റർ മൊഗല്ലനൻ മടങ്ങുമോ? മിസ്റ്റർ വേണു. സ്ഥലപ്പേര് ഇതു തന്നെയാണോ?"

ഒരു രക്ഷാമാർഗം കിട്ടിയപോലെ പറഞ്ഞു.

"ഇപ്പോൾ എനിക്കും സംശയം, ആഷ്‌ലി, നമുക്ക് മടങ്ങാം."

"ഇയാൾ പറയുന്ന സ്ഥലം നോക്കാം അടുത്ത് തന്നെ ഒരു കൊച്ചിയാന്റെ ആളുകൾ ആരോ അവിടെയുണ്ടത്രേ "

അഞ്ചു മിനുട്ടിനകം കാറു നിർത്തി. അവർ ഇറങ്ങിയപ്പോൾ അയാൾ മനസ്സില്ലാമനസ്സോടെ കൂടെ നടന്നു ഇടവഴിയിലേക്ക് ഇറങ്ങുന്നേടത്ത് തെങ്ങുകളിലും മരങ്ങളിലും വെള്ളത്തുണിയിൽ എഴുതിയ ബാനറുകൾ വെച്ച്തു കണ്ടു മരിച്ച വീട്ടിന്റെ പരിസരത്ത് പരേതാത്മാവിന് അന്ത്യപ്രണാമം അർപ്പിക്കാൻ ബന്ധുക്കളും സുഹൃത്തുക്കളും ചെയ്യുന്ന ചടങ്ങാണിതെന്ന് ആഷ്‌ലി വിശദീകരിച്ചു.

അന്വേഷിച്ച് ചെല്ലുന്ന ആൾ കാണുന്നത്..മൃതദേഹം പണ്ട് ചില കഥകളിൽ വായിച്ചത് ഒർമ്മ വന്നു

"നമ്മൾ – നമ്മൾ മരിച്ച വീട്ടിലേക്കാണോ?" വേണു പരിഭ്രമത്തോടെ ചോദിച്ചു.

"ഹേയ്, അല്ല അതിന്റെ മൂന്നാമത്തെ വീടാ "

മരിച്ചവീടിന്റെ പരിസരത്തിൽ ഒരുപാടു സൈക്കിളുകളും സ്കൂട്ടറുകളും. കുറച്ചാളുകൾ അവിടെ വഴിവക്കിൽ കൂടിനിൽക്കുന്നു ചെറുപ്പക്കാരനോട് ഒരു പരിചയക്കാരൻ എന്തോ ചോദിച്ചു മൂന്നാമത്തെ വീടും വളരെ ചെറുതായിരുന്നു ഇടവഴിക്കും വീട്ടുവാതിലിനും ഇടയ്ക്കുള്ള സ്ഥലത്ത് നിറയെ ചെടികളായിരുന്നു. വീടിന്റെ ഒരു വശത്തെ കുളത്തിനു വക്കിൽ ആരോ ഒരാളിരുന്ന് ഒരു തോട്ടിക്കോൽ കൊണ്ട് പായൽ ശേഖരിക്കുന്നു മുട്ടുവരെ എത്തുന്ന ഒരു ലുങ്കിയാണ് വേഷം മുഖം കാണുന്നില്ല ഇരുനിറത്തിലുള്ള ശരീരത്തിൽ എല്ലുകൾ എഴുന്നുനിൽക്കുന്നു. ആഷ്‌ലിയും ചെറുപ്പക്കാരനും അയാളുടെ സമീപത്തേക്ക് നടന്നു

വേണു മുറ്റത്തേക്കുള്ള ആദ്യത്തെ ഒതുക്കിൽ തന്നെ നിന്നു. അവർ എന്തൊക്കെയോ ചോദിക്കുന്നു. അയാൾ മുഖം തിരിച്ചില്ല, മറുപടി പറയുന്നുമില്ല എന്നു മനസ്സിലാക്കാം. പായൽ വലിച്ചു കയറ്റുന്നതിൽ തന്നെയാണ് ശ്രദ്ധ തൊട്ടടുത്ത് രണ്ടുപേരുണ്ട് എന്ന കാര്യം തന്നെ അയാൾ

അറിഞ്ഞില്ലെന്നുതോന്നുന്നു.

അവസാനം ആഷ്‌ലിയുടെ ശബ്ദം വല്ലാതെ ഉയർന്നു. ഒരു വാക്കേറ്റത്തിന്റെ തുടക്കംപോലെ. തോട്ടിക്കോൽ വലതുകൈയിൽ നിന്ന് ഇടത്തേതിലേക്ക് മാറ്റി അയാൾ സാവധാനം സന്ദർശകരുടെ നേർക്ക് മുഖം തിരിച്ചു. അവിടവിടെ നരച്ച കുറ്റിത്താടിയുള്ള മുഖം പതറുന്ന കണ്ണുകളിൽ കോപം നീറിപ്പിടിക്കുന്നുവെന്ന് തോന്നി. അയാൾ അവരുടെ കാലിനടുത്തെത്തും വണ്ണം ഒന്ന് നീട്ടി തുപ്പി മുകളിലേക്കു നോക്കി എന്തോ ഉറക്കെ പറഞ്ഞു.

പിന്നെ വീണ്ടും കുളത്തിലേക്ക് തിരിഞ്ഞ് പായൽ ചുരുട്ടിക്കൂട്ടി വലിക്കാൻ തുടങ്ങി.

നാലഞ്ചു നിമിഷങ്ങൾ കൂടിനിന്ന ആഷ്‌ലി തിരിച്ചുനടക്കാൻ തുടങ്ങി ചെറുപ്പക്കാരൻ ഒരു സിഗരറ്റ് സൽക്കരിക്കാൻ ശ്രമിച്ചു അയാൾ അനങ്ങാതെ ജോലി തുടർന്നപ്പോൾ ആഷ്‌ലിയുടെ അടുത്തേക്ക് ചിരിച്ചുകൊണ്ട് വന്നു

ആഷ്‌ലി പറഞ്ഞു

“അയാൾക്കു തലയ്ക്കു സുഖമില്ല, പാവം ”

കാറിനടുത്തേക്ക് നടക്കുമ്പോൾ വഴികാട്ടാൻ വന്ന ചെറുപ്പക്കാരൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു

റോഡിലെത്തി, അയാൾക്കു കൈകൊടുത്ത് ആഷ്‌ലി നന്ദി പറഞ്ഞു

കാറിൽ അവർ തനിച്ചായപ്പോൾ വേണുവിന് രണ്ടുകാര്യങ്ങൾ ചോദിക്കണമെന്നുണ്ടായിരുന്നു ഒന്ന് ആ മനുഷ്യന്റെ പേര് രണ്ടാമത്തെ സംശയമാണ് ആദ്യം ചോദിച്ചത്

“അയാളെന്താ ചെയ്തിരുന്നത്? പായലല്ലെ വാരിക്കൂട്ടിയിരുന്നത്?”

“ഉം പായൽ ഈ പായൽ ചിലർ വേവിച്ചു തിന്നും ചില സാധുക്കൾ.”

പേര് ചോദിക്കേണ്ടെന്ന് നിശ്ചയിച്ചു.

അൽപനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ആഷ്‌ലി പറഞ്ഞു

“ഇയാളുടെ അമ്മ ഒരു കൊച്ചിയാന്റെ മകളായിരുന്നുവത്രെ കുറെ മുമ്പ് മരിച്ചു അങ്ങാടിയിലുള്ളവർ പറഞ്ഞു അയാൾക്കൊരു ചെറിയ കച്ചവടമുണ്ടായിരുന്നു പേരോർമ്മയുള്ളവർ ആരുമില്ല ”

വേണു സമാധാനിക്കാൻ ശ്രമിച്ചു. ആവില്ല. ചായത്തോട്ടങ്ങളുമായി വലിയ വ്യാപാരം നടത്തിയ സ്ഥലം ഇവിടെയാകില്ല. അച്ഛൻ പ്രതാപിയായി വാണ നഗരം ഇതാവില്ല

“അമ്മടെ പേര്. അച്ഛന്റെ പേര്’, അമ്മടച്ഛന്റെ പേര്? പലതും ചോദിച്ചുനോക്കി മിണ്ടണ്ടെ? അവസാനം ഒരു കാര്യം പറഞ്ഞു. ഞാനൊച്ചവച്ചപ്പോൾ. അതൊരു ക്ലാസിക്സ്റ്റെയ്റ്റ്മെന്റാണ് ”

“ഉം?”

"അതോ, എല്ലാ കൊച്ചിയാന്മാരും കള്ളന്മാരാണെന്ന് "

ആഷ്ലി ചിരിച്ചു!

ആ ചിരിയിൽ പങ്കുകൊള്ളാൻ അയാളും ഒരു ശ്രമം നടത്തിനോക്കി.

"നിങ്ങളുടെ അച്ഛന്റെ മകളെന്ന് പറയപ്പെടുന്ന സ്ത്രീ. . അവരുടെ പേരെന്തായിരുന്നു?"

വേണു സംശയിച്ചു. എന്നിട്ട് അയാളെ നോക്കാതെ പറഞ്ഞു.

"എനിക്കറിയില്ല "

"വാട്ട് എ ഷെയിം'എന്റെ ഫാദറിൻലോവിന്റെ ഫ്രന്റ്സ് വേറെയും ചിലരുണ്ട് ഈ ഭാഗത്ത് പേരറിഞ്ഞാൽ അന്വേഷിക്കാൻ എളുപ്പമായിരുന്നു. സ്ഥലം ഇതുതന്നെയല്ലേ?"

"അറിയില്ല ആഷ്ലി ഒരുപക്ഷേ ഒരു പക്ഷേ എനിക്ക് പേരു തെറ്റിയതാവും. ഇതാവില്ല കഡുഗണ്ണാവ പോലെ മറ്റേതെങ്കിലും ഒരു വാക്കായിരിക്കും .. നിങ്ങളുടെ ചില സ്ഥലപ്പേരുകൾ . "

അടുത്ത് കാണാവുന്ന ഒരു സ്ഥലം സർദിയേൽ എന്ന ഭയങ്കര പോക്കിരിയുമായി ഏറ്റുമുട്ടി മരിച്ച പോലീസുകാർക്കുള്ള സ്മാരകമാണ്. അതും വേണ്ടെങ്കിൽ മെഡാവെലേയിലെ മകര തോരണം. അതും വേണ്ടെങ്കിൽ..

"മതി ഞാൻ ക്ഷീണിച്ചുപോയി നമുക്ക് കൊളംബോവിലെത്താം."

"കളംബോ. കൊളംബോവല്ല. ഉം വിടാം "

അയാൾ പുറത്തേക്ക് നോക്കി

"ചുരത്തിൽ വേഗം ഇരുട്ടാവും ഓ, ഇന്നു കറുത്ത വാവാണല്ലോ "

എന്നിട്ട് കാരണമൊന്നുമില്ലാതെ ആഷ്ലി വെറുതെ പൊട്ടിച്ചിരിച്ചു.

വഴിവക്കിലെ ചില ദൃശ്യങ്ങൾ വിവരിക്കുന്ന ശബ്ദം വളരെ അകലെ എവിടെ നിന്നോ ആണെന്ന് തോന്നി എല്ലാം കേൾക്കുന്നു, എല്ലാം കാണുന്നു എന്ന ഭാവം മുഖത്ത് വരുത്താൻ ശ്രമിച്ചുകൊണ്ട് അയാൾ ചാഞ്ഞുകിടന്നു. മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു.

അതെ, പേരു തെറ്റിയതാണ്. എനിക്ക് സ്ഥലപ്പേര് തെറ്റിയതാണ്. ഉറപ്പ് കഡുഗണ്ണാവയല്ല. മറ്റേതോ ഒരു പേർ - മറ്റേതോ.....

ആനന്ദ്

ത്രിശങ്കു

"ഈ നന്ദിനിയെ സ്വീകരിക്കൂ" പശുവിന്റെ കയറ് നീട്ടിക്കാണിച്ച് വൃദ്ധൻ പറഞ്ഞു. പുണ്യകർമ്മത്തിൽ ഒപ്പം പങ്കുചേരുവാനായി അയാളുടെ ഭാര്യയും വലം കൈയുകൊണ്ട് കയറിൽ തൊട്ടു

പുണ്യകർമ്മം ചെയ്യുകയാണെങ്കിലും ഒരു ജാള്യതയുണ്ടായിരുന്നു അവരിരുവരുടെയും മുഖത്ത് മാപ്പു ചോദിക്കുന്നമട്ടിൽ വൃദ്ധൻ തുടർന്നു "മെച്ചപ്പെട്ടതിനൊക്കെ വലിയ വിലയാണ് അറവുകാരൻ പറയുന്നത് പിന്നെ ശോഷിച്ചതിനെയാണല്ലോ നമ്മൾ സംരക്ഷിക്കേണ്ടത്."

ഗോശാലയിലെ പണിക്കാരൻ കയറ് ഏറ്റുവാങ്ങുന്നതിനിടയ്ക്ക് പശുവിനെ ഒന്നു നോക്കി എല്ലുന്തി, കണ്ണുകൾ പകുതി അടഞ്ഞ്, മുട്ടിന് താഴെ ഒടിഞ്ഞു തൂങ്ങിക്കിടക്കുന്ന ഒരു പിൻകാല് വലിച്ച് നൊണ്ടി നീങ്ങുന്ന ജന്തു അറവുശാലയിലുണ്ടായിരുന്നതിൽ ഏറ്റവും വിലകുറഞ്ഞ മൃഗത്തെയാണ് കാശു ലാഭിക്കാൻ വേണ്ടി അയാൾ വാങ്ങിക്കൊണ്ടു വന്നിരിക്കുന്നത് രക്ഷിക്കപ്പെട്ട ജീവൻ വിലകുറഞ്ഞതും അതേ സമയം ദുർബലവുമായതുകൊണ്ട് പുണ്യത്തിന്റെ കാര്യത്തിൽ വൃദ്ധൻ ഇരട്ടിലാഭമുണ്ടാക്കി പണിക്കാരൻ അതൊന്നും മുഖത്തു കാണിച്ചില്ല അയാൾ പശുവിനെ കയറ് പിടിച്ച് യാന്ത്രികമായി അകത്തേക്ക് നീക്കി നിർത്തി.

അകലെ മാവിൻ കടയ്ക്കൽ ഒടിച്ചുകൂട്ടിയ മാവിലക്കൂമ്പാരം കണ്ടപ്പോൾ പശു ആർത്തിപിടിച്ച് അങ്ങോട്ട് നീങ്ങി "നന്ദിനിയുടെ ഭാഗ്യം" പുണ്യം നുണഞ്ഞിറക്കുന്നതുപോലെ വൃദ്ധൻ പല്ലുകൾപോയ തൊണ്ണിലൂടെ ചുണ്ടുകൾ ഉരുമ്മി. ഭാര്യയുടെ കണ്ണുകളിൽ ചാരിതാർത്ഥ്യത്തിന്റെ തിളക്കം.

"എന്താണവിടെ രാമേശ്വർ?" സംസാരത്തിന്റെ ശബ്ദംകേട്ട് അകലെ നിന്ന് പണ്ഡിറ്റ്ജി വിളിച്ചു ചോദിച്ചു.

"ഒരു നന്ദിനിയെ കൊണ്ടുവന്നിട്ടുണ്ട്," രാമേശ്വർ വിളിച്ചുപറഞ്ഞു

"വെള്ളം കൊടുത്ത് ഇങ്ങോട്ട് കൊണ്ടുവാ. ഇന്നലെ കൊണ്ടുവന്ന

തിന്റെ കൂടെ കെട്ടിക്കോ ”

പിയരി അഥവാ ഗോമൂത്രം കുറുക്കിയെടുക്കുന്ന വിലപിടിച്ച മഞ്ഞച്ചായം ശേഖരിക്കുവാനായി പശുക്കളെ കെട്ടിയിരിക്കുന്ന ഇടമാണ് പണ്ഡിറ്റ്ജി ‘ഇങ്ങോട്ട്’ എന്നു പറഞ്ഞപ്പോൾ ഉദ്ദേശിച്ചത് പണ്ഡിറ്റ്ജി എന്നാൽ പണ്ഡിറ്റ് ഗജാനൻ മിശ്ര. ഗോശാലയുടെ ഉടമസ്ഥനും ഗ്രാമത്തിലെ കാമധേനു ക്ഷേത്രത്തിലെ പൂജാരിയും

മരിക്കുകയായിരുന്ന ഒരു പശുവിന്റെ സമീപത്തിരുന്ന് വേദോച്ചാരണം നടത്തുകയായിരുന്നു മിശ്രാജി മരിച്ചതിനുശേഷം പേശികളുടെ വലിവ് അഴയുമ്പോൾ സ്വയം വിസർജ്ജിച്ചേക്കാവുന്ന മൂത്രത്തിന്റെ അവസാനത്തെ തുള്ളികൾ ശേഖരിക്കുവാനായി അതിന്റെ മൂത്രദ്വാരത്തിനടുത്ത് പാത്രവുമായി കാത്തിരിക്കുന്നു മിശ്രാജിയുടെ അനുചരൻ വശം ചെരിഞ്ഞു വീണു കിടക്കുന്ന പശുവിന്റെ മൂക്കിൽ നിന്നു വരുന്ന ശ്വാസങ്ങളുടെ അകലം കൂടിക്കൂടിവന്നു കണ്ണുകൾ പണ്ടേ അടഞ്ഞു കഴിഞ്ഞിരിക്കുന്നു ശരീരം ചലനമറ്റു കിടന്നു ആ അവസ്ഥയിലും അനുചരൻ അതിന്റെ അകിട് അമർത്തിയുഴിയുകയും മൂത്രദ്വാരത്തിൽ വെള്ളം തളിക്കുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു അവസാനത്തെ തുള്ളികൾ ഏറെ വിലപ്പെട്ടതാണ് അതിൽ ചായത്തിന്റെ സാന്ദ്രത കൂടും

പശുവിന്റെ അവസാനത്തെ ശ്വാസം ഒരു ചെറിയ ഞെട്ടലോടുകൂടി പുറത്തേക്ക് പോയി. താമസിയാതെ മൂത്രദ്വാരത്തിൽ നിന്ന് നാലഞ്ചിറ്റ് മൂത്രം കിനിഞ്ഞുവന്നു അനുചരൻ അത് പിഴിഞ്ഞെടുത്തു മിശ്രാജിയുടെ വേദോച്ചാരണം അവസാനിച്ചു തുളസിയിലയിട്ട ഗംഗാജലത്തിന്റെ മൊന്തയും പൊക്കിയെടുത്ത് മിശ്രാജി എഴുന്നേറ്റു നിന്ന് തണ്ടലും കൈകളും നിവർത്തി “പറയന്മാരെ വിളിച്ചോളു” നടന്നു നീങ്ങവേ അയാൾ പറഞ്ഞു

അപ്പോഴേക്കും പുതുതായെത്തിയ പശുവിനെ വെള്ളം കൊടുത്ത് രാമേശ്വർ കൊണ്ടുവന്നു തൊഴുത്തിൽ കെട്ടി മാവിലയിട്ടു കൊടുത്തു അയാൾ അതിന് പിയരിയുണ്ടാക്കുവാൻ വേണ്ടി നിറുത്തിയ പശുക്കൾക്ക് ആദ്യത്തെ ദിവസം വയറുനിറയെ വെള്ളം കൊടുക്കും പിന്നീട് അവസാനം വരെ മാവിലയുടെ മാത്രം ഭക്ഷണം വായ് നനയ്ക്കുവാൻപോലും വെള്ളം കാണിക്കുകയില്ല ആദ്യമാദ്യം അവ ദാഹിച്ചു കരയും സംഭ്രമമെടുത്ത് ഉഴറി നടക്കും പിന്നെപ്പിന്നെ ശബ്ദവും ചലനവും കുറയും, കിടപ്പിലാകും അന്നനാളിയുടെ അങ്ങേ അറ്റത്ത് മാവില തിരുകിക്കൊണ്ടിരിക്കുക ഇങ്ങേയറ്റത്തു നിന്ന് കിട്ടുന്ന മൂത്രം ശേഖരിച്ചുകൊണ്ടിരിക്കുകയും ദിവസം ചെല്ലുന്തോറും മൂത്രം കുറുകിക്കുറുകി വരും മഞ്ഞ നിറമേറിക്കൊണ്ടും

പണ്ഡിറ്റ്ജി എന്നും വന്ന് മന്ത്രങ്ങൾ ജപിച്ച് അവയെ പൂജിക്കും തുളസീജലം തളിക്കും അവസാനമടുക്കുന്തോറും അദ്ദേഹം അവയുടെ അരികിൽ കൂടുതൽ കൂടുതൽ നേരം ചെലവഴിക്കും. പശുക്കളോട്

പണ്ഡിറ്റ്ജിക്ക് വലിയ ഭക്തിയാണ്. അവയെ അദ്ദേഹം നന്ദിനിയെന്നേ വിളിക്കൂ. ഗോശാലയിലെ ഓരോ നന്ദിനിയേയും അദ്ദേഹം തിരിച്ചറിയും. ഓരോന്നും എന്നാ വന്നത്, എത്ര ദിവസമായി, ഇനി എത്ര ദിവസമുണ്ടാകും, എന്നെല്ലാം. പുണ്യം കിട്ടുവാനായി അറവുകാരിൽ നിന്ന് വിലയ്ക്കു വാങ്ങി ഹിന്ദുക്കൾ കൊണ്ടുവരുന്ന പശുക്കളിലധികവും മെലിഞ്ഞവയും മരണത്തോട് അടുത്തവയുമായിരിക്കും മുമ്പിലത്തെ യജമാനന്മാർ ഏതെങ്കിലും കാരണത്തിന് ദേഷ്യംവന്ന് കാലൊടിക്കുകയോ, വാലൊടിക്കുകയോ, ചൂടുവയ്ക്കുകയോ, കണ്ണുകുത്തിപ്പൊട്ടിക്കുകയോ ഒക്കെ ചെയ്തവ. ഏതെങ്കിലും വൃദ്ധന്മാരുടെ, മോക്ഷമോഹംമൂലം അവസാനത്തെ ശിക്ഷയായ അറവിൽ നിന്ന് അവ രക്ഷപ്പെടുന്നു. ഗോശാലയിലെത്തിയാൽ പിന്നെ പൂജയും മാവിലയും സാമാന്യം വലിയ ഒരു മാന്തോപ്പാണ് പണ്ഡിറ്റ്ജി അതിനുവേണ്ടി ഉഴിഞ്ഞു വച്ചിരിക്കുന്നത്. ഗോമൂത്രച്ചായം വിറ്റുണ്ടാക്കുന്ന കാശുകൊണ്ട് ഈ ഭീമമായ ചെലവിന്റെ ഒരംശംപോലുമാകുമോ അദ്ദേഹം ചോദിക്കും പക്ഷെ അദ്ദേഹത്തിന് അതിൽ പരാതിയില്ല ഗോശാലയുടെ കാര്യത്തിൽ കണക്കുകളെന്തു നോക്കുവാൻ. ഒരു ഹിന്ദുവെന്ന നിലയിൽ സ്വന്തം ധനം ഇതിനുവേണ്ടി ചെലവാക്കേണ്ടത് തന്റെ കടമകൂടിയല്ലേ?

അഞ്ചാറു പശുക്കളുണ്ടായിരുന്നു ചായക്കൂട്ട് ഉണ്ടാക്കുന്ന ശാലയിൽ ചിലത് കിടപ്പിലായിരുന്നു ചിലത് ഇപ്പോഴും എഴുന്നേറ്റ് നിൽക്കുന്നു പുതുതായി എത്തിയ നന്ദിനി വെള്ളം കുടിച്ച തൃപ്തിയോടെ മാവിലകൾ ആർത്തിയോടെ തിന്നുകയാണ് മിശ്രാജി എല്ലാത്തിനെയും തൊട്ടു വന്ദിച്ചു നടന്നുപോയി

ഗോശാല കൂടാതെ മിശ്രാജിക്ക് അദ്ദേഹത്തിന്റെ വകയായി ഒരു ക്ഷീരശാലകൂടിയുണ്ട്. അവിടേക്കാണ് അദ്ദേഹം അടുത്തതായി പോയത് മൊന്തയിലെ തുളസീജലം അദ്ദേഹം അവിടത്തെ പശുക്കളുടെ മേലെല്ലാം തളിച്ചു തലകുടഞ്ഞ് അത് തെറിപ്പിച്ചു കളഞ്ഞ് അവ അദ്ദേഹത്തിന്റെ നേരെനോക്കി അവയുടെ കണ്ണുകളിലെ ഭാവവും ആ തലകുടയലും മിശ്രാജിയുടെ മനസ്സിനെ ആർദ്രമാക്കും അദ്ദേഹം അവയെ തൊട്ടുതലോടും. ചവുട്ടാതിരിക്കുവാനായി കറവുകാർ കയറുകൊണ്ട് വരിഞ്ഞു കെട്ടിയതും, ചിലപ്പോൾ ദേഷ്യം വന്ന് അടിച്ചോടിച്ചതുമായ അവയുടെ കാലുകളിൽ. പീഠത്തിൽ പൊള്ളിച്ച പാടുകളിൽ. മൂക്കുകയറിൽ.

"സ്നേഹത്തോടെ, എന്തുചെയ്താലും സ്നേഹത്തോടെ ചെയ്യുക", മിശ്രാജി കറക്കുന്നവരെ ഉപദേശിക്കും

ഒരു മൃഗവൈദ്യൻ കൂടിയാണ് മിശ്രാജി പശുക്കൾക്ക് എന്തുരോഗം വന്നാലും അതിനൊരു ചികിത്സ അദ്ദേഹത്തിന്റെ കൈയിലുണ്ട്. പച്ചിലകളും വേരുകളും ഭസ്മങ്ങളും തോട്ടത്തിലെ കീടങ്ങളുമൊക്കെ അട

ങ്ങിയ മരുന്നുകൾ അദ്ദേഹത്തിന് അവയുടെ കാലുകളിലെ മർമ്മം അറി യാം. എവിടെ കയറുകെട്ടണമെന്ന് കുത്തുന്ന പശുവിനെ കുത്താതാ ക്കുവാൻ വാലിലെ എത്രാമത്തെ കശേരുക വളച്ചൊടിച്ചാലാണ് വെക ളിയെടുത്ത പശു അടങ്ങുകയെന്ന് പാലു ചുരത്താനും കൂട്ടിക്കിട്ടാനു മുള്ള "ഫൂക്ക" പ്രയോഗം അദ്ദേഹം സ്വയമാണ് ചെയ്യുക. ഏറെ ശ്രദ്ധ യാവശ്യമുള്ളതാണല്ലോ അത് ഉരവുള്ള വയ്ക്കോൽ കോലിൽ ചുറ്റി യോനീദ്വാരത്തിൽ കടത്തി തിരിക്കുകയാണ് സാധാരണ ചെയ്യുക. കോലിന്റെ വണ്ണം, എത്ര ആഴത്തിൽ, എത്രനേരം എന്നതൊക്കെ വൈദ്യനു മാത്രമേ അറിയൂ പശുക്കളുടെ പിടച്ചിലും മുരളലും നിലവി ളിയുമാണ് അവയിൽ മാതൃത്വം ഉണരുന്നതിന്റെ അടയാളം മതിയെടു ക്കുമ്പോഴും പശു കരയുകയും വെകളിയെടുക്കുകയും ചെയ്യുന്നതു കണ്ടിട്ടില്ലേ? പുറത്തുവരുന്ന ചോര കണ്ടാ പണ്ഡിറ്റ്ജിക്ക് പറയുവാൻ കഴിയും കറവ എത്രദിവസം, അല്ലെങ്കിൽ എത്രമാസം നിൽക്കുമെന്ന് "നന്ദിനി മാതാവാണ് " അദ്ദേഹം പറയും "മാതൃത്വമാണ് അവളുടെ ഏകഭാവം അവളുടെ കരച്ചിലിലും വേദനയിലും നോട്ടത്തിലുമെല്ലാം നമ്മൾ മാതൃത്വം മാത്രമേ ദർശിക്കാവൂ "

ഗ്രാമം പശുക്കളെ ആധാരമാക്കി ജീവിച്ചു മാതാവായ പശുവിനെ, പശുക്കൾ അവർക്ക് പാലും നെയ്യും സമ്മാനിച്ചു. കറവു മാറിയ പശു ക്കളെ അവർ ഒരിക്കലും അറവുകാർക്ക് വിറ്റില്ല ഗ്രാമത്തിന്റെ അതിർത്തി യിൽ കൊണ്ടുപോയി നടതള്ളുക മാത്രം ചെയ്തു അവിടെ നിന്ന് അവയെ പിടിച്ചുകൊണ്ടുപോകുന്ന അറവുകാർ അവർക്ക് നൽകുന്ന ചെറിയ പാരിതോഷികങ്ങൾ അവർ സ്വീകരിക്കും അത്രമാത്രം, പുണ്യം വേണമെന്നുള്ളവരാകട്ടെ, വീണ്ടും അറവുകാരുടെ അടുത്തുപോയി അവയെ വിലകൊടുത്ത് വാങ്ങി തിരിച്ചു കൊണ്ടുവരുകയും ഗോശാല കളിൽ ഏൽപ്പിക്കുകയും ചെയ്യും ഗോശാലക്കാരൻ അവയ്ക്ക് മാവില കൊടുത്തും അവയെ പൂജിച്ചും മരണം വരെ പോറ്റി. ഉപഫലവും അവ ശിഷ്ടവുമായി കിട്ടുന്ന ഗോമൂത്രച്ചായവും ഗോരോചന ഗുളികകളും ഔഷധവും പൂജാദ്രവ്യവുമായി വീണ്ടും ഗ്രാമീണരുടെ അടുത്തെത്തി ചത്ത പശുക്കളെ പറയന്മാർ വന്നു കൊണ്ടുപോയി

ചത്ത പശുവിനെ കൊണ്ടുപോകുവാൻ വന്ന പറയന്മാർ ഒന്നും മിണ്ടി യില്ല. വന്നു, പശുവിനെ പൊക്കിയെടുത്തു, നടന്നു, അത്രമാത്രം. വായ്പൊത്തി നിൽപിലും തലകുലുക്കലിലും ഒതുങ്ങും അവരുടെ പ്രതി കരണങ്ങൾ. പശുവിനെ മുളയിൽ കെട്ടി ചുമന്നുകൊണ്ടു പോകുമ്പോൾ തമ്മിൽ തമ്മിലും അവർ ഒന്നും സംസാരിച്ചില്ല ഭാഷ അവരുടെ കൈയിൽ മൃഗങ്ങളുടേതുപോലെ ചുരുക്കം ചില ശബ്ദങ്ങളിലൊതു ങ്ങും അവർക്ക് മാത്രം ഇടയിൽ ഉപയോഗിക്കപ്പെടുന്ന അത് വെളിയി ലുള്ളവർക്ക് കേട്ടാലും നേരെ തിരിയുകയുമില്ല.

പറയന്മാർ പശുക്കളെ കൊന്നുതിന്നാറില്ല ചത്തുകിട്ടുന്നവയെ വെട്ടി ഭക്ഷിക്കും. ചത്തവയുടെ പിത്താശയത്തിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന നീര് അവർ അറവുകാർക്ക് കൊണ്ടുകൊടുക്കും സ്വയം അറക്കുന്ന മൃഗങ്ങളുടെയും, പറയന്മാർ കൊണ്ടുവന്നതുമായ പിത്തനീര് ഒന്നിച്ച് അറവുകാർ വൈദ്യന്മാരെ ഏല്പിക്കും, ഗോരോചനമുണ്ടാക്കാൻ പറയന്മാർക്ക് നേരിട്ട് വൈദ്യന്മാരുടെ അടുത്ത് പൊയ്ക്കൂടാ.

പറയന്മാരുടെ പശുവിനെ തൂക്കിയുള്ള ഘോഷയാത്ര ഗ്രാമം കടന്നുപോകുമ്പോൾ യാദവന്മാരാരോ ദൂരെ നിന്ന് വിളിച്ചുപറഞ്ഞു, അടുത്ത ചൊവ്വാഴ്ച കാളകളെ നടതള്ളുന്നുണ്ടെന്ന് ഭാരം വലിക്കുവാനോ ഉഴുവാനോ കെല്പില്ലാതായ കാളകളെ ചൊവ്വാഴ്ചതോറും കാടിന്റെ അരികിലെ പാറക്കുന്നിൽ കൊണ്ടുപോയി പന്തവും തീയും കാട്ടി മുകളിലേക്ക് വിരട്ടിയോടിക്കുകയാണ് പതിവ് പേടിച്ചോടുന്ന അവ മുകളിലെത്തുമ്പോൾ അറിയാതെ കുന്നിന്റെ കിഴുക്കാൻ തൂക്കിൽ നിന്ന് കാൽ തെറ്റി വീണു ചാകും പറയന്മാരോട് ഇതു പറയേണ്ട ആവശ്യമില്ല അവർ കുടിലുകൾ കെട്ടി പാർക്കുന്നത് പാറക്കുന്നിന്റെ താഴെത്തന്നെയാണ് അതുകൊണ്ട് പറയന്മാർ അതിനും മറുപടി പറഞ്ഞില്ല ആയത്തിനു വേണ്ടി മൂളിക്കൊണ്ട് അവർ കടന്നുപോയി

പണ്ഡിറ്റ്ജിക്ക് സംസാരം വലിയ ഇഷ്ടമാണ് വേദങ്ങളും പുരാണങ്ങളും പഠിച്ചിട്ടുള്ള അദ്ദേഹത്തിന് സംസാരിക്കാനൊരുപാടുണ്ട് ക്ഷേത്രത്തിലെ പൂജാരിയെന്ന നിലയിൽ ഗ്രാമീണരുടെ മുഴുവൻ ആചാര്യനും ഉപദേഷ്ടാവുമാണ് അദ്ദേഹം സ്വന്തം വീട്ടിൽ പൂജാമുറിയിൽ സ്വർണ്ണം കൊണ്ടുള്ള ഒരു ഗോവിഗ്രഹം അദ്ദേഹം സൂക്ഷിച്ചിട്ടുണ്ട് രാവിലെ അതിന്റെ മുമ്പിലിരുന്ന് സ്വന്തം ഗൃഹജനങ്ങളോടും വൈകുന്നേരം ക്ഷേത്രമണ്ഡപത്തിലിരുന്ന് പൊതുജനത്തിനോടും അദ്ദേഹം ഗോമാതാവിനെപ്പറ്റി സംസാരിക്കും നന്ദിനി അതിന്റെയത്ര സ്വർണത്തിന്റെ വിലയുള്ളതാണ് നന്ദിനി ലക്ഷ്മിയാണ്, ദേവിയാണ്, അമ്മയാണ് മനുഷ്യകുലത്തിന്റെ സമൃദ്ധി മുഴുവൻ ഗോമാതാവു മൂലമുള്ളതാണ് നമ്മൾ നന്ദിനിയെ പോറ്റുകയല്ല, നന്ദിനി നമ്മളെപ്പോറ്റുകയാണ് ചെയ്യുന്നത്. അതിന്റെ ഓരോ വിസർജ്ജനവും നമുക്ക് തീർത്ഥമാണ് പാല്, ചാണകം, മൂത്രം. മിശ്രാജി ഇതിലെല്ലാം ആത്മാർത്ഥമായും അഗാധമായും വിശ്വസിച്ചു അദ്ദേഹം എന്നും രാവിലെ രണ്ടു കവിൾ ഗോമൂത്രം കുടിക്കും ചാണകമരച്ച് നിറുകയിൽ തൊടും, പാലു കുടിക്കും

ഗോമാതാവിന്റെ ക്ഷേത്രത്തിൽ നിന്ന് പഞ്ചഗവ്യം വാങ്ങി കഴിച്ച് ഗ്രാമീണരും അതേ പാരമ്പര്യം തുടർന്നു. അവർ ഗോമാതാവിനെ തൊട്ടു തൊഴുതു, പുകഴ്ത്തി, ഭജനങ്ങൾ പാടി. സുരഭിയെ, നന്ദിനിയെ ബ്രഹ്മാവിന്റെ മുഖത്തു നിന്നുദിച്ച, ശ്രീകൃഷ്ണന്റെ വാമഭാഗത്തു നിന്ന് പിറന്ന, പാലാഴി കടഞ്ഞപ്പോൾ കിട്ടിയ, കാമധേനുവിനെ ബ്രഹ്മർഷി വസിഷ്ഠന്റെയും രാജർഷി വിശ്വാമിത്രന്റെയും കഥയാണ് അന്നു വൈകുന്നേരം

ക്ഷേത്രമണ്ഡപത്തിലിരുന്ന് പണ്ഡിററ്ജി ഭക്തജനങ്ങളോട് പറഞ്ഞത് അന്ന് പൂജ പതിവിലും കൂടുതൽ നീണ്ടുപോയി ഭക്തിയിൽ മുഴുകിയ അദ്ദേഹം സ്ഥലവും സമയവും വിസ്മരിച്ച് എവിടെയൊക്കെയോ ഒഴുകിപ്പോയി കണ്ണുകെട്ടിക്കൊണ്ടു പോയതുപോലെ അതിൽ നിന്ന് വിടുതി നേടിയപ്പോൾ പുറത്ത് ഭക്തജനങ്ങൾ ഭജനം തുടങ്ങിക്കഴിഞ്ഞിരുന്നു സുഖശീതളമായ അന്തരീക്ഷം ക്ഷേത്രത്തിലെ വിളക്കുകൾ. ആകാശത്തിൽ ഉദിച്ചുവരുന്ന ചന്ദ്രൻ എന്നിട്ടും പണ്ഡിററ്ജിയുടെ മനസ്സിൽ വന്നത് ഭയാനകമായ ഒരു ദുരന്തകഥയാണ്

"പുരാണങ്ങളിലെങ്ങും പരന്നു കിടക്കുന്നതാണ് ലോകരെ, മുനിശ്രേഷ്ഠന്മാരായ വസിഷ്ഠന്റെയും വിശ്വാമിത്രന്റെയും കഥ മുനി ശ്രേഷ്ഠന്മാരെങ്കിലും ബദ്ധവൈരികൾ അവരുടെ വൈരത്തിനും മൽസരത്തിനും പകയ്ക്കും നടുവിലെ ബിന്ദുവാരായിരുന്നുവെന്നോ? സാക്ഷാൽ കാമധേനു! അവർക്കിടയിലെ വിടവ് എത്രയും വലുതായിരുന്നുവോ അത്രയും വിചിത്രവുമായിരുന്നു ആയിരക്കണക്കിന് മനുഷ്യരുടെ ചോരയൊഴുകിയ ഒരു യുദ്ധക്കളം കിടന്നു അവിടെ സത്യവ്രതനെന്ന ഒരാൾ അവിടെ ഒരു സാങ്കല്പിക സ്വർഗ്ഗലോകം പണിതു ത്രിശങ്കു സ്വർഗ്ഗം സാക്ഷാ സത്യവാനായ ഹരിശ്ചന്ദ്രനാകട്ടെ അവിടെ കണ്ടത് മഹാനരകമാണ് "

"ജന്മങ്ങളിലും യുഗങ്ങളിലും പരന്നുകിടക്കുന്ന, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഏറ്റുമുട്ടലാണ് അവരുടേത് എന്താണീ യുദ്ധം കൊണ്ടൊരു ഗുണം? കാമധേനുവിൽ നിന്ന് ആവശ്യപ്പെടരുതായിരുന്നുവോ ഈ ഋഷിമാർക്ക് ആവശ്യമുള്ളതെന്തും? എല്ലാവർക്കും എന്തും നല്കാൻ തയ്യാറുള്ളവളല്ലേ കാമധേനു?"

ഭക്തജനങ്ങൾ കണ്ണും കാതും നട്ട് അങ്ങനെ ഇരുന്നതേയുള്ള അവരത് ഒരു ചോദ്യമായി മനസ്സിലാക്കിയില്ല പണ്ഡിറ്റ്ജിയും അങ്ങനെ ഉദ്ദേശിച്ചില്ല ചോദ്യങ്ങളും ഉത്തരങ്ങളും ഇല്ലായിരുന്നു അവരുടെ ലോകത്തിൽ വഴക്കങ്ങളും രീതികളും അവയെക്കുറിച്ചുള്ള സാഹിത്യവും മാത്രം ആകാശത്തിൽ ചന്ദ്രന്റെ തേരും ഭൂമിയിൽ പണ്ഡിറ്റ്ജിയുടെ പ്രഭാഷണവും കൈകോർത്തു പിടിച്ചുപോയി

"അത് അങ്ങനെയേ വരൂ" പണ്ഡിറ്റ്ജി തുടർന്നു "മുനിശ്രേഷ്ഠന്മാർക്ക് മരണമില്ല, ലോകരെ, അവരുടെ ചര്യകൾക്ക്, തൊഴിലുകൾക്ക്, ഭാവങ്ങൾക്ക്, സമീപനങ്ങൾക്ക് അവർ മുനികളല്ല ലോകത്തന്റെ സ്വഭാവങ്ങളാണ് നോക്കൂ, വസിഷ്ഠന്റെ ആശ്രമത്തിൽ കാമധേനു എല്ലാവരുടെയും കണ്ണിലുണ്ണിയാണ് കാമധേനുവിൽ നിന്ന് ആരും ഒന്നും അവിടെ ചോദിക്കുന്നില്ല അവർ കറന്നു കൊടുക്കുന്നതേ വേണ്ടു അദ്ദേഹത്തിന് അദ്ദേഹം ബ്രഹ്മർഷിയാണ്. വിശ്വാമിത്രനോ രാജർഷി ഋഷിയായിട്ടും ലോഭമോഹങ്ങളിൽ നിന്ന് അദ്ദേഹത്തിന് വിടുതിയില്ല കുബേരനാകാൻ ആഗ്രഹിച്ച ധനമോഹി, ഗർവ്വിഷ്ഠൻ, അധികാരപ്രമത്തൻ, ദയാഹീനൻ അദ്ദേഹം കാമധേനുവിനെ മോഹിച്ചു തന്റെ ആവശ്യങ്ങ

ളെല്ലാം സാധിക്കുവാനുള്ള ഉപകരണമാക്കുവാൻ ശ്രമിച്ചു എന്തും ചോദിച്ചാൽ നൽകുന്ന ദേവിയെ അദ്ദേഹം സ്വന്തം സൈന്യം മുഴുവൻ കൊണ്ടുവന്ന് വസിഷ്ഠനോട് യുദ്ധം ചെയ്യുവാനൊരുങ്ങി ആ യുദ്ധമിതാ ഇന്നും തുടരുന്നു ലോകരെ നിഷ്ഠയും അധികാരപ്രമത്തതയും തമ്മിലുള്ള പോർ, സേവനവും സ്വാർത്ഥവും തമ്മിലുള്ള വടംവലി എന്നാൽ.... "

ശ്വാസമെടുക്കുവാൻ വേണ്ടി പണ്ഡിറ്റ്ജി നിർത്തി അദ്ദേഹത്തിന് പെട്ടന്ന് ക്ഷീണം തോന്നി. ഒരു നീണ്ട ദിവസത്തിന്റെ അന്ത്യം അദ്ദേഹം മുമ്പിൽ കണ്ടു. പ്രഭാഷണം അവസാനിച്ചതിന്റെ അടയാളമായി പണ്ഡിറ്റ്ജി എഴുന്നേറ്റു. തോളിൽ നിന്നു വീണ ഉത്തരീയമെടുത്ത് പുതച്ച് അദ്ദേഹം പറഞ്ഞു

"നമ്മൾ ഭക്തന്മാരാണ്, ഭൃത്യർ കാമധേനുവിന്റെ ഭക്തരും ഭൃത്യരും നമുക്ക് അവൾ മാതാവാണ്, മാതാവും ദേവിയും നമുക്കില്ലീ യുദ്ധം നമുക്ക് ശാന്തി, ശാന്തി, ശാന്തി !"

ആരോ ഗോമാതാവിന് ജയ് വിളിച്ചു മറ്റുള്ളവർ എണീറ്റ് നിന്ന് ഏറ്റു പാടി. കൈകൾകൂപ്പി, ആകാശത്തേക്കു നോക്കി അവർ ആടുവാനും പാടുവാനും തടുങ്ങി. അവർക്കിടയിലൂടെ, വഴി ചികഞ്ഞ് നീക്കി പണ്ഡിറ്റ്ജി സ്വന്തം വസതിയിലേക്ക് തിരിച്ചു

ഭക്തജനങ്ങൾ പുരാണകഥകളിൽ മുങ്ങി ആടുകയും പാടുകയും ചെയ്ത ആ രാത്രിയിൽ, അകലെ പാറക്കുന്നിന്റെ താഴെ, കാടുകളുടെ സീമരേഖകളിൽ പറയന്മാരും അവരുടെ കുടിലുകളുടെ മുറ്റത്ത്, പന്തങ്ങളുടെ വെളിച്ചത്തിൽ, ആടുകയും പാടുകയും ചെയ്യുകയായിരുന്നു. അന്നു കിട്ടിയ പശുവിന്റെ എല്ലുകൾക്കിടയിൽ നിന്ന് കിട്ടാവുന്ന ഇറച്ചി പൊരിച്ച്, കുടിലിൽ ഉണ്ടാക്കിയ മദ്യം കഴിച്ച്, അവർ അവർക്ക് തന്നെ തിരിയാത്ത ഏതോ ശബ്ദങ്ങളുണ്ടാക്കി ആഘോഷിച്ചു.

അവർക്കുമുണ്ടായിരുന്നു ഒരു ദേവത പേരോ, രൂപമോ, പിന്നിൽ കഥകളോ ഇല്ലാത്ത ഒരു വെറും കല്ല് അതിന് ചുറ്റും അവർ ഭക്ഷിച്ച പശുക്കളുടെയും കാളകളുടെയും വാലുകൾ മുറിച്ചെടുത്ത് അവർ തോരണങ്ങൾ പോലെ തൂക്കിയിട്ടു. ഇന്നൊരു വാലുകൂടി തൂക്കിയിടുകയായിരുന്നു അവർ അവിടെ. ഓരോ കശേരുകയിലും ഒടിച്ച, വളഞ്ഞു പിരിഞ്ഞു വേദനയുടെ പിരിയാണിപോലുള്ള ഒരു വാലുകൂടി.

പറയരും പാടിപ്പാടി വീണുറങ്ങി

പണ്ഡിതനും പറയനുമുറങ്ങിയ ആ രാത്രിയുടെ വൈകിയ വേളയിൽ, നാട്ടിൽ നിന്നും പാറക്കുന്നിൽ നിന്നുമകലെ, സാക്ഷാൽ വനാന്തരത്തിലൊരു ഒളിസങ്കേതത്തിൽ, കത്തുന്ന വിറകിൻ കൂമ്പാരത്തിനരികിൽ, മരത്തടികൾ ചെത്തിയുണ്ടാക്കിയ രണ്ട് ഇരിപ്പിടങ്ങളിൽ മുഖാമുഖമായിരുന്ന്, റിട്ടയർ ചെയ്ത രണ്ട് ജനറൽമാർ ഓരോ ഗ്ലാസ് വീഞ്ഞ് ആസ്വദിക്കുകയായിരുന്നു. ജന്മാന്തരങ്ങളായി, യുഗയുഗങ്ങളായി, എതിർചേ

രികളിൽ പൊരുതിക്കൊണ്ടിരുന്ന വസിഷ്ഠനും വിശ്വാമിത്രനും. യുദ്ധമവസാനിപ്പിച്ച് സന്ധിയിലായ ഈ സാഹസികർ പഴയകാലത്തെ ശത്രുതയും പുതുതായി നേടിയ സൗഹൃദവും കൂട്ടിക്കലർത്തിയുണ്ടാക്കിയ കോക്ക്ടെയിലിന്റെ ലഹരിയിൽ ഇടയ്ക്ക് ചിരിച്ചു, ഇടയ്ക്ക് ഗൗരവം നടിച്ചു, വഴക്കു കൂടി, കൈപിടിച്ചു കുലുക്കി

ഇടയ്ക്ക് അവർക്കും ഏകാന്തത തോന്നി. സംസാരവും ചിരിയും മുറിഞ്ഞുപോകുന്ന ഇടവേളകളിൽ, കാനനത്തിലെ ചീവീടുകൾ മാത്രം അവയുടെ ശബ്ദത്താൽ ശൂന്യതയുടെ സ്വരം വിളിച്ചു കൂവുന്ന സമയത്ത്, അവർ ഒറ്റപ്പെട്ടു അവർക്കുവേണ്ടി ജീവിതം കളയാൻ തയാറായിരുന്ന പടയാളികളാരും ഇന്ന് അവരുടെ കൂടെയില്ല മണ്ണിലമർന്നുപോയ ആ മനുഷ്യരുടെ എല്ലുകൾക്കു മീതെ കാനനത്തിലെ വള്ളികളും മരങ്ങളും വളർന്നു കഴിഞ്ഞിരിക്കുന്നു എന്തിനെ നേടുവാൻ വേണ്ടി അവർ പൊരുതിയോ ആ കാമധേനുപോലും അവരിൽ നിന്ന് ഊർന്നു പോയിരിക്കുന്നു ദൂരെ ദൂരെ പാർക്കുന്ന മനുഷ്യർ അവളെ എടുത്തുകൊണ്ടുപോയി അവർക്കുവേണ്ടി അവളിന്ന് വിടുപണി ചെയ്യുന്നു, നരകിച്ച് ചാകുന്നു

“പക്ഷേ നമ്മളൊരിക്കലും ആലോചിക്കാത്ത ഒന്ന് ഈ മനുഷ്യർ ചെയ്തിരിക്കുന്നു ” കൈയിലിരുന്ന ഗ്ലാസിൽ നിന്ന് ദൃഷ്ടിയെടുക്കാതെ ഗംഭീരമായ ഭാവത്തിൽ വസിഷ്ഠൻ പറഞ്ഞു. “അവർ അവൾക്ക് അമ്പലങ്ങൾ പണിതിരിക്കുന്നു അവർ അവളെ ആരാധിക്കുന്നു ”

സ്വതസിദ്ധമായ ശുദ്ധതയോടെ വിശ്വാമിത്രൻ ചിരിച്ചു

“എന്തിനാണ് ചിരിക്കുന്നത്, രാജർഷി?’ വസിഷ്ഠൻ ഗൗരവം വിടാതെ ചോദിച്ചു

“ആരാധിക്കുന്നത് അവർ അവളെ മാത്രമല്ല, നമ്മളെയും കൂടിയാണ്, ബ്രഹ്മർഷി, ” വിശ്വാമിത്രൻ പറഞ്ഞു “ത്യാഗിയായ നിങ്ങളെയും സ്വാർത്ഥിയായ എന്നെയും!”

“അവർക്ക് നമ്മളെ രണ്ടായി കാണുവാൻ കഴിഞ്ഞില്ല,” വസിഷ്ഠൻ സമ്മതിച്ചു “അവർ നമ്മളെ രണ്ടുപേരെയും ഒന്നുപോലെ മുനിമാരായി കാണുന്നു ”

“അവരുടെ മുമ്പിൽ വ്യത്യസ്തത എന്നത് ഒരു പ്രശ്നത്തിന്റെ രൂപത്തിൽ അവതരിക്കുന്നതേയില്ല, മുനിവരാ ഒരു സന്ധിയുടെ സന്തതികളാണവർ. ദ്വിഭാവം അവരുടെ വിധിയാണ് ഓർമ്മയുണ്ടോ, നമ്മളൊപ്പുവച്ച ആ കരാറുപത്രത്തിന് നിങ്ങൾ കൊടുത്ത കോഡ് പേര്- ഓപ്പറേഷൻ ദ്വിഭാവം! ഒപ്പിട്ട പേനകൾ കൈമാറിയപ്പോൾ നിങ്ങൾ അവയെ വില്ലില്ലാത്ത അമ്പുകൾ എന്നു വിളിച്ചു ഈ മനുഷ്യർക്ക് ആ പേരുകൾ പിടികിട്ടിയില്ല അതുകൊണ്ട് അവർ അതിന് വേറൊരു പേരു കൊടുത്തു, ഭക്തി. അത്രമാത്രം.”

“ഞാൻ ആ പയ്യനെപ്പറ്റി ഓർത്തുപോകുകയാണ്,” വസിഷ്ഠൻ

പിന്നേയും ഓർമ്മകളിലേക്ക് മടങ്ങി "എന്താണവന്റെ പേര്- അതെ, സത്യവ്രതൻ പാപി."

"എന്റെ കുടുംബത്തെ രക്ഷിച്ചതവനാണ്," വിശ്വാമിത്രൻ ക്രോധം കാണിച്ചു "

"എന്റെ കാമധേനുവിനെ അവൻ കൊന്നു തിന്നു "

"നിങ്ങൾക്കു നിങ്ങളുടെ കാമധേനുവിനെ തിരിച്ചുകിട്ടിയല്ലൊ. ജീവനോടുകൂടിത്തന്നെ?" വിശ്വാമിത്രൻ തന്റെ ഗ്ലാസ് കാലിയാക്കി താഴെ വച്ചു "കാലം കടന്നുപോകുമ്പോൾ ഒക്കെ വിഡ്ഢിത്തമായി മാറുന്നു, മുനിവരാ. ത്രിശങ്കു നമ്മുടെ ആരുടെ ഭാഗത്തായിരുന്നുവെന്നതല്ല പ്രധാനം. അവന് നമ്മളെ രണ്ടുപേരെയും രണ്ടായി തിരിച്ചറിയുവാൻ കഴിഞ്ഞു എന്നതാണ്. അതാണ് അവന്റെ കഴിവ്, ഭാഗ്യം, അഥവാ സ്വർഗം നോക്കു ബ്രഹ്മർഷി, നിങ്ങൾ മാറി രാജർഷിയായിരുന്ന ഞാനും ഇന്ന് ഇടയ്ക്ക് സ്നേഹത്തിന്റെയും സേവനത്തിന്റെയും ഉടുപ്പുകളണിയുന്നു. എന്നിട്ടും ആ മനുഷ്യൻ, ഇന്നും നമുക്കിടയിൽ തൂങ്ങിക്കിടക്കുന്നു അവന്റെ സ്വർഗത്തിലിരുന്നു നമ്മുടെ നേരെ നോക്കി ചിരിക്കുന്നു അഥവാ അവന്, അവനു മാത്രമേ- ആ വിഡ്ഢി ഹരിശ്ചന്ദ്രനു കൂടി കഴിയില്ല - നമ്മുടെ നേരെ നോക്കി ചിരിക്കുവാൻ കഴിയുന്നുള്ളൂ "

"ആ ചിരിക്ക് അവൻ കൊടുക്കുന്ന വിലയാണ് ഞാൻ അവനിൽ എന്നേക്കുമായി അടിച്ചുകയറ്റിയിരിക്കുന്ന പാപത്തിന്റെ മൂന്ന് ആണികൾ" വസിഷ്ഠൻ തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് തീയിന്റെ അടുത്തുചെന്ന് അതിലേക്ക് നോക്കിനിന്നു

വിശ്വാമിത്രനും എഴുന്നേറ്റ് തീയിന്റെ അടുത്തേക്കു ചെന്നു "നമ്മുടെ സ്വർഗത്തിനു നാം കൊടുക്കുന്ന വില ഇതും." അദ്ദേഹം പറഞ്ഞു "നമുക്ക് നമ്മുടേതായ ഇരിപ്പിടങ്ങളേ ഇല്ലാതായി "

ചിരിച്ചുകൊണ്ട് ആ പഴയ ജനറൽമാർ തങ്ങളുടെ ഗ്ലാസുകൾ വീണ്ടും നിറച്ചു.

അങ്ങനെ വസിഷ്ഠനും വിശ്വാമിത്രനും തമ്മിലുള്ള യുദ്ധം തീർന്നു സേവനവും സ്വാർത്ഥതയും, നിഷ്ഠയും അധികാര ഗർവും തമ്മിൽ യുഗങ്ങളായുള്ള വടംവലി അവസാനിച്ചു സമാധാനം വന്നു വനത്തിന്റെ നടുവിലെ ഒളിസങ്കേതത്തിൽ അവരുടെ ചിരികൾ പതുക്കെപ്പതുക്കെ ഒതുങ്ങിയപ്പോൾ രാത്രി പകലിലേക്ക് അടുക്കുകയായിരുന്നു ഗോശാലയിൽ യാദവന്മാരായ പണിക്കാർ താമസിയാതെ എഴുന്നേൽക്കും ക്ഷേത്രം തുറക്കും. ഗ്രാമമുണരും

പകൽപോലെ വെളിവായിത്തീർന്ന ഈ സഖ്യത്തിൽ സ്ഥാനം നഷ്ടപ്പെട്ടത് ഒരാൾക്കാണ്, ഹരിശ്ചന്ദ്രന് മുനിമാരുടെ മൽസരത്തിനിടയിൽ മാത്രം എഴുന്നേറ്റു നിന്ന് നെഞ്ചുയർത്തിപ്പിടിക്കാൻ കഴിയുമായിരുന്ന ആ സത്യവാൻ ആരും കാണാത്ത, ഓർക്കാത്ത ഒരിടത്തേക്ക് വിരമിച്ചു,

അപ്രസക്തനായി, ഇടയ്ക്ക് അവിടെയുമിവിടെയും, ഒരു മരത്തിൻ കൊമ്പിലോ, കിളിവാതിലിൻ ദ്വാരത്തിലോ ഇരുന്ന് സത്യം നമ്മുടെ നേരെയൊന്ന് ഇളിച്ചുകാട്ടിയെന്നു വരും, ശരീരം നഷ്ടപ്പെട്ട ഒരു ചിരിയായി ശബ്ദം നഷ്ടപ്പെട്ട ഒരു വാക്കായി അത്രമാത്രം.

ഇനി അവശേഷിച്ചിട്ടുള്ളത് കാമധേനുവിന്റെ കഥയാണ് അതിന്റെ മാംസം തിന്നുന്ന ചണ്ഡാലന്റെയും പീഢനങ്ങളനുഭവിക്കുന്ന പശു അതിന്റെ ശവം തിന്നുന്ന പറയൻ ഉണ്ടോ അവർക്കുമിടയിലൊരു സഖ്യം? മാറുന്നുവോ അവരുടെയുമിരിപ്പിടങ്ങൾ?

മാറുവാൻ-എന്താണ് അവർക്കുള്ളത്? ഒന്നു തന്നെയല്ലെ അവരുടെ ഇരിപ്പിടങ്ങൾ? മറിഞ്ഞുവീഴുവാനായി കാൽവരിക്കുന്നിലേക്ക് കാളകൾ വിരണ്ടോടിക്കയറുകയാണെങ്കിൽ, പതിതനായ പറയൻ പണ്ടേ കുന്നിന് താഴെത്തന്നെയാണ് ഭക്തിക്കും നിന്ദയ്ക്കുമിടയിൽ അങ്ങനെയൊരു വ്യത്യാസം.

പുനത്തിൽ കുഞ്ഞബ്ദുള്ള

ഒരു വയറ്റാട്ടിയുടെ ജീവചരിത്രപ്രശ്നങ്ങൾ

സൂര്യൻ കടലിൽ മുങ്ങിയിട്ട് എത്ര നേരമായെന്നറിയില്ല. രാവേറെയാ യിക്കാണും ഗർഭിണിയായ തമ്പുരാട്ടിയെ സംബന്ധിച്ചേടത്തോളം രാവും പകലും ഒരു പോലെയാണ് മിക്ക ഗർഭിണികളുടെയും അവസ്ഥ ഇതു തന്നെ. എന്നാൽ, ഗർഭക്കാരനായ തമ്പുരാനു പകലുമുണ്ട്, രാത്രിയു മുണ്ട്

തമ്പുരാൻ മച്ചു പാകിയ മുറിക്കകത്ത് ഉറങ്ങുകയാണ്. അപ്പോൾ ഗർഭിണിയുടെ ശബ്ദം കേട്ടു

"അയ്യോ! ഇതാ ഞാൻ പ്രസവിക്കാറായി!"

തന്തയാവാൻ പോകുന്ന തമ്പുരാൻ ഉറക്കച്ചടവിൽ ചോദിച്ചു.

"അതിനു ഞാനെന്തുവേണം?"

ഗർഭിണി പറഞ്ഞു· "അങ്ങ് എന്നിൽ നിറച്ച ഈ ഭാരവും പേറി പത്തു മാസമായി ഞാൻ ഒരു മുട്ടക്കോഴിയെപ്പോലെ നടക്കുന്നു ഇതിനെ പുറ ത്തെടുക്കുവാൻ അങ്ങയ്ക്കു കഴിയില്ലല്ലോ "

"അതെന്റെ പ്രവൃത്തിയാണോ? ഞാൻ സ്രഷ്ടാവു മാത്രമാണ് " ഉറ ക്കച്ചടവിന് അശേഷം വിരാമമിട്ടു തമ്പുരാൻ പറഞ്ഞു

"അതെനിക്കു നന്നായറിയാം ആണും പെണ്ണുമായി പിറന്നുവീണ എന്റെ എട്ടുകുഞ്ഞുങ്ങളെയും പുറത്തെടുത്തത് അങ്ങായിരുന്നില്ല അതു മറന്നിട്ടാണ് ഞാൻ പറയുന്നതെന്നു ധരിക്കരുതേ!"

"പ്രസവവേദനയിലും നീ സത്യം പറയുന്നു പ്രിയപ്പെട്ടവളേ, എന്നിൽ നിന്നു ജനിച്ച എട്ടു സന്തതികളെയും പുറത്താക്കിയവൾ ഈ ഗ്രാമ ത്തിൽ തന്നെയുണ്ടല്ലോ അവൾ മരിച്ചിട്ടുമില്ല അവൾക്കാണെങ്കിൽ ആരോഗ്യമുണ്ട് "

"ഞാനിപ്പോൾ മരണത്തിന്റെ വക്കത്താണ് അതുകൊണ്ടു മരണത്തെ ക്കുറിച്ച് ഇപ്പോൾ സംസാരിക്കരുത്. ഒമ്പതാമൻ എന്റെ വയറ്റിൽ കിടന്നു ബഹളം കൂട്ടുന്നു വേഗം പോയി വയറ്റാട്ടിയെ വിളിച്ചുകൊണ്ടുവരൂ "

"എന്താണവളുടെ പേര്?"

"വയറ്റാട്ടിയുടെയോ, അതോ പിറക്കാനിരിക്കുന്നതിന്റെയോ?"

"വയറ്റാട്ടിയുടെ പേരാണെനിക്കറിയേണ്ടത് "

"എന്തു പേരായാലെന്താ? അവൾ ഒരുവൾ മാത്രമാണല്ലോ ഈ ഗ്രാമത്തിലുള്ളത്. പത്തു പെറ്റിട്ടും ബാല്യം വിടാത്ത വയറ്റാട്ടിയല്ലേ അവൾ?"

"ശരിയാണ് എങ്കിലും ഈ പാതിരാത്രിയിൽ അവളുടെ വീട്ടിൽപോയി വാതിലിൽ തട്ടുമ്പോൾ ഞാനെന്തെങ്കിലും ഒരു പേരു വിളിക്കേണ്ടതു മര്യാദയല്ലേ?"

"ഗർഭപാത്രത്തിൽ നിന്നു പുറത്തുവരാൻ വെമ്പുന്ന ഓരോ കിടാവിനെയുംകൊണ്ട് ഞാൻ വീർപ്പുമുട്ടുമ്പോൾ അങ്ങ് അവിടെ ചെന്ന സമയത്തെല്ലാം എന്തു പേരായിരുന്നു വിളിച്ചിരുന്നത്? ആ മഹതിയുടെ പേരും മറന്നുപോയോ? എവിടെയൊക്കെയോ ജീവിതഭാരവും പേറി നടക്കുന്ന എട്ടുമക്കളെ പുറത്തെടുത്ത ആ വയറ്റാട്ടിയുടെ പേരു മറന്ന അങ്ങയെപ്പോലെ നന്ദികെട്ടവൻ ഈ ലോകത്തിൽ ആരുണ്ട്?"

"ആരുമില്ലെങ്കിലും, ഒരുത്തൻ ലോകത്തിൽ എപ്പോഴുമുണ്ടാകും "

"ആരാണ് ആ മഹാൻ?"

"ഒരേ ഒരു മഹാനേയുള്ളു അവനാണ് ചെകുത്താൻ "

"ശരി എന്നാൽ, ചെകുത്താനെക്കാളും വലിയ ചെകുത്താണ് അങ്ങ് ദയവായി അങ്ങ് എന്നെ പരീക്ഷിക്കരുത് നാഭിയെല്ലുകൾ വികസിക്കാനാവാത്ത വിധം നാല്പതുകളിലൂടെ നീങ്ങുന്ന എന്റെ ഗർഭപാത്രത്തിനകത്തുള്ള കുഞ്ഞിനെ എടുക്കുവാൻ പ്രകൃതി ഇനി ശ്രമിക്കുകയില്ല. അത് പ്രകൃതിയെ അപമാനിക്കുന്നതിനു സമമാണ് "

"പ്രകൃതിയില്ലെങ്കിലും ദൈവം ആകാശത്തിലുണ്ട് " സമാധാനശ്രമമെന്ന നിലയിൽ തമ്പുരാൻ പറഞ്ഞു

"ദൈവത്തിനുപോലും രക്ഷിക്കാനാവാത്ത വിധം പിൻമറഞ്ഞുപോയ എന്റെ നാല്പതു വർഷങ്ങൾ എന്റെ നാഭിയെല്ലുകളെ ഇരിങ്ങൽപ്പാറപോലെ ഉറപ്പിച്ചിരിക്കുന്നു "

ഗർഭിണിയുടെ വാക്കുകളും തടിച്ചു വീർത്ത സ്വന്തം വയറുപോലെ വിമ്മിട്ടപ്പെടുകയാണ്

"ദൈവമേ! എന്റെ ഉറക്കവും നഷ്ടപ്പെട്ടു ഇതാ ഞാൻ പോവുകയാണ് പുറപ്പാടിനു മുമ്പ് എനിക്കു നിന്റെ മുഖം കാണണം."

"അതെന്തിനാ? വർഷങ്ങളായ വർഷങ്ങളത്രയും കണ്ടതാണല്ലോ ഈ മുഖം "

"ഒരു സത്യം ഞാൻ പറയട്ടെ നിന്റെ മുഖം നോക്കാതെയാണ് ഈ ഒമ്പതാമനെ ഞാൻ സൃഷ്ടിച്ചത് "

തമ്പുരാൻ ധൈര്യമോ പരിഹാസമോ കലർന്ന സ്വരത്തിലാണ് ഈ വാക്കുകൾ ഉച്ചരിച്ചത്

അതിന്റെ മറുപടിയായി ഗർഭിണി പറഞ്ഞു

"എനിക്ക് ചങ്ങാതിയില്ല. എന്റെ കൈയിൽ കണ്ണാടിയുമില്ല. അതുകൊണ്ട് എന്റെ മുഖം എങ്ങനെയിരിക്കുമെന്ന് എനിക്കറിയില്ല. ഈ ഗർഭിണിയുടെ മുഖത്ത് എന്തെങ്കിലും സൗന്ദര്യം കണ്ടാൽ അങ്ങ് പത്താമനെയെങ്ങാൻ സൃഷ്ടിക്കാൻ ഈ സമയത്ത് ഒരുങ്ങുമോ? എനിക്കു പേടിയാവുന്നു."

"ഭയമില്ലാതെ എട്ടു മക്കളെ ഗർഭം ധരിച്ച് ഒരു എട്ടുകാലിയെപ്പോലെ വലിയ വയറും പേറി അവസാനം എല്ലാറ്റിനെയും പ്രസവിച്ച ഈ എന്റെ തമ്പുരാട്ടിക്ക് തന്റെ തമ്പുരാനെക്കുറിച്ച് ഇനിയും സംശയമോ?"

"പുരുഷൻ സ്വാർത്ഥിയാണ് കാരണം, നിർമ്മാതാവ് സ്വാർത്ഥിയും യന്ത്രം നിസംഗതയുമാണ്." തമ്പുരാൻ പറഞ്ഞു

"അയ്യോ! എനിക്കു വേദനിക്കുന്നു. എന്റെ വയർ ആകാശത്തോളം ഉയരുന്നു "

"നീ ഇപ്പോഴും മലർന്നു തന്നെയാണോ കിടക്കുന്നത്?"

"എട്ടു മക്കളെ പ്രസവിച്ചത് ഞാൻ കിടന്നിട്ടാണ് "

ഒരു ഉപദേശം കണക്കെ തമ്പുരാൻ പറയുകയാണ്

"നിന്നു പ്രസവിക്കുന്നതാണ് ഏറ്റവും എളുപ്പം കുഞ്ഞിന്റെ തല തകരാതിരിക്കാൻ മാർദവമുള്ള ഒരു തറയുണ്ടായിരിക്കണം കുഞ്ഞിന്റെ സുരക്ഷിതത്ത്വത്തിനു വേറെ പടയണിയൊന്നും ആവശ്യമില്ല "

"ഈ സൂത്രം അങ്ങ് എന്നെ ഇതുവരെ ധരിപ്പിച്ചിട്ടില്ലല്ലോ തമ്പുരാനേ!" ഖേദത്തോടെ തമ്പുരാട്ടി പറഞ്ഞു

"ഇനി മേലിൽ അങ്ങനെ ചെയ്താൽ മതി നിന്നു പ്രസവിക്കുക നരവംശശാസ്ത്രത്തിൽ ഒരു പുതിയ അധ്യായം അതോടെ കുറിക്കപ്പെടും." തമ്പുരാൻ ഒരു പ്രസ്താവനയിറക്കി

"അയ്യോ, എനിക്കു വേദനിക്കുന്നു എന്റെ വയർ നോക്കൂ അത് ഏഴാമാകാശത്തിലേക്ക് ഉയർന്നുപോവുകയാണ് "

"ഇതാ ഞാൻ പുറപ്പെടുകയാണ് കൂടെ വരാൻ ആരും തുണയില്ലാത്ത എനിക്ക് ഒരു ചൂട്ടെങ്കിലും സഹായത്തിനു കിട്ടിയാൽ നന്ദി "

"ചൂട്ട് കോലായിലെ തെക്കെ മൂലയിൽ ഞാൻ വൈകുന്നേരം തന്നെ കെട്ടിവെച്ചിട്ടുണ്ട് "

"ചൂട്ടുണ്ടായാലും എനിക്കു പേടിയാവും ഇന്നാണെങ്കിൽ കറുത്ത വാവ് പരവന്റെ വീട്ടിലെത്താൻ രണ്ടു നാഴിക നടക്കണം ആദ്യത്തെ നാഴിക ഇടവഴി പിന്നെ മാച്ചനാരിക്കുന്ന് ഗന്ധകം വിളയുന്ന മാച്ചനാരിക്കുന്ന് കയറിയിറങ്ങിയാൽ റെയിൽപ്പാളം. പാളം മുറിച്ച് വയൽ താണ്ടി പരവന്റെ വീട്ടിൽ ഞാനെങ്ങനെ എത്തിപ്പെടും?"

"ചൂട്ടു വീശിയാൽ മതി "

"ചൂട്ടു കെട്ടുപോയാലോ?"

"ഉൾക്കണ്ണു തുറന്നാൽ മതി "

ശിവകാശിയിൽ നിർമിച്ച പുലിമാർക്ക് തീപ്പെട്ടിയുരച്ച് തമ്പുരാൻ ചൂട്ടിനു തീ കൊളുത്തി അനേകം നക്ഷത്രങ്ങൾ ഉതിർത്തുകൊണ്ട് ചൂട്ട് ഒഞ്ചിയം അംശത്തിലെ ആകാശത്തിൽ നാട്ടുവെളിച്ചം പരത്തി. ചൂട്ടിന്റെ പ്രകാശത്തിൽ കറുത്തവാവ് നാണിച്ചു തലതാഴ്ത്തി.

തമ്പുരാൻ നടക്കുവാൻ തുടങ്ങി ചൂട്ടിന്റെ പ്രകാശവലയം തമ്പുരാന്റെ നിഴലിനെ എട്ടുമക്കളുടെ നിഴലിനോളം വളർത്തി ആ നിഴൽ രാജപാതയിലും പറമ്പിലും തലങ്ങും വിലങ്ങും നടമാടി നടമാടി അവസാനം മാച്ചനാരിക്കുന്നിന്റെ അടിവാരത്തിൽ കുന്നിനോടു ചേർന്ന് ഒരു കറുത്ത രൂപമായി നിലകൊണ്ടു തമ്പുരാനേത് നിഴലേത്, എന്നു തിട്ടപ്പെടുത്താൻ പ്രയാസം

പുലിമാർക്ക് തീപ്പെട്ടിയിൽ കോലുകൾ ഒന്നൊന്നായി തീർന്നുതുടങ്ങി ഇനിയാണ് യഥാർത്ഥ പ്രകാശം ആവശ്യം മാച്ചനാരിക്കുന്നിൽ കന്നുകാലികൾ വഴിതെറ്റി വീണു ചത്തുപോയ പൊട്ടക്കിണറുണ്ട് ചാമുണ്ഡിയുണ്ട് പെണ്ണു പിടിക്കാൻ പോയ നാരായണക്കുറുപ്പ് കാലുതെറ്റി വീണു ചത്തു മലർന്നുപോയ കല്ലുവെട്ടാംകുഴിയുണ്ട് ഒറ്റമുലച്ചിയുണ്ട് അംശം അധികാരിയുടെ ഗർഭം പേറി അവസാനം ആത്മഹത്യ ചെയ്ത കല്യാണിക്കുട്ടിയുടെ പ്രേതമുണ്ട് കോഴിമുട്ടയുടെ പുറത്തു കടുക്കമഷികൊണ്ട് അറബക്ഷരങ്ങളിൽ ആവാഹനമന്ത്രങ്ങൾ എഴുതി പാറക്കെട്ടിൽ ഒളിച്ചുവെക്കാൻ വരുന്ന അതൃമ്മാൻ മുസ്ല്യാരുണ്ട് പതിനാറു പെറ്റ സുന്ദരിയായ പുലയി പാറുക്കുട്ടിയെ വ്യഭിചരിക്കാൻ വരുന്ന കുടിയന്മാരുണ്ട്

ഭയം പുറത്തു കാണിച്ചില്ലെങ്കിലും ഉൾഭയത്തോടെ തമ്പുരാൻ കുന്നു കയറി മറിയാൻ തുടങ്ങി

തീപ്പെട്ടിയിൽ അവശേഷിച്ച ഒരേയൊരു കൊള്ളിയുടെ മൂലധനത്തിൽ തമ്പുരാൻ മാച്ചനാരിക്കുന്നിറങ്ങിയിറങ്ങി അവസാനം പരവന്റെ വീട്ടിലെത്തിയതും, ഒരു നെടുവീർപ്പോടെ കതകിൽ മുട്ടി

"പരത്തീ. പരത്തീ!"

പനമ്പുകൊണ്ടുണ്ടാക്കിയ വീട്ടിനകത്തു വെട്ടമില്ല അനക്കവുമില്ല ശരീരമാന്ദ്യം സംഭവിച്ച മനുഷ്യന്റെ ബലഹീനമായ ശ്വാസഗതിയുടെ താളലയങ്ങൾ പനമ്പിന്റെ വിള്ളലിലൂടെ പുറത്തുവന്നു

തമ്പുരാനായ തന്ത വീണ്ടും വിളിച്ചു

"പരത്തീ പരത്തീ!"

"ആരാടാ അത്? ഏതു നായിന്റെ മോനാടാ ഈ പാതിരയ്ക്ക് എന്റെ ഭാര്യയെ പിടിക്കാൻ വന്നത്?"

തമ്പുരാൻ ഒരക്ഷരം പറഞ്ഞില്ല

കോലായുടെ തെക്കെ മൂലയിൽ പരവൻ, രോഗം ബാധിച്ച ഒരു വയസ്സൻ നായയെപ്പോലെ, തല ചെരിച്ചുവച്ചു കിടക്കുന്നു വിവശനും അവ

ശനുമായ പരവൻ ഏതോ ഒരു വിളി കേട്ട് ചോദിച്ചു:

"ആരാടാ? നാവു താണുപോയോ? എന്താടാ മിണ്ടാത്തത്?" പരവൻ കൊഴുത്ത ശബ്ദത്തിൽ വീണ്ടും ചോദിക്കുന്നു

അപ്പോൾ തമ്പുരാൻ ചൂട്ട് മുറ്റത്തിട്ടുകൊണ്ടു പറഞ്ഞു·

"നിന്റെ ഭാര്യയെ പിടിക്കാനൊന്നും വന്നതല്ല എന്റെ കെട്ടിയോൾക്ക് പ്രസവവേദന തുടങ്ങി"

"അതിനു ഞാനെന്തു വേണം?"

"പരത്തിയെ കൂട്ടാൻ വന്നതാ"

തമ്പുരാന്റെ വാക്കുകൾ കേൾക്കാതെ പരവൻ വീണ്ടും സ്വന്തം ഛർദി യിൽ വീണു. ഒരു അപസ്മാരരോഗിയെപ്പോലെ പരവന്റെ വായിൽ നിന്ന് നുരയും പതയും പുറത്തു വരുന്നു

"പരവാ, പരത്തിയെ വിളിക്ക്" തമ്പുരാൻ ഉച്ചത്തിൽ പറഞ്ഞപ്പോൾ പരവൻ പിന്നെയും ഉണർന്നു എന്നിട്ടു ചോദിച്ചു

"എന്തിനാ പരത്തീ?"

"എന്റെ കെട്ടിയവൾക്കു പ്രസവവേദന പരത്തിയോടു വേഗം പുറ ത്തിറങ്ങാൻ പറ"

"കൂത്തിച്ചിമോനേ, ഗർഭമുണ്ടാക്കിയവനു തന്നെ കുഞ്ഞിനെ പുറ ത്തെടുത്തുകൂടെ? എന്തിനാണ് പേറ്റിച്ചി?" കുടിയനായ പരവൻ ചോദിച്ചു

ഇരുട്ടിൽ തപ്പുന്ന തമ്പുരാൻ പറഞ്ഞു "അതല്ലല്ലോ പതിവ് കുട്ടിയെ പുറത്തെടുക്കേണ്ടത് പരത്തിയല്ലേ?"

"പതിവൊക്കെ ശരിതന്നെ പക്ഷേങ്കില് എന്റെ കെട്ടിയോളായ പേറ്റി ച്ചിയും പെറ്റുകിടക്കുകയാ"

"പേറ്റിച്ചിക്കും പ്രസവമോ?"തമ്പുരാന്റെ അത്ഭുതം വിടർന്ന കണ്ണു കൾ ഇരുട്ടിൽ ആരു കാണാൻ?

"എന്താടാ നായേ, ഓക്കെന്താ വയറില്ലേ? ഗർഭപാത്രമില്ലേ? അല്ലെ ങ്കിലെനിക്കെന്താ ഒരു കുറവ്? കള്ളെത്ര കുടിച്ചാലെന്താ? ഞാൻ ഉശി രുള്ളോനാ."

"അറിയാതെ ചോദിച്ചുപോയതാ ക്ഷമിക്കണം, ക്ഷമിക്കണം." തമ്പു രാൻ പറഞ്ഞു.

പരവൻ ചുവരു തപ്പിപ്പിടിച്ച് എഴുന്നേറ്റുകൊണ്ടു പറഞ്ഞു "നീയൊന്നു ചൂട്ടു വീശ്"

മുറ്റത്തിറങ്ങി അണയാറായ ചൂട്ടെടുത്തു വീശി ഒരു ജാലവിദ്യക്കാര നെപ്പോലെ തമ്പുരാൻ വെളിച്ചത്തെ വരുത്തി

പരവൻ തമ്പുരാന്റെ മുഖം കണ്ടു ഒന്നുകൂടി സൂക്ഷിച്ചു നോക്കി തല നേരെയല്ലെങ്കിലും അവൻ ഞെട്ടാതെ ഞെട്ടി സ്വന്തം ഛർദിയിൽ നിന്ന് എഴുന്നേറ്റു വേച്ചുവേച്ചു നടന്ന് തമ്പുരാന്റെ അടുത്തെത്തി ഭയ വിഹ്വലതയോടെ തമ്പുരാനെ നോക്കി കുനിഞ്ഞ് പാദങ്ങൾ തൊടാൻ

നോക്കിയതും, പരവൻ തറയിൽ വീണു.

നിലംപതിച്ച പരവനെ എഴുന്നേല്പിച്ചുകൊണ്ട് തമ്പുരാൻ പറഞ്ഞു.

"വേണ്ട, വേണ്ട അതൊക്കെ പിന്നീടു മതി. ഇപ്പോൾ പേറ്റിച്ചിയെ അയച്ചുതാ"

"അവൾ പ്രസവിച്ചുകിടക്കുകയാ തമ്പുരാനേ! ഓളെ ബാല്യകാലം തീർന്നിട്ടും തീർന്നിട്ടും തീരുന്നില്ല"

തമ്പുരാൻ അല്പനേരം വിഷമിച്ചു നിന്നു

അപ്പോൾ പരവൻ പറഞ്ഞു

"പേടിക്കേണ്ട എന്റെ തമ്പുരാനേ, ഈ പരവൻ ഒരു വഴിയുണ്ടാക്കാം. കള്ളടിച്ചാലും ഈ പരവന്റെ ബുദ്ധി ചിലപ്പോൾ തെളിഞ്ഞുവരും"

പരവൻ വേച്ചുവേച്ചു നടന്ന് പനയോല കെട്ടിയ വാതിൽ തള്ളിത്തുറന്നു വീർത്ത ഒരു വലിയ വയറുമായി പരത്തി പുറത്തുവന്നു. ഒറ്റമുണ്ടു മാത്രമാണ് വേഷം ചിമ്മിനിവിളക്കിന്റെ വെട്ടത്തിൽ മിന്നുന്ന വയറിൽ ഒന്നു തൊടാൻ തമ്പുരാൻ മോഹിച്ചു

"ഞാനില്ല" പരത്തി പറഞ്ഞു "വഴിയിലെങ്ങാനും ഞാൻ പെറ്റുവീണാലോ?"

"നീ മിണ്ടാതിരിക്കെടീ നാവു ഞാനരിഞ്ഞുകളയും" പരവൻ പറഞ്ഞു "നീ പോയി പെണ്ണിനെ വിളിക്ക്"

"നമ്മുടെ മോളെയോ?"

"അതേടീ, അവളെത്തന്നെ നമ്മുടെ പെണ്ണ് നേരത്തേ തന്നെ കുട്ടിയെ പുറത്തെടുത്തു പഠിക്കട്ടെ"

"അതിന് പെണ്ണു പ്രസവിച്ചിട്ടുപോലുമില്ലല്ലോ അവൾക്കറിയ്യോ ഇതൊക്കെ?"

"കൊന്നുകളയും ഞാൻ" ഇതും പറഞ്ഞ് പരവൻ പതുക്കനെ അകത്തു കടന്നു ഇരുട്ടിൽ എവിടെയോ തട്ടി ശബ്ദമുണ്ടാക്കിക്കൊണ്ടു വിളിച്ചു

"എടീ പെണ്ണേ, പുറത്തുവാ ഇന്നു നീ എഴുത്തിനിരിക്കുന്ന ദിവസമാ നിന്റെ വിദ്യാരംഭമാണിന്ന്."

കള്ളിന്റെ ഉശിര് കൂടിക്കൂടി വരികയാണ്.

"അയ്യോ, ഞാനില്ല എനിക്കു പേടിയാ" അന്ധകാരത്തിൽ അകത്തിരുന്നുകൊണ്ട് എല്ലാം കേട്ടറിഞ്ഞ പെണ്ണ് പറഞ്ഞു

"എടീ പെണ്ണേ, നിന്നെ ഞാൻ പൊളന്നു കളയും എന്റെ പിശാത്തി നീ കണ്ടതല്ലേ? പുറത്തുവാടീ ഉടനെ പുറപ്പെട്ട് തമ്പുരാന്റെ വീട്ടിൽ ചെന്ന് തമ്പുരാട്ടിയുടെ വയറ്റിലെ കുട്ടിയെ പുറത്തിറക്ക്"

"എന്റച്ചോ! എനിക്കതറിഞ്ഞൂടാ ഭഗോതി! എന്നെ രക്ഷിക്കണേ" പെണ്ണ് നിലവിളിക്കാൻ തുടങ്ങി.

"സാരമില്ല പെണ്ണേ! നീ അടുത്തുപോയി നിന്നാൽ മതി തമ്പുരാട്ടി

യുടെ വയറും തൊട്ട് എന്റെ മോൾ അങ്ങനെ നില്ക്കുമ്പോൾ കുഞ്ഞ് താനേ പുറത്തു വരും. പിന്നെ മീൻ മുറിക്കുന്ന അരിവാൾ അവിടെ കാണും. അതെടുത്ത് പൊക്കിൾ കൊടി മുറിക്കണം അതോടെ തീർന്നു നിന്റെ പണി."

ഇരുട്ടിൽ ഉടുമുണ്ട് ഉലയുന്ന ശബ്ദവും കഞ്ഞിപ്പശയുടെ ഗന്ധവും പുറത്തുവന്നു. പെണ്ണ് തയ്യാറാവുകയാണ്.

"മോള് പേടിക്കാതെ പൊയ്ക്കോ." പരവൻ ധൈര്യം കൊടുത്തു

"ഇതുവരെ ആണിനെ കാണാത്ത പെണ്ണ് ഗർഭം എന്തെന്നറിയാത്ത എന്റെ മോൾ. ഓൾക്ക് ഇതെല്ലാം കാണുമ്പോ പേടിയാവൂലോ " പരത്തി ആരോടെന്നില്ലാതെ നിലവിളിച്ചു

"മോള് പേടിക്കേണ്ട " പരവൻ സാന്ത്വനപ്പെടുത്തി

ചൂട്ട് വീണ്ടും തെളിഞ്ഞു.

തമ്പുരാൻ നക്ഷത്രപ്പൊരികളെ കാറ്റിൽ പറത്തിക്കൊണ്ട് ചൂട്ട് ആഞ്ഞാഞ്ഞു വീശി

കണ്ടത്തിൽ തമ്പുരാന്റെയും പെണ്ണിന്റെയും നിഴലുകൾ കെട്ടുപിണഞ്ഞ് ആടിത്തുടങ്ങി

ഇടവഴിയിൽ ഇറങ്ങിയപ്പോൾ ചൂട്ട് ഉയർത്തി തമ്പുരാൻ പെണ്ണിനെ നോക്കി എന്നിട്ടൊരു ചോദ്യം

"നിനക്കെത്ര വയസ്സായെടി?"

"വരുന്ന കുംഭത്തിൽ പതിനെട്ടു തികയും "

"ഒരു തോർത്തുമുണ്ടുകൊണ്ട് നിനക്കു നിന്റെ മാറുമറച്ചൂടെ പെണ്ണേ?" ഒരുപദേശമെന്നോണം തമ്പുരാൻ പറഞ്ഞു.

"അടിയങ്ങൾ പാവങ്ങളല്ലേ?" പെണ്ണ് തിരുത്തൽവാദത്തോടെ മൊഴിഞ്ഞു

"പാവമായിട്ടും നീ സുന്ദരിയാണല്ലോടി!"

തമ്പുരാന്റെ പ്രശംസാവചനം പെണ്ണിന്റെ കവിൾത്തടങ്ങൾ ചുവപ്പിച്ചിരിക്കണം

പെണ്ണ് തല കുനിച്ചു നടന്നു തുടങ്ങി

തമ്പുരാൻ ചൂട്ട് ഒരിക്കൽക്കൂടി ഉയർത്തി ചൂട്ടിന്റെ വെട്ടത്തിൽ ഒറ്റമുണ്ടു മാത്രമുടുത്ത് പരത്തിപ്പെണ്ണ് തിളങ്ങി. തമ്പുരാന്റെ കണ്ണുകളിൽ കർപ്പൂരം കത്തി. ഇന്ദ്രിയങ്ങളിൽ കൊടുങ്കാറ്റ് ആഞ്ഞുവീശി

ഇടവഴികളും കുറ്റിക്കാടുകളും വയലും കടന്ന് മാച്ചനാരിക്കുന്നിന്റെ പള്ളയ്ക്കലെത്തിയപ്പോഴേക്കും ചൂട്ടു തീർന്നു ആദ്യം കനത്ത അന്ധകാരം പിന്നെപ്പിന്നെ മങ്ങിയ വെളിച്ചം തമ്പുരാനു പിന്നാലെ പരത്തിപ്പെണ്ണ് നീങ്ങി കുന്നു കയറി ഉച്ചിയിലെത്തിയപ്പോൾ തമ്പുരാൻ കിതയ്ക്കുവാൻ തുടങ്ങി

"ഞാനൊന്നു വിശ്രമിക്കട്ടെ " അയാൾ സാവധാനം ചമ്രം പടഞ്ഞി

രുന്നുകൊണ്ട് തെളിഞ്ഞ ആകാശത്തിലേക്കു നോക്കി.

"തമ്പ്രാനേ, തമ്പ്രാട്ടിയുടെ സ്ഥിതി?" പെണ്ണ് അയ്യപാവം പറഞ്ഞു.

അപ്പോൾ മാച്ചനാരിക്കുന്നിന്നപ്പുറത്തു നിന്ന് പ്രസവവേദന മുറ്റിയ മധ്യവയസ്കയായ ഒരു സ്ത്രീയുടെ ദീനരോദനം ഉയർന്നു

തമ്പുരാൻ അതു കേട്ടില്ല. അയാൾ ആകാശം നോക്കി നില്ക്കുകയാണ്

"തമ്പ്രാനേ. തമ്പ്രാട്ടിയുടെ കരച്ചിലതാ കാറ്റിലൂടെ വരുന്നു "

തമ്പുരാൻ അതു കേട്ട ഭാവം നടിച്ചില്ല

അയാൾ പറഞ്ഞു "പരത്തിപ്പെണ്ണേ, നീ ആകാശം കണ്ടോ?"

"കണ്ടു " പെണ്ണ് മേലോട്ടു നോക്കിയശേഷം പറഞ്ഞു

"എന്താണവിടെ കാണുന്നത്?"

"നക്ഷത്രോം അതിന്റെ കുട്ട്യോളും " പെണ്ണ് താഴ്മയോടെ തമ്പുരാനെ ധരിപ്പിച്ചു

തമ്പുരാൻ ദീർഘശ്വാസം വിട്ടുകൊണ്ടു പറഞ്ഞു

"പെണ്ണേ, ഒരു പ്രതിഭാശാലി ജനിക്കേണ്ട അസുലഭ മുഹൂർത്തമാണ് നക്ഷത്രങ്ങൾ കാണിക്കുന്നത് "

"തമ്പ്രാനേ, ഞാനെന്തു വേണം? എനിക്ക് നക്ഷത്രക്കണക്കൊന്നുമറിയില്ല "

തമ്പുരാൻ വീണ്ടും ദീർഘനിശ്വാസം വിട്ടുകൊണ്ടു പറഞ്ഞു

"നക്ഷത്രങ്ങളുടെ ഗതിയെ മാറ്റാൻ എനിക്കാവതില്ല "

"അടിയൻ അതു ചെയ്തോളാം എത്ര കനത്ത പണിയും അടിയൻ ചെയ്തോളാമേ " പെണ്ണ് തല കുനിച്ചുകൊണ്ട് അതേറ്റതുപോലെ പറഞ്ഞു

തമ്പുരാൻ പൊട്ടിച്ചിരിച്ചു എന്നിട്ടു പറഞ്ഞു "അതാ ആ കാണുന്ന പറങ്കിമാവിന്റെ ചുവട്ടിൽ രണ്ടടി കനത്തിൽ കരിയിലകൾ വീണുകിടപ്പുണ്ട് പെണ്ണ് അവിടെ ചെന്ന് അഞ്ചുമിനിട്ടു കിടന്നു വിശ്രമിക്ക് എനിക്ക് അല്പം നേരം ധ്യാനിക്കണം "

അനുസരണയുള്ള ഒരു കുഞ്ഞാടിനെപ്പോലെ ചന്തമുള്ള കാലടികൾ ഞൊടിച്ചുവെച്ചുകൊണ്ട് പരത്തിപ്പെണ്ണ് പറങ്കിമാവിന്റെ ചുവട്ടിൽ ചെന്നു നിന്നു വീണ്ടും അനുസരണയുള്ള ഒരു കുഞ്ഞാടിനെപ്പോലെ കരിയിലമെത്തയിലേക്ക് അവൾ ചെരിഞ്ഞു 'പറങ്കിമാവിന്റെ പച്ചപ്പിൽ സുഷിരങ്ങളിലൂടെ നക്ഷത്രങ്ങൾ ഇറങ്ങിവരുന്നത് പരത്തിപ്പെണ്ണു കണ്ടു

ധ്യാനിച്ചുകൊണ്ടിരുന്ന തമ്പ്രാൻ അടുത്തെത്തിയ വിവരം കരിയിലകൾ ഒച്ചപ്പെട്ടപ്പോൾ പരത്തിപ്പെണ്ണറിഞ്ഞു

"ധ്യാനം കഴിഞ്ഞോ തമ്പ്രാനേ?"

"ഇല്ല നീ കണ്ണടച്ചു അങ്ങനെതന്നെ കിടന്നോ "

"നിനക്കു ചുറ്റും ഞാൻ പ്രദക്ഷിണം വെക്കാൻ പോവുകയാണ്

നിന്റെ കാലിന്റെ അരികെ ഞാനെത്തുമ്പോൾ നീ ഒന്ന് എന്നു പറയണം. വീണ്ടും എത്തുമ്പോൾ രണ്ട് എന്നു പറയണം. അങ്ങനെ നിന്റെ കാലിന്റെ അരികെ ഞാനെത്തുമ്പോഴെല്ലാം നീ എണ്ണിക്കൊള്ളണം."

ഏതോ മന്ത്രം ജപിച്ചുകൊണ്ട് തമ്പുരാൻ പരത്തിപ്പെണ്ണിനെ പതുക്കെപ്പതുക്കെ വലം വെക്കാൻ തുടങ്ങി. തമ്പ്രാന്റെ മാംസളമായ ആർഭാടശരീരം തനിക്കു ചുറ്റും കറങ്ങുമ്പോൾ ഒരു പൂവൻകോഴിയെക്കുറിച്ചുള്ള ഓർമ്മ പരത്തിപ്പെണ്ണിനെ അസ്വസ്ഥയാക്കാൻ തുടങ്ങി. തമ്പുരാന്റെ ശരീരം ചിറകുകൾ വെച്ച് വാലും പൂവും ഉയർത്തി നാനാവിധ വർണമുള്ള തൂവലുകൾ പരത്തിക്കൊണ്ട് വലിയ ഒരു പൂവൻകോഴിയാവുകയാണ്.

പെണ്ണ് എണ്ണുവാൻ തുടങ്ങി.

ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നെണ്ണുവാൻ ചുണ്ടുകൾ തുറന്നതുമാത്രം ഓർമ്മയുണ്ട്. അതിന്റെ പിറകെ ഒരലർച്ചയോടെ മലർന്നു കിടക്കുന്ന പരത്തിപ്പെണ്ണിന്റെ ശരീരത്തിൽ മാച്ചനാരിക്കുന്ന് ഇടിഞ്ഞുപൊളിഞ്ഞു വീണു. ലോകം അവസാനിക്കുന്നതായി അവൾ മനസ്സിലാക്കി.

'ഏഴ്' എന്നതിനു പകരം പരത്തിപ്പെണ്ണിന്റെ ആദിരോദനം മാച്ചനാരിക്കുന്നിന്റെ ഉച്ചിയിൽ, പറങ്കിമാവിന്റെ ഇരുണ്ട മറവിൽ നിന്നുയർന്നു.

ആദിരോദനം എന്തായിരുന്നു എന്നത് മാലോകർ അറിയുന്നതിൽ എനിക്കു വിരോധമില്ല. നാണവുമില്ല. ആ രോദനം ഇത്രമാത്രമേ ഉണ്ടായിരുന്നുള്ളൂ.

"തമ്പ്രാനേ, ഹെന്നെ കൊല്ലല്ലേ!"

എം. മുകുന്ദൻ

ദൽഹി 1981

രാജീന്ദർ പാണ്ഡെ ജനവാതിൽ തുറന്നു പുറത്തേക്കു നോക്കി. നിരത്തിനപ്പുറം നിരനിരയായുള്ള കടകളാണ് കടകളുടെ പിറകിൽ ഒരു വലിയ മൈതാനം കാണാം നിരത്തിൽനിന്നു നോക്കിയാൽ ആ മൈതാനം കാണുകയില്ല. അയാളുടെ മുറി രണ്ടാം നിലയിൽ റോഡിനഭിമുഖമായാണു സ്ഥിതിചെയ്യുന്നത് അതുകൊണ്ടു ജനലിനരികിൽ ചെന്നു നിന്നാൽ താഴെ തെരുവും നിരയായുള്ള പീടികകളും അപ്പുറത്തെ മൈതാനവും എല്ലാം വ്യക്തമായി കാണാം.

മൈതാനത്തിനു നടുവിലൂടെ ഒരു ഒറ്റയടിപ്പാത കടന്നുപോകുന്നു അതിലേ പോയാൽ ചിരാഗ് ദൽഹിയിലേക്കുള്ള പ്രധാന നിരത്തിൽ എളുപ്പം ചെന്നെത്താം മൈതാനം സദാ വിജനമായിരിക്കും വല്ലപ്പോഴും മാത്രം ആ ഒറ്റയടിപ്പാതയിലൂടെ വല്ലവരും വരുകയോ പോകുകയോ ചെയ്തെന്നു വരും പകൽസമയങ്ങളിൽ അവിടെ പന്നികൾ മേഞ്ഞു നടക്കുന്നുണ്ടാവും പടിഞ്ഞാറുവശത്ത് ഒരു ഇടിഞ്ഞുതകർന്ന ശവകുടീരം കാണാം മുഗളരുടെ കാലത്തുള്ളതാണ് അതിൽ നിറയെ പ്രാവുകളാണ് എല്ലായ്പ്പോഴും പ്രാവുകളുടെ കുറുകുറുക്കലും ചിറകടിയൊച്ചയും കേൾക്കാം.

പാണ്ഡെ ജനലഴികളിൽ പിടിച്ചുകൊണ്ടു വെറുതെ വെളിയിൽ നോക്കി നിന്നു അയാളുടെ കൂടെ അതേമുറിയിൽ താമസിക്കുന്ന കിശോർ ലാൽ റേഡിയോ തുറന്നു പാട്ടുകേട്ടിരിക്കുകയാണ്. സിനിമാപ്പാട്ടുകളിൽ താല്പര്യമില്ലാത്ത പാണ്ഡെ ബോറടിച്ച് എന്തുചെയ്യണമെന്നറിയാതെ ജനലിങ്കൽത്തന്നെ നിന്നു

താഴെ നിരത്തിലൂടെ രഘുവീറും നാനക്ചന്ദും നടന്നുവരുന്നത് അയാൾ കണ്ടു. അവർ സ്ഥലത്തെ പ്രധാന തെമ്മാടികളാണ്. രണ്ടുപേരും ചെറുപ്പക്കാരാണ്. ഐ.പി. കോളേജിലെ വിദ്യാർത്ഥിനികളെ ബസ് സ്റ്റോപ്പിൽവച്ച് ഉപദ്രവിച്ചതിനു രഘുവീർ രണ്ടുദിവസം ലോക്കപ്പിൽ കിടക്കുകയുണ്ടായി. നാനക്ചന്ദ് അഞ്ചുതവണ ജയിലിൽ കിടന്നിട്ടുണ്ട്. അവസാനത്തെ ജയിൽശിക്ഷ ഒരു സ്ത്രീയുടെ കഴു

ത്തിൽനിന്ന് ആഭരണം പിടിച്ചു പറിച്ചതിനായിരുന്നു.

രഘുവീറും നാനക്ചന്ദും അമീർസിങ്ങിന്റെ ഡ്രൈക്ലീൻ കടയുടെ പിറകിലൂടെ മൈതാനത്തേക്ക് ഇറങ്ങിപ്പോകുന്നത് പാണ്ഡെ കണ്ടു അവർ പുകവലിച്ചുകൊണ്ട് ഒരു വെട്ടുകല്ലിന്മേൽ ഇരുന്നു.

അകലെ മൈതാനത്തിന്റെ മറുവശത്ത് ഒരു മഞ്ഞ നിഴൽ തെളിഞ്ഞു വരുന്നതു പാണ്ഡെ ശ്രദ്ധിച്ചു കൂടെ ഒരു നീണ്ട നിഴലും. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, അവർ മഞ്ഞ സാരിയുടുത്ത ഒരു സ്ത്രീയും ഒരു പുരുഷനുമാണെന്ന് അയാൾക്ക് മനസ്സിലായി കുറച്ചുകൂടി കഴിഞ്ഞപ്പോൾ അയാളുടെ കൈയിൽ ഒരു കുഞ്ഞുകൂടിയുണ്ടെന്നും അയാൾക്കു മനസ്സിലായി

വെട്ടുകല്ലിൽ ഇരിക്കുന്ന രഘുവീർ മുഖം തിരിച്ചു സ്ത്രീയേയും പുരുഷനേയും നോക്കി. എന്നിട്ട് അയാൾ നാനക്ചന്ദിനോട് എന്തോ പറഞ്ഞു. അയാളും മുഖം തിരിച്ച് ആ സ്ത്രീയേയും പുരുഷനേയും നോക്കി അവർ വീണ്ടും തമ്മിൽ എന്തോ പറഞ്ഞു അതിനുശേഷം അവർ എഴുന്നേറ്റ് മൈതാനിയിലൂടെ നടക്കുവാൻ തുടങ്ങി

"അബ്ബേ കിശോർ, തമാശ കാണണമെങ്കിൽ വാ"

രാജീന്ദർ പാണ്ഡെ കിശോർ ലാലിനെ ജനലിന്റെ അരികിലേക്കു വിളിച്ചു കിശോർ ലാൽ ചുണ്ടിൽ വിരൽവെച്ചു മിണ്ടരുതെന്ന് ആംഗ്യം കാണിച്ചു റേഡിയോവിൽ അമിതാബ്ബച്ചൻ പാടിയ, 'ലാവരിസ്സി'ലെ പാട്ടാണ് വരുന്നത്

പരസ്പരം തോളിൽ കൈയിട്ട്, അലസമായി, ഒരു സിഗരറ്റുതന്നെ മാറി മാറി വലിച്ചുകൊണ്ട്, നാനക്ചന്ദും രഘുവീറും മൈതാനത്തിന്റെ നടുവിലേക്കു നടക്കുകയാണ് ഇപ്പോൾ മഞ്ഞ നിഴൽ കുറേക്കൂടി തെളിഞ്ഞുകാണാം ആ സ്ത്രീയും പുരുഷനും മൈതാനിയുടെ ഏകദേശം നടുവിൽ എത്തിയിരുന്നു ജനലിനരികിൽ നില്ക്കുന്ന പാണ്ഡെയ്ക്ക് അവളുടെ മുഖം വ്യക്തമായി കാണുവാൻ കഴിഞ്ഞില്ല എങ്കിലും അവൾ സുന്ദരിയാണെന്ന് അയാൾ ഊഹിച്ചു. അവളുടെ കൂടെ നടന്നുവരുന്ന ചെറുപ്പക്കാരൻ നീണ്ടു മെലിഞ്ഞിട്ടാണ് അവർ ഭാര്യയും ഭർത്താവും കുഞ്ഞും അടങ്ങുന്ന ഒരു സംതൃപ്തകുടുംബമാണ്

വെയിലിന്റെ ശക്തികാരണമായിരിക്കണം ചെറുപ്പക്കാരി സാരിയുടെ തുമ്പുകൊണ്ടു തല മൂടി. അവർ ഇപ്പോൾ മൈതാനത്തിന്റെ മദ്ധ്യഭാഗം കഴിഞ്ഞിരിക്കുന്നു

നാനക്ചന്ദിന്റെയും രഘുവീറിന്റെയും നടത്തം സാവധാനത്തിലായി മൈതാനിയിലെവിടെയും കണ്ണെത്താവുന്നയിടത്തൊന്നും ആരെയും കണ്ടില്ല തകർന്ന ശവകുടീരത്തിലെ പ്രാവുകൾപോലും നിശ്ശബ്ദരാണ്

"അബ്ബേ, കിശോർ നിന്റെ റേഡിയോ ബന്ത് കരോ എഴുന്നേറ്റ് വായാർ?"

പാണ്ഡെ ഒരിക്കൽകൂടി കിശോർലാലിനെ ജനലിന്റെ അരികിലേക്കു വിളിച്ചു

നാനക്ചന്ദും രഘുവീറും ആ ചെറുകുടുംബത്തിന്റെ അരികിലെത്തി

"അരേ ജൽദി എഴുന്നേറ്റു വാ യാർ"

പാണ്ഡെ മൈതാനത്തിന്റെ നടുവിലേക്കു മിഴിച്ചുനോക്കി റേഡിയോ ഓഫാക്കാതെതന്നെ കിശോർ ലാൽ എഴുന്നേറ്റുവന്നു

നാനക്ചന്ദും രഘുവീറും വഴിമുടക്കി നിന്നു നാനക്ചന്ദ് ഇരുകൈകളും ഊരയിൽവെച്ച് വായിലെ സിഗരറ്റ് എടുക്കാതെ തന്നെ ചെറുപ്പക്കാരിയെ നോക്കി ഒന്നു ചിരിച്ചു ചെറുപ്പക്കാരന്റെ മുഖം ചുവന്നു

"മാറി നില്ക്കീൻ, തെമ്മാടികളെ -" അയാൾ പറഞ്ഞു

"റാസ്കൽസ്-"

നാനക്ചന്ദും രഘുവീറും അതു കേട്ടതായി ഭാവിച്ചില്ല ചെറുപ്പക്കാരി മഞ്ഞ സാരി തലയിലൂടെ വലിച്ചിട്ട് ചൂളി നിന്നു അവളുടെ ഇരു കവിളുകളും ചുവന്നു തുടുത്തു

'അരേ യാർ, നാനക്ചന്ദും രഘുവീറും എന്തിനാ ഭാവം?'

കിശോർ ലാൽ. പാണ്ഡേയോടു ചേദിച്ചു

"ലെറ്റസ് വെയ്റ്റ് ആന്റ് സീ ഒരു സിഗരറ്റ് താ യാർ"

കിശോർലാൽ ഒരു റെഡ് ആന്റ് വൈറ്റിന്റെ പാക്കറ്റ് കീശയിൽ നിന്നെടുത്തു പാണ്ഡെയുടെ നേരെ നീട്ടി അവർ രണ്ടുപേരും ഓരോ സിഗരറ്റ് കത്തിച്ചു വർദ്ധിച്ച രസത്തോടെ മൈതാനത്തിൽ നോക്കിനിന്നു അവിടെ വെയിൽ തിളയ്ക്കുകയാണ്

"അവർ മാറ്റിനിക്കു പോകുകയായിരിക്കണം യാർ"

പാണ്ഡെ അഭിപ്രായപ്പെട്ടു അല്ലാതെ ഈ നേരത്ത് ഈ വെയിലിൽ അവർ മറ്റെവിടെ പോകുവാൻ?

"ഹായ് മഞ്ഞക്കിളീ, നിന്റെ മുഖമൊന്നു കണ്ടോട്ടെ"

നാനക്ചന്ദ് ചെറുപ്പക്കാരിയുടെ മുഖത്തുനിന്നു സാരി പിടിച്ചുനീക്കി മാംസളമായ കവിളുകളും വിടർന്ന കണ്ണുകളുമുള്ള അതീവസുന്ദരമായ ഒരു മുഖം തലമുടിയുടെ മദ്ധ്യരേഖയിൽ കുങ്കുമം വിതറിയിരിക്കുന്നു നെറ്റിയിൽ പൊട്ടും

നാനക്ചന്ദ് കൈയിൽ കുഞ്ഞുമായി നില്ക്കുന്ന ചെറുപ്പക്കാരന്റെ നേരെ തിരിഞ്ഞ് അയാളോടായി പറഞ്ഞു

"അരേ ബ്രദർ നീ വലിയ ഭാഗ്യവാൻ തന്നെ ഹേമമാലിനിയെപ്പോലുള്ള ഒരു ഭാര്യയെ നിനക്കു കിട്ടിയല്ലോ"

ചെറുപ്പകാരന്റെ ക്ഷമ നശിച്ചു അയാൾ ഉള്ളാലെ ജ്വലിച്ചു കൈയിൽ കുഞ്ഞുണ്ട് കൂടെ ഭാര്യയുണ്ട് അല്ലെങ്കിൽ

അയാൾ കോപം ഉള്ളിലൊതുക്കി മയത്തിൽ പറഞ്ഞു

"ഫ്രണ്ട്സ്, നിങ്ങൾക്ക് എന്താണു വേണ്ടത്? ഇത്തരം ഇൻഡീസന്റായ പെരുമാറ്റം നല്ലതല്ല നിങ്ങൾ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരല്ലേ? പ്ലീസ്. ഞങ്ങൾ പോകട്ടെ"

അയാൾ കുഞ്ഞിനെ നെഞ്ചോടുചേർത്ത്, ഭാര്യയുടെ കൈപിടിച്ച് അവരെ മറികടന്നു പോകുവാൻ ശ്രമിച്ചു

"അങ്ങനെ പോകുവാൻ വരട്ടെ."

രഘുവീർ ചെറുപ്പക്കാരന്റെ ചുമലിൽ കൈവെച്ചു.

"ഞങ്ങളുടെ അനുവാദം കൂടാതെ താൻ ഇവിടെ നിന്ന് അനങ്ങാൻ പാടില്ല. ഓക്കേ?"

ചെറുപ്പക്കാരൻ ഉടനെ കൈ വീശി രഘുവീറിന്റെ മുഖത്തുനോക്കി ഒന്നു കൊടുത്തു അയാളുടെ കൈയിൽ കിടന്നു കുഞ്ഞ് ഉച്ചത്തിൽ കരയുവാൻ തുടങ്ങി

"സാലേ കുത്തേ, നീ അത്രയ്ക്കായോ?"

നാനക്ചന്ദ് പാന്റിന്റെയുള്ളിൽ നിന്ന് ഒരു കത്തി വലിച്ചു പുറത്തെടുത്തു ചെറുപ്പക്കാരിയുടെ ചങ്ക് ഒരു പ്രാവിന്റെ ചങ്കുപോലെ മിടിച്ചു. വഴക്കിനൊന്നും പോകരുതേയെന്ന് അവൾ കണ്ണുകളാൽ ഭർത്താവിനോടു യാചിച്ചു.

ആ ചെറുപ്പക്കാരൻ കുഞ്ഞിനെ ഭാര്യയുടെ കൈകളിൽ ഏല്പിച്ച് എന്തിനും തയ്യാറായി നിന്നു.

"സാലേ കുത്തേ"

രഘുവീർ അടികൊണ്ട കവിൾ തടവിക്കൊണ്ട് അയാളുടെ നേരെ തിരിഞ്ഞ് ഷർട്ടിൽ കയറിപ്പിടിച്ചു കരയുന്ന കുഞ്ഞിനെ കൈയിലേന്തി ചെറുപ്പക്കാരി നിസ്സഹായയായി നാലുപാടും നോക്കി. ഭയത്താൽ അവൾ അടിമുടി വിറയാർന്നു

"വൺ മോർ സിഗരറ്റ് യാർ "

പാണ്ഡെ മൈതാനത്തു നിന്നു കണ്ണെടുക്കാതെ കിശോറിന്റെ നേരെ കൈ നീട്ടി അയാൾ ഒരു സിഗരറ്റുകൂടി കത്തിച്ച് പുക വിട്ടു അതിനിടയിൽ അയാൾ പറഞ്ഞു.

"യാർ, വെരി ഇൻററസ്റ്റിങ് "

ചെറുപ്പക്കാരനും നാനക്ചന്ദും പിടിയും വലിയുമായി നിൽക്കവെ രഘുവീർ അല്പം അകലെ നടന്നുചെന്ന് ഒരു വലിയ കരിങ്കല്ല് എടുത്തു തിരികെ വന്നു. ആ കല്ല് ചെറുപ്പക്കാരന്റെ തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് അയാൾ അവിടെ നിന്നു അതുകൂടി കണ്ടപ്പോൾ മഞ്ഞക്കിളി ആകെ തളർന്നു.

മൈതാനത്തിന്റെ മറ്റേ അറ്റത്ത് വെളുത്ത നിഴൽ പ്രത്യക്ഷമായി ദുർമേദസ്സ് നിറഞ്ഞ, മധ്യവയസ്സു കഴിഞ്ഞ ഒരു മാന്യൻ. അയാളുടെ കൈയിൽ ഒരു ബ്രീഫ് കെയ്സ് കാണാം അയാൾ മൈതാനത്തിന്റെ നടുവിൽ നോക്കി ഒന്നു സംശയിച്ചു നിന്നു അതിനുശേഷം ബ്രീഫ് കെയ്സ് തൂക്കിപ്പിടിച്ചുകൊണ്ടു നടത്തം തുടർന്നു.

"അതാരെടാ ആ സുബ്ബർ?"

പാണ്ഡെ പറഞ്ഞു ആ നവാഗതൻ ഒരു രസം കൊല്ലിതന്നെ അയാൾ എല്ലാം തകരാറിലാക്കുമെന്നു പാണ്ഡെയ്ക്കു തോന്നി.

ചെറുപ്പക്കാരനും നാനക്ചന്ദും പരസ്പരം തർക്കിക്കുകയും ഇടയ്ക്കിടെ ഉന്തുകയും തള്ളുകയും ചെയ്യുന്നു രഘുവീറിന്റെ കൈയിൽ

ഇപ്പോഴും കരിങ്കല്ലു കാണാം ഇടയ്ക്കിടെ അയാൾ അതു ചെറുപ്പക്കാരന്റെ തലയ്ക്കു മുകളിൽ ഉയർത്തും. അപ്പോഴൊക്കെ ചെറുപ്പക്കാരിയുടെ ജീവൻ പോകും

മൈതാനിയിലൂടെ നടന്നുവരുന്ന മാന്യനെ കണ്ടപ്പോൾ അവൾക്കു ശ്വാസം നേരെ വീണു

"ഒന്നോടി വരണേ ഇവരിപ്പോൾ എന്റെ മോന്റെ അച്ഛനെ കൊല്ലും..."

അവൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു

ആ മാന്യന്റെ കാലുകൾക്കു വേഗതയേറി അയാൾ തന്റെ ഭാരിച്ച ശരീരം കുലുക്കിക്കൊണ്ട് ധൃതിയിൽ ചെറുപ്പക്കാരിയുടെ നേരെ നടന്നു അയാൾ ഏകദേശം ഒരു നൂറുവാര അടുത്തെത്തിയപ്പോൾ രഘുവീർ അയാളുടെ നേരെ തിരിഞ്ഞു

"ബദ്മാഷ്, ദഫാ ഹോജാവോ ഇവിടുന്ന് "

രഘുവീർ തന്റെ കൈകളിലെ കരിങ്കല്ല് അയാളുടെ നേരേ ഓങ്ങി മാന്യന്റെ കാലുകൾ പൊടുന്നനെ ചലിക്കാതെയായി നാനക് ചന്ദിന്റെ കൈയിലെ നീണ്ട വായ്ത്തലയോടുകൂടിയ കത്തിയും അയാളുടെ കണ്ണിൽപെട്ടിരുന്നു

"ബാഗോ, ഓട് "

ഒന്നു സംശയിച്ചശേഷം, ചെറുപ്പക്കാരിയുടെ വിലാപം ചെവിക്കൊള്ളാതെ, മാന്യൻ തിരിഞ്ഞു നടന്നു

"ഓട് "

മാന്യൻ തന്റെ ഭാരിച്ച ശരീരം കുലുക്കിക്കൊണ്ട് കൈയിൽ ബ്രീഫ് കെയ്സുമായി ഓടി

"സബാഷ്-"

ജനലരികിൽ നിൽക്കുന്ന പാണ്ഡെയും കിശോറും തലയറഞ്ഞു ചിരിച്ചു

ആ നിമിഷം രഘുവീർ കരിങ്കല്ല് ഉയർത്തി ചെറുപ്പക്കാരന്റെ മൂർധാവിൽ ഇടിച്ചു അയാൾ നിന്ന കാലിൽ ഒന്നാടി നാനക് ചന്ദ് കാലുയർത്തി അയാളുടെ നാഭിയിൽ ഒരു ചവിട്ടും കൊടുത്തു അതോടെ അയാൾ ഒരു വില്ലുപോലെ മുമ്പോട്ടു വളഞ്ഞു മറിഞ്ഞുവീണു

"ഈ നാനക്ചന്ദിനേയും രഘുവീറിനേയും സമ്മതിക്കണം റിയലീ ഗ്രേറ്റ്. ഓക്കെ യാർ?"

തന്റെ മുറിയൻ ഇംഗ്ലീഷിൽ കിശോർ ലാലും പറഞ്ഞു പാണ്ഡെ പറഞ്ഞു "വെരി വെരി ഗ്രെയ്റ്റ് ഓക്കേ യാർ" അവർ ഇരുവരുടെയും കണ്ണുകൾ മൈതാനിയുടെ നടുവിൽ "എഴുന്നേൽക്ക് സിസ്റ്റർ "

ഭർത്താവിന്റെ അരികിലിരുന്നു കരയുന്ന ചെറുപ്പക്കാരിയുടെ കൈയിൽ നാനക്ചന്ദ് കടന്നുപിടിച്ചു

"ഞങ്ങളുടെ കൂടെ വാ. ആ കബറിൽ .."

അയാൾ ഇടിഞ്ഞുവീണ ശവകുടീരത്തിനു നേരെ വിരൽ ചൂണ്ടി.

"എന്നെ ഒന്നും ചെയ്യരുതേ. "

അവൾ നിറമിഴികളോടെ അവരുടെ നേരെ കൈ കൂപ്പി

നാനക്ചന്ദ് അവളെ ബലമായി പിടിച്ച് എഴുന്നേല്പിച്ചു മുന്നോട്ടു തള്ളി. നിലത്തു കിടന്ന് ഉച്ചത്തിൽ കരഞ്ഞു, കൈക്കുഞ്ഞ് രഘുവീർ ഉടനെ കീശയിൽ നിന്ന് ഒരു വലിയ തൂവാലയെടുത്ത് അതിന്റെ വായിൽ തിരുകിക്കയറ്റി. കുഞ്ഞിന്റെ കണ്ണുകൾ വെളിയിലേക്കു തള്ളി അതിന്റെ നിലവിളി നിന്നു

അവൾ കുതറി മാറി മൈതാനിയിലൂടെ ഓടാൻ തുടങ്ങി.

"ബെഹൻ ചൂത്ത്-അബ്ബേ, പിടിയവളെ "

നാനക്ചന്ദ് കോപിച്ചു രഘുവീർ പിറകെ ഓടിച്ചെന്ന് അവളെ കടന്നു പിടിച്ചു ഇരുവരും കൂടി വീണ്ടും അവളെ കബറിനു നേരെ വലിച്ചിഴച്ചു കൊണ്ടുപോയി ശവകുടീരത്തിന്റെ തകർന്നുവീണ മതിലുകൾക്കു മുക ളിൽ അസ്വസ്ഥരായി പ്രാവുകൾ അതു നോക്കിയിരുന്നു

"അരേ യാർ, അവർ അവളെ ബലാൽസംഗം ചെയ്യുവാൻ കൊണ്ടു പോകുകയാ."

കിശോർ ലാൽ പറഞ്ഞു ഒരു ഈസ്റ്റ്മാൻ സിനിമാ സ്കോപ്പു ചിത്രം കാണുന്നതുപോലെ അവർ മൈതാനിയിൽ നോക്കി നിന്നു

രഘുവീറും നാനക്ചന്ദും കൂടി അവളെ പൊക്കിയെടുത്തു ശവകു ടീരത്തിന്റെ ഉള്ളിലേക്കു കയറി മഞ്ഞക്കിളിയുടെ വിയർപ്പിൽ കുതിർന്ന മഞ്ഞ ബ്ലൗസ് അവർ വലിച്ചുകീറി. അവർ അവളെ തകർന്ന കരിങ്കൽ ചുമരിനോട് ചേർത്തു നിർത്തി അവൾക്ക് ഇപ്പോൾ ചെറുത്തുനിൽക്കു വാനുള്ള കരുത്തില്ല അവളുടെ തല ഒരു വശത്തേക്കു ചെരിഞ്ഞു

"ആരായിരിക്കും ആദ്യം?"

കിശോർലാൽ ചോദിച്ചു.

"നാനക് ചന്ദ് അല്ലാതെ ആര്?"

പാണ്ഡെ പറഞ്ഞു

രഘുവീർ അവളെ ചുവരിനോടു ചേർത്തു പിടിച്ചു നിർത്തി നാനക് ചന്ദ് തന്റെ പാന്റിന്റെ കുടുക്കുകൾ അഴിച്ചു..

ആ നിമിഷം രാജീന്ദർ പാണ്ഡെയുടെ മുറി ഒരു വൻ നഗരമായി രൂപാന്തരപ്പെടുന്നു അവിടെ ആകാശം മുട്ടുന്ന കെട്ടിടങ്ങൾ ഉയർന്നുവ രുന്നു രാജീന്ദർ പാണ്ഡെയും കിശോർലാലും അമ്പത്തഞ്ചുലക്ഷം വരുന്ന ഒരു വലിയ ജനതയായി മാറുന്നു. ഉയർന്ന പ്രസംഗവേദികളിൽ നിന്നുകൊണ്ട്, ഹർഷാരവങ്ങൾക്കിടയിൽ, ഖദറും ഗാന്ധിത്തൊപ്പിയും ധരിച്ച നേതാക്കൾ വാതോരാതെ ഹിന്ദിയിൽ പ്രസംഗിക്കുന്നു സിഗ രറ്റു പുക കനത്തുനില്ക്കുന്ന കോഫി ഹൗസുകളിൽ മേശയ്ക്കു ചുറ്റു മിരുന്ന്, തോളിൽ സഞ്ചി തൂക്കിയ, താടിയും മുടിയും വളർത്തിയ ബുദ്ധി ജീവികൾ തർക്കിക്കുന്നു

ആ നിമിഷം കബറിന്റെ ഇരുളിൽ നിന്ന് ഒരു കൊച്ചരിപ്രാവ് പറന്നു വന്നു തന്റെ ഇളം കൊക്കുകൊണ്ട് നാനക് ചന്ദിന്റെ മൂർധാവിൽ ഒന്നു കൊത്തുന്നു.....

സേതു

ദൂത്

"ഞാൻ കൊച്ചുണ്ണിമ്മാൻ എന്നുതന്നെ വിളിക്കട്ടെ."

"ആയ്ക്കോട്ടെ അങ്ങനെ പലരും വിളിക്കാറുണ്ടല്ലോ"

"എന്നെ മനസ്സിലായിക്കാണില്ല"

"വേണംന്നില്യാ ഇപ്പൊ അങ്ങനെ ആരേം മനസ്സിലാക്കാൻ ശ്രമിക്കാറൂല്യാ വല്യ ആവശ്യല്ലാത്ത ഒരൂട്ടം അറിവ് ഒഴിവാക്കണ്ന്യാണ് നല്ലത്"

"എന്നാലും "

"ഒരു എന്നാലൂല്യാ എനിക്കിപ്പൊ അങ്ങയെ അറിയണ്ടാന്നന്നെവെച്ചാൽ അതോണ്ട് ഒരു തരക്കേടൂല്യല്ലോ"

"അങ്ങനെയല്ലല്ലോ കൊച്ചുണ്ണിമ്മാൻ –"

"എനിക്കിപ്പൊ അങ്ങനന്നെ ആണെങ്കിലോ"

"ഞാൻ അച്യുതൻകുട്ടീടെ ജോലിസ്ഥലത്തുനിന്നു വരികയാണ്."

"ആണോ, വിശേഷായി"

"ഭയങ്കര ചൂട് കുട്ടികളുടെ വെക്കേഷൻ അവധിയെടുത്തു പോരാൻ തോന്നി പിന്നെ ഒന്നാംക്ലാസ് വണ്ടിക്കൂലി കമ്പനി തരേംചെയ്യുമല്ലോ"

"അതുവ്വോ, അസ്സലായി വണ്ടിക്കൂലി തരാവുംന്ന് വെച്ചാ എവട്യാപ്പൊ പൂവ്വാൻ വയ്യാത്തത്"

"അവധി കഴിഞ്ഞു മടങ്ങുന്നതിനുമുമ്പ് കൊച്ചുണ്ണിമ്മാനെ വന്നു കാണണമെന്ന് അച്യുതൻകുട്ടി പ്രത്യേകം പറഞ്ഞിരുന്നു."

"അതിശയായി, എന്താപ്പൊ വിദ്വാന് അങ്ങനെയൊരു തോന്നല് –"

"പ്രത്യേകിച്ച് ഒന്നുമുണ്ടായിട്ടല്ല എത്രയായാലും ഒരേ ചോരയല്ലേ? വിശേഷങ്ങളറിയാൻ വെപ്രാളം കാണില്ലേ?"

"ആയ്, നല്ല കാര്യന്നെ അച്യുതൻകുട്ടീടെ ചോരകണ്ടുകാണും എന്ന്വച്ച് ഇനിയിപ്പൊ അങ്ങേയ്ക്ക് എന്റെ ചോര കാണണംന്ന്ച്ചാൽ വിരല് മുറിക്കാനേ നിവൃത്തീള്ളൂ പിന്നെ ഇത്തിരി പ്രമേഹത്തിന്റെ അസ്കീതേള്ളതുകൊണ്ട് മുറിഞ്ഞാ ഉണങ്ങാനും വിഷമം –"

"ഞാൻ അതല്ല ഉദ്ദേശിച്ചത്"

"അങ്ങേടെ ഉദ്ദേശ്യം എന്തൊക്ക്യായാലും ഒരേ ചോര എന്നൊക്ക്യ ങ്ങനെ ഒറപ്പിച്ചു പറയുമ്പൊ കുറച്ചു സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇക്കാ ലത്തൊക്കെ യന്ത്രങ്ങളുടെ കളിയാണല്ലോ ഇപ്പഴ് ഇത്തിരി ചോര കുത്തി യന്ത്രത്തിലിട്ടു നോക്കിയിട്ട് രണ്ടും രണ്ടു വർഗാന്ന് കണ്ടാ ഗുരുകാര ണോന്മാര് പറഞ്ഞുതന്നിട്ടുള്ള രക്തബന്ധംന്ന സംഗതി പൊട്ടീല്ലേ?"

"എന്തൊക്കയായാലും അച്യുതൻകുട്ടി കൊച്ചുണ്ണിമ്മാന്റെ മകനാ വാണ്ടുവരില്ലല്ലോ "

"അതും ആർക്കാപ്പൊ അത്ര നിശ്ശം? എന്നുവച്ച് മോളിലിരിക്കണെ ദേവകിക്കുട്ടിയെ ഞാൻ സംശയിക്കുന്നൂന്ന് അർത്ഥം വരണില്ല്യാട്ടോ അത്രയ്ക്ക് പാവായിരുന്നല്ലോ അവള് "

"അച്യുതൻകുട്ടി എല്ലാം പറഞ്ഞിട്ടുണ്ട് എന്നോട് അവന്റെ ഏറ്റവും അടുത്ത ചങ്ങാതി ഞാനാണ് പിന്നെ അവൻ അവിടത്തെ മലയാളിസ മാജത്തിന്റെ പ്രസിഡണ്ടാണ് ഞാൻ സെക്രട്ടറിയും "

"അതുവ്വോ വിശേഷായി അപ്പൊ അച്യുതൻകുട്ടിക്കു പ്രസിഡണ്ടാ വാനും വെയ്ക്കും, അല്ലേ? ആയ്, അസ്സലായി ഇനീപ്പൊ അവനൊരി ക്കൽ ഇന്ത്യൻ പ്രസിഡണ്ടാകുമ്പൊ അങ്ങനെയാകട്ടെ അവന്റെ സെക്ര ട്ടറീം '

"എനിക്ക് അഞ്ചരേടെ വണ്ടിക്ക് മടങ്ങണമായിരുന്നു "

"അപ്പൊ കൃത്യം അമ്പത്തഞ്ച് നിമിഷംകൂടീണ്ട് എന്നർത്ഥം വണ്ടി യാപ്പീസിലേക്കുള്ള നടപ്പ് പത്തു നിമിഷം കുറച്ചാൽ നാൽപ്പത്തഞ്ച് എന്നുവെയ്ക്കന്ന "

"അതെ. ഇത്തിരി തിടുക്കമുണ്ട് അതിനിടയിൽ അച്യുതൻകുട്ടി ചില കാര്യങ്ങള് ..."

"അതുവ്വോ.. . അപ്പൊ വീണ്ടും ഒരു ദൂതന്നെ. ."

"അയ്യോ, അങ്ങനെയൊന്നുമില്ല"

"ആട്ടെ എവിട്യാ അങ്ങേടെ സ്വദേശം?"

കുറച്ചുതെക്കാ .

"തെക്കൂന്നുള്ള ദൂതൻ – എന്താ ലക്ഷണം ആവോ? ഇനീപ്പൊ ദൂത ലക്ഷണംകൂടി പഠിക്കണംന്നായിരിക്കുണു."

"കൊച്ചുണ്ണിമ്മാൻ അങ്ങനെ കണക്കാക്കരുത് എനിക്കിതിൽ യാതൊരു പ്രത്യേക ഉദ്ദേശ്യവുമില്ല അച്യുതൻകുട്ടി എന്റെ അടുത്ത ചങ്ങാതിയായതുകൊണ്ടും അവന്റെ വല്ലായ്മ കാണുമ്പോൾ എനിക്കും വിഷമം തോന്നാറുള്ളതുകൊണ്ടും പോന്നതാണ് പിന്നെ കൊച്ചുണ്ണി മ്മാനെപ്പറ്റി ഒരുപാടു കേട്ടിരിക്കുന്നു ഒന്നു നേരിൽ കാണുകയും ആവാ മല്ലോ..... "

"കാണാനാണെങ്കില് മുമ്പൊക്കെ ഒരുപാട് ആള്വാള് വരാറുണ്ട് ഏതാണ്ട് ഇത്തിരി ചരിത്രോം ഒരുപാടു ബഡായീം ഒക്കെക്കൂടി ഒരൂ ട്ടൊക്കെ കൊറെ ആള്വോള് ധരിച്ചുവശായിട്ടുണ്ട് എന്നെപ്പറ്റി ഇപ്പൊ

ഇശ്ശി നാളായിട്ട് വല്യ അലോക്യല്ല്യാ. പെൻഷനോ, താമ്രപത്രോ ഒന്നും കിട്ടാത്തതുകൊണ്ടായിരിക്കും . അങ്ങ് ഭയപ്പെടേണ്ട. ഞാൻ പഴയ ചരിത്രം കെട്ടഴിക്കാൻ പോണൂല്യാ ”

“ഞാനും കേട്ടിട്ടുണ്ട് ഒരുപാട് .”

“അച്യുതൻകുട്ടി പറഞ്ഞതാന്നുവെച്ചാ വിശ്വസിക്കരുത്ട്ടോ അവൻ പ്രസിഡണ്ടാക്കെയാണ്, സമ്മതിച്ചു പക്ഷേ, അവന്റെ നാവീന്ന് വീഴ ണതൊക്കെ അബദ്ധാണ് ”

“ഞാൻ പറയുമ്പൊ മറ്റൊന്നും വിചാരിക്കരുത് കൊച്ചുണ്ണിമ്മാൻ ഇത്തിരികൂടി കാരുണ്യം കാണിക്കണം അച്യുതൻകുട്ടിയോട്. ആകെ ക്കൂടി ഒന്നല്ലേ ഉള്ളൂ ”

“ആയായ്.. ... അസലായി ദൂതവാക്യം അച്യുതൻകുട്ടിക്ക് ഇനി എന്റെ വക കൊറച്ചു കാരുണ്യോം അല്ലാ, ഇനി അതിപ്പൊ അങ്ങേടെ കൈയില് പൊതിഞ്ഞ് തന്നയയ്ക്കാന്വെച്ചാ അവടെ എത്തുമ്പോഴേക്കും ഉരുകിപ്പോകുമല്ലോ പിന്നെ കൊണ്ട്വോവാനും വല്യ എടങ്ങേറായിരിക്കും അങ്ങേക്ക്. നീണ്ടയാത്രയല്ലേ –”

“കൊച്ചുണ്ണിമ്മാന്റെ ഉള്ളില് ഒരുപാടു തെറ്റിദ്ധാരണകളുണ്ടെന്ന് എനി ക്കറിയാം അച്യുതൻകുട്ടി പറഞ്ഞിരിക്കുന്നു എല്ലാം ”

“അതുവ്വോ ശരിയാണ് സെക്രട്ടര്യാവുമ്പോ പ്രസിഡണ്ട് പറയണ തൊക്കെ അപ്പടി വിശ്വസിക്കുന്ന്യാ നല്ലത് സംഘടനയ്ക്ക് ഒരു അടച്ചു റപ്പ് ഉണ്ടാവേം ചെയ്യും ”

“ഞങ്ങളുടെ ബന്ധം അത്തരത്തിലുള്ളതല്ല രണ്ടു കുടുംബങ്ങള് തമ്മിലും അത്രയ്ക്ക് അടുപ്പമാണ് താമസിക്കുന്നതും അടുത്തടുത്ത വീടുകളിൽ.”

“അടുത്തടുത്തു താമസിച്ചിട്ടും ഇപ്പഴും അടുത്തിരിക്കാൻ കഴിയണൂ ന്നുവെച്ചാൽ അതൊരു വല്യ കഴിവന്ന്യാണേയ് തീർച്ചയായിട്ടും അങ്ങൊരു മഹാപുരുഷൻ തന്ന്യായിരിക്കണം.”

“സമയം കുറവാണ്. ഞാൻ പറയാൻ വന്ന കാര്യം.”

“എനിക്കു നല്ല നിശ്ശംണ്ട് ”

“കൊച്ചുണ്ണിമ്മാൻ അങ്ങനെ പറയരുത് ”

“ഒരു പഴയ തമാശയുണ്ട് ഓരോ ദൂതന്റെയും വിശ്വാസം അയാള് ആദ്യത്തവനാണെന്നാണ് അത് ദൂതവംശത്തിന്റെ പരാധീനതതന്നെ എന്നു കൂട്ടിക്കോളൂ. കേൾക്കണാളെ സംബന്ധിച്ചാണെങ്കിലോ – അത് പോട്ടെ സത്യത്തെ അമർത്തിവെക്ക്വാ, അസത്യത്തിന്റെ സൂചനകൾ കൊടുക്ക്വാ, അതാണ് ദൂതകർമ്മം എന്നാണല്ലോ ഇപ്പോ വല്യ വല്യ അമ്പാസഡർമാര് വരെ പറഞ്ഞോണ്ടു നടക്കണത് അതിന്റെ ഇംഗ്ലീഷ് പറയാൻ എനിക്കൊട്ട് വശല്യതാനും ”

“അച്യുതൻകുട്ടിക്ക് രണ്ടാമതൊരു കുട്ടീംകൂടി ഉണ്ടായിരിക്കുന്നു ആണാണ് ”

"നന്നായി ഒരു പെണ്ണും ഒരാണും സർക്കാരു പറയണതും അത ന്നെ–"

"കൊച്ചുണ്ണിമ്മാൻ – എനിക്ക് "

"ഈ വിവരം പറയാൻ ഒരു കാർഡെഴുതിയിട്ടാലും മത്യായിരുന്ന ല്ലൊ അങ്ങു ബുദ്ധിമുട്ടേണ്ടിയിരുന്നില്യാ. എന്റെ വിലാസാണെങ്കില് അച്യുതൻകുട്ടിക്ക് കണിശായിട്ട് അറിയ്യേം ചെയ്യാം പിന്നെ ഒരു കാര്യം മാത്രം വിലാസമെഴുതുമ്പോ പിൻകോഡ് കൃത്യമായിട്ട് എഴുതാൻ പറ യണം കാരണം, രാമപുരം എന്ന പേരില് നൂറിൽ കൂടുതൽ ഗ്രാമങ്ങളു ണ്ടത്രെ നമ്മുടെ ഈ ഇന്ത്യാ മഹാരാജ്യത്തില് "

"കൊച്ചുണ്ണിമ്മാൻ എന്നെ ഒന്നും പറയാൻ സമ്മതിക്കുന്നില്ല അതി ലെനിക്ക് വിഷമമുണ്ട് ഒന്നുമില്ലെങ്കിലും ഞാൻ ഇത്രേം ദൂരം താണ്ടിവ ന്നതല്ലേ?"

"ഓ, ആയ്ക്കോട്ടെ ഞാനത് മറന്നൂട്ടോ, ക്ഷമിക്ക്യാ. ദൂതവാക്യം മുഴുവൻ കേൾക്കേണ്ട ചുമതലേണ്ട് എന്നാപ്പൊ ഇനി ഒരു കാര്യം ചെയ്യാം. അങ്ങു പറയാനുള്ളത് മുഴുവൻ പറയ്യാ ഞാൻ ഉരിയാടാണ്ട് കേട്ടോണ്ടിരുന്നോളാം ഒരക്ഷരം മിണ്ടില്യാ സത്യാണ് ഒക്കെ കേട്ടോളാം കൃത്യമായിട്ട്. അല്ലെങ്കിത്തന്നെ എന്ത് അനുസരണമുള്ള സാധനാണ് ഈ ചെവീചെവീന്ന് പറയുന്നത് ആരെന്തുപറഞ്ഞാലും, അറുവങ്കത്തരം പറഞ്ഞാലും ഒരു കുഴപ്പോല്യാണ്ട് കേട്ടോണ്ടിരുന്നോളും എന്നുവെച്ചാ സ്വന്തമായിട്ട് വീണ്ടുവിചാരത്തിനുള്ള ശക്തില്ലാന്നന്നെ അർത്ഥം ആയ്ക്കോട്ടെ, അങ്ങു പറഞ്ഞോളൂ പിന്നെ, വണ്ടീടെ സമയോം ഓർത്തോളണം."

"അര മണിക്കൂറുണ്ട് "

"കൃത്യമായിട്ടു പറഞ്ഞാൽ മുപ്പത്തിമൂന്നു നിമിഷം പതിനാററ അങ്ങേയ്ക്ക്, പതിനാററ എനിക്കും "

"അത് പോരാ."

"എന്നാൽ, പോട്ടെ, പതിനെട്ട് അങ്ങേയ്ക്ക്, പതിനഞ്ച് എനിക്കും.

"എനിക്ക് ചുരുങ്ങിയത് ഇരുപതു മിനിറ്റ് വേണം "

"ആയ്ക്കോട്ടെ. അങ്ങ് അച്യുതൻകുട്ടിക്കു ചേർന്ന കൂട്ടുകാരൻ തന്നെ ഇത്തിരി കൊടുക്ക്വേം ഒരുപാടു ചോദിച്ചുവാങ്ങ്വേം ചെയ്യണ പ്രകൃതം "

"ഞാൻ ചുരുക്കിപ്പറയാം. അടുക്കും ചിട്ടയുമായിട്ടു പറയാൻ ബുദ്ധി മുട്ടുണ്ട്. തോന്നിയപോലെ പറയാം... അച്യുതൻകുട്ടി ഒരുപാടു മാറി യിരിക്കുന്നു. ഈയിടെയായിട്ട് ഏതുസമയവും ചിന്തയാണ്. എന്തൊ ക്കെയോ അവനെ വിടാതെ അലട്ടുന്നു. എന്താ കാര്യമെന്നു ചോദിച്ചാൽ അവനുതന്നെ പിടിയില്ലത്രെ. പെരുമാറ്റമാണെങ്കിൽ ചില സമയത്തു വല്ലാതെ വിചിത്രം തന്നെ അടുത്തകാലത്തുണ്ടായ ഒരു സംഭവം പറ യാം..... ഒരു സന്ധ്യക്ക് ഒരു കുറവനും അവന്റെ കുരങ്ങും കൂടി അച്യു

തൻകുട്ടിയുടെ മുറ്റത്തു വന്നുകൂടി അവർ ഒരുപാടു കളികൾ കളിച്ചു ഈ സാധാരണ ചാടിക്കളിയെടാ കുഞ്ചിരാമാ എടപാടു തന്നെ പക്ഷേ, അച്യുതൻകുട്ടിക്കു സാധനം ഭയങ്കരമായി ഇഷ്ടപ്പെട്ടു അവനു രസം പിടിക്കുന്നതുകണ്ടപ്പോൾ കുറവനും ഉത്സാഹമായി അവറ്റ രണ്ടുംകൂടി അതേവരെ കാട്ടാത്ത ചില അസാദ്ധ്യവേലകൾ കാട്ടാൻ തുടങ്ങി കുറേ കഴിഞ്ഞപ്പോൾ ഏതാണ് കുറവൻ, ഏതാണ് കുരങ്ങൻ എന്നുതന്നെ തിരിച്ചറിയാൻ വയ്യാണ്ടായി ഞങ്ങളങ്ങനെ അന്തംവിട്ടു നോക്കിനില്ക്കുമ്പോൾ അതാ അച്യുതൻകുട്ടിയുണ്ട് ചാടിയിറങ്ങുന്നു അവരുടെ കൂട്ടത്തിലേക്ക് കുറവന്റെ കുട്ടി ചെണ്ടയിൽ ആഞ്ഞടിക്കാൻ തുടങ്ങി. അച്യുതൻകുട്ടിക്കു ഹരം കയറിയിരിക്കണം കോളനിക്കാർക്ക് അതു വലിയൊരു കാഴ്ചയായി ആളു കൂടി അച്യുതൻകുട്ടിയും കുരങ്ങനും കുറവനുംകൂടിയുള്ള കുട്ടിക്കരണം മറിച്ചിൽതന്നെ അതങ്ങനെ നിന്നു ഒരുപാടു നേരം ഒടുവിൽ എല്ലാം കഴിഞ്ഞു ലഹരിയിറങ്ങിയപ്പോൾ കൈ നിറയെ കാശും കൊടുത്തിട്ട് അച്യുതൻകുട്ടി മയത്തിൽ ചോദിക്കുകയാണ് കുറവനോട് "ഈ കുരങ്ങനെ എനിക്കു തരോ, ചങ്ങാതീ" അപ്പോൾ കുറവൻ ചോദിച്ചു "കൊല്ലാനോ, വളർത്താനോ?" "രണ്ടിനുമല്ല, കളിപ്പിക്കാൻ" "അതിനവന് കളിയറിയില്ലല്ലോ ഞാനില്ലാതെ അവൻ തനിച്ച് കളിക്കില്ലല്ലോ' എന്നായി കുറവൻ "സാരമില്ല ഞാനുമൊരു കുറവൻതന്നെ. നിന്റെ പഴയ ചെണ്ടയും പഴയ ചമയങ്ങളും എനിക്കു തരിക. ചങ്ങാതീ" കുറവനാകട്ടെ ഉറക്കെ ചിരിച്ചു ചിരിച്ചു ചിരിച്ച് അവന്റെ മുഖം ചുവന്നു "അതൊക്കെ വെറുമൊരു മോഹമല്ലേ, വാദ്ധ്യാരേ കുറവനായി ഊര് ചുറ്റണമെങ്കിൽ ഭാഗ്യം ചെയ്യണം മൂന്നു ജന്മത്തിൽ ചെയ്ത പുണ്യം കൊണ്ടാ ഞാൻ ഈ ജന്മത്തിൽ കുറവനായത്"

"അച്യുതൻകുട്ടി കുറവനായി ഊരുചുറ്റേ ആയായ്, എന്തൊക്ക്യായീ കേക്കേണ്ടിവരണത് ആട്ടെ, അങ്ങേടെ സമയം തീരാറായിരിക്ക്ണു"

"ഇനിയൊരെണ്ണംകൂടിയുണ്ട് ഞാൻ വേഗം പറഞ്ഞു തീർത്തോളാം അച്യുതൻകുട്ടി പറയാൻ ഏല്പിച്ചതൊന്നുമല്ല എന്നാലും ഇതുകൂടി പറഞ്ഞാൽ ഏതാണ്ടൊക്കെ ആയീന്നൊരു തോന്നൽ കൊച്ചുണ്ണിമ്മാനും കാര്യങ്ങളുടെ കിടപ്പ് ഏതാണ്ട് പിടികിട്ടുമല്ലോ"

"ആ, പറഞ്ഞോളൂ രസാവണുണ്ട് ദൂതവാക്യം"

"ഞങ്ങളുടെ കോമ്പൗണ്ടിനടുത്തായിട്ട് ഫാക്ടറിയുടെ ചില പുതിയ കെട്ടിടങ്ങളുടെ പണി തുടങ്ങിയിട്ടുണ്ടായിരുന്നു പണിക്കാര് മണ്ണു തോണ്ടി ചെന്നപ്പോൾ ഒരു കൊച്ചു വിഗ്രഹം കിട്ടി ലോഹം കൊണ്ടുള്ള പഴയൊരു ദേവീവിഗ്രഹം വിവരമറിഞ്ഞ് അച്യുതൻകുട്ടി ഓടിയെത്തി ഓവർസിയറിൽനിന്നു സാധനം കൈക്കലായി അവനു പണ്ടേ പഴയ സാധനങ്ങളിൽ വലിയ കമ്പമായിരുന്നല്ലോ. സാധനം വൃത്തിയാക്കി, തുടച്ചുമിനുക്കി ഡ്രോയിംഗ്റൂമിലെ ഷോക്കേസിൽ സ്ഥാപിച്ചതിനുശേ

ഷമാണ് ഞാൻ വിവരമറയുന്നത്. അപ്പോഴേക്കും രണ്ടുമൂന്നു ദിവസം കഴിഞ്ഞിരിക്കണം എന്തോ ആ വിഗ്രഹത്തിന് ഒരു പന്തികേടുണ്ടെന്ന് ഒറ്റനോട്ടത്തിൽത്തന്നെ എനിക്ക് തോന്നി, ദേവിയുടെ രണ്ടു കണ്ണുക ളിൽ ഒരെണ്ണം അടർന്നുപോയിരുന്നു മറ്റേ കണ്ണിലാകട്ടെ, ചില സമ യത്ത് ഒരായിരം കണ്ണുകളുടെ തിളക്കം. ചിലപ്പോൾ ഉയിരുള്ളതുപോലെ തുടിക്കുന്നതു കാണാം ചില രാത്രികളിൽ ഞാനും അച്യുതൻകുട്ടിയും കൂടി ഒന്നു മിനുങ്ങാറുണ്ട് അപ്പോളൊക്കെ എനിക്കാ വിഗ്രഹത്തിൽ നോക്കാൻ പേടിയാണ് ആ ഒറ്റക്കണ്ണിൽ എന്തോ കത്തിയെരിയുന്നു. വല്ലാത്തൊരു തീയ് അതു ശരിയാണെന്ന് അച്യുതൻകുട്ടിയും പറഞ്ഞു. സത്യത്തിൽ അവൻ വല്ലാതെ പരിഭ്രമിച്ചുവശായിരുന്നു. പഴയ ഏതോ ഉഗ്രമൂർത്തിയാണ് വീണ്ടുവിചാരമില്ലാതെ വീട്ടിൽ കയറ്റിയത് അപകട മായി ശുദ്ധിയില്ലാത്ത സ്ഥലത്ത് വയ്ക്കുന്നതും കുഴപ്പമാണ്. ഒന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു ആ വിഗ്രഹം അവിടെ സ്ഥാപിച്ചയന്നുമുതലേ അച്യു തൻകുട്ടി വല്ലാതെ മാറിയിരുന്നു ഏതാണ്ടൊരു വല്ലാത്ത അലട്ടലും ചിന്തയും ബാധയേറ്റപോലെയാണ് മുഖം ഊണും ഉറക്കവുമില്ല കമ്പ നിയിൽ പോക്കില്ല ഏതു സമയത്തും കണ്ണുകളിൽ അറിയാൻ വയ്യാ ത്തൊരു പേടി അവനങ്ങനെ മെലിഞ്ഞുമെലിഞ്ഞു കുരുതിക്ക് ഉഴിഞ്ഞി ട്ടതുപോലയാകുകയാണ് അവന്റെ ഭാര്യയാണെങ്കിൽ കരച്ചിലോടു കര ച്ചിൽ എനിക്കങ്ങു പേടിയായി ഒടുവിൽ ഞാൻ തീരുമാനിച്ചുറപ്പിച്ചു, എന്തായാലും ഇനി ഇതിനെ വീട്ടിൽ വച്ചുകൊണ്ടിരിക്കാൻ വയ്യ എവി ടെയെങ്കിലും കൊണ്ടുപോയി കളയുകതന്നെ. അവളുടെ ഇടം ഇതല്ല അങ്ങനെ ഒരു രാത്രിയിൽ ഞങ്ങൾ ആ വിഗ്രഹവുമായി പുറത്തേക്കിറ ങ്ങി നല്ല ഇരുട്ടുള്ള രാത്രിയായിരുന്നു കോമ്പൗണ്ടിന്റെ ദൂരെയൊരു മൂലയിൽ ഒരു പൊട്ടക്കിണറുള്ള കാര്യം എനിക്കറിയാമായിരുന്നു ഞങ്ങൾ മെല്ലെ നടന്നു അച്യുതൻകുട്ടിയുടെ ചങ്കിടിപ്പ് എനിക്ക് കേൾക്കാമായിരുന്നു. ആ കനത്ത ഇരുട്ടിൽ വിഗ്രഹത്തിന്റെ ഒറ്റക്കണ്ണ് അപ്പോഴും വല്ലാതെ തിളങ്ങിക്കൊണ്ടിരുന്നു തൊട്ടടുത്ത് അച്യുതൻകു ട്ടിയുടെ വിരലുകൾ വിറയ്ക്കുന്നതും അവൻ എന്തൊക്കെയോ പിറുപി റുക്കുന്നതും ഞാനറിഞ്ഞു. കൈയിൽനിന്നും വഴുതിപ്പോകാതെ, ജീവ നുള്ള ഉരുവിനെപ്പോലെ അള്ളിപ്പിടിച്ചു കൊണ്ടു നടക്കുകയായിരുന്നു അവൻ കിണറ്റിനടുത്തെത്തിയപ്പോൾ ഞാൻ കുനിഞ്ഞുനോക്കി ഒന്നും കാണാൻ വയ്യ കൊഴുത്ത ഇരുട്ട്. അടുത്തെവിടെയോ പൊന്തക്കാടുക ളിൽനിന്നു നാഗത്താന്മാർ ചീറ്റുന്നതുപോലെ. ഞാൻ മെല്ലെ ടോർച്ചടി ച്ചുനോക്കി. ആഴം കാണാത്ത കിണറ് താഴെ, താഴെ എവിടെയോ വെള്ളം പൊടുന്നനെ അച്യുതൻകുട്ടിയുടെ കൈ ഉയരുന്നതു കണ്ടു. പ്ളും – കുണ്ടൻകിണറ്റിലെ വെള്ളത്തിൽ വിഗ്രഹം വീഴുന്ന ശബ്ദം ഞങ്ങൾ വ്യക്തമായി കേട്ടതാണ് അച്യുതൻകുട്ടി ഉറക്കെ ചിരിച്ചതും കേട്ടു. പിന്നെ ആശ്വാസത്തോടെ തിരിഞ്ഞു നടക്കുകയായി. നാലു ചുവ

ടുവച്ചില്ല കരിയിലകൾക്കിടയിൽ എന്തോ തിളങ്ങുന്നു കുനിഞ്ഞുനോക്കിയപ്പോൾ ആ ഒറ്റക്കണ്ണ് അവൾതന്നെ – കാർത്ത്യായ്നി എന്റെ ഉടലാകെ തരിച്ചുകയറി മേലാകെ വിറകൊള്ളുകയാണ് "നമുക്ക് ഓടാം" അച്യുതൻകുട്ടിയുടെ ശബ്ദം പതറിയിരുന്നു അവൻ വലിയൊരു കരച്ചിലിന്റെ വക്കത്തായിരുന്നു ഞാനവന്റെ ചുമലിൽ അമർത്തിപ്പിടിച്ചു "പറ്റില്ല, ഇതിവിടെ തീർക്കണം അല്ലെങ്കിൽ നിന്റെ ഒടുക്കമാണ്" "ഞാൻ ആവേശത്തോടെ പറഞ്ഞു അച്യുതൻകുട്ടി അപ്പോഴും അന്തിച്ചു നിൽക്കുകയാണ്. ഒടുവിൽ, ഒരുപാടു നിർബന്ധിച്ചപ്പോൾ അവൻ മടിയോടെ ആ വിഗ്രഹം കടന്നെടുത്തു അവന്റെ കൈ പൊള്ളിയിരിക്കണം. ഉറുമാൽകൊണ്ടു കൂട്ടിപ്പിടിച്ചു കിണറ്റിനടുത്തേക്കു ചുവടുവെച്ചു. ഇത്തിരി നേരം കണ്ണടച്ചുനിന്ന്, ഭരദേവതയേയും, സകല ഇഷ്ട മൂർത്തികളേയും, ഗുരുകാരണോന്മാരേയും സങ്കല്പിച്ച്, സമസ്താപരാധവും പൊറുക്കണേ എന്ന് ഉറക്കെ കേണുകൊണ്ട് മൂന്നുപ്രാവശ്യം തലയ്ക്കു ചുറ്റും ഉഴിഞ്ഞ് ഒരൊറ്റ ഏറ് . . "

"പിന്നെ കണ്ടില്യാല്ലേ?"

"അതെ"

"എനിക്ക് മനസ്സിലാവുന്നുണ്ട് ആട്ടെ അങ്ങു സമയം ഒരുപാടെടുത്തു കുഴപ്പല്യാ ഇനി ഞാൻ പറയാം അങ്ങ് കേക്ക്വാ ഇത്തിരി നേരം കൊണ്ട് അധികം മിണ്ടാതെ ഒരുപാടു പറയുന്നയാളാണ് എന്റെ ഗുരുനാഥൻ എന്റെ ഗുരുനാഥന്റെ കാര്യം മാത്രേ പറയാനുള്ളൂ എനിക്ക് എപ്പോഴും ഓർമ്മേം വിചാരോം അതു മാത്രമായിത്തീർന്നിരിക്കുന്നു ഈയിടെയായിട്ട് വയസ്സായതുകൊണ്ടായിരിക്കും പേടിക്കേണ്ടാ, ദുർദ്ദേവതേം ദുർമൂർത്തീം ഒന്ന്വല്ലാട്ടോ. ഗുരുവെങ്ങനെ എന്റെ ഗുരുവായീന്ന് ചോയ്ച്ചാൽ നിശ്ശല്യാ ആദ്യം കണ്ടതു കിനാവിലായിരിക്കാം. അല്ലെങ്കിൽ നേരിൽത്തന്നെ ചിലപ്പോ അദ്ദേഹം എന്നെ തേടി വന്നതാകാം എന്തായാലും ആ മുഖത്തെ തേജസ്സ് പറഞ്ഞൊപ്പിക്കാൻ തീരെ വശല്യാ എന്തൊക്ക്യാണ് ആ കണ്ണുകളില്? കാരുണ്യോം, വാത്സല്യോം, വിരക്തീം, ഒരു മഹാപ്രപഞ്ചം മുഴുവനുണ്ട് നേരെ കാൽക്കൽ അങ്ങ്ട് വീഴ്വാന്നല്ലാണ്ട് നമുക്കു വേറൊന്നും ചെയ്യാനില്ലെന്നന്നെ കൂട്ടിക്കോളൂ എല്ലാം നിശ്ചയാണ് എന്നെപ്പറ്റി, ഒന്നും ചോയ്ക്കണ്ട. ഒക്കെ ഇങ്ങട്ട് പറഞ്ഞോളും കൊച്ചുണ്ണി ഇത്തിരിനേരം തനിച്ചിരിക്ക്യാ കണ്ണടച്ച് ഉള്ളിൽ നിരൂപിക്ക്യാ ഞാൻ ഇവിടെത്തന്നെയുണ്ടല്ലോ എന്നു പറയ്യാ. ചിലപ്പോ പറയും, കൊച്ചുണ്ണി ഒരുപാടു വൈകീരിക്കണം. കാലേക്കൂട്ടി ആവായിരുന്നല്ലോ എത്ര സമയം പാഴാക്കി ആ പാദങ്ങളിൽ മുഖം അമർത്തിക്കിടന്നപ്പോൾ കേട്ടത് ഇത്രമാത്രം ഇറങ്ങിപ്പുറപ്പെടാനുള്ള മടിയാണെന്ന് അവിടുത്തേയ്ക്കന്നെ അറിയാം പക്ഷേ, ഇതിലിപ്പോ എന്താണുള്ളത് തൊടങ്ങാനും തൊടരാനും? ഒക്കെ നമ്മുടെ ഉള്ളിലുള്ളതല്ലേ? കണ്ടുപിടിക്കാനും അറിയാനുമുള്ള താമസല്ലേ പ്രധാനകാര്യം ചിലർക്ക്

നേർത്തന്നെ തരാവും. മറ്റു ചിലർക്ക് ഒരുപാട് വൈകും വേറെ ചിലർക്കാണെങ്കിൽ ഒരു മൂന്നു ജന്മം കഴിഞ്ഞാലും തരാവേം ഇല്ല ..”

“എനിക്കൊന്നും മനസ്സിലാവണില്യല്ലോ കൊച്ചുണ്ണിമ്മാൻ –”

“നമുക്ക് പൂവ്വാ. ഗുരു പറഞ്ഞു. ഇനി ശങ്കിക്കാനൊന്നൂല്യാന്ന് എനിക്കും നല്ല നിശ്ശംണ്ട്. എന്നാലും വേണ്ടാത്ത ചില കെട്ടുകള് കെട്ക്കണു പിന്നേം, ഒരു കാര്യോല്യാണ്ട് ഒക്കെ വെറും ചരടുകളാണേയ്. ഒന്ന് ഒറക്കെ ഊതിയാൽ മതീല്യോ ഞാനെന്ന, എന്റേതെന്ന ഭാവന്നെ കൊറെയൊക്കെ. തേങ്ങയുടെ അകത്തെ വെള്ളം വറ്റേണ്ടേ കൊട്ടത്തേങ്ങയാകാൻ സമയം ആയിട്ടില്ലാന്നായിരിക്കും എന്നു പറഞ്ഞപ്പൊ ഗുരുനാഥൻ ചിരിക്ക്യാണ്ടായത് ഓരോ ഘട്ടങ്ങളെപ്പറ്റി ഒക്കെ മുമ്പുള്ളോര് പറഞ്ഞുവച്ചിട്ടുണ്ടല്ലോ കൊച്ചുണ്ണീ ഗുരു പറഞ്ഞു അതല്ല കാര്യം അകത്തുനിന്നുള്ള കണ്ടെത്തലാണ് ഹൃദയത്തിന് നൂറ്റൊന്ന് നാഡികളാണു പുറപ്പെടണതത്രെ അവയിലൊന്നു ശിരസ്സിനു നേരെ പോണു. അതിലൂടെ പ്രാണൻ മുകളിലേയ്ക്കയയ്ക്കുന്നവൻ അമരനാകുന്നു. മറ്റു നാഡികളിൽ കൂടി പ്രാണൻ പോകുന്നവർക്കാകട്ടെ സംസാരപ്രാപ്തിതന്നെ ഫലം നന്നെ പ്രയാസാണ് സംസാരികൾക്ക് ആ ഘട്ടം കടക്കാൻ മുഞ്ഞപ്പുല്ലിൽ നിന്നു നടുവിലുള്ള തണ്ടിനെ ശ്രദ്ധയോടെ വലിച്ചെടുക്കുന്നതുപോലെ ഉള്ളിലുള്ള പെരുവിരലിനോളം മാത്രം വലിപ്പമുള്ള പുരുഷനെ ധൈര്യപൂർവം ശരീരത്തിൽ നിന്ന് വേർപെടുത്തിയെടുക്കണം – ഗുരുനാഥൻ പറഞ്ഞുവെച്ചു എന്ന്വച്ചാ ”

“ഞാൻ, എനിക്ക്... ”

“പറയാച്ചാ ഒരുപാടുണ്ട്താനും അങ്ങേയ്ക്ക് ബോറടിക്കുന്നുണ്ടാവും, അല്ലേ?”

“എനിക്ക്. . ”

“പോണം, അല്ലേ അങ്ങേയ്ക്ക് നേരം വൈക്യാവോ? പിന്നൊരു സമാധാനംണ്ട് ഈ വണ്ടികളൊന്നും നമ്മള് നിരീയ്ക്കണ സമയത്ത് വരാറില്ലല്ലോ ”

“സാരമില്ല നടപ്പിനു പകരം ഞാൻ ഓടിക്കൊള്ളാം പക്ഷേ, അവസാനമായിട്ട് ഒരു കാര്യം മാത്രം കൊച്ചുണ്ണിമ്മാൻ എനിക്ക് ഉറപ്പുതരണം. ഒന്നുമില്ലെങ്കിലും ഞാൻ ഇവിടംവരെ മിനക്കെട്ടുവന്നതല്ലേ? അച്യുതൻകുട്ടിക്ക് കൊടുക്കാൻ എന്തെങ്കിലും കരുതണ്ടേ ഞാൻ ”

“ദൂതനെ കബളിപ്പിക്കാൻ നോക്ക്വായിരുന്നു ഞാൻ എന്നു തോന്നണ്ടോ?”

“ഇല്ല, ഒരിക്കലുമില്ല ”

“എന്നാൽ, എന്താണ് ഇനിയിപ്പോ അങ്ങേയ്ക്ക് വേണ്ടത്? ദൂതനോടുള്ള വെറും മര്യാദയ്ക്കപ്പുറായിട്ട് എന്താ ഞാൻ തരണ്ടത്?”

“ഒരേയൊരു വരംമാത്രം ഒരു കൊച്ചുസമ്മതം അച്യുതൻകുട്ടിക്ക് ഒന്നിങ്ങോട്ടു വരണം. കൊച്ചുണ്ണിമ്മാനെ കാണണം. കാണുമ്പോൾ

കൊച്ചുണ്ണിമ്മാൻ അവനെ തിരിച്ചറിയണം...."

"കൊഴുത്ത മാൻകുട്ടിയെ അറുത്തുവയ്ക്കണംന്ന് മാത്രം പറഞ്ഞില്ല, അങ്ങ്. അതേതായാലും ഉചിതായി .ആയ്ക്കോട്ടെ, വന്നോട്ടെ, ഞാനൊരിക്കലും തടഞ്ഞിട്ടില്ലല്ലോ പക്ഷേ, കാണല് - അത്ര സാധിക്കുംന്ന് തോന്നണില്യാ."

"അതെന്താ?"

"ഞാൻ യാത്രയാണല്ലോ "

"എങ്ങോട്ട്?"

"ഈ പ്രായത്തില് യാത്ര പോകുന്നവരോട് എങ്ങോട്ടെന്ന് ചോയ്ക്കണത് വെറും ഭോഷ്കല്ലേ ചങ്ങാതീ. ഒരു നീണ്ട യാത്രയാന്നന്നെ നിരീച്ചോളൂ."

"അപ്പോൾ അച്യുതൻകുട്ടിയോട് -"

"യാത്രയാന്ന് പറയൂ "

"അവൻ വരുകയാണെങ്കിലോ?"

"യാത്രയാന്ന് പറയൂ."

"ഒന്നു കാണണമെന്നുവച്ചാൽ -"

"യാത്രയാന്നന്നെ പറയാല്ലോ "

സക്കറിയ

ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും

ഗൗളി എന്ന ബുദ്ധിജീവിയിൽ വിശ്വാസക്കുറവുള്ളതുകൊണ്ടല്ല ഞാൻ ഈ കഥ എഴുതുന്നത് മറ്റെല്ലാ ബുദ്ധിജീവികളിലുമെന്നപോലെ ഗൗളിയിലും എനിക്ക് വിശ്വാസം നന്നേയുണ്ട് പക്ഷേ, വിശ്വാസം ഒന്ന്, ആശ്രയം മറ്റൊന്ന് ബുദ്ധിജീവികളുമായി സമ്പർക്കപ്പെടുമ്പോൾ ഇവ തമ്മിൽ കൂട്ടിക്കലർത്തുന്നത് നല്ല ആലോചനയ്ക്കു ശേഷമേ ആകാവൂ എന്നാണ് എന്റെ കഥയുടെ ഗുട്ടൻസ് അഥവാ പ്രധാന അർത്ഥം വേറെ എന്തെങ്കിലും അർത്ഥമുണ്ടാകാൻ വഴിയുണ്ടോ എന്നും ഞാനന്വേഷിക്കുന്നതായി നിങ്ങൾ പിന്നാലെ കാണും ഇത് അത്യന്താധുനിക സാഹിത്യത്തിന്റെ ആത്മാർത്ഥതയെ പ്രതിഫലിപ്പിക്കുന്നു അല്ലാതെ ഞാൻ ഗൗളിയെ ആസ്പദമാക്കി ഒരു കഥയെഴുതുന്നതിൽ വലിയ പുതുമയൊന്നുമില്ല ഗൗളിയെപ്പറ്റി അതിമനോഹരമായ ഒരു കഥ എന്റെ സുഹൃത്തും പ്രശസ്തനുമായ മുകുന്ദൻ എഴുതിയിട്ടുണ്ട് തന്റെ മുറപ്പെണ്ണ് തുണിയഴിക്കുന്നതുകാണാനുള്ള ആഗ്രഹത്തിൽ വലഞ്ഞ ഒരു സാധു യുവാവ് ദൈവാനുഗ്രഹത്താൽ ഒരീച്ചയായി മാറി അവളുടെ കുളിമുറിക്കുള്ളിൽ ഒളിഞ്ഞിരിക്കുമ്പോൾ ഒരു ഗൗളി അവനെ വെട്ടിവിഴുങ്ങുന്നതാണ് മുകുന്ദന്റെ കഥ. മനുഷ്യാവസ്ഥയെപ്പറ്റിയും ഗൗളിയുടെ അവസ്ഥയെപ്പറ്റിയും ഇതിലും മനോഹരമായ ഒരു പ്രസ്താവന നടത്താൻ സാധിക്കില്ല

മുകുന്ദന്റെ ഗൗളിയെപ്പോലെ ബുദ്ധിജീവികൾ ഇടയ്ക്കെല്ലാം ഇങ്ങനെ ആളുകളെയും അവസരങ്ങളെയും വിഴുങ്ങുമെന്നത് ശരിതന്നെ. എന്നുവെച്ച് അവർ തീർത്തും അപകടകാരികളല്ല. നമ്മൾ നമ്മുടെ തരംനോക്കി നില്ക്കണമെന്നുമാത്രം ഒരുപക്ഷേ, മേല്പറഞ്ഞ ഗൗളിയെപ്പോലെ ബുദ്ധിജീവികളും വിധിയുടെ ഉപകരണങ്ങൾ മാത്രമായിരിക്കാം. അവർ ചെയ്യുന്നതെന്തെന്ന് അവർക്കുതന്നെ അറിഞ്ഞുകൂടായിരിക്കാം. എന്റെ കഥ, ഗൗളികളിൽ പൂർണമായി ആശ്രയം കല്പിച്ച് ജീവിക്കാൻ ശ്രമിച്ച ഒരു നസ്രാണിച്ചെറുപ്പക്കാരന്റെ സങ്കടങ്ങളെപ്പറ്റിയാണ് ഇതുകൊണ്ട് ഗൗളിശാസ്ത്രം തെറ്റാണെന്നോ അതിൽ വിശ്വാസം പാടി

ല്ലെന്നോ ഒന്നും ഞാൻ സ്ഥാപിക്കുന്നില്ല. വിശ്വാസം എപ്പോഴും ഒരു ഹോബിയായി കൊണ്ടുനടക്കാൻ പറ്റുമെന്ന വിവരം എനിക്കുമറിയാം. പക്ഷേ, ആശ്രയത്തിന്റെ ഇടപാടു വേറൊന്നാണ്.

ഗൗളിശാസ്ത്രമനുസരിച്ച് ഗൗളിയുടെ ഓരോ ചിലയ്ക്കലിനും ചാട്ടത്തിനും നോട്ടത്തിനും ഓരോ അർത്ഥമുണ്ട്. ഇതു പൊതുവിൽ നമുക്കെല്ലാവർക്കുമറിയാം. പക്ഷേ, ഈ അർത്ഥങ്ങൾ കൃത്യമായി എന്തെന്നു വളരെ കുറച്ചുപേർക്കേ അറിഞ്ഞുകൂടൂ. അവരാണ് ഗൗളിശാസ്ത്രം പഠിച്ചു പാസ്സായവർ. അവരെ ഗൗളിശാസ്ത്രികൾ എന്നു വിളിക്കാമെന്നാണ് എന്റെ മറ്റൊരു സ്നേഹിതനും പ്രസിദ്ധനുമായ ഒ.വി. വിജയൻ പറയുന്നത്. അദ്ദേഹമാകട്ടെ, ഗൗളികൾക്കു പകരം എട്ടുകാലി എന്ന സാധുവിനെ നിഷ്കരുണം ഭയപ്പെടുന്നു. ആലോചിച്ചുനോക്കിയാൽ അത്ഭുതം തോന്നും ഈയാംപാറ്റയേയും ഇരട്ടവാലനേയും എറുമ്പിനേയും എല്ലാം വെട്ടുവിഴുങ്ങി നടക്കുന്ന, നമ്മുടെ കാർന്നോന്മാരുടെയും ദൈവങ്ങളുടെയും ചില്ലിട്ട പടങ്ങൾക്കു പിറകിലും ദ്രവിച്ച കഴുക്കോലുകൾക്കു പിന്നിലും ഒളിച്ചിരിക്കുന്ന, ആ വെറും തടിമാടൻ കുറിവാലൻ പല്ലിതന്നെയോ ഒരു ശാസ്ത്രം തന്നെ സ്ഥാപിച്ചിരിക്കുന്ന ബുദ്ധിജീവി? അവനാണോ അർത്ഥങ്ങളുടെ ആശാൻ? അവനാണോ യമകോണിലും അഗ്നികോണിലും ഒക്കെയിരുന്ന് ഒന്നു തൊണ്ടയനക്കി നമ്മുടെ ജീവിതം ആകെ കലക്കുന്ന കേമൻ! അമ്പമ്പടാ! നിനക്കിട്ട് ഞാൻ എന്റെ ചൂലുകൊണ്ട് ഒന്നു തന്നാലുണ്ടല്ലോ

പക്ഷേ. ആരാണ് പല്ലിയെ കൊല്ലുക? വിധിയുടെ വക്കാലത്തു പിടിച്ചു നടക്കുന്ന ഈ സത്വത്തിനെ കൊല്ലാൻ കൈ വിറയ്ക്കില്ലേ? ഞങ്ങളുടെ നാട്ടിൽ നസ്രാണിച്ചേട്ടന്മാർ കാസരോഗം മാറ്റാൻ കരിമ്പൂച്ചയെ പുഴുങ്ങിത്തിന്നും അവരുടെ കൈ എന്നെന്നേയ്ക്കും വിറയ്ക്കുമത്രേ. കാസം കൊണ്ടു വലിക്കുന്നതിനേക്കാൾ എത്ര നന്ന് കൈ അല്പം വിറയ്ക്കുന്നത് എന്ന പ്രായോഗികമായ വീക്ഷണകോണമാണ് ഇവിടെ പൂച്ചയും അതു നമ്മുടെ വഴി കുറുകെ കിടക്കുന്നിടത്തോളംകൊണ്ട്, വിധിയുടെ ഒരു നടത്തിപ്പുകാരനാണല്ലോ പക്ഷേ, പൂച്ച ഒരു വിഡ്ഢിയാണ് അതു തന്നെ ചുറ്റിപ്പറ്റി ഒരു ശാസ്ത്രം സ്ഥാപിച്ചില്ല. പകരം നമ്മുടെ ഒരാശ്രിതനായി വിളിച്ചാൽ വരും. മടിയിലരുത്തി തലോടിയാൽ കുറുകും. പാലു കൊടുത്താൽ കുടിക്കും. തരം കിട്ടിയാൽ രാത്രിയിൽ കൂടെ കിടക്കുകയും മാന്തുകയും ചെയ്യും. നമ്മൾ കാസരോഗം മാറ്റാൻ അതിനെ തിന്നുന്നു.

പല്ലി നമ്മുടെ ആരുമല്ല. ഒന്നുമല്ല. അവൻ നമ്മുടെ അനുവാദമില്ലാതെയാണ് നമ്മുടെ വീടുകളിൽ താമസിക്കുന്നത്. ഭിത്തിയിലും വാതിൽപിറകിലും ഉത്തരത്തിന്മേലുമിരുന്ന് നമ്മുടെ കാര്യങ്ങളിലിടപെടുന്നു ഉത്തരം താങ്ങുന്നതു തങ്ങളാണ് എന്നവകാശപ്പെടുന്ന പല്ലികളും ഉണ്ടെന്നാണ് അറിവുള്ളവർ പറയുന്നത്. ഏതായാലും അവർ നമ്മോട് ഒരു

സ്നേഹവും കാണിക്കുന്നില്ല നമ്മുടെ കാർന്നോന്മാരും ദൈവങ്ങളും അവന് നമ്മുടെ ജീവിതങ്ങളിൽ ചാരവൃത്തി ചെയ്യാനുള്ള വെറും മറകളാണ്. അവന്റെ സ്വന്തം കാർന്നോന്മാരാവട്ടെ, അതി ഭീമാകാരങ്ങളായ ഫോസിലുകളാണ് ഇന്ന്. ഒരിക്കൽ നമ്മളാരും ഇത്ര മിടുക്കന്മാരല്ലായിരുന്ന ഒരു കാലത്ത് പാലായിലും ഭരണങ്ങാനത്തും കാഞ്ഞിരപ്പള്ളിയിലുമൊക്കെ ക്രിസ്ത്യാനികൾക്കു പകരം ഈ ഭീകരന്മാരാണ് കൊടിയ വാൽ ഇഴച്ച്, ചക്കമുള്ളുപോലെ പല്ലുനിറഞ്ഞ വായ് മേഘങ്ങളിലുയർത്തി വേട്ടയാടുകയും വാഴുകയും ചെയ്തിരുന്നത് പക്ഷേ, ആ വൻതലയ്ക്കുള്ളിൽ ബുദ്ധിയുണ്ടായിരുന്നില്ല എന്നതായിരുന്നു അവരുടെ ദുരന്തം. ഇന്നിതാ അവരുടെ കൊച്ചുമകൻ ഒരു ബുദ്ധി ജീവിയായി ക്രിസ്ത്യാനിയുടേയും നായരുടേയും സാമ്രാജ്യങ്ങളിൽ തന്റെ ഓരോ നീക്കവും ഒരാഘാതമാക്കിക്കൊണ്ട് വാഴുന്നു. അതെ, ഒരൊറ്റയടിക്ക് അവൻ ചാകും. പക്ഷേ, പ്രത്യയശാസ്ത്രങ്ങൾക്കു പിറകിലൊളിച്ചിരിക്കുന്ന ഇത്തരം ബുദ്ധിജീവികളെ ആരടിക്കും?

എന്റെ സങ്കടകരമായ കഥയിലെ കഥാപാത്രമായ മാത്തുക്കുട്ടി മീനച്ചിൽ പ്രദേശങ്ങളിലെ തോടും മറ്റവും കടമ്പയും കുത്തുകല്ലും നിറഞ്ഞ അനേകം ഗ്രാമങ്ങളിലൊന്നിലെ ഒരാളാണ്. മുപ്പതാം വയസ്സിലാണ് മാത്തുക്കുട്ടിക്ക് ഗൗളിശാസ്ത്രത്തിലേക്ക് മനംമാറ്റം ഉണ്ടായത് അപ്പോൾ മാത്തുക്കുട്ടിക്ക് ഇളം ചാമ്പങ്ങപോലെ ചുവന്ന ചുണ്ടും കവിളുകളുമുള്ള ഒരു ഭാര്യയും രണ്ടു കുട്ടികളുമുണ്ട് മാത്തുക്കുട്ടി എന്നും അഞ്ചരമണിക്കെണീറ്റു പല്ലു തേച്ച് മുഖം കഴുകി വീട്ടിനു മുമ്പിലെ പൊയ്കയുടെ പാലം കടന്ന്, അതിരാവിലെയിറങ്ങിയ വെട്ടുകാർ മെഴുകുതിരികൾ ഊതിക്കെടുത്താൻ തുടങ്ങുന്ന റബ്ബർതോട്ടങ്ങളിലെ അതിശയ വെളിച്ചത്തിലൂടെ ധാരാളം നടക്കല്ലുകളും കുന്നുകളും കയറി രാവിലത്തെ കുർബ്ബാന കാണാൻ പോകും റബ്ബറിലകൾക്കിടയിലൂടെ പുലരിനക്ഷത്രം മാത്തുക്കുട്ടിയുടെ മേൽ വെറുതെ തിളങ്ങും

മാത്തുക്കുട്ടി സെന്റ് മേരീസ് പ്രൈമറി സ്കൂളിലെ ഒരു സാറായിരുന്നു. ഭാര്യ തങ്കമ്മ വീട്ടുകാര്യം നോക്കുകയും എന്നും തോട്ടിൽപോയി തുണിയലക്കി ഇഞ്ച തേച്ച് കുളിക്കുകയും പശുവിനെ മാറ്റിക്കെട്ടുകയും ഒന്നാന്തരം ചോറും കറിയും വെയ്ക്കുകയും ചെയ്തു. തങ്കമ്മ ചൊല്ലിയ അമ്പത്തിമൂന്നു മണിജപത്തിന് ഒരീണവും മണികിലുക്കവും പോലൊരു ഭംഗിയും ഉണ്ടായിരുന്നു മാത്തുക്കുട്ടിക്ക് അതിഷ്ടമായിരുന്നു. ദുഃഖവെള്ളിയാഴ്ച തങ്കമ്മ പാന വായിക്കുമായിരുന്നു

'അമ്മ കന്യാമണി തന്റെ നിർമല ദുഃഖങ്ങളിപ്പോൾ
നന്മയാലേ മനസ്സുറ്റു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെ പറവാനോ വാക്കുപോരാ മാനുഷർക്ക്
ഉൾക്കനെച്ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ' എന്നിങ്ങനെ തങ്കമ്മ ഒരു ചെറിയ സ്വരത്തിൽ പാടുമ്പോൾ മാത്തുക്കുട്ടിക്ക് കരച്ചിൽ

വരുമായിരുന്നു. താമസിച്ചിരുന്ന അഞ്ചേക്കർ സ്ഥലം കൂടാതെ മാത്തുക്കുട്ടിക്ക് കുറച്ചകലെ വീതത്തിലുള്ള രണ്ടേക്കർകൂടിയുണ്ടായിരുന്നു ഈ രണ്ടേക്കറും താമസിക്കുന്നിടത്തെ രണ്ടേക്കറും നിറയെ ഒന്നാന്തരം ക്ലോണൽ റബ്ബറായിരുന്നു. ഒന്നരാടം വെട്ടിയ തോട്ടത്തിൽനിന്ന് മാത്തുക്കുട്ടിക്ക് മാസവരവ് ആയിരത്തിൽ ശിഷ്ടം രൂപയുണ്ട്. സ്കൂളിൽ നിന്ന് പിന്നെ നാനൂറ്റിശിഷ്ടവും. ഇപ്രകാരം മാത്തുക്കുട്ടി ഒരു സാധാരണ ഇടത്തരക്കാരൻ നസ്രാണിച്ചെറുപ്പക്കാരൻ മാത്രമായിരുന്നു പണം മിച്ചം വെയ്പ്പുള്ള എല്ലാവരേയും പോലെ മാത്തുക്കുട്ടിയും മിച്ചപ്പണം നടപ്പു പലിശയ്ക്ക് സ്വർണപ്പണയത്തിന്മേലും ചിലപ്പോൾ വിശ്വാസത്തിന്റെ പുറത്തും കടം കൊടുത്തു തിരുവനന്തപുരത്തിന് രണ്ടു തവണയും എറണാകുളത്തിന് മൂന്നുനാലു തവണയും ഒരിക്കൽ ഒരുടുപ്പിടിലിന് മംഗലാപുരത്തും മാത്തുക്കുട്ടി പോയിട്ടുണ്ടായിരുന്നു മംഗലാപുരത്ത് പോയപ്പോൾ ഒരു എയർബാഗ് വാങ്ങിച്ചു ഒരു പാന്റും തയ്പിച്ചു എന്നും രാവിലെ ദീപിക വീട്ടിൽ കിട്ടി. പള്ളിക്കൂടത്തിൽ ചെല്ലുമ്പോൾ മനോരമയും വായിക്കും

ഒരു ദിവസം രാവിലെ മാത്തുക്കുട്ടി കുർബ്ബാന കണ്ടിട്ട് വീട്ടിലേക്കു വന്നുകയറുകയായിരുന്നു. മുറ്റത്തേക്ക് കയറാനുള്ള ആദ്യത്തെ നടക്കല്ലിൽ ചവിട്ടിയപ്പോൾ ഒരു വളകൊഴുപ്പൻ പാമ്പ് അതിനിടയിൽ നിന്ന് പുറത്തുചാടി അപ്പുറത്തെ കപ്പക്കാലായിലേക്കു കയറിപ്പോയി മാത്തുക്കുട്ടി ഒരു വടിയും രണ്ടുമൂന്നു കല്ലുകളുമായി പുറകേ പോയെങ്കിലും പാമ്പിനെ കണ്ടില്ല തങ്കമ്മയും പിള്ളേരും മുറ്റത്തു നോക്കിനിന്നു. കപ്പത്തണ്ടുകൾ കുലുങ്ങി വീണ മഞ്ഞുവെള്ളത്തിൽ തണുത്തുകൊണ്ട് തിരികെ നടക്കുമ്പോൾ മാത്തുക്കുട്ടി നേർന്നു 'എന്റെ അരീത്രവല്യച്ചാ, ഞാൻ ഈ പെരുന്നാളിന് വെള്ളികൊണ്ട് ഒരു പാമ്പിൻരൂപം വെച്ചേക്കാം. വീട്ടുമുറ്റത്ത് ഇവന്മാരെ വരാൻ സമ്മതിക്കല്ലേ!'

അരീത്ര വല്യച്ചൻ എന്ന് മീനച്ചിൽക്കാർ വിളിക്കുന്നത് അരുവിത്തുറപ്പള്ളിയിലിരിക്കുന്ന വിശുദ്ധ ഗീവർഗീസ് സഹദാ എന്ന മഹാശക്തിമാനായ പുണ്യവാളനെയാണ് അദ്ദേഹം പാമ്പുകളുടെയും ക്രിസ്ത്യാനികളെ ശല്യപ്പെടുത്തുന്ന പിശാചുക്കളുടെയും കളവ്, വിശ്വാസവഞ്ചന തുടങ്ങിയവ ചെയ്യുന്ന മനുഷ്യരുടെയും ബദ്ധശത്രുവാണ്. അദ്ദേഹം രോഗങ്ങൾ ഭേദമാക്കുകയും പരീക്ഷയിൽ ജയിപ്പിക്കുകയും പൊതുവിൽ മനുഷ്യരെ ദൈനംദിനപ്രശ്നങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പകരം മനുഷ്യർ അദ്ദേഹത്തിനു പാക്കിൻകുല, പിടക്കോഴി, പൊന്നിൻകുരിശ് തുടങ്ങിയവ കാഴ്ചവെയ്ക്കുന്നു. പുണ്യവാളന്മാരുടെ പുതുക്കിയ പഞ്ചാംഗമനുസരിച്ച് അദ്ദേഹം ഇല്ല. ഉണ്ടായിരുന്നേ ഇല്ല. വ്യാളികളുടേയും കന്യകകളായ യുവതികളുടേയും ഇംഗ്ലീഷ് പ്രഭുക്കളുടേയുമൊപ്പം അദ്ദേഹവും കാലഹരണപ്പെട്ടുപോയി പക്ഷേ, പഞ്ചാംഗത്തിൽ തന്റെ പേര് മാഞ്ഞുപോയതു കൂസാതെ ഈ നല്ലവനായ ഇംഗ്ലീഷ് പ്രഭു

ചേനയും മത്തങ്ങയും വരിക്കച്ചക്കയും സന്തോഷത്തോടെ സ്വീകരിച്ച് കതിനാവെടിയും ചെണ്ടകൊട്ടും കേട്ട് അരീത്രയിൽ തന്റെ സുകൃതികൾ തുടരുന്നുവെന്നത് എത്ര ആശ്വാസകരമാണ്!

പാമ്പ് അടിയിൽനിന്നും ഇഴഞ്ഞുപോയ നടക്കല്ലിനും ഒരു ചരിത്രമുണ്ടായിരുന്നു. ഈ കല്ലിന്മേൽ എന്തോ കൊത്തുപണികളും രൂപങ്ങളും അക്ഷരങ്ങളും ഉണ്ടായിരുന്നു. വീതത്തിൽ ഇപ്പോൾ മാത്തുക്കുട്ടിയുടെ ചേട്ടന്റെ സ്ഥലത്തായിപ്പോയ ഒരു പൊളിഞ്ഞ സർപ്പക്കാവിൽ നിന്ന് അപ്പൻ വർക്കിച്ചേട്ടൻ പണ്ട് എടുത്തുകൊണ്ടുവന്നു നടയ്ക്കിട്ടതായിരുന്നു ഈ കല്ല്. ഇതൊക്കെ നസ്രാണിയുടെ ഒരു ധൈര്യമാണ്.

മാത്തുക്കുട്ടി ഇക്കാര്യങ്ങളെല്ലാം ഓർത്ത ശേഷം വീണ്ടും നേർന്നു 'എന്റെ വല്യച്ചാ, ഞാൻ രണ്ടു രൂപം വെച്ചേക്കാം. ഇവന്മാരെ അകറ്റണേ!' നായരുടേയും നമ്പൂതിരിയുടേയും കാട്ടുപറമ്പുകൾ എഴുതി വാങ്ങിയപ്പോൾ പാറയും ചതുപ്പും ഒഴിച്ച് വില പറഞ്ഞ ക്രിസ്ത്യാനികൾ പറമ്പുകളിലങ്ങുമിങ്ങുമിരുന്ന അപരിചിത ദൈവങ്ങളെക്കൂടി ഒഴിച്ചുവാങ്ങാൻ മറന്നുപോയിരുന്നു. കാവുകളിൽ അവർ കറുത്ത മണ്ണു മാത്രമേ കണ്ടുള്ളൂ. പിന്നെയല്ലേ മനസ്സിലായത്, അവിടെയൊക്കെ ക്രിസ്ത്യാനിയെ പുച്ഛിക്കുന്ന യക്ഷികളും നാഗത്താന്മാരും ഒറ്റമുലച്ചികളും മറ്റും ഇരുപ്പുണ്ടെന്ന്! പക്ഷേ, അവിടെയാണ് അരീത്ര വല്യച്ചൻ പ്രവേശിക്കുന്നത്. വല്യച്ചന്റെ കണ്ണു വെട്ടിച്ച് അവരാരും തലപൊക്കില്ല.

മാത്തുക്കുട്ടി അകത്തുപോയി കപ്പ വേവിച്ചത് തിന്നാനിരുന്നു. "എന്നതായിരുന്നു അത്?" തങ്കമ്മ ചോദിച്ചു. "ഓ, ഏതാണ്ടൊരു എലപ്പാമ്പോ മറ്റോ." മാത്തുക്കുട്ടി പറഞ്ഞു. ഇലപ്പാമ്പുകൾ കപ്പത്തണ്ടുകളിൽ നിന്നും മറ്റും വളരെ വിദഗ്ദ്ധമായി തൂങ്ങിക്കിടന്ന് രണ്ടുവലിയ കണ്ണുകൾകൊണ്ട് നമ്മുടെ പോക്കുവരവുകൾ എന്തോ പ്രധാന കാര്യം പോലെ തിരിഞ്ഞും വളഞ്ഞും ഒടിഞ്ഞും നിരീക്ഷിക്കുന്നു. നമ്മൾ അബദ്ധത്തിൽ അവരെ ചെന്നു മുട്ടിയാൽ അവർ മിന്നായംപോലെ പായുന്നു. നിരീക്ഷണസ്വഭാവവും കണ്ണടവെച്ചതുപോലുള്ള കണ്ണുകളും ശരീരത്തിന്റെ മെലിച്ചിലും പാഞ്ഞുപോക്കും ആലോചിച്ചുനോക്കിയാൽ അവരും ഒരുവക ബുദ്ധിജീവികൾതന്നെ. പക്ഷേ, ശുദ്ധപാവങ്ങൾ.

ആ അരീത്രപ്പെരുന്നാളിന് മാത്തുക്കുട്ടി തങ്കമ്മയും പിള്ളേരുമായി പോയി. ഷർട്ടിന്റെ അകത്തെ പോക്കറ്റിൽ രൂപായുടെ കൂടെ, അപ്പുക്കുട്ടൻ തട്ടാൻ നൂറു രൂപായ്ക്ക് ഉണ്ടാക്കിക്കൊടുത്ത രണ്ടു വെള്ളിപ്പാമ്പുകൾ കിടന്നുപുളഞ്ഞു. വല്യച്ചന്റെ പാറക്കെട്ടുപോലുള്ള പള്ളിക്കകത്ത് വല്യച്ചൻ തീ തുപ്പുന്ന വ്യാളിയെ കുത്തിക്കൊന്നുകൊണ്ട് മെഴുകുതിരി വെളിച്ചത്തിലും പല വർണബൾബുകളുടെ തിളക്കത്തിലും തന്റെ മനോഹരമായ പട്ടാളക്കുപ്പായമണിഞ്ഞ് വെള്ളക്കുതിരപ്പുറത്ത് അങ്ങനെയിരുന്നു. താഴെ അദ്ദേഹം രക്ഷിച്ച സുന്ദരി കൂപ്പിയകൈകളോടെ മുട്ടുകുത്തി നിന്നു. മാത്തുക്കുട്ടിയുടെ പാമ്പുകളും മറ്റ് പാമ്പുകൾ, പശു

ക്കൾ, ചെവികൾ, കാലുകൾ, മൂക്കുകൾ തുടങ്ങിയവയുടെ കൂടെ വല്യച്ചന്റെ ഭണ്ഡാരത്തിലേക്കു പോയി. വെടിക്കെട്ടിന് പിന്നേയും സമയമുണ്ടായിരുന്നതുകൊണ്ട് മാത്തുക്കുട്ടി വെച്ചുവാണിഭകടകളിൽ ഒന്നു ചുറ്റാമെന്നു കരുതി. തങ്കമ്മ ഒന്നുരണ്ട് അലുമിനിയത്തവികളും – നല്ല ചിരട്ടത്തവികൾ ഇപ്പോൾ കിട്ടാനില്ല – പിള്ളേർ ഈന്തപ്പഴവും പന്തുകളും വാങ്ങി മാത്തുക്കുട്ടി വെറുതെ ഒരു പുസ്തകക്കച്ചവടക്കാരന്റെ മുന്നിൽ കുത്തിയിരുന്ന് കടമറ്റത്തച്ചൻ, ശ്രീമദ് മഹാഭാരതം, കായങ്കുളം കൊച്ചുണ്ണി, കൊക്കോകശാസ്ത്രം, കാറൽമാൻചരിത്രം, പഴഞ്ചൊല്ലുകൾ, വീരഭദ്രൻ, കാട്ടുമൃഗം എന്നീ പുസ്തകങ്ങൾ എടുത്തു പരിശോധിച്ചു. അവസാനം എന്തെങ്കിലും മേടിക്കണ്ടേയെന്ന് ഒരു കുറ്റബോധം തോന്നി ഒന്നരരൂപ കൊടുത്ത് ഗൗളിശാസ്ത്രം എന്ന പുസ്തകം വാങ്ങിച്ചു· ചുമ്മാ എന്താണെന്നു നോക്കാൻ വേണ്ടി

ഇതിനുമുമ്പ് മാത്തുക്കുട്ടി ഒരു പുസ്തകം വാങ്ങിയത് രണ്ടു കൊല്ലം മുമ്പായിരുന്നു: കോട്ടയത്ത് ഒരു മീറ്റിങ് കൂടാൻ പോയപ്പോൾ. പോയവരെല്ലാവരും 'മന്ത്രിസഭയുടെ കഴിഞ്ഞ മൂന്നുവർഷത്തെ നേട്ടങ്ങൾ – ഒരു വിഹഗവീക്ഷണവും വിലയിരുത്തലും' എന്ന പുസ്തകം അമ്പതു പൈസ കൊടുത്ത് വാങ്ങിച്ചു പക്ഷേ, അതു വായിച്ചു വായിച്ച് മാത്തുക്കുട്ടിക്ക് ബോറടിക്കാൻ തുടങ്ങിയിരുന്നു തന്നെയല്ല, അതിലെ ചില താളുകൾ പറിഞ്ഞു പോയിരുന്നതുകൊണ്ട് രസച്ചരടു പൊട്ടുകയും ചെയ്തിരുന്നു വാസ്തവത്തിൽ നസ്രാണിയെ സംബന്ധിച്ചിടത്തോളം പുസ്തകമായിട്ട് ഒരു പുസ്തകമേയുള്ളു – വേദപുസ്തകം അതു വായിക്കാനും പഠിക്കാനുമുള്ള ചുമതല ശുദ്ധമാന പള്ളിക്ക് ആണുതാനും. പുസ്തകങ്ങളുടേയും അവ എഴുതിവെക്കുന്നവരുടേയും വല്ലാത്ത ലോകത്തിൽ നിന്ന് തന്റെ അകലം കാക്കുന്നതാണ് നസ്രാണിയുടെ ജീവിത വിജയം പക്ഷേ, മാത്തുക്കുട്ടി ഒരു നീചദശയുടെ ഉച്ചകോടിയിൽ വല്യച്ചന്റെ സംരക്ഷണവലയം വിട്ടകന്നുചെന്ന് പുസ്തകം വാങ്ങലിന്റെ ഒരു മാരകമായ ധാരാളിത്തത്തിൽ രണ്ടുകൊല്ലത്തിൽ രണ്ടാം തവണയും ഒരു പുസ്തകം മേടിച്ചു വിധിയുടെ ഒളിച്ചുകളികൾ അത്ഭുതകരമാണ് ഗൗളിശാസ്ത്രത്തിനു പകരം മാത്തുക്കുട്ടി കടമറ്റത്തച്ചൻ എന്ന പുസ്തകമായിരുന്നു വാങ്ങിയതെന്ന് കരുതുക മാത്തുക്കുട്ടിയുടെ കഥ വേറൊന്നാകുമായിരുന്നു എങ്കിൽ ഈ കഥയേ ഉണ്ടാകുമായിരുന്നില്ല; മാത്തുക്കുട്ടിതന്നെ ഉണ്ടാകുമായിരുന്നില്ല പുസ്തകം വാങ്ങൽപോലെ ഒരു തീക്കളി മറ്റൊന്നില്ല എന്നുവേണം മനസ്സിലാക്കാൻ

സംഭവിച്ചത് സംഭവിച്ചു. ഇനിപ്പോലും മാത്തുക്കുട്ടി ഗൗളിശാസ്ത്രം വെറുതെ വായിച്ച് അതിന്റെ സാധ്യതകളെപ്പറ്റി പരിചിന്തനം ചെയ്ത് അക്കാര്യമങ്ങു മറന്നാൽ മതിയായിരുന്നു. ശാസ്ത്രിമാർക്ക് അതിനെയങ്ങു വിട്ടുകൊടുത്താൽ മതിയായിരുന്നു പകരം മാത്തുക്കുട്ടി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കുവാൻ തുടങ്ങി

ആലോചനയിൽ എല്ലായ്പ്പോഴും അപകടം പതിയിരിക്കുന്നു. പണിയൊന്നുമില്ലാതിരിക്കുന്ന മനസ്സിനല്ലേ ആലോചിക്കാൻ സമയമുള്ളൂ? അങ്ങനത്തെ മനസ്സുകളാണ് പിശാചിന്റെ പണിപ്പുരകളെന്നാണ് അറിവുള്ളവർ പറയുന്നത്. കടമറ്റത്തച്ചനോ മന്ത്രിസഭയുടെ നേട്ടങ്ങളോ പോലെയുള്ള ഒരു കഥാപുസ്തകം ഇങ്ങനെയുള്ള ഒരാലോചനയ്ക്ക് വഴിതെളിക്കില്ലായിരുന്നുവെന്ന് ഓർക്കണം അവ വെറുതെ രസിപ്പിക്കുക മാത്രം ചെയ്തേനെ ശാസ്ത്രങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയുമാണ് നാം സൂക്ഷിക്കേണ്ടത്. കഥകളെ കുറേയെല്ലാം വിശ്വസിക്കാം പക്ഷേ, ഇക്കാലങ്ങളിൽ കഥകളിൽപ്പോലും അനാശാസ്യമായ ഒരു ചിന്താശീലം കാണപ്പെടുന്നുണ്ട് എന്നത് മറക്കണ്ട.

ഏതായാലും മാത്തുക്കുട്ടി ഗൗളിശാസ്ത്രം പലവട്ടം വായിച്ചുതുടങ്ങി. ആലോചിച്ചുതുടങ്ങി ഞായറാഴ്ച ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് തൂണിൽച്ചാരിയിരുന്ന് ഉറങ്ങിയ മാത്തുക്കുട്ടിയുടെ കൈകളിൽ നിന്ന് തിണ്ണയിൽ വീണു കിടന്ന ഗൗളിശാസ്ത്രം തങ്കമ്മ എടുത്ത് അറവാതിലിന്റെ ഉത്തരത്തിന്മേൽ വെച്ചു അവിടെയിരുന്ന് മയങ്ങിയ ഒരു പല്ലി ഉണർന്ന് തങ്കമ്മയുടെ നേർക്കു ചാടി പേടിച്ചോടിയ തങ്കമ്മ ഉടുമുണ്ടു തട്ടി വീണു. ഒച്ച കേട്ടു വന്ന മാത്തുക്കുട്ടി തങ്കമ്മയെ പിടിച്ചെണീപ്പിക്കുന്നതിനു പകരം "പല്ലി ഏതു വശത്തുനിന്നാണു ചാടിയത്?" എന്നും മറ്റും ചോദിച്ചപ്പോൾ തങ്കമ്മയ്ക്കു ദേഷ്യവും സങ്കടവും ഒരുപോലെ വന്നു. അപ്പോൾ മാത്തുക്കുട്ടി വാതിലടച്ചിട്ട് തങ്കമ്മയുടെ അടുത്തു ചെന്നിരുന്ന് മുട്ടിയ കാലിലും പിന്നെ മറ്റേക്കാലിലും തലോടി പഴങ്കാലത്തിന്റെ മണങ്ങൾ നിറഞ്ഞ അറയിലെ ഇരുട്ടിൽ മാത്തുക്കുട്ടി തങ്കമ്മയുടേതു മാത്രമായ സുഗന്ധങ്ങൾ തൃപ്തിയോടെ ശ്വസിച്ചുകൊണ്ട് തങ്കമ്മയെ ഇക്കിളികൂട്ടി ചിരിപ്പിച്ചു

വായന എന്ന ദുശ്ശീലത്തിന്റെ കെടുതികളുടെ ഒരുദാഹരണമാണ് ഇത്. തങ്കമ്മയെ ഇക്കിളികൂട്ടിയതല്ല പരാമർശം. വീണുകിടന്ന ഭാര്യയോടു ചോദ്യങ്ങൾ ചോദിച്ചുനിന്നതാണ് ഇവിടെ ശ്രദ്ധേയം ഒട്ടും വായന ശീലമില്ലാത്ത പലരും ഭാര്യമാരെ നല്ലവണ്ണം ഇക്കിളി കൂട്ടുന്നതായി എനിക്കറിയാം.

താമസിയാതെ വായനയിൽ നിന്ന് അടുത്ത വിനാശകരമായ നടപടിയിലേക്ക് മാത്തുക്കുട്ടി നീങ്ങി പരീക്ഷണം തുറന്നുവെച്ച ഗൗളിശാസ്ത്രവുമായി ഇരുന്ന് മാത്തുക്കുട്ടി ചെവിയോർക്കാൻ തുടങ്ങി ആദ്യമാദ്യം തങ്കമ്മ തേങ്ങാ ചുരണ്ടുന്നതും റബ്ബർതോട്ടത്തിൽ നിന്ന് പശു കഞ്ഞിവെള്ളവും കാടിയും അന്വേഷിച്ച് അമറുന്നതും ഒക്കെയേ കേട്ടുള്ളു മാത്തുക്കുട്ടി പിന്നെയും ചെവിയോർത്തു അപ്പോൾ മുറ്റത്തെ പൂച്ചെടികളിൽ ആർത്ത തേനീച്ചകളുടെ മൂളലും പച്ചിലക്കുടുക്ക എന്ന പക്ഷിയുടെ ആരും കേൾക്കാത്ത വിളികളും കുന്നുകൾക്കപ്പുറത്ത് ആരോ പാട്ടുപാടുന്നതും കേട്ടു പിന്നെയും ചെവിയോർത്തു അപ്പോൾ തോട്ടിൽ

വെള്ളമൊഴുകുന്നതും ഇലകളിലെ കാറ്റിന്റെ സംസാരങ്ങളും ആകാശത്തിൽ ഒരിരപ്പും കേട്ടു. മൂന്നു പറക്കുംതളികകൾ ഒന്നിച്ചു മേഘങ്ങളെ മുറിച്ച് കിഴക്കൻ ചക്രവാളത്തിലേക്ക് പോയതായിരുന്നു ഈ ഇരപ്പ് ഇത് മാത്തുക്കുട്ടി അറിഞ്ഞില്ല ആരുമറിഞ്ഞില്ല

മാത്തുക്കുട്ടി വീണ്ടും ഏകാഗ്രതയോടെ ഇരുന്നു. തങ്കമ്മ ഒരു തവണ കോട്ടുവാ വിട്ടു. രണ്ടു പൂച്ചകൾ കശപിശയുണ്ടാക്കി. ഒരു കോഴിപ്പിടച്ചി പൂച്ചെടികളുടെ തണലിലിരുന്ന് വളരെ മൃദുവായ ഒരു പാട്ടുപാടി. അങ്ങനെയിരിക്കെ പല്ലി ചിലച്ചു ചിലയ്ക്കുക മാത്രമല്ല മാത്തുക്കുട്ടിയുടെ വല്യമ്മ കൈയിൽ ചെത്തിപൂക്കുലയും കൊന്തയും കാലിൽ വെളുത്ത ക്യാൻവാസ് ഷൂസുമായി മരിച്ചുകിടക്കുന്ന ഫോട്ടോയുടെ പിറകിൽ നിന്ന് തല നീട്ടുകയും ചെയ്തു ചിലച്ചതിന്റെ അർത്ഥം ഉടനെതന്നെ മാത്തുക്കുട്ടി പുസ്തകത്തിൽ കണ്ടുപിടിച്ചു. 'വെറുതെ, അറിയാനായിട്ടു' എന്നു തന്നത്താൻ പറയുകയും ചെയ്തു പക്ഷേ, ബുദ്ധിജീവികളുടെ പ്രത്യയശാസ്ത്രങ്ങളുമായുണ്ടോ അങ്ങനെയൊരു നിസ്സാരമായ ബന്ധപ്പെടലുള്ളൂ? പെണ്ണുങ്ങളുമായി ഏത് ആണിനാണ് വെറുത, ചുമ്മാ, ഒരു കൂട്ടുകെട്ടുള്ളത് എന്നതുപോലെ ഒന്നുകിൽ ബന്ധമില്ല ഉണ്ടെങ്കിൽ അത് ഈ ഒന്നേ ആകാവൂ എന്നാണ് ചില കാര്യങ്ങളിൽ ജീവിതത്തിന്റെ കഠിനമായ ഒരു നിലപാട് ഇങ്ങനെയുള്ള കടുംപിടുത്തങ്ങൾ വരുമ്പോൾ നമുക്കാർക്കും ഒന്നുംചെയ്യാൻ പറ്റില്ല, പ്രാർത്ഥിക്കലൊഴിച്ച്. മാത്തുക്കുട്ടിക്കാണെങ്കിൽ യാതൊരു അപകടസൂചനയും ഉണ്ടായിരുന്നതുമില്ല താൻ കുഴികൾ നിറഞ്ഞ ഒരു ലോകത്തിലേക്കു പ്രവേശിക്കുകയാണെന്ന് ഒരു തോന്നൽ മാത്തുക്കുട്ടിക്ക് ഉണ്ടായില്ല എങ്കിൽ അന്നേരത്തേ മാത്തുക്കുട്ടി 'വല്യച്ചാ എന്നെ ഇതിൽനിന്നു രക്ഷപ്പെടുത്തണമേ!' എന്ന് പ്രാർത്ഥിക്കുമായിരുന്നു ജീവിതപരിചയമുള്ളവർ പറയുന്നത് അപകടസൂചനകളൊന്നുമില്ലാത്തപ്പോളും പ്രാർത്ഥിക്കണമെന്നാണ് പക്ഷേ, ഇതിനാരു മിനക്കെടുന്നു?

പറമ്പിലെ പാമ്പുകളുമായി പൊരുതുന്നതുപോലെ ലഘുവായ ഒരു കാര്യമല്ല, ബുദ്ധിജീവികളും പ്രത്യയശാസ്ത്രങ്ങളുമായുള്ള ഇടപെടൽ നാം കുഴിയിൽ ചാടാതിരിക്കണമെങ്കിൽ വലിയ ദൈവസഹായംതന്നെ വേണം

ഗൗളിശാസ്ത്രം മാത്തുക്കുട്ടിയെ അടിപ്പെടുത്തി, എക്സിസ്റ്റൻഷ്യലിസം, മാർക്സിസം, അഗസ്റ്റീനിയൻ ദൈവശാസ്ത്രം, സോഷ്യലിസം, ഗുണനപ്പട്ടിക, ഇരുപത്തഞ്ചിന പരിപാടി തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളെപ്പോലെ ഗൗളിശാസ്ത്രവും മാത്തുക്കുട്ടിയിൽ നിന്ന് പൂർണ്ണവിശ്വാസവും ആശ്രിതത്വവും പിടിച്ചുവാങ്ങി. ഗൗളികൾ മാത്തുക്കുട്ടിയുടെ ജീവിതം തങ്ങളുടെ കൈയിലെടുത്തു എന്നിട്ടു സാധാരണപോലെ അതിലേക്ക് ഒരു വിപ്ലവം കൊണ്ടുവന്നു മാത്തുക്കുട്ടിയുടെ പാവം പിടിച്ച ജീവിതം ഒരു പുതിയ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനുള്ള തത്ത്വങ്ങളെ

അവർ പി.റ്റി ചാക്കോയുടെയും ജോൺ എഫ് കെന്നഡിയുടെയും ഫോട്ടോകൾക്കു പിന്നിലും രൂപായും സ്വർണവും വെച്ചിരുന്ന അലമാരിക്കു കീഴിലും കഴുക്കോലിന്റെ തുമ്പത്തും, കപ്പ ചിക്കുന്ന പരമ്പിനുള്ളിലും തങ്കമ്മ സ്ത്രീധനം കൊണ്ടുവന്ന വീട്ടിപ്പെട്ടിക്കടിയിലും എല്ലാമിരുന്ന് ഓരോന്നായി ചിലച്ചു വെളിപ്പെടുത്തി മാത്തുക്കുട്ടി തന്റെ ശാസ്ത്രപുസ്തകത്തിന്റെ താളുകൾ അനവരതം മുന്നോട്ടും പിറകോട്ടും മറിച്ചു അർത്ഥങ്ങളും വ്യാഖ്യാനങ്ങളും കണ്ടുപിടിച്ചു അടിക്കുറിപ്പുകളും പഠനങ്ങളും നിർമ്മിക്കാൻ മാത്തുക്കുട്ടിക്ക് അറിഞ്ഞുകൂടായിരുന്നു. ഒരേയൊരു ആധാരികഗ്രന്ഥം മാത്രം വായിച്ചതുകൊണ്ട് തിരുത്തൽവാദങ്ങളുടെയും മറ്റും അപകടമേഖലകളിൽ സഞ്ചരിച്ചതുമില്ല

താമസിയാതെ ഫലങ്ങളും കണ്ടുതുടങ്ങി ഒരു വെള്ളിയാഴ്ച വെളുപ്പിനേ മാത്തുക്കുട്ടി പള്ളിയിൽ പോകാനൊരുങ്ങുമ്പോൾ പല്ലി ചിലച്ചു റബ്ബറിന് തുരിശടിക്കുന്ന കാര്യം ആലോചിക്കുകയായിരുന്ന മാത്തുക്കുട്ടി ഇതത്ര ശ്രദ്ധിച്ചില്ല. ഷർട്ടിന്റെ കൈ തെറുത്തുകൊണ്ട് നടയിറങ്ങവേ കാലുതെറ്റി മുറ്റത്തേക്കു വീണു വീഴ്ചയിൽ ചവിട്ടുകൊണ്ട് തുരിശു കലക്കിവെച്ചിരുന്ന കുട്ടകം മറിഞ്ഞു പച്ചനിറമുള്ള തുരിശുവെള്ളത്തിൽ നിന്നെണീറ്റുനിന്ന മാത്തുക്കുട്ടി പായലുപിടിച്ച ഒരു മനുഷ്യനെപ്പോലെ മുറ്റത്തു നിന്നു. യാത്രപുറപ്പെടാൻ പാടില്ലായിരുന്നു

മറ്റൊരു ദിവസം പൂഞ്ഞാറൻ മലകളിൽ നിന്നും ഇല്ലിക്കക്കല്ലിന്റെ ശിഖരങ്ങളിൽനിന്നും ഇറങ്ങിവന്ന ഒരു തണുത്ത കാറ്റടിച്ചിരുന്ന രാത്രിയിൽ മാത്തുക്കുട്ടി പെട്ടെന്ന് ഉറക്കം തെളിഞ്ഞ് തങ്കമ്മയോടുള്ള ആസക്തിയിൽ മുഴുകി ചില ഒളിച്ചിരിക്കുന്ന മറുകുകളെയും തണുപ്പും ചൂടുമുള്ള മിനുസങ്ങളെയും ഓർത്ത് ചില മധുരഗന്ധങ്ങൾ മണത്ത്, മാത്തുക്കുട്ടി തങ്കമ്മയുടെ നേരെ തിരിഞ്ഞു കിടന്നു അപ്പോഴാണ് പല്ലി ചിലച്ചത്. ജോൺ എഫ് കെന്നഡിയുടെ ഫോട്ടോയുടെ പിറകിൽ നിന്ന് ഇത് ഒരൊറ്റ ഏകാഗ്രതയിൽ മുഴുകിയിരുന്ന മാത്തുക്കുട്ടി അവ്യക്തമായേ കേട്ടുള്ളു. എങ്കിലും കേട്ടു തങ്കമ്മയെ കെട്ടിപ്പിടിച്ചുണർത്തിയപ്പോൾ സർവസാധാരണമായ ഒരു നിരസിക്കലാണ് മാത്തുക്കുട്ടിക്ക് കിട്ടിയത് – മാസമുറ ഒരു വലിയ വ്യസനത്തോടെ ഒരു കൈ തങ്കമ്മയുടെ മാറിന്റെ മൃദുലതയിൽ വെച്ചുകൊണ്ട് കിടക്കവേ മാത്തുക്കുട്ടിക്ക് താൻ അവ്യക്തമായി കേട്ട പ്രവചനം ഓർമ്മ വന്നു ഇന്ന് ഒന്നും ചെയ്യേണ്ട എന്നാണ് അവർ പറഞ്ഞത്. തന്റെ ഏറ്റവും രഹസ്യമായ ആഗ്രഹങ്ങളും അവർ മനസ്സിലാക്കിയിരിക്കുന്നു കെന്നഡിയുടെ പടത്തിലേക്കു നോക്കിക്കൊണ്ട് മാത്തുക്കുട്ടി കിടന്നു വെടിയുണ്ടയുടെ ദ്വാരം വീണ തല ഭാര്യയുടെ മടിയിൽവെച്ച് കാറിൽ കിടക്കുന്ന കെന്നഡിയെ ഒരു നിശിതമായ അസ്വസ്ഥതയോടെ മാത്തുക്കുട്ടി ഓർത്തു പിന്നെ കുറെ സമയം ചുമരിന്റെ വെളുപ്പിലേക്ക് തുറിച്ചുനോക്കിക്കിടന്നശേഷം ഒരു വല്ലാത്ത സങ്ക

ടത്തോടെയും താനൊറ്റയ്ക്കാണെന്ന ഒരു പേടിയോടെയും മാത്തുക്കുട്ടി തങ്കമ്മയുടെ ഉറങ്ങുന്ന ശരീരത്തെ കെട്ടിപ്പിടിച്ചു കണ്ണടച്ചു

സ്വപ്നത്തിൽ ജോൺ എഫ് കെന്നഡി തലയിലൊരു വെച്ചുകെട്ടുമായി മാത്തുക്കുട്ടിയുടെ റബ്ബർതോട്ടത്തിലൂടെ നടന്നുവന്നു മാത്തുക്കുട്ടി വിളിച്ചുപറഞ്ഞിട്ടും കേൾക്കാതെ മരിച്ച മുഖത്ത് ഒരു ചിരിയുമായി കെന്നഡി മാത്തുക്കുട്ടിയുടെ കുത്തുന്ന പശുവിന്റെ അടുത്തുചെന്ന് അതിന്റെ അകിട്ടിൽ ചൊറിഞ്ഞു പശു കെന്നഡിയെ തലതിരിച്ചു നോക്കിക്കൊണ്ട് വെറുതേ നിന്നു കെന്നഡി കുത്തിയിരുന്ന് അകിട്ടിൽനിന്ന് പാലു കറന്നു തെറിപ്പിച്ചപ്പോൾ അവൾ കഴുത്തു വളച്ച് കെന്നഡിയുടെ തലയിലെ വെച്ചുകെട്ട് അഴിച്ചുകളഞ്ഞു അപ്പോൾ കെന്നഡി ഒരലർച്ചയോടെ പശുവിന്റെ പുറത്ത് ചാടിക്കയറി ഓടിച്ചുപോയി തങ്കമ്മ പൂർണ്ണനഗ്നയായി അടുക്കളയിൽ നിന്നിറങ്ങി വന്ന് കൂത്താടിപ്പോകുന്ന പശുവിനു പിറകെയോടി കെന്നഡിയും തങ്കമ്മയും പശുവും അകലെ മാഞ്ഞപ്പോൾ മാത്തുക്കുട്ടി ഞെട്ടിയുണർന്ന് തങ്കമ്മയെ അരികത്തു കണ്ട് പെട്ടെന്നൊരു സമാധാനം അനുഭവിച്ചു വരാന്തയിൽനിന്ന് പല്ലി വീണ്ടും ചിലച്ചു ഇതു മാത്തുക്കുട്ടി കേട്ടില്ല

വേറൊരു ദിവസം മാത്തുക്കുട്ടി ഉണ്ണാനായിട്ട് കൈ കഴുകുമ്പോഴാണ് പല്ലി ചിലച്ചത് തങ്കമ്മ വിളമ്പിവെച്ച ചോറിനു മുമ്പിലിരുന്ന് കാച്ചിയ മോരൊഴിച്ചു കഴിയുംമുമ്പ് മുകളിൽ നിന്നൊരു ചത്ത പാറ്റ ചോറിലേക്കു വീണു മാത്തുക്കുട്ടിക്കു കാര്യം മനസ്സിലായി ഉണ്ണാനിരിക്കാൻ പാടില്ലായിരുന്നു

ഈ സംഭവങ്ങളെല്ലാം മാത്തുക്കുട്ടിയെ ഗൗളിശാസ്ത്രത്തിന്റെ ആഴങ്ങളിലേക്ക് ഒന്നിനൊന്നിനു തള്ളിവിട്ടിട്ടേയുള്ളു തന്റെ ജീവിതം ഒരു പുതിയ നിറത്തിൽ മാത്തുക്കുട്ടി കണ്ടു ജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽപോലും ഗൗളികൾക്ക് ഒരഭിപ്രായമുണ്ടായിരുന്നു ഒന്നിനു പുറകേ ഒന്നായി പ്രത്യക്ഷഫലങ്ങളിലൂടെ തങ്ങളുടെ തത്ത്വസംഹിതയുടെ സത്യം അവർ മാത്തുക്കുട്ടിക്ക് വെളിപ്പെടുത്തിക്കൊടുത്തു മാത്തുക്കുട്ടി അവരുടെ ഒരുറച്ച അനുയായിയും ഭടനുമായി കാലക്രമേണ ഗൗളി ചിലയ്ക്കാതെ മാത്തുക്കുട്ടി ഒരു കാര്യവും ചെയ്യില്ല എന്നു വന്നു പള്ളിയിൽ പോക്ക് പലപ്പോഴും മുടങ്ങി. പള്ളിക്കൂടത്തിൽ താമസിച്ചു പോകാനും പോകാതിരിക്കാനും തുടങ്ങി എന്നാൽ മാത്തുക്കുട്ടിയുടെ ചിറ്റപ്പൻ അച്ചനായിരുന്നു സ്കൂളിന്റെ മാനേജർ ഉണ്ണാനും കാപ്പി കുടിക്കാനും പോലും മാത്തുക്കുട്ടി ശാസ്ത്രത്തിന്റെ അനുമതി കാത്തു പിള്ളർക്ക് സുഖക്കേടു വന്നപ്പോൾ വൈദ്യനെ വിളിക്കാൻ പോകാൻ മാത്തുക്കുട്ടി ചെവിയോർത്തു തങ്കമ്മയെ കെട്ടിപ്പിടിക്കാനും ഇക്കിളികൂട്ടാനും അവരുടെ പ്രവചനങ്ങൾ കാത്തു ചെവിയോർക്കുന്നതിന്റെ ഏകാഗ്രതയിൽ തങ്കമ്മ വീണ്ടും ഉറക്കത്തിലാഴും മാത്തുക്കുട്ടി ഇരുട്ടിന്റെ അനവധി ശബ്ദങ്ങൾ കേട്ടുകൊണ്ട് തങ്കമ്മയെ നോക്കി കിടക്കും

താമസിയാതെ ഏതൊരു തുടർക്കഥയിലും ഉണ്ടാകാവുന്ന ഒരു സംഭവവികാസം മാത്തുക്കുട്ടിയുടെ യഥാർത്ഥവും സാധാരണവുമായ ജീവിതത്തിലും ഉണ്ടായി. തുടർക്കഥ ജീവിതം തന്നെയായി മാറുന്ന ആ മാരകവും ദയനീയവുമായ അവസ്ഥാവിശേഷത്തിലാണ് മാത്തുക്കുട്ടിയുടെ വ്യസനകരമായ കഥ തീരുന്നത് അതായത്, മാത്തുക്കുട്ടിയും പിള്ളരും സ്കൂളിൽ പോയിക്കഴിഞ്ഞുള്ള ഏകാന്തതയിൽ തങ്കമ്മ അസ്വസ്ഥയാകാൻ തുടങ്ങി. അങ്ങനെയിരിക്കെ, മലമ്പാറയിലെ തൊമ്മച്ചൻ എന്ന സുന്ദരനായ ചെറുപ്പക്കാരൻ ഒരു ദിവസം തന്റെ ഇളയ പെങ്ങൾക്കു ട്യൂഷൻ കൊടുക്കുന്ന കാര്യം പറയാൻ മാത്തുക്കുട്ടിയെ അന്വേഷിച്ച് വന്നു. മാത്തുക്കുട്ടി സ്കൂളിൽ നിന്ന് എത്തിയിട്ടില്ലായിരുന്നു. തൊമ്മച്ചന് മുപ്പത്തഞ്ച് ഏക്കർ ആർ.ആർ ഐ എം റബ്ബറും ഒരു ജീപ്പും ഉണ്ടായിരുന്നു കോളേജിൽ പഠിച്ചത് ബാംഗ്ലൂരിലായിരുന്നു ഇപ്പോൾ മടങ്ങി വന്ന് വീട്ടുകാര്യങ്ങൾ നോക്കിയും കല്യാണാലോചനകൾ ഗൗരവമായി എടുക്കാതെയും കഴിയുകയായിരുന്നു. തൊമ്മച്ചനെ തങ്കമ്മ പള്ളിക്കൽവെച്ചു ധാരാളം കണ്ടിട്ടുണ്ടായിരുന്നു, വർത്തമാനം പറഞ്ഞിട്ടില്ലെങ്കിലും. തങ്കമ്മ വരാന്തയിലൊരു കസേരയിട്ടു കാപ്പി കൊടുത്ത് തൊമ്മച്ചനെ മാത്തുക്കുട്ടി വരുന്നതുവരെ ഇരുത്തി സദാ പുഞ്ചിരിക്കുന്ന തൊമ്മച്ചനു ധാരാളം വർത്തമാനങ്ങൾ പറയാനുണ്ടായിരുന്നു അവർ അങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കവെ. അവർക്കു ചുറ്റും ഒരാരവം ഉയർന്നത് അവർ കേട്ടില്ല അവർക്ക് ഗൗളിശാസ്ത്രം അറിഞ്ഞുകൂടായിരുന്നല്ലോ. ചുറ്റുപാടുനിന്നും പല്ലികൾ തങ്ങളുടെ അനുയായിയെ ഓർത്തു ചിലയ്ക്കുകയായിരുന്നു. മാത്തുക്കുട്ടി വന്ന് തൊമ്മച്ചനോടു സംസാരിച്ചുനിന്നപ്പോൾ അവർ ഒരു ശബ്ദകോലാഹലം തന്നെയുണ്ടാക്കി. ബുദ്ധിജീവികളായിരുന്നെങ്കിലും അവർക്കുമുണ്ടായിരുന്നു അനുകമ്പ തുടങ്ങിയ മൃദുലവികാരങ്ങൾ പക്ഷേ, ഒന്നിച്ച് ഒരേ സമയത്ത് അനവധി ദിക്കുകളിൽനിന്നും കോണുകളിൽനിന്നുമുണ്ടായ ഈ പ്രവചനങ്ങളുടെ അർത്ഥമെന്തെന്ന് മാത്തുക്കുട്ടിക്കു മനസ്സിലായില്ല പ്രത്യയശാസ്ത്രങ്ങൾക്ക് ഒരു വക്താവേ പാടുള്ളൂ എന്നത് എത്ര ശരിയാണ്! ഒരു വഴിയും വക്താവും. ഭിന്ന സ്വരങ്ങളിലുള്ള തങ്ങളുടെ വൈകാരികമായ സമീപനത്തിലൂടെ ഗൗളികൾ ഒരു സുപ്രധാനമായ മുന്നറിയിപ്പ് മാത്തുക്കുട്ടിക്ക് നഷ്ടപ്പെടുത്തി

റബ്ബറിലകളിൽ കാറ്റുപിടിച്ച് ഉലയുന്ന പകലുകളിൽ തങ്കമ്മ തൊമ്മച്ചന്റെ വർത്തമാനങ്ങൾ തൊമ്മച്ചന്റെ സ്വർണമാലയിട്ട മാറിൽ തലവച്ചു കിടന്നു കേട്ടപ്പോൾ ഗൗളികൾ മറ്റു മുറികളിലേക്ക് ഇഴഞ്ഞുപോയി തങ്കമ്മയുടെ പ്രവൃത്തിയെപ്പറ്റി മാത്തുക്കുട്ടിയെ അറിയിക്കാനുള്ള ചിലപ്പുകൾ അവരുടെ ശാസ്ത്രത്തിലുണ്ടായിരുന്നെങ്കിലും തങ്ങളുടെ അനുയായിയെ അനാവശ്യമായി അസ്വസ്ഥനാക്കാൻ അവർ ഇഷ്ടപ്പെട്ടില്ല.

അവർ നിശ്ശബ്ദത പാലിച്ചു. മാത്തുക്കുട്ടിയുടെ ഈ അന്തിമത്യാഗത്തെ അവർ ഗൗരവബുദ്ധിയോടെതന്നെ കൈകാര്യം ചെയ്തു അനുയായി കളിൽ ചിന്താക്കുഴപ്പമുണ്ടാകരുതല്ലോ. ഒരു യഥാർത്ഥ വിപ്ലവകാരിയെ പ്പോലെ മാത്തുക്കുട്ടിക്ക് ഇനി നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്നു

മാത്തുക്കുട്ടിയുടെ നഷ്ടത്തെപ്പറ്റിയുള്ള ഈ പരാമർശം അതിന്റെ വൈകാരികാർത്ഥത്തിൽ മാത്രം കാണേണ്ടതാണ് കാരണം മാത്തുക്കു ട്ടിക്ക് റബ്ബർതോട്ടവും സ്കൂളിലെ ജോലിയും ഒന്നും നഷ്ടപ്പെട്ടില്ലല്ലോ എന്ന് ആർക്കും ചോദിക്കാം പക്ഷേ, റബ്ബർതോട്ടങ്ങൾ ഒരു വിപ്ലവ ത്തിലും നഷ്ടപ്പെടുന്നില്ലല്ലോ വാങ്ങപ്പെടുന്നല്ലേയുള്ളു? ആധുനിക സമ്പ്രദായത്തിലുള്ള കഥയാണെങ്കിലും ഇതു നടക്കുന്നത് കേരളത്തി ലാണെന്നതു നാമോർമ്മിക്കണം.

ഇതാണ് മാത്തുക്കുട്ടിയുടെ സങ്കടകരമായ കഥ സങ്കടകരം എന്ന് എന്റെയൊരു വൈകാരികമായ അഭിപ്രായം മാത്രമാണ് വൈകാരിക മായി നോക്കിയാൽ മാത്തുക്കുട്ടിയുടെ അവസ്ഥയിൽ വിവാഹിതരായ നാമാരും സങ്കടപ്പെട്ടുപോകും അതേ സമയം തന്നെ ഒരു പ്രത്യയശാസ്ത്രത്തിന്റെ വിജയവും ഇതിലടങ്ങിയിട്ടുണ്ട്. ഇതു സന്തോ ഷിക്കേണ്ട കാര്യമായിരിക്കാം പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം സങ്കടമാണു മുന്നിട്ടു നിൽക്കുന്നത് പ്രത്യയശാസ്ത്രങ്ങൾ പോയി കിണ റ്റിൽ ചാടട്ടെ! ഭാര്യയെ വല്ലവരുടേയും കൈയിൽ കൊണ്ടുപോയി കൊടു ക്കുന്ന പ്രത്യയശാസ്ത്രം എന്തു പ്രത്യയശാസ്ത്രം?

മറ്റു ചില സമീപനങ്ങളും സാദ്ധ്യമല്ലാതില്ല മാർക്സിയൻ വീക്ഷ ണകോണിൽനിന്നു നോക്കിയാൽ ഇത് ഒരിടത്തരക്കാരൻ അന്ധവി ശ്വാസി ബൂർഷ്വയുടെ ഭാര്യയെ ഒരു ക്യാപ്പിറ്റലിസ്റ്റ് യുവാവ് പിഴപ്പിക്കു ന്നതിന്റെ കഥ കമ്മിറ്റ്മെന്റ് ഇല്ലാതെ എഴുതിയിരിക്കുന്നതു മാത്രമാ ണ് നിലവിലുള്ള സാമുദായിക – സാമ്പത്തിക വ്യവസ്ഥിതികളെ മാറ്റാ നുള്ള യാതൊരു നിർദ്ദേശവും ഇതിലില്ല

എക്സിസ്റ്റൻഷ്യലിസമനുസരിച്ച് ഇതിലെന്തായിരിക്കും ഉണ്ടാവുക എന്നെനിക്കു വാസ്തവത്തിൽ നിശ്ചയമില്ല ഗൗളികൾ നിമിത്തം ഒരു നസ്രാണിയുവാവിന് അന്യതാബോധവും മോഹഭംഗവും ഉണ്ടാവുന്നു എന്നാവാൻ വഴിയുണ്ട് എക്സിസ്റ്റൻഷ്യലിസത്തിൽ ഭാര്യയെ നഷ്ട പ്പെടുന്നത് ഒരു സംഭവമല്ല എന്നാണ് ആ തത്ത്വശാസ്ത്രം വായിച്ചിട്ടു ള്ളവർ പറയുന്നത്

എന്നാൽ, കത്തോലിക്കാ തത്ത്വമനുസരിച്ചു കാര്യങ്ങളുടെ കിടപ്പ് എന്തെന്നെനിക്കറിയാം ഞാനും ഒരു നസ്രാണിയാണ് അനാശാസ്യ മായ വായനയിലൂടെ അന്ധവിശ്വാസങ്ങളിൽ വീണുപോയ ഒരുവന് തന്റെ പാപത്തിനു ശിക്ഷ ലഭിക്കുന്നതാണ് ഈ കഥയുടെ ഇതിവൃത്തം. ഇതെല്ലാം മാത്തുക്കുട്ടിയെ കേന്ദ്രകഥാപാത്രമായി കാണുമ്പോളാണ് തങ്കമ്മയെ കേന്ദ്രകഥാപാത്രമായി കണ്ടാലെന്താണുണ്ടാവുക എന്ന്

ഞാൻ അത്ഭുതപ്പെടുന്നു. തങ്കമ്മയെ എങ്ങനെ വീക്ഷിക്കണം എന്നെനിക്കു മനസ്സിലാവുന്നേയില്ല.

കഥ അവസാനിപ്പിക്കാൻ തുടങ്ങുമ്പോളാണ് ഓർക്കുന്നത്: പല്ലികളെ ആരും കൊല്ലില്ല എന്നു പറയുന്നത് ശരിയല്ല. കുട്ടികൾ അവരെ അടിച്ചു ചമ്മന്തിയാക്കാറുണ്ട്. വാസ്തവത്തിൽ എന്റെ അമ്മായിയപ്പൻ പല്ലികളെ കൊല്ലുമെന്നു കേട്ടിട്ടുണ്ട്. പക്ഷേ, ഇത്ര വ്യക്തിപരമായ ഒരു കാര്യം അദ്ദേഹത്തോടു ചോദിച്ചുകൂടാ. അല്ലെങ്കിലും ബന്ധുക്കളോടു ശാസ്ത്രീയമായ കാര്യങ്ങൾ ചർച്ച ചെയ്യാതിരിക്കുകയാണു ഭംഗി. എനിക്കറിയാവുന്നിടത്തോളം, കുട്ടികൾ മാത്രമാണ് ഓന്തിന്റേയും ഓലേഞ്ഞാലിയുടേയും അരണയുടേയുമൊക്കെയൊപ്പം മുഖം നോക്കാതെ പല്ലിയേയും തല്ലി നിലം പരിശാക്കുന്നത്. അവർക്ക് അതുകൊണ്ട് ഒന്നും സംഭവിക്കില്ല എന്നതാണു സത്യം. എന്നേയും നിങ്ങളേയുംപോലുള്ള മിടുക്കന്മാരെയാണ് പല്ലി പിടിക്കുന്നത്.

വി.പി. ശിവകുമാർ

ഭാരതമാതാവ്

മകനേ,

'നമ്മുടെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണോ ഭാരതമാതാവ്?' എന്നു പണ്ടൊരു ദിവസം സ്കൂൾ വിട്ടു വന്നയുടനെ നീ അച്ഛനോടു ചോദിച്ചില്ലേ? പിന്നെ ഒരു ദിവസം ഡോക്ടറങ്കിളിന്റെ മകൾ മൂബിച്ചേച്ചി കോളേജ് ഡേയ്ക്ക് ത്രിവർണ്ണപതാകയും പിടിച്ചു തലയിൽ കിന്നരിത്തൊപ്പിയുമായി നിൽക്കുന്ന ഫോട്ടോ കാണിച്ചുകൊണ്ടും നീ അതേ ചോദ്യം അച്ഛനോടു ചോദിച്ചു ഇനി പറയാം തെക്കേ പ്ലാവിന്റെ ചുവട്ടിൽ ദിവസവും അമ്മ ഒരു വിളക്കുവച്ചു തൊഴുന്നില്ലേ? ആ വിളക്കുകല്ലിന്റെ അടിയിലുള്ളത് അസ്ഥിയാണെന്ന് നിനക്ക് അറിയാമല്ലോ, ഇല്ലേ? ആ അസ്ഥി നിന്റെ അമ്മൂമ്മയുടേതാണ് എന്റെ അമ്മയുടെ അവരാണ് ഭാരതമാതാവ്. എന്റെയും എല്ലാവരുടെയും അമ്മ

ഗീതേ,

ആരും അച്ഛനില്ലാത്ത കുട്ടികളുടെ അമ്മയാവാതിരിക്കട്ടെ അച്ഛനുള്ളപ്പോൾപ്പോലും അമ്മയായി ജീവിക്കുന്നതിന്റെ ബുദ്ധിമുട്ട് നീ അറിയുന്നുണ്ടല്ലോ സാരമില്ല വയസ്സുകാലമാവട്ടെ, നാട്ടുനടപ്പനുസരിച്ച് ഇത്തിരി ഐശ്വര്യമൊക്കെ നമുക്കും കിട്ടും പക്ഷേ, പണമില്ലെങ്കിൽ പിന്നെ എന്ത് ഐശ്വര്യം, അല്ലേ? ഒക്കെയൊരുതരം കള്ളമാവണം. 'ഐശ്വര്യ പൂർണ്ണമായ മാതൃത്വം' എന്നൊക്കെ ഫോട്ടോകൾക്ക് അടിക്കുറിപ്പുകൾ എഴുതാൻ എളുപ്പം ഇവിടെ അടുത്തൊരു വീട്ടിൽ ഇന്നലെ നടന്ന സംഭവം കേൾക്കണോ? ഒരു സ്ത്രീയും രണ്ടുമൂന്നു മക്കളും മാത്രമേയുള്ളു ആ വീട്ടിൽ മേൽക്കൂരയ്ക്കു കഴുക്കോലിട്ട ദിവസംതന്നെ അവരുടെ ഭർത്താവ് കൂരപ്പുറത്തുനിന്നു വീണു നടുവൊടിഞ്ഞു അരയ്ക്കു കീഴോട്ടു തളർന്നു കിടന്നു ചത്തു. വളരെ ആഭിജാത്യമുള്ള ഒരു പഴയ നായർകുടുംബത്തിലെ മിച്ചമൂല്യംപോലെ ഭക്തിയും ഒട്ടേറെ വിശ്വാസങ്ങളും ചുമന്നു മുഖം നിറയെ ഭസ്മത്തിന്റെയും ചന്ദനത്തിന്റെയും വിചിത്രവർണങ്ങളുമായി നടന്ന് എല്ലാ കല്ലുകൾക്കും മുന്നിൽ

നമസ്കരിച്ച ഒരു തള്ള ദൈവം സഹായിച്ച് മുഴുപ്പട്ടിണി ആരോരും സഹായമില്ല രണ്ടുമൂന്നുദിവസമായി അടച്ചു പട്ടിണി അയൽക്കാർ അറിയാഞ്ഞിട്ടല്ല. ആരും ഒന്നും ചെയ്തില്ല പുറത്തുപോയി ആഹാരം സമ്പാദിക്കേണ്ടതെങ്ങനെയെന്ന് അവർക്കറിയില്ല പണമില്ല, ചുറ്റിനും പണക്കാർ മാത്രം. കച്ചവടക്കാർ, ദല്ലാളന്മാർ, ഭിന്നമതക്കാർ ഈ ലോകം ആ അമ്മയുടേതായിരുന്നില്ല തൊട്ടു കിഴക്കേതിലെ വെളുത്തേടത്തു നായന്മാരുടെ വീട്ടിൽ ഇന്നലെയൊരു കെങ്കേമൻ കല്യാണമുണ്ടായിരുന്നു നാടടച്ചായിരുന്നു സദ്യ അമ്മയുടെ വിശന്ന മക്കളെ ആരും സദ്യയുണ്ണാൻ വിളിച്ചില്ല. ഈ ലോകത്തിന്റെ ഇരുണ്ട ഗർഭങ്ങളിലെവിടെയോ മനസ്സു മുളയ്ക്കാത്ത ഭ്രൂണങ്ങളായി അവർ മയങ്ങിക്കിടന്നു ഒരു ഉറക്കത്തിൽനിന്ന് ഒരു മയക്കത്തിലേക്കു തിരിഞ്ഞുകിടന്നു അപ്പോഴാണ് നാഗസ്വരത്തിന്റെ നാദം കേട്ടുതുടങ്ങിയതും കല്യാണപ്പെണ്ണു നാണം കുണുങ്ങിയതും എല്ലാം ശ്രദ്ധിച്ചുകൊണ്ട് വിശക്കുന്ന കുട്ടികളുടെ അമ്മ ജീവിതം കാക്കുന്ന വായിൽ ഉമിനീരുപോലുമില്ലാത്ത ഒരു കൊടിച്ചിപ്പട്ടിയെപ്പോലെ നില്ക്കുന്നു അരിവെപ്പുപുരയിൽനിന്ന് ഈ ഗതികെട്ട അമ്മയുടെ വീടിന്റെ അതിരുവരെ ഒരു ചാലു വെട്ടിയിട്ടുണ്ട് ഒരു വലിയ കുഴിയിൽ ആ ചാല് അവസാനിക്കുന്നു ചാലിലൂടെ അരി വാർത്തുവരുന്ന കഞ്ഞിവെള്ളം ആ കുഴിയിലാണ് വീഴേണ്ടത് വിശക്കുന്ന നമ്മുടെ അമ്മ ചാക്കുമറയ്ക്കുള്ളിൽ ഇടയ്ക്കിടെ കണ്ണുതുടച്ചുകൊണ്ട് അലുമിനിയക്കിണ്ണവുമായി നില്ക്കുന്നു ഇപ്പോൾ സന്ധ്യയാകും ആദ്യത്തെ ചെമ്പ് അരിവാർക്കും കുഴിയിലേക്കു വന്നു വീഴുന്ന കഞ്ഞിവെള്ളം ഓരോ പാത്രം കോരി മക്കൾക്കു കൊടുക്കണം ഒരു പാത്രം കുടിക്കണം കിടന്നുറങ്ങണം കൃഷ്ണാ!

സുഹൃത്തേ,

ഈ സദസ്സിൽ മൂന്നാമനായ നിന്നോടു ഞാൻ ചോദിക്കട്ടേ? എന്തുകൊണ്ടാണ് നമ്മൾ കഞ്ഞിവെള്ളത്തെ വെറുത്ത തലമുറ ആയത്? അനേകനാൾ അമ്മമാരുടെ കൈയിൽനിന്നും വാങ്ങിക്കുടിച്ച ഉപ്പിട്ട കഞ്ഞിത്തെളി നമ്മൾ മറന്നു രുചി പോരാഞ്ഞിട്ടാവണം നമ്മുടെയൊക്കെ കാര്യം എത്ര ഭേദമാണ് നമുക്ക് മൂന്നുനേരവും ആഹാരം കഴിക്കാനെങ്കിലുമുള്ള വരുമാനം ഉള്ളതുകൊണ്ടാവാം ഒന്നും അറിയാത്തത് ഹോട്ടലിൽ കയറിയാൽ അതിന്റെ പിൻവശത്തെ വൃത്തികേടിന്റെമേൽ ഒന്നു കാർക്കിച്ചുതുപ്പാതെ നമ്മൾ തിരിച്ചുപോരാറില്ല സമൃദ്ധിയുടെ നടുക്കുള്ള ടാറിട്ട നിരത്തുകളിലൂടെ ഒരുമിച്ചു നടക്കുമ്പോൾ നീ പറഞ്ഞിട്ടുണ്ട്, ഇന്നു കേരളത്തിൽ മുഴുപ്പട്ടിണിക്കാരായി ആരും ഇല്ലെന്ന് സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പും അതുതന്നെ പറയും നിനക്കു തോന്നുന്നുണ്ടോ ആ സ്ത്രീയുടെ കുട്ടികൾ ആ രാത്രിക്കപ്പുറം ജീവിക്കുമെന്ന്? എന്തുകൊണ്ടാണെന്നുകൂടി ഞാൻ പറയാം യാഥാസ്ഥിതികത്വത്തിന്റെ ഒരാത്മാവാണ് അവരുടെയുള്ളിൽ. ഒരു മഹാപാപം

ചെയ്യുന്ന മട്ടിലാണ് അവരതിനു തയ്യാറെടുത്തത്. കഞ്ഞിവെള്ളം കോരുന്നതിലല്ല തൊട്ടുകൂടാത്തവരുടെ കഞ്ഞിവെള്ളമായതിനാലാണ് അവർക്കു വിഷമം നവഗ്രഹങ്ങൾ അവയുടെ ദുർജ്ഞേയമായ സ്ഥാനങ്ങളിൽ തുറിച്ചു നോക്കിനിൽക്കേ അവരങ്ങനെ കാത്തുനിന്നു സൂര്യന്റെ തീ കെട്ടു. ഇരുട്ടിന്റെ ചാരം കൂടിവന്നു. അതിനിടയിലൂടെ ചന്ദ്രൻ തല പൊക്കി. അത്ഭുതകരമായ ഒരു നിഴൽ നാടകത്തിന്റെ വേദി തെളിഞ്ഞു വന്നു. നിലാവിന്റെ തൈലം പരന്നൊഴുകി ഇരുട്ടിനു നടുക്ക് വെളുത്ത ഒരു പൊട്ടുപോലെ കഞ്ഞിവെള്ളത്തിന്റെ ഉറവ പ്രത്യക്ഷപ്പെട്ടു. ചാലിലൂടെ വെള്ളിക്കമ്പിപോലെ അതു നീണ്ടുവന്നു. ശുഭ്രനീലമായ കാകോളംപോലെ വെട്ടിത്തിളങ്ങി അതു കുഴിയിലേക്കു വീണു എവിടെയോ ഇരുന്ന് ആരോ കരയുന്നു ദുർബലമായ മനസ്സിലിരുന്ന് ഒരു ജീവൻ നടുങ്ങി പഞ്ഞിക്കെട്ടിനിടയ്ക്ക് ഒരു തീപ്പൊരി. ആളിക്കത്തുന്ന ജീവിതം ഗതികിട്ടാ പ്രേതത്തെപ്പോലെ കാലവും കോലവും കെട്ട ആ രൂപം പുറത്തിറങ്ങി നടന്നു അതിരുവരെ. അവിടെയുള്ള കുഴിവക്കത്തിരുന്ന് കൊള്ളിമീനിന്റെ വേഗതയിൽ കിണ്ണം താഴേക്കിറക്കി അപ്പോൾ, കഞ്ഞിവെള്ളത്തിൽ പൗർണ്ണമിച്ചന്ദ്രൻ എത്ര അവിശ്വസനീയം. ദൈവം തൂണിലും തുരുമ്പിലും കഞ്ഞിവെള്ളത്തിലും സുന്ദരം. ഇത്രനാളും ഒരു മിഥ്യയായിരുന്ന, പലപ്പോഴും എത്തിപ്പിടിക്കാനായി

മകനേ,

നീ കൈ നീട്ടിയ നിന്റെ അമ്പിളിയമ്മാവൻ. സ്വപ്നങ്ങളിൽ കുട്ടികൾ ഉമ്മവച്ച് ആ മുഖമാകെ തഴമ്പുകൾ വീണിരിക്കുന്നു അല്പനേരം കഴിഞ്ഞ് മൃദുവായി ചന്ദ്രൻ ചോദിച്ചു എന്നെ അറിയില്ലേ? ഇല്ല. അമ്മ പറഞ്ഞു. ഞാൻ ചന്ദ്രൻകുട്ടിയാണ് അമ്മ ഞെട്ടി തലയ്ക്കു കൈ കൊടുത്തു എന്റെ ദൈവമേ, ഞാൻ ചെയ്തതു കണ്ടോ? അവർ പരിഭ്രമത്തോടെ ചോദിച്ചു. കണ്ടു കർമ്മ സാക്ഷി രാജകീയമായി പുഞ്ചിരിച്ചു അവിടുന്നു ക്ഷമിക്കണം. നിവൃത്തികേടുകൊണ്ടാ അമ്മ ഗതികേടു പറഞ്ഞു. സാരമില്ല ഇനി ഇങ്ങനെയൊന്നും ചെയ്യരുത് ചെയ്താൽ – തലയ്ക്കു മുകളിൽനിന്ന് അമൃതം ചൊരിഞ്ഞിരുന്ന ഓഷധീശന്റെ മുഖം ചുവന്നു കടുത്ത കോപം നിറഞ്ഞു

സുഹൃത്തേ,

ഏതോ ഒരു മഷിനോട്ടക്കാരൻ കാട്ടിയ മഷിക്കുള്ളിലെ മായാരൂപത്തെ എന്നപോലെ അമ്മ കുഴിക്കുള്ളിലെ ചന്ദ്രനെ പകച്ചുനോക്കി. പണ്ടേ ദുർബല. ഇപ്പോൾ പട്ടിണിയും. നെഞ്ചത്തു കൈവച്ചുകൊണ്ട് അവർ ചോദിച്ചു. 'എന്റെ ചന്ദ്രഭഗവാനേ, എത്ര കാലം നിനക്കു വെളുത്തവാവു പൊങ്കാലയിട്ട് ഉണ്ടായവരാണ് അതാ അകത്തു കിടക്കുന്ന കുട്ടികൾ' അതു കേട്ട് ഒരു ചീത്തക്കുട്ടിയെപ്പോലെ ചന്ദ്രൻ പിറുപിറുത്തു. ദർപ്പിതനായ അസുരവേഷത്തെപ്പോലെ അയാൾ പ്രഖ്യാപിച്ചു: 'എന്റെ അമൃതം ഒരു വീടിന്റെയുള്ളിലും കടന്നു ചെല്ലാറില്ല.' പിന്നെ

തെല്ലൊന്നുയർന്നു നിന്നുകൊണ്ട് ചന്ദ്രൻ മരണത്തിന്റെയും നിലാവിന്റെയും രണ്ടുതരം ഇഴകളുള്ള ഒരു തണുത്ത വലയെറിഞ്ഞ് അമ്മയെ കുരുക്കി. ഒരു മാന്ത്രിക ക്രിയയ്ക്കുവേണ്ടി എന്ന പോലെ ലോകം നിശ്ചലമായി ബോധത്തിന്റെയും വിശപ്പിന്റെയും ജ്വാലകൾ കെട്ടതോടെ അതിനുപകരം ദിവ്യമായ ഒരനുഗ്രഹം അവരിലേക്കിറങ്ങി വന്നു ചന്ദ്രകിരണങ്ങളിലൂടെ മഞ്ഞുപാളികളിലേക്ക്; ശിരസ്സിനെ പിന്നെ മഞ്ഞുപാളികൾ മൂടി. മരണം അവർ അനുഗൃഹീതയായി. സമ്പൂർണ നിശ്ചലതയിൽ ബോധാബോധങ്ങളുടെ വിടവിലൂടെ വിധുവിന്റെ ശബ്ദം അവസാനമായി ഇങ്ങനെ കേട്ടു 'അമരത്വം തരാം അമരത്വം. അമരത്വം നിത്യജീവനാണ്. അതാ കേൾക്കുന്നില്ലേ? പുറത്ത് മനുഷ്യർ വസന്തങ്ങൾക്കുവേണ്ടി കൊത്തിക്കിളയ്ക്കുന്ന ശബ്ദം? അവരുടെ പ്രയത്നം പുഷ്പിക്കുന്ന കാലമാകുമ്പോഴേക്കും നീ നിത്യജീവൻ നേടിക്കഴിഞ്ഞിരിക്കും പട്ടുപോകൂ അമ്മേ നീയാണ് ആ വസന്തത്തിന്റെ മണ്ണ് ഒരു കാർമേഘം ചന്ദ്രനെ മൂടി

അങ്ങനെയാണ് ആ സ്ത്രീ മരിച്ചത് ഇന്നലെ രാത്രി തുടർന്ന് ഭ്രൂണസദൃശരായ അവരുടെ കുട്ടികളും മരിച്ചു ഇന്നു രാവിലെ ശാന്തം പാപം നീ ഇതു വിശ്വസിക്കണം കേട്ടോ ജേക്കബ്, നിനക്കു മൂന്നാണ് കുട്ടികൾ.

കേട്ടോ മോനേ,

നീയും ഇതിനെ ഒരു പഴങ്കഥയാക്കി കാണരുത് ഓ, സങ്കടം വന്നോ? കഥ കേട്ടു കരയുന്ന ശീലം നിറുത്തണം അച്ഛൻ ഇത്രയും കാലം പറഞ്ഞുതന്ന കഥകൾ എല്ലാം മറക്കണം ആരും ചാവാത്ത കഥകൾ ഇല്ല ലോകത്തിൽ ആളുകൾ ചാവുന്ന കഥകളാണ് കൂടുതൽ ആ അമ്മ മരിച്ചില്ല എങ്കിൽ എന്തായിരിക്കാം നടക്കുക എന്നു നോക്കാം അവർ മരിച്ചില്ല കഞ്ഞിവെള്ളം കോരാതെ തിരിച്ചുപോയി അപ്പോൾ ഒരു സിദ്ധൻ അവിടേക്കു കടന്നുവന്നു. കൈയിൽ ഒരു സ്വർണ്ണത്തളികയുണ്ട് സിദ്ധൻ അത് അമ്മയുടെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു 'ഇതാ, ആ കല്യാണം നടക്കുന്ന വീട്ടിലിതു കൊണ്ടുകൊടുക്കൂ അവർ ഇതു പണയമായി സ്വീകരിച്ചുകൊണ്ട് രൂപാ തരും കുട്ടികൾക്ക് ആഹാരം വാങ്ങിക്കൊടുക്കൂ അവർ പട്ടിണിയായിട്ട് രണ്ടുമൂന്ന് ദിവസമായല്ലോ ഞാനും ഒന്നു പോയി വേഗം കുളിച്ചുവരാം പറഞ്ഞതുപോലെയൊക്കെ നടന്നു ദൈവമായിരുന്നു സിദ്ധന്റെ വേഷത്തിൽ വന്നത് ഇത്ര അത്ഭുതകരമായ വിധത്തിൽ ഇക്കാലത്തു മറ്റാരു വരാനാണ്? അമ്മ അരി വച്ചു സിദ്ധൻ വന്നിട്ട് ചോറു വിളമ്പാമെന്നു കരുതി കുട്ടികളെ വിളിച്ചുണർത്താതെ കാത്തിരുന്നു. സിദ്ധൻ വന്നില്ല രാവിലെയായപ്പോഴേക്കും കുട്ടികൾ മരിച്ചു മോനേ, ദൈവം മനുഷ്യരുടെ ചോറുണ്ണാൻ വരികയില്ല നേദ്യച്ചോറു കഴിച്ച് ശാന്തിക്കാരും അമ്പലവാസികളും ജീവിക്കുന്നു വിശക്കുന്നവന് അതിൽ ഒരു വറ്റ് പലപ്പോഴും കിട്ടാറുമില്ല സൂര്യൻ ഉദി

ച്ചപ്പോഴേക്കും ആ കുട്ടികളുടെ കുരുന്നുതൊണ്ടയിലെ ജീവിതം പാടുന്ന പൈങ്കിളികൾ എങ്ങോട്ടോ പറന്നുപോയിരുന്നു ദാ, കണ്ടോ. അമ്മയെ ജീവിപ്പിച്ചാലും ഈ കഥയിലെ കുട്ടികൾക്കു ജീവിക്കാൻ കഴിയുമായിരുന്നില്ല

ഏതു സാധാരണ സംഭവത്തിനുള്ളിലും അത്ഭുതത്തിന്റെ ഒരു തരി കാണും ഇവിടെയും അങ്ങനെയൊന്നുണ്ടായി പണയപ്പണ്ടം സൂക്ഷിച്ചിരുന്ന വീട്ടിൽ തളിക പത്തായത്തിനകത്തുവച്ചു പൂട്ടിയവർ രാവിലെ നോക്കിയപ്പോൾ പത്തായത്തിനകത്ത് ഒന്നുമില്ല അവരാകെ പരിഭ്രമിച്ചു അപ്പോഴാണ് കിഴക്കേ ദിക്കിൽ വെളിച്ചം കണ്ടത് തളിക അവിടെയുണ്ട്. അത് ആകാശത്ത് ഉയർന്നു നിൽക്കുന്നു. സൂര്യൻ അതെ, ആ തളിക സൂര്യനായിരുന്നു ഈ അത്ഭുതവും പുതച്ചു കിടന്ന് എന്റെ മോൻ വേഗം ഉറങ്ങിക്കോ രാവിലെ സ്കൂളുള്ളതാണ്

കേട്ടോ സുഹൃത്തേ,

ഈ സൂര്യൻ ചന്ദ്രനെക്കാൾ എത്രയോ ഭേദമാണെന്നോ? ശവസംസ്കാരം നടത്തിയത് അയാളാണ് ഇങ്ങനെ, അമ്മയുടെയും മക്കളുടെയും ജഡങ്ങൾ ഇന്നു പുലർച്ചെ ചെത്തിത്തേക്കാത്ത ഒരു വീട്ടിൽ രണ്ടു സ്ഥലത്തായി കിടക്കുമ്പോഴാണ് ആദ്യം ഉഷസ്സ് കടന്നു വന്നത് തേരുരുളുന്ന മുഴക്കം കിളികൾ വിളിച്ചുപറയുന്നു സൂര്യൻ നരച്ച ഒരു വെണ്മയുടെ ലാഞ്ചനകൾ കവി പറയുന്നതു ശരിയാണ് രാത്രിയുടെ ദുഃഖം പെട്ടെന്നു ആവിയായിത്തീരുന്നു! പദാർത്ഥങ്ങൾ പുഞ്ചിരിക്കുന്നു ഹാ! മനുഷ്യഹൃദയങ്ങൾ സുതാര്യങ്ങളാകുന്നു അവയ്ക്കുള്ളിലെ ദുർഭൂതങ്ങൾ അബോധത്തിൽ എവിടെയോ ചെന്നു ലയിക്കുന്നു പിന്നെയും മനുഷ്യർ തലേന്നു വൈകിട്ടു നിറുത്തിവച്ച പണികൾ ഏറ്റെടുക്കുന്നു നമ്മൾ പുരുഷന്മാർ എല്ലാ ചൈതന്യവും ഒരുക്കൂട്ടി കാവൽനായ്ക്കളായും, കലപ്പയുടെയോ പേനയുടെയോ ഒരറ്റത്തു ചെന്നു പിടിച്ച് യന്ത്രമനുഷ്യരായും, മാറുന്ന നേരം അപ്പോൾ സൗരയൂഥത്തിന്റെ കടിഞ്ഞാണും പിടിച്ചുകൊണ്ട് ഏഴു കുതിരകളെ പൂട്ടിയ രഥത്തിൽ വെട്ടിത്തിളങ്ങുന്ന തങ്കക്കിരീടവുമായി തീ പാറുന്ന കണ്ണുകളോടെ സാക്ഷാൽ സൂര്യൻ അതിശീഘ്രം കടന്നുവന്ന് ഈ ലോകത്തിന്റെ മുകളിൽ എത്തിനിന്നു ഒന്നും മറച്ചുവയ്ക്കാനാവാത്ത, കുത്തിത്തുളയ്ക്കുന്ന, ആർക്കും രക്ഷപ്പെടാനാവത്തയത്ര നേരിട്ടുള്ള ദൃഷ്ടിപാതത്തിന്റെ ഫലമായുണ്ടായ സൂര്യപ്രകാശത്തിന്റെ ആ സുവർണ്ണനദി പ്രചണ്ഡമായി പാഞ്ഞുവന്ന് ഒരു ചിത്രകംബളംപോലെ അമ്മയേയും മക്കളേയും മൂടിക്കൊണ്ടു പരന്നൊഴുകി അപ്പോൾ മാത്രമാണ് ആളുകൾ ആ സംഭവത്തെപ്പറ്റി അറിഞ്ഞത് ഞാനും

മകനേ,

നീ ഉറങ്ങിയോ? ഒരു കാര്യംകൂടി പറഞ്ഞോട്ടെ ഈ കഥ പറഞ്ഞുതന്നത് ചില കാര്യങ്ങൾ നീ അറിയാൻവേണ്ടിക്കൂടിയാണ് അമ്മയെ

സ്നേഹിക്കണം അച്ഛനെ നീ കണക്കിലെടുക്കുകയേ വേണ്ട. ഭാരതപിതാവ് ഇല്ല. രാഷ്ട്രപിതാവേയുള്ളു. അതു ഉണ്ടായിട്ട് ഒരു നൂറ്റാണ്ടുപോലും ആയിട്ടില്ല സൂര്യന്റെ കടുത്ത രശ്മികൾ അച്ഛനെ പഞ്ചഭൂതങ്ങളായി ഇതൾ വിടർത്തി കാറ്റിൽ പറത്തിയേക്കാം ഒരു ഇടിമുഴക്കത്തിലോ, ഒരു വാൾവീശലിലോ അച്ഛനെ നീ കാണാതെയായേക്കാം. തുടക്കംപോലെ ഒടുക്കവും പരമമായ ഏകാന്തതയിലാവാം എന്നാൽ, അമ്മയുടെ കാര്യം അതല്ല നീയില്ലെങ്കിൽ അമ്മയ്ക്ക് ഗുരുവായൂർ കിഴക്കേ നട മാത്രമേയുള്ളു ശരണം കുറൂരമ്മയും ഭക്തകളായ മറ്റ് അമ്മമാരും നിരന്നിരുന്ന ആ സ്ഥലത്തു നരച്ചു പിഞ്ചിയ വേഷവും ഒരു മാറാപ്പുമായി ഒരു മുളകു കടിച്ചുകൊണ്ട് അമ്പലത്തിൽനിന്നു കൊടുക്കുന്ന അഗതികൾക്കുള്ള നേദ്യച്ചോറും തിന്ന് മോന്റെ അമ്മ ഇരിക്കുമെന്നത് അത്ര നല്ല കാര്യമാണോ? അതിന് ഒരിക്കലും ഇടയാക്കരുത്. അമ്മ പ്രാണനാണ്.

എൻ.എസ്. മാധവൻ

വിലാപങ്ങൾ

അയ്യോ, ജനപൂർണയായിരുന്ന നഗരം ഏകാന്തയായിരുക്കുന്നതെങ്ങനെ? .. സംസ്ഥാനങ്ങളുടെ നായകിയായിരുന്നവൾ ഊഴിയവേലക്കാരത്തിയായതെങ്ങനെ?

-വിലാപങ്ങൾ (11)

ഒരു നൂറ്റാണ്ട് പഴക്കമുള്ള തന്റെ കൃഷ്ണമണികളിൽ പതിയുന്ന തിളക്കം കടലാണെന്ന് ഊഹിക്കാതെ തന്നെ പെരുമാളിന് അറിയാമായിരുന്നു കൊട്ടാരത്തിന്റെ മുകളിലത്തെ നിലയിലെ മുറിയുടെ ജനലിന്റെ മുമ്പിൽ, സൈക്കിൾ ചക്രങ്ങൾ പിടിപ്പിച്ച കസേരയിലിരുന്ന്, കുറച്ചു നേരം കണ്ണടച്ച്, പെരുമാൾ കടലിന്റെ ഇരമ്പൽ കേൾക്കാനായി കാതോർത്തു പെരുമാൾ ഭരിച്ചിരുന്ന മുസൂറിയിലെ ജനങ്ങൾ അടുത്ത കാലം വരെ കടലിന്റെ ഒച്ച കേട്ടിരുന്നില്ല രാജ്യം നിറച്ചും കടൽക്കാക്കകളായിരുന്നു. അവ തിന്നും, കാഷ്ഠിച്ചും, ഇണചേർന്നും, മുട്ട വിരിയിച്ചും കടൽത്തിരകളേക്കാൾ ഉറക്കെ ചിലച്ചുകൊണ്ടിരുന്നു.

പെരുമാൾ തൊണ്ടയനക്കി കഫക്കൂറുള്ള ആ ശബ്ദം കേട്ടപാതി പെരുമാളിന്റെ സിൽബന്തി മമ്മത് പെരുമാളിന്റെ മുമ്പിൽ ചെന്നു നിന്നു

"നീ ആ കണ്ണടയെട്", പെരുമാൾ പറഞ്ഞു മമ്മതിന്റെ മുമ്പിൽ വച്ച് മാത്രമേ പെരുമാൾ കണ്ണട വച്ചിരുന്നുള്ളു അതിന്റെ കട്ടിച്ചില്ല്. തന്റെ കണ്ണുകളെ വലുതാക്കി, മുഖത്തിന്റെ അനുപാതം തെറ്റിച്ചു അതിനൊരു കോമാളിരൂപം നൽകിയിരുന്നത് പെരുമാളിന് ഇഷ്ടമായിരുന്നില്ല

"ങും തള്ള്". പെരുമാൾ മമ്മതിനെ നോക്കി പറഞ്ഞു. അൻപത് വർഷം കൂടെ നിന്നിട്ടും, ഇപ്പോഴും യജമാനന്റെ ഉള്ളിലിരിപ്പ് പിടികിട്ടാത്തതുകൊണ്ട് മമ്മത് ചോദിച്ചു " ഹജ്ജൂർ, ഉന്തുവണ്ടി എങ്ങൊട്ടാ?"

"ഉന്തുവണ്ടി നിന്റെ ബാപ്പാടെ, ഇത് ഉന്തു സിംഹാസനം,"

"ഹജ്ജൂർ, മാപ്പ്, ഉന്തുസിംഹാസനം എങ്ങോട്ടെക്കാണാവോ?"

"മട്ടുപ്പാവ് "

മുസൂറിയിലെ കടൽത്തീരത്തിലൂടെ കടൽക്കാക്കകളെ തേടി പെരു

മാൾ കണ്ണോടിക്കുന്നത് മമ്മത് കണ്ടു. കടൽക്കാക്കകളെ കാണാഞ്ഞിട്ടും കൂസലില്ലാതെ പെരുമാൾ ഇടത്തോട്ട് മുഖം തിരിച്ച് മുസൂറിയിലെ മതിലുകളില്ലാത്ത വീടുകളെ നോക്കി. 'ഉണ്ടപക്കീരി തുലയട്ടെ' എന്നൊരു ചുമരെഴുത്ത് നാലഞ്ചു വർഷം മുമ്പ് പ്രത്യക്ഷപ്പെട്ടപ്പോൾ, തലമുറകൾ കൈമാറി തനിക്ക് കിട്ടിയ പൊക്കക്കുറവാണ് അത് സൂചിപ്പിക്കുന്നതെന്ന് ആരും പറഞ്ഞുകൊടുക്കാതെ തന്നെ പെരുമാൾ മനസ്സിലാക്കി. അടുത്ത തവണ ദർബാർ കൂടിയപ്പോൾ പെരുമാൾ ചിരിച്ചുകൊണ്ട് ചോദിച്ചു: "ചുമരുണ്ടെങ്കിലല്ലെ.,... "

അന്നു തന്നെ ബുൾഡോസറുകൾ മതിലുകൾ ഇടിച്ചു വീഴ്ത്തി മുസൂറിയിലെ വീടുകൾ നഗ്നമായി.

"എല്ലാവരും പോയി, അല്ലെ" പെരുമാൾ ആളൊഴിഞ്ഞ കവലകൾ നോക്കി ചോദിച്ചു.

"ഇല്ല ഗുമസ്തന്മാരും ഉദ്യോഗസ്ഥന്മാരും പോയെങ്കിലും കൊട്ടാരത്തിലെ വേലക്കാർ ഹജൂറിനെ വിട്ട് പോയിട്ടില്ല " മമ്മത് പറഞ്ഞു

"അവറ്റകള് ഖജനാവ് കാലിയാക്കിയിട്ടേ പോകുന്നുണ്ടാവുള്ളു പിന്നെ ആരൊക്കെ ബാക്കിയുണ്ട്?"

"നമ്മുടെ ആളുകൾ പോയിട്ടില്ല "

"പക്കീരികൾ എവിടെ പോകാൻ?"

മമ്മത് ഒന്നും മിണ്ടിയില്ല പക്കീരികൾക്ക് ഒരു നാട് ഉണ്ടാക്കിക്കൊടുത്ത ആളാണ് നെട്ടൂർ ഹാജി മൂസ്സ പെരുമാൾ ഓണക്കാലത്ത് കോവിലകങ്ങളിലും, നായർ തറവാടുകളിലും തപ്പുകൊട്ടി. ചുവടുകൾ പാടി കിട്ടുന്ന അരിയും കായും പപ്പടവും കൊണ്ട് അഞ്ചു തവണ നിസ്ക്കരിച്ച്, പവിത്രമായി ജീവിച്ചിരുന്ന പക്കീരികളെ ആദ്യം പത്തേമാരികളിലും, പിന്നെ അന്തസ്സായി ആവിക്കപ്പലിലും പെരുമാൾ കുടിയേറ്റി

"പക്കീരികൾ ഇപ്പോൾ എന്തെടുക്കുന്നു?"

"ഉൾക്കായലിൽ മീൻ പിടിക്കാൻ പോവും അത്രതന്നെ "

"ആരൊക്കെ പോയാലും എന്റെ വാര്യരുണ്ടെങ്കിൽ ഞാൻ ഇനിയും നൂറുകൊല്ലം ജീവിക്കും ഞാൻ ഇരുന്നൂറ് തികയ്ക്കും, നീ നോക്കിക്കോ "

പെരുമാളിന്റെ മകൻ കാദീർ മാത്രം പെരുമാൾ നശ്വരനാണെന്ന് ഒരിക്കൽ സംശയിച്ചു അന്ന് പെരുമാളിന് തൊണ്ണൂറ്റിയേഴ് വയസ്സ് പ്രായമായിരുന്നു പെരുമാളിനെ മുഖം കാണിച്ച് കൊട്ടാരം ചാരാൻ മുറിവിട്ട് പുറത്തിറങ്ങിയ മുതൽ അകത്തു നിന്ന് പെരുമാൾ മൂളുന്ന ശബ്ദം മമ്മത് കേട്ടു. തന്റെ നാടിന്റെ എല്ലാ ചരിത്രസന്ധികളിലും മമ്മത് ഈ മൂളിപ്പാട്ട് കേട്ടിട്ടുണ്ട് മുസൂറിയെ സാമന്ത രാജ്യമാക്കുവാൻ വൻശക്തികൾ നടത്തിയ ശ്രമങ്ങൾ തകർക്കുന്നതിന്റെ മുന്നോടിയായി പെരുമാൾ ദിവസങ്ങളോളം മൂളിയിരുന്നു അകത്തു നിന്ന് പെരുമാളിന്റെ ശബ്ദം മുഴങ്ങി· "മമ്മതെ, കാദീരിനെ വിളി"

മമ്മത് കാദീരിനെ വിളിക്കുവാൻ പോയില്ല പകരം, പെരുമാളിന്റെ

അനുവാദം കൂടാതെ ആദ്യമായി അയാൾ മുറിക്കുള്ളിൽ കയറി. മമ്മത് ചോദിച്ചു "ഹജ്ജൂർ, ഇളയ പെരുമാൾ ചെയ്ത കുറ്റമെന്താണ്?"

ഒരു നിമിഷം പെരുമാൾ മമ്മതിനെ പകച്ചു നോക്കി. എന്നിട്ട് കാര്യമാത്ര പ്രസക്തമായി പറഞ്ഞു· "മമ്മതെ, അവന് രണ്ടു തെറ്റു പറ്റി ഒന്നാമത്തേത് അവൻ അവന്റെ ചപ്രാസിയോട് ചോദിക്കാൻ പാടില്ലാത്തത് ചോദിച്ചു ഇനി എത്രകാലം കൂടി ഞാൻ ജീവിച്ചിരിക്കുമെന്ന്."

കാദീരിന്റെ രണ്ടാമത്തെ തെറ്റ് പെരുമാൾ പറയാതെതന്നെ മമ്മതിന് അറിയാമായിരുന്നു കാദീരിന്റെ ചപ്രാസി കൊട്ടാരം ചാരനായിരുന്നു

ഇത്രകാലമായിട്ടും ഇളയപെരുമാളിന് അത് അറിയുവാനുള്ള ബുദ്ധിയുണ്ടായില്ല.

"മമ്മതെ, നീ ബേജാറാവണ്ട", പെരുമാൾ ശാന്തമായി തുടർന്നു· "നീ കാദീരിനെ വിളിക്കണ്ട ഞാനൊന്നും ചെയ്യാൻ പോകുന്നില്ല അവൻ കുട്ടിയല്ലെ?" പെരുമാളിന്റെ കണ്ണുകൾ ഒരു നിമിഷം വെട്ടിത്തിളങ്ങുന്നത് മമ്മത് കണ്ടു

പിറ്റേദിവസം പ്രാതലിന്റെ സമയത്ത് കാദീരിനോട് പെരുമാൾ പറഞ്ഞു. "മോനെ, കാദീരെ, ബാപ്പയ്ക്ക് വയസ്സ് ഒരുപാടായി ആ വലിയ മുറിയിൽ ഒറ്റയ്ക്ക് കിടക്കാൻ ഒരു അങ്കലാപ്പ് ഇന്നുമുതൽ നീ എന്റെ മുറിയിൽ നിലത്ത് കിടന്നോ "

കാദീരിന് ഒരു വയസ്സുള്ളപ്പോൾ അവന്റെ ഉമ്മ മരിച്ചു അതിനു ശേഷം മമ്മതാണ് അവനെ വളർത്തിയത് മുലപ്പാലിലും വലിയ ബന്ധം ചന്തികഴുകിക്കുന്നതാണെന്ന വിശ്വാസത്തിൽ മമ്മത്, കിടപ്പുമുറിയുടെ മുമ്പിൽ കുത്തിയിരുന്നു

ഒരു ദിവസം കിടപ്പു മുറിയിൽ നിന്ന് പെരുമാളിന്റെ ശബ്ദം മമ്മത് കേട്ടു "കാദീരെ നിനക്ക് നാൽപ്പത് വയസ്സായില്ലെ ? നിനക്ക് കെട്ടണ്ടെ?"

"ബാപ്പേടെ ഇഷ്ടം," കാദീർ പറഞ്ഞു

വിവാഹത്തിന്റെ തലേന്നാൾ ദിവാൻ പെരുമാളിനോട് ചോദിച്ചു. "ഹജ്ജൂർ, ഇളയ പെരുമാളിന് ഏതു കൊട്ടാരമാണാവോ കണ്ടു വച്ചിട്ടുള്ളത്? നാളെയല്ലേ നിക്കാഹ്?"

"അവന് ഒരു കൊട്ടാരവും വേണ്ട അവൻ കുട്ടിയല്ലേ ? എന്റെ മുറിയിൽ ഒരു പായ കൂടി വിരി"

ആദ്യരാത്രിയിൽ വിളക്കണെച്ച് കുറെനേരം കഴിഞ്ഞപ്പോൾ മമ്മത് കേൾക്കത്തക്ക ഒച്ചയിൽ പെരുമ്മാൾ ചോദിച്ചു "മോനെ കാദീരെ, എന്താ ഒരു സൗണ്ട്?"

"ഒരു സൗണ്ടുമില്ല, ബാപ്പെ?"

"ങും"

രാച്ചെന്നപ്പോൾ പെരുമാൾ പിന്നെയും ചോദിച്ചു

"കാദീരെ എന്തു സൗണ്ടാ ഞാനീ കേക്കണത്?"

"ഒരു സൗണ്ടുമില്ല ബാപ്പെ, ഞങ്ങൾ അനങ്ങാതെ കിടക്കാ "

രാത്രി പലതവണ ഇത് ആവർത്തിച്ചു തുടർന്നുള്ള രാത്രികളിലും

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കാദീരിന്റെ കന്യകയായ ബീവിക്ക് ബാധ യിളകി അന്ന് വൈകുന്നേരം, പഠാണി തലക്കെട്ടും കെട്ടി, ഒരു വെള്ളി ക്കിണ്ണത്തിൽ തപ്പു കൊട്ടി, 'ഓണത്തപ്പാ ദമ്മവീലിത, ഓണം നാലും തിരുവോണം' എന്ന പക്കീരികളുടെ ഓണപ്പാട്ടും പാടി കാദീർ മുറ്റത്ത് ഓടിനടന്നു താമസിയാതെ കാദീരിനെ കൊട്ടാരത്തിലെ ഒരു മുറിയി ലിട്ട് പൂട്ടി

മട്ടുപ്പാവിൽ കടൽക്കാറ്റ് പുളഞ്ഞപ്പോൾ അകത്തേക്ക് കസേര ഉരു ട്ടുവാൻ പെരുമാൾ പറഞ്ഞു. അകത്തെ മുറിയിലെത്തിയപ്പോൾ, കണ്ണട ഊരി മമ്മതിന് കൊടുത്തിട്ട് പെരുമാൾ പറഞ്ഞു "വാര്യർ "

രണ്ടു പാറാവുകാർ വാര്യരെ കൊണ്ടുവന്ന് പെരുമാളിന്റെ മുമ്പിൽ നിർത്തി മുസൂറി വിട്ട് ആളുകൾ പോകുന്നതിന്റെ ഊക്കം കൂടിയപ്പോൾ ഒരു നാൾ ദിവാനോട് ചോദിച്ചു· "നമ്മുടെ വാര്യർ പോകുമോ?"

"പോണം എന്ന് പറഞ്ഞ് നിൽക്കാ"

"പൂട്ടിയിട്"

പെരുമാളിനെ താങ്ങി മമ്മത് തിരുമ്മുപായയിൽ ഇരുത്തി പഠാണി ഉടുപ്പും, കൈലിയും ഊരിമാറ്റി, അരയിൽ കൊടുങ്ങല്ലൂർ പള്ളിയിലെ മണ്ണു നിറച്ച ചുളുങ്ങിയ വെള്ളി ഏലസ്സ് കോർത്ത നരച്ച കറുത്ത ചരട് മാത്രം ധരിച്ചുകൊണ്ടാണ് പെരുമാൾ കിടന്നത്

ഉള്ളംകാലിൽ ഞവരക്കിഴിയുടെ ചൂട് പകർന്നുകൊണ്ട് ഈശ്വരവാ ര്യർ ചികിത്സ തുടങ്ങി അസനവില്വാദി എണ്ണ കൈയിലെടുത്ത് തിരുമ്മി ചൂടാക്കി വൈദ്യൻ പെരുമാളിന്റെ പുറത്ത് പുരട്ടി മാംസപേശികൾ ബല മായി കുലുക്കുവാൻ തുടങ്ങിയപ്പോൾ കുട്ടിക്കാലത്ത്, കൊച്ചിയിൽ നിന്ന് മഡഗാസ്ക്കറിലേക്കുള്ള, പത്തേമാരിയാത്ര മുഴുവൻ നീണ്ടുനിന്ന ചാഞ്ചാട്ടം പെരുമാളിന് ഓർമ്മ വന്നു. നടുവേദന കുറയ്ക്കുവാൻ വാര്യർ കൊടുത്തിരുന്ന കറുപ്പുലേഹ്യം പെരുമാളിന്റെ ഓർമ്മകളിൽ ഒരു തുള വീഴ്ത്തിയിരുന്നു തുള വലുതാകുംതോറും പെരുമാളിന് തന്റെ ജീവിത ത്തിന്റെ മദ്ധ്യകാലം നഷ്ടപ്പെട്ടുകൊണ്ടിരുന്നു വളരെ വ്യക്തമായി, പത്തേമാരിക്ക് ഉള്ളിൽ തെറിച്ചു വീണ പറക്കുന്ന മത്സ്യങ്ങളുടെ പിട ച്ചിൽ പെരുമാളിന് അനുഭവപ്പെട്ടു അറബികളിടെ കൂടെ ഒരു അരിക്കേൻ വിളക്കിന്റെ ചുറ്റും കൂടിയിരുന്ന് ജീരകം വറുത്തിട്ടഗോസായിച്ചോറു തിന്നത് കൺമുമ്പിൽ കാണാൻ തുടങ്ങി. ജീവിതത്തിന്റെ നടുവിലെ തുള വലുതാകുംതോറും അതിന്റെ അതിരുകളിൽ കിടക്കുന്ന ബാല്യം സ്പഷ്ടമാകുന്നു.

മൂന്നു പകലും രണ്ടു രാത്രിയും നീണ്ടു നിന്ന കൊടുങ്കാറ്റിനു ശേഷം പത്തേമാരി ഒരു തുരുത്തിന്റെ തീരത്ത് തകർന്നടിഞ്ഞപ്പോൾ അതിൽ പക്കീരി കുട്ടി മൂസ്സയും നനഞ്ഞു കുളിച്ച ഒരു കടൽക്കാക്കയും മാത്രമേ ഉണ്ടായിരുന്നുള്ളു കാക്കയുടെ വയറ്റിൽ മുട്ടകൾ ഉണ്ടായിരുന്നു അവ വിരിഞ്ഞ് കടൽകാക്കകൾ പെരുകി. തുരുത്തിന്റെ നടുവിലെ ശുദ്ധജല തടാകത്തിലെ വെള്ളം കുടിച്ചും കായ്കനികൾ തിന്നും പക്കീരിക്കുട്ടി

ജീവിച്ചു. ഒരു പതിറ്റാണ്ട് കഴിഞ്ഞപ്പോൾ തുരുത്താകെ കടൽക്കാക്കകളെ കൊണ്ടു നിറഞ്ഞു കടൽക്കാക്കകൾ കക്ക ഇറച്ചിയും ഞണ്ടുകളും തിന്ന് രാപകൽ വിസർജ്ജിച്ചുകൊണ്ടിരുന്നു. കടലിൽ നിന്ന് പാറുന്ന മീനുകളെ റാഞ്ചി തിന്ന് അവ പിന്നെയും കാഷ്ഠിച്ചു. കപ്പൽ ചാലിലൂടെ കടന്നുപോയ കപ്പലുകളിലെ കുശിനിക്കാർ വലിച്ചെറിഞ്ഞ എച്ചിൽ തിന്ന് അവ തുരുത്തിൽ വന്ന് കാഷ്ഠിച്ചു

മൂസ്സ അയച്ച സന്ദേശങ്ങൾ കിട്ടിയ പക്കീരികൾ അഞ്ചും ആറുമായി തുരുത്തിലേക്ക് വന്നു തുടങ്ങി ഒന്നാം ലോക മഹായുദ്ധകാലത്ത് ഉൾക്കായലിൽ നിന്ന് കുടിവെള്ളം എടുക്കുവാൻ അടുത്ത ഒരു ബ്രിട്ടീഷ് യുദ്ധക്കപ്പലിന്റെ കപ്പിത്താൻ കാഷ്ഠത്തിൽ സമൃദ്ധമായ ഫോസ്ഫെറ്റ് കയറ്റുമതി ചെയ്യാമെന്ന് ഉപദേശിച്ചു ആ കപ്പിത്താൻ തന്നെ ഒരു പഴയ ഭൂപടം നോക്കി മുസൂറി എന്നാണ് തുരുത്തിന്റെ പേരെന്ന് പക്കീരികൾക്ക് പറഞ്ഞുകൊടുത്തു മൂസയ്ക്ക് അന്ന് ഇരുപത്തേഴ് വയസ്സ് പ്രായമായിരുന്നു പക്കീരികൾ അയാളെ മുസൂറിയിലെ ആദ്യത്തെ പെരുമാളായി വാഴിച്ചു കപ്പിത്താൻ ലണ്ടനിൽ ചെന്ന് സ്ഥാപിച്ച കമ്പനിക്ക് കാഷ്ഠം ഖനനം ചെയ്യുവാനുള്ള കുത്തക പെരുമാൾ അനുവദിച്ചു പക്ഷികളുടെ ആമാശയങ്ങളിൽ മുസൂറിയുടെ സമ്പദ്വ്യവസ്ഥ കൊഴുത്തു പക്കീരികൾക്ക് പിറകിലായി ചാവക്കാടുകാരും വർക്കലക്കാരും കുറച്ചു പാലസ്തീനികളും മുസൂറിയിൽ എത്തി കാഷ്ഠം ദേശസാത്കരിച്ചപ്പോൾ പെരുമാളിന് വയസ്സ് എൺപതായിരുന്നു ദിവാൻ കേരളത്തിൽ ചെന്ന് വൈദ്യൻ ഈശ്വരവാര്യരെ കൂട്ടിക്കൊണ്ടുവന്നതിനു ശേഷം പെരുമാൾ മുസൂറിയിലേക്കുള്ള കുടിയേറ്റം നിർത്തലാക്കി

കാഞ്ഞവെള്ളത്തിൽ മുക്കിയ തോർത്തുകൊണ്ട് ദേഹത്തെ മെഴുക്ക് തുടച്ചു മാറ്റയതിന് ശേഷം വാര്യർ എഴുന്നേറ്റു പെരുമാളിന്റെ നടുവിലെ വളവ് അൽപമെങ്കിലും കുറഞ്ഞിട്ടുണ്ടോ എന്ന് മമ്മത് സൂക്ഷ്മമായി നോക്കി ഒരു വശത്തേക്ക് ചെരിഞ്ഞ് കാലുമടക്കി, കൈകൾ മുന്നോട്ടാക്കിയുള്ള പെരുമാളിന്റെ കിടപ്പ് കണ്ടപ്പോൾ പക്കീരികളുടെ രാജാവിന്റെ മയ്യത്ത് 'ഗ' രൂപത്തിലാകുമോ എന്ന് ആധിയോടെ മമ്മത് സംശയിച്ചു. മമ്മത് ഉടുപ്പിടീച്ച്, പെരുമാളിനെ ഉരുട്ടുന്ന കസേരയിൽ ഇരുത്തി

"എല്ലാവർക്കും സുഖം തന്നെയല്ലെ?" കൊട്ടാരത്തിന്റെ ഉള്ളിൽ നിന്ന് കാദീർ ഉറക്കെ വിളിച്ചു പറയുന്നത് പെരുമാൾ കേട്ടു കുറച്ചു നേരത്തെ മൗനത്തിനു ശേഷം കാദീർ പിന്നെയും ഒച്ചയിട്ടു "ജയ് മഹാരാജ്."

കാദീരിന്റെ ഓർമകളിലും തുളവീണ്, ജീവിതം ഇപ്പോൾ ബാല്യം മാത്രമായി ചുരുങ്ങിയിരിക്കുമെന്ന് പെരുമാൾ വിചാരിച്ചു കുട്ടിക്കാലത്ത് അവന് പെരുമാൾ പറഞ്ഞു കൊടുത്ത കഥകളാണ് കാദീർ വിളിച്ചു പറയുന്നത് കുന്നിന്മേൽ കൊട്ടാരത്തിൽ ചെന്ന് കൊച്ചി തമ്പുരാനെ മുഖം കാണിക്കുവാൻ ഓണക്കാലത്ത് നെട്ടൂരിൽ നിന്ന് തങ്ങളോടൊത്ത് കുട്ടിയായിരുന്ന പെരുമാൾ വഞ്ചിയിൽ പോയ കഥ എത്ര തവണ കേട്ടാലും കാദീരിന് മതിയായിരുന്നില്ല. കൊട്ടാരത്തിന്റെ പടിപ്പുറത്ത്

ചെമ്പിലെ അരയനും, കരിങ്ങാച്ചിറ പള്ളിയിലെ അച്ചനും, നെട്ടൂർ തങ്ങളെ കാത്തു നിൽക്കും അവർ മൂന്നു പേരും ഓണപ്പുടവ വാങ്ങി പിൻവാങ്ങുമ്പോഴേക്കും പക്കീരികൾ ഓടി കോട്ടാരത്തിന്റെ പടി കയറും. മൂത്ത പക്കീരി ഉറക്കെ ചോദിക്കും "എല്ലാവർക്കും സുഖം തന്നെയല്ലെ?" മറ്റു പക്കീരികൾ വിളിച്ചു പറയും "ജയ് മഹാരാജ്." പക്കീരികൾ തോളിലെ തുണിക്കെട്ടുകളിൽ നിന്ന് തപ്പുകളെടുത്ത് പൂക്കളത്തിന് ചുറ്റും ചുവടു വയ്ക്കുവാൻ തുടങ്ങും.

"ഓണത്തപ്പദമ്മവീലിത
ഓണം നാലും തിരുവോണം"

പൂക്കളത്തിന്റെ ചുറ്റും പക്കീരിക്കാലുകൾ വട്ടം കറങ്ങുന്നതിന്റെ വേഗം കൂടിയപ്പോൾ പെരുമാളിന് ഇരുപ്പുറച്ചില്ല പെരുമാൾ പറഞ്ഞു. "മമ്മതെ അമാലന്മാരെ വിളി."

പല്ലക്ക് ചുമക്കുന്നത് ഇല്ലാതായതിനു ശേഷം കുറെക്കാലം അമാലന്മാർക്ക് പണിയില്ലായിരുന്നു ഇപ്പോൾ പെരുമാളിന്റെ കസേര ഉന്തുക എന്നതാണ് അവരുടെ ജോലി മമ്മത് പെരുമാളിനെ ലിഫ്റ്റ് വഴി താഴത്തെ നിലയിൽ എത്തിച്ചു തോട്ടത്തിൽ അമാലന്മാർ കാത്തു നിൽപ്പുണ്ടായിരുന്നു വട്ടത്തിലുള്ള നടപ്പാതയിലൂടെ കസേര ഉന്തിത്തുടങ്ങിയപ്പോൾ പെരുമാൾ അലറി "വേഗത്തിൽ. ഇനിയും വേഗത്തിൽ കഴുവേറികളെ". തലച്ചോറിലെ തപ്പ് നിലച്ചിരുന്നു

തന്റെ ഹെലികോപ്റ്റർ ഉണ്ടായിരുന്നെങ്കിൽ ആകാശത്തിൽ ഇപ്പോൾ വട്ടം ചുറ്റാമായിരുന്നു എന്ന് പെരുമാൾ ആശിച്ചു നൂറാം പിറന്നാൾ സമ്മാനമായി പെരുമാൾ സ്വയം നൽകിയതാണ് ചുവന്ന ഹെലികോപ്റ്റർ ആദ്യമായി ഹെലികോപ്റ്ററിന്റെ ഉള്ളിൽ ഇരുന്ന് ബെൽറ്റ് മുറുക്കിയപ്പോൾ പെരുമാളിന്റെ ഉള്ളിൽ തപ്പുകൊട്ട് മുറുകി "വേഗത്തിൽ, വേഗത്തിൽ", പെരുമാൾ പൈലറ്റിനോട് പറഞ്ഞു ഒന്നുരണ്ടുമാസംകൂടി കഴിഞ്ഞപ്പോൾ പെരുമാൾ ഉൾക്കായലിന്റെ നടുവിലെ തുരുത്തിലെ പള്ളിയിൽ നിസ്ക്കാരത്തിന് മാത്രമേ ഭൂമിയിൽ ഇറങ്ങുകയുള്ളു എന്ന സ്ഥിതിയിലായി

ഭരണകൂടം ആകാശക്കാഴ്ചകളിൽ അധിഷ്ഠിതമാകുവാൻ അധികനേരം എടുത്തില്ല ഒരു ദിവസം പെരുമാൾ ദിവാനോട് പറഞ്ഞു "മുകളിൽ നിന്ന് നോക്കിയാൽ നമ്മുടെ റോഡുകൾക്ക് ഒരു ഭംഗിയുമില്ല വളഞ്ഞും പുളഞ്ഞും കൊക്രിച്ചും" ചീഫ് എൻജിനീയർ വഴികൾ നേർരേഖകളാക്കുവാൻ കെട്ടിടങ്ങൾ ഇടിച്ച് വീഴ്ത്തി

ഹെലികോപ്റ്റർ ഇറങ്ങുമ്പോഴും പൊങ്ങുമ്പോഴും ഉണ്ടാകുന്ന കൊച്ചു ചുഴലിക്കാറ്റുകളടിച്ച് പക്ഷികൾ പരിഭ്രമിച്ചു ചിലപ്പോൾ ഹെലികോപ്റ്ററിന്റെ നീണ്ട വിശറിച്ചിറകുകളിൽ ചോരയുടെ പാടും, പപ്പും പൂടയും കണ്ടിരുന്നു. താമസിയാതെ പക്ഷികൾക്കു മടുത്തു. അവ മുസൂറി വിട്ട് പോകാൻ തുടങ്ങി കാഷ്ഠത്തിന്റെ അടരുകൾ നേർത്ത് കടൽത്തീരത്തെ മണൽത്തരികൾ കാണുവാൻ തുടങ്ങി

ഓണത്തിന്റെ ദിവസം പെരുമാൾ കാലത്തു തന്നെ ഹെലികോപ്റ്ററിൽ കയറി. "ഇന്ന് ഏറ്റവും ഉയരത്തിലേക്കെടുത്തോ പയലറ്റെ." പെരുമാൾ പറഞ്ഞു

ഹെലികോപ്റ്ററിൽ നിന്നു നോക്കിയപ്പോൾ മുസൂറി വട്ടത്തിൽ കിടക്കുന്നത് പെരുമാൾ കണ്ടു കടൽ നുരകളുടെ നന്ത്യാർവട്ടം ദ്വീപിന് അതിരിട്ടു അതു കഴിഞ്ഞ്, അരളിപ്പൂക്കളുടെ നിറത്തിൽ, ക്ഷയിച്ചുകൊണ്ടിരിക്കുന്ന കാഷ്ഠത്തിന്റെ വൃത്തം വീടുകളുടെയും റോഡുകളുടെയും പൂപ്പട്ടകൾ. ഉൾക്കായലിന്റെ കോളാമ്പിപ്പൂവട്ടം അതിന്റെ നടുവിലെ തുരുത്തിൽ മിനാറുകൾ പടർത്തി നിൽക്കുന്ന പള്ളിയുടെ മുക്കുറ്റിപ്പൂവ് പള്ളിയുടെ താഴികക്കുടത്തിന്റെമേൽ പിടിപ്പിച്ചിട്ടുള്ള ചെമ്പുകൊണ്ടുണ്ടാക്കിയ ചന്ദ്രതാരപരാഗം പോലെ മഞ്ഞച്ചു കിടന്നു താഴത്തെ പൂക്കളം കണ്ടപ്പോൾ പെരുമാൾ ഉറക്കെ പാടി

"ഓണം നാലും ദമ്മവീലിത,
കാശിക്ക് പോണം ദമ്മവീലിത"

ജയ് മഹാരാജ്, പക്കീരികൾ ഓടിക്കയിറി വലിയ തമ്പുരാന്റെ മുന്നിൽ നിന്നു പഠാണി തലക്കെട്ടുകൾ ഒരംഗുലം സ്ഥാനം തെറ്റാതെ അവർ തപ്പുകൊട്ടി നൃത്തം ചെയ്തു

" കൊച്ചു പക്കീരിക്ക് കോച്ചുമുണ്ട്," കൊച്ചീ രാജാവിന്റെ കയ്യിൽനിന്ന് ഓണപ്പുടവ വാങ്ങിയത് ഓർമ്മവന്നപ്പോൾ മൂസ്സ പക്കീരിക്ക് ഹരം കയറി

"ഹജ്ജൂർ, എണ്ണ തീർന്നു തുടങ്ങി," പൈലറ്റ് അറിയിച്ചു

"മിണ്ടാതെ വട്ടം കറക്കെടാ പയലെ," പെരുമാൾ ദേഷ്യപ്പെട്ടു

"ഹജ്ജൂർ, എണ്ണ അശേഷം ഇല്ല", പൈലറ്റ് പെരുമാളിന്റെ സമ്മതം കൂടാതെ ഹെലികോപ്റ്റർ താഴോട്ട് ഇറക്കുവാൻ തുടങ്ങി നിയന്ത്രണം വിട്ട് ഹെലികോപ്റ്റർ തകർന്ന് വീണത് ഒരു മൈതാനത്തിലായിരുന്നു എണ്ണ കുറവായിരുന്നതുകൊണ്ട് കത്തിപ്പിടിച്ചില്ല ആളുകൾ കൂട്ടംകൂട്ടമായി ദൂരെ മാറി നിന്നു തകർന്ന ഹെലികോപ്റ്ററിന്റെ അടിയിൽ നിന്ന് ചോര പടരുവാൻ തുടങ്ങിയപ്പോൾ അവർ അടിവച്ച് മുന്നോട്ട് നീങ്ങി ജനങ്ങളുടെ തൊണ്ടയിൽ വിജയാരവം കുരുന്നെടുക്കുന്നുണ്ടായിരുന്നു പെട്ടന്ന് അവശിഷ്ടങ്ങളുടെ ഇടയിൽ നിന്ന്, എഴുന്നേറ്റ് നിൽക്കുവാൻ പാടുപെട്ടുകൊണ്ട് പെരുമാൾ പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നതാണ് എല്ലാവരോടുമുള്ള പ്രതികാരം എന്ന് വിശ്വസിച്ചിരുന്ന പെരുമാൾ പറഞ്ഞു "നോക്കി നിൽക്കാതെ വീട്ടിൽ പോടാ, ഞാനും എന്റെ വാര്യരും ഉണ്ടെങ്കിൽ ഇനിയും ഞാൻ നൂറുകൊല്ലം ജീവിക്കും."

അടുത്ത തവണ ദർബാർ കൂടിയപ്പോൾ എല്ലാവരും ഉരുളുന്ന കസേരകളിലായിരുന്നു. പെരുമാളിന്റെ കസേരയിൽ മാത്രം രത്നം പതിച്ചിരുന്നു ദിവാൻ മുഖവുരയില്ലാതെ പറഞ്ഞു "ഹജ്ജൂർ, ഒറ്റപക്ഷിയില്ല"

"അവറ്റകൾ തിരിച്ചുവരും," പെരുമാൾ പറഞ്ഞു

" കാട്ടം മുഴുവൻ തീർന്നു"

"ങും"

"ഹജ്ജൂർ, ആളുകൾ മുസൂറി വിട്ട് പോകാൻ തുടങ്ങി" ദിവാൻ അറിയിച്ചു പെരുമാൾ ഒന്നും മിണ്ടിയില്ല അടുത്ത ദർബാറിനു മുമ്പ് ദിവാനും നാടുവിടുമെന്ന് പെരുമാളിന് അറിയാമായിരുന്നു.

ആദ്യമാദ്യം രഹസ്യമായിട്ടാണ് ആളുകൾ പത്തേമാരിയിൽ കയറി മുസൂറി വിട്ടുപോയിരുന്നത് പട്ടാളക്കാരും, പോലീസുകാരും നാടുവിട്ടു തുടങ്ങിയപ്പോൾ പലായനത്തിന് കൂസലില്ലാതെയായി രാത്രിയിൽ കടൽപ്പരപ്പിനു മീതെ അരിക്കേൻ വിളക്കുകൾ ചാഞ്ചാടുന്നത് മട്ടുപ്പാവിൽ നിന്ന് പെരുമാൾ നോക്കി നൂറുകണക്കിലുള്ള നക്ഷത്രാസ്തമയങ്ങളാണ് താൻ കാണുന്നതെന്ന് പെരുമാളിന് തോന്നി

തോട്ടത്തിലെ കുളവാഴകളും അശോക വൃക്ഷങ്ങളും നിരകളും പിറകിലോട്ട് ഓടിച്ചുകൊണ്ട് ഉരുളുന്ന കസേര പാഞ്ഞുകൊണ്ടിരുന്നു ഒരു അമാലൻ തളർന്ന് പുൽത്തകിടിയിൽ വീഴുമ്പോൾ മറ്റൊരാൾ കസേര ഏറ്റെടുത്തു പെട്ടെന്ന് പെരുമാൾ പറഞ്ഞു "നിർത്തൂ"

മമ്മത് അടുത്തെത്തിയപ്പോൾ പെരുമാൾ ചോദിച്ചു "ഇന്ന് വെള്ളിയാഴ്ചയല്ലേ? എനിക്ക് കായലിലെ പള്ളിയിൽ നിസ്ക്കരിക്കണം"

"ബോട്ടിന് സ്പീഡ് പോരാ ബിസ്മാർക്ക് ചുണ്ടനെ എറക്ക്"

പെരുമാൾ ജെട്ടിയിലെത്തിയപ്പോഴേക്കും ചുണ്ടൻ വള്ളത്തിൽ തുഴക്കാർ തയ്യാറായിരുന്നു ഒരു കസേരയിൽ ഇരുത്തി പെരുമാളിനെ ചുണ്ടൻ വള്ളത്തിലേക്ക് ഇറക്കി വച്ചു തുഴകൾ ചലിക്കുവാൻ തുടങ്ങിയപ്പോൾ, ഒന്ന് ഉലഞ്ഞാടി, പിന്നെ നേരെയായി, ബിസ്മാർക്ക് ചുണ്ടൻ മുന്നോട്ട് കുതിച്ചു. പാട്ടുകാർ ഉരലിലടിച്ചു പാടിത്തുടങ്ങിയപ്പോഴേക്കും പെരുമാൾ തപ്പുകൊട്ട് കേട്ട് തുടങ്ങി പെരുമാൾ ഉറക്കെ പറഞ്ഞു "ജയ് മഹാരാജ്"

"തിത്തിത്തൈ തിത്തൊ," തുഴക്കാർ മറുപടി പറഞ്ഞു

"ഓണത്തപ്പ ദമ്മവീലിത"

"ഓ തകതക തിത്തിത്തൊ"

കായലിന്റെ പല ഭാഗങ്ങളിൽ പരന്നു കിടന്ന് കൊച്ച് വള്ളങ്ങളിൽ ചൂണ്ടയിട്ടിരുന്ന പക്കീരികൾ ചുണ്ടനെ അവഗണിച്ചു. ഒരു കൊച്ചു വള്ളം ബിസ്മാർക്കിന്റെ മുമ്പിൽപ്പെട്ടപ്പോൾ തുഴക്കാർ ചുണ്ടനെ പതുക്കെയാക്കി അത് ഇഷ്ടപ്പെടാതെ പെരുമാൾ അലറി "ഒന്നും നോക്കാതെ മുമ്പോട്ട് പിടി." ചുണ്ടൻ ഇടിച്ച് കൊച്ചുവള്ളം മറിഞ്ഞപ്പോൾ പക്കീരി കായലിൽ മുങ്ങി ജലപ്പരപ്പിൽ നീർപ്പൊത്തുകളെപ്പോലെ നീന്തിത്തുടിച്ച വലിയ കുമിളകളെ ചുണ്ടന്റെ പങ്കായങ്ങൾ തകർത്തു. തുഴക്കാർ വായ്ത്താരി തുടർന്നു.

കായലിൽ ചൂണ്ടയിട്ടിരുന്ന പക്കീരികളും പാടുവാൻ തുടങ്ങി "കാശിക്ക് പോണം ദമ്മവീലിത" ഓണക്കളത്തിനും ചുറ്റും വട്ടം കറങ്ങി പാടുന്ന ചടുലമായ രാഗത്തിലല്ല അവർ പാടിയത്. ഏതോ ദു.ഖത്തിൽ

ഇഴഞ്ഞിഴഞ്ഞു, പാടിക്കൊണ്ട് അവർ കൊച്ചു വള്ളങ്ങൾ വെട്ടിത്തിരിച്ച് ചുണ്ടനെ ലാക്കാക്കി തുഴഞ്ഞു

ആകാശത്തു നിന്ന് താഴോട്ട് നോക്കി നല്ല ശീലമുണ്ടായിരുന്ന പെരുമാൾ പരന്നു കിടക്കുന്ന മേശപ്പുറത്ത് കട്ടുറുമ്പുകളെപ്പോലെ ഒന്നും രണ്ടുമായി നീങ്ങുന്ന കൊച്ചു വള്ളങ്ങളെ വിഹഗ ദൃശ്യമായി കണ്ടു പിന്നെ ഒത്തൊരുമിച്ച് അവർ ഒരു ശരമുനപോലെയാകുന്നതും. ശരമുന മുന്നോട്ട് നീങ്ങുമ്പോൾ, എതിർവശത്തുനിന്ന് ചുണ്ടൻ ഒരു ചാട്ടുളിപോലെ കുതിച്ചു

കൂട്ടിമുട്ടലിന്റെ നിമിഷത്തിൽ കൊച്ചു വള്ളങ്ങൾ തട്ടി ചുണ്ടൻ മറിഞ്ഞു പക്കീരികളുടെ പങ്കായങ്ങൾ ചുണ്ടനിലെ തുഴക്കാരുടെമേൽ വീണു വെള്ളത്തിൽ കൈകാലിട്ടടിക്കാതെ, ഇരിക്കുന്ന സ്വരൂപത്തിൽ, പെരുമാൾ കായലിന്റെ അടിയിലേക്ക് താണു. മൂന്നു തവണ മുങ്ങിപ്പൊങ്ങുമ്പോൾ പെരുമാളിന്റെ കണ്ണിന്റെ മുമ്പിൽ മുസൂറിയുടെ ചരിത്രം ഫാസ്റ്റ് ഫോർവേർഡിൽ, മിന്നിമറയുകയാണെന്ന് കണ്ടുനിന്നവർ ഊഹിച്ചു എന്നാൽ പെരുമാൾ അതൊന്നുമല്ല ചിന്തിച്ചിരുന്നത് നാൽപ്പതു വർഷം മുമ്പ്, കാദീരിന്റെ ഉമ്മ മരിച്ചതിനുശേഷം ഒരു സ്ത്രീയെയും താൻ പ്രാപിച്ചിട്ടില്ലല്ലോ എന്ന് പെരുമാൾ പെട്ടെന്ന് ഓർത്തു താൻ അറിയാത്ത സ്ത്രീകൾ ഉളവാക്കിയ ദുർബലമായ ഒരു ലൈംഗികോത്തേജനത്തിൽ പെരുമാൾ മരിച്ചു

പക്കീരികൾക്ക് പെരുമാളിന്റെ ശവം തൊടുവാൻ പേടിയായിരുന്നു ഒടുവിൽ, മുസൂറിയിലെ കുറച്ചു മൂന്നാം തലമുറക്കാർ ഒരു കഴുക്കോലു കൊണ്ട് ശവത്തെ പൊക്കിയെടുത്ത്, ഒരു വഞ്ചിയിൽ കരയ്ക്കടുപ്പിച്ചു

"ഇത് ഇവിടെ കിടത്താൻ പറ്റില്ല" ഒരു പക്കീരി പറഞ്ഞു അവർ ശവത്തിനെ ഒരു കാറിന്റെ ഉള്ളിലിട്ട് കടൽത്തീരത്തെത്തിച്ചു അവിടെ ഒരു സ്പീഡ് ബോട്ടിൽ ശവം ഇറക്കിക്കിടത്തി

"വച്ചു കളിക്കണ്ട വേഗം സ്റ്റാർട്ടാക്ക് ആ ഈശ്വരവാര്യർ ഇപ്പോ വരും പണ്ടാരം ഇനിയും നൂറുകൊല്ലം ജീവിക്കും" ഒരു പക്കീരി പറഞ്ഞു

സ്പീഡ് ബോട്ട് സ്റ്റാർട്ടാക്കുവാൻ ഒരു ചെറുപ്പക്കാരൻ ചരടു വലിച്ചു ബോട്ട് വേഗം പിടിക്കുന്നതിനുമുമ്പു തന്നെ അയാൾ കരയിലേക്ക് ചാടി ദൂരെ കടലിന്റെ പൊന്തി നിൽക്കുന്ന പൂഞ്ഞ താണ്ടി ബോട്ട് കണ്ണിൽ നിന്ന് മറഞ്ഞു.

പത്തു ദിവസം കഴിഞ്ഞപ്പോൾ പെരുമാളിന്റെ ശവം കരയ്ക്കടിഞ്ഞു. ആകാശത്തിൽ പ്രത്യക്ഷപ്പെട്ട ഒരു സൂചിമുന, വലുതായി, വലുതായി, ചിറകുകൾ വച്ച്, ഒരു കടൽക്കാക്കയായി അതിന്റെ നെഞ്ചിനെ ലാക്കാക്കി ഊളിയിട്ടു.

സാറാ ജോസഫ്

മുടിത്തെയ്യമുറയുന്നു

കുളികഴിഞ്ഞ്, മുടി വിടുർത്തിയിട്ട് മുടികോതി മുടികോതി. . മുടി കോതി... മുറ്റത്തു നില്ക്കുകയായിരുന്നു, ലളിത

"മുടി കെട്ടിവെയ്ക്ക്!" സനാതനൻ കല്പിച്ചു

അറിയാതെ ലളിതയുടെ കൈകളുയർന്നു. തലമുടി വാരിയെടുത്തു എന്നാൽ കെട്ടിവെയ്ക്കുന്നതിനുപകരം വാരിയുയർത്തിപ്പിടിച്ച മുടിയോടെ അടിവെച്ചടിവെച്ച് അവൾ സനാതനന്റെ നേർക്കു വന്നു സനാതനന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കി

"മുടി കെട്ടാൻ!" സനാതനൻ അലറി

ലളിതയ്ക്ക് ചിരിപൊട്ടി അതവളുടെ കണ്ണുകളിൽ പരന്നു സനാതനൻ വിളറി.

പതുക്കെ ലളിതയുടെ കൈകളയഞ്ഞു മിന്നുന്ന, കറുത്ത തിരകളായി, മുടിയഴിഞ്ഞുലഞ്ഞ് അവളുടെ പിറകിൽ വീണു ചിതറി

കിടപ്പുമുറിയുടെ ജാലകത്തിലൂടെ സനാതനൻ കെട്ടഴിഞ്ഞുലഞ്ഞു വീഴുന്ന ലളിതയുടെ മുടി കണ്ട് വിളറി നിന്നു മുടിയിൽ നിന്ന് ഇരുട്ടിറങ്ങിവരുന്നു ഇരുട്ടിൽ സനാതനന്റെ കണ്ണ് മൂടുന്നു ഇരുട്ടിലും ലളിതയുടെ കണ്ണിലെ ചിരി തിളങ്ങുന്നു

നന്നെ കുട്ട്യായിരിക്കുമ്പോ അച്ഛനും ഇങ്ങന്ന്യാ പറയാറ് മുടി കെട്ടിവെയ്ക്ക്! കെട്ടിവെയ്ക്കാൻ!

അലർച്ച കേക്കുമ്പോ എണ്ണക്കുപ്പീം ചീർപ്പായിട്ട് അമ്മ വന്നു വിളിക്കും. കോലായില് കാലുംനീട്ടിയിരുന്ന് ലളിതേടെ അഴിച്ചിട്ട മുടി പിടിച്ചുവലിയ്ക്കും ചീകിച്ചീകി ലളിതേടെ ഞരമ്പുകളെക്കൂടി ചീകിവലിച്ചെടുത്ത് കഴുത്തിന്റെ പിന്നില് മുറുക്കി മുറുക്കി പിന്നിയിടും

പിന്നിയിട്ടാലും കറുത്തുതടിച്ചൊരു പാമ്പുപോലെ മുടി ലളിതയുടെ പുറത്തിഴയുകയും അവളുടെ പിൻഭാഗത്ത് പത്തിനീർത്തി നക്കുകയും ചെയ്യാറുണ്ട്. അല്ലെങ്കിൽ, തോളത്തൂടെ വീണ് മാറത്തിഴയുകയും കൊത്തുകയും

കെട്ടഴിഞ്ഞിഴയുന്ന, എണ്ണയിൽ കുതിർന്ന കൃഷ്ണസർപ്പച്ചുരുളുകളെ അച്ഛനും വെറുത്തിരുന്നു അതുകൊണ്ട് അമ്മയും മുത്തശ്ശിയും അച്ഛൻപെങ്ങളും നെറുകയിൽ നാട്ടിയ ശിവലിംഗങ്ങളുമായി വീടിനകത്ത് നടന്നു രാത്രി, മേൽക്കഴുകി വന്നാലുടനെ അമ്മ, ലളിതയുടെ മുടിയാകെ വാരിക്കൂട്ടി നെറുകയിൽ ശിവലിംഗമാക്കി

എന്നിട്ടും ഊണുകഴിക്കുമ്പോൾ അച്ഛന്റെ ചോറിൽ മുടിനാരുവീണി ഴഞ്ഞു ചോറുരുള വലിച്ചെറിഞ്ഞ് അച്ഛൻ ചാടിയെണീറ്റു. മുടിനാര് പൊക്കിപ്പിടിച്ച് അലറി മുഖം വിളറി നിന്നു.

മുത്തശ്ശീം അമ്മേം അച്ഛൻപെങ്ങളും മുടി ചിക്കോർത്ത് മുടിക്കുണ്ട കൾ രഹസ്യായിട്ട് വാഴച്ചോട്ടിൽ കുഴിച്ചിട്ടു ന്ന്ട്ടും.. അച്ഛൻ വഴിനടക്കു മ്പോ, പെരുവിരല്മ്മല് മുടിച്ചുരുളുചുറ്റി വീഴാമ്പോയി.

മുങ്ങിക്കുളിക്കുമ്പോൾ, ലളിത മുടിയൊലുമ്പി വെള്ളത്തിനു മീതെ വിതറിയിട്ടു പിന്നെ, വെള്ളത്തിലിഴയുന്ന മണിനാഗച്ചുരുളുകൾക്കിടയിൽ കോരിത്തരിച്ച് ഏറെനേരം കഴുത്തറ്റം വെള്ളത്തിൽ മുങ്ങി നിന്നു ...

കുളിച്ച് കേറുമ്പോഴേക്കും ഏട്ടൻ ഒച്ചേം വിളീംണ്ടാക്കി.. "മുടി കെട്ടി വെയ്ക്കടീ "

അടിച്ചമർത്തിയിട്ടും പനങ്കാടുപോലെ ലളിതയ്ക്ക് മുടി മുറ്റിത്തഴച്ചു ഒടിവുകളും ചുളിവുകളുമുള്ള കൃഷ്ണസർപ്പങ്ങളായി അവളിലിഴഞ്ഞു നടന്നു

രാത്രി, അമ്മ ഉറങ്ങിയെന്നുറപ്പാവുമ്പോൾ ലളിത, നെറുകയിൽ കെട്ടി വെച്ച മുടിയഴിച്ച് മുഖത്തും കഴുത്തിലും വിതറി ഇരുകയ്യിലും വാരി യെടുത്ത് മുടിയുടെ ഗന്ധം ആത്മാവിലേക്ക് വലിച്ചെടുത്തു. മുടിത്തു മ്പുകൊണ്ട് മുഖംമൂടി കിടന്നുറങ്ങി

വെളിച്ചാവുമ്പോ ലളിതേടെ മൊഖത്തും മാറത്തും കഴുത്തിലും കെട ക്കേലും നെലത്തും അഴിഞ്ഞുലഞ്ഞ് കെടക്കണ മുടിനോക്കി അമ്മ അന്തംവിട്ടു നിന്നു എങ്ങന്യാ ലളിതേടെ മുടി ഇങ്ങനെ അഴിഞ്ഞ് കൊഴി യണേ?

ഒടിവുകളില്ലാത്ത, പരുപരുത്ത, മുറ്റിത്തഴച്ച, കോലൻ മുടിയുള്ള കൂട്ടു കാരി, ഒരുനാൾ കത്രികയെടുത്ത് സ്വന്തം മുടി മുറിച്ചെറിയുന്നുവെന്ന് കേട്ട് ലളിത ഓടിച്ചെന്നു കൂട്ടുകാരി, വെളിപാടുകൊണ്ടപോലെ വിറ യ്ക്കുകയും തുള്ളുകയും മുറ്റിനിറഞ്ഞ മുടി കണ്ടം തുണ്ടം അരിഞ്ഞ് തള്ളുകയുമായിരുന്നു വെട്ടിയിട്ട മുടി ഇഴ വേർപിരിഞ്ഞ് അവളുടെ പാദ ങ്ങളെ ചുറ്റി വരിഞ്ഞുകിടന്നു പിന്നെ പുകച്ചുരുൾപോലുയർന്ന് ജനലി ലൂടെ, തൊടിയിലൂടെ, വയലിറമ്പിലൂടെ, ഇടവഴിയിലൂടെ പള്ളിമുറ്റ ത്തോളം പാറിപ്പോയി...

"ന്താദ്?" ലളിത കിതച്ചു.

"ന്നെ, മഠത്തി വിടാൻ പൂവ്വാത്രെ!"

കൂട്ടുകാരി ചുവരിൽ തൂക്കിയിട്ട ദൈവപടത്തിനുനേർക്ക് കത്രിക വലി

ച്ചെറിഞ്ഞു. ദൈവപടത്തിന്റെ ചില്ലുകൾ മുറിച്ചിട്ട മുടിയുടെ കൂമ്പാരത്തിൽ തുളഞ്ഞുകയറി എഴുന്നുനിന്നു.. മുടിയുടെ രക്തം കറുപ്പാകുന്നു.. കറുത്ത രക്തമൊഴുകി ലളിതയുടെ കാൽ നനഞ്ഞു

മുണ്ഡനം ചെയ്ത ശിരസ്സിന്റെ ഭാരം താങ്ങാനാവാതെ അഴിച്ചുപറിച്ചിട്ട മുടിയോടെ ലളിത അവിടുന്നിറങ്ങിയോടി

"ന്റെ മുടി മുറിക്കാൻ ഞാൻ സമ്മതിക്കില്യ. മുടി അഴിച്ചിട്ടിട്ടന്നെ ഞാൻ നടക്കും."

കൂട്ടുകാരിയുടെ വീട്ടുമുറ്റത്ത് നിന്നുകൊണ്ട് ലളിത കൈയുയർത്തി ശപഥം ചെയ്തു.

ഉമ്മറത്ത്ന്ന്, പക്ഷേ, കനൽക്കട്ടകൾ പോലെ അച്ഛന്റെ കണ്ണുകൾ പറന്നുകൊത്തുമ്പോൾ, അവളറിയാതെ മുടി വാരിക്കെട്ടിവെച്ചു ദേഷ്യം പോക്കാൻ ഒരു ചുരുൾ മുടി അച്ഛന്റെ മുറുക്കാൻ ചെല്ലത്തിലിട്ടു.

പിന്നിയിട്ട മുടിയുടെ നാവ് ലളിതയുടെ പിൻഭാഗത്ത് നക്കുന്നത് അശ്ലീലമായിക്കണ്ട് ഏട്ടൻ കല്പിച്ചു

"സാരിത്തലപ്പോണ്ട് മുടി മറച്ച് എടുത്തുകുത്തീട്ട് ലളിത കോളേജീ പോയാ മതി. നിയ്ക്ക് വഴി നടക്കണ്ടതാ"

ലളിതയുടെ ചുണ്ടത്ത് ചിരിപൊട്ടി ചിരി ചുണ്ടത്തമർത്തിയും കണ്ണിൽ പരത്തിയും ലളിത ആടിയുലഞ്ഞു നടന്നു കോളേജിന്റെ പടി കടക്കുമ്പോൾ സാരിത്തലപ്പിന്റെ ബന്ധനം വേർപെടുത്തി, ഒറ്റ സർപ്പത്തെ കെട്ടഴിച്ചു വിട്ടു കാലിലിട്ട ചിലങ്കയുടെ ഒച്ച ചിതറിച്ചുകൊണ്ട് വരാന്തകളിലൂടെ ഒറ്റയ്ക്ക് നടന്നു ഏഴിലംപാലച്ചോട്ടിൽ അഴിച്ചുവിടർത്തിയിട്ട മുടിയും വിടർന്ന കണ്ണുകളും വെട്ടിത്തിളങ്ങുന്ന ചിരിയുമായി സ്വയം ആവിഷ്കരിച്ചു ഫണം നീർത്തിയ കൃഷ്ണസർപ്പങ്ങളായി തലമുടിച്ചുരുളുകളഴിഞ്ഞ് ഏഴിലംപാലയുടെ പൂത്തകൊമ്പുകളിൽ ചുറ്റിപ്പടർന്നു മഴപോലെ പെയ്യുന്ന പൂവിലും പൂമണത്തിലും മുങ്ങിനില്ക്കെ, ഏഴിലംപാലച്ചോട് നിറഞ്ഞു നിറഞ്ഞവർക്കിടയിൽ നിന്ന്, ഗോവിന്ദൻ, ആരും കേൾക്കാതെ ആരും കാണാതെ അവളെ വിളിച്ചു.

ഭഗവതീ ......

അവളറിയാതെ, പലതവണ, അവനവളെ കൈകൂപ്പിത്തൊഴുതു. ഭഗവതീ.... ഭഗവതീ...

ഇടതൂർന്ന മുടിയൊതുക്കിപ്പിന്നിയിട്ടും സാരിത്തലപ്പിനാലത് മൂടിവെച്ചും കാൽനഖങ്ങളിൽ കണ്ണുനട്ടും മെയ്യനങ്ങാതെ കടന്നുപോയ പെൺകുട്ടികളെല്ലാം ഇടിമുഴക്കംപോലെ ഗോവിന്ദന്റെ വിളികേട്ടു! ഇടിമിന്നൽപോലെ അവന്റെ തൊഴുതുപിടിച്ച കൈകൾ കണ്ടു. അവർ പാലച്ചോട്ടിലേക്കു നോക്കാൻ ഭയപ്പെട്ടു. എന്നാൽ, ദൂരെ മാറിനിന്ന് ആരാധനയും അസൂയയും വഴിയുന്ന പെരുത്ത കണ്ണുകളാൽ ലളിതയ്ക്കാരതിയുഴിഞ്ഞു.

പൊട്ടിയുയരുന്ന ചിരി ചുണ്ടിലമർത്തിയും കണ്ണുകളിൽ പരത്തിയും

പിന്നെ ചിലങ്കയുടെ മേളങ്ങൾ ചിതറിച്ചും ലളിത വരാന്തകളിലൂടെ ഇട നാഴികളിലൂടെ കോവണിപ്പടികളിലൂടെ ആടിയുലഞ്ഞു നടന്നു.... ലളിത ചുവന്നപട്ടുമാത്രം ഉടുത്തു. ചുവപ്പുകല്ലിന്റെ ആഭരണങ്ങൾ കെട്ടി. തീക്ക ട്ടപോലെ തിളങ്ങുന്ന വലിയ സിന്ദൂരപ്പൊട്ടു തൊട്ടു

ചുവപ്പ് കണ്ട് വിറളിയെടുത്ത് അച്ഛനും ഏട്ടനും കല്പിച്ചു.

"ലളിത ഇനി പഠിക്കാൻ പോണ്ടാ"

സനാതനൻ വിവാഹം ചെയ്തപ്പോൾ ലളിത കൊതിച്ചത് കന്മഷമി ല്ലാതെ സനാതനന്റെ മുന്നിൽ സ്വയം ആവിഷ്കരിക്കാനായിരുന്നു. ചുണ്ടത്ത് ചിരിപൊട്ടാതെ കൺകോണുകളിലത് പടർത്താതെ സനാത നന്റെ മുന്നിൽ മുടിയഴിച്ചു വിടർത്തിയാടാൻ ലളിത കൊതിച്ചു

എന്നാൽ ആദ്യരാത്രിയിൽ മുടിയിലെ മുല്ലപ്പൂമാലയഴിക്കും മുമ്പ് കിട ക്കയിലേക്ക് തള്ളിയിട്ട് സനാതനൻ അവളെ ഭോഗിച്ചു.

കിടക്കയിലും നെഞ്ചത്തും മുഖത്തും കട്ടിലിലും തറയിലും ചുവരു കളിലും ഇഴയുന്ന മുടിപ്പാമ്പുകൾ, എത്ര തൂത്തുമാറ്റിയിട്ടും പോകുന്നി ല്ലെന്ന് കണ്ട് അമ്പരപ്പോടെ വിളക്ക് തെളിയിച്ച് കിതച്ചുകൊണ്ട് സനാ തനൻ പറഞ്ഞു.

"മുടി കെട്ടിവെയ്ക്ക്!"

ലളിതയുടെ ചുവന്ന മൂക്കുത്തി വെട്ടിത്തിളങ്ങി കൈയിലും കാതി ലുമിട്ട ചുവപ്പുകല്ലിന്റെ ആഭരണങ്ങൾ വെട്ടിത്തിളങ്ങി സ്വർണക്കരയുള്ള ചുവന്ന പട്ടുസാരി വെട്ടിത്തിളങ്ങി മുടിയുടെ വകുപ്പിൽ അവൾ വാരി യിട്ട സിന്ദൂരം വെട്ടിത്തിളങ്ങി അവളുടെ വലിയ കണ്ണുകളുടെ കോണിൽ കണ്ണീര് വെട്ടിത്തിളങ്ങി. എണ്ണയിൽ കുതിർന്നു വീർത്ത മുടിയിഴകൾ തലങ്ങും വിലങ്ങും മുഖത്തു വീണിഴയുന്ന, നെറുകയിലെ സിന്ദൂരമൊ ലിച്ചിറങ്ങി മൂക്കിൻ തുമ്പിലൂടിറ്റുവിഴുന്ന, ആകെ വെട്ടിത്തിളങ്ങുന്ന അവ ളെക്കണ്ട് ഭയന്ന് സനാതനൻ ഒരടി പിറകോട്ടുമാറി.. ..

പിറ്റേന്ന് കാവിൽ കുളിച്ച് തൊഴുമ്പോൾ പതിവുപോലെ ഭഗവതീന്ന് വിളിക്കാനോങ്ങി ലളിത അറപ്പോടെ നിന്നു.

ഭഗവതിക്കും ചുവന്ന മൂക്കുത്തി. ചുവന്ന പട്ട് ചുവപ്പു കല്ലിന്റെ ആഭരണങ്ങൾ കത്തുന്ന സിന്ദൂരം.. അഴിഞ്ഞുലയുന്ന മുടിയുടെ പൊങ്ങി ത്താഴുന്ന തിരമാലകൾ വിരിഞ്ഞുയർന്നാടുന്ന പത്തികൾ... ഒഴുകിയെ ത്തുന്ന താമരപ്പൂവിന്റെ ഗന്ധം... ..

ന്ട്ടും, ഭഗായിട്ടന്യാണ് അവതാരം!

വെറുപ്പോടെ തുറിച്ചു നോക്കിനില്ക്കെ, ശ്രീകോവിലിൽ പാതിവി ടർന്ന ചെന്താമരപ്പൂപോലെ വലിയൊരു ഭഗമായിട്ടിരിക്കുന്നവളെക്കണ്ട് ലളിത നടുങ്ങി അവൾക്കു ചുറ്റും മുണ്ഡനം ചെയ്യപ്പെട്ട ഒരു ശിരസ്സു പൊഴിക്കുന്ന മുടിമേഘങ്ങളിഴയുന്നു. മുടിമേഘങ്ങൾക്കുമീതെ കയറി നിന്ന്, അച്ഛനും ഏട്ടനും സനാതനനും മേലാസകലം എണ്ണ പുരട്ടി കസർത്തെടുക്കുന്നു..........

കണ്ണ് ചുവന്ന്, കണ്ണ് ചെമ്പരത്തിപ്പൂവുപോലെ ചുവന്ന് മുടി വലിച്ചു പറിച്ച്, ചെമ്പട്ട് വലിച്ചുകീറി, എണ്ണ തുടിക്കുന്ന കവിളത്ത് കത്തുന്ന കോപം ചുവപ്പായെരിഞ്ഞ്, ലളിത കാവിറങ്ങി നടന്നു ..

സനാതനൻ ദുർമന്ത്രവാദികളെ വരുത്തി.

ലളിത തടാകങ്ങളെ സ്വപ്നം കാണുന്നു. നിറഞ്ഞ തടാകങ്ങളിൽ കഴുത്തറ്റം മുങ്ങിനിന്ന്, മുടിയഴിച്ചു വിതറിക്കൊണ്ട് അലറുന്ന കടൽത്തീരങ്ങളിൽ മുടി വീശിയാടിക്കൊണ്ട്, കൊടിയ പർവതശിഖരങ്ങളിൽ മുടിപ്പാമ്പുകളിഴഞ്ഞു കയറിക്കൊണ്ട് സ്വയം ആവിഷ്കരിക്കുന്നതായി ലളിത സ്വപ്നം കാണുന്നു

സ്വപ്നങ്ങളെ വ്യാഖ്യാനിക്കാൻ അവൾ സനാതനനോടും ദുർമന്ത്രവാദികളോടും ആവശ്യപ്പെട്ടു എണ്ണയിട്ട്, കസർത്തുചെയ്ത്, വളർത്തിയെടുത്ത മസിലുകൾ കാട്ടി സനാതനൻ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചു. കൂടുതൽ ദുർമന്ത്രവാദികൾക്ക് ഉപ്പും ചോറും കൊടുത്തു ദുർമന്ത്രവാദികൾ ലളിതയുടെ മുടി ആവാഹിച്ചെടുത്ത് കാഞ്ഞിരക്കൊമ്പുകളിൽ തളച്ചു

എന്നാൽ, സനാതനനും ദുർമന്ത്രവാദികളുമുറങ്ങുന്ന ഉച്ചകളിൽ ലളിത ഇറങ്ങിനടന്നു ഭഗവതിക്കുന്നിന്റെ ഉച്ചിയിലെത്തി, തിളയ്ക്കുന്ന വെയിലിൽ മുടിയഴിച്ചിട്ടു നിന്നു പതുക്കെപ്പതുക്കെ മുടി ചുഴറ്റി വീശി ചിലമ്പിന്റെ മേളം ചിതറിച്ച് ആടി . നെറുകയിലിട്ട സിന്ദൂരം അലിഞ്ഞിളകി മൂക്കിൻ തുമ്പിലൂടിറ്റു വീഴുംവരെ .. കവിളത്തിട്ട മഞ്ഞൾ കുതിർന്നൊലിച്ച് മാറത്തു പരക്കുംവരെ ..

പിന്നെ, തളർന്നു കുഴഞ്ഞ്, ഇടറുന്ന കാൽവെയ്പ്പുകളോടെ കുന്നിറങ്ങി. ലളിത, അനേകം തവണ ഭഗവതിയുടെ മുന്നിൽ വന്നു നിന്നു ശ്രീകോവിലിലെ മങ്ങിയ വെളിച്ചത്തിൽ പാതി വിടർന്ന വലിയൊരു ചെന്താമര പോലുള്ള ഭഗമായിട്ടവതരിച്ചവൾക്ക് പൂജനടക്കുന്നതുകണ്ട് മിഴിച്ചുനിന്നു.

ദുർമന്ത്രവാദികൾ കല്പിച്ചു

മുടി മുറിച്ചേ തീരൂ

കുളികഴിഞ്ഞ്, മുടി വിടർത്തിയിട്ട് മുടി കോതി മുടികോതി മുടി കോതി.... മുറ്റത്തു നില്ക്കുകയായിരുന്നു, ലളിത

കിടപ്പുമുറിയുടെ ജാലകത്തിലൂടെ സനാതനൻ ലളിതയുടെ അഴിഞ്ഞുലഞ്ഞ് വീഴുന്ന മുടി കണ്ട്, വിളറി നിന്നു കെട്ടഴിച്ചു വിട്ട ദുർമന്ത്രവാദികൾ അലറി.

മുടി കെട്ട്! കെട്ടാനാ പറഞ്ഞത്!

ലളിതയ്ക്ക് ചിരി പൊട്ടി തല പിന്നോക്കമെറിഞ്ഞ് ലളിത ചിരിച്ചു പിന്നെ ചിരി കണ്ണിലേക്കു പടർത്തി, സനാതനനെ ഒളികണ്ണിട്ടുനോക്കി, ഇടംകൈ കൊണ്ടൊരു പിടി മുടി വാരി, തെളിവെയിലിലേക്ക് വിടുർത്തിപ്പിടിച്ചു. ചുരുളഴിഞ്ഞൂർന്നു വീഴുന്ന പാമ്പുകളെപ്പോലെ എണ്ണ കുടിച്ചു

ചീർത്ത മുടിച്ചുരുളുകൾ വെയിലേറ്റു പിടഞ്ഞു.

സനാതനൻ ഭ്രാന്തനെപ്പോലെ ജനലഴികളിൽ മുഷ്ടി ചുരുട്ടിയിടിച്ചു കിതപ്പോടെ ദുർമന്ത്രവാദികൾ പരസ്പരം പുണർന്നു. ലളിതയാവട്ടെ പിന്നെയും പിന്നെയും എണ്ണ കുടിച്ചു മയങ്ങിയ, മിന്നുന്ന വഴുതുന്ന, മുടിച്ചുരുളുകളെ തിളയ്ക്കുന്ന വെയിലിലേക്ക് കെട്ടഴിച്ചു വിടുർത്തിയും, മധുപാനം പോലെ മുടിയുടെ ഗന്ധമൂറ്റിക്കുടിച്ചും, ചുഴറ്റിയെറിയുന്ന കാളി മയിലൂറ്റംകൊണ്ടും, ചിലമ്പിന്റെ മേളം ചിതറിച്ചും ആടിത്തുടങ്ങി!

സനാതനന് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിയുംമുമ്പ്, മുറ്റത്തിന്റെ നാലതിരിലേക്കും മുടിയുടെ കറുത്ത തിരകൾ പൊങ്ങിയുയർന്ന്, പത്തിവിരിച്ചാടാൻ തുടങ്ങി വിരിഞ്ഞ നാഗഫണങ്ങൾക്കു നടുവിലൊരു പാലപ്പൂപോലെ ലളിതയുടെ മുഖം കറങ്ങിത്തിരിയാൻ തുടങ്ങി വെയിലിലും കാറ്റിലും സിരകളിലും ഒരു വിറയലോടെ മുടിയുടെ ഗന്ധം വിങ്ങിത്തുടങ്ങി

ജനൽക്കമ്പികളിൽ മുറുകെപ്പിടിച്ച്, മുഖത്തു നിന്നിറ്റു വീഴുന്ന വിയർപ്പു കുടിച്ച്, സനാതനൻ കണ്ണുതുറിച്ചു നില്ക്കെ, മണിനാഗഫണങ്ങൾക്കു നടുവിലൊരു പാലപ്പൂപോലെ കറങ്ങിത്തിരിഞ്ഞ്, ലളിത, ഭഗവതിക്കാവിലേക്കിരച്ചു കയറി

പത്മഗന്ധം ചുരത്തുന്ന, വിടർന്നു തുടങ്ങുന്ന, ചെന്താമരമൊട്ടുപോലുള്ള, വലിയൊരു യോനിക്കു മുന്നിലവൾ നിന്നു ഒളിവെട്ടുന്ന ചുവപ്പു രാശിയിൽ കുഴങ്ങി, സനാതനനും ദുർമന്ത്രവാദികളും മിഴിച്ചുനില്ക്കെ, മുടി വീശിയാടിയാടിയാടി, ലളിത, വിടരുന്ന ചെന്താമരമൊട്ടിനെ ആവാഹിച്ചെടുത്തു!

പിന്നെ–

ത്രിശൂലം നീർത്തി, കണ്ണിലുതിരം പൊട്ടി, കുരുതി തട്ടിയെറിഞ്ഞ്, ചിലമ്പെറിഞ്ഞുടച്ച്, മുലപറിച്ചെറിഞ്ഞ്, മുടി വീശിയാടി, കാവിറങ്ങിയോടി.

ചുറ്റമ്പലത്തിൽ, മഹാദേവിയുടെ കരിങ്കൽമുലകൾ ചുരന്നു. ഓളം വെട്ടുന്ന കുരുതിയിലേക്ക് മുലപ്പാലിറ്റിറ്റു വീണു.

മേതിൽ രാധാകൃഷ്ണൻ

തൂങ്ങിക്കിടക്കുന്ന റിസീവർ

കുതിരപ്പന്തയം നടക്കുന്നൊരു മൈതാനം ഈ ഹിൽസ്റ്റേഷനിൽ ഒരിടത്തുണ്ട് സായിപ്പിന്റെ ഭരണകാലത്തെ സാമൂഹികചേഷ്ടകളുടെ ഒരു തുടർച്ചയാണത് എന്നാൽ, അതിനെക്കാൾ സായിപ്പിന്റേതും വിദേശീയവുമായി തോന്നുന്ന മറ്റൊന്നുണ്ട് നാലു വശത്തും കണ്ണാടിച്ചതുരങ്ങളുള്ള പൊതു ടെലിഫോൺ ബൂത്താണത്. ഇന്നത്തെ പ്രഭാതത്തിൽ പ്രത്യേകിച്ചും! പല കുതിരശക്തികളിൽ ചിനയ്ക്കുകയും അണയ്ക്കുകയും ചെയ്യുന്ന കാറ്റ്, കുതിരവായിലെ നീരാവി ഈ കുന്നുകളോളം പെരുത്തുണ്ടായ മഞ്ഞ്, തിളങ്ങുന്ന കടിഞ്ഞാണുകൾ അയച്ചും മുറുക്കിയും ചാറുന്ന മഴ; ഒളിംപിക് സ്വർണത്തെക്കാൾ അകലത്തായ സൂര്യൻ.. ഇന്നത്തെ പ്രഭാതത്തിൽ പ്രത്യേകിച്ചും!

ഇവിടം ഒരു അണ്ണാർക്കണ്ണനാണ്, ഭൂദൃശ്യത്തെപ്പറ്റി സോണി വിചാരിച്ചു.

അണ്ണാന്റെ മുതുകിലെ മൂന്നുവരകളും ഇവിടെയുണ്ട് ഏറെ വീതിയില്ലാത്തൊരു നിരത്തും അതിനരികിൽ അത്രയും വീതിയിൽ സിൽവർ പൈൻമരങ്ങളുടെ നിരയും അതിനപ്പുറത്ത് പെട്ടെന്നുള്ള താഴ്ചയിലെ തീവണ്ടിപ്പാതയും ഇവ മൂന്നും കുറച്ചു ദൂരം ഒരുമിച്ച് പോകുന്നേടത്ത് നിരത്തിന്റെ വക്കിലൊരു മരത്തിന്റെ തടിയോടു ചേർന്നാണ് ടെലിഫോൺബൂത്ത് നില്ക്കുന്നത്

അണ്ണാന്റെ വാലിലെ കാറ്റുമില്ലും ഇവിടെയുണ്ട് സിൽവർ പൈനുകളിൽ അതു പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത് കാറ്റാണ്.

ഫോൺ ബൂത്തിന്റെ ചതുരങ്ങളിലെ കണ്ണാടിച്ചില്ലുകൾ പലേടത്തും ഉടഞ്ഞിരിക്കുന്നു ചട്ടത്തിലെ മരം ദ്രവിച്ചിരിക്കുന്നു കാലിയായ ചതുരങ്ങളിപ്പോൾ കാറ്റിനും മഞ്ഞിനും മഴയ്ക്കും കളിക്കാൻ മുഖക്കണ്ണാടികൾ. ഏതു നിമിഷവും നിങ്ങളെ ഞെട്ടിച്ചുകൊണ്ട് ആ ചതുരങ്ങളിലൂടൊരു മുഖം നിങ്ങളുടെ നേർക്ക് തിരിയാം സായിപ്പിന്റെ കാലത്തെന്നതുപോലെ ഇപ്പോഴും റെയ്സ്കോഴ്സിൽ കാശുകെട്ടി കുതിരയോടിക്ക

ണമെന്ന് നിർബന്ധമുള്ളവർ സായിപ്പിന്റെ കാലത്ത് ചെറിയൊരു ഷോറൂംപോലെ തിളങ്ങിയിരിക്കുമായിരുന്ന ഫോൺ ബൂത്തിനെ അവഗണിച്ചിരിക്കയാണ്.

എങ്കിലും എനിക്ക് പരാതിപ്പെടാനാവില്ല, സോണി ഉറക്കെ ചിന്തിച്ചു

കുതിരസവാരി പഠിച്ച് സായിപ്പിന്റെ ലായം മേൽനോക്കിയിരുന്നൊരു കാരണവർ വീട്ടിലുണ്ടായിരുന്നില്ലെങ്കിൽ അവൻ കുതിരയോടിക്കാൻ പഠിക്കുമായിരുന്നില്ല അറിയാവുന്ന ഒരേയൊരു തൊഴിൽ അറിയാതെപോകുമായിരുന്നു സോണി ഒരു ജോക്കിയാണ് ചുവന്ന കല്ല് പതിച്ചൊരു മോതിരം വിരലിലിട്ടു കറക്കുന്നതുപോലെ ട്രാക്കുകൾക്കു ചുറ്റും രക്തസമ്മർദ്ദത്തിന്റെ തിരയുണർത്തിക്കൊണ്ട് കുതിര പായിക്കുന്നൊരാൾ കുതിരപ്പന്തയം ഇപ്പോഴും നടക്കുന്നില്ലെങ്കിൽ അവന്റെ ഉപജീവനം നടക്കില്ലായിരുന്നു ഫോൺ ബൂത്തിനെക്കുറിച്ചാണെങ്കിൽ, അതിനകത്തെ ഫോൺ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട് ഇന്ത്യയിലെ എല്ലാ ഫോണുകൾക്കും പൊതുവായ കുഴപ്പങ്ങളൊഴിച്ചാൽ പ്രത്യേകിച്ചൊരു കുഴപ്പവും അതിനില്ല പിന്നെ, ബൂത്തിലെ ചില്ലുകൾ പലേടത്തും പൊട്ടിയതിനെക്കുറിച്ചാണെങ്കിൽ, അതുകൊണ്ടു മാത്രമാണ് ചില ചതുരങ്ങളിലൂടെ ഒരു പ്രത്യേക ദൃശ്യം പൂരിപ്പിച്ചെടുക്കാൻ അവനു കഴിഞ്ഞത് കാറ്റത്തൊരു സ്പ്രിങ്ങുപോലെ അയയുകയും മുറുകുകയും ചെയ്യുന്ന കേബിൾച്ചുരുളിന്റെ അറ്റത്ത് റിസീവർ ചുവട്ടിലേക്ക് തൂങ്ങിയാടുന്നു

ഇത് ഭീകരവും ആപൽക്കരവുമാണ് സോണി മനസ്സിൽ പിറുപിറുത്തു

കേബിൾച്ചുരുളിൽ തൂങ്ങിയാടുന്ന റിസീവർ കയർത്തുമ്പിൽ തൂങ്ങിയാടുന്നൊരു മൃതദേഹത്തെ ഓർമ്മിപ്പിക്കുന്നെങ്കിൽ അതൊരു വിദൂരബന്ധമല്ല, വലിച്ചുനീട്ടിയുണ്ടാക്കേണ്ട വിനിമയമല്ല വളരെ പരിചിതമായൊരു ദുസ്സൂചന ആ കാഴ്ചയിലുണ്ട് സായിപ്പിന്റെ പടങ്ങളിൽ അത് സുലഭവുമാണ് ആപൽഘട്ടത്തിൽ ഒരാൾ ധൃതിപിടിച്ച് പോലീസിനെ ഫോണിൽ വിളിക്കാൻ ശ്രമിക്കുന്നു, ശ്രമം ഫലിക്കുംമുമ്പ് അയാൾ ആക്രമിക്കപ്പെടുന്നു, പിടിവിട്ട റിസീവർ ഒരു വിനിമയശ്രമത്തിന്റെ ദുർമരണം പോലെ തൂങ്ങിയാടുന്നു, ചില സന്ദർഭങ്ങളിൽ അപ്പുറത്തെ ആളുടെ ഒച്ച അപ്പോഴും റിസീവറുടെ അറ്റത്ത് ആശയറ്റ് മുഴങ്ങുന്നുണ്ടാവും ഹലോ! ഹലോ! .

എനിക്കൊരു പൗരനെപ്പോലെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു, സോണി ഓർമ്മിച്ചു

ഫോൺ ബൂത്തിനകത്തോ ചുറ്റുമുള്ള മരങ്ങൾക്കിടയിലെ പുൽത്തകിടിയിലോ ചൂടാറാത്ത ഒരു ശവശരീരം പ്രതീക്ഷിക്കുന്നത് വിഭ്രാന്തിയാവും ബൂത്തിനകത്ത് കണ്ണാടിച്ചില്ലിൽ ഇനിയും ഉണങ്ങിയിട്ടില്ലാത്ത ചോര പ്രതീക്ഷിക്കുന്നതും വിഭ്രാന്തിയാവും പക്ഷേ, ഒരു പൊതു ടെലിഫോൺ ബൂത്തിൽ സ്ഥാനം തെറ്റി തൂങ്ങിക്കിടക്കുന്ന റിസീവർ യഥാ

സ്ഥാനത്ത് കൊളുത്തിയിടുന്നത് പൗരമര്യാദ മാത്രമാണ്. കാറ്റും മഴയും മഞ്ഞും കാരണം നാട്ടിലാരും പുറത്തേക്കിറങ്ങിയിട്ടില്ലെന്ന് തോന്നിക്കുന്നൊരു പ്രഭാതത്തിൽ ഇങ്ങനെ തൂങ്ങിക്കിടക്കുന്നൊരു റിസീവർ മറ്റൊന്നുകൂടി തോന്നിക്കുന്നു: ഫോൺ അലസമായി കിടക്കുകയല്ല, പ്രവർത്തിച്ചുകൊണ്ടിരിക്കുക തന്നെയാണത്, ഇവിടത്തെ വിജനത സ്വയം പേടിച്ച് റിസീവർ വലിച്ചെടുത്ത് ആരോടോ എന്തിനോടോ അന്ത്യശ്വാസത്തിൽ വിനിമയം നടത്തുകയാണ് കുഴപ്പമില്ല മനസ്സിലാക്കാം വിജനത, ശൂന്യത തുടങ്ങിയവ ആരോടെങ്കിലും സംഭാഷണം നടത്താൻ ശ്രമിക്കയാണെങ്കിൽ അതിൽ ഒരു തെറ്റുമില്ല അവയുടെ പ്രത്യേക സ്വഭാവം തന്നെ ആ പ്രവൃത്തിയെ ന്യായീകരിക്കുന്നു എന്നാൽ, അവ മനുഷ്യന്റെ വിനിമയ യന്ത്രങ്ങളെടുത്ത് കളിക്കയാണെങ്കിൽ അത് മറ്റൊരു വിഷയം അതു മുടക്കേണ്ടതും പൗരമര്യാദ. അതുകൊണ്ടാണ് സോണി ഫോൺ ബൂത്തിലേക്ക് കയറിയത്.

ഫോൺ ബൂത്തിൽ ചോരയോ ശവശരീരമോ ഇല്ല പലചതുരങ്ങളിലൂടെ കാണാൻ കഴിയുന്നേടത്തോളം പുറത്ത് മരങ്ങൾക്കിടയിലും അങ്ങനെയൊന്നുമില്ല തൂങ്ങിക്കിടക്കുന്ന റിസീവറിന്റെ ചെവിയിൽ ആരുടെയെങ്കിലും "ഹലോ! ഹലോ!" വന്നലയ്ക്കുന്നുണ്ടെങ്കിൽപ്പോലും മുകളിലെ കാറ്റുമില്ലുകളുടെ ശബ്ദത്തിൽ അതുകേൾക്കുന്നില്ല, കേൾക്കാനാവില്ല പക്ഷേ, കൈയിലെടുത്തപ്പോൾ റിസീവറിന്റെ ദ്രവ്യത്തിൽ മനുഷ്യസ്വരത്തിന്റെ കമ്പനമറിഞ്ഞ് അവന്റെ വിരലുകൾ ചില ശലഭങ്ങളുടെ ആന്റിനപോലെ വിറച്ചു ആരോ സംസാരിക്കുന്നുണ്ട്! ആരോ ആരെയോ എത്തിപ്പിടിക്കാൻ ശ്രമിക്കയാണ്! എത്തിപ്പിടിക്കാൻ തുടങ്ങുന്ന കൈകളുടെ ഭൗതികതയ്ക്കു തുല്യം ആ ഒച്ചയിലെ ആകാംക്ഷ വിരലുകൾകൊണ്ട് തൊട്ടറിയാമായിരുന്നു. ആന്റിനയിലെ വിറ ഉള്ളിലേക്ക് പടരുകയായിരുന്നു പക്ഷേ, മനസ്സിനെ ഒരു കുതിരയെന്നതുപോലെറിയാൻ കഴിഞ്ഞാൽ സോണിയുടെ വൈദഗ്ധ്യമുള്ളൊരു ജോക്കിക്ക് ചില നിയന്ത്രണങ്ങൾ സാധ്യമാവും കടിഞ്ഞാൺ വലിക്കുന്ന ആംഗ്യത്തിൽ അവൻ റിസീവർ പൊക്കിയെടുത്ത് മുഖത്തോടണച്ചു. ശ്വാസത്തിൽപ്പോലും പേടികലരാതെ അധികൃതരുടെ സ്വരത്തിൽ ചോദിച്ചു

–ഹലോ! ആരാണിത്

–യെസ്, ഹലോ! പഴയ ആൾ തന്നെ, ഗഗാറിൻ പക്ഷേ... എന്ത്! നിങ്ങളാരാണ്! നിങ്ങൾ എവിടന്ന് കയറിവന്നു? ഹലോ! കേൾക്കുന്നുണ്ടോ? ഇതൊരു ക്രോസ് കണക്ഷനാണോ?

–അല്ല.

–നിങ്ങളാരാണ്? ഞാനും മറ്റൊരാളുമായുള്ള സംഭാഷണത്തിൽ നിങ്ങൾ കയറിക്കൂടിയതെങ്ങനെ? അവളെവിടെ? ദൈവമേ! നിങ്ങളവളെ വല്ലതും ചെയ്തോ? അവൾ....

–എവൾ?

–ആ പെൺകുട്ടി

–ഏതു പെൺകുട്ടി? ഇവിടെ ഒരു പെൺകുട്ടിയുമില്ല

–ഇല്ല? നിങ്ങളാരെയാണ് കളിപ്പിക്കാൻ ശ്രമിക്കുന്നത്? ദയവുചെയ്ത് റിസീവർ അവളുടെ കൈയിൽ കൊടുക്കുക. എനിക്ക് ഡയൽചെയ്ത് സംഭാഷണം തുടങ്ങിവെച്ചത് അവളാണ് അവൾതന്നെ അതു തുടരട്ടെ.

–ഇതു നോക്കൂ, മിസ്റ്റർ, ഇതൊരു പബ്ലിക് ബൂത്താണ്, ആരും പുറത്തിറങ്ങാൻ മെനക്കെടാത്ത പ്രഭാതമാണ്, എന്റെയും എന്റെ കുതിരയുടെയും സാന്നിധ്യമൊഴിച്ചാൽ നിർജീവമായ ഒരിടമാണ് ഞാനൊരു ജോക്കിയാണ്. വിശക്കുന്നൊരു കുതിരയുള്ളൊരു ജോക്കിയല്ലാതെ ഇവിടങ്ങളിൽ ആരും പുറത്തിറങ്ങിയിട്ടില്ല ഇവിടെ സിൽവർ പൈൻമരങ്ങൾക്കിടയിൽ ധാരാളം പുല്ലുണ്ട്. ചെരിപ്പടയാളം വീഴാത്ത പുല്ല് ഞാനെന്റെ കുതിരയെ മേയ്ക്കാൻ വന്നതാണ് വന്നപ്പോൾ ഇവിടെ തൂങ്ങിക്കിടക്കുന്ന റിസീവർ കണ്ടു ഒരു പൗരനെന്ന നിലയ്ക്ക്

–വരട്ടെ, വരട്ടെ തൂങ്ങിക്കിടക്കുന്നൊരു റിസീവർ! അങ്ങനെ തന്നെയാണോ നിങ്ങൾ പറഞ്ഞത്? വിജനസ്ഥലം, തൂങ്ങിക്കിടക്കുന്നൊരു റിസീവർ! അതിന്റെ സൂചന നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ?

–വളരെ, വളരെ! ആ സിനിമാരംഗങ്ങളിലൂടെയെല്ലാം ഞാൻ കടന്നുപോയിക്കഴിഞ്ഞു ഇവിടെ ചോരയും ശവശരീരവുമൊന്നുമില്ല. അതാണ് നിങ്ങളുദ്ദേശിച്ചതെങ്കിൽ! നിങ്ങളുദ്ദേശിക്കുന്ന പെൺകുട്ടിയും ഇവിടെയില്ല അവൾ തുടങ്ങിവച്ച സംഭാഷണം ഞാൻ തുടരേണ്ട കാര്യവുമില്ല റിസീവർ വയ്ക്കുന്നു പൗരധർമം. നിങ്ങളുടെ പെരെന്താണെന്നാണ് പറഞ്ഞത്?

–ഗഗാറിൻ യൂറി

–ക്ഷമിക്കണം പരിചയമില്ലാത്ത പേര് മനസ്സിൽ ഒരു മണിയും അടിക്കാത്ത പേര് ആകെ അടിക്കുന്നൊരു മണിയുടെ കയറ് വളരെ ദൂരത്താണ് അങ്ങ് റഷ്യയിൽ യൂറി ഗഗാറിനെന്ന പേരിൽ ഒരു ബഹിരാകാശ സഞ്ചാരിയെക്കുറിച്ച് കേട്ടിട്ടുണ്ട്

–അയാൾ ഞാൻ തന്നെ

–എന്ത്! കോസ്മോനട്ട് യൂറി ഗഗാറിൻ! എങ്കിൽ, ഇതു കേൾക്കണം ഞങ്ങളുടെ കുതിരയുടെ പേര് കസാൻഡ്ര എന്നായിരുന്നു ഒരു മുൻ കമ്മ്യൂണിസ്റ്റിന്റെ മനസ്സിലെ കമ്മ്യൂണിസത്തിന്റെ പേരാണത് അടുത്ത കാലത്ത് ഞാൻ മുതലാളിയുടെ സമ്മതത്തോടെ കുതിരയുടെ പേര് ഗ്ലാസ്നോസ്റ്റ് എന്നാക്കി മാറ്റി. റഷ്യയിലെ രാഷ്ട്രീയം പത്രങ്ങളിലൂടെ പിൻതുടരുന്നവരാണ് ഞങ്ങൾ രണ്ടുപേരും

–നിങ്ങളും കുതിരയുമോ?

–ഗഗാറിൻ, നിങ്ങൾ ഏതു ലോകത്തുനിന്നാണ് സംസാരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ മറ്റുവാക്കുകളിൽ പറഞ്ഞാൽ, നിങ്ങൾ ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാ ചരിത്രത്തിൽ

സ്ഥാനം പിടിച്ച ഏതു പുരുഷനെക്കുറിച്ചും ആർക്കും ചിലപ്പോൾ തോന്നാവുന്ന സംശയമാണത് രാഷ്ട്രീയനൈരാശ്യങ്ങൾ തമാശ പറയാനുള്ള വാസനയായി മാറുന്നൊരു ലോകത്തുനിന്നാണ് നിങ്ങൾ സംസാരിക്കുന്നതെന്ന് ഞാൻ ഊഹിക്കുന്നു ഏതായാലും എനിക്ക് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്

–ഒരു വിചാരണ? അല്പം മുമ്പ് ആ പെൺകുട്ടിയാണ് പറഞ്ഞത്, നമ്മുടെ കാലഘട്ടത്തിൽ ഓരോ സംഭാഷണവും ഓരോ വിചാരണയാണെന്ന്! അവളെവിടെപ്പോയി? അതും ഫോൺ റിസീവറിനെ തൂങ്ങിയാടാൻ വിട്ടുകൊണ്ട്! ആരെയാണവൾ തൂക്കിക്കൊല്ലാൻ ശ്രമിക്കുന്നത്!

–ഹേ, ഗഗാറിൻ, ഞാൻ തുടങ്ങുകയാണ്. 1993 ശിശിരത്തിലെ തെരഞ്ഞെടുപ്പിൽ തന്റെ കക്ഷിയായ എൽ ഡി പി ഇരുപത് ഇരുപത്തിനാല് ശതമാനം വോട്ടു നേടുമെന്ന് പ്രവചിച്ച് ഷിറിനോവ്സ്കി സൈബീരിയവരെ ചിരിയുണർത്തി തെരഞ്ഞെടുപ്പുഫലം പുറത്തായപ്പോൾ എൽ ഡി പി യുടെ വിഹിതം ഇരുപത്തിമൂന്നു ശതമാനമായിരുന്നു! യഥാർത്ഥ പാർട്ടിവിശ്വാസികളെക്കുറിച്ച് കെ.ജി ബി. രഹസ്യമായി തയ്യാറാക്കിയിരിക്കാവുന്ന രേഖകളിൽ നിന്നാവുമോ ഷിറിനോവ്സ്കിക്ക് ഇത്രയും കൃത്യമായ കണക്ക് കിട്ടിയത്? 1991 മാർച്ചിൽ, അംഗീകൃത രാഷ്ട്രീയ പാർട്ടിയായി പേര് രജിസ്റ്റർ ചെയ്യാനാഗ്രഹിക്കുന്ന സംഘടനകൾക്ക് അയ്യായിരം പാർട്ടിയംഗങ്ങളുടെ പേരുവിവരങ്ങളുള്ള പട്ടിക സമർപ്പിക്കേണ്ടിയിരുന്നു എൽ ഡി പി സമർപ്പിച്ച പട്ടികയിലുള്ളത് വലിയൊരളവോളം സാങ്കല്പികനാമങ്ങളാണെന്ന് മുൻ കെ ജി ബി ല്യൂട്ടനന്റ് കേണൽ അലക്സാണ്ടർ കിചിഖിൻ പറഞ്ഞത് ശരിയോ? ഇരുപത്തിമൂന്നു ശതമാനം! 1991 മാർച്ചിൽത്തന്നെ ഷിറിനോവ്സ്കിയുടെ ഒരു രാഷ്ട്രീയ സഹപ്രവർത്തകന്റെ പേർക്ക് മുപ്പതുലക്ഷം റൂബ്ൾ നീക്കം ചെയ്യാൻ പോളിറ്റ്ബ്യൂറോ ഉത്തരവിട്ടെന്നും ഈ തുക ചെലവഴിക്കപ്പെട്ടത് ഷിറിനോവ്സ്കിയുടെ തെരഞ്ഞെടുപ്പു പ്രചരണത്തിനുവേണ്ടിയായിരുന്നെന്നും കിചിഖിൻ പറഞ്ഞത് ശരിയോ? ജൂതന്മാരെ മുഴുവൻ പുറത്താക്കിയാൽ റഷ്യയിൽ പ്രശ്നമൊന്നുമുണ്ടാവില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ച ഷിറിനോവ്സ്കിയുടെ അച്ഛൻ ജൂതനായിരുന്നില്ലേ? 1964 -ൽ മോസ്കോയിലെ പ്രശസ്ത പൗരസ്ത്യഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന സമയത്ത് തന്റെ ജൂതപിതാവിനെയും ജൂതരക്തത്തെയും മറച്ചുപിടിക്കാൻ അദ്ദേഹം നിയമപരമായിത്തന്നെ പേരുമാറ്റുകയല്ലേ ചെയ്തത്?

–എന്തുകൊണ്ടീ ചോദ്യങ്ങൾ?

–ആകാശത്ത് പറന്നൊരാളെന്ന നിലയ്ക്ക് ഭൂമിയിലെ കാര്യങ്ങൾ അല്പം അകലെനിന്ന് കാണാൻ പഠിച്ചിരിക്കാമെങ്കിലും അടിസ്ഥാനപരമായി നിങ്ങളൊരു റഷ്യക്കാരനായതുകൊണ്ട്.

–ഞാൻ റഷ്യക്കാരനായിരിക്കാം പക്ഷേ, നിങ്ങൾ ഇന്ത്യക്കാരനാ

ണെന്ന് മറക്കരുത്.

–അർത്ഥം?

–റഷ്യക്കാരല്ലാത്തവർക്ക് റഷ്യയിൽ നടക്കുന്ന കാര്യങ്ങൾ അറിയാനവകാശമില്ല. നിങ്ങൾ ഫ്രീപ്രസ്സെന്നൊക്കെ പറയും അത് അമേരിക്കയ്ക്ക് പറ്റും. അമേരിക്ക സ്വയം ഒരു പരസ്യമാണ്. ടി വി പരസ്യം, ഡിസ്പ്ലേ ബോഡ്. ഹോളിവുഡ് നടിയുടെ നഗ്നത. ചിലർക്കങ്ങനെ നഗ്നരാവാൻ നിർവാഹമുണ്ടാവില്ല വ്യക്തിയുടെ സ്വകാര്യത എന്നു പറയുന്നതുപോലെ രാഷ്ട്രീയത്തിനും ഒരു സ്വകാര്യതയില്ലേ? സ്വന്തം കാര്യങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്ന് മറച്ചു പിടിക്കാനുള്ള അവകാശം? അതെങ്ങനെ ഇരുമ്പുമറയാകും? സോവിയറ്റ് റഷ്യയുടെ മനസ്സ് മാരിലിൻ മൺറോയുടെ ശരീരമല്ല അല്ലെങ്കിൽ, മാരിലിൻ മൺറോ ആത്മഹത്യ ചെയ്തതെന്തുകൊണ്ട്? ചിന്തിക്കയാണോ? എങ്കിൽ ഒരു കാര്യംകൂടി ചിന്തിച്ചുകൊള്ളുക റഷ്യൻ വ്യവസ്ഥയിൽ ആത്മഹത്യ ചെയ്യുന്നത് മാക്സിം ഗോർക്കിമാരാകുമ്പോൾ അമേരിക്കൻ വ്യവസ്ഥയിൽ ആത്മഹത്യചെയ്യുന്നത് മാരിലിൻ മൺറോമാരാകുന്നതെന്തുകൊണ്ട്? ഓ, മാരിലിൻ! മാരിലിൻ! സംഭാഷണം നടുവിൽവച്ച് മുറിച്ച് അവൾ എവിടെപ്പോയിത്തുലഞ്ഞു?

–ആരെക്കുറിച്ചാണ്?

–അവളെക്കുറിച്ചുതന്നെ എനിക്ക് ഡയൽചെയ്ത് ഈ വിചാരണയ്ക്ക് വിട്ടുകൊടുത്ത പെൺകുട്ടിയെക്കുറിച്ച് അവളുടെ പേര് മാരിലിൻ എന്നാണ് അങ്ങനെയാണവൾ പറഞ്ഞത് ഞാൻ ഇത്രയും നേരം വിചാരണയ്ക്ക് നിന്നുതന്നതോർത്തെങ്കിലും റിസീവർ അവൾക്ക് കൊടുക്കാമോ? നിങ്ങളാണിപ്പോൾ ഇരുമ്പുമറ അവളെ മറച്ചുപിടിക്കാൻ ശ്രമിക്കുന്നതെന്തിന്?

–ഇവിടത്തെ വിജനതയ്ക്ക് ഒരു പെൺകുട്ടിയെ ഒളിപ്പിക്കാൻ കഴിയില്ല ഗഗാറിൻ! ഈ മുടിഞ്ഞ കാലാവസ്ഥയിൽ ക്ഷമിക്കുക ഞാൻ ശ്രദ്ധിച്ചില്ല ഇതിനിടയിൽ കാലാവസ്ഥ മാറിയിരിക്കുന്നു !

സോണി ശ്രദ്ധിക്കുകയായിരുന്നു മുകളിലെ കാറ്റുമില്ലുകൾ നിലച്ചിരിക്കുന്നു മഴയും മഞ്ഞും പിന്നിട്ട്, ദിവസം അതിന്റെ ഒളിംപിക് സ്വർണം വീണ്ടെടുത്തുകഴിഞ്ഞു നേരം വെളുത്ത് മണിക്കൂറുകൾക്കുശേഷം വന്ന വെയിലിൽ പാതയിലൂടൊരു പെൺകുട്ടി സൈക്കിളോടിച്ച് പോകുന്നു വക്കത്ത് മരങ്ങൾക്കു താഴെ മേയുകയായിരുന്ന കുതിരയെ അലസമായൊന്നു നോക്കി അവൾ പാതയിലേക്ക് മുഖം തിരിച്ചു എന്നാൽ, അടുത്ത നിമിഷം പെട്ടെന്നു നിന്നു സൈക്കിൾ ഒരിടത്ത് നിർത്തിവച്ച് കുതിരയെ സമീപിച്ചു മേയുന്നതിനിടയിൽ കുതിര മുഖമുയർത്തി അവളെ നോക്കി കുതിരയ്ക്കും പെൺകുട്ടിക്കുമിടയിൽ ഒരു വിനിമയം നടന്നെന്ന് അവൻ സങ്കല്പിച്ചതാവാം എന്നാൽ അടുത്ത നിമിഷം അവൾ ടെലിഫോൺ ബൂത്തിനു നേർക്ക് നോക്കി അവൾ നടന്നടുക്കു

ന്നത് അവൻ കണ്ടു. ബൂത്തിലേക്ക് കയറിവന്ന് പെൺകുട്ടി പറഞ്ഞു:

–മതി.

–കാരണം?

–ഇതെന്റെ സംഭാഷണമാണ്. ഞാനാണ് ഡയൽ ചെയ്ത് നാണ്യ മിട്ട് സംഭാഷണം തുടങ്ങിവച്ചത്. അവസാനിപ്പിക്കേണ്ടതും ഞാനല്ലേ? റിസീവർ ഇങ്ങോട്ടു തരൂ.

സോണി അനുസരിച്ചു.

റിസീവർ കൈമാറപ്പെടുന്നതിനിടയിൽ അതിന്റെ ചെവിയിൽ വന്ന ലയ്ക്കുന്ന "മാരിലിൻ! മാരിലിൻ!" എന്ന വിളി അവർ രണ്ടുപേരും കേട്ടു. റിസീവർ വായോടടുപ്പിച്ച് പെൺകുട്ടി ഉറക്കെപ്പറഞ്ഞു.

–ഷട്ടപ്പ്!

റിസീവർ കൈവിട്ട് അവൾ പുറത്തേക്കിറങ്ങിയോടി റിസീവർ തൂങ്ങി യാടാൻ തുടങ്ങി ആദ്യത്തെ ആട്ടത്തിലത് ചില്ലു പൊട്ടിയൊരു ചതുര ത്തിലൂടെ വെളിയിലേക്ക് തെറിച്ച് തിരിച്ചുവന്ന് എതിർവശത്ത് ചെന്നടി ച്ചു ഗഗാറിന്റെ ചെവിയിൽ ചുറ്റിക വീണിരിക്കണം. പെൺകുട്ടി സിൽവർ പൈനുകൾക്കിടയിലൂടെ തീവണ്ടിപ്പാളങ്ങളുടെ ദിശയിലേക്ക് ഓടി അവി ടത്തെ താഴ്ച തുടങ്ങുന്നേടത്ത് ഇരുമ്പുവേലിയുണ്ട് അതിനപ്പുറം അവൾക്ക് ഓടാനാവില്ല അവൻ അവളുടെ നേർക്കോടി അടുത്തെത്തി യപ്പോൾ പെൺകുട്ടി ശ്രദ്ധിച്ചില്ല ഇരുമ്പുവേലിയിൽ കൈകൾവച്ച് തീവ ണ്ടിപ്പാളങ്ങൾക്കു മുകളിലേക്കു നോക്കി നിൽക്കുകയായിരുന്നു അവൻ തല താഴ്ത്തി തീവണ്ടിപ്പാളങ്ങളിലേക്ക് നോക്കി ഇപ്പോൾ ഒരു തീവണ്ടി കടന്നുപോയിരുന്നെങ്കിൽ എന്നാഗ്രഹിച്ചു ടെലിഫോൺ ബൂത്തിൽ താൻ ചെയ്തതെന്തെന്ന് വിശകലനം ചെയ്യാൻ ശ്രമിച്ചു വിനിമയത്തിന്റെ തുലാസിൽ ഒരു തട്ട് കൂടുതൽ തൂങ്ങുന്നത് കണ്ടപ്പോൾ ക്രമീകരിക്കാ നാണ് ശ്രമിച്ചത് പെൺകുട്ടി വന്നില്ലായിരുന്നെങ്കിൽ അത് തെറ്റാവുമാ യിരുന്നില്ല. പെൺകുട്ടി വന്നതോടെ തന്റെ പെരുമാറ്റം ഒരു വിനിമയ ത്തിന്മേലുള്ള കൈയേറ്റമായിത്തീർന്നിരിക്കുന്നു അതോർത്ത് അവളുടെ നേർക്ക് നോക്കി അവൾ കരയുകയായിരുന്നു നഗ്നമായ കരച്ചിൽ, അവൻ വിചാരിച്ചു മുഖം പൊത്താതെ കൈകൾ ചുവട്ടിലിട്ട് നേരെ മുന്നോട്ടു നോക്കി നിവർന്നുനിന്നുള്ള വലിയ കരച്ചിലിനെപ്പറ്റി മറ്റെ ന്താണ് വിചാരിക്കുക!

–നീ കരയുന്നതെന്തിന്?

–ഞാൻ കരയുന്നതെന്തിന്! നിങ്ങളുടെ സ്വരത്തിൽ സഹതാപമുണ്ട്, പരിഗണനയുണ്ട്, ഒരുതരം അടുപ്പംപോലുമുണ്ട് സംഭാഷണങ്ങൾ എപ്പോഴും ഇങ്ങനെ അടുപ്പത്തിൽ തുടങ്ങുന്നു പിന്നെ പെട്ടെന്ന് ചോദ്യ ങ്ങളുണ്ടാവുന്നു "നീ അയാളെ പരിചയപ്പെട്ടതെങ്ങനെ? ഏതു നമ്പ റാണ് നീ കറക്കിയത്?" കുശലം പറയാനുപയോഗിക്കുന്ന സ്വരം കാപ ട്യമില്ലാത്ത ജിജ്ഞാസ എല്ലാം കേട്ടുകഴിഞ്ഞാൽ പെട്ടെന്ന് സ്വരം മാറ്റി

ആജ്ഞാപിക്കും "നീ എന്റെ കൂടെ വരണം" ഒപ്പം ഒരു ബാഡ്ജ് പുറത്തെടുത്ത് വീശിക്കാണിക്കും. നീ വന്നില്ലെങ്കിൽ നിന്നെ പൊക്കിക്കൊണ്ടുപോകാൻ എനിക്കധികാരമുണ്ടെന്ന് തെളിയിക്കുന്ന ഔദ്യോഗിക മുദ്ര!

–നിന്നോട് അയാളെന്താണ് പറയാൻ ശ്രമിച്ചത്?

–പ്രണയത്തെക്കുറിച്ച് ഒരു പെൺകുട്ടിയോട് മറ്റെന്തിനെപ്പറ്റി സംസാരിക്കാനാണ് ആണുങ്ങൾ മെനക്കെടുക! പക്ഷേ, രാഷ്ട്രീയവും പറഞ്ഞു. ഒരു പെൺകുട്ടിയെ കരയിക്കുന്ന രാഷ്ട്രീയം. പെൺകുട്ടികൾക്ക് അറിയാത്ത വിഷയമാണ് രാഷ്ട്രീയമെന്ന് നിങ്ങൾ കരുതുന്നുണ്ടാവാം. പക്ഷേ, ചിലപ്പോൾ ഒരു പെൺകുട്ടിയെ കരയിക്കുന്ന രാഷ്ട്രീയം എന്നൊന്നുണ്ട്

–നീ പറഞ്ഞൊരു കാര്യം അയാളെന്നോടു പറഞ്ഞു ഓരോ സംഭാഷണവും ഒരു വിചാരണയാവുന്നത് അതെങ്ങനെയാണ്?

–നിങ്ങളുടെ ഈ സംഭാഷണം തന്നെ അതല്ലേ തെളിയിക്കുന്നത്? പുരുഷന്റെ പ്രേമംപോലും ഒരു വിചാരണയാണ്

സോണി പിന്നീടൊന്നും ചോദിക്കാൻ ധൈര്യപ്പെട്ടില്ല സംഭാഷണം തുടരാൻപോലും ധൈര്യപ്പെട്ടില്ല പകരം അവളുടെ നില്പ് ശ്രദ്ധിച്ചു മുലകളുടെ ആകൃതിയുള്ള നെടുവീർപ്പ് മുലകൾ സൃഷ്ടിക്കപ്പെട്ടത് പെൺകുട്ടികൾക്ക് നെടുവീർപ്പിടാൻവേണ്ടിയാണ് പക്ഷേ, ഇവളുടെ വിരലുകൾ സൃഷ്ടിക്കപ്പെട്ടത് വേലിയിലെ ഇരുമ്പുമുള്ളുകൾ മുറുകെപ്പിടിച്ച് ചോര വരുത്താനാണോ? വിരലുകൾക്കിടയിലൂടെ കിനിയുന്ന ചോര അവളുടെ തൊലിയിലെ നേർത്ത ചുളിവുകളിലൂടെ വലപോലെ പടരുന്നത് ശ്രദ്ധിക്കുമ്പോഴാണ് അവന്റെ ഒരാവശ്യവുമില്ലാത്ത ആഗ്രഹം സാധിക്കാൻ പോകുന്നത് ഒരു തീവണ്ടിയുടെ ചൂളം കേട്ടു അതിനുനേർക്ക് തലതിരിച്ചു വീണ്ടും പെൺകുട്ടിയെ ശ്രദ്ധിക്കുമ്പോൾ അവൾ സിൽവർ പൈനുകൾക്കിടയിലൂടെ സൈക്കിളിനുനേർക്ക് ഓടുകയാണ് തിരിഞ്ഞു നോക്കാതെ കയറി, ചക്രങ്ങൾ മൂന്നാം ചുറ്റിലെത്തിയപ്പോൾ ബാലൻസ് തെറ്റി വീഴാൻ പോയി വീണില്ല അവൾ കണ്ണിൽനിന്ന് മറയുന്നതിനിടയിൽ തീവണ്ടി കടന്നുപോയിരുന്നു അവൻ അപ്പോഴും തൂങ്ങിക്കിടക്കുന്ന റിസീവറിന്റെ കാര്യമോർത്തു ഓർത്തതും അങ്ങോട്ടോടി കിതപ്പ് മാറാൻ കാത്തുനിൽക്കാതെ റിസീവറെടുത്ത് വിളിച്ചു

–ഹേ, ഗഗാറിൻ!

–ഷട്ടപ്പ്!

സോണി അനുസരിച്ചു റിസീവർ വയ്ക്കേണ്ടിടത്ത് വച്ച് പുറത്തു കടന്നു വിനിമയത്തിന്റെ തുലാസിലെ ഒരു തട്ട് കൂടുതൽ തൂങ്ങുന്നത് കണ്ടപ്പോൾ ക്രമീകരിക്കാനാണ് താൻ ശ്രമിച്ചത് അതിനപ്പുറം കടന്ന് പ്രവർത്തിക്കാൻ വകുപ്പില്ല അവൻ കുതിരയുടെ നേർക്കു നടന്നു മേയുന്നതിനിടയിൽ കുതിര തലയുയർത്തി നോക്കി. അവൻ കയറാൻ ശ്രമി

ക്കുന്നതിനിടയിൽ കുതിര ശക്തമായി ചിനച്ചു. അവൻ പറഞ്ഞു:

-ഷട്ടപ്പ്!

സോണി ചിരിക്കാൻ ശ്രമിച്ചു. അതിലെ തമാശയോർത്തല്ല, അടിയിലുള്ള വലുതും ശല്യകരവുമായ അർഥമോർത്ത്! ദിവസത്തിന്റെ പ്രയോഗമാണത്. താക്കോൽ വാക്കുകൾ. ചരിത്രപരമായ തുടർച്ചയിൽ വളരെ പരിചിതവും ദയനീയവുമാണെന്ന് അവന് തോന്നി ചരിത്രപരമെന്നു പറയുമ്പോൾ ഒരു റഷ്യൻ കഥതന്നെ. പെൺകുട്ടി ഗഗാറിനോടു പറഞ്ഞതും ഗഗാറിൻ അവനോടു പറഞ്ഞതും അവൻ കുതിരയോട് പറഞ്ഞതുമെല്ലാം ഒരു പാർലമെന്ററി യോഗത്തിൽ ഷിറിനോവ്സ്കി പറഞ്ഞതുതന്നെ:

"ഷട്ടപ്പ്!"

വിനിമയം പിഴച്ചൊരു വാദപ്രതിവാദത്തിനിടയിൽ സ്പീക്കറുടെ താക്കീത് കിട്ടിയപ്പോൾ ഷിറിനോവ്സ്കി പറഞ്ഞു: "മിണ്ടിപ്പോകരുത്! ഞാനാണിപ്പോൾ സംസാരിക്കുന്നത് മുറിയിൽ നിന്ന് പുറത്തു പോ! സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ഓരോ ആളും ഒരു സൈക്കിയാട്രിക്ക് ആശുപത്രിയിലേക്ക് പോകേണ്ടതാണ്!" ഷിറിനോവ്സ്കിയുടെ വാക്കുകൾ ഈ ടെലിഫോൺ ബൂത്തിൽ ചുവരെഴുത്താകേണ്ടതാണ്. തൂങ്ങിക്കിടക്കുന്ന റിസീവറുകൾക്ക് ഒരു കമ്പനം അതിലുണ്ട്

എൻ. പ്രഭാകരൻ

നാട്ടുവിദ്യ

കുനിയൻ കുന്ന് കാവിലെ സ്ഥാന ജനങ്ങളിൽ മുമ്പന്മാരായ അമ്പുത്ത ണ്ടയാനും അപ്പത്തണ്ടയാനും മീനമാസത്തിലെ ഒരു സന്ധ്യയിൽ തീര ദേശത്തെ സ്ത്രീജനങ്ങളെ കണ്ട് കൺകുളിർക്കാനും കാടും മലയും തടുക്കാത്ത അന്തിവെയിൽ ആവോളം നുണയാനും ആർത്തിപൂ ണ്ടന്തംകെട്ട്, കുന്നിറങ്ങി, കുണ്ടനിടവഴികൾ താണ്ടി, തോടുംപുഴയും വയൽപരപ്പും കടന്ന് പതിനേഴാം നമ്പർ ദേശീയപാതയുടെ ഓരത്തു വന്ന് വിശപ്പറിയാതെ, വിയർപ്പറിയാതെ നിലകൊണ്ടു തങ്ങളുടെ സ്ഥാന മാനങ്ങൾ വിളിച്ചറിയിക്കുന്ന വെളുത്ത തലേക്കെട്ടും മുട്ടുമറയുന്ന തോർത്തുമുണ്ടിനുള്ളിൽ വിങ്ങിത്തുളുമ്പി നിന്ന വലിയ ചന്തികളും വിരി മാറിലും വീതിയേറിയ കൈത്തണ്ടകളിലും വിശാലമായ നെറ്റിത്തട ത്തിലും ഭസ്മക്കുറിയോടിടകലർന്ന് കിടന്ന ചന്ദനക്കുറികളും കയ്യിലേ ന്തിയ ആചാരവടിയും മുഖം നിറഞ്ഞു നിന്ന അധികാരഭാവവും അവ രുടെ നില്പിനും നോട്ടത്തിനും വിശേഷാലൊരു ഗമയും ഗരിമയും നൽകി മങ്ങിമായുന്ന അന്തിവെയിലിൽ പാതയോരം പറ്റി നടന്നുനീ ങ്ങുന്ന നാനാതരം സ്ത്രീപുരുഷന്മാരും തിളങ്ങുന്ന ടാർറോഡിലൂടെ മിന്നിയകന്നു മായുന്ന നാനാജാതി വാഹനങ്ങളും തണ്ടയാന്മാരെ ഹരം പിടിപ്പിച്ചു

"എന്തു രസം!" അപ്പത്തണ്ടയാൻ സ്വയം മറന്നു പറഞ്ഞു പോയി. "ഹൗ നൈസ്" അമ്പുത്തണ്ടയാൻ പ്രതിവചിച്ചു പഴയ എട്ടാം തരക്കാര നായ അമ്പുത്തണ്ടയാൻ എന്തും ഏതും ഇംഗ്ലീഷിൽ പറഞ്ഞ് മനഃസുഖം വരുത്തുന്ന പ്രകൃതക്കാരനായിരുന്നു.

പ്രകൃതിയുടെയും മനുഷ്യരുടെയും വാഹനങ്ങളുടെയും പുതുപുതു ദൃശ്യങ്ങൾ കണ്ട് അവരങ്ങനെ ആഹ്ലാദിച്ചുകൊണ്ടിരിക്കെ മണ്ണിലും പൊടിയിലും പലനാളത്തെ വിയർപ്പിലും കുളിച്ച അയഞ്ഞു തൂങ്ങുന്ന ബനിയനും കീറട്രൗസറും ധരിച്ച മധ്യവയസ്കരായ രണ്ടു സായിപ്പ

ന്മാർ പുറം മറച്ചുനിന്ന ഭാരിച്ച ഭാണ്ഡക്കെട്ടുകളുമായി അയഞ്ഞയഞ്ഞ് നടന്നെത്തി അവർക്കരികിൽ നിൽപ്പായി കുനിയൻകുന്ന് കാവിലെ ആചാരാനുഷ്ഠാനങ്ങളെ കുറിച്ചറിയാൻ ടൊറൻടൊ എന്ന വിദൂര നഗരത്തിൽ നിന്നു വരുന്ന ജോൺ ബർക്കും ബുഷ് ആൻഡേഴ്സണുമാണ് തങ്ങളെന്ന് അവർ സ്വയം പരിചയപ്പെടുത്തി പറഞ്ഞതിൽ പാതിയും ചെവിക്കപ്പുറത്ത് ചിതറിപ്പോയെങ്കിലും ഇമ്മാതിരിയാളുകളെ പലവട്ടം പരിചയമുള്ള അമ്പുത്തണ്ടയാൻ ചിരിച്ചും കളിച്ചും കനക്കേട് വരുത്താതെ കുറുക്കനെയൊരു ചോദ്യമെറിഞ്ഞു. 'ഗ്രാന്റ്സ് ഫ്രം വിച്ച് ഫൗണ്ടേഷൻ? ഫോർഡ് ഫിലിപ്പ് ഓർ ടൊറൻടൊ സെമിയോട്ടിക് സർക്കിൾ?'

വിരണ്ടുപോയ സായിപ്പന്മാർ ഒരു വിഡ്ഢിച്ചിരികൊണ്ട് വിവശത മറച്ചു. ഇംഗ്ലീഷറിയില്ലെങ്കിലും ഇതിനകം കാര്യത്തിന്റെ കിടപ്പും കെണിപ്പും ഗ്രഹിച്ച അപ്പത്തണ്ടയാൻ അന്നേരം അവരോട് കരുണ കാണിച്ചു 'കളിയാട്ടത്തിന്റെ തുടക്കം ഇമ്മാസം പതിനാറാംതി'

'ടെംപിൾ ഫെസ്റ്റിവൽ ഓൺ സിക്സ്ടീൻത് ഓഫ് മീനം' അമ്പുത്തണ്ടയാൻ പരിഭാഷപ്പെടുത്തി

'ഇപ്പം നീങ്ങ പോയ്ക്കോ പതിനാലാം തി രാത്രി ബാ' അപ്പത്തണ്ടയാൻ പറഞ്ഞു

'കം ഓൺ ഫോർട്ടീൻത് നൈറ്റ് ഷാർപ് നൈൻ വി ഗിവ് ഡിറ്റെയിൽസ്' സായിപ്പന്മാർ പേർത്തും പേർത്തും നന്ദിപറഞ്ഞു പിരിയാൻ തുടങ്ങെ അമ്പുത്തണ്ടയാൻ ഓർമ്മിപ്പിച്ചു 'മൈ ഓഫീസ് അപ്സ്റ്റെയേഴ് കുനിയൻ കുന്ന് ടോഡിഷോപ് '

പതിനാലിന് രാത്രി കൃത്യം ഒൻപതു മണിക്ക് ജോൺ ബർക്കും ബുഷ് ആൻഡേഴ്സണും കുനിയൻകുന്ന് കള്ളുഷാപ്പിന്റെ മച്ചും പുറത്തെത്തി. അമ്പുത്തണ്ടയാനും അപ്പത്തണ്ടയാനും അവരെ പീഠം കൊടുത്തു സൽക്കരിച്ചു തണ്ടയാൻമാരുടെ പടം പിടിക്കാൻ ജോൺ ബർക്ക് ക്യാമറ ശരിപ്പെടുത്തിക്കൊണ്ടിരിക്കെ അപ്പത്തണ്ടയാൻ പറഞ്ഞു

'നിങ്ങളെ വരവ് ദുർല്ലക്ഷണാന്ന് പ്രശ്നത്തില് കണ്ടു '

'യുവർ കമിങ്ങ് ബാഡ് ഒമൻ' അമ്പുത്തണ്ടയാൻ ഒരു കൊലച്ചിരി ചിരിച്ചു സായിപ്പന്മാർ ചമ്മിയ മുഖവുമായി എഴുന്നേറ്റു

'കളിയാട്ടം മൊടങ്ങി, പ്രായശ്ചിത്തം ചെയ്യണം '

'ഫെസ്റ്റിവൽ ക്യാൻസൽഡ് കോംപൻസേറ്റ് ഇൻ ഡോളേഴ്സ്' അമ്പുത്തണ്ടയാൻ ചാടിയെണീറ്റു കോണിപ്പടിക്കു നേരെ കുതികൊണ്ടു തുടങ്ങിയ സായിപ്പന്മാർക്ക് കുറുകെ അമ്പുത്തണ്ടയാന്റെ ആചാരവടി നീണ്ടു ചെന്നു അപ്പത്തണ്ടയാന്റെ വടി അതിനോടു ചേർന്നു നിന്നു

പിറ്റേന്നു സന്ധ്യയ്ക്കും തണ്ടയാൻമാരിരുവരും കുന്നിറങ്ങി ദേശീ

യപാതയെ ലക്ഷ്യംവെച്ചു നടക്കുമ്പോൾ ഉറുപ്പികയുടെ വിലയിടിവിനെക്കുറിച്ചും സ്വകാര്യമാർക്കറ്റിൽ ഡോളറിന്റെ വിനിമയനിരക്കിനെക്കുറിച്ചും അമ്പുത്തണ്ടയാൻ അപ്പത്തണ്ടയാന് ക്ലാസ്സെടുത്തു. പറഞ്ഞു പറഞ്ഞു ഹരം കയറിയപ്പോൾ അയാൾ ഇംഗ്ലീഷിലേക്ക് കുതിച്ചു കയറി 'ഡീവാലേഷൻവെരി ഹെൽപ് ഫുൾ എക്സ്ചേഞ്ച് വാല്യു ഇൻക്രീസ്ഡ്. വി ഗെറ്റ് മോർ മണി.'

'മതി; എനിക്ക് ററം മതി' അപ്പത്തണ്ടയാൻ പറഞ്ഞു 'ബിസ്ക്കീം ബ്രാണ്ടീം കുടിച്ച് കൊടല് ബെടക്കാക്കാൻ എന്നെക്കൊണ്ട് കയ്യൂല്ല'

അയ്മനം ജോൺ

ഈസ്റ്റിന്ത്യാ കമ്പനിയുടെ കടബാധ്യതകൾ

കുട്ടിക്കാലത്തെ വിസ്മയങ്ങളിലൊന്നായിരുന്നു സായിപ്പിന്റെ ബംഗ്ലാവ്

ഒത്തിരിമരങ്ങൾ തിങ്ങി, മരങ്ങളിലെല്ലാം വള്ളിപ്പടർപ്പുകൾ പടർന്ന്, ഇരുണ്ടു പച്ചച്ചു കിടന്ന, ഒരു വലിയ പറമ്പ് നടുവിൽ, ആറ്റുമണലിന്റെ സ്വർണനിറത്തിൽ, വിസ്താരമേറിയ മുറ്റം മുറ്റത്ത് മരങ്ങളോളം പൊക്കത്തിൽ മേൽക്കൂരയുള്ള ബംഗ്ലാവ് മായാവിയുടെ കൊട്ടാരത്തിന് സദൃശമായ വലിയ വാതിലുകൾ വെയിലേറുകളിൽ, നിറപ്പകർച്ചകൾ കാട്ടുന്ന ചില്ലു ജനാലകൾ

ഞങ്ങളുടെയൊക്കെ വീടുകൾ വിഴുങ്ങാവുന്നത്ര വലിപ്പമുണ്ടായിരുന്നു ബംഗ്ലാവിന് അതിനാലാകാം, പുഴയുടെ മറുകരയിലെങ്കിലും ദൂരെ നിഷേധിക്കപ്പെട്ട ഒരു പ്രപഞ്ചഭാഗം പോലെയായിരുന്നു ഞങ്ങളുടെ ഇളം മനസുകളിലെ തെളിനീരൊഴുക്കിൽ ബംഗ്ലാവ് നിഴലിച്ചു കിടന്നത്

പുഴയായിരുന്നു ഞങ്ങളുടെ ഏറ്റവും വലിയ കളിക്കോപ്പ് പുഴയിലേക്ക് ചാഞ്ഞു കിടന്ന പൂവരശിൻ കൊമ്പുകളിലിരുന്ന് ചൂണ്ടയിട്ട് പൊക്കപ്പറമ്പുകളിൽനിന്ന് പുഴയൊഴുക്കിലേക്ക് എടുത്തുചാടി, മലർന്നു നീന്തി, നീർക്കാം കുഴിയിട്ട്, ഞങ്ങൾ ഇല്ലായ്മകളെല്ലാം മറന്ന് ബാല്യത്തിന്റെ പകലുകൾ ആഘോഷിച്ചിരുന്നു ആ കൂത്താടലുകൾക്കിടയ്ക്ക്, സായിപ്പോ, മദാമ്മയോ മായാവിക്കതകുകൾ തുറന്ന്, സ്വർണമുറ്റത്തേക്കിറങ്ങിയാലുടൻ, നീർക്കാംകുഴിയിടലുകളും മലർന്നു നീന്തലുകളും നിർത്തി, ഞങ്ങൾ പൊന്തക്കാട്ടിലെ ആളനക്കം കേട്ട കുളക്കോഴിക്കൂട്ടം പോലെ ജാഗ്രതയോടെ നോക്കിനോക്കി വെള്ളത്തിൽ താഴ്ന്നുകിടക്കും. അവരുടെ വെളുവെളാ വെളുപ്പിന്, പൊക്കക്കൂടുതലിന്, വിചിത്രവേഷങ്ങൾക്ക്, ഞങ്ങളുടെ തല ഞരമ്പിലൂടെ ഒരു മാന്ത്രികപ്രവാഹം കടത്തിവിടാൻ കഴിഞ്ഞിരുന്നോ?

സായിപ്പ് പലപ്പോഴും തന്റെ കുഴൽക്കണ്ണാടിയുമായിട്ടായിരുന്നു നടപ്പ്. കാര്യസ്ഥൻ ചാർലിച്ചേട്ടനും എപ്പോഴും കൂടെയുണ്ടായിരിക്കും (സായിപ്പിന് കണ്ണുകിട്ടാതിരിക്കാനാണ് ആ കറുമ്പൻ കെഴവനെ കൂട്ടികൊണ്ടു

നടക്കുന്നതെന്ന് പെൺകടവിലെ ഏഷണിക്കാരായ വല്യമ്മമാർ പറഞ്ഞിരുന്നു. കൊക്കും കുളക്കോഴിയും കൂടെ നടക്കുമ്പോലെ-അവർ കണ്ടെത്തിയ ഉപമ)

തൊടിയിലെ പല മരക്കൊമ്പുകൾക്കിടയിൽ, മീൻകുളത്തിനു കരയിലെ പോതപ്പുല്ലുകൾ പടർന്ന നിഗൂഢസ്ഥാനങ്ങളിൽ, വാഴത്തോട്ടത്തിന്റെ കരിംപച്ച നിറങ്ങൾക്കിടയിൽ, അങ്ങനെ ചാർലിച്ചേട്ടന്റെ കണ്ണുകൾ അതിശീഘ്രം കണ്ടുപിടിച്ചിരുന്ന പക്ഷികളുടെ ഒളിസങ്കേതങ്ങളിലേക്ക് കുഴൽക്കണ്ണാടി നീട്ടി നോക്കിനോക്കി രസിച്ചു നടക്കുന്ന സായിപ്പ് അവരങ്ങനെ നടന്ന് നടന്ന്, ബംഗ്ലാവിന്റെ പുരയിടമൊക്കെ കടന്ന്, പാടശേഖരങ്ങളിലെ കെട്ടുവരമ്പുകളിലൂടെ നടന്ന് മറഞ്ഞ്, ഏറെനേരം കഴിഞ്ഞ്, അസ്തമയ സൂര്യൻ വിതയ്ക്കുന്ന വർണ്ണരശ്മികൾക്കിടയിലൂടെ മടങ്ങി വരുമായിരുന്നു അപ്പോഴേക്കും പിയാനോ നിശ്ശബ്ദമാക്കി മദാമ്മയും തന്റെ നായ്ക്കുട്ടികളോടൊപ്പം, അവരോടു ചേരുന്നു പിന്നെ പക്ഷിത്തൂവലുകൾ ശേഖരിച്ച്, ധാന്യമണികൾ വിതറി കിളികളെ ആകർഷിച്ച്, നായ്ക്കുട്ടികളെ പന്തുകളിപ്പിച്ച്, അല്ലെങ്കിൽ ഒരു വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് ചീട്ടുകളിച്ച്. . ഓരോ വൈകുന്നേരത്തേക്കും അവർ തെരഞ്ഞെടുത്ത നേരമ്പോക്കുകൾ പലതായിരുന്നു.

അതിനിടെ പരിചാരകർ പലവഴി പോയി പശുക്കളെ അഴിച്ചുകൊണ്ടുവരുന്നു ...താറാവുകളെയും കോഴികളെയും കൂടുകളിൽ കയറ്റുന്നു കല്പനകൾ വാങ്ങി അടുക്കളയിലേക്കോടുന്നു . . മീൻപിടുത്തക്കാർ അന്നു കിട്ടിയ ഏറ്റവും വലിയ മീനുകളുമായി ആറ്റിറമ്പിൽ നിന്ന് ബംഗ്ലാവിലേക്കുള്ള പൊക്കമേറിയ പടിക്കെട്ടു കയറിപ്പോകുന്നു..

പെട്ടെന്ന്, പുഴയിലേക്ക് ഒരു മിന്നൽ പായിച്ചു ബംഗ്ലാവിലെ ലൈറ്റുകൾ തെളിയും. ഉള്ളിലൊളിക്കുന്ന ഞെട്ടലുകളോടെ, ഞങ്ങൾ ചൂണ്ടകളെടുത്ത്, അന്നത്തെ മീൻ കോർമ്പലുകൾക്ക് അമ്മമാരുടെ കോപം എത്രത്തോളം അടക്കാൻ കഴിഞ്ഞേക്കും എന്നോർത്തു വേവലാതിപ്പെട്ടു, വീട്ടിൽ ഞങ്ങളെ കാത്തിരിക്കുന്ന ശകാരങ്ങളുടെ സന്ധ്യയിലേക്ക് പോകുന്നു കൈതക്കാടുകൾക്കിടയിലൂടെ കായൽത്തീരത്തെ പള്ളിയിൽ നിന്നെത്തുന്ന സന്ധ്യാ മണിയൊച്ചകളിലെ ശോകസന്ദേശങ്ങൾ. .. വീട്ടിലെത്തുമ്പോൾ, വിശന്നുമാറി നിൽക്കുന്ന പശുക്കൾ . കൂട്ടിൽകയറാത്ത കോഴികൾ. . .കരിന്തിരി കത്തുന്ന വിളക്ക് .വലിച്ചെറിയപ്പെട്ട മീൻ കോർമ്പലുകളിൽ നിന്ന് അടുക്കളയിൽ ചിതറിക്കിടക്കുന്ന കൊച്ചു പള്ളത്തികളുടെ ചത്ത കണ്ണുകളിലെ ദൈന്യത .. .

പിന്നെ ഏവർക്കുമറിയാവുന്ന പഴങ്കഥപോലെ, വിരസമായ ഒരു രാത്രി ...ഉറക്കത്തിലേക്കു താഴുന്ന മനസ്സിനെ മീനുകളെപ്പോലെ വന്നു കൊത്തി വലിച്ചുകൊണ്ടുപോകുന്ന സ്വപ്നങ്ങൾ ... കോഴിക്കൂടുകൾ തുറക്കപ്പെടുമ്പോൾ പിന്നെയും പകൽ....പുതുവെള്ളവുമായി പുഴ, കൊച്ചോളങ്ങൾക്കു മുകളിൽ പ്രതീക്ഷയുടെ പൊങ്ങുകഷണങ്ങളുമായി, ഞങ്ങ

ളുടെ ചൂണ്ടലുകൾ .

ചില ദിവസങ്ങളിൽ, ആരോടെന്നില്ലാതെ അലക്ഷ്യമായി ചിരിച്ചുകൊണ്ടു, സായിപ്പും മദാമ്മയും ചാർലിച്ചേട്ടനെയും കൂട്ടി, നാട്ടുവഴികളിലൂടെ നടക്കാനിറങ്ങിയിരുന്നു. അതറിഞ്ഞാൽ ആന വരുമ്പോൾ കുട്ടികൾ കാട്ടുന്ന ഉത്സാഹത്തോടെ ഞങ്ങളുടെ വല്യമ്മമാർ ചക്കക്കുരുവും മുരിങ്ങക്കയുമൊക്കെ മുറത്തിലേക്ക് വലിച്ചെറിഞ്ഞ്, അടുക്കളയിൽ നിന്നോടിയിറങ്ങിയിരുന്നു. പൂച്ചകൾ മുതൽ പുലികൾ വരെ ഏതെങ്കിലും പടങ്ങളുള്ള ബെനിയനിട്ട് വലിയ തൊപ്പിയും വച്ച്, വാക്കിംഗ്സ്റ്റിക്ക് വെറുതെ കറക്കി, സായിപ്പ് ഇളം നിറങ്ങളുടെ വശ്യതയുള്ള ഫ്രോക്കിട്ട്, കഴുത്തറ്റം വെട്ടിയിട്ട ചെമ്പൻ മുടിയമായി, മദാമ്മ ചാർലിച്ചേട്ടനായിരുന്നു എല്ലാവരുടെയും കണ്ണിലെ കരട്. ഊരും പേരുമില്ലാതെ മദിരാശിത്തുറമുഖത്ത് അലഞ്ഞുതിരിഞ്ഞു നടന്ന ഒരുവൻ കപ്പലിറങ്ങിയ സായിപ്പിന്റെ പെട്ടിചുമക്കാൻ കൂടിയിട്ട് കാലക്രമേണ കാര്യസ്ഥനായി രൂപാന്തരപ്പെട്ട കഥയാവർത്തിച്ചു കൊണ്ടാണ് വല്യമ്മമാർ അടുക്കളയിലെ അന്ധകാരത്തിലേക്ക് മടങ്ങിയിരുന്നത് (അത്തരമൊരു സായാഹ്നസവാരിയിൽ സായിപ്പ് വലിച്ചെറിഞ്ഞ 'റോത്തുമേന്റെ' കുറ്റി വഴിയരികിലെ പുല്ലുകൾക്കിടയിൽനിന്ന് തപ്പിയെടുത്ത് വലിച്ച്, പുകവലി ശീലിച്ച രാജേന്ദ്രന്റെ കുറ്റിയിൽനിന്ന് ഏബ്രഹാം. ഏബ്രഹാമിന്റെ കുറ്റിയിൽനിന്ന് പ്രഭാകരൻ . പ്രഭാകരന്റേതിൽനിന്ന് ഞാൻ അങ്ങനെയാണ് ഞങ്ങൾ പുകവലി തുടങ്ങിയത്)

സായിപ്പിന്റെ കാറൊച്ചകളും നാട്ടുകാർക്ക് പരിചിതമായിരുന്നു ദൂരെ കേൾക്കുന്ന മുരൾച്ചകളിൽ നിന്നുതന്നെ അതിന്റെ വരവ് തിരിച്ചറിഞ്ഞ്, വഴിയിൽ കൂടുതൽ ഇടം വിട്ടുനിൽക്കാൻ പഠിച്ചവരായിരുന്നു, ഞങ്ങൾ

വേനലുകളിൽ വേമ്പനാട്ടു കായലിന്റെ തീരത്തെ പച്ചത്തുരുത്തുകളിൽ ദൂരെ ദൂരെ സായിപ്പിന്റെ നാട്ടിൽനിന്ന് വലിയ വലിയ പക്ഷികൾ പറന്നെത്തിയിരുന്നു അക്കാലത്തെ വൈകുന്നേരങ്ങളിൽ ബംഗ്ലാവിലെ എൻജിൻ വച്ച വള്ളം പുഴയിലൂടെ, ഓളക്കെട്ടുകളുണ്ടാക്കി, കായൽത്തീരത്തെ ലക്ഷ്യമാക്കി ചീറിപ്പോകുമ്പോൾ, താറാവുകാരായി, മീൻകാരായി, മുട്ടക്കാരായി .അങ്ങനെ പലപല ജീവിതമാർഗ്ഗങ്ങൾ തേടിപ്പോയിട്ട്, തലയ്ക്കുള്ളിൽ കൊച്ചുകൊച്ചു ലാഭനഷ്ടക്കണക്കുകളുമായി മടങ്ങുന്ന സാധുക്കളുടെ വള്ളങ്ങൾ ഉഴറിപ്പോകുന്നതുകണ്ട്, കരയിൽ നിന്നവർ രസിച്ചിരുന്നു

നാട്ടുകാരേറെയും പല പ്രകാരത്തിൽ, ബംഗ്ലാവിലേക്ക് വശീകരിക്കപ്പെട്ടിരുന്നു. ബംഗ്ലാവിലെ പശുക്കളുടെ, കലർപ്പില്ലാത്ത, കൊഴുത്ത പാലിനും, വെണ്ണ കളയാത്ത മോരിനും ബംഗ്ലാവിലെ കോഴികളിടുന്ന മുട്ടകൾക്കും നാട്ടിൽ പ്രത്യേകം പ്രിയമായിരുന്നു കൂടാതെ ബംഗ്ലാവിലെ പലയിനം മാമ്പഴങ്ങൾ. ഓറോളിക്ക സപ്പോർട്ട, മാംഗോഷ്ടിക്ക എന്നീ അപൂർവ ഫലങ്ങൾ. ഇവയെല്ലാം നാട്ടുകാരെ കൊതിപ്പിച്ചിരു

ന്നു തങ്ങളുടെ പശുക്കളെ ബംഗ്ലാവിലെ കാളക്കൂറ്റന്മാരേക്കൊണ്ടു തടു പ്പിക്കണമെന്നായിരുന്നു ഞങ്ങളുടെ കാരണവന്മാർക്കേറെയും ആഗ്രഹം. ബംഗ്ലാവിലെ ക്ലോക്കുകളുടെ സമയക്ലിപ്തതയിലും റേഡിയോയിൽനിന്ന് കിട്ടുന്ന ദേശീയവാർത്തകളുടെ വാസ്തവികതയിലും എല്ലാവരും വിശ്വ സിച്ചിരുന്നു

നാട്ടുകാരുമായുള്ള ഇടപാടുകളെല്ലാം ചാർലിച്ചേട്ടനായിരുന്നു മീനിന് വില പറയുന്നതും, പരവന്മാർ തേങ്ങയിടുമ്പോൾ ആറ്റുകൈത കൾക്കിടയിലെ കാണാപ്പുറങ്ങളിലേക്കെറിയുന്നുണ്ടോ എന്ന് നോക്കു ന്നതും തേങ്ങകളും വാഴക്കുലകളും വില്ക്കുന്നതും ചാർലിച്ചേട്ടന്റെ ചുമ തലയായിരുന്നു സായിപ്പും മദാമ്മയും ചിലപ്പോൾ ആ അലക്ഷ്യമായ ചിരിയോടെ അടുത്തുചെന്ന് നാടൻഭാഷണങ്ങൾ കൗതുകത്തോടെ കേട്ടുനിൽക്കും ഞങ്ങൾ, കുട്ടികളെ അടുത്തുവിളിച്ചു തലയിലോ തോളിലോ സ്നേഹപൂർവ്വം ഒന്നുതട്ടും പേരയ്ക്കയോ, മാങ്ങയോ പറി ച്ചുതരും ധൈര്യമുള്ള കുട്ടികൾ ഓറോളിക്കയും മാംഗോഷ്ടിക്കയും ചൂണ്ടിക്കാട്ടി, ഇളിഭ്യതയോടെ ഒന്ന് ചിരിക്കും അപ്പോഴേക്കും ചാർലി ച്ചേട്ടൻ ഇടപെടുകയായി താഴെ വീണുകിടക്കുന്നതുമാത്രം പെറുക്കി വേഗം സ്ഥലം വിടാനാജ്ഞാപിച്ച് ചാർലിച്ചേട്ടൻ ഞങ്ങളെ കളിയാക്കി ച്ചിരിക്കുന്നു

വേനലവധികളുടെ വാർഷികവലയങ്ങൾ കടന്ന് ഞങ്ങൾ വളർന്ന് വലുതായിക്കൊണ്ടിരുന്നു സ്ക്കൂൾ വർഷാരംഭങ്ങളിൽ പുത്തനുടുപ്പു കളുടെയും പുതുപുസ്തകങ്ങളുടെയും വശ്യഗന്ധങ്ങളിൽ മയങ്ങിയ ഞങ്ങളുടെ സംഘങ്ങൾ ഓരോന്നായി ബംഗ്ലാവിലേക്ക് പോയിരുന്നു പുസ്തകങ്ങൾ പൊതിയാൻ മദാമ്മ തന്നിരുന്ന ഇംഗ്ലീഷ് മാസികകളുടെ തൊട്ടാൽ മിനുമിനുപ്പൻ താളുകളിലെ വർണ്ണചിത്രങ്ങൾ സ്വപ്നം കണ്ട് റോത്ത്മേൻ പരസ്യത്തിലെ കുതിരസവാരിക്കാരനുള്ള താളുകൾ കിട്ടിയ ഭാഗ്യവാനോട് തോന്നിയ അസൂയ മടക്കയാത്രയിലെ മൽപ്പിടുത്ത ങ്ങൾക്ക് കാരണമായിരുന്നു

ക്രിസ്മസ് രാത്രികളിൽ ഞങ്ങളുടെ കരോൾ സംഘങ്ങൾ ഏറ്റവും മികച്ച പ്രകടനം ബംഗ്ലാവിലേക്ക് നീക്കിവെച്ചിരുന്നു. സായിപ്പൊരുക്കിയ ക്രിസ്മസ് മരത്തിനുചുറ്റും നിന്ന് ഞങ്ങൾ പ്രത്യേകം പഠിച്ച ഇംഗ്ലീഷ് പാട്ടിനു പുറമെ, പഠിച്ച പാട്ടുകളെല്ലാം പാടി ഞങ്ങളുടെ സാന്താക്ലോസ് ഒരു വെളിച്ചപ്പാടിനെപ്പോലെ ഉറഞ്ഞുതുള്ളി സായിപ്പിന്റെയും മദാമ്മ യുടെയും തലയാട്ടിച്ചിരികളും താളം പിടുത്തങ്ങളും അവനെ ഉന്മത്ത നാക്കിയിരുന്നു ഞങ്ങളുടെ സങ്കല്പ സ്വർഗ്ഗത്തിലെ മാലാഖമാരുടെ ആനന്ദബാഷ്പങ്ങൾ ചാമ്പമരച്ചില്ലകളിൽ മഞ്ഞുതുള്ളികളായി വീണു കൊണ്ടിരുന്നു പാട്ടുകൾ തീർന്നു സംഘാടകൻ വിസിലൂതിയപ്പോൾ, മാന്ത്രികച്ചെപ്പ് പോലുള്ള മിഠായിപ്പെട്ടികൾ തുറന്ന് മദാമ്മ ചോക്കളേ റ്റുകൾ വിതരണം ചെയ്തു അതിന്റെ വിശേഷപ്പെട്ട മധുരം നുണഞ്ഞ്,

ഗേറ്റിന് പുറത്തെ ഇല്ലിക്കാടുകളുടെ മറവെത്തിയാലുടൻ സായിപ്പ് കൊടുത്ത തുകയുടെ അമ്പരിപ്പിക്കുന്ന വലിപ്പമറിയാൻ ഗായകസംഘം പണപ്പിരിവുകാരനെ പൊതിയുന്നു.

ഇംഗ്ലീഷ് സ്ക്കൂൾ വാർഷികാഘോഷങ്ങളിൽ സ്ഥിരം വിശിഷ്ടാതിഥിയായി വന്ന്, മദാമ്മ മലയാളത്തിൽ പ്രസംഗിക്കുമായിരുന്നു കവളങ്കാളികളുടെ വർത്തമാനം പോലെയുള്ള മദാമ്മയുടെ മലയാളം കേട്ടു ചിരിയടക്കാൻ പാടുപെട്ട് വായ്പൊത്തി കുനിഞ്ഞിരുന്നതും, പന്തുകളിമത്സരത്തിന് സമ്മാനമായി സായിപ്പ് നൽകിയ എവർ റോളിംഗ് ട്രോഫിയുടെ സ്വർണ്ണനിറം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുപോയതും.. . ഓർമ്മപരിശോധനയ്ക്ക് കിട്ടിയ സമ്മാനമെന്തെന്ന് മറന്നുപോയെങ്കിലും, അത് മദാമ്മയുടെ കൈയിൽനിന്ന് വിറയലോടെ വാങ്ങവേ, മൂക്കിലേക്കു കയറിയ സുഗന്ധലേപനത്തിന്റെ ഓർത്തിരിക്കുന്ന ഗന്ധവും ... അങ്ങനെ പലതും ഓർമ്മയുടെ കീറത്തുണിക്കെട്ടിൽ പെറുക്കിയിട്ട്, ബാല്യം ഒരു ഭ്രാന്തനെപ്പോലെ ചിരിച്ച് ചിരിച്ച് അങ്ങ് കടന്നുപോയി.....

വിസ്മയങ്ങൾ നഷ്ടപ്പെട്ടു തുടങ്ങിയ ഞങ്ങളുടെ കണ്ണുകൾ കുളക്കോഴികളിൽനിന്ന് കുളിക്കടവുകളിലേക്ക് തെന്നിമാറിത്തുടങ്ങവേ, പൂവരശിൻ കൊമ്പുകളിൽ ഞങ്ങൾ മുതിർന്നവരുടെ നോട്ടപ്പുള്ളികളായി പകൽനേരത്തെ ആറ്റിറമ്പിലേക്കുള്ള വഴികൾ ഞങ്ങൾക്കുമുന്നിൽ ഓരോന്നായി അടഞ്ഞു തുടങ്ങി അങ്ങനെ ബംഗ്ലാവിന്റെ ദൃശ്യപരമ്പരകൾ അവസാനിച്ചു

സ്ക്കൂളിലാവട്ടെ, 'കുഞ്ഞിരാമന്റെ പൊടിക്കൈ'യിലെ ബുദ്ധിപ്രയോഗവും 'കണ്ണുണ്ടായാൽ പോര കാണണ'മെന്നതിലെ സാരോപദേശത്തിനും ശേഷം ചരിത്രപാഠങ്ങളുടെ വരവായി ഞങ്ങളുടെ മനസ്സിൽ നങ്കൂരമിട്ടു കിടന്ന ബംഗ്ലാവ്, ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആദ്യ കപ്പലായി രൂപം മാറി സായിപ്പിന് ക്ലൈവിന്റെയും വാറൻ ഹേസ്റ്റിംഗ്സിന്റെയുമൊക്കെ മുഖഛായകൾ തോന്നിത്തുടങ്ങി. ഞങ്ങളും മനസ്സുകളിൽ സ്വന്തം ഉപ്പളങ്ങൾ ഉണ്ടാക്കിത്തുടങ്ങി

... എന്നാൽ അപ്പോഴേക്കും, നാട്ടുകാരുടെ പശുക്കളിൽ, ചിലതെങ്കിലും കൊഴുത്ത പാൽ ചുരത്താൻ തുടങ്ങിയിരുന്നു ഇംഗ്ലീഷ് പഠിച്ചവർ പാന്റിട്ട്, സിഗററ്റ് വലിച്ചു നടക്കാൻ തുടങ്ങിയിരുന്നു കായൽ സാമ്രാജ്യങ്ങൾ കൈവശപ്പെടുത്തിയവർ ബംഗ്ലാവുകൾ പണി തുടങ്ങിയിരുന്നു അതൊക്കെക്കണ്ട്, ഉപ്പു സത്യാഗ്രഹങ്ങൾക്കായി ഉടുത്തൊരുങ്ങിയ ഞങ്ങൾ, ആ വേഷമൊക്കെയഴിച്ചുവെച്ച്, അക്ഷരങ്ങളുടെ കുളമ്പടിപ്പാടുകൾ നോക്കി പോയ കാലത്തിലൂടെ വിനോദസഞ്ചാരികളെപ്പോലെ കടന്നുപോയി

ആയിടയ്ക്കാണ്, ബംഗ്ലാവിലെ പശുക്കൾ, തുടർച്ചയായ ഞായറാഴ്ചകളിൽ പള്ളിയിലെ ലേലസ്ഥലത്തേക്കു കൊണ്ടുവരപ്പെട്ടത്. പശു

ക്കൾക്ക് വിലയിടിയാതിരിക്കാൻ, രണ്ടു മൂന്നു ഞായറാഴ്ചകൾ ഒളിച്ചു വച്ചിട്ട്, അതിനകം നാട്ടുകാർ ഊഹിച്ചു തുടങ്ങിയിരുന്ന വാർത്ത ചാർലി ച്ചേട്ടൻ സ്ഥിരീകരിച്ചു സായിപ്പും മദാമ്മയും ഇംഗ്ലണ്ടിലേക്ക് മടങ്ങു ന്നു ബംഗ്ലാവിന്റെ കൈമാറ്റ ഉടമ്പടികൾ തയ്യാറാക്കിയാലുടൻ ചാർലി ച്ചേട്ടനെയും പറങ്കിനാട്ടിലേക്ക് കൊണ്ടുപോകുന്നു ('കെഴവന്റെ ഒരു യോഗം നോക്കണെ!' സായിപ്പും മദാമ്മയും പോകുന്നതിലല്ലായിരുന്നു കുളിക്കടവിലെ ജരാനരകൾക്ക് ദുഃഖം) അതോടെ ഞായറാഴ്ചകളിൽ പള്ളിയിൽ പെരുന്നാളുകളുടെ തിരക്കായി. ബംഗ്ലാവിലെ വട്ടമേശകൾ ചാരുകസേരകൾ . ആട്ടുകട്ടിലുകൾ ലേലത്തുകകൾ ഉയർന്നുയർന്നു പോയി

ആ ശബ്ദഘോഷങ്ങൾക്കൊടുവിൽ, ഇംഗ്ലീഷ് സ്ക്കൂളിലെ യാത്ര യയപ്പു സമ്മേളനം മദാമ്മയുടെ ഇടറുന്ന തൊണ്ടയിൽ നിന്നു പുറ പ്പെട്ട മലയാളം ഉള്ളിൽ ചിരിപൊട്ടിച്ചു തുടങ്ങവേ, ഭാഷാതീതമായ ഒരു പൊട്ടിക്കരച്ചിലോടെ മദാമ്മ എന്നെ അമ്പരപ്പിച്ചപ്പോൾ, ഒരു കരച്ചിലിന്റെ നാണക്കേടൊഴിവാക്കാനായി, എന്റെ പങ്കപ്പാട് . എന്നെ രക്ഷിച്ചുകൊണ്ട്, മാഷന്മാരും കരപ്രമാണികളും മത്സരിച്ച് ഇംഗ്ലീഷ് പറഞ്ഞു ആശംസാ പ്രസംഗങ്ങൾ നടത്തി തന്റെ പുസ്തകശേഖരത്തിന്റെ ഒരു പങ്കും കൂകുന്ന പൂവൻകോഴിയുടെ കൗതുകരൂപമുള്ള ഒരു ക്ലോക്കും സ്ക്കൂളിനു സമ്മാനിച്ച് സായിപ്പ് ഞങ്ങൾക്കറിയാത്ത ഇംഗ്ലീഷിൽ വികാ രമടക്കിയ വിടവാങ്ങൽ പ്രസംഗവും ഒരവസാന മിഠായി വിതരണത്തി ലൂടെ മദാമ്മ ശോകാന്തരീക്ഷം മാറ്റി സ്ക്കൂളിന്റെ പ്രസന്നതകൾ തിരി ച്ചുനൽകി

അടുത്ത ഞായറാഴ്ച സായിപ്പിന്റെയും മദാമ്മയുടെയും ശുഭയാത്ര യ്ക്കായി പള്ളിയിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു അവസാ നത്തെ ലേലത്തിനെത്തിയിരുന്ന സായിപ്പിന്റെ പ്രിയപ്പെട്ട പൂവൻകോഴി കൾ പള്ളിമുറ്റത്തുനിന്നു കാഹളമൂതി .. അതോടെ, യാത്രയയപ്പിന്റെ ശോകാനുഭവങ്ങളുടെ പരിപൂർത്തിയായി പള്ളി പിരിഞ്ഞു നാട്ടുകാർ കടത്തുവള്ളം കാത്തുനിൽക്കവേ, പാഞ്ഞു കടന്നുപോയ എൻജിൻവച്ച വള്ളത്തിലിരുന്ന്, സായിപ്പും മദാമ്മയും ആ അലക്ഷ്യമായ ചിരിയോടെ കൈതക്കാടുകൾ ഞങ്ങളെ മറയ്ക്കുംവരെ, കൈവീശിക്കൊണ്ടിരുന്നു പ്രായമായവരുടെ ദീർഘനിശ്വാസങ്ങളിൽ, ഞങ്ങൾക്കിടയിലൂടെ, വ്യാകു ലമായ ഒരു കാറ്റു കടന്നുപോയി .

രാത്രിയിൽ അകന്നകന്നു പോകുന്ന ആ കാറൊച്ചകൾ കേൾക്കാ നായി നാട്ടുകാർ വീടുകളുടെ പിൻവാതിലുകൾ തുറന്നിട്ടിരുന്നു അർദ്ധ രാത്രിയോടടുത്തു ഉറങ്ങാത്തവർ അതു കേട്ടു .. കേൾക്കാത്തവർ പിറ്റേന്ന് പറഞ്ഞുകേട്ടു

കുറെ ദിവസങ്ങൾ കഴിഞ്ഞ്, ചാർളിച്ചേട്ടൻ മദിരാശിയിൽ നിന്ന്, സ്വന്തംപെട്ടി മാത്രമായി മടങ്ങിയെത്തി

അനന്തരകാലത്തെ ബംഗ്ലാവ് ജീവിതം ചാർലിച്ചേട്ടന് അസഹ്യമായിരുന്നുവെന്ന് പറയപ്പെടുന്നു. പരിധികളില്ലാത്ത സ്വാതന്ത്ര്യത്തിൽ സ്വന്തമായൊന്നും ചെയ്യാനില്ലാതെ, എന്താണു ചെയ്യേണ്ടതെന്നറിയാതെ, ചാർലിച്ചേട്ടൻ കുഴങ്ങി കൈകൾ ഭാരമായിത്തോന്നി ഒരു കുട്ടിയെപ്പോലെ കൂട്ടുകെട്ടുകൾക്കായി കൊതിച്ചു പകലെല്ലാം പുഴയിലേക്കുള്ള പടിക്കെട്ടുകളിൽ വെറുതെയിരുന്നു വേലക്കാരോടും വള്ളക്കാരോടും കുശലം പറഞ്ഞു കുട്ടികളെ പേരമരങ്ങളിൽ കയറാൻ അനുവദിച്ചു വാഴത്തോട്ടത്തിലെ കിളികളെ കല്ലെറിഞ്ഞോടിച്ചു സന്ധ്യയായാൽ, തൊടിയിൽ മോഷ്ടാക്കളുണ്ടോ എന്നുമാത്രം നോക്കി കറങ്ങാൻ തുടങ്ങി സൈക്കിളിൽ മുടിവെട്ടിക്കാനോ, തേങ്ങയിടാൻ ആളെത്തിരക്കിയോ പോകുന്നതിനിടയിൽ, നാട്ടിലെ വൃദ്ധന്മാരോടൊപ്പം ആൽത്തറയിൽ അല്പം വിശ്രമിക്കാനും കൂടി.

വൃദ്ധന്മാർ ചാർലിച്ചേട്ടനെപ്പറ്റി കഥകളും പരത്തി മദിരാശി വിടുമ്പോൾ സായിപ്പ് പറഞ്ഞത്രെ–ചാർലിക്ക് ബംഗ്ലാവിൽ എന്തുമാകാം. പക്ഷെ അലമാരയിലെ പുസ്തകശേഖരത്തിന്റെ ഒത്ത നടുക്കിരിക്കുന്ന വലിയ പുസ്തകം വായിക്കുക മാത്രമരുത്. ഏതു പുസ്തകം? – പുക. . .പുകക്കുഴൽ.. .എന്ന ക്രമത്തിൽ, ഈസ്റ്റിന്ത്യാകമ്പനിയുടെ ആദ്യ കപ്പൽ ഭൂപടത്തിൽ ഇന്ത്യയെ തപ്പിത്തപ്പി വരുന്നതുമുതൽ, ചോരയൊലിക്കുന്ന ഒരു തീവണ്ടി അമൃത്സറിലെ അർദ്ധരാത്രിയിലൂടെ ഉച്ചത്തിൽ നിലവിളിച്ചു കൊണ്ടു പാക്കിസ്ഥാനിലേക്കു പോയതുവരെയുള്ള ഇന്ത്യാചരിത്രം!...

വൃദ്ധന്മാരുടെ ഏഷണികൾ പെരുകുംമുമ്പെ, ലണ്ടനിൽ നിന്ന് സായിപ്പിന്റെ കത്തു വന്നു

പോസ്റ്റുമാൻ പീലിച്ചേട്ടൻ മറ്റു കത്തുകൾ ഒരല്പം അവജ്ഞയോടെ മാറ്റിവച്ച് ബംഗ്ലാവിന്റെ വരാന്തയിലിരുന്നു ചാർലിച്ചേട്ടന്റെ വിറയ്ക്കുന്ന കൈകൾ കത്തുപൊട്ടിച്ചു. ഇരുവരും ചേർന്ന് അതിന്റെ സാരാംശം ഗ്രഹിച്ചു

രണ്ടാഴ്ച കഴിഞ്ഞു മദിരാശി വിടുന്ന കപ്പലിൽ ചാർലിക്ക് പുറപ്പെടാം നേരത്തെ പറഞ്ഞിരുന്നതുപോലെ ബംഗ്ലാവ് വൈദിക സെമിനാരിക്ക് വിട്ടുകൊടുക്കുന്നു ചാർലിപോരുമ്പോൾ, ബംഗ്ലാവ് ഭദ്രമായി പൂട്ടി താക്കോൽ പള്ളിയിലെ അച്ചനെ ഏല്പിക്കണം എത്രയും നേരത്തെ പുറപ്പെട്ട് മദിരാശിയിൽ എബനേസറന്റെ വീട്ടിലെത്തുക. യാത്രാരേഖകൾ അച്ചന്റെ പേരിൽ ഇതോടൊപ്പം അയയ്ക്കുന്നുണ്ട് അച്ചൻ ചാർലിയെ യാത്രയയയ്ക്കാനുമുണ്ടാവും. (മദിരാശി തുറമുഖത്ത് ചാർലിക്ക് കൂട്ട് വേണ്ടെന്നറിയാമെങ്കിലും.. .) ചാർലിയെ കാണാനും നാട്ടിലെ വാർത്തകൾ കേൾക്കാനും ഞാനും കാതറീനും കൊതിയോടെ കാത്തിരിക്കുന്നു. നമ്മുടെ വളർത്തുപക്ഷികളും സുഖകരമായ യാത്ര ആശംസിക്കുന്നു...കപ്പലെത്തുന്ന ദിവസം ഞങ്ങൾ കാത്തുനിൽക്കുന്നു

ണ്ടാവും.

പിന്നെ ഒരു കാര്യം... .ചാർലി വരുന്നതൊക്കെ കൊള്ളാം ഇവിടെ വന്ന് ഇന്ത്യയെ ആക്ഷേപിച്ച് പുസ്തകങ്ങളെഴുതരുത്

ചാർലിച്ചേട്ടനെ ആരും യാത്രയയച്ചതായി അറിവില്ല അടുത്ത ഞായ റാഴ്ചകളിൽ പള്ളിയിൽ ആ അസാന്നിദ്ധ്യം ശ്രദ്ധിക്കവേ നാട്ടുകാർ വിട്ടു പോയ ഓർമ്മ വീണ്ടെടുത്തു പള്ളി പിരിഞ്ഞ്, ആറ്റരികിലൂടെ നടക്ക വേ, ബംഗ്ലാവിന്റെ നിശ്ശബ്ദമായ പുരയിടത്തേക്കു നോക്കിക്കൊണ്ട്, അവ രെല്ലാം കാലഗതിയുടെ ഖേദചിന്തകളോടെ നടന്നുപോയി. ..

എന്നാൽ പുല്ലുകൾ വളർന്ന് വള്ളിപ്പടർപ്പുകൾ കൂടി, കാടുപിടിച്ചു തുടങ്ങിയിരുന്ന ആ വലിയ പറമ്പിലെ മരങ്ങളിൽ, പച്ചിലകളുടെ നിറം സ്വീകരിച്ച്, ആരാലും കാണപ്പെടാതെ, മറന്നുപോയതെന്തെന്ന് ഓർമ്മി ച്ചെടുക്കാൻ കഴിയാതെ, കുറെ ഓന്തുകൾ ഇരിക്കുന്നുണ്ടായിരുന്നു. ജീവൻ നിലച്ചുപോകുമോ എന്നു ഭയക്കുന്നത്ര നിസ്സഹായത നിറഞ്ഞ കണ്ണുകളോടെ.

ഇടയ്ക്ക് ഓർമ്മ വീണ്ടുകിട്ടിയപോലെ അവ അല്പം മേലോട്ടു കയ റും. പിന്നെയും മറവി ബാധിച്ച് അനങ്ങാതിരിക്കും പിന്നെയും ഓർമ്മ. പിന്നെയും മറവി .

ആ സ്മൃതിവിസ്മൃതികൾക്കിടയിൽ, ഞങ്ങൾക്കുശേഷം ഇംഗ്ലീഷ് സ്ക്കൂളിൽ പഠിക്കാനെത്തിയ കുട്ടികളുടെ വിസ്മയം നിറഞ്ഞ കണ്ണുക ളിൽ, ചുവരിലെ സായിപ്പിന്റെ ക്ലോക്കിലെ കൂകാനൊരുങ്ങി നിൽക്കുന്ന പൂവൻകോഴിയായി, അവർക്ക് മുന്നിലെ കാലം.

ചന്ദ്രമതി

ജ്യോതി വിശ്വനാഥിന്റെ (പോസ്റ്റ്മോഡേൺ) കഥ

തുടക്കത്തിലേ പറഞ്ഞോട്ടെ, ഈ കഥ തികച്ചും സാങ്കല്പികമാണ് വെറുതെ ജീവിച്ചിരിക്കുന്നവരോ മരിച്ചു രക്ഷപ്പെട്ടവരോ ആയ ആരുമായും ഇതിനു ബന്ധമില്ല ഇനി ബന്ധമുണ്ടെന്ന് ആർക്കെങ്കിലും തോന്നുകയാണെങ്കിൽ അത് വെറും തോന്നൽ മാത്രമാണെന്ന് വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നു

ഒന്നുകൂടി പറഞ്ഞോട്ടെ ഈ കഥ വായിക്കുന്നതിന് കഥാകൃത്തിന്റെ രേഖാമൂലമായ അനുവാദം ആവശ്യമില്ല. ആർക്കും ഇത് ഒറ്റയടിക്ക് മുഴുവനായും പാരായണം ചെയ്യാനോ ചെയ്യാതിരിക്കാനോ സ്വാതന്ത്ര്യമുണ്ട് മുറിച്ചുമുറിച്ചു വായിക്കേണ്ടവർക്ക് അങ്ങനെയുമാവാം മിലൻ കുന്ദേരയോ ബോർഹെസ് എന്ന ബോർഹസോ ഈറ്റാലോ കാൽവിനൊയോ അവരെ അനുകരിക്കുന്ന നമ്മുടെ ഒന്നു രണ്ടു സാഹിത്യകാരന്മാരോ ഒരു പക്ഷേ പറഞ്ഞേക്കാവുന്നതുപോലെ കഥയ്ക്കിടയിൽ ഒരു ചായ കുടിക്കാൻ പോകണമെന്നു മാന്യ വായനക്കാർക്കു തോന്നിയാൽ അതുമാകാം. മാത്രമല്ല ഈ കഥയിലെ ഏതു ഖണ്ഡിക വേണമെങ്കിലും ഇഷ്ടമുള്ള രീതിയിൽ മാറ്റിയെഴുതിക്കൊള്ളാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്.

പിന്നെ, പേരിൽ പോസ്റ്റ് മോഡേൺ എന്നു ചേർത്തത് ഈ കഥയുടെ ഭാവി നിരൂപകന്മാരുടെ ജോലി എളുപ്പമാക്കിക്കളയാമെന്ന സദുദ്ദേശ്യത്താലാണ്

കഥയിലെ നായികയുടെ പേര് അല്പം മിനക്കെട്ടുതന്നെ തെരഞ്ഞെടുത്തതാണ് നായിക വിദ്യാഭ്യാസവും ലോക പരിചയവും തന്റേടവും തികഞ്ഞ ആധുനിക യുവതിയായതിനാൽ തികച്ചും ഗ്രാമ്യവും അപരിഷ്കൃതവുമായ പേര് ഉപേക്ഷിക്കണമെന്നു തോന്നി അവൾ എം ബി ബി.എസ് ഡൊണേഷൻ കൊടുക്കാതെ മാന്യമായ രീതിയിൽ പാസ്സായവളും ഉപരിപഠനം വിദേശത്ത് കഴിച്ചവളും വിദേശത്ത് ഉപരിപഠനം നടത്താൻ പോകുന്ന കാണാൻ തരക്കേടില്ലാത്ത മലയാളിപ്പെണ്ണുങ്ങ

ളെപ്പോലെ അവിടെ നിന്നുതന്നെ ഒരു ഭർത്താവിനെ തരപ്പെടുത്തിയ വളും ആകുന്നു. അവളെ വിമാനം കയറ്റിയയയ്ക്കുമ്പോൾ അച്ഛൻ ശ്രീയുത് രാമാനന്ദമേനോൻ പറഞ്ഞതു പോലെ ("മോളേ, നീ ആരെ വേണമോ പ്രേമിച്ചോളൂ, പക്ഷെ വിവാഹം കഴിക്കുന്നത് ഇന്ത്യക്കാര നെത്തന്നെ വേണം") ഒരു ചൈനക്കാരനെയും ഒരു ജപ്പാൻകാരനെയും എന്തിന്, ഒരു യാങ്കിയെത്തന്നെയും ധൈര്യമായി തഴഞ്ഞ് അവൾ ഒരി ന്ത്യക്കാരനെത്തന്നെ കെട്ടി അച്ഛൻ പറഞ്ഞതിനെ കവച്ചുവെച്ച് ഒരു മലയാളിയെത്തന്നെ കെട്ടുകയാൽ ഫുൾമാർക്കും അതിലപ്പുറവും വാങ്ങിച്ചു എൻജിനീയറായ (ആർകിടെക്റ്റ്) ഭർത്താവുമൊന്നിച്ച് തിരികെ നാട്ടിൽ വന്ന് ഒരു പഞ്ചനക്ഷത്ര ആസ്പത്രി തുടങ്ങി അതിന്റെ എം ഡി യായി കഴിയുന്നു. ഇത്രയും തന്റേടവും പ്രാപ്തിയുമുള്ള നായി കയെ ഭഗവതിയെന്നോ ദാക്ഷായണിയെന്നോ വിളിക്കാൻ മനസ്സനുവദി ക്കുന്നില്ല വായനക്കാർ സഹകരിച്ച് ക്ഷമിക്കുക അവൾ ജ്യോതി എരി യുന്ന ദീപം പോലെ സുന്ദരി

വിശ്വനാഥ് എന്ന പേരിൽ മനഃപൂർവ്വം തന്നെ ഒരല്പം സിംബലിസം കലർത്തിയിട്ടുണ്ട് വിശ്വനാഥൻ എന്ന പദം വിഗ്രഹിച്ചാൽ വിശ്വത്തിന്റെ നാഥൻ എന്നുവരും വിശ്വത്തിന്റെ നാഥനാരോ അവൻ എന്ന് ബഹു വ്രീഹി സമാസം ഈ സംജ്ഞ കല്പിച്ചവൻ - സാക്ഷാൽ ലോക നാഥനായ ദൈവത്തെയാണ് സങ്കല്പിച്ചതെങ്കിലും ഇവിടെ ഒരല്പം സ്വാതന്ത്ര്യമെടുത്ത് വിശ്വത്തെ ചുരുക്കി ഒരു കൊച്ചു ഗ്രഹമായ ഭൂമി മാത്രമാക്കിയെടുത്തിരിക്കുകയാണ്. ഈ ഭൂമിയുടെ നാഥൻ ആദികാ ലംമുതൽ പുരുഷനാണല്ലോ അജനായും ആദമായും അള്ളാവായും മാത്രമല്ല, ഭരണാധികാരികളിൽ ഭൂരിപക്ഷമായും കുടുംബനാഥനായും പുരുഷൻതന്നെ ഭൂമിയിൽ ആദിയും അന്തവും എന്നാൽ ഭൂമി അവരി ലാരുടേതുമല്ലാതെ, എന്നാൽ എല്ലാവരുടേതുമായി വേറിട്ടു നിൽക്കുന്നു

ഇപ്പോൾ കഥയിൽ ഒരു ഫെമിനിസ്റ്റ് ചുവയുണ്ടാകുമെന്ന് വായന ക്കാർ ന്യായമായും സംശയിക്കുന്നുണ്ടാവും വിശ്വനാഥന്റെ നിഴലിൽ നിൽക്കാൻ കൂട്ടാക്കാത്ത വിശ്വമാണ് ജ്യോതി എന്നും തോന്നുന്നുണ്ടാ വും അത് എങ്ങനെ വരുമെന്ന് ഈ സ്റ്റേജിൽ കഥാകൃത്തിനു പറയാ നാവുന്നില്ല പക്ഷേ, ഒന്നറിയാം നമ്മുടെ വിശ്വനാഥൻ ഒരു തികഞ്ഞ ഫെമിനിസ്റ്റാണ് സിമോൺ ദ് ബുവ്വായോടൊപ്പം പാരീസിൽ വെച്ചെ ടുത്ത കളർഫോട്ടോ (വിന്ററിൽ ഇലകൊഴിച്ച ഒരു മരച്ചുവട്ടിൽ നിന്നു കൊണ്ടുള്ളത്) തന്റെ വിവാഹഫോട്ടോയ്ക്കൊപ്പം അയാൾ അതിഥിമു റിയിൽ വച്ചിട്ടുണ്ട് ബെറ്റി ഫ്രീഡൻ തന്റെ സെക്കന്റ് സ്റ്റേജ് എന്ന പുസ്തകം കൈയൊപ്പിട്ട് സമ്മാനിച്ചത് ലൈബ്രറിയിലെ ചില്ലലമാരയ്ക്കു ള്ളിലുണ്ടെന്നും അയാളവകാശപ്പെടുന്നു മെഗൻ ടെറിയുടെ ഒരു പ്രശസ്ത നാടകത്തിന്റെ യഥാർത്ഥപ്രചോദനം താനവരോട് കളിക്കു

പറഞ്ഞ ഒരു വാചകമാണ് എന്നും അയാൾ പറയാറുണ്ട്.

ആ കഥ ഇങ്ങനെയാണ്.

ബ്രോഡ്‌വേയിൽ നിന്ന് തന്റെ അപ്പാർട്ടുമെന്റിലേക്ക് കാറോടിച്ചുപോകവേ മെഗൻ ടെറി ഒരു ഷോപ്പിനു മുന്നിൽ കാർ നിർത്തി ടിന്നിലടച്ച കുറച്ചു ഭക്ഷണസാധനങ്ങൾ വാങ്ങി വീണ്ടും അവർ കാറോടിച്ചു തുടങ്ങിയപ്പോൾ വിശ്വനാഥൻ ഷോപ്പിംഗ് ബാഗിനുള്ളിൽ നിന്ന് ഒരു ക്യാൻ എടുത്ത് അതിന്റെ പുറത്തെഴുതിയിരുന്ന വാചകങ്ങൾ ഇങ്ങനെ വായിച്ചു:

“Keep tightly closed in a cool dry place”

എന്നിട്ടയാൾ മെഗൻ ടെറിയോടു പറഞ്ഞു “ഇങ്ങനെയാണ് ഇന്ത്യക്കാർ തങ്ങളുടെ സ്ത്രീകളെ സൂക്ഷിക്കുന്നത്” “ഓ?” എന്നു പറഞ്ഞുചിരിച്ച മെഗൻ ടെറി അതേപേരിൽ നാടകമെഴുതിയെന്നാണ് വിശ്വനാഥന്റെ കഥ.

തത്ത്വത്തിൽ മാത്രമല്ല പ്രയോഗത്തിലും താനൊരു സ്ത്രീസമത്വവാദിയെന്നു തോന്നിപ്പിക്കുന്ന രീതിയിലാണ് വിശ്വനാഥന്റെ പെരുമാറ്റം വൈദ്യശാസ്ത്രബിസിനസ്സുകാരിയായ ഭാര്യ വൈകിവന്നാൽ പരാതിയില്ല ജ്യോതി മെഡിക്കൽ സെമിനാറുകൾക്കു പോകുമ്പോൾ പെട്ടിയൊരുക്കിക്കൊടുക്കാനും എയർപോർട്ടിൽ കൊണ്ടു വിടാനും തിരിച്ചുവരവിന്റെ സമയം കൃത്യമായറിഞ്ഞ് എയർപോർട്ടിൽ കാത്തുനിൽക്കാനും ഒരു മടിയുമില്ല. ‘ദ നെസ്റ്റ്’ എന്നു പേരുള്ള തന്റെ ചെറിയ ആർക്കിടെക്ചർ ഓഫീസിൽ അധികം തിരക്കില്ലാത്തതുകൊണ്ട് വിശ്വനാഥന് ഇതിനെല്ലാം സമയമുണ്ട് ഭാര്യ അന്യപുരുഷന്മാരെ ഒപ്പമിരുത്തി കാറോടിച്ചുപോകുന്നതിനും അയാൾക്ക് വിരോധമില്ല ജ്യോതി എത്താൻ വൈകുന്ന രാത്രികളിൽ ശാന്തയെന്ന പരിചാരിക അവ്നിൽ വച്ചു ചൂടാക്കി മേശപ്പുറത്തടച്ചുവയ്ക്കുന്ന ആഹാരം സ്വയം വിളമ്പിക്കഴിച്ച് ഒരു പുസ്തകവുമായി ബാൽക്കണിയിലെ തൂക്കുകട്ടിലിൽ കിടക്കുകയും റോഡിലൂടെ പോകുന്ന ഓരോ വാഹനവും ജ്യോതിയുടെ കോണ്ടസ്സയാണോ എന്ന് എത്തിനോക്കുകയും ചെയ്യുന്ന വിശ്വനാഥൻ അയൽപക്കക്കാരികളിൽ അസൂയയുണർത്തിയിരുന്നു

ഈ അയൽക്കാരികളിൽ പലരും ഫെമിനിസ്റ്റുകളാണെന്ന് സ്വയം അവകാശപ്പെട്ടിരുന്നവരും എന്നാൽ ഭർത്താവിന് പ്രമേഹത്തിന്റെ ഗുളിക എടുത്തുകൊടുക്കാൻ സമയത്ത് വീട്ടിലെത്താൻ ശ്രദ്ധിച്ചിരുന്നവരുമാണെന്ന കാര്യം ഇവിടെ പറഞ്ഞുകൊള്ളട്ടെ

ഇനി നിങ്ങളെ അമ്പരപ്പിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ഒരു സത്യം വെളിപ്പെടുത്തുന്നു ജ്യോതി ഒരു ഫെമിനിസ്റ്റല്ല' അല്ല എന്നു മാത്രമല്ല 14-5-1986 -ൽ ഇല്ലിനോയ്‌ൽ വച്ച് “I hate all feminists” (ഞാൻ എല്ലാ ഫെമിനിസ്റ്റുകളെയും വെറുക്കുന്നു) എന്ന് അവൾ സുഹൃത്തായ ഏഡ്രി

യൻ ക്ലിന്റനോട് പറഞ്ഞിട്ടുമുണ്ട്. ഈ ക്ലിന്റണ് അമേരിക്കൻ പ്രസിഡന്റ് ക്ലിന്റണുമായി ബന്ധമൊന്നുമില്ല പണ്ട് അമേരിക്കയിൽ പെണ്ണുങ്ങൾ നടത്തിയ ബ്രാ കത്തിക്കൽ സമരത്തിൽ ഈ ഏഡ്രിയൻ ക്ലിന്റന്റെ "മോം" (അമേരിക്കക്കാർ സാധാരണയായി അമ്മമാരെ "മോം" എന്നു വിളിക്കാറുണ്ട്) പങ്കെടുത്തിട്ടുണ്ടത്രെ. മാറുമറയ്ക്കാനുള്ള അവകാശത്തിനു സമരം ചെയ്ത നമ്മുടെ പെണ്ണുങ്ങളെക്കുറിച്ചു പറഞ്ഞ് ജ്യോതി അവരെ അതിശയിപ്പിച്ചിട്ടുണ്ട്. സ്ത്രീസമത്വ-സ്വാതന്ത്ര്യവാദത്തോട് വലിയ അനുഭാവം കാണിക്കാത്ത ജ്യോതിയെ ഇന്ദിരാഗാന്ധിനഗറിലെ അവളുടെ വീടിനു ചുറ്റുമുള്ള ഫെമിനിസ്ററുകൾ പുച്ഛത്തോടെ കണ്ടിരുന്നു. വിശ്വനാഥ് പിടക്കോഴി കൊത്തിയ (hen-pecked എന്ന് മലയാളത്തിൽ പറയും) ഭർത്താവാണെന്നും അയാൾ (വാഷിംഗ് മെഷീനിലിട്ട്) ജ്യോതിയുടെ അടിപ്പാവാട വരെ അലക്കിക്കൊടുക്കാറുണ്ടെന്നും അവർ പറഞ്ഞുപരത്തി. "ഇങ്ങനെയൊരുത്തനെ കിട്ടിയാൽ പിന്നെ ഫെമിനിസ്റ്റാകേണ്ട കാര്യമെന്ത്?" എന്ന് ഇന്ദിരാഗാന്ധിനഗർ കേന്ദ്രമായുള്ള ബട്ടർഫ്ളൈ വനിതാ സമിതി പ്രസിഡന്റ് സെക്രട്ടറിയോടു പറഞ്ഞുവത്രേ!

ഇതൊന്നുംതന്നെ ജ്യോതി അറിഞ്ഞിരുന്നില്ല. അഥവാ ഇനി അറിഞ്ഞാൽത്തന്നെ ശ്രദ്ധിക്കാനോ പ്രതികരിക്കാനോ അവൾക്കു സമയവുമില്ലായിരുന്നു തിരക്കൊഴിഞ്ഞ് ഒരു ദിവസം കിട്ടിയാൽ വിശ്വനാഥന് പ്രിയപ്പെട്ട നെയ്ച്ചോറുണ്ടാക്കാൻ അവൾ അടുക്കളയിൽ കയറും. സവാള ബ്രൗൺ നിറത്തിൽ മൊരിച്ചെടുത്തതു വിതറി അണ്ടിപ്പരിപ്പും ഉണക്കമുന്തിരിങ്ങയും കലർത്തിയ നെയ്ച്ചോറാണ് വിശ്വനാഥന് ഏറെ പ്രിയം. അതും പച്ചക്കറി സാലഡും നാരങ്ങ ഉപ്പിലിട്ടതും തൈരും പർപ്പടകവും കൂട്ടിയുള്ള വെജിറ്റേറിയൻ ഊണിനു ശേഷം കിടക്കമുറിയിൽ കെട്ടിപ്പിടിച്ചുകിടന്ന് അവരുറങ്ങും. വൈകുന്നേരം ഏതെങ്കിലും സംഗീതസദ്യയ്ക്കോ നൃത്ത സന്ധ്യയ്ക്കോ സിനിമാ പ്രദർശനത്തിനോ പോയി അത്താഴം കഴിഞ്ഞു മാത്രം വീട്ടിലേക്കു മടങ്ങും അത്തരം ദിവസങ്ങൾപോലും വിരളമെന്നിരിക്കെ ജ്യോതിക്ക് മറ്റുള്ളവരുടെ കൊച്ചുവർത്തമാനങ്ങൾ കേൾക്കാനെവിടെ നേരം!

സ്വാഭാവികമായും ഇവിടെ വായനക്കാർക്ക് ഒരു സംശയമുദിക്കുന്നത് കഥാകൃത്തറിയുന്നുണ്ട്. ഇവർക്ക് കുഞ്ഞുങ്ങളില്ലേ എന്ന കാര്യം. ഈ കാര്യത്തിൽ കഥാകൃത്ത് വളരെ ചിന്തിച്ചുനോക്കി ശരിക്കു പറഞ്ഞാൽ മനുഷ്യനെ ദൈവമാക്കുന്ന പണിയാണ് ഈ കഥയെഴുത്ത് സാക്ഷാൽ പരബ്രഹ്മത്തിനെപ്പോലെ കഥാപാത്രങ്ങളുടെ മുഴുവൻ ജീവനും കയ്യിലിട്ട് പന്താടാനുള്ള അധികാരം കഥാകൃത്തിനുണ്ട് ഇപ്പോൾത്തന്നെ നോക്കൂ ജ്യോതി - വിശ്വനാഥൻ ദമ്പതികൾക്ക് കുഞ്ഞുങ്ങളെ കൊടുക്കാനോ കൊടുക്കാതിരിക്കാനോ കൊടുത്തിട്ടു തിരിച്ചെടുക്കാനോ ഉള്ള

അധികാരം ഈ പേനയ്ക്കുണ്ട്. രണ്ടു കുട്ടികളെ കൊടുത്തിട്ട് ബോർഡിംഗിലോ മറ്റോ കൊണ്ടുനിറുത്താമെന്ന് കഥാകൃത്ത് വിചാരിച്ചു. തിരക്കുള്ള അച്ഛനമ്മമാർ സാധാരണയായി അതാണല്ലോ ചെയ്യാറുള്ളത്. അതുകൊണ്ടാണല്ലോ ഈ പിള്ളേർ മുതിർന്നുവന്ന് അച്ഛനമ്മമാരെ വൃദ്ധൻമാർക്കുള്ള ബോർഡിംഗ് സ്ഥാപനങ്ങളിലാക്കുന്നതും നമ്മുടെ മാതൃഭൂമിയിൽ വൃദ്ധസദനങ്ങളുണ്ടാകുന്നതും! പിന്നെ ആ ആശയം കഥാകൃത്ത് വേണ്ടെന്നു വച്ചു പിള്ളേരുണ്ടായാൽ അവരെ നോക്കാൻ സമയമില്ല പിള്ളേരു വളർന്നു വന്നാൽ വയസ്സു കാലത്തു നമ്മെ നോക്കുകയുമില്ല. പിന്നെന്തിനു തൊന്തരവിനൊക്കെ പോകുന്നു!

ഞങ്ങൾക്കിടയിൽ ആരെയും സങ്കല്പിക്കാൻ ഞങ്ങൾക്കാവില്ല അതു ഞങ്ങളുടെ കുഞ്ഞാണെങ്കിൽക്കൂടി എന്നൊക്കെ കേൾക്കുന്ന സാധാരണ പല്ലവിയിൽ അവർ പ്രശ്നമൊതുക്കട്ടെ!

അങ്ങനെയങ്ങനെ അവരുടെ ദിനങ്ങളൊഴുകുമ്പോൾ ഒരു ദിനം പ്രശസ്തരായ വിദേശഭിഷഗ്വരന്മാരുടെ ഒരു ടീം ജ്യോതിയുടെ ക്ഷണമനുസരിച്ച് നഗരത്തിലെ വിമാനത്താവളത്തിൽ കാൽകുത്തി. എയ്ഡ്സിനെതിരെ ജ്യോതി നടത്തുന്ന അന്വേഷണങ്ങളിൽ സഹകരിക്കാനാണ് അവരെത്തിയത് ജ്യോതിയുടെ ദിനരാത്രങ്ങൾ അതിവിശാലമായ ആശുപത്രി ലാബറട്ടറിയിൽ കുടുങ്ങി. (ഈ ലാബറട്ടറി മന്ദിരം പ്രധാന കെട്ടിടത്തിൽ നിന്നു തെല്ലുമാറി ശീതീകരിച്ച വായുവോടുകൂടിയതാണ് കൂട്ടത്തിൽ പറയട്ടെ. ഈ മന്ദിരം രൂപ കല്പന ചെയ്തത് വിശ്വനാഥനായിരുന്നു).

ഭാര്യയുടെ ഉത്സാഹപ്രകർഷം പ്രസരിപ്പിച്ച അലയിൽ വിശ്വനാഥൻ ആദ്യദിനങ്ങളിൽ കുടുങ്ങിയെങ്കിലും പിടിച്ചു നിൽക്കാനായില്ല വിദേശ ടീമിന്റെ പരീക്ഷണ ജ്വാലകളും റൂഫ്ടോപ്പ് റെസ്റ്റോറന്റുകളിലെ പാർട്ടികളും പരീക്ഷണത്തിന്റെ തീവ്രതയിൽ മുറുകുന്ന ഞരമ്പുകളയച്ചുവിടാൻ പ്രത്യേകം ഏർപ്പാടുചെയ്ത കഥകളി പ്രദർശനവും ജ്യോതിയെ പൂർണമായും പിടിച്ചുവെച്ചപ്പോൾ പാവം നമ്മുടെ വിശ്വനാഥൻ വല്ലാതെ ഏകനായി

ഏകനായിരുന്ന് വിശ്വനാഥൻ കവിതകളെഴുതി

അതു പറയാൻ മറന്നുപോയി. നമ്മുടെ വിശ്വനാഥൻ കവിതകളെഴുതും. കവിതകളെന്നു പറഞ്ഞാൽ അപോദ്ഗ്രഥന (ഡീ കൺസ്ട്രക്ഷനിസ്റ്റ്) നിരൂപകന്മാർക്കൊഴികെ ആർക്കും മനസ്സിലാകുന്നതരം സാധാരണ കവിതകൾ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ വിശ്വനാഥനെഴുതിയ 12 വരി കവിതയ്ക്ക് (പേര് നെയ്തലാമ്പലിന്റെ ദുഃഖഗീതം) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സമ്മാനം കിട്ടിയിട്ടുണ്ട് പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ എഴുതിയ 'വസുധ' എന്ന കവിത അയാൾ സ്റ്റേജിൽ നിന്ന് തന്റെ മുഴങ്ങുന്ന ശബ്ദത്തിൽ ('സുധേ, വസുധേ, പ്രിയം

കരി ... ') ഉറക്കെ പാടയിതു കേട്ട മലയാളം ലക്ചറർ ആർ. സുധാദേവി പവിത്രമായ ഗുരുശിഷ്യബന്ധത്തെ മറന്നുപോയെന്നും പ്രീഡിഗ്രി പയ്യ നായ വിശ്വനാഥന്റെ വിവേകംകൊണ്ട് അപകടമൊന്നും സംഭവിച്ചി ല്ലെന്നും ഒരു കഥയുണ്ട് കെട്ടുകഥയാവാം ഏതായാലും അതിനുശേഷം വിശ്വനാഥന്റെ ഒരു കവിതയിലും പുരളാൻ അച്ചടിമഷിക്കു ഭാഗ്യം സിദ്ധി ച്ചിട്ടില്ല.

അയാൾ കവിതയെഴുതുമെന്ന കാര്യംപോലും ഭാര്യയ്ക്കറിയുകയില്ല.

വിശ്വനാഥന്റെ ഒരു കവിത വായനക്കാർക്കു സാമ്പിളിനായി താഴെ കൊടുക്കുന്നു

ധവള വസ്ത്രം ചുറ്റി സുന്ദരിയായ വിശ്വമേ,
ഹൃദയവും ബുദ്ധിയുമൊന്നായി മാറിയ നീ
ഈ വിശ്വനാഥനിൽ നിന്നെത്ര അകലെ!
വശ്യമായ സ്വപ്നമേ നീ അറിയുന്നുവോ,
ഈ വിശ്വനാഥനിന്നു വിശ്വമില്ലാത്ത അനാഥൻ!

എല്ലാ കവിതകളും ഇങ്ങനെ വ്യക്തിപരമോ സ്വകാര്യമോ അല്ല കേട്ടോ ഉദാഹരണത്തിന് കവിതാഡയറിയുടെ 42-ാം പേജിലെ

യൂണിയൻ കാർബൈഡു
തീ പെയ്തൊഴിഞ്ഞൊരാ
ചക്രവാളങ്ങളിൽ
ചെർണോബിൽ കത്തുന്നു
ചീസിൽ വിഷപ്പുക

എന്നു തുടങ്ങുന്ന കവിതയിൽ രൂക്ഷമായ സാമൂഹ്യവിമർശനമുണ്ട് നിരൂപകന്മാർക്ക് ഇതൊക്കെ ശ്രദ്ധിക്കാനവസരം കിട്ടാതെ പോകുന്നത് അവരുടെ നിർഭാഗ്യം

കുറെ ദിവസങ്ങളായി നിഴൽപോലെ വല്ലപ്പോഴും മാത്രം താൻ കാണുന്ന ഭാര്യയെ മനസ്സിന്റെ കോണിലൊതുക്കി, തന്റെ കറുത്ത പുറം ചട്ടയിട്ട ഡയറിയുമായി വിശ്വനാഥൻ ബാൽക്കണിയിലെ തൂക്കുകട്ടിലി ലിരുന്ന് അന്തരീക്ഷത്തിലൊഴുകി നടക്കുന്ന കവിതകളെ പിടിക്കാൻ ശ്രമിച്ച ഏകാന്തരാത്രികളിൽ എന്തു സംഭവിച്ചുവെന്ന് കഥാകൃത്തിനും നല്ല പിടിയില്ല

വിദേശഗവേഷണടീമിലെ അവസാനത്തെ അംഗത്തെയും വിമാനം കയറ്റിവിട്ടു മടങ്ങിവന്ന ജ്യോതി അതീവ ഉത്സാഹവതിയായിരുന്നു ഗവേ ഷണപരിശ്രമങ്ങൾ ഏതാണ്ടു വിജയിച്ചിരിക്കുന്നു മനുഷ്യന്റെ സ്വാത ന്ത്ര്യത്തിനു വിലങ്ങുതടിയായി കലിയുഗത്തിലവതരിച്ച എയ്ഡ്സെന്ന ഭീകരനെ വേപ്പുമരക്കൊമ്പിലാവാഹിച്ച് ആണി തറയ്ക്കാനുള്ള സകല ഒരുക്കങ്ങളും നടന്നിരിക്കുന്നു ഇനി പ്രബന്ധരൂപത്തിൽ ഇതിനെ ലോകാ രോഗ്യ സംഘടനയ്ക്കു സമർപ്പിക്കുകയേ വേണ്ടൂ അന്താരാഷ്ട്ര അംഗീ

കാരങ്ങൾ, സ്വീകരണങ്ങൾ, ലോകപര്യടനങ്ങൾ, വികസിച്ചു വികസിച്ചു വികസിച്ചു കയറുന്ന ആശുപത്രി അന്തരീക്ഷത്തിലെവിടെയോ ഒരു പത്മശ്രീയോ പത്മ(വി)ഭൂഷണനോ ഒക്കെ ചുറ്റിത്തിരിയുന്നു

സന്തോഷത്തോടെ കലപിലാ സംസാരിച്ചുകൊണ്ട് വിശ്വനാഥന്റെ മാറിൽ തലചായ്ച്ചു കിടന്ന ജ്യോതി ആ നെഞ്ചിലെ തണുപ്പറിഞ്ഞില്ല

പിന്നെപ്പോഴൊ അവളുറങ്ങി ഉറക്കത്തിൽ അവളൊരു സ്വപ്നം കണ്ടു. ഉറക്കത്തിലല്ലാതെ സ്വപ്നം കാണുമോ, പൗനരുക്തികദോഷമുണ്ടോ എന്നൊന്നും സംശയിക്കണ്ട കഥാകൃത്തുൾപ്പെടെ പലരും ഉണർന്നിരുന്ന് സ്വപ്നം കാണുന്നവരാണ് എന്നാലിപ്പോൾ ജ്യോതി കാണുന്ന സ്വപ്നം ഉറക്കത്തിൽത്തന്നെയാണ് ഒരു വിമാനത്തിലേറി അവളങ്ങനെ സ്വീഡനിലേക്കു പറക്കുകയാണ്, നോബൽ ആചാര്യന്റെ ബഹുമതിപത്രം കൈ നീട്ടി വാങ്ങാൻ

(സ്വപ്നത്തിലെ) വിമാനം എയർപോക്കറ്റിൽ ഒന്നു വീണു ഞെട്ടി കണ്ണു തുറന്ന ജ്യോതി കണ്ടത് കിടക്കമുറിയുടെ കതക് വെളിയിൽ നിന്നു ചാരുന്ന വിശ്വനാഥനെയാണ് ആദ്യത്തെ അമ്പരപ്പ് തെല്ലൊതുങ്ങിയപ്പോൾ ബുദ്ധിമതിയായ ഏതൊരു ഭാര്യയെയുംപോലെ ജ്യോതി മെല്ലെ എഴുന്നേറ്റ് ഭർത്താവിനെ പിന്തുടർന്നു കോണിപ്പടികളിറങ്ങി ഡൈനിംഗ് ഹാളിലെത്തിയ വിശ്വനാഥൻ തുറന്ന ക്ഷണം പോലെ പകുതി ചാരിക്കിടന്ന അടുക്കളക്കതക് വലിച്ചു തുറന്ന് അടുക്കളയ്ക്കുള്ളിലേക്ക് കയറുന്നതും അടുത്ത നിമിഷം വാതിലടയുന്നതും അവൾ കണ്ടു ഉള്ളിൽ നിന്നു തഴുതിടുന്ന ശബ്ദം ഡൈനിംഗ് ഹാളിൽ മുഴങ്ങി

ഒരു സാധാരണ ഭാര്യയായിരുന്നു ജ്യോതി എങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നോർത്തുനോക്കുക രസകരമാണ് അടഞ്ഞ അടുക്കള വാതിൽ ചവിട്ടിപ്പൊളിക്കാം ഹിസ്ററീരിയയ്ക്കു വഴങ്ങി നിലത്തു കിടന്നുരുളാം ഉറക്കെ ശപിച്ചും കരഞ്ഞും അയൽക്കാരെവരെ ഉണർത്താം വികാരസാന്ദ്രതയുടെ ഏറ്റക്കുറച്ചിലനുസരിച്ച് വേണമെങ്കിൽ ആത്മഹത്യവരെ ചെയ്യം. ആത്മഹത്യ മതിയെങ്കിൽ ഫാനിൽ കെട്ടിത്തൂങ്ങി അസുന്ദരമായോ ഉറക്കഗുളിക കഴിച്ച് സുന്ദരമായോ കൈയിലെ ഞരമ്പ് മുറിച്ച് ശാസ്ത്രീയമായോ ഒക്കെ അവൾക്കതു ചെയ്യാവുന്നതേയുള്ളു

എന്നാൽ ജ്യോതി അതൊന്നും ചെയ്തില്ല

കോണിപ്പടിമേൽ നിന്ന് ജ്യോതി ഒരു നിമിഷം ആലോചിച്ചു അവൾക്കു മുന്നിൽ പരീക്ഷണശാലയിലെ സ്ലൈഡുകളും പ്രൊജക്ടറും ഗിനിപ്പന്നികളും തെളിഞ്ഞു എഴുതാനുള്ള പ്രബന്ധം വരുന്ന വർഷങ്ങളിലെ ഊഹിക്കാവുന്ന തിരക്ക് ഇതിനിടയിൽ അവിയലും കിച്ചടിയും സാമ്പാറും വെയ്ക്കാൻ, പച്ചക്കറിയും മീനും വിലപേശി വാങ്ങാൻ,

സ്റ്റോർമുറിയിൽ ഏതു പാത്രമൊഴിയുന്നുവെന്ന് ശ്രദ്ധിച്ച് അതു നിറയ്ക്കാൻ, വാഷിംഗ്മെഷീനിലിട്ടാണെങ്കിലും വസ്ത്രങ്ങളലക്കാൻ, തോട്ടത്തിലെ ചെടികൾക്കു വെള്ളവും വളവും സമയത്തിനേകാൻ, വാക്വം ക്ലീനറുപയോഗിച്ച് വീടിനെ പൊടികളഞ്ഞു സൂക്ഷിക്കാൻ, രണ്ട് അൽസേഷ്യനും മൂന്ന് പോമറേനിയനും ആഹാരം നൽകി കുളിപ്പിച്ച് ബ്രഷ്ചെയ്യാൻ, എണ്ണമറ്റ ലവ്ബേർഡുകളെ പരിചരിക്കാൻ ഡോക്ടർ ജ്യോതി വിശ്വനാഥിനെവിടെ നേരം?

ഇല്ല. ശാന്തയില്ലാതെ പറ്റില്ല വർഷങ്ങളായി ഇഷ്ടാനിഷ്ടങ്ങൾ മണത്തറിഞ്ഞു ചെയ്യുന്ന ശാന്തയുടെ സ്ഥാനത്ത് ഇനി ആരു വരുന്നതും സങ്കല്പിക്കാനേ ആവില്ല

അല്ല, ഇനി ആരു വന്നാലും പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുമെന്ന് എന്താണുറപ്പ്?

കോണിപ്പടികൾ ചവിട്ടിയിറങ്ങി ഡൈനിംഗ് ഹാളിലെത്തിയ ജ്യോതി ഫ്രിഡ്ജു തുറന്ന് തണുപ്പിച്ച മിനറൽ വെള്ളം ഒരു കുപ്പിയും കുടിച്ചു. അടഞ്ഞുകിടന്ന അടുക്കളവാതിൽക്കലേക്ക് ഒരു നിമിഷം അവൾ നോക്കി നിന്നു

എങ്കിലും വിശ്വനാഥ്...!

ഉള്ളിൽ വിതുമ്പിയ വികാരത്തെ ബലം പ്രയോഗിച്ച് ഉറക്കിക്കിടത്തി അവൾ മെല്ലെ കോണിപ്പടികൾ കയറാൻ തുടങ്ങി

ഇക്കാലത്ത് ജോലിക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ടറിയുന്ന വായനക്കാർക്ക് ജ്യോതിയുടെ തീരുമാനം ബുദ്ധിപൂർവമാണെന്നു മനസ്സിലാകുമെന്നു കരുതുന്നു അങ്ങനെ കരുതാൻ പ്രയാസമുള്ള വായനക്കാർക്ക് തങ്ങൾക്കിഷ്ടമുള്ള രീതിയിൽ ഈ കഥാന്ത്യം മാറ്റിയെഴുതി തൃപ്തരാകുകയും ചെയ്യാമല്ലോ

ടി.വി. കൊച്ചുബാവ

അന്നയും ഭർത്താവും

അന്ന.

നിങ്ങൾ കരുതുംപോലെ അവൾ ഗർവിഷ്ഠയായ യുവതിയായിരുന്നില്ല. ഇന്നുവരെ പള്ളിയിൽ പോകാതിരുന്നിട്ടില്ല. കുമ്പസാരിക്കുന്നതിൽ അല്പംപോലും പിശുക്കു കാണിച്ചിട്ടില്ല. ജീവിതത്തിലെ ചെറിയ നീക്കങ്ങളിലടക്കം കണിശക്കാരിയായിരുന്നുവെന്നത് വാസ്തവം. ഷോക്കേസിലിരിക്കേണ്ട ഒരു പൂപ്പാത്രം അവൾ ഷോക്കേസിൽ തന്നെ വെയ്ക്കും. ബഹുമാന്യനായ ഒരതിഥി മുൻ നിശ്ചയപ്രകാരം കയറി വന്നാലും ആ പൂപ്പാത്രം അവൾ മേശപ്പുറത്തേക്ക് എഴുന്നള്ളിക്കുകയില്ല. അതൊഴികെയുള്ള അലങ്കാരമൊക്കെ മതിയെന്നുറപ്പിക്കും. അത്ര നിർബന്ധമാണെങ്കിൽ അതിഥിക്കെന്തുകൊണ്ട് ഷോക്കേസിൽ നോക്കി പൂപ്പാത്രത്തിന്റെ ഭംഗി ആസ്വദിച്ചുകൂടാ?

അന്നയുടെ ഭർത്താവ് നിക്കോളസ്.

ഒരു കോളേജധ്യാപകനായിരുന്നു. ഇന്നേക്ക് കൃത്യം ഒരു വർഷം മുമ്പ് അയാൾ ഒളിച്ചോടിപ്പോയി. അന്ന അന്ന് ഒരുപാടു കരഞ്ഞു. നിങ്ങൾ തറപ്പിച്ചു പറഞ്ഞെന്നിരിക്കും, അന്ന കരഞ്ഞില്ലെന്ന്. സർവരും കാണാനായി നെഞ്ചത്തടിച്ച് കരയുന്ന ഏർപ്പാടൊന്നും അന്നയ്ക്കു വശമില്ല. ദുഃഖവെള്ളിയാഴ്ച മാത്രം ഉപയോഗിക്കുന്ന വസ്ത്രങ്ങൾ എടുത്തണിഞ്ഞ് കിടപ്പുമുറിയിൽ കയറിയിരുന്ന് അവൾ മതിയാവോളം കരഞ്ഞു. മേശപ്പുറത്തിരുന്ന ഭർത്താവിന്റെ പടത്തിലേക്ക് നോക്കി പല്ലിറുമ്മുകയും ചെയ്തു. ഇത്രയ്ക്കും ചീപ്പാവണമായിരുന്നോ!

ശരിയല്ലേ, അവൾക്കുമുണ്ടല്ലോ ഒരന്തസ്സും ആഭിജാത്യവും. ഒളിച്ചോടിയതിനുപകരം അയാൾ ഒരു കൊള്ളയിലോ തീവണ്ടിയപകടത്തിലോ പോട്ടെ ഒരാത്മഹത്യയിലെങ്കിലും ചെന്നു കുടുങ്ങിയിരുന്നെങ്കിൽ അവൾക്കിത്ര ലജ്ജയോ ആത്മനിന്ദയോ തോന്നുമായിരുന്നില്ല.

അപ്പോഴേക്കും നിക്കോളസിന്റെ സഹപ്രവർത്തകരുടേയും ബന്ധുക്കളുടേയും വരവായി. അന്നയ്ക്കു കരഞ്ഞുകൊണ്ടിരിക്കാനാവില്ലല്ലോ

ദുഃഖത്തിൽ കുതിർന്ന ചെറുപുഞ്ചിരിയോടെ അവൾ വന്നവരെയെല്ലാം സ്വീകരിച്ചിരുത്തി ഓരോരുത്തരുടെ അന്വേഷണങ്ങൾക്കും സ്പഷ്ടവും ലളിതവുമായ മറുപടി കൊടുത്തു ചിലർക്ക് നിക്കോളസ് എഴുതിവെച്ച കത്തും.

കത്തിൽ ഇത്രമാത്രം : അന്നേ, എന്റെ പ്രിയപ്പെട്ടവളേ ഞാൻ സ്ഥലം വിടുന്നു.

അപ്പോഴേക്കും പൊലീസുകാരുടെയും നായ്ക്കളുടേയും വരവായി. അന്ന പേടിച്ചുപോയെങ്കിലും അതു പുറമെ കാണിക്കാതെ, പതറാതെ നിന്നു നിക്കോളസിന്റെ വായനമുറി പൊലീസുകാർ ഉഴുതുമറിച്ചിട്ടു കിണറ്റിൻകരയിലും തൊടിയിലും പാഞ്ഞു നടന്നു കിണറ്റിലേക്ക് കല്ലെറിഞ്ഞ് ആഴം കണക്കുകൂട്ടി പോലീസുകാർക്ക് പിന്നാലെ ഓടി നായ്ക്കളും ചില തമാശക്കളികൾ കാഴ്ചവച്ചു

ഇതിനൊക്കെ ശേഷമാണ് ഇൻസ്പെക്ടർ സാമുവൽ സംസാരിക്കാനാരംഭിച്ചത് നിക്കോളസിന്റെ തിരോധാനത്തിൽ തനിക്കും ഡിപ്പാർട്ടുമെന്റിനുമുള്ള അഗാധ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടാണ് അയാൾ വിഷയത്തിലേക്ക് കടന്നത്

എന്തുകൊണ്ട് ഇതൊരു കൊലപാതകമായിക്കൂടാ' സാമുവൽ മൃദുവായി ആരാഞ്ഞു· ആ സാധ്യതയെപ്പറ്റിയാണ് ഞങ്ങൾ ഇതുവരെ അന്വേഷിച്ചത്. പക്ഷെ, ഇല്ല. മിസ്റ്റർ നിക്കോളസ് ഒളിച്ചോടിയതുതന്നെയാണ്

അവസാനത്തെ വാചകം തറപ്പിച്ചും ഒച്ചയുയർത്തിയുമാണ് ഇൻസ്പെക്ടർ നിറുത്തിയത് കെട്ടുപിണഞ്ഞു കിടന്നിരുന്ന ഒരു പ്രശ്നം എളുപ്പത്തിൽ പരിഹരിച്ചുകഴിഞ്ഞ സംതൃപ്തിയിൽ അയാൾ സിഗരറ്റെടുത്ത് കത്തിച്ചു

ഇതിന്റെ മണം എനിക്കിഷ്ടമല്ല – അന്ന പെട്ടെന്ന് പറഞ്ഞു അത് തുറന്നതും കർക്കശവുമായിരുന്നു. ഇൻസ്പെക്ടർ ചെമന്നുപോയി മുഷിഞ്ഞ ഒരു ചിരിയോടെ സിഗരറ്റ് ഷൂസിനടിയിലേക്കിട്ടു.

ശരിയാണ് ഇത് മോശം ഏർപ്പാടുതന്നെ – അയാൾ ഖേദപൂർവ്വം വെളിപ്പെടുത്തുകയും, താങ്ങാൻ കഴിയാത്ത ദേഷ്യം പല്ലുകളിൽ ഇറുമ്മിയൊതുക്കുകയും ചെയ്തു. സമീപത്താരുമില്ലായിരുന്നെങ്കിൽ ഒരു കടന്നാക്രമണത്തിലൂടെ അയാൾ അന്നയെ ഞെക്കിക്കൊല്ലുമായിരുന്നെന്നത് തീർച്ച.

പിന്നീട് ഗൗരവം വീണ്ടെടുത്ത് ഇൻസ്പെക്ടർ ചോദിച്ചു : നിങ്ങളുടെ ഭർത്താവിനെ കണ്ടെത്തിപ്പിടിക്കാൻ ഞങ്ങൾ എന്തൊക്കെയാണ് ചെയ്തുതരേണ്ടത്?

ഒന്നും വേണമെന്നില്ല. താങ്കളുടെ സന്മനസ്സിനു നന്ദി.

ഇന്നേരമാണ് ഇൻസ്പെക്ടർ ശരിക്കും വിളറിവെളുത്തുപോയത് ഒരു കുഞ്ഞിച്ചെകുത്താനെ നേർക്കുനേരെ കണ്ടിട്ടെന്ന വിധം മിഴിച്ചു നില തെറ്റി അയാൾ നിന്നു.

അന്ന തുടർന്നു . ഒളിച്ചോടാനാവുമെങ്കിൽ തിരിച്ചുവരാനും കഴി യും കൊച്ചുകുട്ടിയൊന്നുമല്ലല്ലോ.

പിന്നെ ആർക്കും മുഖംകൊടുക്കാതെ ധൃതിയിൽ വീടിനുള്ളിലേക്കു കയറി അവൾ കതകടച്ചു. ആൾക്കൂട്ടത്തിനിടയിൽവെച്ച് ഏതൊ അദൃ ശ്യഹസ്തങ്ങൾ തന്നെ വിവസ്ത്രയാക്കിയതായും, കൊടിയ രീതിയിൽ അപമാനിക്കപ്പെട്ടതായും അവൾ എരിപൊരികൊണ്ടു.

നാണമില്ലാത്ത മനുഷ്യാ – അവൾ നിക്കോളസിന്റെ പടമെടുത്ത് തറ യിലേക്കെറിഞ്ഞ് ബഹളം വച്ചു എല്ലാം താൻ കാരണമാണ്. തനിക്ക് ദൈവം മാപ്പുതരില്ല. എന്തോ ബാക്കിവച്ചതായി അനുഭവപ്പെട്ടതും അവൾ കൂട്ടിച്ചേർത്തു. ഞാനും

അവൾ പടത്തിൽ ചവിട്ടിയരച്ചു അരിശം തീരാഞ്ഞ് നിക്കോളസിന്റെ പുസ്തകങ്ങളും വിലപിടിച്ച വസ്ത്രങ്ങളും വാരി പടത്തിനു മേലെയിട്ട് തീകൊടുത്തു അതോടെ നിക്കോളസിനെ സംബന്ധിക്കുന്ന സർവ്വതും തീയിട്ടതായി അവൾ ആശ്വസിച്ചു അങ്ങനെ ഇരുന്നപ്പോൾ അവൾക്കു തോന്നി – പലചരക്കുകടക്കാരന് ഫോൺ ചെയ്യണമെന്ന് കടക്കാരനോട് ഫോണിലൂടെ അവൾ നിർദ്ദേശിച്ചു. ഇനിമുതൽ നിക്കോളസിന്റെ പേരിൽ കണക്കുകൾ സൂക്ഷിക്കേണ്ടതില്ലെന്ന് ആഴ്ചയിലൊരിക്കൽ സാധനങ്ങ ളെത്തിക്കുന്ന പതിവ് മാറ്റി മാസത്തിലൊരിക്കൽ മതിയെന്ന്.

അന്നു രാത്രി അന്ന ഒട്ടനവധി പദ്ധതികൾക്ക് രൂപം കൊടുത്തു അല്ലാതെ വഴിയില്ലല്ലോ നിരാലംബയായെന്നുവച്ച് കയറിലോ പുഴയിലോ ഒടുങ്ങാൻ അവൾ ആഗ്രഹിച്ചില്ല പകരമുള്ളത് ധീരവും സൂക്ഷ്മവുമായ നേരിടലാണ് അതായിരുന്നു അവളുടെ പദ്ധതിയിലെ പ്രധാന ഇനവും: ചെലവു ചുരുക്കി ശാന്തവും നിശ്ശബ്ദവുമായ ജീവിതം നയിക്കുക നിക്കോളസ് എന്നെങ്കിലുമൊരിക്കൽ തിരിച്ചെത്തുമെന്ന് അവൾക്കുറപ്പു ണ്ടായിരുന്നു അവശനും, ഒരു സഹതാപവാക്കിന് കേഴുന്നവനുമായി അയാൾതിരിച്ചെത്തുമ്പോൾ അവൾക്കു പറയണമായിരുന്നു

ഞാൻ, അന്ന ജീവിച്ചിരിക്കുന്നു സുന്ദരിയായിരിക്കുന്നു. നോക്കി കൊതിച്ചോ നിക്കോളസെ. താൻ വിചാരിച്ചോ, താൻ ഒളിച്ചോടുന്ന തോടെ ഞാനങ്ങ് തുലഞ്ഞുപോകുമെന്ന്. താനങ്ങനെ വിചാരിക്കാനും സാധ്യതയില്ല. കാരണം.

കാരണം, നഗരത്തിൽ കൃത്യം വാടക ലഭിക്കുന്ന മൂന്നു കെട്ടിടങ്ങൾ അവൾക്കുണ്ടായിരുന്നു അമ്മയുടെ വകയായിരുന്നു അത്. അപ്പനുമായി തെറ്റിപ്പിരിഞ്ഞതിനുശേഷം ഈ കെട്ടിടങ്ങളിൽനിന്നുള്ള വരുമാനം കൊണ്ടായിരുന്നു അമ്മയും അവളും ചെലവു കഴിഞ്ഞുപോന്നത്. മരി ക്കുന്നതിന്റെ തലേന്ന് അമ്മ കെട്ടിടങ്ങൾ അവളുടെ പേർക്കെഴുതിക്കൊ ടുത്തു. പിന്നെ റബ്ബർ എസ്റ്റേറ്റ് അമ്പത്തഞ്ചേക്കറുണ്ട്. അത് അവളുടെ പേരിൽ അപ്പൻ എഴുതിയതായിരുന്നു. അപ്പനെ കണ്ട ഓർമ്മയേ അവൾക്കില്ല. മരിക്കുന്നതിനൊക്കെ മുമ്പേ അയാൾ, ആദ്യമായി

മകൾക്കൊരു കത്തെഴുതിയിരുന്നു. ആ കത്തു കിട്ടുന്നതോ അവളുടെ പതിനഞ്ചാമത് ജന്മദിനത്തിന്റന്ന് ഉച്ചയ്ക്കും.

കത്തിൽ അപ്പൻ സ്നേഹത്തിന്റെ ഒരു കൊച്ചു ഭൂപടം ഒട്ടിച്ചുവെച്ചിരുന്നു. അതിൽ ചിത്രശലഭങ്ങളും മഞ്ഞക്കിളികളുമുള്ള തുരുത്ത്. വിശ്വാസത്തിന്റേയും കരുണയുടേയും മുഖവുമായി അവിടെ, അവളുടെ അപ്പൻ.

നമ്മൾ ഇനിയൊരിക്കലും കാണില്ല.

അപ്പൻ കത്തിനുള്ളിലിരുന്ന് അവളോട് വിങ്ങിപ്പൊട്ടി. അന്നാ, നിന്റെ മുഖം ഞാനെന്നും ഓർക്കാറുണ്ട് ഒട്ടും വ്യക്തമല്ല. നിനക്ക് ആരുടെ ഛായയാണിപ്പോൾ?

എനിക്കെന്റെ ഛായ, അല്ലാതാരുടേതാവാൻ?

മിടുക്കിക്കുട്ടി. നീ നിന്റമ്മയെപ്പോലെ തന്നെയാണ്. ഇപ്പോൾ നീ പറഞ്ഞതുണ്ടല്ലോ, അത് പതിനഞ്ചു വയസ്സിന്റെ കുസൃതി. ഇരുപതാം വയസ്സിൽ അത് കുസൃതിയേയല്ല. അവിടെയാണ് നിന്റമ്മയും ഞാനും തമ്മിൽ പൊരുത്തക്കേടു തുടങ്ങുന്നത്.

അപ്പൻ നെടുവീർപ്പിട്ടു. കത്തിൽ നിന്നുയർന്നുവന്ന് അയാൾ അവളുടെ നെറ്റിയിൽ ചുംബിച്ചു അവിടം അയാളുടെ കണ്ണുനീരിനാൽ കഴുകിയെടുത്തു.

എന്റെ കുട്ടി, അതൊക്കെ പഴങ്കഥ. ഇന്നിപ്പോൾ വർഷങ്ങൾക്കിപ്പുറത്തിരുന്നു ചിന്തിക്കുമ്പോൾ മനസ്സിലാവുന്നു – ദാനം കിട്ടിയ ഈ ചെറിയ ജീവിതം ഓരോരോ നിസ്സാര തർക്കങ്ങൾക്കും വിജയങ്ങൾക്കും വേണ്ടി നശിപ്പിക്കേണ്ടതില്ലായിരുന്നുവെന്ന്. എന്നും പ്രക്ഷുബ്ധതയായിരുന്നു. ഹൃദയം അതിനനുസരിച്ച് ഞെങ്ങി, ഞെരുങ്ങി.. ..കണ്ടില്ലേ, ചോര! അന്നാ, എന്റെ കുഞ്ഞേ, ഇതൊന്നും ഡോക്ടർമാർക്കു മനസ്സിലാവുന്ന രോഗമല്ല

ഇത് ക്ഷയമാണ് ഈ മോശം രോഗം എന്റപ്പന് വരിക. ഒരു കൂട്ടുകാരിയോടുപോലും പറയാൻ കൊള്ളില്ല. ഛേ'

അതിനു നിനക്കപ്പനുണ്ടെന്ന് ആ നാട്ടിലാർക്കുമറിയില്ലല്ലോ അന്നാ.

ഓ, ആശ്വാസമായി.

നിനക്ക് ആ കഥകളൊന്നും കേൾക്കണമെന്നില്ലേ?

താല്പര്യമില്ല. അമ്മ പലവട്ടം കേൾപ്പിച്ച് ബോറടിച്ചിരിക്കുന്നു. ഭാര്യക്കടുത്തുനിന്നു രാത്രിയിൽ ഒളിച്ചോടുന്നതിനേക്കാൾ നാണം കെട്ട ഏർപ്പാട് വേറൊന്നും തന്നെയില്ല.

സത്യം അതല്ല കുട്ടി. എന്നെ നിന്റമ്മ ആട്ടിയോടിക്കയായിരുന്നു.

ഓ, എനിക്കുറക്കം വരുന്നു.

അവൾ കോട്ടുവാ വിട്ടു.

ഹാ!

അയാൾ തകർന്ന ഒരു നിശ്വാസമയച്ചു.

ഉറങ്ങിക്കോളൂ മോളെ. എല്ലാം മറന്നുള്ള ഉറക്കംപോലെ സുഖകര

മായി മറ്റൊന്നുമില്ല. എനിക്കില്ലാത്തത് മറ്റെല്ലാവർക്കുമുള്ളത്. ഉറങ്ങും മുമ്പേ ആ വിൽപത്രം എടുത്തുവെച്ചോളൂ നിന്റെ പേരിൽ അമ്പത്തഞ്ചേക്കർ റബർ എസ്റ്റേറ്റ്.

ഇതൊക്കെ പഴയ കാര്യങ്ങൾ. അന്ന വീണ്ടും ഒന്നാലോചിച്ചുവെന്നുമാത്രം പ്രത്യേകിച്ച് ഇന്നത്തേത് ഓർമകളുടെ ദിവസമാകുന്നു നിക്കോളസ് ഒളിച്ചോടിയതിന്റെ ഒന്നാം വാർഷികം. കഴിഞ്ഞുപോയതെല്ലാം ഇന്ന് ഓർക്കപ്പെടേണ്ടതാണ്.

നിലക്കണ്ണാടിക്കു മുമ്പിലിരുന്ന് അന്ന വിചാരിക്കാൻ തുടങ്ങി അവൾ പള്ളിയിൽ പോകാൻ ഒരുങ്ങുകയാണ് സ്വപ്നങ്ങൾക്കുമേലെ സ്വന്തം പേരെഴുതിയ കുരിശുനാട്ടി കടന്നുപോയെന്നാലും നിക്കോളസിന്റെ ദിവസം നിക്കോളസിനുവേണ്ടി പ്രാർത്ഥിക്കാനും അതുവഴി അയാളെ ഓർമ്മിക്കാനും പോകുകയാണവൾ ദുഃഖിതയുടെ വസ്ത്രങ്ങളിൽ അവൾ കൂടുതൽ സൗന്ദര്യവതിയായി കാണപ്പെട്ടു

അന്നാ

ദാ, നിക്കോളസ് വിളിക്കുന്നു. മേശപ്പുറത്ത് കവിൾ ചേർത്തുവെച്ച് അന്നയെ നോക്കി അയാൾ ഇരിക്കുകയാണ്. ഒരു പഴയകാല ചിത്രമാണത്.

അതേ പഴയകാല ചിത്രത്തിൽ നിന്ന് അന്ന തലയുയർത്തി അയാളെ സ്നേഹപൂർവം നോക്കാൻ തുടങ്ങുമ്പോൾ അയാൾ അറച്ചറച്ച് പറയുന്നു

അന്നാ, താൻ തെറ്റിദ്ധരിക്കയില്ലെങ്കിൽ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. തെറ്റിദ്ധരിക്കയില്ലെങ്കിൽ മാത്രം

പറയണം നമ്മൾ തമ്മിലെന്തിനാ ഇത്തരം ഔപചാരികത? അന്ന മന്ദഹാസത്തോടെ അയാളുടെ കവിളിൽ തൊടുന്നു

കണ്ടോ, താൻ എന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു നിക്കോളസിന്റെ മുഖം വ്യസനംകൊണ്ടു കലങ്ങുന്നു എത്ര ഭംഗിയായാണ് ഞാനൊരു വിഷയത്തിലേക്കു വരാൻ തുടങ്ങിയത് തനിക്ക് എന്നെ മനസ്സിലാക്കാനാവുന്നില്ലല്ലോ

നിക്കോളാ, പ്ലീസ് കുഞ്ഞുങ്ങളെപ്പോലെ ആവാതെ, എനിക്ക് തെറ്റിദ്ധാരണയൊന്നുമില്ല ഔപചാരികത നമ്മൾ തമ്മിൽ വേണ്ടെന്നേ പറഞ്ഞുള്ളൂ. കിടപ്പറയിൽ വന്ന് തന്നെ ഞാനൊന്ന് തൊട്ടോട്ടെ എന്ന തരത്തിലുള്ള ചോദ്യം ഒഴിവാക്കുന്നതല്ലേ നല്ലത്?

അത്.. . അത്.... . ഞാനങ്ങനൊന്നും കരുതിയതേ ഇല്യാലോ. അന്ന എന്നെ എന്തുമാത്രമാണ് തെറ്റിദ്ധരിച്ചിരിക്കുന്നത്

നിക്കോളാസ് തേങ്ങിക്കരയുന്നു. അന്ന പൊറുതികേടിലാവുന്നു

തെറ്റിദ്ധരിക്കാൻ മാത്രം നമ്മൾ വല്ലതും പറഞ്ഞോ നിക്കോളാ ഇതിപ്പോ *ചെക്കോവിന്റെ കഥയിലെ ക്ലാർക്കിനെപ്പോലെയായല്ലോ നിങ്ങൾ

* ചെക്കോവിന്റെ കഥ 'ഒരു ക്ലാർക്കിന്റെ മരണം'

ഓ, അന്നാ നിക്കോളസ് നിലവിളിക്കുന്നു. കണ്ണുനീർ പ്രവഹിക്കുകയാണ്· അന്നാ, ഇത്ര കൂരമായ വാക്കുകൾ എങ്ങനെ പറയാൻ കഴിയുന്നു ഇത്തിരിയെങ്കിലും സ്നേഹം എന്നോടുണ്ടായിരുന്നെങ്കിൽ. എന്തുമാത്രം തെറ്റിദ്ധാരണാജനകമാണ് നിന്റെ പ്രസ്താവന ഹോ..

തെറ്റിദ്ധാരണ, തെറ്റിദ്ധാരണ തുലഞ്ഞുപോകട്ടെ ആ പ്രയോഗം – അന്ന നെറ്റിയിലടിക്കുന്നു. ഞാൻ സ്നേഹിക്കുന്നില്യാത്രെ ടീസ്പൂണിൽ കോരി വായിലൊഴിച്ചു തരാവുന്നതാണോ സ്നേഹം'

വീണ്ടും തെറ്റിദ്ധാരണ, തെറ്റിദ്ധാരണ വേറൊരു പ്രയോഗം എനിക്കു കിട്ടുന്നതേയില്ലല്ലോ.

വിട് ഇല്ലെങ്കിൽ എനിക്കാവും ഭ്രാന്ത് . എന്തോ കാര്യമുണ്ടെന്ന് പറഞ്ഞല്ലേ തുടങ്ങിയത്. നമുക്കതിലേക്ക് വരാം

കാര്യം. കാര്യം നിക്കോളസ് ആലോചനയിലകപ്പെടുന്നു ഞാനത് മറന്നുപോയി ഇനി ഓർക്കണമെന്നുമില്ല താനെന്താ ഇപ്പോ പറഞ്ഞത്. ഇല്ലെങ്കിൽ എനിക്കാവും ഭ്രാന്ത് എന്നല്ലേ അതിനർത്ഥം എനിക്ക് ഭ്രാന്തുണ്ടെന്നും, തനിക്ക് വരാതെ നോക്കാൻ പോകുന്നു എന്നുമല്ലേ, അല്ലേ? അപ്പോ അതാണ് സംഗതി എനിക്ക് ഭ്രാന്തുണ്ടെന്ന് തനിക്കിത്ര ഉറപ്പു തോന്നാൻ കാരണമെന്ത് ചെക്കോവിന്റെ ക്ലാർക്കിനെപ്പോലെ ദുർബലനാണ് ഞാനെന്ന് വരുത്തിത്തീർത്തിട്ട് തനിക്കെന്തു നേട്ടം പറയൂ

അയാൾ ജനലോരത്തേക്ക് നീങ്ങിനിൽക്കുന്നു പുറത്ത് മഴയുടെ ആരംഭം ചെടിത്തുമ്പിൽ മഴത്തുള്ളികളുടെ പതനം

ഞാനാ ക്ലാർക്കല്ല, ക്ലാർക്കല്ല താനെന്റെ മേലധികാരിയുമല്ല ഞാൻ തന്നെ ഹൃദയപൂർവം സ്നേഹിച്ചു പക്ഷേ, താനെന്റെ മേലധികാരിയായി ചമയാൻ തിടുക്കം കാട്ടുന്നു നീചമാണിത്

അയാൾ ജനൽക്കമ്പിയിൽ തലവെച്ചിടിക്കുന്നു ചോര കല്ലിച്ചു വരുന്ന നെറ്റിത്തടം ആ കാട്ടായം അന്നയെ വെറുപ്പിക്കുകയോ ചിരിപ്പിക്കുകയോ

കണ്ണീർക്കണ്ണുകളോടെ അയാൾ അവൾക്കു നേരെ തിരിഞ്ഞു നില്ക്കുന്നു ആ മുഖത്ത് യാചനയുടെ ഭാവമാണപ്പോൾ

അങ്ങനെയല്ലേ? എന്റെ ആശ്വാസത്തിനുവേണ്ടി 'അല്ല, അങ്ങനെയല്ല നിക്കോള' എന്നൊന്ന് പറഞ്ഞുകൂടെ തനിക്ക് പ്ലീസ് അന്നാ. തന്നെ ഞാൻ എന്തുമാത്രം സ്നേഹിക്കുന്നു എന്തുമാത്രം..

അന്ന നിന്നിടത്തു നിന്നനങ്ങുന്നില്ല

പറയില്ല അല്ലേ?– അയാൾ ചുണ്ടു പിളർത്തി ദീനമായി മോങ്ങുന്നു നശിക്കട്ടെ ഒക്കെ നശിക്കട്ടെ എത്ര സന്തോഷത്തോടെ ഒരു കാര്യം പറയാൻ തുടങ്ങിയതാണ് ഞാൻ നശിപ്പിച്ചില്ലേ വളച്ചൊടിച്ച് എന്നെ ഭ്രാന്തനാക്കി മാറ്റിയില്ലേ?

മഴയും ഈറൻ കാറ്റും

മഴനനഞ്ഞ് ഞാൻ മരിക്കട്ടെ. ആ പാവം ക്ലാർക്കിനെപ്പോലെ.... തുലയട്ടെ. അയാൾ വാതിൽ വലിച്ചു തുറന്ന് മഴയുടെ ധാരാളിത്തത്തിലേക്ക് ഓടിയിറങ്ങുന്നു. പിറ്റേന്ന് പ്രഭാതം. മഴ നനഞ്ഞ വീട്ടുവരാന്തയിൽ പനിച്ചൂടിൽ വിറച്ചു കിടക്കുന്ന അയാളെ അവൾ കണ്ടെത്തുന്നു....

ഇങ്ങനെ എന്തൊക്കെ. അന്ന പുഞ്ചിരിപൊഴിച്ചുകൊണ്ട് നിലക്കണ്ണാടിയിലേക്ക് നോക്കി. –എല്ലാം വിവരിച്ചു തീരുമ്പോൾ നിക്കോള ഒരു കോമാളിയായി മാറുമോ എന്നൊരു സംശയം. അതു നന്നല്ല വേർപിരിഞ്ഞവരെക്കുറിച്ച് നന്മമാത്രം പറയുന്ന നമ്മുടെ മുഖസ്തുതികളിൽ പ്രത്യേകിച്ചും. അതുകൊണ്ട് ഞരമ്പുരോഗിയായിരുന്ന എന്റെ മരിച്ചുപോയ ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കാൻ പള്ളിയിലേക്കു പോകുന്നു. ഇനിയഥവാ മരിച്ചിട്ടില്ലെങ്കിൽത്തന്നെ എന്റെ ഹൃദയത്തിൽ അയാൾ അഴുകിക്കഴിഞ്ഞു–

അന്ന എഴുന്നേറ്റു. വീടിന്റെ വാതിൽ പൂട്ടി വെളിയിലേക്കിറങ്ങി പുൽമൈതാനം പുല്ലകളിൽ മഞ്ഞും പ്രഭാതവും താഴെ ടൗൺഷിപ്പും പള്ളിയും. മഞ്ഞിന്റെ നേർത്ത അവ്യക്തതയിൽ അതെല്ലാം ചിതറിക്കിടക്കുന്നു.

തേയിലച്ചെടികൾക്കിടയിലൂടെ ചെത്തിയൊരുക്കിയ വഴി അതിറങ്ങുമ്പോൾ കൂട്ടിന് സിസ്റ്റർ ഗൊരോത്തിയെ കിട്ടി മഠത്തിൽനിന്ന് കന്യാസ്ത്രീകൾ കൂട്ടമായി വരുന്നുണ്ടായിരുന്നു. തണുത്തിട്ടായിരിക്കണം അവരെല്ലാം കൈപ്പടം ഉടുപ്പിലേക്കൊളിപ്പിച്ചിരുന്നു കാറ്റിൽ പാറുന്ന അവരുടെ ശിരോവസ്ത്രത്തുമ്പ്–

നിന്റെ ഭർത്താവിന്റെ വിവരം വല്ലതുമുണ്ടോ അന്നാ –ഗൊരോത്തി കണ്ണട ലേശം ഉയർത്തിവെച്ചു.

മരിച്ചവർ സന്ദേശങ്ങളയയ്ക്കാറുണ്ടോ സിസ്റ്റർ – അന്ന ചോദിച്ചു അതിൽ പരിഹാസം തീരെ ഇല്ലായിരുന്നില്ലെന്നു മാത്രമല്ല, നിഷ്കളങ്കവുമായിരുന്നു.

സിസ്റ്റർ ഒട്ടിട സ്തബ്ധയായി നിന്നുപോയി പിന്നെ മന്ദഹാസം നിറഞ്ഞ ഒരു തലയാട്ടലോടെ അന്നയോടൊപ്പം നടക്കാനാരംഭിച്ചു.

ഇന്ന് ആണ്ടാണ്. –അന്ന.

ങ്ഉം. സിസ്റ്റർ തുടർന്നു ചോദിച്ചു. –മരിച്ചു എന്നുറപ്പുണ്ടോ നിനക്ക്?

എന്നുവേണം കരുതാൻ. തിരിച്ചുവന്നാലും പ്രയോജനമൊന്നുമില്ല. അംഗീകരിക്കാനാവില്ല. അയാളില്ലാതെ ജീവിക്കാൻ പഠിച്ചുകഴിഞ്ഞു. ജീവിതം. ഒരാൾ പോയിക്കഴിയുന്നതോടെ വിടവടച്ച് അടുക്കും ചിട്ടയും നിറഞ്ഞതാക്കാനുള്ള പ്രയാസത്തെക്കുറിച്ച് സിസ്റ്റർക്കറിയില്ല.

ക്രൂരതതന്നെ എന്റെ കുഞ്ഞേ.

ആയിരിക്കാം. ഷോക്കേസിലിരിക്കേണ്ട പൂപ്പാത്രം അവിടെത്തന്നെ ഇരിക്കട്ടെ....

ടാർ റോഡ്. നനവുണ്ട്. മുറിച്ചു കടക്കവെ ഇരമ്പിക്കുതിച്ച് ഒരു ജീപ്പ്

വന്നു നിന്നു ജീപ്പിൽ നിന്നും തലനീട്ടി ചിരിച്ചത് ഇൻസ്പെക്ടർ സാമുവൽ. സിസ്റ്റർ ഗൊരോത്തി അന്നയെ അവിടെ വിട്ട് ധൃതിയിൽ നടന്നു പോയി.

എന്തു പറയുന്നു മിസ്സിസ് നിക്കോളസ് –അയാൾ ജീപ്പിൽ നിന്ന് ചാടിയിറങ്ങി അവൾക്കടുത്തു വന്നു.

വാല് വേണ്ട. അന്ന. ഞാൻ അന്ന.

നിയമപരമായി വാല് മുറിച്ചിട്ടില്യാലോ, ഉവ്വോ? –അയാൾ മന്ദമായ ചിരിയോടെ അവൾക്കടുത്തേക്ക് തെല്ലുകൂടി നീങ്ങിനിന്നു. ഒരഭ്യാസിയുടെ വഴക്കത്തോടെ സിഗരറ്റെടുത്ത് ചുണ്ടിൽ വെച്ച് തീ പിടിപ്പിച്ചു.

നീങ്ങിനിന്ന് വലിച്ചാലുപകാരം. ഇതിന്റെ മണം എനിക്കു തീരെ ഇഷ്ടമല്ല –അവൾ തറപ്പിച്ചു പറഞ്ഞു.

എനിക്കറിയാം. –ഇൻസ്പെക്ടർ സിഗരറ്റ് ആഞ്ഞാഞ്ഞു വലിച്ച് പുക വിട്ടു അവൾ പിന്നോട്ടു നീങ്ങുന്നതിനൊപ്പം അയാളും നീങ്ങിച്ചെന്നു. അയാളുടെ സൂത്രക്കണ്ണുകളിൽ തിളക്കം കാണായി. –പക്ഷേ ഇതു നിങ്ങളുടെ വീടല്ലല്ലോ, ആണോ?

അന്ന അയാളെ നോക്കി പുച്ഛത്തോടെ ചിരിച്ചു.

കഷ്ടം! ഒളിച്ചോടിയവനും താങ്കളും വ്യത്യാസമൊന്നുമില്ല. ഒരേ കാര്യം തന്നെ ആവർത്തിച്ചു പറഞ്ഞ് ജീവിതം കുളമാക്കി ഒരാൾ. താങ്കൾ അന്നത്തെ ആ സംഭവം ഓർത്തുവെച്ച് ഒരു കൊല്ലത്തിനുശേഷം അതുതന്നെ പ്രതികാരമായി മാറ്റുന്നു എന്ത് വ്യത്യാസം?

എന്നിട്ട് അന്ന മുന്നോട്ടു നടന്നു അവൾക്കു പിറകിൽ ഇൻസ്പെക്ടർ ഈർഷ്യയോടെ വിളിച്ചു പറഞ്ഞു

ഈ പത്രാസുണ്ടല്ലോ, അതുതന്നെയാണ് ആ പാവം മനുഷ്യൻ ഒളിച്ചോടാനുള്ള കാരണവും നിങ്ങൾ വിചാരിക്കുന്നുണ്ടോ, നിങ്ങൾ എല്ലാം മനസ്സിലാക്കിക്കഴിഞ്ഞവളാണെന്ന്?

അയ്യോ, ഇല്ല. –അന്ന തിരിഞ്ഞു നിന്നു. –എനിക്ക് എന്നെ അറിയില്ല. അലങ്കാര പ്രയോഗമല്ല സത്യം. അറിയുമായിരുന്നെങ്കിൽ എന്റെ അപ്പൻ അന്യനാട്ടിൽ കിടന്ന് മരിക്കുകയോ, എന്റെ ഭർത്താവ് ഓടിപ്പോകുകയോ.... പറഞ്ഞു വന്നപ്പോൾ അന്നക്കെവിടെയോ വേദനിച്ചു. ... ചെയ്യുമായിരുന്നില്ലല്ലോ. എന്റെ നല്ലൊരു വാക്കു മതിയായിരുന്നു അപ്പൻ തിരിച്ചു വരാൻ. ഓരോ വഴക്കിനും വളച്ചൊടിക്കലുകൾക്കുംശേഷം 'ക്ഷമിക്ക് പ്രിയപ്പെട്ടവനേ' എന്നാശ്വസിപ്പിച്ചാൽ മതിയായിരുന്നു നിക്കോള ഓടിപ്പോവാതിരിക്കാൻ. വേണമെന്നു വിചാരിച്ചാലും എനിക്കതിനു കഴിയാറില്ലല്ലോ.

അന്നയ്ക്ക് ഒന്നുറക്കെ കരയണമെന്നു തോന്നി എന്തിനോ,.വെറുതെ. തോന്നിയതിനു പിറകെ അവൾ കരഞ്ഞുംപോയി. അതോടെ അവൾക്കുറപ്പായി. ഷോക്കേസിലെ പൂപ്പാത്രം മേശപ്പുറത്തേക്കല്ല, കുത്തനെ തറയിലേക്കാണ് വീണതെന്ന് അതും ഇയാൾക്കു മുമ്പിൽ ഛേ, മോശ

മായി..

ഇൻസ്പെക്ടറെ വിട്ട്, ധൃതിയിൽ നടന്ന് പള്ളിമുറ്റത്തേക്ക് പ്രവേശിച്ചതോടെ കരഞ്ഞതുചിതമായെന്ന ഒരാലോചനയുണ്ടായി അന്നയ്ക്ക്. പ്രത്യേകിച്ച് ദുഃഖാചരണദിനത്തിൽ കരഞ്ഞു വീർത്ത മുഖത്തിനുള്ള പ്രസക്തി ഒന്നു വേറെത്തന്നെ അങ്ങനെയും ഒരു സാധ്യതയുണ്ടെന്ന് കരയും മുമ്പേ ഓർത്തിരുന്നില്ലെന്നുമാത്രം ഒന്നു കരഞ്ഞതോടെ മനസ്സ് കഴുകിത്തുടച്ച് വെടിപ്പുവരുത്തിയതുപോലെയും

പഴക്കം ചെന്ന പള്ളി ശോഷിച്ച് കുത്തനെയാണ് നില വെളുപ്പിൽ വെള്ളമൊലിച്ചുണ്ടായ പൂപ്പൽ. മേടയിലെ കറുത്ത ഭീമൻ മണി പള്ളിയോടു ചാരെ ഒരുണക്കമരം. അതിനു ചുവടെ ഒരാൾ നിൽക്കുന്നുണ്ട്, നടന്നടുക്കുന്ന അന്നയെ ആർത്തിയോടെ നോക്കിക്കൊണ്ട്

മുറ്റത്തുവച്ചേ അന്ന അയാളെ കണ്ടിരുന്നു അവൾക്കേറ്റവും ഇഷ്ടമുള്ള നീലബുഷ് ഷർട്ടും കറുത്ത പാന്റുമാണയാൾ ധരിച്ചിരിക്കുന്നത് അയാളെ അവിടെ പ്രതീക്ഷിച്ചിരുന്നെന്നവിധം അവൾ തിടുക്കത്തിൽ .

അതിനിടയിൽ അവൾ സ്വയം തിരക്കി· ഞാനിപ്പോൾ എന്തു വേണമെന്നാണ് ഹേ, പറയുന്നത് ഗതികെട്ടതാണല്ലോ ഇന്നത്തെ ദിവസം ശവക്കുഴികളിൽ നിന്ന് ആളുകളെഴുന്നേറ്റു വരാൻ തുടങ്ങിയാലെന്തു ചെയ്യും, സങ്കടപ്പെടുകയല്ലാതെ

ഈ സമയം കൊണ്ട് അവൾ ഉണക്കമരത്തിനടുത്തെത്തിച്ചേർന്നു

ഹലോ -അവൾ പറഞ്ഞു

ഹലോ -അയാൾ അവൾക്കു കൈ നീട്ടി അവളതു സ്വീകരിക്കുകയും, തണുത്ത ആ കൈത്തലം അമർത്തിപിടിച്ച് കുലുക്കുകയും ചെയ്തു

അവിടെ സുഖമായിരുന്നോ? -അവൾ അടക്കത്തിൽ ചോദിച്ചു

നല്ല ചികിത്സ നല്ല വൈദ്യന്മാര് നെല്ലിമരത്തിനു ചുവടെയായിരുന്നു ഇലകൾ തലയിലേക്ക് പാറി വീഴുമ്പോ തർക്കിക്കാൻ നല്ല രസം നെല്ലിമരമേ, നീ കരുതിക്കൂട്ടിയല്ലേ ഇല വീഴ്ത്തിയത് നിന്റെ അഹന്ത എന്നിങ്ങനെ

രസകരം തന്നെ അന്ന മന്ദഹസിച്ചു കാലപ്പഴക്കം ചെല്ലുന്തോറും കാര്യങ്ങൾക്കൊക്കെ ലാഘവത്വം വരുന്നുണ്ടല്ലേ ഇപ്പോഴാണ് എനിക്കത് മനസ്സിലാവുന്നത് -അന്ന അയാളുടെ കൈത്തലത്തിലുള്ള പിടി വിട്ടു -ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ ഒഴിവുണ്ടെന്ന് കരുതി അവിടേക്ക് വീണ്ടും ഒരാൾക്കുകൂടി ഇടം നൽകാനാവില്ല സോറി -അന്ന അയാൾക്കു നേരെ കൈകൂപ്പി ഉണക്കമരച്ചില്ലയിൽ പിടിച്ചിരുന്ന അയാളുടെ കൈ വിറകൊണ്ടു എന്നെ കാത്തുനിൽക്കണമെന്നില്ല എന്റെ ഭർത്താവ് മരിച്ചുപോയ ദിവസമാണിത് ഞാൻ പ്രാർത്ഥിക്കാൻ പോകുന്നു

പക്ഷേ ഞാനിവിടെ ഉള്ളപ്പോൾ

എങ്കിൽ വരൂ എന്റെ ഭർത്താവിനുവേണ്ടി നമുക്കൊന്നിച്ച്

പ്രാർത്ഥിക്കാം -അവൾ അയാളെ ക്ഷണിച്ചു. പകച്ചുനിൽക്കുന്ന അയാളുടെ കൈ പൊടുന്നനെ കവർന്നെടുത്ത് തെരുതെര ഉമ്മവെച്ച് അവൾ തുടർന്നു:

ഒന്നും മറന്നിട്ടില്ല, ഒന്നും ആദ്യം ക്ലാർക്ക് വെറുതെ തെറ്റിദ്ധരിച്ചു. ഇപ്പോഴാണെങ്കിൽ മേലധികാരി സ്വയം മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. താനൊരു മേലധികാരി തന്നെയാണെന്ന്. മറ്റൊരാൾക്ക് അവസരം കൊടുത്താലേ തകരാറുള്ളൂ. കുറ്റം പറച്ചിലുള്ളൂ വീണ്ടും ഒരവസരം തരാൻ തക്കവിധം വലുതൊന്നുമല്ല ജീവിതം

അവൾ പള്ളിയങ്കണത്തിലേക്ക് നടന്നു, പിറകെ അയാളും അയാൾ അവളുടെ ഭർത്താവിനുവേണ്ടി പ്രാർത്ഥിച്ചിരിക്കുമോ?

അതെന്തായാലും ഇതിന്റെ പിറ്റേന്ന് സന്നിപാതജ്വരം പിടിപെട്ട് തെരുവോരത്തു കിടന്ന് നമ്മുടെ പഴയ കോളേജധ്യാപകൻ നിക്കോളാസ് മരിച്ചുപോയി

ഗ്രേസി

ഗൗളിജന്മം

നഗരത്തിലെ പ്രസിദ്ധമായ ഒരാശുപത്രിയിൽ രണ്ട് ഗൗളികൾ പാർത്തിരുന്നു. ഒരാൺ ഗൗളിയും ഒരു പെൺ ഗൗളിയും യാതനാനിർഭരമായ ആശുപത്രിജീവിതം ഒരു തുടർനാടകം പോലെ കണ്ട് വിഷണ്ണരായിത്തീർന്ന അവർ ആരോഗ്യത്തിന് ഹാനികരം എന്ന മുന്നിറിയപ്പ് ചീന്തിയെറിഞ്ഞ് ദാമ്പത്യം ശീലിക്കാൻ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളേ ആയിരുന്നുള്ളൂ. ആസക്തി പെയ്തൊഴിഞ്ഞപ്പോൾ തെളിഞ്ഞ കണ്ണുകളോടെ അവർ മുറിയാകെ നിരീക്ഷിച്ചു. അവശനായി കിടക്കുന്ന യുവാവും അവന്റെ കാൽക്കീഴിലിരിക്കുന്ന യുവതിയും അപ്പോഴും ഒരു നിശ്ചല ദൃശ്യം തന്നെയായിരുന്നു യുവതിയുടെ കണ്ണുകളിൽ ആരുടെ ഹൃദയത്തെയും ഈർന്നുമുറിക്കുന്ന ഒരു ശൂന്യത കണ്ട് ആൺ ഗൗളി അസ്വസ്ഥനായി. രണ്ട് പാദുകങ്ങളുടെ കുളമ്പടി ശബ്ദം കേട്ട് അവന്റെ ശ്രദ്ധ മുറിയുടെ വാതിൽക്കലേക്ക് തെന്നി. ഇരുട്ട് കുത്തനെ പതിച്ചതുപോലെ മുറിയിലേക്കു കടന്ന സന്ദർശകയെ കണ്ട് ആൺ ഗൗളി പെൺ ഗൗളിയോട് പറഞ്ഞു.

നോക്കൂ, ഈ പെൺപിറന്നവർക്ക് ചാകാൻ കിടക്കുന്ന ഈ ചെറുപ്പക്കാരനോടോ അവന്റെ സുന്ദരിയായ ഭാര്യയോടോ തെല്ലും അനുതാപമോ കാരുണ്യമോ ഇല്ല. രോഗമില്ലാത്തവൻ രോഗിയ സന്ദർശിക്കുന്നത് തന്റെ ആരോഗ്യതരംഗം കൊണ്ട് ആ പാവത്തെ വശക്കേടിലാക്കാനാണ്. സ്വൈരമായി ചാകാൻ കൂടി സമ്മതിക്കില്ല ഈ വർഗ്ഗം. സന്ദർശകമൊഴിയുന്നത് ചെവിയോർത്താൽ നിനക്കത് മനസ്സിലാവും.

സന്ദർശക, ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്ന യുവതിയുടെ ചുമലിൽ കൈത്തലമർപ്പിച്ച് നെടുവീർപ്പിട്ടു.

എന്റെ ഒരു കസിൻ ഇതുപോലെത്തന്നെ ആക്സിഡന്റിൽപെട്ട് പിന്നെ മഞ്ഞപ്പിത്തം കയറിയാണ് തുലഞ്ഞത്.

യുവതിയിൽ പ്രതികരണമൊന്നുമില്ലെന്നു കണ്ട് ഊറിവരുന്ന നൈരാശ്യം അമർത്തിത്തുടച്ച് സന്ദർശക തുടർന്നു.

നീ തളരരുത് ആരതീ, നിനക്ക് ചെറുപ്പമല്ലേ? ജീവിതം ഇതുകൊണ്ടൊന്നും തീർന്നുപോവുകയില്ല. നീ പ്രഗ്നന്റോ മറ്റോ ആണോ? എങ്കിൽ അതങ്ങ് അബോർട്ട് ചെയ്യിച്ചേക്ക്. ഇക്കാലത്ത് തന്തയില്ലാത്ത ഒരു കുട്ടിയെ വളർത്തിയെടുക്കുകാന്നൊക്കെ പറഞ്ഞാൽ വലിയ മെനക്കേടാ

പെൺ ഗൗളി ചിലച്ച് കലശലായി പ്രതിഷേധിച്ചു.

കഷ്ടം തന്നെ! സത്യം ഇത്ര നിർദയമായി പറയാവോ? ഒരു മയമൊക്കെ വേണ്ടായോ?

ആൺ ഗൗളി അമർഷത്തോടെ ചോദിച്ചു.

നീയിപ്പോൾ ചിലച്ചതെന്തിന്? മനുഷ്യർ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞുകൂടെ? പ്രത്യേകിച്ച് ബുധനാഴ്ച തെക്കു പടിഞ്ഞാറിരുന്ന് ഗൗളി ചിലച്ചാൽ ബന്ധുമരണം നിശ്ചയം എന്നാണ് അവരുടെ ശാസ്ത്രം ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ചുകൊണ്ടിരുന്ന കാര്യത്തിൽ ദാ, ഈ നിമിഷം തീർപ്പായി.

പെൺ ഗൗളി കുറ്റബോധത്തോടെ തലതാഴ്ത്തി

ഛേ! ഞാനത്രയ്ക്ക് കരുതിയില്ല!

ആൺ ഗൗളി ഇരുത്തം വന്ന ഭാവത്തിൽ തുടർന്നു

ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം നൽകുക. ഹൃദയത്തിനല്ല ആണെങ്കിൽത്തന്നെയും നീ ഒന്നാലോചിച്ചു നോക്ക് തന്തയെത്തീനി എന്ന ബഹുമതിയോടെ ആ പാവം കുഞ്ഞ് ഈ ലോകത്തിലേക്ക് വന്നാലത്തെ അവസ്ഥ! അതിനു പിന്നെ ജീവിതം ദുസ്സഹമാവുകയില്ലേ?

മുറിയിൽ നിശ്ശബ്ദതയുടെ നിഴൽ കനക്കുന്നതറിഞ്ഞ് സന്ദർശക കടുത്ത ഇച്ഛാഭംഗത്തോടെ എഴുന്നേറ്റു.

ഞാനിനി ഇവിടെ ഇരുന്നാൽ ശരിയാവുകയില്ല. ഡോക്ടർ റൗണ്ട്സിനു വരേണ്ട സമയമായി. ങാ, വീണ്ടും കാണാം

പട്ടുസാരിയുടെ മിനുക്കം വാതിൽകടന്ന് മറഞ്ഞപ്പോൾ ചെറുപ്പക്കാരന്റെ കരിവാളിച്ച ചുണ്ടുകൾ ഞരങ്ങി.

ആരതീ, നീയത് ചെയ്യുമോ?

ചെറുപ്പക്കാരി ഞെട്ടി.

എന്ത്?

എന്റെ കുഞ്ഞിനെ നീ കൊന്നുകളയുമോ?

ചെറുപ്പക്കാരിയുടെ കണ്ണുകളിൽ നിന്ന് രണ്ട് നീർത്തുള്ളികൾ പ്രയാണമാരംഭിച്ചു മുഖത്തിന്റെ അതിരിൽ ഒരു നിമിഷം ചിന്തിച്ചു നിന്ന് ചുട്ട് വിങ്ങുന്ന നെഞ്ചിലേക്ക് ചാടി.

അപ്പോൾ ഡോക്ടറും സംഘവും തിടുക്കത്തിൽ വാതിൽ കടന്നു വന്നു. ആൺ ഗൗളി പെൺ ഗൗളിയോട് പറഞ്ഞു.

സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്കു കൊടുത്തത് ഈ ഭയങ്കരനാണ് അപകടത്തിലേറ്റ പരിക്കുമൂലമല്ലല്ലോ ഇയാൾ മരിക്കാൻ പോകുന്നത്. ജനറൽ ഫിസിഷ്യന് റഫർ ചെയ്തിരുന്നെങ്കിൽ അങ്ങേര് മഞ്ഞപ്പിത്തത്തിന് ചികിൽസിക്കുമായിരുന്നു ഈ മൂപ്പരുടെ ഈഗോ അതിന് സമ്മതിച്ചില്ല. ഇനിയിപ്പോ മരിക്കുകയല്ലാതെ മറ്റെന്തു ഗതി?

പെൺ ഗൗളി ഭർത്താവിന്റെ മുഖത്ത് അത്ഭുതാദരങ്ങളോടെ നോക്കി. ആ നോട്ടം കണ്ടില്ലെന്നു നടിച്ച് ആൺ ഗൗളി തന്നോട് തന്നെ പറഞ്ഞു.

കഷ്ടം! കിശോരലാലിന്റെ വർഗത്തിന് അഹന്ത ഇപ്പോഴുമുണ്ട് അങ്ങോർക്ക് ഒടുവിലുണ്ടായ തിരിച്ചറിവ് ഈ ജന്മം ഇവറ്റയ്ക്കൊട്ട് കിട്ടുകയുമില്ല

പെൺ ഗൗളിക്ക് ജിജ്ഞാസ അടക്കാനായില്ല

ആരാണീ കിശോരലാൽ?

ആൺ ഗൗളിയുടെ കണ്ണുകളിൽ പോയ ജന്മത്തിന്റെ ഓർമ്മ മുറിഞ്ഞു വീണ വാൽ പോലെ പിടഞ്ഞു

അത് പൊൻകുന്നം വർക്കിയുടെ ഒരു കഥാപാത്രമാണ് പ്രഗൽഭനായ ഒരു ഡോക്ടർ.

പെൺ ഗൗളിയുടെ വട്ടക്കണ്ണുകളിൽ അജ്ഞത തുറിച്ചുവന്നു

പൊൻകുന്നം വർക്കിയോ?

അതെ, അങ്ങോർ മലയാളത്തിലെ ഒരു കഥാകൃത്തായിരുന്നു

തന്റെ ആൺപിറന്നവന്റെ പൊതുവിജ്ഞാനത്തെക്കുറിച്ച് പെൺ ഗൗളിക്ക് വളരെ മതിപ്പു തോന്നി അത് അവൾ പുറത്തെടുക്കുകയും ചെയ്തു

നിങ്ങൾ വെറുമൊരു ഗൗളിയല്ലേ? പിന്നെ ഇതൊക്കെ എങ്ങനെയാണറിഞ്ഞത്?

ഒരു നെടുവീർപ്പോടെ ആൺ ഗൗളി പറഞ്ഞു

ഞാൻ മുജ്ജന്മത്തിൽ ഒരു കഥാകൃത്തായിരുന്നു എന്റെ കഥകൾ മലയാളത്തിലെ ഏറ്റവും മികച്ച കഥകളാണെന്ന് ഞാൻ അഭിമാനിച്ചു അതുകൊണ്ടാണ് ഈ ജന്മത്തിൽ ഞാൻ മേൽക്കൂര താങ്ങുന്ന ഒരു ഗൗളിയായത്.

പെൺ ഗൗളി ആത്മനിന്ദയോടെ തല തല്ലി

കഷ്ടം! എനിക്ക് മുജ്ജന്മത്തേക്കുറിച്ച് ഒരോർമ്മയും തെളിയുന്നില്ലല്ലോ! ഞാൻ ആരായിരുന്നു എന്നറിയാൻ എനിക്ക് വളരെയേറെ ആഗ്രഹമുണ്ട്

പുരുഷന്റെ അഹന്ത ഗൗളിജന്മത്തിലും തീർത്തും തേഞ്ഞ് പോയിരുന്നില്ല

അതിന് ബോധോദയം ഉണ്ടാവണം എല്ലാവരുടേയും ഉള്ളിലുണ്ട്

ഒരു ബോധിവൃക്ഷം അത് തിരിച്ചറിഞ്ഞ് ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനത്തിലമരണം. ബുദ്ധൻ ചെയ്തതുപോലെ.

പെൺ ഗൗളി ഔൽസ്യകൃത്തോടെ ചോദിച്ചു

എന്നിട്ട് അങ്ങോർക്ക് എന്ത് ബോധമാണുദിച്ചത്?

ആൺ ഗൗളി ഒന്ന് പതറി. അതുകൊണ്ടുതന്നെ അവൻ തിടുക്കത്തിൽ അനാവശ്യമായ ഒരു പ്രസംഗത്തിന്റെ ചാലിൽ വീണു

നിങ്ങൾ പെണ്ണുങ്ങൾക്ക് ഒരിക്കലും സാധ്യമല്ലാത്ത ഒരു കാര്യമാണ് ബുദ്ധൻ ചെയ്തത് പ്രാപഞ്ചിക ദുഃഖത്തിന്റെ കാരണം കണ്ടെത്താൻ കൊട്ടാരവും കിരീടവുമൊക്കെ വെടിഞ്ഞു കെട്ടിയ പെണ്ണിനേയും അവളിലുണ്ടായ ഓമനപ്പുത്രനേയും തിരസ്ക്കരിച്ചു ബോധിവൃക്ഷച്ചുവട്ടിലിരുന്ന് ധ്യാനത്തിന്റെ കവാടം തുറന്നു അപ്പോൾ സർവ്വവും തെളിഞ്ഞു വന്നു

അവന്റെ ഇണ പെണ്ണുങ്ങൾക്ക് കൈമുതലായ പിടിവാശി ഉപേക്ഷിക്കാൻ തയ്യാറായില്ല

എന്റെ ചോദ്യത്തിനുത്തരം കിട്ടിയില്ല!

ആൺ ഗൗളി പിന്നേയും പതറി വട്ടക്കണ്ണുകൾ ഒന്നുരണ്ടു വട്ടം ചിമ്മിത്തുറന്ന് അവൻ പറഞ്ഞൊപ്പിച്ചു

മമതയാണ് സർവ്വദുഃഖങ്ങൾക്കും കാരണം എന്ന ബോധം

പെൺ ഗൗളി പൊട്ടിച്ചിലച്ചു

ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗങ്ങളൊക്കെ സഹിച്ചത്? കഷ്ടം! അടുക്കളച്ചുവരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ചു കിടക്കുന്ന പെണ്ണുങ്ങൾക്കു പോലും അറിയാമല്ലോ ഇത്!

ആൺ ഗൗളിയുടെ അഭിമാനം നുറുങ്ങിപ്പോയി

മുറിയിൽ നിന്ന് പൊടുന്നനേ ഉയർന്ന കരച്ചിലിൽ അവരുടെ ശ്രദ്ധ താഴേയ്ക്കൂർന്നു കാര്യം മനസ്സിലായപ്പോൾ പെൺ ഗൗളിയുടെ കണ്ണുകൾ നനഞ്ഞു

ദാ, ആ പാവം ചെറുപ്പക്കാരൻ മരിക്കുകയാണ് അയാളുടെ ചുണ്ടുകളിൽ ഇപ്പോഴും എന്റെ കുഞ്ഞ്! എന്റെ കുഞ്ഞ്! എന്നൊരു സങ്കടം പിടഞ്ഞുകൊണ്ടിരിക്കുകയാണ് ആ പാവത്തിന്റെ ആത്മാവിന് പിതൃലോകത്ത് പ്രവേശനം കിട്ടാതെ അലഞ്ഞു നടക്കേണ്ട ഗതികേട് വരുമെന്നു തോന്നുന്നു

ആൺ ഗൗളി കനത്ത സ്വരത്തിൽ പ്രതിവചിച്ചു

ആ ചെറുപ്പക്കാരി അവളുടെ ഉദരത്തിലെ കുഞ്ഞിനെ വെളിച്ചം കാണിക്കുകയില്ല തീർച്ച മറ്റൊരു ജീവിതം അവൾക്കായി കാത്തിരിക്കുന്നു

പെൺ ഗൗളി ചിന്താവിഷ്ടയായി പിന്നെ തിടുക്കത്തിൽ പറഞ്ഞു

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഈ മുറിയിൽ ബന്ധുക്കളുടെ തിരക്കാവും. അതിനു മുമ്പേ തന്നെ ഞാൻ ആ ചെറുപ്പക്കാരിയുടെ ബാഗിലടുക്കിവച്ചിരിക്കുന്ന വസ്ത്രങ്ങൾക്കിടയിൽ കടുന്നുകൂടാൻ പോകുകയാണ്. അവളുടെ ഇനിയുള്ള ജീവിതത്തെക്കുറിച്ചറിയാൻ എനിക്ക് വളരെ മോഹമുണ്ട്.

ആൺ ഗൗളി ഞെട്ടിപ്പോയി.

പെണ്ണേ, അബദ്ധമൊന്നും കാണിക്കരുത്! അവളുടെ ജീവിതം അവൾ ജീവിച്ച് തീർത്തോളും. നീ നിന്റെ കാര്യം നോക്ക്. എന്റെ കുഞ്ഞുങ്ങളുടെ അമ്മയാവാനുള്ളവളാണ് നീ എന്ന കാര്യം വിസ്മരിക്കണ്ട.

വാൽ വിറപ്പിച്ച് പെൺ ഗൗളി തിരിഞ്ഞു.

നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷേ ഇത് ഞാൻ തന്നെ കണ്ടേത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്.

ഇത്രയും പറഞ്ഞ്, പെൺ ഗൗളി താഴേക്കു കുതിച്ച് ചാടി ആൺ ഗൗളിയുടെ ജീവിതത്തിൽ നിന്ന് അപ്രത്യക്ഷയായി.

പി. സുരേന്ദ്രൻ

ലോഹച്ചിറകുള്ള ശലഭം

വിമോചിതയുടെ മുഖപ്പത്രത്തിന് അംഗീകാരം കിട്ടിയ ആഹ്ലാദവുമായി നന്ദിനി വരുമ്പോൾ മുകളിലെ വായനാമുറിയിൽ പഴഞ്ചൊല്ലുകളുടെ പുസ്തകം വായിച്ചിരിക്കുകയായിരുന്നു സഹദേവൻ നന്ദിനിയെ ആദ്യമവൻ കണ്ടില്ല. സഹദേവന്റെ മുഖം മറയ്ക്കുന്ന പുസ്തകം അവൾ പിടിച്ചെടുത്തു.

ആമുഖമൊന്നുമില്ലാതെ അവൾ പറഞ്ഞു:

'നീ ഈ മുറിയിൽ നിന്ന് കുടിയൊഴിയണം. ഇനി മുതൽ വിമോചിതയുടെ മുഖപ്പത്രത്തിന്റെ എഡിറ്റോറിയൽ ഓഫീസാണിത്. ഡിക്ലറേഷൻ കിട്ടി എഡിറ്റോറിയൽ മീറ്റിങ്ങിന് അവരൊക്കെ വരും.'

സഹദേവന്റെ പ്രതികരണത്തിനു കാത്തുനിൽക്കാതെ നന്ദിനി കോണിയിറങ്ങി അവൾ ഏറെ ധൃതിയിലായിരുന്നു എങ്ങോട്ടു പോകുന്നുവെന്ന് സഹദേവൻ ചോദിച്ചതുമില്ല കുതറിയിട്ട് കാര്യമില്ലെന്നറിയാം. കുതറിയാൽ ആകെ ബഹളമാവും. ചുമരുകൾക്കിടയിൽ വിങ്ങുന്ന അസ്വസ്ഥത അഴുകിമണക്കും നിരുപാധികമായി കീഴടങ്ങാനാണ് സഹദേവനിഷ്ടം കുതറാനും കുടയാനുമുള്ള മനസ്സ് അറ്റുപോവുകയാണ്. കടുത്ത അവകാശസ്വരം നേരിടാനുമാവില്ല തറവാട്ടിൽ നിന്ന് കുടിയിറക്കിയ അമ്മ യുദ്ധം ചെയ്തു നേടിയ വീടാണിതെന്ന് എത്ര തവണ പറഞ്ഞിരിക്കുന്നു നന്ദിനി!

അമ്മ, അങ്ങനേയും ഒരമ്മ. പ്രാർത്ഥിക്കാൻ മറന്നുപോയ ഒരമ്മ. പ്രതിരോധിച്ച് പ്രതിരോധിച്ച് ആ അമ്മ ഉന്മാദിനിയായി. ഉന്മാദം മൂത്തപ്പോൾ പഞ്ചമുഖരുദ്രാക്ഷം വാങ്ങണമെന്നു പറഞ്ഞ് കിടപ്പറയിൽ നിന്ന് നഗ്നയായി ഇറങ്ങി ഓടി

അമ്മ യുദ്ധം ചെയ്തു നേടിയ വീട്ടിൽ നിനക്കെന്തു കാര്യമെന്നു ചോദിക്കാൻ ഇടവരരുതെന്ന് ആഗ്രഹിച്ചു സഹദേവൻ. എല്ലാ സ്വകാര്യതകളും നന്ദിനി കവർന്നെടുക്കുന്നുവെന്ന് തനിക്കുള്ളിൽ പ്രതിഷ്ഠിച്ച മാതൃബിംബത്തോട് അവൻ വിലപിക്കുന്നു. ഒരു കീടത്തിന്റെ ജന്മം കിട്ടാ

നായി മോഹിക്കുകയും ചെയ്യുന്നു

രണ്ടു ചുമരുകൾക്കിടയിലെ സന്ധിയിൽ ആ കീടത്തിന്റെ പൂർണ ഗൃഹം. ചിലപ്പോഴവിടെ മാറാല പറ്റിപ്പിടിച്ചിരിക്കും നെയ്യുന്തോറും പൊട്ടിപ്പോകുന്ന വലയുടെ പരാധീനതയെപ്പറ്റി എട്ടുകാലിക്കുഞ്ഞ് പരാതിപറഞ്ഞുകൊണ്ടിരിക്കും. എടുത്താൽ പൊന്താത്ത ഗോതമ്പുമണിയും വഹിച്ച് കരിയുറുമ്പ് ആ വഴിവരും അവിടുത്തെ സുഖമുള്ള തണുപ്പും പൂപ്പൽഗന്ധവുമെത്ര സാന്ത്വനം

ഇനി നന്ദിനി കൈയേറുന്നത് എവിടെയാവും?

ഏറെ കാലവും അടച്ചിടുന്ന ആ ഒരു മുറിയേ ഇനി ബാക്കിയുള്ളൂ അതാവരുതെന്ന് പ്രാർത്ഥിക്കുന്നു

കളിപ്പാട്ടങ്ങളും ബാലചിത്രങ്ങളും നിറഞ്ഞ മുറിയാണത് ഒരു കുരുന്നു മനസ്സിന്റെ എല്ലാ സ്വപ്നങ്ങളും നിറച്ചുവച്ചിരിക്കുന്ന ഇടം. ബോർഡിങ്ങിൽ നിന്നു വരുമ്പോൾ സഹദേവന്റേയും നന്ദിനിയുടേയും മകൾ ആദ്യം തുറക്കുന്ന വാതിലാണത് കാട്ടുവള്ളി ചുറ്റിപ്പടർന്നതു പോലുള്ള മലയാളലിപികളിൽ 'അച്ഛാ എനിയ്ക്കു കരച്ചിൽ വരുന്നു' എന്ന് കബനി എഴുതിയാൽ സഹദേവൻ അവളെ കൂട്ടിക്കൊണ്ടു വരും കബനി വാതിൽ തുറന്നാൽ അഭൗമമായ പ്രകാശവും മറ്റേതോ ലോകത്തിന്റെ സംഗീതവും ആ മുറിയിൽ നിറയുകയായി ഒരിക്കൽ, ഒരിക്കൽ മാത്രം ആ സംഗീതം കേട്ടുവോ എന്ന് നന്ദിനിയോടു ചോദിച്ചിട്ടുണ്ട് സഹദേവൻ

മനസ്സിന്റെ സമനില നഷ്ടപ്പെടുന്നതിന്റെ ആദ്യലക്ഷണമാണെന്നു പറഞ്ഞ് നന്ദിനി ക്രൂരമായി ചിരിച്ചു

ഇല്ല ആ സംഗീതം ശ്രവിക്കാനാവില്ലിവർക്ക് വാദത്തിന്റേയും പ്രതിവാദത്തിന്റേയും പ്രത്യയശാസ്ത്രബാധ്യതകൾ ശിരസ്സിലേറ്റി മരവിച്ച ഇവർക്ക് നഷ്ടമാവുന്നത് കാഴ്ചയുടേയും കേൾവിയുടേയും സൂക്ഷ്മലോകങ്ങൾ വരണ്ട, ഭീതിപ്പെടുത്തുന്ന സ്ഥൂലതയുടെ അധിപരാണവർ ഇലകളുടെ മർമ്മരവും സൂചിമുഖിയുടെ നനുത്ത ഒച്ചയും നനഞ്ഞ വേലികളിൽ പൂക്കുന്ന മിന്നാമിന്നി വെളിച്ചവും കടന്നു ചെല്ലാത്ത സ്ഥൂലത

ചീവിട് കരയുന്നുവെന്ന് പറയുന്നവനേയും ഉന്മാദിയെന്ന് വിളിക്കുമോ ഇവർ?

കബനി കടന്നു ചെല്ലുമ്പോൾ രഹസ്യമായി ആ മുറിയിലേക്ക് പാളി നോക്കുമായിരുന്നു സഹദേവൻ

കബനിക്ക് കൈയെത്താവുന്ന ഉയരത്തിൽ ചുമരുകളിൽ നിറയെ, നാകത്തകിടിൽ ചായം തേച്ചുണ്ടാക്കിയ പൂമ്പാറ്റകളാണ് അവയുടെ ചിറകിൽ കബനിയുടെ വിരൽ തൊടുമ്പോൾ ജീവൻ നിറഞ്ഞ് അവ മുറിയിലാകെ പറന്നു നടക്കുന്നതും സഹദേവൻ കണ്ടിട്ടുണ്ട്

വാതിലും ജനലും കൊട്ടിയടച്ചിരിക്കാവുന്ന ഒരേ ഒരു ഇടവും സഹദേവന് നഷ്ടമായി തിളയ്ക്കുന്ന തെരുവായിമാറിയ വീടിന്റെ ബഹള

ത്തിൽ നിന്ന് അല്പം സാന്ത്വനം തേടി ചെന്നിരുന്നത് മുകളിലെ മുറിയിലായിരുന്നു കിടപ്പറയിലെ സ്വകാര്യതപോലും നഷ്ടപ്പെട്ടിട്ട് കാലമെത്രയായി? കിടപ്പറയിലെ ജനലടയ്ക്കാനും അനുവദിക്കാറില്ല നന്ദിനി. സ്വകാര്യമായ മുറികളിൽ നിന്നാണ് ആധിപത്യത്തിന്റെ പിതൃബിംബങ്ങൾ ഉയിർത്തുവരുന്നത് എന്നായിരുന്നു നന്ദിനിയുടെ വിശ്വാസം സൗന്ദര്യത്തെപ്പോലും രാജനീതിയിൽ ചേർത്തു വെച്ചു അവൾ. ഇപ്പോൾ അവളുടെ കുത്താത്ത കാത് സഹദേവന് ശരിക്കും അറച്ചുതുടങ്ങുന്നു

കമ്മലിടാത്ത പെൺകാതിന് വല്ലാത്ത അശ്ലീലമുണ്ടെന്ന് സഹദേവന് തോന്നിയിട്ടുണ്ട്. നന്ദിനിയെ കാതുകുത്താൻ നിർബന്ധിച്ചിട്ടുണ്ടവൻ തരളഭാവങ്ങളുടെ നിലാമഴ വല്ലപ്പോഴും പെയ്തു നിറഞ്ഞിരുന്ന ആ ദിനങ്ങളിലൊന്നിൽ അവളുടെ കാതിൽ തൊട്ട് പറഞ്ഞു:

'ഇന്ദ്രനീലം നിനക്ക് നന്നായി ചേരും ഏതു പ്രായത്തിലും കാതുകുത്താം '

'വേണ്ട കിന്നാരം പറഞ്ഞ് നീ കിടപ്പറയുടെ അധിപനാവാൻ നോക്കണ്ട '

ചാക്കുപോലുള്ള വസ്ത്രങ്ങളിൽ നിന്ന് നന്ദിനിയെ ഊരിയെടുക്കാനാവില്ലെന്നും ഉറപ്പായിരുന്നു സഹദേവന് തീക്ഷ്ണനിറങ്ങളിലും ശീതനിറങ്ങളിലും അവൾ ജ്വലിച്ചുനിൽക്കണമെന്നു കരുതിയതും വെറുതെ.

കോളേജ് ക്ലാസിൽ, പതിഞ്ഞസ്വരത്തിൽ കവിതയുടെ സൗന്ദര്യശാസ്ത്രം പഠിപ്പിക്കുമ്പോൾ പിൻബെഞ്ചിൽ ജ്വലിച്ച അഗ്നിനാളത്തെ മോഹിച്ചതും വേട്ടതും പിന്നെ ആ തീയ്യിൽ വെന്തുകറുത്തതുമെന്തിനെന്ന് പിൽക്കാലത്ത് നീറിച്ചോദിച്ചിട്ടുണ്ട് സഹദേവൻ പ്രണയത്തിന്റ ആദ്യമഴയിൽ പൊടിഞ്ഞത് മഴപ്പാറ്റകളായിരുന്നല്ലോ എന്ന് ഖേദിക്കുന്നു ഇപ്പോൾ

എന്തിന് ഞാനിനി സ്വകാര്യതയ്ക്കുവേണ്ടി പ്രതിരോധിക്കണം?

രാവും പകലും തിരിച്ചറിയാതെ നിരന്തരമായി കയറിയിറങ്ങുന്നവർ എന്റെ ജീവിതം ചവുട്ടിമെതിക്കട്ടെ. പുസ്തകശേഖരം അടുക്കിവെയ്ക്കാൻ തുടങ്ങി സഹദേവൻ. തീരെ പഴയ കാവ്യഗ്രന്ഥങ്ങൾ

അനുഷ്ടുപ്പ് ശാർദ്ദൂലവിക്രീഡിതം.. ഗാഥ കവനകൗതുകത്തിന്റെ പഴയലക്കങ്ങൾ

ശ്ലോകങ്ങളോടായിരുന്നു എന്നും സഹദേവന് പ്രിയം പെരുമഴ പെയ്യുമ്പോൾ പഴയ വായനശാലാ കെട്ടിടത്തിലേക്ക് കയറി വരുന്ന ശ്ലോകപ്രിയരായ വൃദ്ധരോടൊത്ത് ചിലവിട്ട ദിനങ്ങളിലായിരുന്നു സഹദേവൻ ഏറെ ആഹ്ലാദിച്ചത്

ശ്ലോകങ്ങൾ ചൊല്ലി ചൊല്ലിയാണ് സാത്വികഭാവം കൈവന്നതും ആരോടും കലഹിക്കാൻ വയ്യ. ഒന്നും അടിച്ചേൽപിക്കാൻ വയ്യ കവർന്നെടുക്കാൻ വയ്യ ഒന്നു ചിരിച്ചും മുഖം താഴ്ത്തി നടന്നുമാണ് നെടുങ്കൻ വയൽവരമ്പുകളും തണൽ വീണ ഇടവഴികളും പിന്നിട്ടത്

ശ്ലോകങ്ങളില്ലെങ്കിൽ പിന്നെ വാഴത്തോട്ടമാണ് പ്രിയം. വാഴക്കുടപ്പൻ പൊട്ടിച്ചെടുത്ത് അടരുകൾ ഒന്നൊന്നായ് മാറ്റിക്കഴിയുമ്പോഴുള്ള വെളുത്ത സത്യദർശനത്തിന്റെ ആഹ്ലാദം. ..

വേണ്ട. പഴയതൊന്നും ഓർക്കണ്ട. ഒരു പാട് ശ്ലോകങ്ങൾ ഞാൻ മറന്നുകഴിഞ്ഞുവല്ലോ.

കാവ്യ ഗ്രന്ഥങ്ങൾ കെട്ടിവയ്ക്കുമ്പോൾ പച്ച മഷിയിലെഴുതിയ നോട്ടുപുസ്തകങ്ങൾ മാറ്റിവച്ചു. അവയിൽ നിറയെ സഹദേവൻ തന്നെ കുറിച്ചിട്ട ശ്ലോകങ്ങളാണ്. ഒരു ജീവിതം മുഴുക്കെ സംസ്കൃതവൃത്തത്തിൽ ഒതുക്കാനുള്ള പരിശീലനങ്ങൾ.

അവ മാറ്റിവെയ്ക്കുമ്പോൾ സ്രഗ്ധരയിൽ കുറിച്ച ഒരു കീറ് താഴെ വീണു. ലക്ഷണം മറന്നുവോ എന്നറിയാൻ ഓർമ്മയിൽ പരതി.

ഏഴേഴായ് മൂന്നു ഖണ്ഡം മരഭന....

അവിടെവെച്ചുമുറിഞ്ഞു എത്ര ശ്രമിച്ചിട്ടും പിന്നത്തെ യകാരങ്ങൾ ഓർക്കാനായില്ല സഹദേവൻ ആ കീറ് ചുരുട്ടിയെറിഞ്ഞു.

കബനിയെ കൂട്ടിക്കൊണ്ടുവരേണ്ട ദിവസമായിരുന്നു ഒരിക്കലെങ്കിലും അമ്മ വരാത്തതെന്തെന്ന് കരഞ്ഞു ചോദിച്ചിരുന്നു ആ കത്തിൽ. കത്ത് നന്ദിനിയെ കാണിച്ചു സഹദേവൻ

'എന്റെ ജോലിഭാരം നിനക്കറിയില്ലേ? മോളെ പറഞ്ഞു മനസ്സിലാക്ക് ഇത്തവണയും നീ തന്നെ പോയാൽ മതി.'

യാത്ര പോകുന്നതിന്റെ തലേന്ന് പഴയ ഓർമ്മകൾ കൊണ്ട് നന്ദിനിയെ പൊരുതിത്തോൽപിച്ച് കൂടെക്കൊണ്ടുപോകാൻ കഴിയുമെന്ന് വ്യാമോഹിച്ചു സഹദേവൻ. പക്ഷേ നാലു ദിവസം മുമ്പ്, ബലാത്സംഗം ചെയ്യപ്പെട്ട ഒരാദിവാസി പെൺകുട്ടിയുടെ കുടുംബത്തെ അന്വേഷിച്ച് അവൾ അട്ടപ്പാടിയിലേക്കു പോയി. പിന്നെ, യാത്രയ്ക്ക് ഒരുങ്ങിനിൽക്കുന്ന നേരത്താണ് അവൾ വന്നത് കൂടെ ഒരു ചെറുപ്പക്കാരനുമുണ്ടായിരുന്നു. അയാളെ ആദ്യമായി കാണുകയായിരുന്നു സഹദേവൻ

നന്ദിനി അയാളെ പരിചയപ്പെടുത്തി.

സഹദേവൻ ആളെ തിരിച്ചറിഞ്ഞു.

നന്ദിനിക്ക് വരാറുള്ള വയലറ്റ് മഷികൊണ്ടെഴുതിയ കത്തുകൾ. ജെ.എൻ.യു.വിൽ ഗവേഷണം നടത്തുന്ന ചെറുപ്പക്കാരൻ സ്ത്രീവാദത്തിന്റെ പുരുഷ സ്വരം.

അയാളുടെ മുഖത്ത് പുരുഷത്വത്തിന്റെ അടയാളങ്ങൾ കുറവാണെന്ന് സഹദേവൻ കണ്ടെത്തി. അവന്റെ മംഗോളിയൻ മുഖത്തിൽ കരച്ചിൽ തങ്ങിനിൽക്കുന്നുവെന്നും. 'ജ്യോതിപ്രകാശിന്റെ ഗവേഷണം പൂർത്തിയായി. ഇനി ഞങ്ങളോ'....

നന്ദിനി പറഞ്ഞു തീർക്കുന്നതിനുമുമ്പ് സഹദേവൻ ഇറങ്ങി നടന്നു. കബനിയേയും കൊണ്ട് സ്കൂളിൽ നിന്ന് മടങ്ങിവരുമ്പോൾ വീട്ടിൽ ഒരുപാട് പേരുണ്ടായിരുന്നു. അവർ നിരന്തരമായി കോണി കയറുകയും

ഇറങ്ങുകയും ചെയ്തു. ചിലർ യാത്ര പറഞ്ഞു പോകുകയും പകരം ആരൊക്കെയോ കയറി വരികയും ചെയ്തു.

വാതിൽ കടന്നയുടനെ കബനി അമ്മയെ വിളിച്ചു. നന്ദിനി ഇറങ്ങി വന്നു.

കബനി അമ്മയെ കെട്ടിപ്പിടിച്ചു

പൊടുന്നനെ മുകളിലാരൊക്കെയോ നന്ദിനിയുടെ പേർ ചൊല്ലി വിളിക്കാൻ തുടങ്ങി.

'മോള് അച്ഛന്റെ കൂടെ നിന്നാമതി. അമ്മയ്ക്ക് ഒത്തിരി ജോലികളുണ്ട്. മോളിൽ നിന്ന് അമ്മയെ വിളിക്കുന്നത് കേട്ടില്ലേ?'

നന്ദിനി കോണി കയറുമ്പോൾ കബനി ഒപ്പം ചെന്നു സഹദേവൻ അവളെ വിലക്കി.

'മുകളിലേക്കു പോണ്ട. അവിടുത്തെ ആളുകളെ കണ്ടാൽ മോൾക്ക് പേടിയാവും. കബനിയുടെ പൂമ്പാറ്റകളെ പോയി നോക്കിയോ?'

കബനിയുടെ ഭാവംമാറി ചിത്രശലഭത്തെക്കുറിച്ചുള്ള നേഴ്സറി റൈം ഉരുവിട്ട് അവൾ കളിപ്പാട്ടങ്ങൾ സൂക്ഷിച്ച മുറിയിലേക്കോടി.

യാത്രചെയ്ത് ക്ഷീണിച്ചതാണ് കബനിക്ക് വിശക്കുന്നുണ്ടാവും കുറച്ച് ബ്രഡ് മൊരിക്കാം ബുൾസൈ ഉണ്ടാക്കാം. ബ്രഡ് കൊണ്ടുവന്നിരുന്നു സഹദേവൻ.

അടുക്കള ആകെ അലങ്കോലപ്പെട്ട് കിടന്നു. വീതനയിലാകെ മലക്കറിയുടെ അവശിഷ്ടങ്ങൾ അവിടവിടെ ചോരപ്പാടുകൾപ്പോലെ സോസ് പാത്രങ്ങളെല്ലാം കരിപിടിച്ച് കിടന്നു. ഫ്രിഡ്ജ് തുറന്നതും കെട്ടമണം അവിടമാകെ നിറഞ്ഞു. ദുർഗന്ധത്തിന്റെ ഉറവിടം കണ്ടെത്താനായില്ല. കാരണം ഫ്രിഡ്ജിൽ ഒന്നും അവശേഷിച്ചിരുന്നില്ല. ആ ശൂന്യതയാണ് അഴുകിമണക്കുന്നതെന്നു തോന്നി. അപ്പോൾ മുകൾത്തട്ടിൽ നിന്ന് കൂട്ടച്ചിരി മുഴങ്ങി. ചിരിയിൽ വീടാകെ ഉലഞ്ഞു.

'ചിതലുകൾ! ഒക്കെ തിന്നുതീർക്കട്ടെ' സഹദേവൻ പിറുപിറുത്തു.

വേസ്റ്റ് ബാസ്ക്കറ്റിൽ മുട്ടത്തോടുകൾ നിറഞ്ഞു കിടക്കുന്നത് സഹദേവൻ അപ്പോഴാണ് കണ്ടെത്തിയത്. ഒത്തിരി കോഴിമുട്ട കൊണ്ടു വന്നിട്ടുണ്ടാവുമെന്ന് സഹദേവൻ നിനച്ചു വിമോചിതയുടെ പ്രവർത്തകർക്കെന്നും മുട്ടയോടാണ് പ്രിയമെന്ന് ഓർക്കുകയും ചെയ്തു. മുട്ട തിന്ന് സ്ത്രീസഹജമായ പരാധീനതകളോട് പകരം വീട്ടുന്നതുപോലെ.

ബ്രഡ് മൊരിച്ച് റ്റൊമാറ്റോ സോസ് പുരട്ടി തീൻ മേശയിൽ കൊണ്ടു വെച്ചു സഹദേവൻ. എന്നിട്ട് കബനിയെ വിളിക്കാൻ ചെന്നു. അവിടെ ശലഭങ്ങളുടെ മുറിയിൽ വെറും നിലത്ത് തന്റെ കളിപ്പാട്ടങ്ങൾക്കിടയിൽ തളർന്നുറങ്ങുകയായിരുന്നു കബനി. സഹദേവൻ അവളെ ഉണർത്തിയില്ല.

അത്താഴം കഴിക്കുമ്പോഴാണ് കബനിയും നന്ദിനിയും കണ്ടുമുട്ടിയത്. കബനി അമ്മയോട് മിണ്ടാൻ പോയില്ല. നന്ദിനിയോടൊത്ത് മംഗോ

ളിയൻ മുഖമുള്ള ചെറുപ്പക്കാരൻ മാത്രമെ ഉണ്ടായിരുന്നുള്ളു. ബാക്കിയെല്ലാവരും പോയ്ക്കഴിഞ്ഞിരുന്നു. കബനിയോട് എന്തെങ്കിലും പറയാൻ നന്ദിനി മറന്നുപോയി. കാളകൾക്കു പകരം സ്ത്രീകളെ കെട്ടി നിലമുഴുന്ന ഏതോ കൃഷിയിടത്തെക്കുറിച്ചുള്ള അയാളുടെ വിവരണങ്ങളിൽ ശ്രദ്ധിച്ചും പ്രതികരിച്ചും നന്ദിനി ഭക്ഷണം കഴിച്ചു

സഹദേവനരികിൽ നന്ദിനി മുഖം താഴ്ത്തിയിരുന്നു. സോസ് പുരട്ടിയ ബ്രഡിൽ വെറുതെ ഫോർക്ക് അമർത്തിയതല്ലാതെ അവൾ അതു തിന്നില്ല എപ്പോഴോ നന്ദിനി കബനിയെ ശ്രദ്ധിച്ചു അവൾ ഭക്ഷണം കഴിക്കുന്നില്ലെന്ന് തിരിച്ചറിഞ്ഞു

'കബനിയെന്തേ ഒന്നും കഴിക്കാത്തത്?'

പെട്ടെന്ന് കബനിയുടെ മൗനം വിതുമ്പലായി അവൾ കസേരയിൽ നിന്ന് ചാടിയിറങ്ങി. മേശമേൽ നിന്ന് സോസിന്റെ കുപ്പിയെടുത്ത് നന്ദിനിയുടെ മുഖത്തേക്കു കുടഞ്ഞു

സോസു വീണ മുഖം

തീൻമേശയിലാകെ നിറഞ്ഞത് രക്തത്തിന്റെ രൂക്ഷ ഗന്ധം നന്ദിനിയുടെ ചുണ്ടു പിളർന്ന് രണ്ടു പല്ലുകൾ പുറത്തേക്കു നീണ്ടു സഹദേവൻ കണ്ണടച്ചു.

തീൻമേശ മുഴുവൻ അലങ്കോലപ്പെടുത്തുന്ന ചിരിയുണർന്നു ചിരിക്കിടയിൽ പറയുന്നതു കേട്ടു.

'കബനിക്ക് പിതൃബിംബത്തോടാണ് ആരാധന'

സഹദേവൻ ശിരസ്സുയർത്തി.

ഇല്ല ലോകത്തെ എല്ലാ കുട്ടികളും അവരുടെ പിതാക്കളെ കൂടുതൽ ഇഷ്ടപ്പെട്ടു തുടങ്ങുന്നതെന്തെന്ന് ഇവർക്ക് മനസ്സിലാവില്ല

സഹദേവന് പറയണമെന്നുണ്ടായിരുന്നു

കന്യാഛേദത്തിന്റെ അമ്ലനിർവൃതി ഏറ്റുവാങ്ങുന്നതിനുപകരം നിന്നിൽ കുരുക്കാൻ പോകുന്ന ജീവനെക്കുറിച്ച് ചിന്തിച്ച് പഴിപറഞ്ഞു കുടഞ്ഞുകളയുന്ന ഭ്രൂണം ചിലപ്പോൾ ജീവനും കൊണ്ടു പറന്നു പോകുമെന്ന ഭീതികൊണ്ടുമാത്രം നീ ഗർഭം വഹിച്ചു ആ ദിനങ്ങളിലൊക്കെ നീ കോപിച്ചു നടന്നു. നിന്റെ ഗർഭത്തിലെ തേജോമയമായ ജൈവപ്രകാശം നീ കണ്ടില്ല അത് പൂമരമായി വളരാൻ നീ പ്രാർത്ഥിച്ചില്ല. പകരം കളിമണ്ണ്കൊണ്ട് തീർത്ത ഗാന്ധാരിയുടെ പ്രതിമ നീ എറിഞ്ഞുടച്ചു പൂന്തോട്ടത്തിലെ കുരുന്നു ജീവനെല്ലാം പിഴുതെറിഞ്ഞു. മുട്ട കഴിക്കരുതെന്ന് മുത്തശ്ശി വിലക്കിയപ്പോൾ നീ പച്ചമുട്ട ഉടച്ചുകുടിച്ചു എന്നിട്ടും കബനി പൂമ്പാറ്റകളെ സ്നേഹിച്ചത് സുകൃതം കൊണ്ടുമാത്രം

പറയാനുള്ളതെല്ലാം ഉള്ളിൽ വിങ്ങിയതല്ലാതെ ഒന്നും പ്രതികരിക്കാനായില്ല സഹദേവന്

ചിരി മുകളിലേക്കു കയറിപ്പോയപ്പോൾ സഹദേവൻ കിടപ്പറയിലേക്കു ചെന്നു. കബനി കിടക്കയിൽ കിടന്ന് തേങ്ങി സഹദേവൻ അവളുടെ

മുടിയിൽ വിരലോടിച്ചപ്പോൾ തേങ്ങലൊടുങ്ങി

'മോൾക്ക് ഉറക്കം വരുന്നതുവരെ നമുക്ക് കടങ്കഥ പറയാം'

കബനി സമ്മതം മൂളി

ആശാരി മൂശാരി ചെത്താത്ത മരം

വെള്ളത്തിലിട്ടാൽ ചീയാത്ത മരം.

അപ്പോൾ പ്രായപൂർത്തിവന്ന പെണ്ണിന്റെ കനമുള്ള സ്വരമാണ് ഉത്തരം പറഞ്ഞത്

'അമ്മ'

പിന്നെ അച്ഛനും മകളും ഒന്നും പറഞ്ഞില്ല.

സഹദേവൻ കബനിയെ സ്പർശിച്ചതുമില്ല

മുകൾത്തട്ടിൽ സ്ത്രീവാദത്തിന്റെ തീക്ഷ്ണസ്വരങ്ങൾ ചിലപ്പോഴൊക്കെ ഉച്ചത്തിലായി അച്ഛനും മകളും അവരവരുടെ സ്വപ്നലോകത്ത് ഉഴറിനടന്നു എപ്പോഴോ അവർ ഉറങ്ങിപ്പോവുകയും ചെയ്തു

പ്രഭാതത്തിൽ ഉറക്കമുണർന്നപ്പോൾ കബനി ചോദിച്ചു

'എന്നെ ബോഡിംഗിൽ തിരിച്ചുകൊണ്ടാക്കുമോ അച്ഛാ'

മംഗോളിയൻ മുഖമുള്ള ചെറുപ്പക്കാരൻ ഇടയ്ക്കിടെ അവിടെ തങ്ങി ചില ദിനങ്ങളിൽ വേറെയും ചില സ്ത്രീകൾവന്നു ഒരു ദിനം തീൻമേശയിൽ വച്ച് നന്ദിനി പറഞ്ഞു

'വിമോചിതയുടെ നിലപാടുരേഖ എഴുതിയുണ്ടാക്കുകയാണ് ഞാനും ജ്യോതിയും'

എന്തായിരിക്കും അവരുടെ നിലപാടു രേഖയെന്ന് നിരൂപിക്കാൻ ശ്രമിച്ചു സഹദേവൻ ഒരു പകലുറക്കത്തിനു മുമ്പ് അതേക്കുറിച്ച് ചിന്തിച്ച് കിടക്കവേ വരണ്ട വിസ്തൃതി കൺമുമ്പിൽ തെളിഞ്ഞു

ഗ്രാമപാതയിലൂടെ കരഞ്ഞു വിളിക്കുന്ന ഒരു പെണ്ണിനെ വലിയൊരു പെൺകൂട്ടം ആഘോഷപൂർവ്വം എഴുന്നെള്ളിച്ചു കൊണ്ടുവരുന്നു ദുർമന്ത്രവാദിനിയായി മുദ്രകുത്തി ചുവന്ന പട്ടുകൊണ്ടു പുതപ്പിച്ച ആ പെണ്ണിന്റെ കരച്ചിലിൽ ഭൂമി പിളരുന്നതുപോലെ

പെൺകൂട്ടം അവളെ അഗാധമായൊരു കുഴിവക്കിൽ കൊണ്ടു നിർത്തി അവളെ അതിലേക്ക് ഉന്തിയിട്ട് വന്യമായ സംഗീതത്തിൽ കുഴിക്കു ചുറ്റും താളാത്മകമായി ചുവടുവെച്ചു വിമോചിതയെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ ഇങ്ങനെ ചില ദുരിത ചിത്രങ്ങൾ മനസ്സിൽ തെളിയും വരണ്ട ഭൂമിയോടും കരച്ചിലുകളോടുമുള്ള അവരുടെ നിലപാട് എന്തായിരിക്കും?

വിത്തുകളെല്ലാം മുളപൊട്ടുന്ന മണ്ണിന്റെ തേജസ്സ് എന്നാണിവർ തിരിച്ചറിയുക?

എല്ലാവരും ആകാശസഞ്ചാരികൾ ഗവേഷണത്തിനുള്ള വിഷയം മാത്രമായൊടുങ്ങുന്ന നിലവിളികൾ കറുത്ത അക്ഷരങ്ങളിൽ പോയൊളിക്കുന്ന യാഥാർത്ഥ്യങ്ങൾ പരുക്കൻ വസ്ത്രങ്ങളിൽ ശരീരമൊളിപ്പി

ക്കുന്ന കേവലമായ പ്രതിരോധം...

വിമോചിതയുടെ ഓഫീസ് എന്നും മുകൾത്തട്ടിൽ തന്നെയാവുമോ?

ഉത്തരമെന്നോണം നന്ദിനി കടന്നുവന്നു.

'ജ്യോതി കുറച്ചുകാലം ഇവിടെ താമസിക്കാൻ പോവ്വാണ്. ജ്യോതിയും ഞാനും ചേർന്ന് മുഖപ്പത്രം എഡിറ്റു ചെയ്യണമെന്നാണ് സംഘടനയുടെ തീരുമാനം. കബനി ബോർഡിംഗിൽ പാർക്കുകയല്ലേ? വല്ലപ്പോഴും വരുന്ന അവൾക്കുവേണ്ടി എന്തിനാണൊരു മുറി? ജ്യോതി അവിടെ താമസിക്കട്ടെ. ആ മുറിയൊന്ന് വൃത്തിയാക്കാൻ സഹായിക്കുമോ?

സഹദേവന് ഉത്തരമില്ലായിരുന്നു. ചെന്നിയിൽ ചൂണ്ടുവിരലമർത്തിയിരുന്നു. നന്ദിനി കളിപ്പാട്ടങ്ങളുടെ മുറിയിലേക്കുപോയി.

പെട്ടെന്നുണ്ടായ ഉണർച്ചയിൽ സഹദേവൻ പിടഞ്ഞെഴുന്നേറ്റു. ആ മുറിയുടെ വാതിൽക്കലെത്തി സഹദേവൻ നിന്നു. ചുമരിൽ നിന്ന് അവൾ ഒരു ശലഭത്തെയെടുത്തതും സഹദേവന്റെ സ്വത്വത്തിന്റെ ആഴത്തിൽ നിന്ന് ഒരു മൃഗം ഒന്നു തലയുയർത്തി. പക്ഷേ മുരളുകപോലും ചെയ്യാതെ വീണ്ടും ചുരുണ്ടുകിടന്നു

പിതൃബിംബത്തോടുള്ള പ്രതിഷേധമെന്നോണം ചുമരിൽ നിന്ന് ശലഭങ്ങളെ പറിച്ചെടുത്ത് നന്ദിനി നിലത്തെറിഞ്ഞു

അപ്പോൾ അവയൊന്നു പിടഞ്ഞു ലോഹച്ചിറകുകളെല്ലാം അറ്റുപോയി

പിന്നെ, വെറും പുഴുക്കളായി മറ്റേതോ ലോകത്തേക്ക് അവ ഇഴയാൻ തുടങ്ങി...

ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

പരിണാമദശയിലെ ഒരേട്

ഇത് എത്രാമത്തെ അന്വേഷണമാണെന്ന് എനിക്കുതന്നെ നിശ്ചയമില്ല.

ഈ സർക്കസ്സ് കൂടാരത്തിനകത്തെ കൊച്ചുമുറിയിൽ ഞാൻ മാനേജർക്കഭിമുഖമായിരുന്ന് വിയർക്കുകയും ഉത്ക്കണ്ഠാഭരിതങ്ങളായ നേരത്തെ പിന്നിടുകയും ചെയ്യുകയാണ് പിറന്നനാൾ തൊട്ട് വിടാതെ പിന്തുടരുന്ന ഒരാളും കൂട്ടിനുണ്ട് – ഭീതി. ഒരിക്കലെങ്കിലും ഒരു കാട്ടുമൃഗത്തെപ്പോലെ ഈ ലോകത്തോട് സംസാരിക്കണമെന്നത് എന്റെ ജന്മാഭിലാഷമാണ്. ഭീതിയുടെ രൂപവും ഭാവവും മാറിമാറിവന്നിരുന്നു എന്നത് ശരിയാണ്. പക്ഷേ, ഫലത്തിൽ അവയെല്ലാം ഒന്നായിരുന്നു. ആദ്യം ഒരു തടിയൻമീശയായും പിന്നെ വസൂരിമുഖമുള്ള ചൂരലായും ഇരുമ്പുപേജിൽ അച്ചടിച്ച കണക്കുപുസ്തകമായും. അല്ലെങ്കിൽ നോക്കൂ, ഇപ്പോൾ ഈ മുന്നിലിരിക്കുന്ന മാനേജരും ഈ കൂടാരത്തിന്റെ ഭീമാകാരവും ഒക്കെ ഭീതിയല്ലാതെ എന്താണു സമ്മാനിക്കുക! ഇസ്തിരിയിടാത്ത പരുത്തിക്കുപ്പായം പോലെ ചുക്കിയും ചുളിഞ്ഞും പരുങ്ങിയും പതുങ്ങിയും എങ്ങനെയാണു ഞാനിവിടംവരെ എത്തിയതെന്ന് അനുഭവിച്ചറിയുക തന്നെ വേണം ഈ കാലയളവിലൊക്കെ ഞാനെന്റെ മൃഗത്തെ ഒരു ഇരുട്ടറയിലിട്ട് ക്രൂരമായി മർദിച്ചൊതുക്കുകയായിരുന്നു. അതിന്റെ ദയനീയമായ കരച്ചിലും, കാരണം തേടിയുള്ള അലർച്ചയും അടിയേറ്റ് കരുവാളിച്ച മുഖത്തുകൂടി, ചോരയൊലിക്കുന്ന പല്ലുകൾക്കിടയിലൂടെ വാർന്നൊലിക്കുകയായിരുന്നു.... ഒടുവിൽ ഒരു കൊടും തളർച്ചയിൽ ഞാൻ അതിനുമീതെ സ്നേഹാർദ്രനായി കമിഴ്ന്നു വീഴുകയും മൃഗമുണരും മുമ്പേ അതിനെ വിട്ടെഴുന്നേല്ക്കുകയും പുതിയ ദിവസത്തിലേക്കു കാലെടുത്തുവെയ്ക്കുകയും ചെയ്യുന്നു. എന്റെ ഏകാന്ത നേരങ്ങളിലൊക്കെ മനസ്സിന്റെ കൂട്ടിനകത്തുനിന്ന് അത് എന്നെ നോക്കി ഒച്ചയിടുന്നതു കേൾക്കാം. സർക്കസ്സ് കൂടാരത്തിനകത്തെ ഈ ഓഫീസ് മുറിയിൽ മാനേജരുടെ ഔദ്യോഗിക മിനുസമുള്ള മേശയ്ക്കു മുന്നിലിരിക്കുമ്പോൾപ്പോലും എന്റെ മൃഗം, അതിന്റെ ഗർജ്ജനമടക്കാൻ പെടുന്ന

പാട്, അതിന്റെ ദയനീയമായ പര്യവസാനം ഒക്കെ ഒക്കെ ഞാനറിയുകയാണ്.

ഇതൊരു വലിയ സർക്കസ്സ് കൂടാരമാണെന്നതു ശരിതന്നെ പക്ഷേ, എനിക്കത്ഭുതമുണ്ട് ഈ ഓഫീസ്മുറി എത്ര ഭംഗിയോടെയാണ് ഒരുക്കിവെച്ചിരിക്കുന്നത് ഒരു നാലുനില മാളികയിലെ ഏറ്റവും ഉയർന്ന നിലയിലെ മൊസൈക്കിട്ട മുറിയുടെ പ്രതീതി തന്നെ. മാനേജരുടെ തലയ്ക്കുമുകളിൽ ഫാൻ കറങ്ങുന്നു. മേശയ്ക്കു മുകളിൽ ഫോൺ ശബ്ദിക്കുന്നു തിരിച്ചുനടക്കുമ്പോൾ അടയുന്ന ഫ്ളഷ്ഡോർ മുറിയുടെ മൂലയിൽനിന്ന് നിരന്തരം ശബ്ദിക്കുന്ന ടൈപ്പ്റൈറ്റർ. വിവിധ മുറികളിലേക്കുള്ള കോളിങ് സ്വിച്ചുകൾ കൂജയിൽ വെള്ളം. ഫ്ളവർപോട്ട് ഇടയ്ക്കിടെ വന്നുപോകുന്ന ജോലിക്കാർ വിവിധ ഫയലുകളിൽ ഒപ്പുവെക്കുന്ന മാനേജർ, കഷണ്ടി കയറി വീതികൂടിയ അയാളുടെ നെറ്റിയിൽ ഉരുണ്ടുകൂടുന്ന വിയർപ്പുമണികൾ കാറ്റിൽ കഷണ്ടിയെ കുറെക്കൂടി മറനീക്കിക്കാണിക്കുന്ന നീളൻമുടി ഓരോ ചലനവും, പറഞ്ഞില്ലേ, ഒരു നാലുനില മാളികയിലെ ഉയർന്നനിലയിലെ ഒരു മുറിയിൽനിന്നെന്നപോലെ.... എങ്കിലും ഞാനീ മുറിയുമായി പൊരുത്തപ്പെടുന്നേയില്ല ഈ മുറിയിലേക്കു കടന്നുവരുന്ന കുതിരച്ചാണകത്തിന്റെ രൂക്ഷമായ ഗന്ധം. ഇരുമ്പുകൊക്ക മാംസത്തിൽ തുളഞ്ഞുകയറുമ്പോഴുള്ള ഒരാനയുടെ ദയനീയമായ കരച്ചിൽ. ആരുടെയൊക്കെയോ അടക്കിപ്പിടിച്ച നിലവിളി മാനേജരുടെ കസേരയ്ക്കു പിന്നിൽ കാറ്റിൽ ഇടയ്ക്കിടെ ഇളകിയാടുന്ന ചുവർതുണി അതിനുപിന്നിലുള്ളതെല്ലാം ഞാൻ കാണുന്നു, അറിയുന്നു

ഇവിടെ ഞാനിരിക്കുന്നത് നില്ക്കുന്നതിനേക്കാൾ കടുത്ത അവസ്ഥയിലാണ് കുഷ്യനിട്ട കസേരയാണ് അമർന്നിരിക്കാം ഈ കസേരയിൽ ചാഞ്ഞിരിക്കാം എല്ലു നുറുങ്ങുന്നവിധം അച്ചടക്കത്തോടെ അടുക്കിവെച്ചിരിക്കുന്ന ഈ കാലുകൾ അലസമായി നിവർത്തിവെയ്ക്കാം മാനേജരുടെ മുഖത്തേക്കു തിരിച്ചുവെച്ചിരിക്കുന്ന ഈ കഴുത്ത് വേണമെങ്കിൽ ഒന്ന് ആയാസരഹിതമാക്കാം. എല്ലാറ്റിനും സൗകര്യമുണ്ട്. പക്ഷേ, സാധിക്കുന്നില്ല. എന്റെ കാട്ടുമൃഗത്തിന്റെ ഹിംസാത്മകമായ സ്വാതന്ത്ര്യത്തെ ചവിട്ടിയമർത്തിയിരിക്കുകയാണു ഞാൻ ഒരു നിമിഷം, അതൊന്നു തെന്നിപ്പോയാൽ എല്ലാം തകർന്നു. ഈ മുറിയിൽ ഞാനൊഴിച്ച് എല്ലാം അനായാസം ചലിക്കുകയാണ് ഞാൻ എനിക്കുള്ള നേരത്തെ കാത്തിരിക്കുകയാണ് ഇങ്ങനെയൊരു വിമ്മിട്ടത്തിലേക്കു ചെന്നുപെട്ട നിമിഷത്തെ എനിക്ക് ഒഴിവാക്കാനേ കഴിഞ്ഞില്ല. എന്റെ കിനാവുകളും പ്രതീക്ഷകളും എന്നെ പറ്റിക്കുമോ? അന്യന്റെ വേദനകൾക്കു മുന്നിൽ എളുപ്പം കരളലിയുന്ന പ്രകൃതമാണ് മാനേജരുടേതെന്ന കേട്ടറിവാണ് എന്നെ ഈ മുറിയിലെത്തിച്ചത്. എനിക്കെല്ലാം ഇയാളോടു പറയേണ്ടിയിരിക്കുന്നു. നോക്കൂ, ഞാൻ നീന്തിവന്ന തീനദി. ചവിട്ടിനില്ക്കുന്ന മുള്ളുമല. കുടുങ്ങിക്കിടക്കുന്ന കുരുക്ക് ഞാൻ വലിയൊരു കുടുംബത്തിന്റെ ദുരി

തപൂർണമായൊരു ചോദ്യമാണ് സാർ. ഏഴ് നരകത്തിന്റെ അവകാശി. എങ്ങനെയെങ്കിലും രക്ഷിക്കണം. നിങ്ങളുടെ കാലിൽ വീണു യാചിക്കാം

മുറിയിൽ ആളുകൾ വന്നുംപോയുമിരിക്കുന്നു. ഈ അവസ്ഥയിൽ എന്റെ സ്വകാര്യദുഃഖങ്ങളുടെയും പ്രശ്നസങ്കീർണതകളുടെയും കെട്ട് എങ്ങനെയാണഴിക്കുക? ചങ്ങാതി പറഞ്ഞിരുന്നു, എല്ലാം തുറന്നുപറയണം നിനക്ക് അതിശയോക്തിയായിട്ട് ഒന്നും പറയേണ്ടിവരില്ലല്ലോ. നീ തന്നെ വലിയൊരു അതിശയോക്തിയാണല്ലോ ചെന്നു പറയണം. എല്ലാം കേൾക്കൂ ഈയവസ്ഥയിൽ തീർച്ചയായും അയാൾ നിന്നെ രക്ഷിക്കും. അയാളുടെ ശ്രദ്ധയിൽ നിന്റെ കാര്യം പെടണം. അത്രയേ വേണ്ടൂ

മുറി മുഴുവൻ ചലിച്ചുകൊണ്ടിരിക്കുകയാണ്. ഫാൻ ചലിക്കുന്നു ടൈപ്പ്റൈറ്റർ ചലിക്കുന്നു. ആളുകൾ മുറിയിൽ വന്നും പോയുമിരിക്കുന്നു മേശയിലേക്കു തലകുനിച്ച് മാനേജർ ഫയലുകൾ പരിശോധിക്കുന്നു ചുമർത്തുണിയുടെ പിറകിൽനിന്ന് ഒരു കുതിര കുതറിയോടാൻ ശ്രമിക്കുന്നു ഒരു ആനയുടെ ദയനീയമായ നിലവിളി, ഒരു കടുവയുടെ അലർച്ച സിംഹത്തിന്റെ കോട്ടുവാ ഇടയ്ക്കിടെ കടന്നുവരുന്ന നിശ്ശബ്ദതയ്ക്കുപോലും എന്തൊരു വേദനയാണ്

ഇടയ്ക്ക് മാനേജർ തല ഉയർത്തി എന്നെ നോക്കി

ഉം എന്താണു, പറയൂ

സാർ, ഞാൻ .

ട്രപ്പീസ് വിഭാഗത്തിലാണെന്നു തോന്നിക്കുന്ന ഒരു യുവതി കയറിവരുന്നു കണ്ണുകളെ ആസക്തിയുടെ ഭ്രാന്തിലേക്കു കൊളുത്തി വലിക്കുന്ന വിധം ദേഹമാകെ മാംസം ഉരുണ്ടുകളിക്കുന്ന ചുവടുവെപ്പുകൾ വശ്യമായ ചിരി ഞാൻ മൃഗത്തെ ഒന്നുകൂടി ചവിട്ടിഞെരിച്ചു

അവൾ മാനേജരെ കാണാൻ വന്നതാണ്

ഇവളുടെ മുന്നിൽവച്ച് എനിക്കെങ്ങനെയാണ് ദുർബലവും വിരൂപവുമായ എന്റെ അവസ്ഥയുടെ ഭാണ്ഡമഴിക്കാനാവുക? ഒന്നാലോചിച്ചുനോക്കൂ. സ്വപ്നജീവിയായ ഒരു ചെറുപ്പക്കാരൻ കൂടിയാണു ഞാൻ അവൾ ഈ മുറിയിൽനിന്നു പോയാലല്ലാതെ എനിക്ക് ഒരക്ഷരം ഉരിയാടാനാവില്ല

നാട്ടിൽ പോകാൻ ലീവ് ചോദിക്കാനാണ് അവൾ വന്നത്.

അവൾ പോയപാടെ ഞാൻ ഇരുവശത്തേക്കും കണ്ണുകൾ പായിച്ച് മേശയിൽ കൈയൂന്നി കുറേക്കൂടി മുൻഭാഗത്തേക്കു ചാഞ്ഞ് പതുക്കെ തൊണ്ടയിൽനിന്നു ശബ്ദം വലിച്ചെടുത്തു.

സാർ എന്നു മാത്രമേ വന്നുള്ളൂ അപ്പോഴേക്കും എന്റെ തൊണ്ടയിൽ ദുരിതത്തിന്റെ കൊഴുപ്പ് നിറഞ്ഞു. ആയാസരാഹിത്യത്തിന്റെ എല്ലാ വാതിലുകളും അടഞ്ഞുപോയി. എവിടെയാണ് ആരംഭം? എവിടെയാണ് അവസാനം? ഒരെറുമ്പ് വലിയൊരു കഫക്കട്ടയിൽ കടിച്ചുവലിക്കുന്ന

തുപോലെ പ്രശ്നങ്ങൾ എന്റെ മുന്നിൽ വലിഞ്ഞു വിമ്മിട്ടപ്പെട്ടു.

ഒരുവിധം സമനില പ്രാപിക്കുമ്പോഴേക്കും സർക്കസ്സിലെ കോമാളിയെന്ന് ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലാവുന്ന, നന്നേ ഉയരം കുറഞ്ഞ ഒരാൾ വന്നുകയറി. അയാൾക്കു ഭാര്യയുടെ പ്രസവച്ചെലവിനു കുറച്ചുകാശ് വേണം. ഞാൻ അയാളുടെ ഭാര്യയെക്കുറിച്ചോർത്തു. അയാൾക്കുവേണ്ടിത്തന്നെയാവും ദൈവം അവളെ സൃഷ്ടിച്ചിരിക്കുക. സമാനമല്ലാത്തത്, അത് എന്തായാലും ശരി, ശരീരമായാലും ആശയമായാലും ജനങ്ങൾക്കു മുന്നിൽ അതൊരു അപഹാസ്യതയാണ് അയാൾക്കു ജനിക്കാനിരിക്കുന്ന കുഞ്ഞിന് അയാളുടെ ഉയരമേ കാണൂ എന്നും അതല്ല, ഒരു ഒത്ത മനുഷ്യൻ തന്നെയാവും എന്നും മറ്റും പറഞ്ഞ് കൂടാരത്തിനു പുറത്ത് ആളുകൾ വാക്തർക്കത്തിലേർപ്പെടുന്നതും വാതു വെയ്ക്കുന്നതും ആർത്തു വിളിക്കുന്നതും ഞാൻ കേട്ടു.

പണം നൽകിയശേഷം മാനേജർ ഷെൽഫിൽനിന്ന് ഒരു പുസ്തകമെടുത്തു തുറന്നു. കോമാളി സ്ഥലം വിട്ടിരുന്നില്ല

മാനേജർ എനിക്കുനേരെ തിരിഞ്ഞു.

പറയൂ? എന്താണ് നിങ്ങളുടെ പ്രശ്നം?

ഞാൻ ഇവിടെയും തകരുകയാണ് കോമാളി എന്നെ നോക്കുകയാണ് അയാൾ തന്റെ നീളം കുറഞ്ഞു വളഞ്ഞ കൈകൊണ്ട് അരക്കെട്ടു താങ്ങി ഇടയ്ക്ക് ഒരു വശത്തേക്കു കാലൂന്നി എന്നിലേക്ക് ഒളികണ്ണിട്ട് ശ്രദ്ധപായിച്ച്.. ഇയാളേക്കാൾ എത്രയോ വലിയ ആൾതന്നെയാണു ഞാൻ ഇയാളുടെ മുന്നിൽ വെച്ച് എനിക്കെങ്ങനെയാണ് എന്റെ പരിതോവസ്ഥ വെളിവാക്കാനാവുക.

കോമാളി മുറിവിടുന്നതുവരെ ഞാനൊന്നും പറഞ്ഞില്ല പിന്നെ ഒട്ടും താമസിയാതെ എനിക്കു മാനേജരുടെ മുന്നിൽ പ്രശ്നമവതരിപ്പിക്കാൻ കഴിഞ്ഞു ഞാൻ അയാൾക്കുമുന്നിൽ എല്ലാം തുറന്നുവെച്ചു. അവസാനവാക്കിലെത്തിയതോടെ ഗദ്ഗദത്തിൽ തടഞ്ഞ് ഞാൻ നിന്നു.

സുഹൃത്ത് പറഞ്ഞത് ശരിയായിരുന്നു. വളരെ ദയാലുവായ മനുഷ്യൻ തന്നെയായിരുന്നു അയാൾ. അല്ലെങ്കിൽ ഈ തിരക്കേറിയ ജോലിക്കിടയിലും ഒരാളുടെ വ്യക്തിദുഃഖങ്ങൾക്ക് സൗമ്യമായി കാതുതരാൻ ആർക്കുമാവില്ല. എല്ലാം പറഞ്ഞ തളർച്ചയോടെ ഞാൻ അയാളുടെ മുഖത്തേക്കു ദീനമായി നോക്കി.

മാനേജർ ചിന്താമഗ്നനായി. എന്നെ രക്ഷിക്കാനുള്ള വഴിതേടി അലയുകയാണ് അയാൾ, തീർച്ച

അല്പനേരത്തെ മൗനത്തിനുശേഷം അയാൾ പറഞ്ഞു·

ശരി. നിങ്ങളൊരു കാര്യം ചെയ്യൂ. നാളെ കാലത്ത് വരിക. നമുക്കെന്തെങ്കിലും വഴിയുണ്ടാക്കാം.

പിറ്റേന്ന് ഞാൻ നേരത്തെ കൂടാരത്തിലെത്തി

കാട്ടുമൃഗങ്ങൾക്കിടയിലൂടെ കൂടാരത്തിന്റെ വലിഞ്ഞു മുറുകിയ കുറ്റി ക്കയറിനു മുന്നിൽ തലതാഴ്ത്തി, കുതിരച്ചാണകത്തിന്റെ ഗന്ധവും ശ്വസിച്ച് മാനേജരുടെ മുറിയിൽ.

അയാൾ ഇരിക്കാനുള്ള കസേര ചൂണ്ടി

ഫയലുകൾക്കിടയിൽ മുഖം പൂഴ്ത്തി എന്തോ തിടുക്കത്തിൽ എഴു തിക്കൊണ്ടിരിക്കുകയായിരുന്നു, അയാൾ ഇത്രയും വലിയ ഒരു കൂടാര ത്തിന്റെ കാര്യങ്ങൾ ഇയാൾ ഒറ്റയ്ക്ക് എത്ര വിദഗ്ദ്ധമായാണ് മാനേജു ചെയ്യുന്നത് ഇക്കുറി ഞാൻ കുറച്ചുകൂടി ആയാസരഹിതമായാണു അയാൾക്കു മുന്നിലിരുന്നത് കസേരയിൽ ചാഞ്ഞിരുന്നില്ലെങ്കിലും കാലു കൾ നീട്ടിവച്ചു

പെട്ടെന്നാണ് ഞാനതു തിരിച്ചറിഞ്ഞത് മാനേജരുടെ ചലനങ്ങളി ലെവിടെയും ഇന്നലത്തെയത്ര അയവില്ല മുഖത്ത് കുറെക്കൂടി കാർക്കശ്യം കൂടുകെട്ടിയിരിക്കുന്നു ഞാൻ യാഥാർഥ്യത്തിലേക്കു കണ്മി ഴിക്കുകയും കാലുകൾ തിരികെയെടുത്ത് പഴയപടിയിലാക്കുകയും ചെയ്തു

പെട്ടെന്നാണ് കൂടാരത്തിന്റെ അങ്ങേ മൂലയിൽനിന്ന് എന്തോ ബഹളം കേട്ടത് ഉടനെ ഒരാൾ ഓഫീസുമുറിയിലേക്കു ഓടിവന്നു അയാൾ ആകെ പരിഭ്രാന്തനായിരുന്നു

കൂട് നമ്പർ സിയിലെ സിംഹം പുറത്തു ചാടിയിരിക്കുന്നു സാർ അയാൾ കിതയ്ക്കുന്നുണ്ടായിരുന്നു മാനേജരുടെ മുഖത്താവട്ടെ യാതൊരു ഭാവഭേദവുമില്ല സ്വല്പനേരത്തിനകം ആ ചുണ്ടുകളിൽ ഒരു ചിരി നിറഞ്ഞു

എവിടെപ്പോകാൻ? വരും. വന്നാൽ മൂന്നുദിവസത്തേക്ക് ആഹാരം കൊടുക്കേണ്ട ആ പാകം കുറഞ്ഞ കൂട്ടിലിട്ടേക്കണം മേലിൽ ഇണ യുടെ അടുത്തേക്ക് വിടുകയേ വേണ്ട. ശിക്ഷിക്കുമ്പോൾ ദയ അനുവദി ക്കേണ്ട

മനസ്സിൽനിന്ന് എന്തോ അനങ്ങുന്നു. കാട്ടുമൃഗമാണ്. നഖങ്ങൾ പുറ ത്തേക്കു പതുങ്ങിപ്പതുങ്ങി വരികയാണ്

വന്ന ആൾ തിരിച്ചുപോയപ്പോൾ മാനേജർ പ്രശ്നത്തിലേക്കു കടന്നു നിങ്ങളുടെ ഇന്നത്തെ അവസ്ഥയിൽ എനിക്ക് ഏറെ ദുഃഖം തോന്നുന്നു നിങ്ങൾ വരുന്ന നിമിഷം വരെ ചിന്തിക്കുകയായിരുന്നു, ഞാൻ എന്തു ജോലിയാണ് നിങ്ങൾക്കു തരേണ്ടത്? പറയൂ

ഞാൻ ആകെ പരുങ്ങലിലായി. ഇങ്ങനെയൊരു ചോദ്യം പ്രതീക്ഷി ക്കാത്ത വിധം എത്ര വിഡ്ഢിയായിപ്പോയി ഞാൻ

നിങ്ങളുടെ റെക്കോർഡുകളൊക്കെ ഞാൻ പരിശോധിച്ചു. എന്താണു പരീക്ഷ എഴുതാതിരുന്നത്?

നന്നായി പഠിച്ചിരുന്നു ഉത്തരമൊക്കെ നേരത്തെ അറിയാമായിരുന്നു

പിന്നെയെന്തിനാണു പരീക്ഷയെന്നു തോന്നി സാർ.

എന്തൊക്കെയോ മനസ്സിലാക്കിയിട്ടെന്നവിധം അയാൾ അത്ഭുതത്തോടെ പുരികമുയർത്തുകയും വികൃതമായി തലകുലുക്കിച്ചിരിക്കുകയും ചെയ്തു. പിന്നെ തെല്ലുനേരം എല്ലാം മനസ്സിലാക്കുന്നു എന്ന മട്ട് കൈവിടാതെ സാന്ത്വനപൂർവം കണ്ണുകളടച്ച് മൗനിയായി

അയാൾ കാര്യത്തിലേക്കു കടന്നു.

പറയൂ നിങ്ങൾക്ക് കൂടാരത്തിൽ എന്തു ജോലിയാണു ചെയ്യാനാവുക?

മറ്റാർക്കും ചെയ്യാനാവാത്ത എന്തോ ഒന്ന് എനിക്കു ചെയ്തു തീർക്കാനാവും സാർ.

അയാൾ ചിരിച്ചു

എന്തോ ഒന്ന്.. എന്താണത്? നിങ്ങളുടെ വ്യക്തിത്വത്തിന്റെ അസാധാരണത്വം എന്നെ വല്ലാതെ അമ്പരിപ്പിക്കുന്നു

ഞാൻ വഴിമുട്ടിനിന്നു

തുണിച്ചുവരിനു പിന്നിൽനിന്ന് ഒരു പട്ടിക്കുഞ്ഞിന്റെ മരണനിലവിളി കേട്ടു കടുവയുടെ വിശപ്പാർന്ന അലർച്ച കേട്ടു കരിമ്പനയുടെ മടലുകൾ കീറി വായിലേക്കു തിരുകുന്ന ഒച്ചയും പക്ഷിക്കൂടുകളിൽ നിന്നു കലപിലകളുണർന്നു ഏതു കുരങ്ങനാണ് ക്രൂരമായ കുസൃതിയുടെ ഒരു വിറകു ചീളെടുത്തെറിഞ്ഞത്?

ഞാൻ പോകുന്നു സർ

മാനേജർ നിസ്സഹായനായി പറഞ്ഞു

സത്യം പറഞ്ഞാൽ, അവസ്ഥയൊക്കെ അറിയാവുന്ന ഒരു മനുഷ്യനെന്ന നിലയിൽ എനിക്കു നിങ്ങളെ സഹായിക്കണമെന്നുണ്ട് ഒഫീഷ്യൽ സെക്ഷനിൽ നിങ്ങൾക്കു പറ്റിയ ഒരു തൊഴിലും ഞാൻ കാണുന്നില്ല. . നിങ്ങൾ പറഞ്ഞില്ലേ ഈ കമ്പനിയിൽ പുതുതായി എന്തോ ചെയ്യാനുണ്ടെന്ന് പ്ലീസ്, അതെന്താണെന്നു വ്യക്തമാക്കൂ പുതുമ –അതാണ് ഓരോ സർക്കസ് കമ്പനിയുടെയും വെല്ലുവിളി

ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട് പറയൂ, എന്താണത്?

എനിക്ക് ഉള്ളിൽ നിന്ന് ഉത്തരം വന്ന് ശ്വാസംമുട്ടി അതൊരു മഹത്തായ ഉത്തരം തന്നെയാണ് വാക്കുകൾക്കു വഴങ്ങാത്ത അതിശക്തമായ ഒരാശയം അതെന്റെ കൂട്ടിലെ മൃഗത്തിന്റെ ക്രൂരവും ബലിഷ്ഠവുമായ നഖങ്ങളിലമർന്നുകിടക്കുന്നു എങ്ങനെയാണ് എനിക്കിതു പറഞ്ഞു ബോദ്ധ്യപ്പെടുത്താനാവുക ദൈവമേ.

ഞാൻ തളർന്നു വിയർത്തു എങ്ങനെയെല്ലാമോ അയാളോടു യാത്ര പറഞ്ഞു പിരിഞ്ഞു.

ഞാൻ അറിയുന്ന ഉത്തരത്തിൽ വിഡ്ഢിയെപ്പോലെ മുഖം പൂഴ്ത്തി. ഈ ഉത്തരത്തിനു ഭാഷയില്ല ഇതിന്റെ ഭാഷ ഭാവിയിൽ പിറക്കാനുള്ള

താണ് അതിനെച്ചൊല്ലി ഇവിടെ ഒരു മനുഷ്യൻ തീതിന്നുകയാണ്. വരും നൂറ്റാണ്ടിലോ അതല്ലെങ്കിൽ അനേക നൂറ്റാണ്ടുകൾക്കു ശേഷമോ പിറക്കാനിരിക്കുന്ന വാക്കിന്റെ ജഡപ്രായമായ ഒരു ആൾരൂപമാണ് ഞാൻ എനിക്കറിയാവുന്ന ഒരേയൊരു സത്യം ഇതൊന്നു മാത്രമാണ്, ഇതു മാത്രം പരിണാമചക്രത്തിന്റെ അപൂർണദശയ്ക്കിടയിൽ അവിചാരിതമായി വഴിതെറ്റി പിറന്നുവീണ ഒരു മനുഷ്യരൂപത്തെ കുറെ മൃഗങ്ങൾ ചേർന്നു കൊന്നുതിന്നു സാർ ആ മനുഷ്യനാണു ഞാൻ. വരുംകാലത്ത് പിറക്കാനിരിക്കുന്ന ഒരു മനുഷ്യൻ. ഓർക്കാപ്പുറത്ത് ജനിച്ചപ്പോൾ ഒരു രാത്രികൊണ്ട് അതിനെ ശ്വാസം മുട്ടിച്ചു കൊല്ലുന്നു പിന്നെ അത് ഒരപൂർവശിശുവെന്ന പത്രവാർത്തയിൽ ഒരിക്കൽക്കൂടി കൊല്ലപ്പെടുന്നു അങ്ങനെ പിറന്നുചത്ത ശിശുവാണ് സാർ ഞാൻ

ഉറക്കത്തിൽ മാനേജർ ചിരിച്ചാർത്തു. ഒടുവിലൊടുവിലായപ്പോൾ അയാൾ മൃഗംപോലെ ചിരിച്ചു

ദിവസങ്ങൾക്കുശേഷമാണ് ഞാൻ വീണ്ടുമീ സർക്കസ് കൂടാരത്തിലെത്തുന്നത്. കൂടാരത്തിലെ പ്രദർശനം തീർന്നെന്നും അവർ പുതിയ മേച്ചിൽപ്പുറങ്ങളിലേക്കു പോവുകയാണെന്നും കേട്ട് ഞാൻ ഓടിവരികയായിരുന്നു അവസാനത്തെ പ്രതീക്ഷയും കുറ്റിയറ്റുപോവുകയാണ് സഹിക്കാവുന്നതിലപ്പുറമായിരുന്നു അത് അനേകദിവസത്തെ ഉറക്കം എന്റെ കണ്ണുകളുടെ പ്രകാശത്തെപ്പോലും കെടുത്തിക്കളഞ്ഞിരുന്നു ഏത് അടിയറവിനും സന്നദ്ധനായാണു ഞാൻ വന്നത്

ഞാൻ ഓടിവന്നപ്പോഴേക്കും കാണുന്നത് മൈതാനിയിലെ ശൂന്യതയാണ് കൂടാരമൊക്കെ പൊളിച്ചുമാറ്റിയിരിക്കുന്നു മൃഗങ്ങൾ വരിവരിയായി യാത്ര പുറപ്പെട്ടുകഴിഞ്ഞിരുന്നു കൂടാരത്തിന്റെ അവസാനത്തെ കുറ്റിയിൽനിന്ന് കയർ ഊരിയെടുക്കുകയായിരുന്നു ജോലിക്കാർ എല്ലാറ്റിനും നേതൃത്വം വഹിച്ചുകൊണ്ട് മൈതാനിയുടെ ഒരരികുചേർന്ന് മാനേജർ

ദൂരെനിന്നേ അയാൾ എന്നെ തിരിച്ചറിഞ്ഞു. കണ്ടപാടെ അയാൾ എന്റെ അരികിലേക്കു വന്നു അയാളുടെ മുഖത്ത് അടക്കാനാവാത്ത ആകാംക്ഷയുണ്ടായിരുന്നു

എന്താണു സുഹൃത്തേ വൈകിയത്? ഞാൻ അവസാന നിമിഷവും നിങ്ങളെ അന്വേഷിക്കുകയായിരുന്നു

ഈ കമ്പനിക്കുവേണ്ടി പുതുതായി ചെയ്യാനുള്ള ആശയം നിങ്ങൾക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ടാവുമെന്ന് ഞാൻ വിശ്വസിക്കുന്നു

ഓർക്കാപ്പുറത്തുള്ള ഒരടിയായിരുന്നു അത്

എന്റെ സകല പ്രതീക്ഷകളും കീഴ്മേൽ മറിഞ്ഞു

അയാൾ എന്റെ ജീവരക്തമുപയോഗിച്ചു പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞനാണ്

ഞാൻ പരിസരം മറന്നു കരഞ്ഞു.

എനിക്ക് ഒന്നും ചെയ്യാനില്ല സാർ. എനിക്കു ഭാഷയില്ല എന്നെ ഈ കൂട്ടിലൊരിടത്ത് ദയവായി പാർപ്പിക്കണം എന്നെ ഒരു മൃഗമാക്കണം. എന്റെ പല്ലുകൾ, എല്ലുകൾ അവയവങ്ങൾ–എന്തുവേണമെങ്കിലും ഊരിയെടുത്തോളൂ സാർ.....

മാനേജർ എന്റെ പുറത്തുതട്ടി ആശ്വസിപ്പിച്ചു.

നിങ്ങളെ ഒരു മൃഗമാക്കാനുള്ള സാധ്യത എന്നേ അടഞ്ഞുപോയി സുഹൃത്തേ. കാലങ്ങൾക്കുശേഷം കറങ്ങിത്തിരിഞ്ഞ് ഒരിക്കൽക്കൂടി ഈ മൈതാനിയിൽ ഞങ്ങളെത്തും അപ്പോഴേക്കും നിങ്ങൾക്ക് നിങ്ങളുടെ പുതിയ ആശയത്തിനു ഭാഷയേകാൻ കഴിഞ്ഞേക്കും. നല്ലതു വരട്ടെ.

കൂടാരത്തിന്റെ അവസാനത്തെ കുറ്റിയുമഴിച്ച് വാഹനത്തിൽ കയറ്റിയിരുന്നു മാനേജർക്കുവേണ്ടി വാഹനം കാത്തുനില്ക്കുകയാണ്

ഈ മൈതാനിയുടെ നടുവിൽ ഒരു കുറ്റിപോലെ വികാരമറ്റ ഭാഷയായി, ഭാഷയറ്റ വികാരമായി ഇങ്ങനെ ഞാൻ നില്ക്കുകയാണ്.

ഒറ്റക്കാലിൽ

ഇരുട്ടിൽ

മഴയിൽ

വെയിലിൽ ...

കഥാകൃത്തുക്കളെപ്പറ്റി

1. ടി. പത്മനാഭൻ

1931ൽ കണ്ണൂരിനടുത്ത് പള്ളിക്കുന്നിൽ ശ്രീ കൃഷ്ണൻനായരുടെയും ശ്രീമതി അമ്മുക്കുട്ടിയമ്മയുടെയും മകനായി ജനിച്ചു. ഫാക്ടിൽ ഉദ്യോഗസ്ഥനായിരുന്നു. ഡെപ്യൂട്ടി ജനറൽ മാനേജരായി റിട്ടയർ ചെയ്തു. മലയാള കഥയ്ക്ക് പുതിയ ഭാവമണ്ഡലങ്ങൾ സമ്മാനിച്ച എഴുത്തുകാരൻ. നീണ്ട സാഹിത്യ ജീവിതത്തിൽ ചെറുകഥയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് എഴുതി എന്ന വസ്തുത ഇദ്ദേഹത്തെ മറ്റു കഥാകൃത്തുക്കളിൽനിന്ന് മാറ്റിനിർത്തുന്നു. കേരള - കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചെങ്കിലും സ്വീകരിച്ചില്ല. മറ്റ് അനേകം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. *എന്റെ ആദ്യത്തെ കഥകൾ, പത്മനാഭന്റെ കഥകൾ, ഹാരിസൺ സായ്‌വിന്റെ നായ, പ്രകാശം പരത്തുന്ന പെൺകുട്ടി, സഹൃദയനായ ഒരു ചെറുപ്പക്കാരന്റെ ജീവിതത്തിൽ നിന്ന്, മഖൻസിങ്ങിന്റെ മരണം, ഒരു കഥാകൃത്ത് കുരിശിൽ, സാക്ഷി, വീട് നഷ്ടപ്പെട്ട ഒരു കുട്ടി, നളിനകാന്തി, കാലഭൈരവൻ, ഗൗരി, എന്റെ കഥ എന്റെ ജീവിതം, കടൽ, പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്* എന്നിങ്ങനെ നിരവധി സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. ഒ.വി. വിജയൻ

1931ൽ പാലക്കാട് ജില്ലയിൽ ജനിച്ചു. 1958ൽ ശങ്കേഴ്സ് വീക്കിലിയിൽ കാർട്ടൂണിസ്റ്റായി ചേർന്നു. തുടർന്ന് നിരവധി ദേശീയ-അന്തർദേശീയ പത്രമാസികകളിൽ കാർട്ടൂണിസ്റ്റും, കോളമിസ്റ്റുമായി പ്രവർത്തിച്ചു. *ഖസാക്കിന്റെ ഇതിഹാസം* (1969) എന്ന ആദ്യനോവൽ മലയാള നോവൽ സാഹിത്യത്തിലെ ഒരു വഴിത്തിരിവായി മാറി. തുടർന്ന് *ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ* തുടങ്ങിയ നോവലുകളും *വിജയന്റെ കഥകൾ, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ* തുടങ്ങിയ കഥാസമാഹാരങ്ങളും *ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമയ്ക്ക്, വർഗം സമരം സ്വത്വം, ഘോഷയാ*

ത്രയിൽ തനിയെ തുടങ്ങിയ മറ്റു പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. രണ്ടു നോവലുകളും ഒരു കഥാസമാഹാരവും ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത് പെൻഗ്വിൻ ബുക്സ് വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിജയന്റെ തെരഞ്ഞെടുത്ത കൃതികൾ ഈയിടെ വൈക്കിംഗും ഡി.സി ബുക്സും ചേർന്ന് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. കേരള – കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, മുട്ടത്തുവർക്കി അവാർഡ് തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

3. മാധവിക്കുട്ടി

1932ൽ പാലക്കാട്ടു ജില്ലയിലെ പുന്നയൂർകുളത്ത് പ്രശസ്ത കവയിത്രി ബാലാമണിയമ്മയുടെയും മാതൃഭൂമി മാനേജിങ് എഡിറ്ററായിരുന്ന വി. എം. നായരുടെയും മകളായി ജനിച്ചു. യഥാർത്ഥ നാമം കമലാദാസ്. ഇംഗ്ലീഷ് കവിതകളിലൂടെ അന്തർദേശീയ പ്രശസ്തി കൈവരിച്ചിട്ടുള്ള മാധവിക്കുട്ടി മലയാളത്തിന്റെ പ്രമുഖ കഥാകൃത്ത് കൂടിയാണ്. ഇംഗ്ലീഷിലുള്ള നിരവധി പുസ്തകങ്ങൾക്ക് പുറമെ, *മതിലുകൾ, നരിച്ചീറുകൾ പറക്കുമ്പോൾ, തരിശുനിലം, എന്റെ സ്നേഹിത അരുണ, ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്പ്, മാനസി, മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ, എന്റെ കഥ, ബാല്യകാല സ്മരണകൾ, വർഷങ്ങൾക്കുമുമ്പ്, ചന്ദനമരങ്ങൾ, മനോമി, ഡയറിക്കുറിപ്പുകൾ, നീർമാതളം പൂത്തകാലം, നഷ്ടപ്പെട്ട നീലാംബരി* തുടങ്ങി നിരവധി കൃതികൾ മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്റെ കഥ 15 വിദേശ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഏഷ്യൻ പോയട്രി പ്രൈസ്, കെന്റ് അവാർഡ്, ആശാൻ വേൾഡ് പ്രൈസ്, കേരള–കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ തുടങ്ങി അനേകം പുരസ്കാരങ്ങൾ നേടിയ മാധവിക്കുട്ടി ഇലസ്ട്രേറ്റഡ് വീക്കിലിയുടെ പോയട്രി എഡിറ്റർ, കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റി പ്രസിഡന്റ്, കേരള ഫോറസ്ട്രി ബോർഡ് ചെയർപേഴ്സൺ, കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികളും അലങ്കരിച്ചിട്ടുണ്ട്.

4. വി.കെ.എൻ

വടക്കേ കൂട്ടാലെ നാരായണൻകുട്ടി നായർ 1932 ഏപ്രിൽ 6ന് തൃശ്ശൂർ ജില്ലയിൽ തിരുവില്വാമലയിൽ ജനിച്ചു. മട്രിക്കുലേഷനു ശേഷം ഒമ്പതു വർഷം ദേവസ്വം ബോർഡിൽ ഉദ്യോഗം വഹിച്ചു 1959 മുതൽ 1969 വരെ ഡൽഹിയിൽ പത്രപ്രവർത്തകനായിരുന്നു 1955ൽ സാഹിത്യരംഗത്തുവന്നു. കഥയും നോവലുമായി ഇരുപത്തിയഞ്ചോളം കൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വി.കെ.എൻ. മലയാള സാഹിത്യത്തിൽ എന്തുകൊണ്ടും വേറിട്ടുനിൽക്കുന്ന എഴുത്തുകാരനാണ്. രണ്ടു നോവലുകളും ഏതാനും കഥകളും ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടു

ത്തിയിട്ടുണ്ട്. ആരോഹണം എന്ന കൃതിക്ക് 1969ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, 1978-ൽ കഥകൾക്കു പൊതുവായി സാഹിത്യ-പ്രവർത്തക സഹകരണസംഘത്തിന്റെ എം.പി.പോൾ അവാർഡ്, 1982ൽ പയ്യൻ കഥകൾക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, 1987ൽ ഡൽഹി ആസ്ഥാനമായുള്ള ഓർഗനൈസേഷൻ ഓഫ് അണ്ടർസ്റ്റാന്റിങ് ആൻഡ് ഫ്രറ്റേർണിറ്റി എന്ന സ്ഥാപനത്തിന്റെ ഹാർമണി അവാർഡ്, 1997ൽ പിതാമഹൻ എന്ന നോവലിനെ മുൻനിർത്തി മുട്ടത്തുവർക്കി അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റും,കിള്ളിക്കുറിശ്ശി മംഗലത്തെ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ചെയർമാനുമായിരുന്നു.

5. എം.ടി. വാസുദേവൻ നായർ

1933 ജൂലൈ 15ന് പൊന്നാനിക്കടുത്ത് കൂടല്ലൂരിൽ ജനിച്ചു. അദ്ധ്യാപകനായി ജീവിതമാരംഭിച്ചു 1956 മുതൽ 1968വരെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സഹപത്രാധിപർ; പിന്നെ പ്രധാന പത്രാധിപർ. 1981ൽ വിരമിച്ചു. വീണ്ടും 1988 മുതൽ മാതൃഭൂമി പീരിയോഡിക്കൽസ് എഡിറ്റർ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ *കാലം*, കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ *നാലുകെട്ട്*, വയലാർ അവാർഡ് നേടിയ *രണ്ടാമൂഴം*, ഓടക്കുഴൽ അവാർഡ് നേടിയ *വാനപ്രസ്ഥം* എന്നിവയോടൊപ്പം *അസുരവിത്ത്, മഞ്ഞ്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും, എം.ടി.യുടെ തിരക്കഥകൾ, എന്റെ പ്രിയപ്പെട്ട തിരക്കഥകൾ, ബന്ധനം, വാരിക്കുഴി, നിന്റെ ഓർമ്മയ്ക്ക്, എം.ടി യുടെ തിരഞ്ഞെടുത്ത കഥകൾ, കാഥികന്റെ കല, കാഥികന്റെ പണിപ്പുര* തുടങ്ങിയവയാണ് മുഖ്യ കൃതികൾ. നിർമ്മാല്യം (1974ലെ ദേശീയ അവാർഡ്), ബന്ധനം, വാരിക്കുഴി, മഞ്ഞ്, കടവ് എന്നീ ചിത്രങ്ങൾ തിരക്കഥ എഴുതി സംവിധാനം ചെയ്തു. ഇരുട്ടിന്റെ ആത്മാവ്, നഗരമേ നന്ദി, ഓളവും തീരവും, കുട്ട്യേടത്തി, പഞ്ചാഗ്നി, ഓപ്പോൾ, ഒരു വടക്കൻ വീരഗാഥ തുടങ്ങി നിരവധി ചലച്ചിത്രങ്ങൾക്കു തിരക്കഥയെഴുതി ഏറ്റവും മികച്ച തിരക്കഥാകൃത്തിനുള്ള സംസ്ഥാന - ദേശീയ അവാർഡുകൾ പലതവണ ലഭിച്ചിട്ടുണ്ട്. 1996ൽ ജ്ഞാനപീഠപുരസ്കാരം ലഭിച്ചു

6. ആനന്ദ്

'ആനന്ദ്' എന്ന പി. സച്ചിദാനന്ദൻ 1936ൽ ഇരിങ്ങാലക്കുടയിൽ ജനിച്ചു തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിൽ നിന്നു സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം നേടി കൽക്കത്ത, പോർബന്തർ തുടങ്ങി പലയിടത്തുമായി ജോലി ചെയ്തു. നാലുകൊല്ലം പട്ടാള സർവ്വീസിലായിരുന്നു. ന്യൂ ഡൽഹിയിൽ സെൻട്രൽ വാട്ടർ കമ്മീഷനിൽ പ്ളാനിങ് ഡയറക്ടറായി റിട്ടയർ ചെയ്തു. ആദ്യമായി എഴുതിയത് *ആൾക്കൂട്ടം. മരണ*

സർട്ടിഫിക്കറ്റ്, ഉത്തരായനം, അഭയാർത്ഥികൾ, മരുഭൂമികൾ ഉണ്ടാകുന്നത്, ഗോവർധന്റെ യാത്രകൾ, വ്യാസനും വിഘ്നേശ്വരനും എന്നീ നോവലുകൾ, *വീടും തടവും, ഇര, ഒടിയുന്ന കുരിശ്, സംവാദം, അശാന്തം* എന്നീ കഥാസമാഹാരങ്ങൾ, *ശവഘോഷയാത്ര, മുക്തിപഥം* എന്നീ നാടകങ്ങൾ, *സംഭാഷണങ്ങൾ, ഇടവേളകളിൽ, ജൈവമനുഷ്യൻ* എന്നീ പഠനങ്ങൾ ഇവയാണ് മുഖ്യ കൃതികൾ സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, സമസ്ത കേരള സാഹിത്യ പരിഷത്ത് അവാർഡ്, മുട്ടത്തുവർക്കി അവാർഡ് തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മരണ സർട്ടിഫിക്കറ്റ് ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുരാവസ്തു ഗവേഷണത്തിലും കളിമൺ ശില്പനിർമിതിയിലും തല്പരനാണ്.

7. പുനത്തിൽ കുഞ്ഞബ്ദുള്ള

1940 ഏപ്രിൽ 30ന് ഒഞ്ചിയം എന്ന സ്ഥലത്തു ജനിച്ചു. അലിഗഡ് സർവകലാശാലയിൽ നിന്നു എം.ബി.ബി എസ് ബിരുദം നേടി *സ്മാരക ശിലകൾ, മരുന്ന്, കലീഫ, കന്യാവനങ്ങൾ, അലിഗഢിലെ തടവുകാരൻ, ക്ഷേത്രവിളക്കുകൾ, പുനത്തിലിന്റെ കഥകൾ, മലമുകളിലെ അബ്ദുള്ള, [illegible], കൃഷ്ണന്റെ രാധ, ആകാശത്തിനു മറുപുറം, കാലാൾപ്പടയുടെ വരവ്, ഡോക്ടർ അകത്തുണ്ട്, അകമ്പടിക്കാരില്ലാതെ* തുടങ്ങിയവയാണ് മുഖ്യ കൃതികൾ. മലമുകളിലെ അബ്ദുള്ള എന്ന കഥാസമാഹാരത്തിന് 1974ൽ കേരള സാഹിത്യ അക്കാദമി അവാർഡും സ്മാരകശിലകൾക്ക് 1978ലെ കേരള സാഹിത്യ അക്കാദമി അവാർഡും 1980ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

8. എം. മുകുന്ദൻ

1942ൽ ഫ്രഞ്ചധീന പ്രദേശമായ മയ്യഴിയിൽ ജനിച്ചു. 1961ൽ ആദ്യകഥ വെളിച്ചം കണ്ടു. *ചാർലി മാസ്റ്റർ, സീത, കൂട്ടംതെറ്റി മേയുന്നവർ, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഈ ലോകം അതിലൊരു മനുഷ്യൻ, ഹരിദ്വാരിൽ മണികൾ മുഴങ്ങുന്നു, ദൽഹി, കിളിവന്നു വിളിച്ചപ്പോൾ, ദൈവത്തിന്റെ വികൃതികൾ, ആദിത്യനും രാധയും മറ്റു ചിലരും, റഷ്യ, നഗ്നനായ തമ്പുരാൻ* തുടങ്ങിയ നോവലുകളും *അഞ്ചരവയസ്സുള്ള കുട്ടി, വീട്, നദിയും തോണിയും, വേശ്യകളേ നിങ്ങൾക്കൊരമ്പലം, മുകുന്ദന്റെ കഥകൾ, തേവിടിശ്ശിക്കിളി, കണ്ണാടിയുടെ കാഴ്ച* തുടങ്ങിയ കഥാസമാഹാരങ്ങളും, *എന്താണ് ആധുനികത?* എന്ന പഠനവുമാണ് മുഖ്യകൃതികൾ. ഈ ലോകം അതിലൊരു മനുഷ്യൻ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിന് എം.പി. പോൾ അവാർഡും മുട്ടത്തുവർക്കി അവാർഡും, ദൈവത്തിന്റെ വികൃതികൾക്ക് എൻ.വി. പുരസ്കാരവും കേന്ദ്രസാഹിത്യ

അക്കാദമി അവാർഡും ലഭിച്ചു. ഡൽഹിയിൽ ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനാണ്

9. സേതു

1942ൽ എറണാകുളം ജില്ലയിൽ ചേരുമംഗലത്തു ജനിച്ചു. ശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം ഏഴു കൊല്ലത്തോളം വടക്കേ ഇന്ത്യയിൽ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ ജോലി ചെയ്തു. ഇപ്പോൾ ബാങ്കിങ്ങ് മേഖലയിൽ ഉന്നത ഉദ്യോഗസ്ഥൻ. അറുപതുകളുടെ മധ്യത്തിൽ കഥയെഴുത്ത് തുടങ്ങി. *ഞങ്ങൾ അടിമകൾ, അറിയാത്ത വഴികൾ, കിരാതം, നവഗ്രഹങ്ങളുടെ തടവറ* (പുനത്തിലിനോടൊപ്പം), *വനവാസം, താളിയോല, വിളയാട്ടം, പാണ്ഡവപുരം, നിയോഗം* തുടങ്ങിയ നോവലുകളും അശ്വിനത്തിലെ പൂക്കൾ, പ്രകാശത്തിന്റെ ഉറവിടം, പാമ്പും കോണിയും, പേടിസ്വപ്നങ്ങൾ, സേതുവിന്റെ കഥകൾ, ദൂത്, ഗുരു, യാത്രയ്ക്കിടയിൽ, അമ്മു, വെളുത്ത കൂടാരങ്ങൾ തുടങ്ങിയ കഥാസമാഹാരങ്ങളുമാണ് മുഖ്യകൃതികൾ. പേടിസ്വപ്നങ്ങൾക്കും പാണ്ഡവപുരത്തിനും കേരള സാഹിത്യ അക്കാദമി അവാർഡും നിയോഗത്തിനു വി[illegible]ം അവാർഡും ഉയരങ്ങളിൽ എന്ന കഥയ്ക്ക് പത്മരാജൻ അവാർഡും ലഭിച്ചു പാണ്ഡവപുരത്തിന്റെ ഇംഗ്ലീഷ് വിവർത്തനം മാക്മില്ലൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

10. സക്കറിയ

1945 ജൂൺ 5ന് മീനച്ചിൽ താലൂക്കിൽ ഉരുളികുന്നത്ത് ജനിച്ചു. ബാംഗ്ലൂർ എം.ഇ.എസ്.കോളേജിലും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക്സ് കോളേജിലും അധ്യാപകനായിരുന്നു. കുറച്ചുകാലം ഡൽഹിയിൽ ഈസ്റ്റ്വെസ്റ്റ് അഫിലിയേറ്റഡ് പ്രസ്സിൽ ജോലി ചെയ്തു പിന്നീട് ഡൽഹി ആസ്ഥാനമായുള്ള ഓൾ ഇന്ത്യാ മാനേജ്മെന്റ് അസോസിയേഷനിലും പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയിലും ഉദ്യോഗം വഹിച്ചു. ഇതിനിടയിൽ കൃഷിയും ഒരു പ്രസിദ്ധീകരണശാലയും ആരംഭിച്ചു ഇപ്പോൾ ഏഷ്യാനെറ്റിന്റെ ഉപദേഷ്ടാവ്. *ഒരിടത്ത്, ആർക്കറിയാം, ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും, ഭാസ്കരപട്ടേലരും എന്റെ ജീവിതവും, ഗോവിന്ദം ഭജമൂഢമതേ, സലാം അമേരിക്ക, പ്രെയ്സ് ദി ലോർഡ്, എന്തുണ്ട് വിശേഷം പീലാത്തോസേ.....?, ബുധനും ഞാനും* എന്നിവയാണ് മുഖ്യകൃതികൾ. ഒരു കഥാസമാഹാരം ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാസ്കരപട്ടേലരുടെ കഥ അടൂർ ഗോപാലകൃഷ്ണൻ *വിധേയൻ* എന്ന് പേരിൽ ചലച്ചിത്രമാക്കിയിട്ടുണ്ട്.

11. വി.പി.ശിവകുമാർ

1947 മെയ് 15ന് മാവേലിക്കരയിൽ ജനിച്ചു. ബി.എസ്.സി.ബിരുദം നേടിയ

ശേഷം 1966-ൽ ടെലിഫോൺസ് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ സമരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് ജോലിയിൽനിന്നു പുറത്താക്കപ്പെട്ടു. പിന്നീട് 1971-ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കോടെ മലയാളത്തിൽ എം.എ.ബിരുദം നേടി. 1972 മുതൽ വിവിധ സർക്കാർ കോളേജുകളിൽ അധ്യാപകനായിരുന്നു. 1993 ജൂലൈ 27ന് തിരുവനന്തപുരത്ത് നിര്യാതനായി. *തിരുവിതാംകൂർ കഥകൾ, കരയോഗം, ഒറ്റ* എന്നീ കഥാസമാഹാരങ്ങളും *ചാമിസോയുടെ പീറ്റർഷ്ലെമിലിന്റെ അത്ഭുതകഥ, യോനസ്കോയുടെ മൂന്ന് നാടകങ്ങൾ, ബോർഹസ് കഥകൾ* എന്നീ വിവർത്തനങ്ങളുമാണ് *പ്രധാനകൃതികൾ. തലസ്ഥാനത്തെ ഹനുമാൻ* (ലേഖനങ്ങൾ), *വി.പി.ശിവകുമാറിന്റെ കഥകൾ* എന്നിവ മരണാനന്തരം പുറത്തുവന്നു.

12. എൻ.എസ്.മാധവൻ

1948-ൽ എറണാകുളത്ത് ജനിച്ചു. 1975-ൽ ഐ.എ.എസ് ലഭിച്ചു. കേരള ഗവൺമെന്റ് നികുതിവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായിരുന്നു. ഇപ്പോൾ കേന്ദ്രഗവൺമെന്റ് സർവീസിൽ. 1970-ൽ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി മാതൃഭൂമി നടത്തിയ ചെറുകഥാമത്സരത്തിൽ "ശിശു" ഒന്നാം സമ്മാനം നേടി. 1981-ൽ *ചൂളൈമേട്ടിലെ ശവങ്ങൾ* എന്ന ആദ്യ കഥാസമാഹാരം പുറത്തുവന്നതിനു ശേഷം പത്തുവർഷത്തോളം എഴുതാതിരുന്നു. 1982-ൽ വീണ്ടും കഥകൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. തുടർന്ന് *ഹിഗ്വിറ്റ, തിരുത്ത്* എന്നീ സമാഹാരങ്ങൾ. മികച്ച ഒറ്റ കഥകൾക്കുള്ള മൾബറി, പത്മരാജൻ, വി.പി.ശിവകുമാർ സ്മാരക 'കേളി' അവാർഡുകൾക്കു പുറമെ ഡൽഹി ആസ്ഥാനമായുള്ള കഥ പ്രൈസിനു മൂന്ന് തവണ അർഹനായി.

13. സാറാജോസഫ്

1948 ഫെബ്രുവരി 10-ന് തൃശൂർ ജില്ലയിലെ കുരിയച്ചിറയിൽ ശ്രീ ലൂയിസിന്റെയും ശ്രീമതി കൊച്ചുമറിയത്തിന്റെയും മകളായി ജനിച്ചു. കുറെക്കാലം തിരൂർ സെന്റ് തോമസ് ഹൈസ്ക്കൂളിൽ അധ്യാപികയായിരുന്നു. ഇപ്പോൾ ഗവൺമെന്റ് കോളേജ് സർവീസിൽ. *മനസ്സിലെ തീ മാത്രം, കാടിന്റെ സംഗീതം, നന്മതിന്മകളുടെ വൃക്ഷം, പാപത്തറ, നിലാവ് അറിയുന്നു* തുടങ്ങിയവയാണ് മുഖ്യകൃതികൾ. കേരളത്തിലെ സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിലും സാമൂഹ്യജീവിതത്തിലും ഫെമിനിസ്റ്റ് ആശയങ്ങൾക്കു പ്രാമുഖ്യം നേടിക്കൊടുക്കുന്നതിനായുള്ള തീവ്ര ശ്രമങ്ങൾ നടത്തുന്ന എഴുത്തുകാരിയും ആക്റ്റിവിസ്റ്റുമാണ് സാറാ ജോസഫ്.

14. മേതിൽ രാധാകൃഷ്ണൻ

പാലക്കാട് താലൂക്കിൽ ജനിച്ചു. വർഷങ്ങളോളം ഒരു നോർവീജിയൻ ഷിപ്പിങ്ങ് സ്ഥാപനത്തിലെ കംപ്യൂട്ടർ വിഭാഗത്തിന്റെ അധിപനായും നെസ്റ്റ് സോഫ്റ്റ്വെയർ യു.എസ്.എയുടെ മദ്രാസ് ശാഖയിൽ സീനിയർ സാങ്കേതിക ലേഖകനായും പ്രവർത്തിച്ചിരുന്നു. പിന്നെ ഏതാനും വർഷങ്ങൾ കുവൈറ്റിൽ. *സൂര്യവംശം, ബ്രാ, അഞ്ചാംപത്തി* തുടങ്ങിയ ആദ്യകാലരചനകളെത്തുടർന്ന് നീണ്ടമൗനം. 1993-ൽ വീണ്ടും കഥകളും കവിതകളും പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. *ഹിച്ച്കോക്കിന്റെ ഇടപെടൽ, ഭൂമിയെയും മരണത്തെയുംകുറിച്ച്, ഡിലൻ തോമസിന്റെ പന്ത്, നായകന്മാർ ശവപേടകങ്ങളിൽ, സംഗീതം ഒരു സമയകലയാണ്* തുടങ്ങിയ കൃതികൾ ഈ കാലഘട്ടത്തിൽ പുറത്തുവന്നു. ജന്തുസ്വഭാവശാസ്ത്രം സംബന്ധിച്ച സ്വനിരീക്ഷണങ്ങൾ ബ്രിട്ടനിലെ ഒരു എന്റമോളജിക്കൽ സൊസൈറ്റിയുടെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

15. എൻ.പ്രഭാകരൻ

1952 ഡിസംബർ 30ന് കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ ജനിച്ചു. ഗവൺമെന്റ് കോളേജ് സർവീസിൽ അധ്യാപകനായി ജോലി ചെയ്യുന്നു. *ഒറ്റയാന്റെ പാപ്പാൻ, മറുപിറവി, ഭൂതഭൂമി, എൻ.പ്രഭാകരന്റെ കഥകൾ* എന്നീ കഥാസമാഹാരങ്ങളും *ഏഴിനുംമീതെ, ജന്തുജനം* എന്നീ നോവലുകളും *പുലിജന്മം, മരണക്കിണർ* തുടങ്ങിയ നാടകങ്ങളും *കഥ തേടുന്ന കഥ* എന്ന പഠനഗ്രന്ഥവുമാണ് മുഖ്യകൃതികൾ. *പുലിജന്മം* കേരള സംഗീതനാടക അക്കാദമിയുടെ പുരസ്കാരം, ചെറുകാട് അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ നേടിയിട്ടുണ്ട്. ഭോപ്പാൽ ഭാരത് ഭവനിൽ നടന്ന അന്തർഭാരതി 1 (1986), അന്തർഭാരതി 2 (1989) എന്നീ അഖിലേന്ത്യാ സാഹിത്യസമ്മേളനങ്ങളിൽ മലയാളകഥയെ പ്രതിനിധാനം ചെയ്ത് പങ്കെടുത്തിട്ടുണ്ട്.

16. അയ്മനം ജോൺ

1953-ൽ കോട്ടയം ജില്ലയിലെ അയ്മനം എന്ന ഗ്രാമത്തിൽ ജനിച്ചു. 1974 മുതൽ കേന്ദ്രസർക്കാരിന്റെ ഓഡിറ്റ് വകുപ്പിൽ വിവിധ സ്ഥലങ്ങളിലായി ജോലി ചെയ്യുന്നു. 1972-ൽ കോളേജ് വിദ്യാർത്ഥികൾക്കായി മാതൃഭൂമി നടത്തിയ സാഹിത്യമത്സരത്തിൽ "ക്രിസ്മസ് മരത്തിന്റെ വേര്" എന്ന കഥയ്ക്ക് ഒന്നാം സമ്മാനം ലഭിച്ചു. തുടർന്ന് വല്ലപ്പോഴുമൊരിക്കൽ എന്ന രീതിയിൽ കഥകൾ എഴുതുന്നു. മൾബറി പ്രസിദ്ധീകരിച്ച *ക്രിസ്മസ് മരത്തിന്റെ വേര്* (1995) ആണ് ഏകസമാഹാരം.

17. ചന്ദ്രമതി

1954 ജനുവരി 17ന് തിരുവനന്തപുരത്ത് ജനിച്ചു. പേര് ചന്ദ്രിക. ഇംഗ്ലീഷ്

സാഹിത്യത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയിട്ടുള്ള ചന്ദ്രിക തിരുവനന്തപുരം ഓൾ സെയ്ന്റ്സ് കോളേജിൽ അധ്യാപികയാണ് മൂന്നുവർഷത്തോളം കേന്ദ്ര സാഹിത്യഅക്കാദമിയുടെ "മദ്ധ്യകാല ഭാരതീയ സാഹിത്യം" പ്രോജക്റ്റിൽ ഡെപ്യൂട്ടി എഡിറ്ററായും എക്സിക്യൂട്ടീവ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. V.K.Krishna Menon, The Private Garden: The Family in Post-war British Drama, Critical Spectrum: Contemporary Responses to Literary Theories, *തകഴി ശിവശങ്കരപ്പിള്ള* (വിവർത്തനം), *ആര്യാവർത്തനം* (കഥകൾ) എന്നിവ കൃതികൾ. ബ്രിട്ടീഷ് കൗൺസിൽ വിസിറ്റർഷിപ്പിൽ ഇംഗ്ലണ്ടും, ഫ്രാൻസ്, ആസ്ട്രേലിയ, സിംഗപ്പൂർ, ശ്രീലങ്ക എന്നീ രാജ്യങ്ങളും സന്ദർശിച്ചു. ലണ്ടനിലെ കോമൺവെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ശതാബ്ദി സെമിനാറിലും മൂന്നാം സ്ത്രീ നാടക സമ്മേളനത്തിലും (ആസ്ട്രേലിയ) പങ്കെടുത്തിട്ടുണ്ട്

18. ടി.വി.കൊച്ചുബാവ

1955-ൽ തൃശൂർജില്ലയിലെ കാട്ടൂരിൽ ജനിച്ചു. ഷാർജയിൽ ജോലിചെയ്യുന്നു *ഗൾഫ് വോയ്സ്* എന്ന ആനുകാലിക പ്രസിദ്ധീകരണത്തിന്റെ ലിറ്ററി എഡിറ്ററാണ്. *ഒന്നങ്ങനെ ഒന്നിങ്ങനെ, വീടിപ്പോൾ നിശ്ശബ്ദമാണ്, സൂചിക്കുഴയിൽ ഒരു യാക്കോബ്, കിളികൾക്കും പൂക്കൾക്കും, ഇറച്ചിയും കുന്തിരിക്കവും, ജാതകം, കിണറുകൾ, പ്രച്ഛന്നം, വൃദ്ധസദനം, പ്രാർത്ഥനകളോടെ നിൽക്കുന്നു, കഥ, പെരുങ്കളിയാട്ടം, വിരുന്നു മേശയിലേക്ക് നിലവിളികളോടെ, അവതാരിക ഭൂപടങ്ങൾക്ക്* എന്നിവയാണ് കൃതികൾ. *സൂചിക്കുഴയിൽ ഒരു യാക്കോബിന് 1989-ലെ അങ്കണം അവാർഡ് ലഭിച്ചു. വൃദ്ധസദന*ത്തിന് ചെറുകാട് അവാർഡും കേരളസാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. *ബലൂൺ* എന്ന തിരക്കഥ സമ്മാനിതമാകുകയും പിന്നീട് ചലച്ചിത്രമാവുകയുമുണ്ടായി.

19. ഗ്രേസി

ആലുവ അൽ-അമീൻ കോളേജിൽ മലയാളം അധ്യാപിക. ആദ്യകഥാസമാഹാരം *പടിയിറങ്ങിപ്പോയ പാർവതി* 1991-ൽ പ്രസിദ്ധപ്പെടുത്തി. *നരകവാതിൽ* (1993), *ഭ്രാന്തൻ പൂക്കൾ* (1996) എന്നിവയാണ് മറ്റു സമാഹാരങ്ങൾ. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് ഭാഷകളിലേക്ക് കഥകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1995-ൽ ലളിതാംബിക അന്തർജനം സ്മാരക പുരസ്കാരം ലഭിച്ചു.

20 പി.സുരേന്ദ്രൻ

1961 നവംബർ 4-ന് ഏറനാടൻ ഗ്രാമമായ പാപ്പിനിപ്പാറയിൽ ജനിച്ചു. 1981-ൽ മാതൃഭൂമി കഥാമത്സരത്തിൽ "ജ്വരബാധ"യ്ക്ക് ഒന്നാം സമ്മാനം ലഭിച്ചു. *പിരിയൻഗോവണി, ഭൂമിയുടെ നിലവിളി, ഹരിതവിദ്യാലയം,*

കറുത്ത പ്രാർത്ഥനകൾ, ബർമുഡ എന്നീ കഥാസമാഹാരങ്ങളും *മഹായാനം, സാമൂഹ്യപാഠം* എന്നീ നോവലുകളുമാണ് കൃതികൾ. 1994-ലെ മികച്ച കഥയ്ക്കുള്ള മൾബറി അവാർഡ് "ബർമുഡ" യ്ക്ക് ലഭിച്ചു തെക്കേ ഇന്ത്യൻ ഗ്രാമങ്ങളിലൂടെ വിപുലമായി സഞ്ചരിക്കുകയും ദേവദാസി സമ്പ്രദായത്തെക്കുറിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്

ചിത്രകല/ശില്പകല സംബന്ധിയായ ഒട്ടേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

21. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

1963 ഒക്ടോബർ 29ന് കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് പൊയ്ത്തുംകടവിൽ ജനിച്ചു. *ആർക്കും വേണ്ടാത്ത കണ്ണ്, ഈർച്ച, മഞ്ഞുകാലം* എന്നിവയാണ് കൃതികൾ. ഷാർജ കല, അബുദാബി ശക്തി തിയേറ്റേഴ്സ്, അങ്കണം സാംസ്കാരിക വേദി എന്നിവയിൽ നിന്നു ലഭിച്ച അംഗീകാരങ്ങൾ ഉൾപ്പെടെ മുപ്പതോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

Printed at J.J. Offset Printers, Wazirpur, Ring Road, Delhi